# തച്ചിൽ മാത്തുത്തരകൻ

ജോൺ കച്ചിറമറ്റം

malankaralibrary.com

# തച്ചിൽ മാത്തുത്തരകൻ

(ജീവചരിത്രം)

ജോൺ കച്ചിറമറ്റം

malankaralibrary.com

MALAYALAM

**THACHIL MATHUTHARAKAN (BIOGRAPY)**

**By JOHN KACHIRAMATTAM**

| | | |
|---|---|---|
| FIRST PUBLISHED | : - | 31-10-2004 (7th Birthday of Johns Kachiramattam the Grand son of the author) |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD COMPUTERS, ERATTUPETTA Ph:272852 |
| COVER DESIGN | : | MILEN JACOB (GRATIA KOTTAYAM) |
| PRINTED AT | : | DEEPIKA OFFSET PRINTERS, KOTTAYAM |
| PRICE | : | Rs. 150/- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺകച്ചിറമറ്റം
2. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺകച്ചിറമറ്റം
3. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺകച്ചിറമറ്റം
4. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺകച്ചിറമറ്റം
5. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺകച്ചിറമറ്റം
6. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺകച്ചിറമറ്റം
7. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺകച്ചിറമറ്റം
8. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
9. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
10. Homilies and Reflections (2 parts) - Rev.Dr.A.Kachiramattam
11. Why American youth Turn to Budha "
12. Evolution in the human concept of God "
13. Re-discovery of India "
14. Catholic Eastern Churches "
15. Prepare the way of the Lord "
16. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

## പണിപ്പുരയിൽ

ജാത്യൈക്യസംഘം (ചരിത്രം) - ജോൺകച്ചിറമററം

കേരള സഭാരത്നങ്ങൾ - മൂന്നാം ഭാഗം - "

തിരഞ്ഞെടുക്കപ്പെട്ട മുഖപ്രസംഗങ്ങൾ - "

malankaralibrary.com

# തച്ചിൽ മാത്തുത്തരകൻ

## (ജീവചരിത്രം)

ജോൺ കച്ചിറമറ്റം

പ്രസദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
ഫോൺ - 04822 - 260434
04822 - 261102
04822 - 260071

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യൂക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.*

*1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും പര്യടനം നടത്തി.*

*1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്)*

*നാലുദശാബ്ദക്കാലമായി എ.കെ.സി.സിയുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമതിയുടെ ജനറൽ സെക്രട്ടറിയുമാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.*

*തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ*

malankaralibrary.com

# സമർപ്പണം



പാറ്റ്നായിലെ ആദ്യകാല മിഷനറിയും ഈശോ സഭാ വൈദികനും പ്രശസ്തമായ സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രഥമ ഭാരതീയ റെക്ടറും പ്രമുഖ വിദ്യാഭ്യാസ സാമൂഹ്യ പ്രവർത്തകനും എന്റെ പിതൃസഹോദരനുമായ ഫാ. ദേവസ്യാ കച്ചിറമറ്റം ഔദ്യോഗിക സന്ദർശനാർത്ഥം 1982 ജനുവരി 10-ന് ജമൽപൂർ ഈശോഭവനിൽ എത്തി. അന്നു രാത്രി ആയുധധാരികളായ രണ്ടുപേർ അവിടെയെത്തി സഭാംഗങ്ങളായ ഫാ. റെമിയുടെയും ഫാ. ചാൾസ് ഫോക്സിന്റെയും നേർക്ക് നിറയൊഴിച്ചു. ഫാ. ദേവസ്യാ അക്രമികളെ കീഴ്പ്പെടുത്തി. ആ വൈദീകരെ അത്ഭുതകരമാംവിധം രക്ഷപ്പെടുത്തി. 'സ്വന്തം ജീവൻ മറ്റൊരു സഹോദരന് നൽകുന്നതിനേക്കാൾ വലിയ ത്യാഗം ഇല്ലാ'യെന്ന് യേശുവിന്റെ വചനം സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ ഫാ. ദേവസ്യാ പാറ്റ്നായിൽ പ്രൊവിൻഷ്യാൾ ഹൗസിൽ തിരിച്ചെത്തി. ഏതാനും ദിവസങ്ങൾക്കകം - ജനുവരി 17-ാം തീയതി അദ്ദേഹം ദിവംഗതനായി. ആ മഹാത്യാഗിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ഈ ഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

malankaralibrary.com

# ഉള്ളടക്കം


റവ. ഫാ. കച്ചിറമറ്റം ഫൗണ്ടേഷൻ ..... 7

ആമുഖം ..... 9

അവതാരിക - റവ. ഫാ. സേവ്യർ കൂടപ്പുഴ ..... 13

1. നസ്രാണി സമുദായം ..... 21
2. തച്ചിൽ കുടുംബം ..... 28
3. തച്ചിൽ മാത്തുത്തരകൻ ..... 38
4. അച്ചൻകോവിൽ മലയിലേക്ക് ..... 47
5. ആധുനിക തിരുവിതാംകൂറിന്റെ ശില്പി ..... 54
6. - കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ് ..... 59
7. രാഷ്ട്രതന്ത്രജ്ഞൻ ..... 64
8. ആലങ്ങാട്ടു രാജാവിന്റെ പ്രതിനിധി ..... 71
9. കൂനൻ കുരിശു സത്യത്തിനുശേഷം ..... 76
10. സ്വജാതി മെത്രാനുവേണ്ടിയുള്ള പരിശ്രമങ്ങൾ ..... 86
11. അങ്കമാലി പടിയോല ..... 93
12. പാറേമാക്കൽ ഗോവർണ്ണദോറുടെ പിൻഗാമികൾ ..... 102
13. ആറാം മാർത്തോമ്മായുടെ പുനരൈക്യം ..... 109
14. രാജാകേശവദാസനും മാത്തുത്തരകനും ..... 126
15. ശക്തൻ തമ്പുരാൻ ..... 133
16. മാത്തുത്തരകനെതിരായ നീക്കങ്ങൾ ..... 143
17. ബാലരാമവർമ്മ മഹാരാജാവ് ..... 152
18. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ഭരണം ..... 163
19. തരകനെതിരായ ആരോപണങ്ങൾ ..... 174
20. തരകൻ അനുഭവിച്ച പീഢനങ്ങൾ ..... 182
21. ഇംഗ്ലീഷുകാർ ചെയ്ത ദ്രോഹങ്ങൾ ..... 193
22. വേലുത്തമ്പിയുടെ അന്ത്യം ..... 210
23. മാത്തുത്തരകന്റെയും കൊച്ചുമാത്തുവിന്റെയും അന്ത്യം ..... 230
24. മാത്തുത്തരകന്റെ സേവനം ..... 238
25. സ്വാതന്ത്ര്യസമരയോദ്ധാക്കൾ ആരെല്ലാം? ..... 246
26. അനുബന്ധം ..... 250


malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി,

malankaralibrary.com

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവനസ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പതിനഞ്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "തച്ചിൽ മാത്തുത്തരകൻ" എന്ന ഈ ഗ്രന്ഥം പതിനാറാമത്തെ പുസ്തകമാണ്.

malankaralibrary.com

# ആമുഖം

നൂററി തൊണ്ണൂറ് വർഷങ്ങൾക്കുമുൻപ് ദിവംഗതനായ ഒരു രാജ്യസ്നേഹിയായിരുന്നു തച്ചിൽ മാത്തുത്തരകൻ. സഭയ്ക്കും സമുദായത്തിനും വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ച തച്ചിൽ മാത്തുത്തരകൻ എന്റെ മനസ്സിൽ വളരെ ചെറുപ്പം മുതലേ സ്ഥാനം പിടിച്ചിരുന്നു. ഞങ്ങളുടെ കണ്ടത്തിൽ ഞാറു പറിക്കാനും ഞാറു നടാനും വന്നിരുന്ന സ്ത്രീകൾ തച്ചിൽ മാത്തുത്തരകന്റെ അപദാനങ്ങൾ പ്രകീർത്തിച്ചുകൊണ്ടുള്ള പാട്ടുകൾ ഈണത്തിൽ ചൊല്ലുന്നത് കേട്ട് ഞാൻ അത്ഭുത സ്തംഭിതനായിട്ടുണ്ട്. അതിലെ ഏതാനും വരികൾ ഓർമ്മയിൽ നിന്നും താഴെ ചേർക്കുന്നു.

പാർത്തലത്തിലെത്രയും പ്രസിദ്ധമായിട്ടൊരു ദേശം
കുത്തിയതോടെന്ന ദിക്കെന്നറിഞ്ഞുകൊൾവിൻ
ആ സ്ഥലത്തിലെത്രയും പ്രസിദ്ധനായിട്ടൊരു മർത്യൻ
കൊച്ചു മാത്തുത്തരകനെന്നറിഞ്ഞുകൊൾവിൻ
പരിപൂർണ്ണൻ, ബലവീര്യൻ, മനുജരിൽ കൃപയുള്ളോൻ
പരിഷയെ പ്രതിമോദം വളരെയുള്ളോൻ
ബുദ്ധിയും ശക്തിയും വീര്യശൗര്യവും കാര്യബോധവും
ഇത്രയില്ലായിപ്പൊഴിപ്പരിഷയിലാർക്കും
വലഞ്ഞീടുന്നവർചെന്നാൽ പറഞ്ഞീടുന്നതുപോലെ
എഴുന്നീടുന്നൊരു ചികൽമണി അയ്യാളും

തുടങ്ങിയ വരികൾ ചൊല്ലിക്കേട്ടപ്പോൾ ആ മഹാപ്രതാപശാലിയായ തരകനെപ്പററി കൂടുതൽ പഠിക്കണമെന്ന ആഗ്രഹം എനിക്കുണ്ടായി. പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന എനിക്ക് അതിനുള്ള സൗകര്യം ലഭിച്ചില്ല. എന്നാൽ ഞാൻ പിന്നീട് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് തരകനെപ്പററി പരാമർശിക്കുന്ന ഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ നിന്നും വായിക്കാനിടയായി. എനിക്ക് വലിയ ദുഃഖമുണ്ടായി. തരകനെ ദുർമാർഗിയും നിഷ്ഠൂരനും, അജ്ഞത, ധൂർത്ത്, അത്യാഗ്രഹം എന്നിവയുടെ പ്രതീകങ്ങളുമായാണ് പാഠപുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. എന്റെ കുട്ടിക്കാലത്ത് ഞാൻ തരകനെപ്പററികേട്ടിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ അഭിപ്രായം.

malankaralibrary.com

പാഠപുസ്തകങ്ങളിലെ ഈ ഭാഗം എല്ലാ വർഷവും പതിനായിരകണക്കിന് കുട്ടികൾ പഠിക്കുന്നു. കത്തോലിക്കരായ വൈദികരും കന്യാസ്ത്രീകളും അൽമായരും ഇത് പഠിപ്പിക്കുന്നു.

ഞാറു നടാൻ വന്ന പുലയസ്ത്രീകൾ പാടിയ പാട്ടിലെ കാര്യങ്ങളാണോ പാഠപുസ്തകങ്ങളിൽ കൂടി പഠിച്ച കാര്യങ്ങളാണോ ശരി. എന്നിൽ ഈ ചിന്ത ഒരു സംഘർഷമുണ്ടാക്കി. സത്യം ഗ്രഹിക്കാൻ ഞാൻ പല ശ്രമങ്ങളും നടത്തി. അങ്ങനെയിരിക്കെ ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നം തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രം എഴുതി 1963 മെയ് 9-ാം തീയതി പ്രസിദ്ധീകരിച്ചതായി പത്രത്തിൽ ഒരു വാർത്തകണ്ടു. അത് വാങ്ങാൻ വേണ്ടി ഞാൻ കോട്ടയത്ത് നാഷണൽ ബുക്ക് സ്റ്റാളിൽ എത്തി. ക്രൗൺ നാലിലൊന്ന് സൈസിൽ 532 പേജുകളുള്ള ആ വലിയഗ്രന്ഥം നാലുരൂപാ വിലകൊടുത്തു വാങ്ങി. രണ്ടു ദിവസംകൊണ്ട് ആ പുസ്തകം മുഴുവൻ വായിച്ചു തീർത്തു. സത്യം ഞാൻ കണ്ടെത്തി. 18 ലക്ഷം രൂപാ തിരുവിതാംകൂർ സർക്കാരിൽ നിന്നും കിട്ടാനുണ്ടായിരുന്ന തരകനോട്, മുപ്പതു വർഷക്കാലം ധർമ്മരാജാവിന്റെ വിശ്വസ്തനായി സേവനം അനുഷ്ഠിച്ച തരകനോട്, ടിപ്പുസുൽത്താന്റെ ആക്രമണത്തെ നേരിടുവാൻ തന്റെ പണവും ശക്തിയും വിനിയോഗിച്ച തരകനോട്, ബ്രിട്ടീഷുകാരുടെ നാവിക വിജയങ്ങൾക്ക് നിദാനമായ കപ്പലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ തടി ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് അയച്ചുകൊടുത്ത തരകനോട് വേലുത്തമ്പി ദളവയും റസിഡന്റ് മെക്കാളെയും ചെയ്ത ദ്രോഹങ്ങൾ വായിച്ചപ്പോൾ എന്നിൽ ഉണ്ടായ വികാരങ്ങൾ പറഞ്ഞറിയിക്കാൻ വാക്കുകളില്ല.

സത്യം ഞാൻ മാത്രം അറിഞ്ഞാൽ പോരല്ലോ. എന്നെപ്പോലെ സ്കൂളുകളിൽ പഠിച്ചിറങ്ങിയ ആയിരക്കണക്കിനാളുകളെ തിരുവിതാംകൂർ ജനതയെ വിശിഷ്യ സുറിയാനി ക്രിസ്ത്യാനികളെ മുഴുവൻ, സത്യം ഗ്രഹിപ്പിക്കണമെന്നായി എന്റെ ചിന്ത. അതിനെന്താണ് മാർഗ്ഗം. ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ ഇന്ന് ലഭ്യമല്ല. ഇത് പുനഃപ്രസിദ്ധീകരിക്കാൻ പലരെയും സമീപിച്ചു. ചരിത്രപുസ്തകമല്ലെ. ആർക്കും വേണ്ട. നഷ്ടം സഹിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കണമോ? പലരും ചോദിച്ചു.

2000-മാണ്ട് മഹാജൂബിലി വർഷമായിരുന്നുവല്ലോ. ഈ മഹാജൂബിലി വർഷത്തിൽ എല്ലാ സുറിയാനിക്രിസ്ത്യാനി ഭവനങ്ങളിലും ഇതിന്റെ ഒരു കോപ്പി എത്തിച്ചാൽകൊള്ളാം എന്ന് ഒരു ആഗ്രഹം എനിക്കുണ്ടായി.

malankaralibrary.com

എന്താണ് ഒരു മാർഗ്ഗം? ഞാൻ സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാർക്കും ഇത് സംബന്ധിച്ച് ഒരു കത്തെഴുതി. കേരളത്തിൽ കോഴിക്കോട്ടും, കോട്ടയത്തും, എറണാകുളത്തും മഹാജൂബിലി സമ്മേളനങ്ങൾ മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. ഓരോ സമ്മേളനത്തിനും ലക്ഷക്കണക്കിന് രൂപാ ചിലവഴിച്ചു. സീറോ - മലബാർ സഭയിലെ മെത്രാന്മാരോട് ഞാൻ അഭ്യർത്ഥിച്ചത് ചുരുങ്ങിയ വിലക്ക് സീറോ - മലബാർ സഭയിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഇതിന്റെ ഓരോ കോപ്പി എത്തിക്കാനുള്ള നടപടിയെടുക്കണം. നിസ്സാരവിലയ്ക്ക് ഈ ബൃഹത്ഗ്രന്ഥം കൊടുക്കാൻ സാധിച്ചാൽ അത് വായിക്കുന്നവരിൽ സമുദായാഭിമാനം ആളിക്കത്തും. നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കുന്ന വൈദികരും കന്യാസ്ത്രീകളും അൽമായരും ഈ ഗ്രന്ഥം ഒരാവർത്തിവായിച്ചാൽ അവർ സത്യം ഗ്രഹിച്ചതിനുശേഷം പഠിപ്പിക്കും. പാഠപുസ്തകങ്ങളിൽ എഴുതിവച്ചത് വേദവാക്യമായി അവർ കണക്കാക്കുകയില്ല.

മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950-ാം വർഷം ആഘോഷിച്ചപ്പോഴും ഞാൻ ഈ നിർദ്ദേശം മുൻപോട്ടുവച്ചു. കാര്യമായ ചലനമുണ്ടാക്കാൻ ഈ നിർദ്ദേശത്തിന് സാധിച്ചില്ല.

The works of Dr. Swami Vivekanadan എന്ന ഗ്രന്ഥം 8 വാല്യങ്ങളായിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആ എട്ടുവാല്യത്തിനും കൂടി ഇന്ന് 3000 രൂപാ വിലവച്ചാൽ ഒട്ടും അധികമാവുകയില്ല. പക്ഷെ അവർ വെറും 150രൂപായ്ക്ക് 8 വാല്യം കൂടി വിൽക്കുന്നു. വലിയ സബ്സിഡി നൽകിയാണ് സ്വാമിവിവേകാനന്ദന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുവാൻ അവർ ശ്രമിക്കുന്നത്. അതേ ഒരു സമീപനം തച്ചിൽമാത്തുത്തരകന്റെ ജീവചരിത്ര ഗ്രന്ഥത്തിന്റെ കാര്യത്തിലുമുണ്ടാകണമെന്നാണ് ഞാൻ ആഗ്രഹിച്ചത്. പക്ഷെ നടന്നില്ല. നാം വിചാരിക്കുന്നതുപോലെ എല്ലാ കാര്യങ്ങളും നടക്കണമെന്നില്ലല്ലോ. എങ്കിലും നിരാശപ്പെടാതെ ഞാൻ പരിശ്രമം തുടങ്ങി. മററു പലരെയും സമീപിച്ചു. കാര്യങ്ങൾ മുന്നോട്ടു പോയില്ല.

ഇനിയും ദീർഘിപ്പിക്കുന്നത് ശരിയല്ലെന്ന് തോന്നിയതുകൊണ്ടും മാത്തുത്തരകനെപ്പററിയുള്ള സത്യം ജനങ്ങൾക്ക് അറിയിച്ചു കൊടുക്കണമെന്നുമുള്ള ആഗ്രഹം കൊണ്ടുമാണ് ഈ ഗ്രന്ഥ രചനയ്ക്ക് ഞാൻ തയ്യാറാകുന്നത്. എന്റെ എല്ലാ പുസ്തകങ്ങളും പോലെ ഇതും ഭീമമായ നഷ്ടത്തിൽ

malankaralibrary.com

കലാശിക്കുമെന്ന് എനിക്കറിയാം. നോവലോ ചെറുകഥയോ അല്പം അശ്ലീല കഥകളോ എഴുതിയാൽ ലാഭമുണ്ടാക്കാം. പക്ഷെ അതിനെനിക്ക് താല്പര്യമില്ല. കേരളത്തിൽ ജനിച്ച് വിവിധമേഖലകളിൽ പ്രവർത്തിച്ച് മഹത്തായ സംഭാവനകൾ നൽകി നൂറ്റാണ്ടുകൾക്കു മുൻപേ മരിച്ചുപോയവരുൾപ്പെടെ 760 പേരുടെ ചരിത്രം 1500ഓളം പേജുകളിലായി രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചതിന്റെ 300 കോപ്പികൾ പോലും വിററഴിക്കാൻ സാധിക്കാത്ത ഞാൻ വീണ്ടുമൊരു നഷ്ടകച്ചവടത്തിലേയ്ക്ക് പോകുന്നത് മാത്തുതരകനെപ്പററി എന്റെ തലമുറ വിശദമായി പഠിക്കണമെന്ന ഏക ആഗ്രഹം കൊണ്ടുമാത്രമാണ്. കേരളത്തിൽ സെമിനാരികൾ, കോളേജുകൾ, പ്രൊവിൻഷ്യൽ ഹൗസുകൾ, സന്ന്യാസ സന്ന്യാസിനീ ഭവനങ്ങൾ ഇടവകകൾ ഇവയെല്ലാം ഓരോ കോപ്പികൾ വാങ്ങിയാൽ 10000-ലധികം കോപ്പികൾ ചിലവാകും. പക്ഷെ അതിനൊന്നും ആർക്കും താല്പര്യമില്ല. ആ പണംകൊണ്ട് ഒരു ചാക്ക് സിമന്റ് വാങ്ങാമെന്ന് കണക്കുകൂട്ടുന്നവരാണ് നമ്മൾ.

ഈ ഗ്രന്ഥത്തിന് എത്ര പ്രചാരം കിട്ടുമെന്ന് ഞാൻ ചിന്തിക്കുന്നില്ല. സബ്സിഡികൊടുത്ത് പ്രചരിപ്പിക്കാൻ ഞാൻ അശക്തനുമാണ്. എല്ലാ ആളുകളുടെയും പിന്തുണ പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ ഗ്രന്ഥം രചിച്ച് പ്രസിദ്ധീകരിക്കുന്നത്. ഈ വിഷയത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുവാൻ ആരും ഉണ്ടെന്ന് ഞാൻ അവകാശപ്പെടുന്നുമില്ല. എല്ലാവരുടെയും അനുഗ്രഹവും പ്രോത്സാഹനവും പ്രതീക്ഷിക്കുന്നുവെന്നു മാത്രം.

ഈ ഗ്രന്ഥത്തിന് പണ്ഡിതോചിതമായ ഒരു അവതാരിക എഴുതിതന്ന് അനുഗ്രഹിച്ച പ്രമുഖ ചരിത്രകാരനും മാർത്തോമ്മാശ്ലീഹാ മൊണാസ്ട്രിയുടെ സ്ഥാപകനുമായ റവ: ഡോ. സേവ്യർ കൂടപ്പുഴ അവർകളോടുള്ള നന്ദി പ്രകാശിപ്പിക്കട്ടെ.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കിത്തന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാററുപേട്ട) പ്രവർത്തകരോടും ഭംഗിയായി അച്ചടിച്ചുതന്ന ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു.

രാമപുരം, പിഴക് ജോൺ കച്ചിറമറ്റം

31-10-2004

malankaralibrary.com



# അവതാരിക

വൃക്ഷങ്ങളുടെ വേരുപടലങ്ങൾ നമ്മൾ ഭൂമിയുടെ ഉപരിതലത്തിൽ കാണാറില്ലല്ലോ. എന്നാൽ വൃക്ഷങ്ങൾക്ക് ഉറപ്പും ശക്തിയും വളം വലിച്ചെടുത്തു വളരാനുള്ള സാത്മീകരണ ശക്തിയും നല്കുന്നത് ഈ അദൃശ്യവേരുകളാണ്. വേരിൽ നിന്നുള്ള ബന്ധം മുറിയുമ്പോൾ വൃക്ഷം വാടി ഉണങ്ങി താഴെ വീണ് ദ്രവിക്കുന്നു. വ്യക്തികളുടെയും സമൂഹങ്ങളുടെയും സമുദായങ്ങളുടെയും ഗതിയുമിതുതന്നെ. കാലയവനികയ്ക്കുള്ളിൽ മൺമറിഞ്ഞ മഹാരഥന്മാരാണ് ഇന്നത്തെ സമൂഹത്തിന് ഊർജ്ജവും ചൈതന്യവും ആദർശങ്ങളും പകർന്ന് തന്നിട്ടുള്ളവർ. അവരെയും അവരുടെ സംഭാവനകളെയും വിസ്മരിച്ചാൽ ഇന്നത്തെ സമൂഹം വേരറ്റ വൃക്ഷം പോലെയാകും. ഇന്നത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും അറിയാനും അപഗ്രഥിക്കുവാനും സ്ഥായിയായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുവാനും നമ്മെ സജ്ജമാക്കുന്നത് മഹാത്മാക്കളുടെ സംഭാവന നമുക്ക് കൈമാറുന്ന ചരിത്ര പഠനത്തിലൂടെയാണ്. ഇന്നലെകളുടെ വേരുകളിൽ ഉറച്ചുനിന്ന് വളരേണ്ടവരാണ് നമ്മൾ. ഒഴുക്കിനൊത്ത് ഉപരിതലത്തിൽ ഒഴുകുന്നവർക്ക് തനതായ സംഭാവനയൊന്നും നല്കാനാവില്ല. ജീവനുള്ള മത്സ്യം ഒഴിക്കിനെ ഭേദിച്ച് മുന്നേറുമ്പോൾ ചത്ത മത്സ്യം മലർന്ന് ഒഴുക്കിനൊത്തൊഴുകുന്നു. ഇന്നലെകളുടെ അനുഭവസമ്പത്താണ് ഇന്നത്തെ പ്രതിസന്ധികളെ സധൈര്യം തരണം ചെയ്യാൻ നമ്മെ പ്രാപ്തരാക്കുക.

മഹാന്മാരെ ആദരിക്കുവാനും അനുകരിക്കുവാനും സംസ്കാരചിത്തർക്കു മാത്രമേ സാധിക്കു. മഹാത്മാക്കളെ അനുസ്മരിക്കുന്നതിലൂടെ ഇന്നത്തെ സമൂഹം സംസ്കാരസമ്പന്നമാവുകയാണ്. സമൂഹത്തിൽ രണ്ടുതരക്കാരെ കാണാം. സ്വാർത്ഥമതികൾ സ്വന്തം പ്രശ്നം മറ്റുള്ളവരുടെ പ്രശ്നമാക്കുന്നു. എന്നാൽ, മഹാത്മാക്കൾ മറ്റുള്ളവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നമായി കാണുന്നു. അവയുടെ പരിഹാരത്തിന് ത്യാഗോജ്ജ്വല നേതൃത്വം നല്കുന്നു. ഇക്കു

malankaralibrary.com

ട്ടർക്ക് സമൂഹത്തിന്റെയും സമുദായത്തിന്റെയുമൊക്കെ ഔന്നത്യവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. അതിനുവേണ്ടി ക്ലേശിക്കുന്നത് തങ്ങളുടെ കടമയായി അവർ കരുതുന്നു. കേരള സഭയിലും സമൂഹത്തിലും വിലപ്പെട്ട സേവനം കാഴ്ചവച്ചിട്ടുള്ള മഹാത്മാക്കളുടെ ചരിത്രവും സംഭാവനകളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുവാൻ യത്നിക്കുന്ന ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സേവനം മഹത്തരമാണ്. ഇതിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന അദ്ദേഹത്തെ ആദരപൂർവ്വം അനുമോദിക്കുന്നു.

18-ാം നൂറ്റാണ്ടിലെ മാർത്തോമ്മാ നസ്രാണികളുടെ ചരിത്രത്തിലും തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിലും സമുന്നത സ്ഥാനമുണ്ട് തച്ചിൽ മാത്തുത്തരകന്. സ്വതസ്സിദ്ധമായ സാമർത്ഥ്യവും അനുസ്യൂതമായ അദ്ധ്വാനവും കൊണ്ട് മാത്തുത്തരകൻ തിരുവിതാംകൂർ രാജ്യത്തിലെ ഒന്നാംകിട ധനവാനായി. തേക്കിൻതടി, കുരുമുളക് മുതലായവയുടെ വിദേശവ്യാപാരത്തോടുകൂടിയാണ് തരകൻ കോടീശ്വരനായത്. ആലപ്പുഴ തുറമുഖം വളർത്തുന്നതിനും സർക്കാർ ഖജനാവിനു വലിയ വരുമാനമുണ്ടാക്കുന്നതിനും തരകൻ നേതൃത്വം നൽകി. തന്മൂലം ധർമ്മരാജാവ് എന്നറിയപ്പെടുന്ന ശ്രീ കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ് അദ്ദേഹത്തിന് തരകൻ സ്ഥാനവും വീരശൃംഖലയും നൽകി ബഹുമാനിച്ചു. സഭാ നേതൃത്വത്തിന് അദ്ദേഹം താങ്ങും തണലുമായിരുന്നു. സഭൈക്യത്തിനുവേണ്ടിയും വിദേശമിഷനറിമാരുടെ സംസ്കാരശൂന്യവും അധാർമ്മികവുമായ പ്രവർത്തനങ്ങൾക്കെതിരെ അധികാരസ്ഥാനങ്ങളിൽ പരാതിപ്പെടാൻ റോമിലേക്കും പോർട്ടുഗലിലേയ്ക്കും ജോസഫ് കരിയാറ്റിയെയും പാറേമ്മാക്കൽ തോമ്മാ കത്തനാരെയും അയയ്ക്കുന്നതിനും പലവിധ സഹായങ്ങൾ മാത്തുത്തരകൻ ചെയ്തുകൊടുത്തു. വിദേശ മേല്ക്കോയ്മയ്ക്കെതിരെ മാർത്തോമ്മാ നസ്രാണികൾ നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ നയപ്രഖ്യാപനം എന്നു വിശേഷിപ്പിക്കാവുന്ന 'അങ്കമാലി പടിയോല' തയ്യാറാക്കുന്നതിനു പിന്നിൽ ശക്തമായ പിന്തുണനല്കിയ അൽമായ നേതാവുമായിരുന്നു ഇദ്ദേഹം. പാറേമ്മാക്കൽ ഗോവർണദോറച്ചന്റെ ഭരണകാലത്ത് തരകൻ അദ്ദേഹത്തിന്റെ വലം കൈയായി വർത്തിച്ചു. പുത്തൻകൂർ സമുദായാദ്ധ്യക്ഷൻ ഒന്നാം ദിവന്നാസ്യോസിന്റെ (ആറാം മാർത്തോമ്മാ) നേതൃത്വത്തിലുള്ള പുനരൈക്യ കാര്യങ്ങളിലും നേതൃത്വം നൽകിയത് തരകൻ തന്നെയാണ്. 1799 ജൂലൈ 21-ന് തത്തംപള്ളിയിൽ വച്ച് പുനരൈക്യം നടന്നെങ്കിലും വിദേശമിഷനറിമാരുടെയും അവരുടെ മെത്രാന്മാരു

malankaralibrary.com

ടെയും നിസ്സഹകരണവും എതിർപ്പും മൂലം സഭൈക്യത്തിൽ തുടരുക അസാദ്ധ്യമായി! നസ്രാണി സമുദായൈക്യത്തിനുവേണ്ടി യത്നിച്ചതുകൊണ്ട് വിദേശമിഷനറിമാരും പുനരൈക്യം പരാജയപ്പെട്ടതിനാൽ പുത്തൻകൂർ സമുദായവും തരകനെതിരായി. ബ്രിട്ടീഷ് റസിഡന്റിന്റെ പക്കൽ അവർ പരാതി നൽകി. തരകന്റെ ഉയർച്ചയിലും അധികാരകേന്ദ്രങ്ങളിലുള്ള സ്വാധീനത്തിലും അസൂയാലുവായിരുന്ന വേലുത്തമ്പി അദ്ദേഹത്തിനെതിരെ കരുക്കൾ നീക്കി. സർക്കാരിനെ സഹായിച്ചിരുന്ന തരകന്റെ സ്വത്തു കണ്ടുകെട്ടി ജയിലിലടച്ചു. അദ്ദേഹം പീഡനങ്ങൾക്ക് വിധേയനായി. അവസാനം നിരാലംബനായി മരണമടഞ്ഞു. മാത്തുത്തരകന് കൊടുക്കാനുണ്ടായിരുന്ന തുകയുടെ പലിശ വരാപ്പുഴ വികാരി അപ്പസ്തോലിക്കായ്ക്കും പുത്തൻകൂർ സഭാദ്ധ്യക്ഷനും ലഭിക്കത്തക്കവിധം റസിഡന്റ് മെക്കാളെ നിക്ഷേപിച്ചതായി എം.ഒ. ജോസഫ് നെടുംങ്കുന്നം തെളിവുസഹിതം സ്ഥാപിക്കുന്നു.

ശ്രീ. എം.ഒ. ജോസഫ് രചിച്ച 'തച്ചിൽ മാത്തുത്തരകൻ' എന്ന ഗ്രന്ഥം 1963-ൽ കോട്ടയത്ത് പ്രസിദ്ധപ്പെടുത്തി. അത് നല്ലൊരു ഗവേഷണഗ്രന്ഥമാണ്. വടവാതൂർ സെമിനാരിയിലും മറ്റു ദൈവശാസ്ത്രപീഠങ്ങളിലും ഈ ലേഖകൻ അദ്ധ്യാപകനായിരുന്ന കാലത്ത് 'തച്ചിൽ മാത്തുത്തരകന്റെ' വിലപ്പെട്ട സംഭാവന ക്ലാസ്സുകളിൽ ചർച്ചാവിഷയമാക്കിയിട്ടുണ്ട്. 'തച്ചിൽ മാത്തുത്തരകൻ' എന്നൊരു നാടകവും വടവാതൂർ സെമിനാരിയിൽ അരങ്ങേറിയതാണ്. അത് കാണികളുടെ ശ്രദ്ധ ഹഠാദാകർഷിക്കുകയും ചെയ്തു. തച്ചിൽ കുടുംബക്കാർ മേൽപ്പറഞ്ഞ ഗ്രന്ഥത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് നേതൃത്വമെടുക്കുമെന്ന് കരുതി. എന്നാൽ അവർ തല്പരരല്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ. ജോൺ കച്ചിറമറ്റം ഇത് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചത് സമയോചിതം തന്നെ. വരും തലമുറയ്ക്ക് ഈ ഗ്രന്ഥം ചൈതന്യം പകരുന്നു. വേലുത്തമ്പി ക്രൈസ്തവ സഭയ്ക്ക് എതിരെ പ്രവർത്തിച്ച വ്യക്തിയാണ്. ക്രൈസ്തവ നേതാക്കന്മാർക്കെതിരെയും അദ്ദേഹത്തിന്റെ കരു നീക്കങ്ങൾ ശക്തമായിരുന്നു. ഇതൊന്നുമറിയാതെ വേലുത്തമ്പിയെ ഒരു വീരപുരുഷനാക്കുന്ന പ്രവണതകൾ അടുത്തകാലത്ത് കാണുന്നുണ്ട്. ക്രൈസ്തവരും ഇക്കൂട്ടത്തിൽ പെടുന്നു എന്നതാണ് വിരോധാഭാസം!

തച്ചിൽ മാത്തുത്തരകൻ ദിവംഗതനായിട്ട് രണ്ടുനൂറ്റാണ്ടുകളാകുവാൻ പോകുന്നു. നാടിനും സഭയ്ക്കും സമുദായത്തിനും വില

malankaralibrary.com

പ്പെട്ട സേവനം ചെയ്തവരെ അനുസ്മരിക്കുകയും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക നമ്മുടെ കടമയാണ്. അധികാരത്തിലിരിക്കുന്നവർക്ക് സ്തുതി പാടി മുഖസ്തുതി ഒരു വലിയ കലാരൂപമായി വളർന്നിരിക്കുകയാണിപ്പോൾ. സ്വാർത്ഥമതികളായ അനുചരവൃന്ദത്തിന്റെ പിൻബലം മൂഢസ്വർഗ്ഗം സൃഷ്ടിക്കുന്നു. സത്യവും നീതിയും ധാർമ്മികതയും ക്രൈസ്തവ സാക്ഷ്യവുമൊന്നും ഇക്കൂട്ടർക്ക് പ്രശ്നമേയല്ല. അർഹർ അവഗണിക്കപ്പെടുകയും അനർഹർ ആദരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ആത്മാർത്ഥതയും ധാർമ്മികതയുമുള്ളവർക്കുണ്ടാകുന്ന ആന്തരിക സംഘർഷം അതിരൂക്ഷമാണ്. അധാർമ്മികതയ്ക്കെതിരെ പ്രതികരണശേഷിയില്ലാത്ത സമൂഹം മരവിച്ചതാണ്. മരവിച്ചവരുടെ നേതൃത്വവും അതേ ശൈലിയിൽ പെട്ടതു തന്നെ.

ത്യാഗോജ്ജ്വല ജീവിതത്തിലൂടെ വിലപ്പെട്ട സംഭാവന സഭയ്ക്കും സമൂഹത്തിനും കാഴ്ചവച്ചിട്ടുള്ളവർ ജീവിതകാലത്ത് തിരസ്കൃതരും അവഗണിതരുമായാലും പിൽക്കാലത്ത് അനേകർക്ക് പ്രചോദനകാരണമാകുന്നുവെന്നത് ചരിത്ര സത്യമാണ്. തച്ചിൽ മാത്തുത്തരകന്റെ രണ്ടാം ചരമശതാബ്ദി മാർത്തോമ്മാ നസ്രാണികൾ അനുസ്മരിക്കുമെന്നും ആഘോഷിക്കുമെന്നും പ്രത്യാശിക്കാം. യഥാർത്ഥ സ്വാതന്ത്ര്യചിന്തയും ആത്മാഭിമാനവും സമുദായത്തിലും സഭയിലും വളരാൻ ഇത് സഹായമാകും. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാർത്തോമ്മാ നസ്രാണികൾക്കും നാടിനും അമൂല്യ സംഭാവനയും നേതൃത്വവും നല്കിയ നിധീരിക്കൽ മാണിക്കത്തനാരുടെ പ്രഥമ ചരമശതാബ്ദി അടുത്തയിടെ ആഘോഷിച്ചത് സുറിയാനി സമുദായത്തിന്റെ ഉയിർത്തെഴുന്നേല്പിന് കാരണമാകട്ടെ എന്ന ആശംസിക്കുന്നു. ഇതേ വികാരത്തോടെയാണ് തച്ചിൽ മാത്തുത്തരകന്റെ ചരമശതാബ്ദിയും കാണേണ്ടത്. എ.കെ.സി.സി. അതിന് നേതൃത്വം നല്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഫാ. സേവ്യർ കൂടപ്പുഴ

മാർത്തോമ്മാ ശ്ലീഹാ മോണസ്റ്ററി
നല്ലതണ്ണി, മുറിഞ്ഞപുഴ
31-10-2004

malankaralibrary.com

# 1

# നസ്രാണി സമുദായം

ക്രിസ്തുവർഷം 52-ൽ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പ്രമുഖനായ മാർത്തോമ്മാ ഹാബാൻ എന്ന കച്ചവടക്കാരന്റെ കപ്പലിൽ ഇന്ത്യയിൽ എത്തുകയും തുടർന്ന് ക്രൈസ്തവകൂട്ടായ്മകൾ സ്ഥാപിക്കുകയും 72-ൽ മൈലാപ്പൂരിലെ ചിന്നമലയിൽ വച്ച് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. പേർഷ്യൻ രാജ്യത്തോടും തദ്ദേശസഭയോടും ആദിമകാലം മുതൽ ഇന്ത്യൻ സഭയ്ക്ക് ബന്ധമുണ്ടായിരുന്നതായും അതിനു പ്രധാനകാരണക്കാരൻ ഹാബാൻ ആയിരുന്നുവെന്നുമാണ് വിശ്വാസം. കൽദായസുറിയാനിയും അതിൽ അനുഷ്ഠിക്കപ്പെടുന്ന ദൈവാരാധനാക്രമങ്ങളും കേരളത്തിൽ തോമ്മാശ്ലീഹായാണ് നടപ്പിലാക്കിയത്.

345-ൽ ക്നായി തോമ്മാ എന്ന വണിഗ്വരൻ ഏതാനും അനുചരന്മാരോടും കൂടി കൊടുങ്ങല്ലൂർ കുടിയേറി. അവരുടെ സന്തതിപരമ്പരകൾ ഇന്നും ക്നാനായക്കാർ എന്ന് അറിയപ്പെടുന്നു. പേർഷ്യൻ സഭയുമായുള്ള നമ്മുടെ ബന്ധം നൂററാണ്ടുകളായി നിലനിന്നിരുന്നു.

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ക്രൈസ്തവ സമൂഹം പോർട്ടുഗീസുകാരുടെ കേരളപ്രവേശനം വരെ വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ ഇവിടെ നിലനിന്നുപോന്നു. അതേസമയം കേരളത്തിലെ വിവിധ സമുദായങ്ങളുടെയിടയിൽ അസൂയാവഹമായ ഒരു പദവി ക്രൈസ്തവർക്ക് ലഭിക്കുകയും ചെയ്തിരുന്നു. രാഷ്ട്രസേവനത്തിൽ അദ്വിതീയന്മാരായിരുന്ന നസ്രാണി ക്രസ്ത്യാനികൾ സൈനികപാരമ്പര്യമുള്ളവരും വിശ്വസ്തരും സത്യസന്ധന്മാരുമായിരുന്നു. അതിനാൽ അവർക്ക് തിരുവിതാംകൂർ കൊച്ചി രാജാക്കന്മാരുടെയിടയിൽ വലിയ സ്വാധീനമുണ്ടായിരുന്നു. സുറിയാനി ക്രിസ്ത്യാനികളെപ്പററി നരവംശശാസ്ത്രം എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അവരുടെ പൊതുവായ വിശ്വസ്തതയും സത്യതൽപരതയുമെന്നപോലെ തന്നെ അവരുടെ സാമർത്ഥ്യവും സൈനിക പരാക്രമവും നിമിത്തം ഭരണാധികാരികൾ എല്ലായ്പ്പോഴും അവരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ ആകൃതി സമരമായിരുന്നുവെങ്കിലും പ്രകൃതി സമാധാനപരമായിരുന്നു. അവർ ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ

malankaralibrary.com

ആയുധങ്ങളെല്ലാം മുഖമണ്ഡപത്തിൽ നിക്ഷേപിച്ചിരുന്നു. അപ്പോൾ അത് ഒരു ആയുധപ്പുരപോലെ തോന്നിയിരുന്നു. ദൈവാരാധനയ്ക്കുശേഷം യാതൊരുകുഴപ്പവും കൂടാതെ ഓരോരുത്തരും അവരവരുടെ ആയുധങ്ങളുമെടുത്ത് നിശബ്ദരായി വീടുകളിലേയ്ക്കപോയിരുന്നു. മുൻകാലങ്ങളിൽ നല്ലവണ്ണം ആയുധം ധരിക്കാതെ അവർ പുറത്തിറങ്ങി സഞ്ചരിക്കുമായിരുന്നില്ല. വളരെ മൂർച്ചയുള്ള നീണ്ട ലോഹപ്പിടിയുള്ള ഒരു കത്തി അവർ കൊണ്ടുനടന്നിരുന്നു. ചിലർ നാടൻ തോക്കുകളും കുന്തവും ഉപയോഗിച്ചിരുന്നു. അവർ യാത്രചെയ്യുമ്പോൾ ഉറയൂരിയ ഒരു വാളും പരിചയും ധരിച്ചിരുന്നു. കൊച്ചി രാജാവിന്റെ ഉയർച്ചയ്ക്ക് പ്രമുഖകാരണക്കാർ അവിടുത്തെ നസ്രാണി ക്രിസ്ത്യാനികളായിരുന്നു. ”

നസ്രാണിക്രസ്ത്യാനികൾ ആരോഗ്യരംഗത്തും ഒരു അതുല്യ ശക്തിയായിരുന്നു. ഫാ.പ്ലാസിഡിന്റെ സെന്റ് തോമസ് ക്രസ്ത്യാനികൾ എന്ന ഗ്രന്ഥത്തിലും ഫാ.മുണ്ടാടന്റെ 16–ാം നൂററാണ്ടിലെ പാരമ്പര്യത്തെപ്പററിയുള്ള പ്രതിപാദനത്തിലും ക്രൈസ്തവരുടെ വ്യാപാരരംഗത്തെ നേട്ടങ്ങളെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. “കേരളരാജാക്കന്മാർ വ്യാപാരസംബന്ധമായി കൊടുത്തിട്ടുള്ള എല്ലാ ശാസനകളും യഹൂദന്മാർക്ക് കൊടുത്തിട്ടുള്ളതൊഴിച്ച് – ക്രസ്ത്യാനികൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിൽ നിന്നും പണ്ടത്തെ കേരളത്തിൽ വാണിജ്യവൃത്തിയിൽ പ്രധാനമായി ഏർപ്പെട്ടിരുന്നവർ ക്രിസ്ത്യാനികൾ മാത്രമാണെന്ന് കാണാവുന്നതാണ്. ചൈനയിലേക്കുള്ള മാർപ്പാപ്പായുടെ പ്രതിനിധിയായിരുന്ന ജോൺമരഞ്ഞോളി 1348–ൽ കൊല്ലം സന്ദർശിച്ചപ്പോൾ അവിടുത്തെ വാണിജ്യത്തിൽ ആധിപത്യം വഹിച്ചിരുന്നത് ക്രിസ്ത്യാനികളായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾ കുരുമുളകിന്റെ ഉടമസ്ഥന്മാരും പൊതു വ്യാപാരസ്ഥലത്തിന്റെ നാഥന്മാരുമായിരുന്നുവെന്നും അവരെ മുതലാളിമാരെന്ന് വിളിച്ചിരുന്നുവെന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.”

“പ്രാചീനകാലങ്ങളിൽ കേരള ക്രിസ്ത്യാനികൾ ഇവിടുത്തെ കച്ചവടക്കാരായിരുന്നുവെന്നു മാത്രമല്ല അവർ വിദേശരാജ്യങ്ങളുമായി നേരിട്ട് കച്ചവടം നടത്തുകയും ചെയ്തിരുന്നു. അവർക്ക് സ്വന്തമായി കപ്പലുകളും വിദേശങ്ങളിൽ കച്ചവട ഏജൻസികളും ഉണ്ടായിരുന്നു. ഈ പ്രസ്താവനകളിൽ നിന്നും വാണിജ്യരംഗത്ത് ക്രൈസ്തവർ വഹിച്ച നേതൃത്വം വ്യക്തമാവുന്നതാണ്.”

“ഗതാഗതസൗകര്യവും വ്യാപാരസൗകര്യവും ഇല്ലാതിരുന്ന

malankaralibrary.com

ഒരു കാലത്ത് വാണിജ്യം ഒരു തൊഴിലായി സ്വീകരിച്ചിരുന്ന മററു വർഗ്ഗങ്ങൾ ഇന്നാട്ടിൽ ഇല്ലാതിരുന്ന ഒരു കാലത്ത് രാജഭണ്ഡാരം നിറയ്ക്കുന്നതിനും മുതലെടുപ്പ് വർദ്ധിപ്പിക്കുന്നതിനും നസ്രാണികളുടെ കപ്പലോട്ടവും വ്യാപാരസഹകരണവും ചുങ്കവും ഒരുതരത്തിലും ഒഴിച്ചുകൂടാത്തതായിരുന്നു. പടക്കോപ്പുകൾക്ക് ആവശ്യമായ ഉരുക്ക് മുതലായ ലോഹങ്ങളും കസ്തൂരി, കൊട്ടം, മാഞ്ചി, കായം മുതലായ അങ്ങാടി അറുപത്തിനാലും മററ് ഔഷധധാതുക്കളും അവർ വിദേശങ്ങളിൽ നിന്ന് വിലക്കുവാങ്ങി കപ്പൽ കയററിക്കൊണ്ടു വരേണ്ടിയിരുന്നു. രാജകൊട്ടാരങ്ങളിലെയും പ്രഭുമന്ദിരങ്ങളിലെയും ഉപയോഗത്തിനായി പട്ടും ചകലാസും പരവതാനിയും കൊണ്ടു വരേണ്ടിയിരുന്നതും അവർ ആയിരുന്നു. കൃഷി സാധനങ്ങൾക്ക് നാണയരൂപത്തിൽ വിലകിട്ടുന്നതിന് അവന്റെ വെള്ളിക്കോലും മടിശീലയും സമീപത്ത് വേണ്ടിയിരുന്നു. രാജ്യത്തിന്റെ വാണിജ്യാധിഷ്ഠിതമായ ഉയർച്ചയ്ക്കും ഉണർവ്വിനും അവന്റെ ശ്വാസോഛ്വാസം വരെ വിലയേറിയതായിരുന്നു."

രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധി നസ്രാണികളുടെ കപ്പലോട്ടത്തെയും വ്യാപാരവൈദഗ്ധ്യത്തെയും ആശ്രയിച്ച് നിലകൊണ്ടിരുന്നു. തന്മൂലം കേരളത്തിലെ ഭരണാധികാരികൾ അവരെ അത്യധികം ബഹുമാനിച്ചിരുന്നു. 1498-ൽ വ്യാപാരാർത്ഥം കേരളത്തിലെത്തിയ പോർട്ടുഗീസുകാർ, വിവിധ നിലകളിൽ അസാമാന്യമായ പാടവം നേടിയിരുന്ന ക്രൈസ്തവസമുദായത്തെയാണ് കണ്ടുമുട്ടിയത്. കച്ചവടാഭിവൃദ്ധിക്കും പോർട്ടുഗീസ് ആധിപത്യം ഉറപ്പിക്കുന്നതിനും കേരളത്തിലെ ക്രസ്ത്യാനികളുമായി സഖ്യം ചേരേണ്ടത് ആവശ്യമായി പോർട്ടുഗീസുകാർക്ക് തോന്നിത്തുടങ്ങി. വാസ്കോഡിഗാമ രണ്ടാം പ്രാവശ്യം കേരളത്തിലെത്തിയപ്പോൾ കൊടുങ്ങല്ലൂരെ ക്രിസ്ത്യാനികളുടെ പ്രതിനിധികളിൽ നിന്നു തന്നെ അവരുടെ കീഴിൽ 30000 ഭടന്മാരുണ്ടായിരുന്നുവെന്ന് മനസ്സിലാക്കിയതായി കേരളപഴമ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

കച്ചവടത്തിനായി ഇവിടെ വന്നെത്തിയ പോർട്ടുഗീസുകാർ തങ്ങളുടെ ആധിപത്യം എല്ലാ മേഖലകളിലും ഉറപ്പിക്കുവാനാണ് ശ്രമിച്ചത്. പോർട്ടുഗീസുകാരോടുകൂടി വന്നെത്തിയ ക്രൈസ്തവ മിഷനറിമാർ ഇവിടുത്തെ ക്രൈസ്തവരുമായി ഉററബന്ധം പുലർത്താൻ ശ്രമിച്ചു. 1510-ൽ പോർട്ടുഗലിൽ നിന്നും ഒരു സംഘം ഫ്രാൻസിസ്കൻ വൈദികർ ഇവിടെ എത്തിച്ചേർന്നു. 1542-ൽ ഇന്ത്യയിൽ എത്തിയ വി.ഫ്രാൻസിസ് സേവ്യർ അനേകായിരങ്ങളെ

malankaralibrary.com

ക്രൈസ്തവസഭയിലേയ്ക്ക് ആനയിച്ചു. പോർട്ടുഗീസുകാരായ വൈദികരുടെ വരവിന് നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കൽദായ മെത്രാന്മാർ കേരളത്തിൽ വന്നിരുന്നു. 1547-ൽ മൈലാപ്പൂരിൽ കണ്ടെത്തിയ പാലവി ലിഖിതവും "സ്ലീവായും" പേർഷ്യൻ നാടുമായി ഭാരതസഭക്കുണ്ടായിരുന്ന ബന്ധം വിളിച്ചറിയിക്കുന്നതാണ്.

പോർട്ടുഗലിൽ നിന്നും വന്നെത്തിയ പാതിരിമാർക്ക് നൂററാണ്ടുകളായി ഇവിടെ നിലനിന്നിരുന്ന കൽദായക്രമങ്ങളുമായി യാതൊരു പരിചയവുമില്ലായിരുന്നു. തൽഫലമായി കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളെ നെസ്തോറിയന്മാരായിട്ടാണ് അവർ കണക്കാക്കിയത്. കൽദായഭാഷയും അതിലെ ആരാധനാക്രമങ്ങളും നെസ്തോറിയൻ മതത്തെയും അതിന്റെ സിദ്ധാന്തങ്ങളെയും ആദരിക്കുന്നവയായിരുന്നുവെന്നും തന്മൂലം ആ പാഷാണ്ഡതയെ ഉന്മൂലനം ചെയ്യണമെന്നും പോർട്ടുഗീസ് പാതിരിമാർ തീരുമാനിച്ചു. നസ്രാണിക്രിസ്ത്യാനികളുടെ ആരാധനാക്രമങ്ങളും ഭാഷയും ഉന്മൂലനം ചെയ്ത് പോർട്ടുഗീസ്പാതിരിമാരുടെ അധികാരത്തിൻ കീഴിൽ അവരെ കൊണ്ടുവരുന്നതിനുള്ള ശ്രമം ആരംഭിച്ചു. ഈ ലക്ഷ്യം വച്ചുകൊണ്ട് പോർട്ടുഗീസുകാർ കേരളസഭയ്ക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. കേരള സഭയെ ലത്തീൻ സഭയോട് അനുരൂപപ്പെടുത്തുവാനുള്ള ശ്രമമാണ് പിന്നീടു നടന്നത്. ആ ശ്രമത്തിന്റെ ഭാഗമായാണ് മെനേസീസ് മെത്രാപ്പോലീത്ത ഒരു സുനഹദോസ് വിളിച്ചുകൂട്ടിയത്.

## ഉദയംപേരൂർ സുനഹദോസ്

1599 ജൂൺ 20 മുതൽ 26 വരെ തീയതികളിൽ ആണ് സുനഹദോസ് വിളിച്ചുകൂട്ടിയത്. ആ സുനഹദോസിൽ 130 വൈദികരും 660 അൽമായരും സംബന്ധിച്ചിരുന്നു. അൽമായർ സഭയിൽ വഹിച്ചിരുന്ന പങ്ക് നിർണ്ണായകമായിരുന്നുവെന്ന് ബോദ്ധ്യമായതിനാലാണ് ഇത്രയധികം അൽമായരെ പങ്കെടുപ്പിക്കുവാൻ മെനേസിസ് തയ്യാറായത്. ആകെ ഒൻപതുയോഗങ്ങളാണ് നടന്നത്. നസ്രാണികളുടെ പൂർവ്വാചാരങ്ങൾ പലതും നിർത്തലാക്കാൻ സുനഹദോസ് തീരുമാനിച്ചു. ഈ നീക്കങ്ങളെ നസ്രാണികൾ എതിർത്തുവെങ്കിലും വിജയിച്ചില്ല. ഇത് നസ്രാണികളെ വേദനിപ്പിക്കുകയുണ്ടായി.

സുറിയാനിക്കാർ അവരുടെ പള്ളിക്രമങ്ങളുടെ സംരക്ഷണത്തെയും ഒരു സുറിയാനിമെത്രാനെ കിട്ടേണ്ട സംഗതിയെയും

malankaralibrary.com

സംബന്ധിച്ച് നിരവധി പരാതികൾ അയച്ചിരുന്നു. 1650–ൽ കൽദായ പാത്രയർക്കീസിന് നസ്രാണികൾ ഇതു സംബന്ധിച്ച് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അതേ തുടർന്ന് 1652 ആഗസ്റ്റിൽ മൈലാപ്പൂരിലെത്തിയ സുറിയാനി മെത്രാനായ മാർ അഹത്തുള്ളയെ കേരളത്തിലേക്ക് കടക്കാൻ അനുവദിക്കാതെ തിരിച്ചുവിട്ടു. അഹത്തുള്ളാമെത്രാനെ കടലിൽ മുക്കിക്കൊന്നുവെന്നും അദ്ദേഹത്തെ തിരികെ കിട്ടുകയില്ലെന്നും വിശ്വസിച്ച നസ്രാണി കത്തോലിക്കർ 1653 ജനുവരി 3–ാം തീയതി വെള്ളിയാഴ്ച മട്ടാഞ്ചേരിയിൽ "കൂനൻകുരിശ്" എന്ന നാമത്തിൽ ഇന്ന് പൂജ്യതയോടുകൂടി സൂക്ഷിക്കപ്പെടുന്ന കുരിശിൽ കയർകെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ട് മേലിൽ ഒരിക്കലും ഈശോ സഭക്കാരെ വണക്കം ചെയ്യുകയില്ലെന്നും അവരിൽ ആരെയും മതാദ്ധ്യക്ഷന്മാരായി സ്വീകരിക്കുകയില്ലെന്നും ശപഥം ചെയ്തു. ഇതാണ് കൂനൻ കുരിശു സത്യം. തുടർന്ന് മേയ് 22–ന് ആലങ്ങാട്ടു വച്ച് 12 പട്ടക്കാർ ചേർന്ന് അർക്കദിയാക്കോന്റെ മേൽ കൈവച്ച് സഭാദ്ധ്യക്ഷനാക്കി. അഹത്തുള്ളാ മെത്രാൻ മാർപ്പാപ്പായാൽ അയക്കപ്പെട്ട ആളാണെന്ന് ധരിച്ചുകൊണ്ടാണ് നസ്രാണി ക്രസ്ത്യാനികൾ ഈ നടപടി സ്വീകരിച്ചത്. 12 പട്ടക്കാർ ചേർന്ന് കൈവച്ച് അർക്കദിയാക്കോനെ സഭാദ്ധ്യക്ഷനാക്കുന്നതിന് അധികാരികളിൽ നിന്നും അനുവാദം ലഭിച്ചെന്നും നസ്രാണി ക്രിസ്ത്യാനികൾ ധരിക്കുകയുണ്ടായി. അഹത്തുള്ളാ മാർപ്പാപ്പായാൽ അയക്കപ്പെട്ട ആളല്ലന്നും 12 പേർ ചേർന്ന് കൈവയ്പ് നടത്തി സഭാദ്ധ്യക്ഷനായി വാഴിക്കാൻ ആരെയും ചുമതലപ്പെടുത്തിയിരുന്നില്ലന്നും അങ്ങനെ സംഭവിക്കുകയില്ലന്നുമുള്ള സത്യം ജനങ്ങൾ പിന്നീടാണറിയുന്നത്. എങ്കിലും ഈ സംഭവവികാസങ്ങൾ ഭിന്നതയ്ക്കും ചേരിതിരിവിനും വഴിതെളിച്ചു. സത്യം ഗ്രഹിച്ച അനേകായിരങ്ങൾ തിരികെ വന്നുകൊണ്ടിരുന്നു.

1665–ൽ മാർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാൻ കേരളത്തിലെത്തുകയും ഒരു വിഭാഗം അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. അങ്ങനെയാണ് അന്ത്യോക്യാർ ബന്ധം കേരളത്തിൽ ആരംഭിക്കുന്നത്. ഒന്നാം മാർത്തോമ്മാ 1670–ൽ നിര്യാതനായി. തുടർന്ന് അദ്ദേഹത്തിന്റെ സഹോദരപുത്രൻ രണ്ടാം മാർത്തോമ്മാ എന്ന പേരിൽ ഭരണഭാരം ഏറ്റെടുത്തു. അങ്ങനെ 6–ാം മത്തെ പിന്തുടർച്ചയായി 1772–ൽ ആറാം മാർത്തോമ്മാ ഒന്നാം മാർദിവന്നാസ്യോസ് എന്ന പേരിൽ മെത്രാനായി വാഴിക്കപ്പെട്ടു. ഒന്നാം മാർത്തോമ്മാ മുതൽ 6–ാം മാർത്തോമ്മാ വരെയുള്ള ഭരണാ

malankaralibrary.com

ധികാരികളുടെ കാലഘട്ടത്തിൽ പുത്തൻകൂർ - പഴയകൂർ തമ്മിൽ ഒന്നാകാനുള്ള ശ്രമങ്ങൾ പല സന്ദർഭങ്ങളിലും നടന്നു. പോർട്ടുഗീസ് ഭരണാധികാരികളുടെ കുതന്ത്രങ്ങൾ മുഖാന്തിരം ഐക്യശ്രമം പരാജയപ്പെട്ടു.

ഷെവ. ഐ.സി.ചാക്കോ രചിച്ച മാർ ളൂയീസ് എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ആറാം മാർത്തോമ്മായുടെ കാലം വരെ പഴയ കൂററുകാരും പുത്തൻകൂററുകാരുമെന്നുള്ള വ്യത്യാസം ശാശ്വതമായിട്ടുള്ള ഒന്നല്ലെന്നും കാലക്രമേണ അതു നീങ്ങിപ്പോകുമെന്നുമുള്ള അഭിപ്രായം രണ്ടു കൂട്ടർക്കുമുണ്ടായിരുന്നു." പത്തൊൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പ്രോട്ടസ്റ്റന്റുകാർ കേരളത്തിൽ വരികയും പുത്തൻകൂററുകാർ അവരോട് കൂട്ടുപിടിക്കുകയും ചെയ്തതിൽ പിന്നീട് ഈ വ്യത്യാസം അപരിഹാര്യമെന്നുള്ള വിധത്തിൽ രണ്ടുകൂട്ടരും പ്രവർത്തിച്ചുതുടങ്ങി. പഴയകൂററുകാരും പുത്തൻകൂററുകാരും തമ്മിലുള്ള ബന്ധമെല്ലാം പിരിഞ്ഞിരിക്കുന്നുവെന്ന വിധത്തിലാണ് പത്തൊൻപതാം ശതാബ്ദത്തിലെ സുറിയാനി ചരിത്രം മുന്നോട്ടു പോകുന്നത്. എന്നിരുന്നാലും പുത്തൻകൂററുകാരെ പൂർവ്വസ്ഥാനത്തേയ്ക്ക് ആകർഷിച്ചുകൊണ്ടുവരണമെന്നുള്ള ആഗ്രഹം പഴയകൂററുകാരിൽ നിന്നും ഒരിക്കലും അന്തർദ്ധാനം ചെയ്തിരുന്നില്ല. സകലരും ക്രിസ്തുവിന്റെ ഏക പ്രതിനിധിയായ ഏകാധിപതിയുടെ കീഴിൽ വരുമെന്നുള്ള കത്തോലിക്കാ സഭയുടെ പ്രതീക്ഷമാത്രമല്ലായിരുന്നു ഈ ആഗ്രഹത്തിന്റെ അടിയിൽ സ്ഥിതിചെയ്തിരുന്നത്. പെട്ടെന്നുണ്ടായ ഒരു വാശിനിമിത്തം സ്വഗൃഹത്തെയും സഹോദരന്മാരെയും തങ്ങളെയും വിട്ട് പുറപ്പെട്ടു പോയവരാണ് പുത്തൻകൂററുകാർ എന്നുള്ള ബോധം പഴയകൂററുകാരിൽ എന്നും നിലകൊള്ളുന്നു. വീട്ടിലുള്ളവരോട് പിണങ്ങിപുറപ്പെട്ടു പോകുന്നവന് വീട്ടിൽ തിരിച്ചുപോകണമെന്നുള്ള ആഗ്രഹത്തേക്കാൾ വളരെ വലുതായിരിക്കും അവൻ തിരിച്ചു വരണമെന്ന് വീട്ടിൽ താമസിക്കുന്നവർക്കുള്ള ആഗ്രഹം. ഏവം വിധമായ ഒരു മനോഭാവവ്യത്യാസമാണ് പഴയ കൂററുകാരെ പുനരൈക്യത്തിൽ കൂടുതൽ ഉത്സുകരാക്കിതീർത്തത്.

1653-ലെ കൂനൻകുരിശ് സത്യം മുതൽ പുത്തൻകൂർ സുറിയാനിക്കാരെ ഭരിച്ചിട്ടുള്ള മാർത്തോമ്മാമാരിൽ കൈവയ്പുള്ള ഒരു മെത്രാനിൽ നിന്ന് സാധുവായി പട്ടം ഏററിട്ടുള്ളത് 6-ാം മാർത്തോമ്മാ മാത്രമായിരുന്നു. 1772-ൽ നിരണത്തുവച്ചായിരുന്നു മാർഗ്രിഗോറിയോസിൽ നിന്ന് അദ്ദേഹം മെത്രാൻ പട്ടം സ്വീകരിച്ചത്.

malankaralibrary.com

18–ാം നൂററാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും കേരളത്തിലെ മാർത്തോമ്മാക്രസ്ത്യാനികൾ നീറിക്കൊണ്ടിരുന്ന ഒരു അഗ്നിപർവ്വതം പോലെയായിരുന്നു. ലത്തീൻ ഭരണത്തിന് വിധേയമായി കഴിച്ചുകൂട്ടുവാൻ നിർബന്ധിതരായ പഴയകൂററുകാർ ഒരു സ്വജാതി മെത്രാനെ കിട്ടുന്നതിനുവേണ്ടി യത്നിച്ചുകൊണ്ടിരുന്നു. അതേ സമയം പുത്തൻകൂററുകാർ തങ്ങളുടെ മെത്രാന് ശരിയായ പട്ടം കിട്ടുന്നതിനെപ്പററിയുള്ള ചിന്തയിലായിരുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ കേരളത്തിലെ നസ്രാണി സമുദായത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖരായിരുന്നു മാർകരിയാററി യൗസേഫ് മെത്രാപ്പോലീത്ത, പാറേമാക്കൽ തോമ്മാകത്തനാർ, പുത്തൻകൂർസഭാദ്ധ്യക്ഷനായിരുന്ന ഒന്നാം മാർദിവന്ന്യാസോസ് രാഷ്ട്രീയരംഗത്തും സമുദായ മണ്ഡലത്തിലും പ്രശംസനീയമായ സേവനം അനുഷ്ഠിച്ചിട്ടുള്ള പുതത്തിൽ ഇട്ടിക്കുരുവിളതരകൻ, തച്ചിൽ മാത്തുത്തരകൻ മുതലായവർ. മഹാപ്രതാപശാലിയായിജീവിച്ച മാത്തുത്തരകൻ, ദരിദ്രനായി, രോഗിയായി ആരും സഹായത്തിനില്ലാത്തവനായി മരണമടഞ്ഞു. ആ മഹാപുരുഷന്റെ സംഭവബഹുലമായ ജീവിതത്തിലേക്ക് കടക്കാം.

☆

malankaralibrary.com

## 2

# തച്ചിൽ കുടുംബം

കേരളത്തിലെ നസ്രാണി സമുദായം ഒരു അഗ്നിപർവ്വതം പോലെ നീറിക്കൊണ്ടിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചുവല്ലോ. ഈ കാലഘട്ടത്തിൽ കേരളത്തിൽ അതിശക്തന്മാരായ പല ഭരണാധികാരികളും ഭരണം നടത്തിയിരുന്നു. തിരുവിതാംകൂറിൽ ആയില്യം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ്, കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവ് എന്നിവരും കൊച്ചിയിൽ ശക്തൻ തമ്പുരാനും മലബാറിൽ പഴശ്ശി രാജാവും അവരിൽ പ്രമുഖരായിരുന്നു. തിരുവിതാംകൂർ ദിവാനായിരുന്ന രാജാകേശവദാസനും ഇക്കാലത്താണ് ജീവിച്ചിരുന്നത്.

കേരളത്തിൽ അനേകം ചെറുരാജ്യങ്ങൾ രൂപം കൊള്ളുകയും നാടുവാഴികളും ഇടുപ്രഭുക്കന്മാരും ഭരണകർത്താക്കളായി തീരുകയും ചെയ്തു. അങ്ങനെ രാജപദവിയിലേക്കുയർന്ന രണ്ടു ചെറിയ രാജ്യങ്ങളായിരുന്നു പറവൂരും ആലങ്ങാടും. ആലുവാപ്പുഴയുടെ തീരത്താണ് ഈ രണ്ടു രാജ്യങ്ങളും സ്ഥിതിചെയ്തിരുന്നത്. പറവൂർ അക്കാലത്ത് ഒരു നമ്പൂതിരി ഇടപ്രഭുവിന്റെ ഭരണത്തിന് വിധേയമായിരുന്നു. പ്രതിവർഷം 150 കണ്ടികുരുമുളക് ഉൽപാദിപ്പിക്കപ്പെട്ടിരുന്ന ഒരു ചെറുരാജ്യമായിരുന്നു പറവൂർ. കൊച്ചിരാജാവിന്റെ കീഴിൽ വളരെയധികം ആനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. പറവൂർ രാജാവിന്റെ രാജധാനി കായൽതീരത്തുനിന്നും ഉദ്ദേശം ഒരു മൈൽ ഉള്ളിലായിരുന്നു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികളിൽ ഒന്നായ "കൊട്ടേക്കാവ് പള്ളി" ഇവിടെയായിരുന്നു.

കൊച്ചിയുടെ കീഴിലുള്ള മറെറാരു സാമന്ത രാജാവിന്റെ ഭരണത്തിലിരുന്ന ഭൂവിഭാഗമായിരുന്നു ആലങ്ങാട്. പെരിയാർ നദിയുടെ തീരത്താണ് ആലങ്ങാട് രാജ്യം സ്ഥിതിചെയ്തിരുന്നത്. മലയാററൂർ വരെ നീണ്ടുകിടക്കുന്ന ഭൂപ്രദേശം ആലങ്ങാട് രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു. 1764–ൽ തിരുവിതാംകൂറിലേക്ക് ആലങ്ങാട് ഒഴിഞ്ഞുകൊടുക്കുകയുണ്ടായി. ആലങ്ങാട് രാജ്യം പല പേരുകളിലാണ് അന്നറിയപ്പെട്ടിരുന്നത്. രാജകുടുംബത്തിലെ കാരണവരെ – രാജാവിനെ – മുത്തേരിപ്പാട് എന്ന് വിളിച്ചിരുന്നു.

നമ്മുടെ കഥാനായകനായ തച്ചിൽ മാത്തുത്തരകന്റെ

malankaralibrary.com

ജനനംകൊണ്ട് വിഖ്യാതമായിത്തീർന്ന തച്ചിൽ കുടുംബത്തിന് പറവൂർ, ആലങ്ങാട് രാജ്യങ്ങളുമായി പല ബന്ധങ്ങളുമുണ്ടായിരുന്നു. പറവൂർ രാജ്യാതിർത്തിയിലാണ് തച്ചിൽ കുടുംബം ഉദയം ചെയ്തതെങ്കിലും അത് തഴച്ചുവളർന്നത് ആലങ്ങാട് രാജ്യാതിർത്തിക്കുള്ളിലായിരുന്നു. തച്ചിൽ കുടുംബം ഒരു നമ്പൂതിരകുടുംബമായിരുന്നുവെന്നും പറവൂരിന് സമീപമുള്ള മൂഴിക്കുളം ക്ഷേത്രത്തിന്റെ ഭരണച്ചുമതലവഹിച്ചിരുന്ന ആഢ്യബ്രാഹ്മണകുടുംബങ്ങളിൽ ഒന്നായിരുന്നു തച്ചിൽ ഇല്ലമെന്നും അവർ കാലാന്തരത്തിൽ ക്രിസ്തുമതം സ്വീകരിക്കുകയാണുണ്ടായതെന്നും പറയപ്പെടുന്നു. എന്നാൽ തച്ചിൽ ഇല്ലക്കാർ ക്രിസ്തുമതം സ്വീകരിച്ചത് എന്നാണെന്നുള്ളതിന് യാതൊരു രേഖകളുമില്ല. തിരുമൂഴിക്കുളം ക്ഷേത്രകാര്യവിചാരിപ്പിനായി ശങ്കാരാചാര്യർ തന്നെയാണ് തച്ചിൽ ഇല്ലക്കാരെ നിയോഗിച്ചത്. തിരുമൂഴിക്കുളം ക്ഷേത്രം ശ്രീ ശങ്കരാചാര്യ പ്രതിഷ്ഠിതമാണല്ലോ. തച്ചിൽ ഇല്ലക്കാരോടൊപ്പം ക്ഷേത്രകാര്യ വിചാരിപ്പിനായി മററ് മൂന്ന് ഇല്ലക്കാരെയും കൂടി ശങ്കരാചാര്യർ ചുമതലപ്പെടുത്തിയിരുന്നു.

ഈ രാജാക്കന്മാർ തമ്മിലുണ്ടായ അവകാശത്തർക്കം നിമിത്തവും മൂഴിക്കുളം ക്ഷേത്രസ്വത്തുക്കൾ കൈയടക്കിയിരുന്നവരുടെ ധിക്കാരം നിമിത്തവും ക്ഷേത്രകാര്യങ്ങളിൽ ആരും ശ്രദ്ധിക്കാതെയായി. ദേവസ്വത്തിന്റെ സ്വത്തുക്കൾ തന്മൂലം അന്യാധീനപ്പെട്ടു. നിത്യപൂജതന്നെ മുടങ്ങി. ഇങ്ങനെയിരിക്കെ രാജമഹിഷിയും സീമന്തപുത്രനും ഒരു അത്യാഹിതത്തിൽ പെട്ട് മരണമടഞ്ഞു. തിരുമൂഴിക്കുളം ക്ഷേത്ര പ്രതിഷ്ഠയുടെ ഉഗ്രകോപമാണ് ഈ അപകടത്തിന് കാരണമെന്ന് പ്രശ്നം വച്ചപ്പോൾ തെളിഞ്ഞു. അതിനുപരിഹാരമായി ക്ഷേത്രം പുനരുദ്ധരിക്കുന്നതിന് തമ്പുരാൻ തീരുമാനിച്ചു. ക്ഷേത്രഭരണചുമതല ഏല്പിച്ചിരുന്നവരുടെ ഉദാസീനതയാണ് ക്ഷേത്രത്തിന്റെ അധഃപതനത്തിന് വഴിതെളിച്ചതെന്ന് തമ്പുരാന് ബോദ്ധ്യമായതിനാൽ ഈ രാജാക്കന്മാരുടെ സ്വത്തുക്കളിൽ ഒരു ഭാഗം കണ്ടുകെട്ടാനും അങ്ങനെ ലഭിക്കുന്ന തുകകൊണ്ട് ക്ഷേത്രം പുനരുദ്ധരിക്കാനും കല്പനപുറപ്പെടുവിച്ചു. തച്ചിൽ ഇല്ലക്കാർ തമ്പുരാനെ സമീപിച്ച് തങ്ങളുടെ നിരപരാധിത്വം ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. തച്ചിൽ ഇല്ലംകാർ തന്മൂലം വളരെ മാനസികവ്യഥ അനുഭവിച്ചു. നിരവധി നേർച്ചകാഴ്ചകൾ സമർപ്പിച്ചുവെങ്കിലും തങ്ങളുടെ ഇല്ലംവക സ്വത്തുക്കൾ വീണ്ടെടുക്കുവാൻ സാധിച്ചില്ല. തച്ചിൽ ഇല്ലത്തെ കാരണവർ തന്മൂലം നിരാശനായി കഴിയുകയായിരുന്നു. ക്ഷേത്രം പുനരുദ്ധരിക്കപ്പെട്ടതിനുശേഷം നടന്ന പ്രഥമ ഉത്സവത്തിന്റെ കൊടിയേററ ദിവസം തമ്പുരാനും

malankaralibrary.com

പ്രമാണികളും ഒട്ടേറെ ജനങ്ങളും ക്ഷേത്ര പരിസരത്തുകൂടി. തച്ചിൽ കാരണവരും ആ ചടങ്ങിൽ സംബന്ധിക്കുവാൻ എത്തിയിരുന്നു. കൊടികേററുന്നതിനായി കൊടി കയറിൽകെട്ടി മുകളിലേക്ക് വലിച്ചു തുടങ്ങി. തമ്പുരാൻ ഉൾപ്പെടെ പലർ ശ്രമിച്ചിട്ടും കൊടിമുകളിലേക്കു കയറിയില്ല. ഉടൻതന്നെ ഈ ദുർഗതിക്ക് കാരണമെന്തെന്നറിയുവാൻ പ്രശ്നം വയ്പിച്ചു. തച്ചിൽ മൂപ്പിന്നിന്റെ മനമുരുകിയ പ്രാർത്ഥനയാണ് ഈ ദുരന്തത്തിന് കാരണമെന്ന് വെളിവായി. പറവൂർ തമ്പുരാൻ ഉടൻ തന്നെ തച്ചിൽ ഇല്ലത്തിൽ നിന്നും കണ്ടുകെട്ടിയിരുന്ന സ്വത്തുക്കൾ മുഴുവൻ തിരിച്ചു നൽകാൻ ഉത്തരവായി.

തച്ചിൽ കാരണവരുടെ നേർച്ചകാഴ്ചകൾ ഒന്നും ഫലിച്ചില്ല. അതിൽ ദുഃഖിതനായ കാരണവർ കൊടികയററസമയത്ത് "എന്റെ കൊട്ടേക്കാവുപ്പള്ളി, നിനക്കെങ്കിലും നേരുണ്ടെങ്കിൽ ഈ കൊടി മുകളിലെത്തല്ലേ. സത്യം തെളിഞ്ഞ് എന്റെ സ്വത്തുക്കൾ തിരികെ ലഭിക്കണമെയെന്നുപ്രാർത്ഥിച്ചു." ഈ പ്രാർത്ഥനയാണ് ഫലിച്ചതെന്നും കൊട്ടേക്കാവുപള്ളിയുടെ പ്രത്യേകസഹായത്താലാണ് തച്ചിൽ കുടുംബത്തിന്റെ സ്വത്തുക്കൾ തിരിച്ചുകിട്ടിയതെന്നും കാരണവർ വിശ്വസിച്ചു. കൊട്ടേക്കാവ് പള്ളിയോട് തങ്ങൾക്കുള്ള കൃതജ്ഞത പ്രകാശിപ്പിക്കുന്നതിലേയ്ക്ക് ആ കുടുംബാംഗങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. തച്ചിൽ കുടുംബക്കാർ കൊട്ടേക്കാവ് പള്ളി ഇടവകക്കാരായി.

ക്രൈസ്തവ സമുദായത്തിന്റെ സാമൂഹ്യമായ ഉന്നതിയും ഭരണകർത്താക്കളുടെയിടയിൽ അവർക്കുള്ള സ്വാധീനവും ഇവരുടെ ക്രസ്തുമതത്തിലേക്കുള്ള പരിവർത്തനം ഒരു ചർച്ചാവിഷയമാക്കുവാൻ ആരും ആഗ്രഹിച്ചില്ല. അക്കാലത്ത് ആഢ്യബ്രാഹ്മണർക്കു മാത്രം ലഭിച്ചിരുന്ന പല അവകാശങ്ങളും ക്രിസ്ത്യാനികൾക്കും ലഭിച്ചിരുന്നു. അന്നത്തെ ഏതദ്ദേശീയ ക്രിസ്ത്യാനികൾ പല ഹൈന്ദവ ആചാരങ്ങളും സ്വീകരിക്കുകയും ചെയ്തിരുന്നു. പറവൂർ രാജ്യത്തിലെ ഒരു പ്രമുഖശക്തിയുമായിരുന്നു ക്രിസ്ത്യാനികൾ. അക്കാലത്ത് ക്രൈസ്തവർക്ക് പ്രത്യേക അവകാശങ്ങൾ നൽകിയിരുന്നു. ആ അവകാശങ്ങൾ തന്റെ രാജ്യത്തിലുള്ള നായന്മാർക്കുകൂടി നൽകുവാൻ പറവൂർ രാജാവ് തീരുമാനിച്ചപ്പോൾ സുറിയാനി ക്രസ്ത്യാനികൾ അതിനെ എതിർത്തു. ക്രിസ്ത്യാനികളുടെ എതിർപ്പിനെ അവഗണിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചപ്പോൾ രാജാവിനോട് ക്രിസ്ത്യാനികൾ യുദ്ധപ്രഖ്യാപനം നടത്തി. രാജാവ് തന്റെ തീരുമാനം പിൻവലിച്ച് നസ്രാണിക്രിസ്ത്യാനികളുടെ താല്പര്യ

malankaralibrary.com

ത്തിനുവഴങ്ങി. ക്രിസ്ത്യാനികളുടെ സാമൂഹ്യനില മനസ്സിലാക്കുവാൻ ഈ സംഭവം മാത്രം മതി.

തച്ചിൽ ഇല്ലക്കാർ ക്രിസ്തുമതം സ്വീകരിച്ചുവെങ്കിലും ക്ഷേത്രഭരണകാര്യങ്ങളിൽ അവർ സജീവമായി പങ്കെടുക്കുകയും അവരുമായി ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിന് മററ് ഊരാണ്മക്കാർ സമ്മതിക്കുകയും ചെയ്തിരുന്നു. ബ്രാഹ്മണർ ചെയ്യേണ്ട ക്ഷേത്രകാര്യങ്ങളിൽ തച്ചിൽ ഇല്ലംകാർ ഇടപെട്ടിരുന്നുമില്ല.

ഈ സ്ഥിതി വിശേഷത്തിന് ഒരു മാററം വന്നത് പോർട്ടുഗീസു കാരുടെ ആഗമനത്തെ തുടർന്നാണ്. പോർട്ടുഗീസുപാതിരിമാർ ഇവിടുത്തെ സനാതനഹിന്ദുക്കളുടെ ദൃഷ്ടിയിൽ മ്ലേഛന്മാരായിരുന്നു. ഇവിടുത്തെ ക്രൈസ്തവർ ഹൈന്ദവാചാരങ്ങൾ സ്വീകരിക്കുന്ന തിനെയും ഹിന്ദുക്ഷേത്രങ്ങളോട് ബന്ധപ്പെടുത്തുന്നതിനെയും പോർട്ടുഗീസ്കാരായ വൈദികർ ഇഷ്ടപ്പെട്ടിരുന്നില്ല. മെത്രാന്മാർ ഇതിനെ നിരോധിക്കുകയും ചെയ്തു. അതോടെ തിരുമൂഴിക്കുളം ക്ഷേത്രം സംബന്ധിച്ചുണ്ടായിരുന്ന എല്ലാ അവകാശങ്ങളും തച്ചിൽകു ടുംബക്കാർക്ക് നഷ്ടമായി.

ഇക്കാലത്ത് കൊച്ചിരാജാവ് ക്രിസ്ത്യാനികളെ വളരെ ഉപ ദ്രവിച്ചു. രാഷ്ട്രീയമായ അരക്ഷിതാവസ്ഥയും തിരുമൂഴിക്കുളം ക്ഷേത്ര ഭരണത്തിലുണ്ടായിരുന്ന അവകാശങ്ങളുടെ നഷ്ടവും എല്ലാം തച്ചിൽ ഇല്ലക്കാരെ മൂഴിക്കുളത്തുനിന്നും അന്യദേശത്തേക്ക് പോകു വാൻ പ്രേരിപ്പിച്ചു. മൂഴിക്കുളത്ത് തനിക്ക് നഷ്ടപ്പെട്ട സ്ഥാനവും പ്രതാപവും വീണ്ടെടുക്കണമെന്നുള്ള ഒടുങ്ങാത്ത ആഗ്രഹത്തോടെ യാണ് തച്ചിൽ കാരണവർ വടക്കൻ കുത്യതോട്ടിൽ പുഴം പള്ളം എന്ന സ്ഥലത്തേക്ക് കുടിയേറി താമസിച്ചത്. ഈ പ്രദേശം ആലങ്ങാട് രാജാവിന്റെ ഭരണത്തിൽ കീഴിലായിരുന്നു. വടക്കൻ കുത്യതോട്ടി ലേക്കുപോയ തച്ചിൽ കുടുംബത്തിലെ കാരണവരുടെ പേര് വറിയത് എന്നായിരുന്നു. വറിയത് ബുദ്ധിമാനും സമർത്ഥനും ആയിരുന്നു. ആലങ്ങാട്ടു രാജാവിന്റെ വിശ്വസ്തനായ ഒരു പ്രജയായി വറിയത് അറിയപ്പെട്ടു. രാജാവിന്റെ പ്രീതി ബഹുമാനങ്ങൾ ആർജിക്കുവാൻ വറിയതിന് സാധിച്ചു. രാജാവ് തന്റെ മന്ത്രിയായി വറിയതിനെ നിയമിച്ചു. രാജകുടുംബത്തിന്റെ യശസ്സ് നിലനിർത്താൻ തച്ചിൽ വറിയതിന്റെ വിപദിധൈര്യവും കുശാഗ്രബുദ്ധിയും സഹായകര മായിത്തീർന്നുവെന്നു പറയാം.

അതോടനുബന്ധിച്ച് ഒരു കഥയുണ്ട്. പറവൂർ രാജകുടുംബ

malankaralibrary.com

ത്തിലെ ഒരു രാജകുമാരൻ ആലങ്ങാട് രാജവംശത്തിലെ ഒരു കുമാരിയെ പ്രേമിച്ചു. എങ്ങിനെയെങ്കിലും രാജകുമാരിയെതട്ടിയെടുക്കണമെന്ന ആഗ്രഹത്തോടുകൂടി ആ യുവാവ് വേഷം മാറി ആലങ്ങാട് കൊട്ടാരത്തിലെത്തി. ഉറക്കത്തിൽ കഴിഞ്ഞ രാജകുമാരിയെ അർദ്ധരാത്രി അപഹരിച്ചുകൊണ്ടുപോയി. രാജകുമാരനും രാജകുമാരിയും കൂടി കടവിൽ വന്നപ്പോൾ തച്ചിൽ വറിയതിനെ കണ്ടുമുട്ടി. രാജകുമാരന്റെ അഭ്യർത്ഥനമാനിച്ച് വറിയത് തന്റെ വഞ്ചിയിൽത്തന്നെ അക്കര കടത്തിവിട്ടു. രാജകുമാരൻ തന്റെ വിരലിൽ കിടന്ന മുദ്രമോതിരം വറിയതിന് സമ്മാനിച്ചു. ആ മുദ്രമോതിരം കണ്ടപ്പോഴാണ് തന്റെ സഹായത്തിനിടയായത് പറവൂരെ രാജകുമാരനാണെന്നറിയുന്നത്.

ഏതാനും ദിവസത്തിനകം ആലങ്ങാട് രാജകുമാരിയുടെ അന്തർദ്ധാനവാർത്ത പുറത്തുവന്നപ്പോഴാണ് വറിയത് കാര്യങ്ങൾ ഗ്രഹിച്ചത്. വറിയത് അന്നു തന്നെ ഒരു ഭിക്ഷുബ്രാഹ്മണന്റെ വേഷത്തിൽ കാവി വസ്ത്രവും ധരിച്ച് ദേശാടനത്തിനെന്നവണ്ണം ഇറങ്ങി പുറപ്പെട്ടു. പറവൂർ കോവിലകത്ത് എത്തിച്ചേർന്നു. കോവിലകത്തെ ഒരു ദാസിയെ സ്വാധീനിച്ച് പലവിധ വാഗ്ദാനങ്ങൾകൊണ്ട് അവളെ പ്രലോഭിപ്പിച്ചും വറിയത്, രാജകുമാരൻ നൽകിയ മുദ്രമോതിരം ദാസിയെ ഏല്പിച്ചു. പരിചാരിക രാജകുമാരിയെ കൊട്ടാരത്തിൽ നിന്നും പുറത്തുകൊണ്ടുവന്ന് വറീതിനെ ഏല്പിച്ചു. അടുത്ത പ്രഭാതത്തിൽ വറിയത് രാജകുമാരിയെ ആലങ്ങാട്ടു രാജാവിന് കാഴ്ചവച്ചു. വറിയതിന്റെ സേവനത്തിൽ സംതൃപ്തനായ രാജാവ് ഒട്ടേറെ ഭൂമി കരമൊഴിവായി നൽകി. തന്റെ സഹായിയായി അംഗീകരിക്കുകയും ചെയ്തു.

പറവൂർ രാജാവ് ആലങ്ങാട്ട് രാജാവിന് ഒരു ദൂതൻ വശം ഒരു കത്ത് കൊടുത്തുവിട്ടു. രണ്ടററം കണ്ടിച്ച ഒരു കഷണം ഓലയിൽ "കൊട്ടക്കാവ് ക്ഷേത്രത്തിലെ ഉത്സവം പ്രമാണിച്ച് ബാക്കി രണ്ടെണ്ണം കൊടുത്തയക്കണം" എന്നാണ് എഴുതിയിരുന്നത്. പറവൂർ രാജാവിന്റെ ലേഖനത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ സാധിക്കാത്ത രാജാവ് ആലങ്ങാട്ട് കോവിലകത്തെ വിദ്വാന്മാരെയെല്ലാം വിളിച്ചുകൂട്ടി ആലോചിച്ചു. ബാക്കി രണ്ടെണ്ണം എന്താണെന്ന് മനസ്സിലാക്കാൻ ആ വിദ്വാന്മാർക്കും സാധിച്ചില്ല. പറവൂർ രാജാവിന്റെ ആഗ്രഹം സാധിക്കാതെ പോകുമല്ലോയെന്ന് ആലങ്ങാട്ട് രാജാവ് ഓർത്ത് വ്യസനിച്ചു. അതിനേക്കാൾ കൂടുതൽ രാജാവിനെ ദുഃഖിതനാക്കിയത് എഴുത്തിന്റെ അന്തരാർത്ഥം മനസ്സിലാക്കാനുള്ള കഴിവ് തനിക്കില്ലല്ലോയെന്ന്

malankaralibrary.com

പറവൂർക്കാർ മനസ്സിലാക്കുമല്ലോയെന്ന് ഓർത്തായിരുന്നു.

ആലങ്ങാട്ടു രാജ്യത്തിലെ വിദ്വാന്മാർ ഈ പ്രശ്നത്തെപ്പററി ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് വറിയത് രാജാവിനെ മുഖം കാണിക്കാനായി എത്തിയത്. വറിയത് അത് വാങ്ങി വായിച്ചു. ഞൊടിയിടയിൽ തന്നെ വർഗീസ് വായിച്ച് രാജാവിനോട് പറഞ്ഞു. ഓലയുടെ രണ്ടററവും മുറിച്ചുകഴിഞ്ഞാൽ ബാക്കി വാരുകയാണല്ലോ വേണ്ടത് തിരുമേനിയെന്ന് മറുപടി പറഞ്ഞു. രാജാവ് സന്തോഷത്തോടുകൂടി വാരണം, വാരണം എന്നു പറഞ്ഞു. ഉടൻ തന്നെ ഒന്നാംതരം രണ്ടു കൊമ്പനാനകളെ കൊട്ടേക്കാവ് ക്ഷേത്രത്തിലെ ഉത്സവാവശ്യത്തിലേക്കായി അയച്ചുകൊടുത്തു.

ആലങ്ങാട്ടു രാജാവിന്റെ വിശ്വസ്തനും മന്ത്രിയുമായിരുന്ന വറിയത് പ്രതാപത്തിലിരുന്നുകൊണ്ടുതന്നെ ദിവംഗതനായി. അദ്ദേഹത്തിന്റെ കളത്രവും ബാലനായ ഏകപുത്രൻ തരിയതും മാത്രം തച്ചിൽ തറവാട്ടിൽ അവശേഷിച്ചു. അധികം കഴിയുന്നതിനു മുൻപു തന്നെ ആലങ്ങാട്ട് രാജാവും നിര്യാതനായി. രാജാവിന്റെ അവകാശികളായി രണ്ടു കുട്ടികൾ മാത്രമേയുണ്ടായിരുന്നുള്ളു. തന്മൂലം ഭരണച്ചുമതല റാണിയേറെറടുത്തു. ദുർബലയായ റാണിയെ നിയന്ത്രിച്ചുകൊണ്ടിരുന്നത് കപടതന്ത്രുപടുവായ ഒരു പോററിയാണ്. ആലങ്ങാട്ടു തമ്പുരാന്റെ ഭരണകാലത്ത് കോവിലകത്തുപോലും കടക്കാൻ കഴിയാതിരുന്ന പോററി, തച്ചിൽ വറിയതാണ് തന്റെ പുരോഗതിക്ക് എതിരായി നിന്നതെന്ന് വിശ്വസിച്ചിരുന്നു. റാണിയിൽ സ്വാധീനം ചെലുത്തി വറിയത് കോവിലകത്തുനിന്നും കൊടുത്തിരുന്ന വസ്തുവകകളെല്ലാം റാണിയെക്കൊണ്ട് കണ്ടുകെട്ടിക്കുകയായിരുന്നു. തച്ചിൽ കുടുംബക്കാർ പറവൂരിന്റെ ചാരന്മാരാണെന്ന് പോററി, റാണിയെ തെററിദ്ധരിപ്പിച്ചു. അങ്ങനെ തച്ചിൽ കുടുംബത്തെ തകർക്കാൻ പോററിക്കു സാധിച്ചു. തച്ചിൽ കാരണവരുടെ ഏക പുത്രൻ അങ്ങനെ നിർദ്ധനനായി.

## തച്ചിൽ തരിയത്

തച്ചിൽ കാരണവർ വറീതിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഏക മകൻ തരിയത് സാമ്പത്തികമായി തകരുകയുണ്ടായി. അതൊന്നും ഗൗരവമായി കണക്കിലെടുക്കാതെ തരിയതിനെ കുടുംബ പാരമ്പര്യത്തിന് യോജിച്ച വിധം വളർത്തിക്കൊണ്ടു വരുവാൻ അമ്മ ശ്രമിച്ചു. നാട്ടുനടപ്പനുസരിച്ചുള്ള ആയുധ പരിശീലനവും

malankaralibrary.com

വിദ്യാഭ്യാസവും തരിയതിന് നൽകുവാൻ മാതാവിന് സാധിച്ചു. തരിയത് പിതാവിന്റെ മഹനീയമായ പാരമ്പര്യം നിലനിർത്തിപ്പോരുവാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. സമ്പത്തിലും പ്രതാപത്തിലും കഴിഞ്ഞിരുന്ന ഇടക്കുളത്ത് കെൽപ്പറമ്പിലെ ഒരു കന്യകയെക്കൊണ്ട് തരിയതിനെ വിവാഹം കഴിപ്പിച്ചു. നല്ല ബന്ധുബലമുണ്ടായിരുന്നു കെൽപ്പറമ്പിലെ കന്യകക്ക്. അത് തന്റെ മകന് സഹായകരമാകുമെന്ന് മാതാവ് വിശ്വസിച്ചു. ആ കന്യകയുടെ രണ്ടു സഹോദരന്മാർ പെരുമ്പടപ്പുരാജാവിന്റെ കീഴിൽ ഉന്നത ഉദ്യോഗങ്ങൾ വഹിച്ചിരുന്നു. നല്ല സ്വാധീനവും അവർക്കുണ്ടായിരുന്നു. ഈ ബന്ധുത തരിയതിന്റെ ശത്രുക്കൾക്ക് ലഭിച്ച നല്ല ഒരു ആയുധമായിരുന്നു. പെരുമ്പടപ്പ് രാജാവും ആലങ്ങാട്ടു രാജാവും ബദ്ധശത്രുക്കളായിരുന്നു. തരിയതിന്റെ ശത്രുക്കൾ ആലങ്ങാട്ടു രാജാവിനെ സമീപിച്ച് തരിയതിന്റെ ഭാര്യാസഹോദരന്മാർ പെരുമ്പടപ്പ് സ്വരൂപത്തിലെ ഉദ്യോഗസ്ഥന്മാരാണെന്നും തന്മൂലം തരിയതിന്റെ കൂട്ട് പെരുമ്പടപ്പുമായിട്ടാണെന്നും ആലങ്ങാട്ടു രാജാവിനെ തെററിദ്ധരിപ്പിച്ചു.

തരിയത് ഒട്ടും അധൈര്യനാകാതെ ആലങ്ങാട്ടു രാജാവിനെ മുഖം കാണിച്ചു. തന്റെ പിതാവ് വറിയത് ആലങ്ങാട്ട രാജ്യത്തിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളെയും അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന് രാജാവ് കരമൊഴിവായി നൽകിയ സ്ഥലങ്ങൾ കണ്ടുകെട്ടിയതിനെപ്പററിയും രാജാവിനെ ധരിപ്പിച്ചു. തര്യതിന്റെ പരാതികളെല്ലാം രാജാവ് കേട്ടു. രാജാവ് ഒരു ശുദ്ധഗതിക്കാരനായിരുന്നു. തരിയതിന്റെ ശത്രുക്കൾ രാജാവിന്റെയടുക്കൽ നൽകിയ പരാതികൾ എല്ലാം യാതൊരു മറയും കൂടാതെ രാജാവ് തരിയതിനോടു പറഞ്ഞു. തരിയതിന്റെ കൂറ് പെരുമ്പടപ്പു രാജാവിനോടാണെന്ന് പറഞ്ഞ് രാജാവിനെ തെററിദ്ധരിപ്പിക്കുവാൻ ശത്രുക്കൾക്ക് സാധിച്ചിരുന്നു. തരിയതിന്റെ പിതാവ് ആലങ്ങാട്ട് രാജ്യത്തിന് ചെയ്തിട്ടുള്ള സേവനങ്ങളെ രാജാവ് സമക്ഷം ഭംഗിയായി അവതരിപ്പിച്ചു പറഞ്ഞകാര്യങ്ങൾ സത്യമാണെന്ന് രാജാവിന് ബോദ്ധ്യപ്പെട്ടു. ആലങ്ങാട്ട് രാജ്യത്തിനുവേണ്ടി നിസ്തുലസേവനം അനുഷ്ഠിച്ച ഒരു രാജഭക്തന് തന്റെ മുൻഗാമി നൽകിയ ദാനങ്ങൾ തിരിച്ചെടുത്തത് അവിവേകമായിപ്പോയിയെന്ന് ബോദ്ധ്യപ്പെട്ട തമ്പുരാൻ വസ്തുവകകൾ മുഴുവൻ തിരിച്ചുകൊടുക്കുന്നതിന് ഉത്തരവിട്ടു.

രാജാവിനെ തെററിദ്ധരിപ്പിച്ച് തച്ചിൽ കുടുംബത്തോട് ദ്രോഹം ചെയ്യാൻ പ്രേരിപ്പിച്ച സേവകവർഗ്ഗം പ്രതികാരമനോഭാവത്തോടെ ഏഷണി പറഞ്ഞു പരത്തുകയാണെന്ന് രാജാവിന് ബോദ്ധ്യമായി.

malankaralibrary.com

ഈ സന്ദർഭത്തിൽ പറവൂർ, ആലങ്ങാടിനോട് യുദ്ധത്തിന് തയ്യാറെടുക്കുകയും യുദ്ധ പ്രഖ്യാപനം നടത്തുകയും ചെയ്തു. രാജാവ് ഈ സന്ദർഭത്തിൽ തരിയതിന്റെ ഉപദേശം ആരാഞ്ഞു. കൊട്ടാരത്തിൽ നിന്ന് ഏഷണികൾ പറഞ്ഞുപരത്തുന്നവരെ അകററി നിർത്തുന്നപക്ഷം യുദ്ധത്തെപ്പററി ഭയപ്പെടേണ്ടതില്ലന്ന് തര്യത് രാജാവിനോട് പറഞ്ഞു. പറവൂർ യുദ്ധപ്രഖ്യാപനം നടത്തിയപ്പോൾ തന്നെ ഭയന്ന് മാറിക്കൊണ്ടിരുന്ന സേവകവർഗ്ഗം കൊട്ടാരവളപ്പിൽ പിന്നീട് കാലുകുത്തിയില്ല.

രാജാവ് തച്ചിൽ തര്യതിനെ വിളിച്ചുവരുത്തി രാജ്യത്തിന്റെ മന്ത്രിയായും രാജ്യകാര്യോപദേഷ്ടാവായും നിയമിച്ചു. പറവൂർ രാജ്യം പെരുമ്പടപ്പിന്റെ സഹായത്തോടെയാണ് യുദ്ധം പ്രഖ്യാപനം നടത്തിയത്. മന്ത്രിയായി സ്ഥാനമേററ തര്യത് ഭാര്യാ സഹോദരന്മാർ മുഖാന്തിരം പെരുമ്പടപ്പുതമ്പുരാനുമായി ആലോചനകൾ നടത്തി പറവൂരുമായുള്ള കൂട്ടികെട്ടിൽ നിന്ന് പെരുമ്പടപ്പിനെ പിന്തിരിപ്പിച്ചു. തുടർന്ന് പെരുമ്പടപ്പ് ആലങ്ങാടുമായി സൗഹാർദ്ദബന്ധം സ്ഥാപിക്കുകയും ചെയ്തു. ഈ മാററം ഒരിക്കലും പറവൂർ രാജാവ് വിചാരിച്ചിരുന്നില്ല. ഏതായാലും പറവൂർ പ്രഖ്യാപനം ചെയ്യപ്പെട്ട യുദ്ധത്തിൽ നിന്നും പിന്മാറി. അങ്ങനെ ആലങ്ങാട്ടിന്റെ സ്വാതന്ത്ര്യം തച്ചിൽതരിയത് സംരക്ഷിച്ചു.

പറവൂർ ഏതവസരത്തിലും ആലങ്ങാട്ടിനെ ആക്രമിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയ തര്യത് പറവൂരിന്റെ ധനശക്തി ക്ഷയിപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ചു. അതേസമയം ആലങ്ങാട്ടിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനും ശ്രമിച്ചു. യുദ്ധം ഉണ്ടായാൽ ശമ്പളം കൊടുക്കാൻ ശക്തിയുള്ള രാജാവിന് കൂലിപട്ടാളക്കാരനെ ലഭിക്കുക എളുപ്പമായിരുന്നു. അതേസമയം ശത്രുപക്ഷത്തെ സൈന്യത്തെ കോഴകൊടുത്ത് സ്വപക്ഷത്തേക്ക് കൊണ്ടുവരുവാൻ സാധിക്കുമായിരുന്നു. ഈ രണ്ടുമാർഗ്ഗവും അടക്കുവാൻ വേണ്ടിയാണ് തര്യത് പറവൂരിന്റെ ധനശക്തി തകർക്കാൻ ശ്രമിച്ചത്. വാണിജ്യം അക്കാലത്ത് ക്രൈസ്തവരുടെ പ്രധാന തൊഴിലായിരുന്നല്ലോ. തര്യത് കച്ചവടത്തിലേക്കുതന്നെ ശ്രദ്ധതിരിച്ചു. ആലങ്ങാട്ടുകാർ തങ്ങളുടെ ഉല്പന്നങ്ങൾ പറവൂർ കച്ചവടക്കാരെ ഏല്പിച്ച് കിട്ടുന്നതുകകൊണ്ട് തൃപ്തിപ്പെട്ടുപോന്നു. അതേസമയം പറവൂരിന് ഡച്ച് കമ്പനിക്കാരുമായും പെരുമ്പടപ്പു രാജ്യക്കാരുമായും കച്ചവടസൗകര്യങ്ങൾ ഉണ്ടായിരുന്നു. ഈ സൗകര്യങ്ങൾ ആലങ്ങാട്ടിനുണ്ടായിരുന്നില്ല. ഈ ന്യൂനതപരിഹരിക്കുന്നതിനാണ് നേരിട്ട് കച്ചവടം

malankaralibrary.com

നടത്തുവാൻ തരൃത് തീരുമാനിച്ചത്. തരൃത് കൊച്ചിയും ആലപ്പുഴയുമായി വ്യാപാരബന്ധം സ്ഥാപിച്ചു. കൊച്ചിയിലെ കച്ചവടം മുഴുവൻ ഡച്ചുകാരുടെ കൈവശമായിരുന്നു. അവർ പറവൂരിന്റെ ഉററമിത്രങ്ങളുമായിരുന്നു. അതിനാൽ കൊച്ചിയെ മാത്രം ആശ്രയിച്ച് വാണിജ്യം നടത്തുന്നത് അപകടകരമായിരിക്കുമെന്ന് തരൃത് മനസ്സിലാക്കി. തൽഫലമായിട്ടാണ് ആലപ്പുഴയുമായി കച്ചവടം ആരംഭിക്കാൻ തീരുമാനിച്ചത്.

ആലപ്പുഴയിലെ കച്ചവട പ്രമാണികൾ രങ്കശേണായി, നാരായണ ശേണായി എന്ന രണ്ട് ഗൗഡ സാരസ്വതന്ത്ര ബ്രാഹ്മണരായിരുന്നു. സത്യസന്ധന്മാരായ ഈ രണ്ട് വർത്തക പ്രമാണികളുമായി തരൃത് ബന്ധം പുലർത്തി. ആലങ്ങാട്ടെ വ്യാപാരാഭിവൃദ്ധിക്ക് വലിയ സംഭാവന ചെയ്തിട്ടുള്ള ഈ ശേണായിമാർക്ക് ആലങ്ങാട്ടുനിന്നും നിരവധി സഹായസഹകരണങ്ങൾ ലഭിച്ചിരുന്നു. ഈ ശേണായിമാരുടെ വ്യാപാരാഭിവൃദ്ധിക്ക് പ്രധാനകാരണക്കാരൻ തച്ചിൽ തരൃതുതന്നെയായിരുന്നു. അതിനാൽ തരൃതിനോട് പ്രത്യേകം നന്ദിയുള്ളവരായിരുന്നു ശേണായിമാർ. ആലങ്ങാട്ടെ രാജ്യത്തിന്റെ ശക്തി വാണിജ്യത്തിലൂടെ വർദ്ധിപ്പിച്ച തരൃത് പറവൂരിന്റെ ശക്തി ക്ഷയിപ്പിക്കുന്നതിന് ശ്രമിച്ചു. പറവൂരെ ഏററം പ്രധാന കച്ചവടകേന്ദ്രം ചെഞ്ചേലി അങ്ങാടിയായിരുന്നു. ഈ അങ്ങാടിയിൽ നിന്നുള്ള വരവായിരുന്നു പറവൂരിന്റെ ധനാഗമമാർഗ്ഗങ്ങളിൽ പ്രധാനം. ചെഞ്ചേലി അങ്ങാടിയിലേക്കുള്ള പ്രധാനവഴി ആലങ്ങാട് രാജ്യാതിർത്തിയിൽപ്പെട്ട ഊഴത്തിൽ കൂടിയായിരുന്നു. ആ പാതയിൽ തരൃത് ഒരു ചവുക്കാ ഏർപ്പെടുത്തി ചുങ്കം പിരിച്ചുതുടങ്ങി. ആലങ്ങാട്ട് കൊച്ചിയും ആലപ്പുഴയുമായി നേരിട്ട് വ്യാപാരം നടത്തിയിരുന്നതിനാൽ പറവൂരിന് ഒരു എതിർ ചവുക്ക ഏർപ്പെടുത്തുന്നതുകൊണ്ട് പ്രയോജനമുണ്ടാവുമായിരുന്നു. അതോടെ ചെഞ്ചേലി അങ്ങാടിയിലെ വ്യാപാരം ക്രമേണ തകർന്നു. പറവൂർ തമ്പുരാൻ മറെറാരു അങ്ങാടി സ്ഥാപിച്ചപ്പോൾ അതിന് എതിർവശത്ത് മറെറാരു ചവുക്ക ഏർപ്പെടുത്തി ചുങ്കം പിരിച്ചുതുടങ്ങി. ചുരുങ്ങിയ നാൾകൊണ്ട് പറവൂർ രാജ്യത്തിലെ കച്ചവടം അധഃപതിച്ചു. രാജ്യം സാമ്പത്തിക തകർച്ചയെ നേരിട്ടു.

ക്ഷുഭിതനായ പറവൂർ രാജാവ്, തച്ചിൽ തരൃതാണ് പറവൂർ രാജ്യത്തിന്റെ അധഃപതനത്തിന് മുഖ്യകാരണക്കാരൻ എന്ന് ഗ്രഹിച്ച് ഏതെങ്കിലും വിധത്തിൽ തരൃതിനെ അപായപ്പെടുത്തുവാൻ ശ്രമിച്ചു. തരൃതിന്റെ തല തന്റെ മുന്നിൽ ഹാജരാക്കുന്നവർക്ക് 50 രാശി സമ്മാനം നൽകുന്നതാണെന്ന് തമ്പുരാൻ വാഗ്ദാനം ചെയ്തു. ആല

malankaralibrary.com

ങ്ങാട്ടും പറവൂരുമുള്ള തര്യത് വിരോധികൾ ഈ സന്ദർഭം ശരിക്കു വിനിയോഗിക്കുവാൻ തീരുമാനിച്ചു. ശത്രുക്കൾ തര്യതിന്റെ തലയ്ക്കു വേണ്ടി ശ്രമമാരംഭിച്ചു. രാജാക്കന്മാർക്ക് പട്ടാള അകമ്പടിയോടുകൂടി കഴിഞ്ഞുകൂടാൻ സാധിക്കുമായിരുന്നു. എന്നാൽ സാധാരണക്കാർക്ക് പട്ടാള അകമ്പടി ലഭിക്കുമായിരുന്നില്ല. സ്വന്തം ജീവൻ രക്ഷിക്കുന്നതിന് സ്വശക്തി മാത്രമേ അവലംബമായിരുന്നുള്ളു. എങ്കിലും രാജാവ് മന്ത്രിസത്തമന്റെ രക്ഷക്കായി ഏതാനും ഭടന്മാരെ നിയോഗിച്ചിരുന്നു. മുൻകരുതലുകളൊന്നും വിജയിച്ചില്ല. കുത്യതോട്ടിലെ സ്വവസതിയിൽ രാത്രിയിൽ മാളികമുകളിൽ നിൽക്കവേ അപ്രതീക്ഷിതമായി ഒരു വെടിയുണ്ട മാറിൽത്തന്നെ പതിച്ചു. തൽക്ഷണം അദ്ദേഹം മരിച്ചു വീണു. ആലങ്ങാട് രാജാവ് തന്റെ മന്ത്രിയുടെ ഘാതകനെ പിടിച്ച് കഴുവിലേററി. മൂന്നു രാപകൽ കഴുവിൽതന്നെ കിടന്ന് അവന്റെ മൃതദേഹം കഴുകനിരയായിത്തീർന്നു. തന്റെ മന്ത്രിയെ വധിപ്പിച്ച പറവൂർ തമ്പുരാന്റെ ചെങ്കോല അങ്ങാടി അഗ്നിക്കിരയാക്കുകയും ചെയ്തു.

തര്യത് വധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ യുവതിയായ ഭാര്യയും 4 കുട്ടികളും മാത്രമാണ് തച്ചിൽ കുടുംബത്തിൽ ഉണ്ടായിരുന്നത്. ആ ശിശുക്കളുടെ പേരുകൾ തര്യത്, മാത്തു, വറിയത്, അബ്രാഹം എന്നിങ്ങനെയായിരുന്നു. ഇതിൽ തര്യത് വലിയൊരു മദ്യപാനിയായിരുന്നു. അവിവാഹിതനായ ഇദ്ദേഹം മദ്ധ്യപ്രായത്തിൽ തന്നെ മരണമടഞ്ഞു. ദ്വിതീയ പുത്രനാണ് തച്ചിൽ മാത്തുത്തരകൻ എന്നറിയപ്പെടുന്ന നമ്മുടെ കഥാനായകൻ. മൂന്നാമത്തെ പുത്രനായ വറിയതിന്റെ സന്തതിപരമ്പരകളാണ് ഇന്നുള്ളത്. ഇളയമകനായ അബ്രാഹം ആണ് പിൽക്കാലത്ത് തച്ചിൽ ഇട്ടിയവിരാ മല്പാൻ എന്നറിയപ്പെട്ടത്. സുറിയാനി സഭാചരിത്രത്തിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച അബ്രാഹം മല്പൻ സഭയിൽ പല ഉന്നതസ്ഥാനങ്ങളും വഹിക്കുകയുണ്ടായി. ☆

malankaralibrary.com

# 3

# തച്ചിൽമാത്തുത്തരകൻ

ആലങ്ങാട്ട് രാജാവിന്റെ മന്ത്രിയായിരുന്ന തച്ചിൽ തര്യതിന്റെ രണ്ടാമത്തെ പുത്രനാണ് പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന തച്ചിൽമാത്തുത്തരകൻ. 1741ൽ ആണ് അദ്ദേഹത്തിന്റെ ജനനം. കുഞ്ഞിന്റെ നാളും മററും വിലയിരുത്തി, ആലങ്ങാട് തമ്പുരാൻ പ്രസ്താവിച്ചത് മാത്തു "കനകപ്പല്ലക്കേറുന്ന പ്രതാപശാലിയായ ഒരു മഹാപ്രഭുവായിത്തീരും" എന്നാണ്. അതേസമയം കൊടുങ്ങല്ലൂർ തമ്പുരാൻ, കുട്ടിയുടെ ഗ്രഹനില നോക്കി "കുട്ടി ഇരപ്പാളിയായി കുത്തുപാളയെടുക്കും" എന്നാണ് വിധിയെഴുതിയത്. രണ്ടു ഭിന്നാഭിപ്രായങ്ങൾ വന്നപ്പോൾ ഏതെങ്കിലും ഒരു പക്ഷത്തു ചേരുവാനാണ് പല ഗണിതശാസ്ത്രജ്ഞന്മാരും തയ്യാറായത്. ഒരു വൃദ്ധനായ ഗണിതശാസ്ത്രജ്ഞൻ രണ്ടുഫലനിർദ്ദേശങ്ങളും ശരിയാണെന്നും ഇവ രണ്ടും ശിശുവിന്റെ ജീവിതകാലത്തുതന്നെ അനുഭവിക്കുമെന്നും അഭിപ്രായപ്പെട്ടു. തച്ചിൽ മാത്തുവിന്റെ ജീവിതം പഠിക്കുമ്പോൾ ആ വൃദ്ധൻ പറഞ്ഞത് ശരിയാണെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. തര്യത് മരിക്കുമ്പോൾ നാലു മക്കളും ശിശുക്കളായിരുന്നു. തച്ചിൽ തറവാട്ടിൽ വിധവയായ മാതാവുമൊന്നിച്ച് കുട്ടികൾ ജീവിക്കുന്നത് സുരക്ഷിതമല്ലെന്ന് മനസ്സിലാക്കി കെൽപ്പറമ്പിലെ കാരണവർ മകളെയും കുട്ടികളെയും തന്റെ വീട്ടിലേക്കു കൊണ്ടുപോയി. തച്ചിൽ പുരയിടവും മററും ഒരാളെ സൂക്ഷത്തിനേല്പിക്കുകയും ചെയ്തു.

തച്ചിൽ തര്യതിന്റെ കുട്ടികൾ മാതൃപിതാവിന്റെ സംരക്ഷണയിൽ വളർന്നുവന്നു. എന്നാൽ മക്കളെയെല്ലാവരെയും സന്മാർഗ്ഗനിരതരാക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. നാലാമനായ അബ്രാഹം ഒരു വൈദികനായി തീരുകയും സഭയ്ക്ക് വിവിധ നിലകളിൽ സേവനം അനുഷ്ഠിച്ച് തച്ചിൽ കുടുംബത്തിന്റെ യശസ്സു വർദ്ധിപ്പിക്കുകയും ചെയ്തു. മൂന്നാമനായ വറിയത് ശാന്തനും വിനയമുള്ളവനുമായിരുന്നു. അവൻ കാരണവരുടെ കൂട്ടത്തിൽ താമസിച്ച് വിശ്വസ്തനായി വളർന്നു വന്നു. എന്നാൽ മററു രണ്ടു മക്കളുടെയും സ്ഥിതി ഇതായിരുന്നില്ല. സീമന്തപുത്രനായ തരിയത് ദൂരദിക്കിലുള്ള സ്ഥലങ്ങളിലെ പാട്ടം പിരിക്കുന്ന ജോലിയിൽ നിയുക്തനായി. പാട്ടക്കാരിൽ മിക്കവരും ഈഴവരായിരുന്നു. അവരുമായുള്ള സഹവാസം തരിയതിനെ ഒരു മദ്യപാനിയാക്കിതീർത്തു. പാട്ടം പിരിച്ചുകിട്ടിയ

malankaralibrary.com

പണം മുഴുവൻ തരിയത് മദ്യപാനത്തിനായി ചെലവഴിച്ചു. നല്ല തുക തന്റെ സേവകപരിക്ഷകൾക്ക് സംഭാവനയായി നൽകി. തന്മൂലം കെൽപ്പറമ്പിലെ വരുമാനം കുറഞ്ഞുതുടങ്ങി. സമീപപ്രദേശങ്ങളിലെ പാട്ടം പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന മാത്തുവും മദ്യത്തിന് അടിമയായിത്തീർന്നു. മാതാമഹന്റെ കൂടെയുള്ള താമസം തന്റെ സ്വാതന്ത്ര്യത്തിന് വിഘാതമായി മാത്തുവിന് അനുഭവപ്പെട്ടു. പിതൃ സ്വത്തുക്കളുടെ ഭരണം ഏറെറടുത്ത് തച്ചിൽ വീട്ടിൽ സ്വതന്ത്രനായി കഴിയുവാൻ മാത്തു ആഗ്രഹിച്ചു. ഒരു ദിവസം രാത്രി അവൻ കെൽ പ്പറമ്പിൽ നിന്നും തച്ചിൽ തറവാട്ടിലേയ്ക്ക് ഒളിച്ചോടി. തച്ചിൽ പുരയി ടവും മററും നോക്കാൻ ഏല്പിച്ചിരുന്ന ആളിനെ വിളിച്ചു വരുത്തി അയാളിൽ നിന്നും സ്വത്തുക്കൾ ഏററുവാങ്ങി. ഇതിനകം മാത്തു വിന്റെ ദുർനടപ്പ് മനസ്സിലാക്കിയ കാര്യസ്ഥൻ സ്വത്തുക്കളിൽ കുറെ ഭാഗം മാററിവച്ച് ബാക്കി സ്വത്തുക്കൾ മാത്രമേ മാത്തുവിനെ ഏല്പി ച്ചുള്ളു. കാര്യസ്ഥന്റെ ഈ നടപടി വിവേകപൂർവ്വമായിരുന്നുവെന്ന് പിന്നീട് മനസ്സിലായി.

തന്റെ സഹോദരന്മാരെയും കൂടി തച്ചിലേക്ക് കൊണ്ടുവരുവാൻ മാത്തു ആഗ്രഹിച്ചു. തന്റെ ഇളയ രണ്ടു സഹോദരന്മാരും അതിന് തയ്യാറായില്ല. മൂത്ത സഹോദരൻ തര്യത് കള്ളുധാരാളമായി കിട്ടുന്ന രണ്ടു പുരയിടങ്ങൾ ഏറെറടുത്തുകൊണ്ട് കുത്തിയതോട്ടിലേക്ക് വന്നു. തരിയത് കുതൃതോട്ടിലെത്തി. യാതൊരു നിയന്ത്രണവുമി ല്ലാതെ മദ്യപാനവും ആയി ജീവിതം തള്ളിനീക്കി. അദ്ദേഹം വിവാഹം കഴിച്ചില്ല. മദ്യപാനിയായ അദ്ദേഹം അധികംകഴിയുന്നതിനുമുൻപേ നിര്യതനായി.

മാതാമഹന്റെ സംരക്ഷണയിൽ വളർന്നുവന്ന മാത്തുവിന് ദാരിദ്ര്യമെന്നത് അജ്ഞാതമായിരുന്നു. കുതൃതോട്ടിലെത്തി പിതൃ സ്വത്തുക്കൾ ഏററുവാങ്ങി അതിൽ നിന്നുള്ള ആദായമെടുത്ത് തനിക്കു തോന്നുന്ന വിധത്തിൽ ചിലവ് ചെയ്ത് ജീവിച്ച മാത്തു എക്കാലവും കെൽപ്പറമ്പിലെപ്പോലെ പ്രതാപത്തിലും പ്രൗഢിയിലും കഴിയാമെന്ന് വിചാരിച്ചു. മാത്തുവിന്റെ ചുററും കൂടിയ സേവക പരിഷകൾ എങ്ങിനെയും മാത്തുവിനെ ചൂഷണം ചെയ്ത് ജീവിക്കാൻ ശ്രമിച്ചു. ആ ചൂഷണം മനസ്സിലാക്കാനുള്ള കഴിവ് അദ്ദേഹത്തിനി ല്ലായിരുന്നു.

പിതൃസ്വത്തുക്കളുടെ ഭരണംനേരിട്ട് ഏററുവാങ്ങി തച്ചിൽ കാരണവരായി കഴിഞ്ഞുകൂടിയ മാത്തു മദ്യപാനം, ചൂതുകളി, സ്ത്രീ

malankaralibrary.com

ലമ്പടത്വം, സുഹൃദ്സൽക്കാരം ഇവയിൽ മുഴുകി ജീവിച്ചു. മാത്യുവിന്റെ ദുർനടപ്പ് മനസ്സിലാക്കിയ മാതാവ് കെൽപ്പറമ്പിൽ നിന്നും തച്ചിൽ വന്ന് മാത്യുവിനോടൊപ്പം താമസിച്ചു. മാതാവിന്റെയോ മാതൃസഹോദരങ്ങളുടെയോ ഉപദേശങ്ങൾ ഒന്നും സ്വീകരിക്കാതെ തന്നിഷ്ടപ്രകാരം ജീവിതം മുന്നോട്ടു നീക്കിയ മാത്യുവിനെ നിയന്ത്രിക്കാൻ ആർക്കും സാധിച്ചില്ല. മാത്യുവിനെ കുടുംബജീവിതത്തിലേക്ക് കൊണ്ടുവന്നാൽ അനാവശ്യകൂട്ടുകെട്ടുകളിൽ നിന്നും രക്ഷപെടുത്താമെന്ന് കരുതി വിവാഹം കഴിപ്പിച്ചു.

മാത്യുവിനെ ദുർവൃത്തിയിൽ നിന്നും അകററുവാൻ അതുകൊണ്ടും സാധിച്ചില്ല. ഭാര്യയുടെ കണ്ണുനീരും അമ്മയുടെ ഉപദേശങ്ങളും ജ്യേഷ്ഠന്റെ അകാലചരമവും ഒന്നും മാത്യുവിന്റെ ഹൃദയത്തെ കുലുക്കിയില്ല. പിതൃസ്വത്തുക്കൾ അന്യാധീനപ്പെട്ടിട്ടും ഒരു പുനർചിന്തനത്തിന് മാത്യു തയ്യാറായില്ല. മാതാവിന്റെ ഉപദേശങ്ങളും ശകാരങ്ങളും ഭാര്യയെ മർദ്ദിക്കുന്നതിനുള്ള ഒരു കാരണമായി മാത്തുവിന് തോന്നി.

വീട്ടിൽ നിന്നു മാത്യു ഇറങ്ങി പുറപ്പെട്ടാൽ എട്ടുംപത്തും ദിവസം കഴിഞ്ഞായിരിക്കും തിരികെ വരിക. വരുമ്പോൾ മാത്യവിന്റെ കൂട്ടത്തിൽ പത്തും ഇരുപതും സേവകന്മാരും ഉണ്ടായിരിക്കും. വരുമ്പോൾ അവർക്കെല്ലാം നല്ല ഭക്ഷണം നൽകിക്കൊള്ളണമെന്നായിരുന്നു മാത്യുവിന്റെ ആജ്ഞ. മാത്യുവിന്റെ വരവ് എപ്പോഴാണെന്ന് നോക്കിയിരിക്കുന്ന മാതാവും ഭാര്യയും എപ്പോഴും ഒരു സദ്യക്കുള്ള ഒരുക്കത്തിൽ കഴിയണമായിരുന്നു. മാത്യുവിന്റെയും സേവകന്മാരുടെയും ദുർചിലവുകൾ നിമിത്തം തച്ചിൽകുടുംബം ദരിദ്രമായി ത്തീർന്നു. നിലം പുരയിടങ്ങളും സ്ത്രീകളുടെ ആഭരണങ്ങളും വീട്ടിലെ ജംഗമസാധനങ്ങളും അന്യാധീനത്തിലായി. എന്നിട്ടും ചൂതുകളിക്കോ മദ്യപാനത്തിനോ സുഹൃദ്സൽക്കാരത്തിനോ യാതൊരു കുറവും വന്നില്ല. മാതാവും ഭാര്യയും കൊടും പട്ടിണിയിൽ ദിവസങ്ങൾ തള്ളി നീക്കുന്ന കാര്യവും അദ്ദേഹത്തെ ക്ലേശിപ്പിച്ചില്ല.

പതിവുപോലെ ഒരു ദിവസം എട്ടുപത്തുദിവസത്തെ സഞ്ചാരം കഴിഞ്ഞ് പത്തോളം സേവകന്മാരോടുകൂടി വീട്ടിൽ എത്തിച്ചേർന്ന മാത്യു വീടിന്റെ വാതിലുകൾ മുഴുവൻ അടച്ചിട്ടിരിക്കുന്നതായാണ് കണ്ടത്. രോഷത്തോടെ വിളിച്ചിട്ടും വാതിൽ തുറക്കുന്നില്ല. വീട്ടിൽ ആരും ഉള്ളതായിപ്പോലും തോന്നിയില്ല. അമ്മയെ വിളിച്ചു. ഉത്തരമില്ല. മാതാവിനും ഭാര്യയ്ക്കും എന്തെങ്കിലും ആപത്ത്

malankaralibrary.com

പിണങ്ങിയിരിക്കാമെന്ന് മാത്യു വിചാരിച്ചു. പുരയ്ക്കു ചുററും നടന്ന് നിരീക്ഷണം നടത്തി. പുറകുവശത്ത് അല്പം തുറന്നു കിടക്കുന്ന വാതിലിൽകൂടി അകത്തേക്കുനോക്കിയപ്പോൾ പൊട്ടിപ്പൊളിഞ്ഞ ഒരു പെട്ടിപ്പുറത്ത് തന്റെ വത്സലമാതാവ് ഇരുന്ന് കരയുന്നതുകണ്ടു. പട്ടിണിയിൽ മെലിഞ്ഞ മാതാവ് ശുഷ്കിച്ച കൈകൊണ്ട് തന്റെ തല താങ്ങി കുമ്പിട്ടിരുന്ന് കരയുന്ന കാഴ്ച അദ്ദേഹത്തിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. ആലങ്ങാട്ട് മന്ത്രിയുടെ വിധവ, തന്റെ പെററമ്മ, വലിയ സമ്പത്തിന്റെ ഉടമയായിരുന്ന സ്ത്രീ ആഹാരംപോലും കഴിക്കാതെ, തലനേരെപോലും നിർത്താൻ ശക്തിയില്ലാതെ കണ്ണീർ പൊഴിക്കുന്നു. മാത്യു ദുഃഖത്തോടെ തന്റെ സ്നേഹിതന്മാരുടെ അടുക്കൽ എത്തി. തച്ചിലെ അസാധാരണമായ അവസ്ഥകണ്ട് സ്നേഹിതന്മാർ മാത്യുവിനെ പരിഹസിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് മാത്യു കണ്ടത്. എന്നും തച്ചിൽ വന്ന് വയറുനിറയെ ഭക്ഷണം കഴിച്ച് തിരിയെ പോകുന്ന സുഹൃത്തുക്കൾ മാത്യുവിനോട് ഒന്നു സഹതപിക്കുന്നതിനുപോലും തയ്യാറായില്ല. നന്ദിയില്ലാത്ത ഈ നികൃഷ്ടന്മാരാണ് തന്റെ എല്ലാ അധഃപതനത്തിനും കാരണക്കാരെന്ന തിരിച്ചറിവ് മാത്യുവിനുണ്ടായി. തന്റെ ദുഃഖം പുറത്തുകാണിക്കാതെ തന്റെ നിസ്സഹായാവസ്ഥ അവരെ ബോദ്ധ്യപ്പെടുത്തി അവരെ യാത്രയാക്കിയതിനു ശേഷം അമ്മയുടെ അടുക്കൽ എത്തി. സ്വപുത്രന്റെ മാനസാന്തരത്തിനായി കണ്ണീരൊഴുക്കി കരഞ്ഞുകൊണ്ടിരിക്കുന്ന മാതാവിന്റെ അടുക്കൽ ചെന്ന്, മെല്ലിച്ച ആ കൈകളിൽ പിടിച്ചുകൊണ്ട് അമ്മേയെന്നു വിളിച്ചു. തലയുയർത്തി നോക്കിക്കൊണ്ട് ആ അമ്മ തന്റെ ദുർഗതിയോർത്ത് കരഞ്ഞുകൊണ്ടിരുന്നു. വീണ്ടും അമ്മയേ മാത്തു വിളിച്ചു. മകനെ മാത്തു നീ തന്നെയാണോ ഈ നിൽക്കുന്നത്. എന്നു ചോദിച്ചുകൊണ്ട് തലയും കുമ്പിട്ടിരുന്ന് കരഞ്ഞു.

ആ അമ്മ വേദനയോടുകൂടി പറഞ്ഞു. "തച്ചിൽ കുടുംബത്തിന്റെ സ്ഥിതി ഇങ്ങനെയായല്ലോ. നിന്റെ അപ്പനും വല്യപ്പനും ആലങ്ങാട്ട് രാജാവിന്റെ മന്ത്രിമാരായിരുന്നു. അവർ രാജ്യത്തിനും സമൂഹത്തിനും വേണ്ടി വലിയ സേവനങ്ങൾ കാഴ്ചവച്ചു. ജനങ്ങൾ അവരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. തച്ചിൽ തറവാടിന്റെ അഭിമാനം കാത്തുസൂക്ഷിക്കേണ്ടവനായിരുന്നു മാത്തു. എന്റെ മകനെ നിന്റെ സ്ഥാനം ഇന്ന് എവിടെയാണ്. കള്ളുഷാപ്പിലും വേശ്യത്തെരുവിലും കഴിഞ്ഞുകൂടുന്ന നീ ജനിക്കാതിരുന്നുവെങ്കിൽ, അഥവാ കുഞ്ഞിലെ മരിച്ചു പോയിരുന്നുവെങ്കിൽ എന്ന് ഞാൻ ആലോചിക്കുകയായിരുന്നു. കുലീനമായ ഒരു കുടുംബത്തിന്റെ പേരുപോലും നീ നശിപ്പിച്ചല്ലോ. ഇനി തെണ്ടുകമാത്രമേ നിവൃത്തിയുള്ളല്ലോ."

malankaralibrary.com

അമ്മയുടെ ഈ വാക്കുകൾ മാത്തുവിന്റെ ഹൃദയത്തിൽ തുളച്ചു കയറി. കണ്ണീരൊഴുക്കിക്കൊണ്ട് വത്സലമാതാവിന്റെ മുൻപിൽ സാഷ്ടാംഗം വീണ് കാലുകളിൽ കെട്ടിപ്പിടിച്ചുകൊണ്ട് മാത്യു പറഞ്ഞു. "അമ്മേ അമ്മ ഇനി കരയരുത്. ഞാൻ നിരവധി തെററുകൾ ചെയ്തു. തച്ചിൽ കുടുംബത്തിന് ഞാൻ അപമാനം വരുത്തിവച്ചു. അമ്മ എന്നെ അനുഗ്രഹിക്കൂ. എന്റെ തെററുകൾക്കു മാപ്പുതരൂ. അപ്പനും വല്യപ്പനും നടന്ന വഴിയേ ഞാൻ നടക്കും. നമ്മുടെ കുടുംബത്തിന്റെ പേര് ആ ചന്ദ്രതാരം നിലനിൽക്കത്തക്കവിധത്തിൽ ഞാൻ പ്രവർത്തിക്കും. അമ്മയുടെയും ദൈവത്തിന്റെയും അനുഗ്രഹമുണ്ടെങ്കിൽ നഷ്ടപ്പെട്ടുപോയതെല്ലാം ഞാൻ തിരിച്ചെടുക്കും."

മകന്റെ വാക്കുകൾ വത്സലമാതാവിന്റെ ഹൃദയത്തിൽ അമൃതധാരയൊഴുക്കിയെന്ന് വിശ്വസിക്കാം. മാതാവ് മകന്റെ കൈയ്യിൽ ഒരു കുരിശുരൂപം എടുത്തു കൊടുത്തു. അതിൽ പിടിച്ച സത്യം ചെയ്യാൻ അമ്മ ആവശ്യപ്പെട്ടു. മേലിൽ തച്ചിൽതറവാടിന്റെ അന്തസ്സിന് ചേർന്നവിധം നല്ലവനായി ജീവിച്ചുകൊള്ളാമെന്ന് അദ്ദേഹം സത്യം ചെയ്തു.

തന്റെ ഭാര്യയെപ്പററി മാത്തു തിരക്കി. അവളുടെ അപ്പൻ വന്ന് അവളെ കൊണ്ടുപോയി. അവളെങ്കിലും പട്ടിണികൂടാതെ കഴിയട്ടെ എന്നു കരുതി ഞാൻ പിതാവിന്റെ കൂടെ പറഞ്ഞയച്ചു. യഥാർത്ഥത്തിൽ ഭാര്യയുടെ കാര്യത്തിലും കുററക്കാരൻ താനാണല്ലോയെന്ന ബോധം മാത്യവിന്റെ മനസ്സിനെ ക്ലേശിപ്പിച്ചു.

ആ രാത്രി മാത്യൂവിനെ സംബന്ധിച്ചിടത്തോളം ഒരു കാളരാത്രിയായിരുന്നു. ഉറങ്ങാൻ ഒട്ടും സാധിച്ചില്ല. ഭാവിയെപ്പററി ഓർത്ത് ഓർത്ത് ദുഃഖിതനായി കിടന്നു. ഇനി എങ്ങനെ മുന്നോട്ടുപോകും എന്ന് മാത്യു ചിന്തിച്ചു. താൻ കുടുംബസ്വത്തുക്കൾ മുഴുവൻ നശിപ്പിച്ചു. ജീവിക്കാൻ ഒരു മാർഗ്ഗവും കാണുന്നില്ല. അമ്മയുടെ മുൻപിൽ നടത്തിയ പ്രതിജ്ഞ നിറവേററുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി അദ്ദേഹം രാത്രി മുഴുവൻ ആലോചിച്ചു. ആലോചിച്ചിട്ട് ഒരു എത്തുപിടിയും കിട്ടിയില്ല. ഉപജീവനത്തിന് എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണം. എന്തെങ്കിലും തൊഴിൽ ചെയ്യണം. പക്ഷെ യാതൊരു തൊഴിലും പരിശീലിച്ചിട്ടില്ല.

കൃഷി ചെയ്തു ജീവിക്കാൻ നിവൃത്തിയില്ല. പിതൃസ്വത്തായി ലഭിച്ച സ്വത്ത് മുഴുവൻ വിററു നശിപ്പിച്ചു. എന്തെങ്കിലും ബിസിനസ്സ് ചെയ്യണമെന്നു വിചാരിച്ചാൽ ഒരു മൂലധനവുമില്ല. തന്റെ സഹായം

malankaralibrary.com

കൊണ്ട് സമ്പന്നരായവർ ഉണ്ട്. അവരെ സമീപിച്ചാലോയെന്നദ്ദേഹം ചിന്തിച്ചു. അതിനും അദ്ദേഹത്തിന്റെ മനസ്സ് അനുവദിച്ചില്ല. സമ്പന്ന കാലത്തെ സുഹൃത്തുക്കൾ ആപത്തുകാലത്ത് ശത്രുക്കളായി മാറുകയാണ് പതിവ്. വീട്ടുപകരണങ്ങളും ഭാര്യയുടെ ആഭരണങ്ങളിൽ നല്ല പങ്കും നശിപ്പിച്ചു. ഭാര്യയെ തന്റെ അനുവാദം പോലും കൂടാതെ ഭാര്യാപിതാവ് അവരുടെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഇനി അവിടെച്ചെന്നും ഒരു സഹായം അഭ്യർത്ഥിച്ചാൽ അവഹേളനമായിരിക്കും ഫലമെന്നും ആപത്തുകാലത്ത് ആരുടെയും സഹായം ലഭിക്കുകയില്ലന്നും മാത്യുവിനു തോന്നി. ആ രാത്രി അങ്ങനെ കടന്നുപോയി.

പിറേറന്ന് നേരം വെളുത്തു. തച്ചിൽ കുടുംബം വക സ്വത്തുക്കളുടെ മേലന്വേഷണം നടത്തിയിരുന്ന കാര്യസ്ഥനെകണ്ട് തന്റെ ഇപ്പോഴത്തെ അവസ്ഥ പറയാമെന്നും അദ്ദേഹം എന്തെങ്കിലും ഒരു വഴി നിർദ്ദേശിച്ചുതരുവാൻ സാദ്ധ്യതയുണ്ടെന്നും മാത്യുവിനു തോന്നി. പക്ഷെ കഴിഞ്ഞ കാലങ്ങളിൽ തച്ചിൽ കുടുംബത്തിന് വലിയ സഹായം ചെയ്തിട്ടുള്ള കാര്യസ്ഥനോട് മാത്യു വേണ്ടത്ര മര്യാദ കാണിച്ചിട്ടില്ല. മാത്യുവിന്റെ ദുർനടപ്പിൽ ദുഃഖിതനായ കാര്യസ്ഥൻ, നൽകിയ ഉപദേശങ്ങൾ എല്ലാം തിരസ്കരിച്ച മാത്യുവിനോട് അദ്ദേഹവും എങ്ങനെപെരുമാറുമെന്ന് സംശയിച്ചു. ഏതായാലും കാര്യസ്ഥന്റെ അടുത്തേയ്ക്ക് മാത്യു പുറപ്പെട്ടു. തച്ചിൽ കുടുംബത്തിന്റെയും മാത്യുവിന്റെയും ദയനീയാവസ്ഥ അറിഞ്ഞിരുന്ന കാര്യസ്ഥൻ, മാത്യു തന്നെ കാണാൻ വരുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. പ്രതാപവാനായിരുന്ന തച്ചിൽ തരിയതിന്റെ തറവാട് തകർന്നുകൊണ്ടിരിക്കുന്ന വാർത്ത കാര്യസ്ഥനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. തന്മൂലം തച്ചിൽ തറവാട്ടിലേക്ക് അദ്ദേഹം പോകുകയുമില്ലായിരുന്നു.

കാര്യസ്ഥൻ തന്റെ പുത്രന്മാരോടുകൂടി പാടത്ത് പണിയെടുത്തുകൊണ്ടിരുന്നപ്പോഴാണ് മാത്യു അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് കീറിനാറിയ ഒററ മുണ്ടും ഉടുത്ത് വരുന്നത്. മാത്യുവിന്റെ ആഗമന വാർത്തയറിഞ്ഞ കാര്യസ്ഥൻ തന്റെ സ്വാമിയെ കാണുവാനായി ഓടിയെത്തി. മാത്യുവിനെ കണ്ടപ്പോൾ – ആ ദയനീയാവസ്ഥയറിഞ്ഞ് കാര്യസ്ഥൻ പൊട്ടിക്കരഞ്ഞു. തന്റെ ദയനീയാവസ്ഥയിൽ സഹതാപം കൊള്ളുന്ന കാര്യസ്ഥനെ ആലിംഗനം ചെയ്തു. മാത്തു തന്റെതെററുകൾക്ക് മാപ്പപേക്ഷിച്ചു. നിങ്ങൾ പറഞ്ഞതനുസരിച്ച് ഞാൻ ജീവിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ ദയനീയസ്ഥിതിയിൽ

malankaralibrary.com

എത്തിച്ചേരികയില്ലായിരുന്നുവെന്ന് മാത്യു സുഹൃത്തിനോടു പറഞ്ഞു.

തലേദിവസം രാത്രി തന്റെ മാതാവിന്റെയടുക്കൽ നടത്തിയ പ്രതിജ്ഞയും ഒരു പുതിയ ജീവിതം നയിക്കാൻ താൻ തീരുമാനിച്ചിരിക്കുകയാണെന്ന കാര്യവും മാത്യു പറഞ്ഞു. മാത്യുവിന്റെ മാനസാന്തരത്തിനായി ഉള്ളുരുകി പ്രാർത്ഥിച്ചുകൊണ്ടിരുന്ന കാര്യസ്ഥന് ഈ വാർത്ത എന്തെന്നില്ലാത്ത സന്തോഷം നൽകി. മാത്യുവിന്റെ പ്രതിജ്ഞ യാഥാർത്ഥ്യമായി തീരട്ടെയെന്നദ്ദേഹം സർവ്വശക്തനോടു പ്രാർത്ഥിച്ചു.

അനുദിനജീവിതത്തിനുപോലും വകയില്ലാതായ വിവരം മാത്യു സുഹൃത്തിനോട് തുറന്നു പറഞ്ഞു. എന്തെങ്കിലും തൊഴിൽ ചെയ്യാൻ വശമില്ല. ഏതെങ്കിലും ബിസിനസ്സിൽ ഏർപ്പെടണമെങ്കിൽ അതിന് മൂലധനമില്ല. ഇന്നത്തെ ഈ അവസ്ഥയിൽ തന്നെ സഹായിക്കാൻ ആരും ഉണ്ടാവുകയുമില്ല. ധൂർത്തനായ മാത്യുവിന്റെ മാനസാന്തരം യാഥാർത്ഥ്യമാണെന്ന് മററുള്ളവർക്ക് ബോദ്ധ്യപ്പെടണമെങ്കിൽ അനവധി നാളുകൾ കഴിയണം. കുറെ മൂലധനം സ്വരൂപിക്കുന്നതിനെപ്പററി ഇരുവരും ആലോചിച്ചു. യാതൊരു വഴിയും കണ്ടെത്തിയില്ല. തനിക്ക് രണ്ടേർ കാളയുണ്ടെന്നും അതിനെ വിററുകിട്ടുന്ന പണം എടുക്കാമെന്നും കാര്യസ്ഥൻ പറഞ്ഞു. പക്ഷെ അതിന് മാത്യു തയ്യാറായില്ല. തന്റെ വിശ്വസ്തമിത്രത്തിന്റെ കുടുംബത്തെയും നിത്യപട്ടിണിയിലേക്ക് തള്ളിവിടുന്നതിനു മാത്രമേ അത് ഇടവരുത്തുകയുള്ളുവെന്ന് മാത്യുവിന് ബോദ്ധ്യം വന്നു. കാര്യസ്ഥന്റെ നിർദ്ദേശത്തോട് മാത്യു യോജിച്ചില്ല. ദീർഘനേരം മാത്യുവും സുഹൃത്തും കൂടി പലവഴികളെപ്പററിയും ആലോചിച്ചു. അവസാനം മാത്യു ഒരു നിർദ്ദേശം സമർപ്പിച്ചു. ഭാര്യയുടെ ആഭരണങ്ങൾ കുറെ നശിപ്പിച്ചു. ഇനി കുറെ ആഭരണങ്ങൾ ഉണ്ട്. അതു കിട്ടിയാൽ പണയം വച്ച് കുറെ രൂപ സംഘടിപ്പിക്കാം. കാര്യസ്ഥൻ ഭാര്യവീട്ടിൽ ചെന്ന് വിവരങ്ങൾ എല്ലാം ഭാര്യയോട് പറഞ്ഞ് വീട്ടുകാരറിയാതെ ആഭരണങ്ങൾ വാങ്ങിക്കൊണ്ട് വരണം. മാത്യുവിന്റെ ആശയം കാര്യസ്ഥന് സ്വീകാര്യമായി. പക്ഷെ അയാളുടെ ചിന്താഗതി മറെറാരു രൂപത്തിലായിരുന്നു.

മാത്തുവിനോട് ഭാര്യാപിതാവിന് അതൃപ്തിയുണ്ടെങ്കിലും ഒരു പുതിയ ജീവിതം നയിക്കുവാൻ തീരുമാനിച്ചുവെന്ന വിവരം അറിയുമ്പോൾ അദ്ദേഹം സന്തോഷിക്കുമെന്നും തൊഴിലിന് മുടക്കുവാൻ ഒരു നല്ല സംഖ്യ തരുമെന്നും അതുകൊണ്ട് ഭാര്യാഗൃഹത്തി

malankaralibrary.com

ലേക്ക് മാത്യു തന്നെ പോകണമെന്നും കാര്യസ്ഥൻ നിർദ്ദേശിച്ചു. പക്ഷെ അവിടെ ചെന്നാൽ തന്നെ ആക്ഷേപിച്ചയക്കുമെന്നായിരുന്നു മാത്യുവിന്റെ മറുപടി. ഏതായാലും കാര്യസ്ഥന്റെ നിർബന്ധത്തി നുവഴങ്ങി ഇരുവരുംകൂടി ഭാര്യാഗൃഹത്തിലേക്കു പോയി. സന്ധ്യ യോടുകൂടി ഇരുവരും ഭാര്യാഗൃഹത്തിലെത്തി. ഭാര്യാ പിതാവും മാതാവും മാത്യുവിനെയും കൂട്ടുകാരനെയും കണ്ടതായിപോലും ഭാവിച്ചില്ല. തികഞ്ഞ അവഗണനയാണുണ്ടായത്. തനിക്ക് ഭാര്യാഗൃ ഹത്തിൽ ചെല്ലുമ്പോൾ വേണ്ട പരിഗണന ലഭിക്കുകയില്ലെന്ന് മാത്യു വിചാരിച്ചിരുന്നു. പക്ഷെ താൻ പ്രതീക്ഷിച്ചതിലും കടുത്ത അവഗണ നയാണ് മാത്യുവിന് ലഭിച്ചത്. തന്റെ ഭാര്യയെപോലും കാണുവാൻ സാധിച്ചില്ല. തച്ചിൽ കുടുംബവുമായുള്ള എല്ലാ ബന്ധവും വിഛേദിച്ച മട്ടിലാണ് അവർ മാത്യുവിനോട് പെരുമാറിയത്. ഉടൻ തന്നെ അവിടെ നിന്നു സ്ഥലം വിടുകയാണ് ഉചിതമെന്ന് മാത്യു കൂട്ടുകാരനോടു പറഞ്ഞു. എങ്ങിനെയെങ്കിലും കാര്യം നേടി പോകണമെന്നായിരുന്നു കാര്യസ്ഥന്റെ നിലപാട്.

മാത്യു കിഴക്കുവശത്തുള്ള കളപ്പുരയിൽ പോയി ദുഃഖിതനായി ഇരുന്നു. ഈ സന്ദർഭത്തിൽ കാര്യസ്ഥൻ ഭാര്യാപിതാവിന്റെ അടു ക്കൽ എത്തി സംസാരിക്കുവാൻ തുടങ്ങി. മാത്യുവിന്റെ പഴയ ജീവിത രീതികളെല്ലാം ഉപേക്ഷിച്ച് ഒരു പുതിയ ജീവിതം നയിക്കുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും എന്തെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കാനാണ് മാത്യു ഉദ്ദേശിക്കുന്നതെന്നും വീട്ടിൽ അന്വേഷണ ത്തിന് ആരുമില്ലാത്തതിനാൽ ഭാര്യയെ കൂട്ടിക്കൊണ്ടുപോകുവാനാണ് മാത്യു വന്നതെന്നും കാര്യസ്ഥൻ പറഞ്ഞു. തന്റെ മകൾക്ക് ജീവി ക്കാൻ ഉള്ളതെല്ലാം ഇവിടെയുണ്ടെന്നും തച്ചിലേപ്പോലുള്ള സൗകര്യ ങ്ങൾ ഇല്ലെങ്കിലും അവൾ ഇവിടെതന്നെ കഴിഞ്ഞുകൂടുകയാണ് ഉചിതമെന്നും മാത്യുവിന്റെ കൂട്ടത്തിൽ അയക്കുന്ന പ്രശ്നമില്ലെന്നും പിതാവ് തറപ്പിച്ചു പറഞ്ഞു. ഭാര്യ ഭർത്തൃഗ്രഹത്തിലാണ് പാർക്കേണ്ട തെന്നും ഭാര്യയെ ബലമായി വേർപെടുത്തി താമസിപ്പിക്കുന്നത് ശരിയല്ലെന്നും ഇന്നല്ലങ്കിൽ നാളെ മാത്യുവിന് ഒരു ഉയർച്ച ഉണ്ടാവാൻ ഇടയായെന്ന് വരുമെന്നും എല്ലാം കാര്യസ്ഥൻ പറഞ്ഞു. പക്ഷെ ആ ന്യായവാദങ്ങളൊന്നും കാരണവർക്ക് സ്വീകാര്യമായില്ല.

പിതാവിൽ നിന്നും അനുകൂലമായ ഒരു പ്രതികരണവും ഉണ്ടാവുകയില്ലന്ന് കാര്യസ്ഥനും ബോദ്ധ്യം വന്നു. ഭാര്യപോലും തന്നെ ഒരു നോക്കുകാണുവാൻ വന്നില്ലല്ലോയെന്ന് ഓർത്ത് മാത്യു ദുഃഖിച്ചു. നേരം വെളുക്കുന്നതുവരെ കളപ്പുരയിൽ കഴിഞ്ഞുകൂ

malankaralibrary.com

ടാമെന്നും അതിനുശേഷം തിരികെ പോകാമെന്നും തീരുമാനിച്ചു. ക്ഷീണിതനായ കാര്യസ്ഥൻ കുറെ കഴിഞ്ഞപ്പോൾ ഉറങ്ങിപ്പോയി. എന്നാൽ മാത്യുവിന് ഉറക്കം വന്നില്ല. അർദ്ധരാത്ര കഴിഞ്ഞപ്പോൾ പുരയുടെ വാതിൽ തുറന്ന് ആരോ ഒരാൾ കളപ്പുരയിലേക്ക് വരുന്നത് മാത്യു കണ്ടു. കഴിഞ്ഞ കാലങ്ങളിൽ തന്റെ മർദ്ദനങ്ങളും അവഗണനകളും മാത്രം ഏറ്റുവാങ്ങിയ ഭാര്യയാണതെന്ന് മാത്യുവിന് മനസ്സിലായി. അവൾ ഒരു ഭാണ്ഡം മാത്യുവിന്റെ സന്നിധിയിൽ വച്ച് പറഞ്ഞു. കാര്യസ്ഥൻ അപ്പനോടു പറയുന്നതെല്ലാം ഞാൻ കേട്ടു. ഇതെന്റെ ആഭരണങ്ങളാണ്. ഇത് പണയം വച്ച് തൽക്കാല ആവശ്യങ്ങൾ നിറവേററുക. ഏതായാലും അപ്പൻ എന്നെ ഇപ്പോൾ കൂട്ടത്തിൽ അയക്കുകയില്ല. എന്നെങ്കിലും സാധിച്ചാൽ ഞാൻ വരാം. ആഭരണം തരുന്ന വിവരം ആരും അറിയരുത്. ഇനി ഇവിടെ താമസിക്കേണ്ട. അവർ ഉടൻ തന്നെ ഗൃഹത്തിലേക്കു പോയി. തന്റെ ഭാര്യയുടെ ആത്മാർത്ഥതയിലും സ്നേഹത്തിലും മാത്യു മതിമറന്ന് സന്തോഷിച്ചു.

നല്ല ഉറക്കത്തിലായിരുന്ന കാര്യസ്ഥനെ മാത്യു വിളച്ചുണർത്തി വിവരങ്ങൾ പറഞ്ഞു. കാര്യസ്ഥനുണ്ടായ ആനന്ദവും പറഞ്ഞറിയിക്കാൻ വാക്കുകളില്ല. തന്റെ അമ്മയുടെ മുൻപിൽ വച്ച് നടത്തിയ പ്രതിജ്ഞ നിറവേററാനുള്ള സാഹചര്യം സൃഷ്ടിച്ച ഭാര്യയുടെ സന്മനസിനെയോർത്ത് മാത്തു സന്തോഷിച്ചു. അതുപോലെ തന്നെ തന്റെ ഭാര്യക്ക് അനുയോജ്യനായ ഒരു ഭർത്താവായി തീരുവാൻ താൻ ശ്രമിക്കുന്നതാണെന്ന് ഒരു പ്രതിജ്ഞയും മാത്യു എടുത്തു.

ഭാര്യയുടെ ആഭരണങ്ങൾ പണയം വച്ച് ലഭിച്ച തുകയും കാര്യസ്ഥന്റെ സമ്പാദ്യമായുണ്ടായിരുന്ന 400 രാശിയും കൂടി ചേർത്ത് എന്തെങ്കിലും ഒരു ബിസിനസ്സ് തുടങ്ങുവാൻ തീരുമാനിച്ചു. ജീവിത കാലം മുഴുവൻ ധൂർത്തനായി നടന്ന മാത്യുവിന് ഒരു ബിസിനസ്സും നടത്തി പരിചയമില്ലായിരുന്നു. എന്നാൽ തന്റെ പിതാവ് ബിസിനസ്സിൽ അതിസമർത്ഥനായിരുന്നു. തന്റെ പിതാവിന്റെ വ്യാപാരസംരംഭങ്ങളിൽ ആലപ്പുഴയിലെ രങ്കശേണായിയും നാരായണശേണായിയും സഹകരിച്ചിരുന്നതായി മാത്യുവിന് അറിയാമായിരുന്നു. അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുന്നത് അഭികാമ്യമാണെന്ന് മാത്യുവിന് തോന്നി. കാര്യസ്ഥനും മാത്യുവും കൂടി ശേണായിമാരെ കാണുവാനായി അമ്മയുടെ അനുഗ്രഹവും വാങ്ങി പുറപ്പെട്ടു. ☆

malankaralibrary.com

## 4

# അച്ചൻകോവിൽ മലയിലേക്ക്

മാത്യുവിന്റെ പിതാവ് തരിയതിന്റെ കൂടെ വ്യാപാരസംബന്ധമായ കാര്യങ്ങൾക്കായി പലപ്രാവശ്യം കാര്യസ്ഥൻ ആലപ്പുഴക്ക് പോവുകയും ശേണായിമാരുമായി പരിചയപ്പെടുകയും ചെയ്തിരുന്നു. മാത്യുവിന് ശേണായിമാരുമായി പരിചയമില്ലായിരുന്നു. തര്യതിന്റെ മകൻ എല്ലാ സ്വത്തുക്കളും നശിപ്പിച്ച് ധൂർത്തനായി നാട്ടിനും വീട്ടിനും കൊള്ളരുതാത്തവനായി നടക്കുകയാണെന്നുള്ള വിവരം ശേണായിമാരും കേട്ടിരുന്നു. തങ്ങളുടെ വ്യാപാരാഭിവൃദ്ധിക്ക് കാരണക്കാരനായ തരിയതിന്റെ കുടുംബത്തിന് ഉണ്ടായ ഈ അധഃപതനത്തിൽ ശേണായിമാർ ദുഃഖിതരായിരുന്നു.

മാത്യുവും കാര്യസ്ഥനും കൂടി ശേണായിമാരുടെ ഭവനത്തിലെത്തി. കാര്യസ്ഥനെ ശേണായിമാർ തിരിച്ചറിഞ്ഞു. തച്ചിൽ കുടുംബത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ശേണായിമാർ അന്വേഷിച്ചു. തര്യതിന്റെ മകനാണ് തന്റെ കൂട്ടത്തിലുള്ളതെന്ന് കാര്യസ്ഥൻ പറയുകയും ശേണായിമാരെ പരിചയപ്പെടുത്തുകയും ചെയ്തു. തങ്ങളുടെ ആഗമനോദ്ദേശം കാര്യസ്ഥൻ ശേണായിമാരെ ധരിപ്പിച്ചു. ദുർനടപ്പിന്റെ ഫലമായി ദുരിതങ്ങൾ അനുഭവിച്ച മാത്യു ഒരു നല്ല ജീവിതത്തിന് തുടക്കമിട്ടിരിക്കുകയാണെന്നും എന്തെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കാനാണുദ്ദേശിക്കുന്നതെന്നും ഒരു കച്ചവടം ചെയ്യുന്നതിന് വേണ്ട ഉപദേശങ്ങളും സഹായങ്ങളും തേടുവാനാണ് ഇങ്ങോട്ട വന്നിരിക്കുന്നതെന്നും കാര്യസ്ഥൻ ശേണായിമാരെ ധരിപ്പിച്ചു.

രങ്കശേണായിയും നാരായണ ശേണായിയും അത്യധികമായ സ്നേഹവാത്സല്യത്തോടെ അവരെ സ്വീകരിച്ചു. തങ്ങളുടെ വ്യാപാരാഭിവൃദ്ധിക്ക് – തങ്ങളുടെ വലം കൈയ്യായി നിന്ന് പ്രവർത്തിച്ചത് തര്യതായിരുന്നുവെന്നും അദ്ദേഹത്തിന്റെ കുടുംബത്തിനു നേരിട്ട കഷ്ടതകൾ തങ്ങളെ അത്യധികം വേദനിപ്പിച്ചിരുന്നുവെന്നും തച്ചിൽ തരിയതിന്റെ മകന് എന്തു സഹായവും ചെയ്യാൻ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും മാത്യുവിന്റെ മാനസാന്തരവാർത്ത സന്തോഷകരമാണെന്നും ശേണായി പറഞ്ഞു. കച്ചവടം അത്ര എളുപ്പമല്ലന്നും ആലങ്ങാടും ആലപ്പുഴയുമായുള്ള കച്ചവടം വളരെയധികം

malankaralibrary.com

പ്രതിസന്ധികളെ നേരിട്ടേ വിജയപ്രദമാക്കുവാൻ സാധിക്കുകയു ള്ളുവെന്നും അവർ മുന്നറിയിപ്പു നൽകി. ഏതായാലും ഇരുവരോടും കുറച്ചുദിവസം ആലപ്പുഴ താമസിക്കുവാൻ അവർ പറയുകയുണ്ടായി. കൈവശമുണ്ടായിരുന്ന പണം ശേണായിയെ ഏല്പിച്ചതിന് ശേഷം അവരുടെ കടയിലിരുന്നു കച്ചവട സമ്പ്രദായങ്ങൾ മനസ്സിലാക്കാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം ശേണായിമാർക്ക് ഈസ്റ്റ് ഇൻഡ്യാകമ്പനിക്കാരുടെ ഒരു സന്ദേശം ലഭിച്ചു. മുൻകരാറനു സരിച്ചുള്ള തേക്കുതടി ആലപ്പുഴ ഉടൻതന്നെ എത്തിക്കണമെന്നും കാലവർഷം കഴിഞ്ഞാലുടനെ ആലപ്പുഴ കപ്പൽ എത്തുമെന്നു മായിരുന്നു സന്ദേശം.

ഇസ്റ്റ് ഇന്ത്യാകമ്പനിക്കാരുടെ ആവശ്യത്തിലേക്ക് തേക്കു തടികൾ ശേണായിമാർ നൽകിക്കൊണ്ടിരുന്നു. അതിനുള്ള തേക്കു കുററികൾ അച്ചൻകോവിൽ വനത്തിൽ നിന്നും വെട്ടിയിറക്കി ആലപ്പുഴ എത്തിച്ചാൽ മതി. കമ്പനിക്കാർ അതിനുള്ള വില നൽകി കപ്പലിൽ കയററി കൊണ്ടുപൊയ്ക്കൊള്ളും. ഇപ്രാവശ്യത്തെ ഓർഡർ അനുസരിച്ച് എന്നത്തേക്ക് തടി ആലപ്പുഴഎത്തിക്കണമെന്ന് നിർദ്ദേ ശിച്ചിരുന്നില്ല. സാവകാശം ലഭിക്കുമെന്നായിരുന്നു ശേണായി വിചാരി ച്ചത്. ഏററം ദുർഘടമായ ജോലിയാണ് അച്ചൻകോവിൽ വനത്തിൽ നിന്നും തടി വെട്ടിയിറക്കുകയെന്നുള്ളത്. അതിഭയങ്കരവും അന്ധകാ രപൂർണ്ണവുമായ വൻകാടുകളിൽ ഹിംസ്രജന്തുക്കളുടെ ഇടയിലൂടെ നടന്ന് തടികൾ വെട്ടിയിറക്കിക്കൊണ്ടു പോരുക ഒരു സാഹസികമായ പ്രവർത്തിയായിരുന്നു. ആ തടിവെട്ടിയിറക്കാൻ പരിചയക്കാർ വേണം. അച്ചൻകോവിൽ മലകളെപ്പററി ഏതാണ്ടൊരു ജ്ഞാനവുമുണ്ടായി രിക്കണം. എന്താണ് ഒരുവഴി എന്ന് ശേണായി ചിന്തിച്ചു. അനേകം തൊഴിലാളികളെ കൊണ്ടുപോയി ജോലി ചെയ്യിക്കാൻ പ്രാപ്തിയുള്ള ഒരാളെ കണ്ടുപിടിക്കുവാനുള്ള ശ്രമത്തിലായിരുന്നു അദ്ദേഹം.

ഒരു ദിവസം മാത്യുവിനെയും കൂട്ടുകാരനെയും സമീപിച്ച് കച്ചവടം തന്നെ തുടങ്ങണമെന്ന് നിർബന്ധമുണ്ടോ, അതോ മററെ ന്തെങ്കിലും ജോലി ആയാലും മതിയോ എന്നു ചോദിച്ചു. രങ്കശേണാ യിയുടെ കീഴിൽ ഏതു ജോലിയും ചെയ്യാൻ സന്നദ്ധനാണെന്നും ഏതു ജോലി ഏല്പിച്ചാലും ഉത്തരവാദിത്വത്തോടും കൃത്യ നിഷ്ഠയോടുംകൂടി നിർവ്വഹിക്കുന്നതാണെന്നും മാത്യു മറുപടി പറഞ്ഞു. അച്ചൻകോവിൽ മലകളിൽ പോയി സർക്കാരിൽ നിന്നും തങ്ങൾക്ക് അനുവദിച്ചിട്ടുള്ള തേക്കുതടികൾ വെട്ടി ഇറക്കി കൊണ്ടുവരാമോ എന്ന് ശേണായി ചോദിച്ചു. ദുർഘടമായ ഒരു ജോലി

malankaralibrary.com

യാണിതെന്നും വൻകാടുകളിൽകൂടി കാട്ടുമൃഗങ്ങളോടും മററും ഏററുമുട്ടി വേണം സ്ഥലത്തെത്താനെന്നും മലകളിലേക്ക് റോഡുകളൊന്നുമില്ലെന്നും ശേണായി അവരെ അറിയിച്ചു.

എത്ര ക്ലേശകരമാണെങ്കിലും ആ ജോലി സ്തുത്യർഹമാംവിധം നിർവ്വഹിക്കാമെന്ന് മാത്യു ഉറപ്പുനൽകി. ആലപ്പുഴക്ക് തെക്കോട്ടു പോലും യാത്രചെയ്തിട്ടില്ലാത്ത മാത്യു, അച്ചൻകോവിൽ മലകളെപ്പററി യാതൊരു ഗ്രാഹ്യവുമില്ലാത്ത മാത്യു, ഈശ്വരനിൽ പൂർണ്ണമായ വിശ്വാസം അർപ്പിച്ചുകൊണ്ട് ആ ജോലി ഏറെറടുക്കുകയും അമ്മയുടെ അനുഗ്രഹം വാങ്ങുന്നതിനായി കുത്യതോട്ടിലേക്ക് പുറപ്പെടുകയും ചെയ്തു. കുത്യതോട്ടിലെത്തി അമ്മയോട് വിവരങ്ങൾ പറഞ്ഞു. സാഹസികനായ തന്റെ പുത്രനെ അനുഗ്രഹിച്ച് ആ വത്സലമാതാവ് പറഞ്ഞയച്ചു. മാത്യുവും കാര്യസ്ഥനും ആലപ്പുഴയെത്തി അച്ചൻകോവിലിലേക്ക് തിരിച്ചു. ആവശ്യമായ പണവും ജീവരക്ഷക്കായി രണ്ട് തോക്കും ശേണായി അവർക്കു നൽകി. മാവേലിക്കരയിലെത്തി പരിചയസമ്പന്നരായ ഏതാനും വേലക്കാരെയുംകൂട്ടി അച്ചൻകോവിൽ മലയിലെത്തി തടിവെട്ടു തുടങ്ങി. സർക്കാരിൽ നിന്നും ശേണായിക്ക് അനുവദിച്ചിരുന്ന 3000 കുററി തേക്കുതടികളും മുന്നുനാലുമാസങ്ങൾകൊണ്ട് വെട്ടിയിടുകയും ശിഖരങ്ങൾ മുറിച്ച് വള്ളിയിട്ട് വലിക്കുന്നതിനായി തുളകൾ ഇടുകയും അങ്ങനെ ആനപ്പണിക്ക് സജ്ജമാക്കുകയും ചെയ്തു. ഓരോ തടിയിലും "ര.ശേ.ത.മാ" (രങ്കശേണായിക്കുവേണ്ടി തച്ചിൽമാത്തു) എന്ന അക്ഷരങ്ങൾ കൊത്തിയിരുന്നു. കൈവശമുണ്ടായിരുന്ന പണം മുഴുവൻ തീർന്നു. ആനപ്പണിക്കുവേണ്ട ആളുകളെയും വേലക്കാരെയും കൊണ്ടുവരണം. ഇക്കാര്യങ്ങൾക്കായി അവർ ആലപ്പുഴയെത്തി. അത്ര ചുരുങ്ങിയ ദിവസംകൊണ്ട് ഇത്ര ക്ലേശകരമായ ജോലി വിജയപ്രദമായി നിർവ്വഹിച്ച യുവാവിന്റെയും കൂട്ടുകാരന്റെയും ഉത്സാഹശീലത്തെ ശേണായി അഭിനന്ദിച്ചു. ഇനിയുള്ള ജോലിക്ക് ആവശ്യമായ പണവും ശേണായിയോടു വാങ്ങി കുത്യതോട്ടിലേക്ക് അമ്മയുടെ പക്കൽ പോയി. ഏതാനു ദിവസം വീട്ടിൽ താമസിച്ചതിനുശേഷം വീണ്ടും അച്ചൻകോവിൽ മലയിലേക്കു പോയി 35 ആനകളെയും വേലക്കാരെയും കൊണ്ടുപോയിരുന്നു. വനത്തിൽ വെട്ടിയിട്ടിരുന്ന 3000 കുററിതടികൾ ആനയെക്കൊണ്ട് പിടിപ്പിച്ച് ആററുതീരത്ത് ഇട്ടു. ആററിൽ വെള്ളം പൊങ്ങിയാൽ മാത്രമേ തടികൾ ആററിൽ കൂടി ഒഴുക്കി ആലപ്പുഴ എത്തിക്കുവാൻ സാധിക്കുകയുള്ളു.

വനത്തിൽ നിന്നും തടിവെട്ടി ആററുതീരത്ത് ഇടുന്നതിന്

malankaralibrary.com

ചിലവായിടത്തോളം പണം ഉണ്ടെങ്കിലേ അവിടെ നിന്നും തടികൾ ആലപ്പുഴ എത്തുകയുള്ളൂ. ആററിൽ വെള്ളം ഉയരണം പത്തു പതിനഞ്ച് തടികൾ കൂട്ടികെട്ടി ചങ്ങാടമായികെട്ടി തുഴഞ്ഞ് ആലപ്പുഴ എത്തിക്കണം. നദിയിൽ വെള്ളം പെരുകുന്ന സമയം നോക്കി 300-ൽ പരം ആളുകളുമായി ആററുകടവിൽ വന്നു കാത്തിരുന്നാൽ മാത്രമേ ദൗത്യം വിജയിക്കുകയുള്ളൂ. അത്രയും പരിചയസമ്പന്നന്മാരായ ജോലിക്കാരെ ഒന്നിച്ചുകിട്ടുകയെന്നതും പ്രയാസമായിരുന്നു. അവർക്കാവശ്യമുള്ള ഭക്ഷണസാധനങ്ങളും മലമുകളിൽ എത്തിക്കുക – അതിനേക്കാൾ പ്രയാസമായിരുന്നു. എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാനുള്ള കരുത്ത് മാത്യുവും കൂട്ടുകാരനും ആർജ്ജിച്ചിരുന്നു.

മേടമാസമായതേയുള്ളൂ. കാലവർഷം ആരംഭിക്കണമെങ്കിൽ ഇനിയും ചുരുങ്ങിയത് ഒരു മാസംകൂടി കഴിയണം. അതിനാൽ ആലപ്പുഴവരെ പോകാമെന്ന് അവർ തീരുമാനിച്ചു. ആലപ്പുഴചെന്ന് തടി പണികളിൽ സമർത്ഥരായ ജോലിക്കാരെ കണ്ടുപിടിക്കാൻ ഏജന്റുമാരെ നിയമിച്ചു. ഇനിയും ഒരു മാസം കഴിഞ്ഞേ അച്ചൻ കോവിൽ മലയിലേക്ക് പോകുവാൻ സാധിക്കുകയുള്ളൂ. സമയം ധാരാളമുള്ളതിനാൽ കുത്യതോട്ടിൽ പോയി അമ്മയേകണ്ടിട്ട് വരാമെന്ന് വിചാരിച്ചു. സന്ധ്യയോടുകൂടി കുത്യതോട്ടിലേക്ക് വള്ളത്തിൽ യാത്ര തിരിച്ചു. വള്ളം വേമ്പനാട്ടുകായലിൽ പ്രവേശിച്ചപ്പോൾ ഭയങ്കരമായ കൊടുങ്കാററ്,തുടർന്ന് മഴ. മഴയും കാററും ശക്തമായതിനാൽ കായലിലൂടെ വള്ളത്തിൽ പോകുന്നത് അപകടകരമാണെന്ന് വള്ളക്കാരൻ അഭിപ്രായപ്പെട്ടു. വള്ളം കരയ്ക്കടുപ്പിച്ച് കെട്ടിയിടുവാൻ തീരുമാനിച്ചു. രാത്രി മുഴുവൻ ഭയങ്കരമഴ. കൊടുങ്കാററ് വഞ്ചിയെതന്നെ തകർക്കുമെന്നവർ ഭയപ്പെട്ടു. രാത്രി മുഴുവൻ ഉറങ്ങാതെ അവർ കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ യാത്രക്കാർ വഞ്ചിയിലെ കിളിവാതിൽ പൊക്കി പുറത്തേക്കു നോക്കി.

ഈ സന്ദർഭത്തെപ്പററി ചരിത്രകാരനായ ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നും തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. ( പേജ് 103) "അവർക്ക് അവരുടെ കണ്ണുകളെത്തന്നെ വിശ്വസിക്കാൻ കഴിഞ്ഞില്ല. കുലം കുത്തി ഒഴുകി വരുന്ന മലവെള്ളത്തിന്റെ ആധിക്യത്താൽ രക്താഭമായിത്തീർന്ന കായൽപ്പരപ്പാണ് അവരുടെ ദൃഷ്ടികൾക്ക് ആദ്യം ലക്ഷീഭവിച്ചത്. ആ സമയത്ത് ഇത് ആരും പ്രതീക്ഷിച്ചിരുന്നില്ല." അതുമാത്രമോ, "കലങ്ങിമറിഞ്ഞുരുണ്ടു തള്ളിപ്പരന്നു വരുന്ന" മലവെള്ളത്തിലൂടെ ഇതാ അനേകമനേകം ഉരുളൻ തേക്കുതടികൾ വന്നു ചാടുന്നു.

malankaralibrary.com

അവയിലെ ര.ശേ.ത.മ. കണ്ടപ്പോൾ മാത്തു തന്നത്താനറിയാതെ ആർത്തുവിളിച്ചുപോയി. നദീതീരത്ത് അടുക്കിയിരുന്ന 3000 കുററി തേക്കുതടികളും യാതൊരു ജോലിക്കാരന്റെയും സഹായമില്ലാതെ, ഒററക്കാശു ചിലവില്ലാതെ, ഇതാ ആലപ്പുഴയ്ക്കടുത്ത് എത്തിയിരിക്കുന്നു. കൂട്ടത്തിൽ തേക്കുതടികൾ അല്ലാതെ വേറെയും തടികൾ. വഞ്ചിയിലുണ്ടായിരുന്നവരും, സഹായത്തിന് അപ്പോൾ ക്ഷണിക്കപ്പെട്ടവരുമായ വേലക്കാർ വെള്ളത്തിൽ ചാടി, വരുന്ന തടികളെല്ലാം കൂട്ടിക്കെട്ടി കായലോരത്തേക്ക് തള്ളിനീക്കി. സന്ധ്യയാകുന്നിനു മുൻപു തന്നെ തടികളെല്ലാം, യാതൊരു ചിലവും കൂടാതെ ആലപ്പുഴയെത്തിയെന്നു കേട്ടപ്പോൾ രങ്കശേണായി അത്യന്തം സന്തോഷിക്കുകയും അദൃഷ്ടപൂർവ്വമായ ഈ ഭാഗ്യത്തിൽ ദൈവത്തിന് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

സ്വന്തം ആവശ്യത്തിന് കുറെ തടികൾ മാററിയിട്ടതിനുശേഷം, ബാക്കി തടികൾ കരാർ അനുസരിച്ച് ഒരു ഭീമമായ സംഖ്യയ്ക്ക് ശേണായി കമ്പനിക്കാർക്കു വിററു. അങ്ങനെ കിട്ടിയ തുകയിൽ തടിവെട്ടിയിറക്കുന്നതിന് അതേ വരെ ചിലവായതുകഴിച്ച് ബാക്കി സംഖ്യ മുഴുവൻ രങ്കശേണായി മാത്തുവിന് കൊടുത്തു. ആ യുവാവിന്റെ സ്ഥിരപരിശ്രമത്താലും അതിലുപരി ദൈവാധീനത്താലുമാണ് ഇത്ര ഭീമമായ ലാഭം കിട്ടിയതെന്നായിരുന്നു ശേണായിയുടെ വിശ്വാസം. തന്മൂലം ആ ലാഭം തനിക്കവകാശപ്പെട്ടതല്ലെന്ന് സത്യസന്ധനും മഹാമനസ്കനുമായ ആ വർത്തകപ്രമാണി കരുതി. മാത്തുവിനാകട്ടെ തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെയൊരു പരിണാമം അയാൾ ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. തന്റെ പ്രയത്നങ്ങൾക്ക് അങ്ങേയററം ഒരു ചെറിയ കൂലി എന്നതിൽ കവിഞ്ഞുള്ള യാതൊരു ചിന്തയും അയാളുടെ മനസ്സിൽ കടന്നുകൂടിയിരുന്നില്ല. അതിനാൽ ശേണായിയുടെ പ്രവർത്തിയെ അത്ഭുതസ്തംബ്ധനായി അയാൾ വീക്ഷിക്കുക മാത്രം ചെയ്തു.

മാത്യുവിന്റെ സംഭ്രമം മനസ്സിലാക്കി ശേണായി പറഞ്ഞു. "സംശയിക്കേണ്ട. ഇത് സ്വീകരിച്ചോളു. കഴിഞ്ഞ ജീവിതത്തിൽ നിനക്കുണ്ടായ പശ്ചാത്താപത്തിന് ഈശ്വരൻ നൽകിയിരിക്കുന്ന അനുഗ്രഹമാണിത്. അതിനാൽ ഇത് നിനക്ക് അവകാശപ്പെട്ടതത്രേ. യോഗ്യവും മാന്യവുമായ ഏതെങ്കിലും ഒരു ജീവിതവൃത്തി ആരംഭിക്കുന്നതിന് ഈ തുക മതിയാകും. അനുഗ്രഹിച്ച ഈശ്വരന് ശിക്ഷിക്കാനും കഴിയും എന്ന ഓർത്തിരുന്നാൽ, ഇനി പഴയ ദുർമാർഗ്ഗത്തിലേക്ക് പിന്തിരിയുവാൻ ഇടയാവില്ല. അന്യാധീ

malankaralibrary.com

നപ്പെട്ടുപോയ കുടുംബസ്വത്തുക്കൾ തിരിച്ചെടുക്കുന്നതിനും തറവാടിന്റെ സൽപേര് നിലനിർത്തികൊണ്ടുപോകുന്നതിനും ഈ തുക മതി. യോഗ്യനും വിശ്വസ്തനുമാണെന്ന് തെളിയുന്ന പക്ഷം മേലിലും എന്തെങ്കിലും സഹായങ്ങൾ ചെയ്തു തരുവാൻ ഞങ്ങൾക്കു സന്തോഷമേയുള്ളു." മാത്തുവിനോടുള്ള പ്രീതിയുടെ മറ്റൊരു ലക്ഷ്യമെന്നോണം തച്ചിലെ പുരപൊളിച്ചു പണിയുന്നതിന് ഏതാനും കുറ്റിത്തടികളും ശേണായിമാർ യുവാവിന് വിട്ടു കൊടുത്തു.

ശേണായിയോട് എങ്ങിനെയാണ് നന്ദി പ്രകാശിപ്പിക്കേണ്ടതെന്നറിയാതെ മാത്യു വിഷമിച്ചു. സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം തന്നിലേക്ക് ചൊരിയുന്നതിന് ശേണായിയെ ദൈവം ഒരു ഉപകരണമാക്കിത്തീർക്കുകയാണ് ചെയ്തതെന്ന് മാത്യു വിശ്വസിച്ചു. ശേണായിമാരെ ഭക്തിബഹുമാനപൂർവ്വം സ്തുതിച്ചുകൊണ്ട് ശേണായി നൽകിയ പണവുമായി കുതൃതോട്ടിൽ മാതൃസന്നിധിയിൽ മാത്യു എത്തി. മകന്റെ ദുർനടപ്പിൽ ദുഃഖിച്ച് അവന്റെ മാനസാന്തരത്തിനായി അഹോരാത്രം കണ്ണീരൊഴുക്കി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആ അമ്മയ്ക്ക് മകന്റെ വിജയശ്രീലാളിതമായ പ്രത്യാഗമനം ആനന്ദജനകമായിരുന്നു. തന്റെ ദുർനടപ്പിന്റെ ഫലമായി തറവാടു സ്വത്തുക്കൾ സംബന്ധിച്ചുണ്ടായിരുന്ന എല്ലാ കടബാദ്ധ്യതകളും തീർക്കുവാനാണ് മാത്യു ആദ്യം ശ്രമിച്ചത്. പണയം വച്ചിരുന്ന ഭാര്യയുടെ ആഭരണങ്ങൾ തിരിച്ചെടുത്ത് കൂടുതൽ ആഭരണങ്ങളോടു കൂടി കാര്യസ്ഥൻ വഴി രഹസ്യമായിത്തന്നെ ഭാര്യക്ക് എത്തിച്ചുകൊടുത്തു.

മാത്യുവിന്റെ കച്ചവടസംബന്ധമായ പ്രവർത്തനങ്ങൾ ഭാര്യാപിതാവ് അറിഞ്ഞുകൊണ്ടാണിരുന്നത്. അതിൽ സന്തുഷ്ടനായിരുന്ന അദ്ദേഹം കാര്യസ്ഥന്റെ വരവിനുശേഷം മകളെയുംകൊണ്ട് നിരവധി സമ്മാനങ്ങളുമായി തച്ചിൽ കുടുംബത്തിൽ എത്തി. കാര്യസ്ഥനുമൊന്നിച്ച് ഗൃഹത്തിൽ എത്തിയ മാത്യുവിനോട് ഭാര്യപിതാവും മാതാവും അന്ന് സ്വീകരിച്ച നിലപാട് മാത്യുവിന്റെ ഓർമ്മയിൽ വന്നു. എങ്കിലും ആ അർദ്ധരാത്രിയിൽ തന്റെ ഭാവിജീവിതത്തിൽ വഴികാട്ടിയായിത്തീർന്ന നല്ല ഹൃദയത്തെ ഓർത്ത് മാത്യു അവരെ സൽക്കരിച്ചു. അങ്ങനെ ഭാര്യാപിതാവിനോടും മാതാവിനോടും സ്നേഹപൂർവ്വം പ്രതികാരം വീട്ടി.

ശേണായിനൽകിയ തടി ഉപയോഗിച്ച് തച്ചിലെ പഴയപുര പൊളിച്ച് തൽസ്ഥാനത്ത് ഒരു എട്ടുകെട്ടും പടിപ്പുരമാളികയും പണികഴിപ്പിച്ചു. അപ്പോഴും തന്റെ വിശ്വസ്തനായ കാര്യസ്ഥനെ മാത്യു

malankaralibrary.com

മറന്നില്ല. തന്റെ ദുഃഖങ്ങളിലും പ്രയാസങ്ങളിലും തന്നോടൊപ്പം നിന്ന കാര്യസ്ഥന്, തച്ചിലെ തറവാടിന് സമീപം ഒരു വലിയ പറമ്പു വിലയ്ക്കു വാങ്ങി അവിടെ ഒരു വലിയ നാലുകെട്ടും ചാവടിയും പണികഴിപ്പിച്ചുകൊടുത്തു. നിർഭാഗ്യത്തിലും സൗഭാഗ്യത്തിലും മാത്യുവിനോടൊപ്പം നിന്ന് പ്രവർത്തിച്ച കാര്യസ്ഥനുമായുള്ള ആ സ്നേഹബന്ധം മരണം വരെ നിലനിന്നു. തച്ചിൽ മാത്യു തരകനായി, കുബേരനായി, സ്വർണ്ണപ്പല്ലക്കേറി നടന്നപ്പോഴും അദ്ദേഹത്തിന്റെ ആത്മമിത്രവും വിശ്വാസപാത്രവും ഈ കാര്യസ്ഥൻ തന്നെയായിരുന്നു.

തരകന്റെ ഏററവും വിശ്വസ്തനായിരുന്നു കാര്യസ്ഥൻ. ഈസ്റ്റിൻഡ്യ കമ്പനിക്കാരുമായി നടത്തിയിരുന്ന തടിവ്യാപാരം കാര്യസ്ഥന്റെ പേരിലായിരുന്നു നടത്തിയിരുന്നത്. മാത്തുത്തരകന് ഈസ്റ്റിൻഡ്യാ കമ്പനിയിൽ നിന്നും ഈടാകുവാനുണ്ടായിരുന്ന സംഖ്യ നേരിട്ടാവശ്യപ്പെട്ടപ്പോൾ കൊടുത്തില്ലെന്നും കാര്യസ്ഥൻ വന്ന് ആവശ്യപ്പെടാതെ കൊടുക്കുകയില്ലെന്നും പറഞ്ഞതായി ഒരു കഥയുണ്ട്. വാസ്തവമെന്തുമാകട്ടെ തരകന്റെ ഏററം വിശ്വസ്തനായിരുന്നു അദ്ദേഹം. കാര്യസ്ഥന്റെ സാന്നിദ്ധ്യവും ഉപദേശവും തരകന് വളരെയധികം പ്രയോജകീഭവിച്ചിട്ടുണ്ട്.

കടബാദ്ധ്യതകൾ എല്ലാം തീർത്ത് കുടുംബത്തിന്റെ അടിസ്ഥാനം ഉറപ്പിച്ചു കഴിഞ്ഞപ്പോൾ വീണ്ടും വ്യാപാരത്തിലേക്ക് ശ്രദ്ധ തിരിഞ്ഞു. ശേണായിക്കുവേണ്ടി അച്ചൻകോവിൽ മലയിൽ നിന്നും തടിവെട്ടി ഇറക്കിക്കൊണ്ടുവന്നതിൽ നിന്നും ലഭിച്ച പ്രായോഗിക ജ്ഞാനം തടികച്ചവടത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധയെ തിരിച്ചുവിടുകയുണ്ടായി. പമ്പാതീരത്തും പെരിയാർ തീരത്തുമുള്ള വൻമലകളിലെ തടി വെട്ടിയിറക്കി കച്ചവടം നടത്തുന്നതിനുള്ള അനുവാദം മാത്യു സർക്കാരിൽ നിന്നും വാങ്ങി. വന്യമൃഗങ്ങളുടെ വിഹാരരംഗമായിരുന്ന ഘോരവനങ്ങളിൽ കയറിച്ചെന്ന് തടികൾ വെട്ടിയിറക്കി കച്ചവടം നടത്തുവാൻ ആരും തയ്യാറാകാതിരുന്ന കാലത്ത് അതിന് ധൈര്യസമേതം ഇറങ്ങിപുറപ്പെട്ട മാത്യുവിന്റെ കാൽവയ്പ് ധീരമായിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരുന്ന വനത്തിൽ നിന്നുള്ള ധനാഗമമാർഗ്ഗം സർക്കാരിന് ലഭ്യമാക്കിയത് മാത്യുവിന്റെ സാഹസികതയാണെന്നു പറയാം.

malankaralibrary.com

## 5

# ആധുനികതിരുവിതാംകൂറിന്റെ ശില്പി

ചേരസാമ്രാജ്യത്തിന്റെ അധഃപതനത്തോടുകൂടി രാജ്യത്തിന്റെ ഭരണം അനേകം ചെറുരാജാക്കന്മാരുടെ കൈകളിൽ എത്തിച്ചേർന്നു. മദ്ധ്യകാലങ്ങളിലെ യൂറോപ്പിൽ ഉണ്ടായിരുന്ന പ്രഭു ഭരണമാണ് – ഒരുതരം ഫ്യൂഡലിസമാണ് ഇവിടെ നിലവിൽ വന്നത്. അന്നത്തെ സ്ഥിതിഗതികളുടെ ചരിത്രം മനസ്സിലാക്കണമെങ്കിൽ വേണാടിന്റെ ചരിത്രം പഠിച്ചാൽ മതിയാകും. കേരളത്തിന്റെ തെക്കേയററത്തെ ചെറിയ ഭൂവിഭാഗമായിരുന്നു വേണാട്. കന്യാകുമാരി മുതൽ ഇടവാ വരെയുള്ള ഈ രാജ്യത്തിന്റെ ഭരണാധികാരി രാജാവായിരുന്നുവെങ്കിലും അവിടെ ഭരണം നിർവ്വഹിച്ചിരുന്നത് ഏതാനും നായർ പ്രഭുക്കളായിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രം സംബന്ധിച്ചുള്ള സകല ഭരണാധികാരങ്ങളും ജന്മിമാരായ എട്ടുപോററിമാർക്കായിരുന്നു. പങ്കജാക്ഷൻ നായരുടെ തിരുവിതാംകൂർ ചരിത്രത്തിൽ (പേജ് 23,24) ഇപ്രകാരം എഴുതിയിരിക്കുന്നു. "ക്ഷേത്രം വക അനവധി സ്വത്തുക്കൾ ഇവരുടെ കൈവശത്തിലായി. ഈ എട്ടുപോററിമാരുടെയും കാര്യസ്ഥന്മാരായി അതിശക്തന്മാരായ എട്ടു പ്രഭുക്കന്മാരുണ്ടായിരുന്നു. ക്ഷേത്രവസ്തുക്കളുടെ ആദായം എടുത്തു വന്നിരുന്നതും ക്ഷേത്രത്തോടനുബന്ധിച്ചുള്ള ഗ്രാമങ്ങളിൽ നിന്ന് കരംപിരിച്ചിരുന്നതും കരനാഥന്മാരും സൈനികബലം ഉള്ളവരുമായ ഈ എട്ടുവീട്ടിൽ പിള്ളമാരത്രേ. ഇവർക്ക് ധനബലവും സൈനീകബലവും നാൾക്കുനാൾ വർദ്ധിച്ചുവന്നതോടെ മഹാരാജാവിന്റെ അധികാരങ്ങൾ കുറഞ്ഞുവന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ കീഴിൽ നിരവധി മാടമ്പിമാരും ഇടപ്രഭുക്കന്മാരും ഇവർക്ക് സഹായികളായി പ്രവർത്തിച്ചുകൊണ്ടിരുന്നു."

ദേവസ്വം നികുതി പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന എട്ടുവീട്ടിൽ പിള്ളമാരുടെ മേൽ രാജാവിന് യാതൊരു അധികാരവും ഇല്ലാത്ത നിലവന്നു. വേണാടിന് ഇക്കാലത്ത് പാണ്ഡ്യരാജാക്കന്മാരുമായി തുടരെ തുടരെ യുദ്ധത്തിലേർപ്പെടേണ്ടി വന്നു. ഈ സാഹചര്യം പിള്ളമാർക്ക് കൂടുതൽ അധികാരം കൈവശപ്പെടുത്തുന്ന

malankaralibrary.com

തിനുള്ള സുവർണ്ണാവസരമായിരുന്നു. ശങ്കുണ്ണി മേനോൻ രചിച്ച തിരുവിതാംകൂർ ചരിത്രഗ്രന്ഥത്തിന്റെ 97-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "187 വർഷം നീണ്ടു നിന്ന 17 രാജാക്കന്മാരുടെ ഭരണകാലത്ത് യോഗക്കാരുടെയും എട്ടുവീട്ടിൽ പിള്ളമാരുടെയും സിൽബന്തികളായ മാടമ്പിക്കാരുടെയും എതിർപ്പും ഉപദ്രവങ്ങളും തുടർന്നുകൊണ്ടേയിരുന്നു. (ആദിത്യ വർമ്മയുടെ കാലത്ത്) ഇവർ രാജപക്ഷക്കാരെ എതിർക്കുകയും രാജകുടുംബത്തിന് ഏററവും ഉപദ്രവം ഉണ്ടാകത്തക്കവണ്ണം എല്ലാത്തരം മർദ്ദനങ്ങളും അഴിച്ചു വിടുകയും ചെയ്തു. രാജാവ് അവരുടെ അക്രമ പ്രവർത്തികൾക്ക് ശാന്തനായി കീഴടങ്ങി."

തച്ചിൽമാത്തുതരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇങ്ങനെ എഴുതിയിരിക്കുന്നു. (പേജ് 27,28) "രാജസ്ഥാനം തന്നെ ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമത്തിൽ അവർ ഏർപ്പെട്ടു. ഒരു ദിവസം ആദിത്യവർമ്മ രാജാവിന്റെ കൊട്ടാരം അഗ്നിക്കിരയായി. അടുത്തുതന്നെ യോഗക്കാർ നൽകിയ നിവേദ്യം കഴിച്ച് മഹാരാജാവ് വിഷബാധയേററു നിര്യാതനായി. ആദിത്യവർമ്മയുടെ അനന്തിരവളായ ഉമയമ്മറാണിയുടെ അഞ്ചുകുമാരന്മാർ കളിപ്പാൻ കുളത്തിൽ വച്ച് വധിക്കപ്പെട്ടു. രാജകുടുംബത്തിൽ റാണിയും 9 വയസ്സു പ്രായമുള്ള അവരുടെ പുത്രനും മാത്രം ശേഷിച്ചു. പ്രാണരക്ഷാർത്ഥം അവർ നെടുമങ്ങാട്ടെ കൊട്ടാരത്തെ അഭയം പ്രാപിച്ചു. പിള്ളമാരെയും മാടമ്പിമാരെയും ഭയപ്പെട്ടു റാണി രാജ്യകാര്യങ്ങളിൽ തന്നെ ഇടപെട്ടില്ല. അങ്ങനെ ദുർഭരണവും അരാജകത്വവും രാജ്യത്തിൽ നഗ്നതാണ്ഡവമാടിക്കൊണ്ടിരുന്ന കാലത്ത് ഒരു മുഗൾസർദാർ വേണാടിനെ ആക്രമിച്ച് കീഴടക്കി."

ഈ ആക്രമണത്തെ നേരിടാനുള്ള ആത്മധൈര്യം യോഗക്കാർക്കും എട്ടുവീട്ടിൽ പിള്ളമാർക്കും മാടമ്പിമാർക്കും ഉണ്ടായില്ല. അവരെല്ലാം ക്ഷേത്രം അടച്ചുപൂട്ടി പ്രാണരക്ഷാർത്ഥം പാലായനം ചെയ്തു. മുഗൾ സർദാറിന്റെ ആക്രമണത്തെ നേരിടാൻ ഉമയമ്മ റാണി തന്റെ ബന്ധുവായ വടക്കൻ കോട്ടയത്ത് കേരളവർമ്മ രാജാവിന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം സൈന്യവുമായെത്തി മുഗൾ സർദ്ദാറിനെ തോൽപ്പിക്കുകയും റാണിയെ തിരുവനന്തപുരത്ത് കൊണ്ടുവന്ന താമസിപ്പിക്കുകയും രാജ്യത്ത് പല പരിഷ്കാരങ്ങളും

malankaralibrary.com

നടപ്പിലാക്കുകയും ചെയ്തു. പലായനം ചെയ്ത യോഗക്കാരും എട്ടു വീട്ടിൽ പിള്ളമാരും തിരുവനന്തപുരത്ത് തിരിച്ചെത്തി. രാജാധി കാരങ്ങൾ മുഴുവൻ കൈക്കലാക്കാൻ ശ്രമിച്ച കേരളവർമ്മരാജാവാണ്, റാണിയുടെ ശക്തിയെന്ന് അവർ മനസ്സിലാക്കി. ഒരു ദിവസം വലിയകോയിക്കൽ കൊട്ടാരത്തിൽ കേരളവർമ്മ മരിച്ചുകിടക്കുന്ന തായിട്ടാണ് കാണപ്പെട്ടത്. രാജസ്ഥാനത്തെത്തന്നെ നാമമാത്രമാക്കി ക്കൊണ്ട് സകല അധികാരവും തങ്ങളുടെ കൈയ്യിലൊതുക്കുന്നതിന് അവർ ശ്രമിച്ചു. വിജയം വരിക്കുകയും ചെയ്തു.

ഉമയമ്മറാണിയെതുടർന്ന് രവിവർമ്മ, ഉണ്ണികേരളവർമ്മ, രാമവർമ്മ എന്നീ രാജാക്കന്മാർ ഭരണം നടത്തി. അവരെല്ലാം ദുർബല രായ രാജാക്കന്മാർ ആയിരുന്നു. പിള്ളമാരും മാടമ്പിമാരും എന്തും ചെയ്യാമെന്ന നിലവന്നു. നാടുവാണിരുന്ന മഹാരാജാവിന്റെ അനുമതി യോടുകൂടി യുവരാജാവായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രാജ്യകാര്യങ്ങളിൽ വ്യാപൃതനായി. ധീരനായ മാർത്താണ്ഡ വർമ്മയെ പിള്ളമാരും യോഗക്കാരും ഭയപ്പെടുകയും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു. മാർത്താണ്ഡവർമ്മ കാടുക ളിലും മരക്കൂട്ടങ്ങളിലും ഒളിച്ചിരുന്ന് ജീവിതം തള്ളിനീക്കി നിശ്ചയി ദാർഢ്യത്തിന്റെ ഉടമയായ മാർത്താണ്ഡവർമ്മ ഈ ദ്രോഹികളെ നശിപ്പിക്കാതെ രാജ്യം നന്നാകുകയില്ലെന്നും നാട്ടിൽ സമാധാനമുണ്ടാ കുകയില്ലന്നും മനസ്സിലാക്കി പ്രവർത്തിച്ചു. അവരെ നശിപ്പിക്കാൻ ദൃഢപ്രതിജ്ഞയെടുത്തു. ഇതിനിടയിൽ വേണാട് രാജാവ് രാമവർമ്മ മധുരഗവൺമെന്റുമായുണ്ടാക്കിയ കരാറിന്റെയടിസ്ഥാനത്തിൽ 3000 പേരടങ്ങിയ ഒരു കർണ്ണാട്ടിക് പട്ടാളവിഭാഗത്തെ വേണാട്ടിൽ വരുത്തി പാർപ്പിച്ചു.

1729-ൽ മാർത്താണ്ഡവർമ്മ രാജ്യഭരണം ഏറ്റെടുത്തു. എട്ടുവീട്ടിൽ പിള്ളമാരും നാടുനീങ്ങിയ രാജാവിന്റെ പുത്രന്മാരും മാർത്താണ്ഡവർമ്മയെ രാജാവാക്കാതിരിക്കുന്നതിന് നടത്തിയ നീക്കങ്ങൾ അതോടെ പരാജയപ്പെട്ടു. മാർത്താണ്ഡവർമ്മ പല ഭരണപരിഷ്ക്കാരങ്ങളും ഏർപ്പെടുത്തി. രാമയ്യനെയും അറുമുഖം പിള്ളയെയും കുമാരസ്വാമിപ്പിള്ളയേയും യഥാക്രമം കൊട്ടാരം രായസം, ദളവാ, സേനാനായകൻ എന്നീ സ്ഥാനങ്ങളിലേക്ക് നിയമിച്ചു. ഈ നിയമനം യോഗക്കാരെയും പിള്ളമാരേയും ചൊടിപ്പിച്ചു.

malankaralibrary.com

ഭരണമണ്ഡലത്തിൽ നിന്നും അവർ പുറത്തായതായി അവർക്ക നുഭവപ്പെട്ടു. മഹാരാജാവിനെ വധിക്കാൻ പല ഗൂഢാലോചനകളും അവർ നടത്തിക്കൊണ്ടിരുന്നു. ചാരന്മാർ ഈ വിവരം യഥാവസരം മഹാരാജാവിനെ അറിയിച്ചതിനാൽ വേണ്ട മുൻകരുതലോടു കൂടിയായിരുന്നു ഓരോ എഴുന്നള്ളത്തും നടത്തിയത്.

മഹാരാജാവ് നാഗർകോവിൽ കൊട്ടാരത്തിൽ ഇരിക്കുമ്പോൾ നാടുനീങ്ങിയ മഹാരാജാവിന്റെ മക്കളായ പപ്പുതമ്പിയും അദ്ദേഹത്തിന്റെ അനുജനും അവിടെയെത്തി. മഹാരാജാവിനെ വധിക്കുവാൻ ശ്രമിച്ചു. ഇരുവരെയും കാലപുരിക്കയക്കുകയും സകലരാജ്യദ്രോഹികളെയും അറസ്റ്റ് ചെയ്യുവാൻ കല്പന പുറപ്പെടുവിക്കുകയും നേരം വെളുക്കുന്നതിന് മുൻപുതന്നെ സകലമാടമ്പിമാരേയും പിള്ളമാരേയും കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു.

ഇവരുടെ പേരിലുള്ള കേസ് മഹാരാജാവ് നേരിട്ട വിചാരണ ചെയ്യുകയും പലരും കുററം സമ്മതിക്കുകയും ചെയ്തു. പ്രമാണികളായ 42 പേരെ മരണശിക്ഷയ്ക്ക് വിധിച്ചു. അവരോട് യോജിച്ചു നിന്നവരെ നാടുകടത്തി. സമുദായ ഭൃഷ്ടരാക്കി. അനേകം നൂററാണ്ടുകളായി രാജസ്ഥാനത്തെ ധിക്കരിച്ചു വന്നവരെ തകർത്ത് രാജ്യത്ത് സമാധാനം സ്ഥാപിക്കുവാൻ സാധിച്ചു. തുടർന്ന് നായർ സമുദായത്തിന്റെ സഹകരണം ഒരിക്കലും മാർത്താണ്ഡവർമ്മയ്ക്ക് ലഭിച്ചിട്ടില്ല. പുറക്കാട്ടു യുദ്ധത്തിൽ തിരുവിതാംകൂർ നായന്മാർ ശത്രുപക്ഷത്തുചേർന്ന് പ്രവർത്തിച്ചതിനാൽ അവരെ അന്വേഷിച്ച് കണ്ടുപിടിച്ച് അവർക്ക് അർഹിക്കുന്ന ശിക്ഷ നൽകി.

എം.ഒ.ജോസഫ് നെടുംകുന്നം രചിച്ച തച്ചിൽ മാത്തുത്തരകൻ ജീവിതചരിത്രഗ്രന്ഥത്തിൽ (പേജ് 114,115) ഇപ്രകാരം എഴുതിയിരിക്കുന്നു. "1741–ൽ കുളച്ചലിൽ വച്ച് മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിൽ നടന്ന യുദ്ധത്തിൽ ഡച്ചുകാരുടെ കൂട്ടത്തിൽനിന്നും പിടിച്ചെടുത്ത തടവുകാരിൽ ഒരാളായിരുന്നു വലിയ കപ്പിത്താൻ എന്ന് പ്രഖ്യാതനായ ക്യാപ്ററൻ ഡിലനായി. നാട്ടുപട്ടാളത്തെ ആധുനിക രീതിയിൽ പരിശീലിപ്പിക്കുക എന്ന ശ്രമസാദ്ധ്യമായ ജോലി മഹാരാജാവ് ഡിലോനോയിയെ ഏല്പിച്ചു. ക്രമേണ് അംഗരക്ഷക സൈന്യത്തിന്റെ തലവനായും പിന്നീട് തിരുവിതാംകൂർ സൈന്യ

malankaralibrary.com

ത്തിന്റെ ജനറലായും നിയമിതനായി. ഡിലെനോയി തിരുവിതാംകൂർ സൈന്യത്തിന്റെ നായകനായിരുന്നിടത്തോളംകാലം തിരുവിതാംകൂറിന് വിജയം മാത്രമാണുണ്ടായിട്ടുള്ളത്. രാജ്യത്തിന് അകത്തും പുറത്തും തിരുവിതാംകൂർ സൈന്യം ഏർപ്പെട്ട എല്ലാ സമരങ്ങളിലും വിജയം വരിക്കുകയുണ്ടായി. ബാഹ്യശത്രുക്കളിൽ ഒരുത്തനുപോലും തിരുവിതാംകൂർ അതിർത്തിക്കുള്ളിൽ കാലുകുത്തുന്നതിന് സാധിച്ചില്ല. മാർഗ്ഗമദ്ധ്യത്തിലുള്ള സകലതും കൈയ്യടക്കിക്കൊണ്ട് പാഞ്ഞെത്തിയ ഹൈദരാലിക്കു പോലും – അദ്ദേഹത്തിന്റെ ജീവിത മോഹം അതായിരുന്നിട്ടും തിരുവിതാംകൂറിൽ കാലുകുത്തുവാൻ കഴിഞ്ഞില്ല."

രാമയ്യൻ ദളവായും വലിയകപ്പിത്താൻ ഡിലെനോയിയും രാജ്യവിസ്തൃതിയിൽ മാർത്താണ്ഡവർമ്മയെ സഹായിച്ചു. നിരവധി ചെറുരാജ്യങ്ങൾ വേണാടിനോട് കൂട്ടിച്ചേർത്തു. 16 വർഷംകൊണ്ട് ഇടവാ വരെയുണ്ടായിരുന്ന വേണാടിന്റെ അതിർത്തി ആലുവാപ്പുഴവരെ ദീർഘിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ആധുനികതിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ മാഹാരാജാവ് 1758–ൽ ദിവംഗതനായി. ☆

malankaralibrary.com

# 6

# കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവ്

ആധുനികതിരുവിതാംകൂറിന്റെ ശില്പിയെന്ന പേരിനർഹനായ മാർത്താണ്ഡവർമ്മക്കുശേഷം അദ്ദേഹത്തിന്റെ അനന്തരവനായ കാർത്തിക തിരുനാൾ രാമവർമ്മ 1758 ജൂലൈ മാസത്തിൽ രാജ്യ ഭരണം ഏറ്റെടുത്തു. നീതി നിഷ്ഠനും സൽസ്വഭാവിയും ധീരനും രാജ്യകാര്യവിശാരദനും ആയിരുന്ന രാമവർമ്മയുടെ ഭരണകാലം തിരുവിതാംകൂറിന്റെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടമാണ്. കോഴിക്കോടു സാമൂതിരയോടും മൈസൂർ സുൽത്താന്മാരോടും പല സന്ദർഭങ്ങളിലും യുദ്ധം ചെയ്യേണ്ടിവന്നെങ്കിലും രാജ്യത്തിന്റെ സർവ്വ തോൽക്കർഷണത്തിനുവേണ്ടി അദ്ദേഹം നിരന്തരം പ്രയത്നിച്ചു കൊണ്ടിരുന്നു. ഇക്കാലത്ത് കച്ചവടവും വ്യവസായവും രാജ്യത്തിന്റെ വരുമാനവും വർദ്ധിക്കുകയുണ്ടായി. ജാതിഭേദംകൂടാതെ എല്ലാവരു ടെയും നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ഉത്തരവാദിത്വമേറിയ ജോലികളിൽ കഴിവുള്ളവരെ നിയമിക്കുകയും ചെയ്തു. നല്ല ഒരു സൈന്യത്തെ തയ്യാറാക്കി ഇംഗ്ലീഷ്കമ്പനിക്കാരുടെയും കർണ്ണാട്ടിക് നവാബിന്റെയും സൈന്യങ്ങളോട് കിടപിടിക്കത്തക്കവിധത്തിലുള്ള ഒരു സേനാവിഭാഗത്തെ സജ്ജമാക്കുവാൻ ക്യപ്റ്റൻ ഡിലനോയി നേതൃത്വം നൽകി. രാജ്യത്തിന്റെ സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിച്ചതിനാൽ "ധർമ്മരാജാ" എന്ന പേരിലാണ് അദ്ദേഹം പിൽ ക്കാലത്ത് അറിയപ്പെട്ടത്.

ഇക്കാലത്ത് കൊച്ചീരാജ്യത്തിന്റെ പല ഭാഗങ്ങളും കോഴി ക്കോട്ടു സാമൂതിരി കൈവശപ്പെടുത്തിയിരുന്നു. ആലങ്ങാട്ടും പറവൂരും കൈവശപ്പെടുത്തിയ സാമൂതിരി കൊച്ചിയുടെ കൂടുതൽ ഭാഗങ്ങൾ കൈവശപ്പെടുത്താനുള്ള നീക്കങ്ങൾ ആരംഭിച്ചു. ഈ സന്ദർഭത്തിൽ കൊച്ചി തിരുവിതാംകൂറിന്റെ സഹായമഭ്യർത്ഥിച്ചു. സാമൂതിരി പിടിച്ചെടുത്ത സ്ഥലങ്ങൾ തിരികെപിടിക്കുന്നതിന് സഹായിക്കണമെന്നും അതിനുവേണ്ടി വരുന്ന ചിലവുകൾ കൊച്ചി രാജ്യം വഹിക്കുന്നതാണെന്നും കൂടാതെ കരപ്പുറം ദേശത്തിന്മേലുള്ള സർവ്വാവകാശങ്ങളും ആലങ്ങാട്ട് പറവൂർ സ്വരൂപങ്ങളും അവയുടെ മേലുള്ളസമസ്താവകാശങ്ങളും വിട്ടുകൊടുക്കാമെന്നും കൊച്ചി

malankaralibrary.com

രാജാവ് വ്യവസ്ഥ ചെയ്തു. അതനുസരിച്ച് ഡിലനോയിയുടെയും ദളവായുടെയും നേതൃത്വത്തിൽ യുദ്ധം ആരംഭിച്ചു. ഡിലെനോയുടെ നേതൃത്വത്തിലുള്ള സൈന്യം പറവൂർ എത്തി കോഴിക്കോട് രാജാവിന്റെ സൈന്യത്തെ തോല്പിച്ചോടിച്ചു. തോറ്റോടിവന്ന പടയെ അനുധാവനം ചെയ്ത് തടവുകാരായി പിടിച്ചു. എതിർത്ത വരെ വധിക്കുകയും ചെയ്തു. ദളവായുടെ സൈന്യം തൃശൂർവച്ച് സാമൂതിരിപ്പടയുമായി ഏറ്റുമുട്ടി. അവിടെയും സാമൂതിരിപ്പട തോറ്റു. രണ്ടായി വിഭജിക്കപ്പെട്ട ഡിലനോയിയുടെ സൈന്യവും ദളവായുടെ സൈന്യവും ചേലക്കരവച്ച് സന്ധിക്കുകയും അവിടെ താവളമുറപ്പിച്ചിരുന്ന സാമൂതിരിയുടെ പടയെ ഓടിക്കുകയും ചെയ്തു. കോഴിക്കോട്ടെ സാമിതിരിയുടെ സൈന്യത്തെ ആക്രമിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. അപ്പോഴേക്കും സാമൂതിരി ഒരു ദൂതനെ തിരുവനന്തപുരത്തിനയക്കുകയും സമാധാനാഭ്യർത്ഥന നടത്തുകയും ചെയ്തു. തിരുവിതാംകൂറിനെ കർണ്ണാട്ടിക് നവാബ് ആക്രമിക്കാൻ തക്കം പാർത്തിരുന്ന സമയമായിരുന്നതിനാൽ സാമൂതിരിയുമായി സന്ധിയുണ്ടാക്കി. വ്യവസ്ഥയനുസരിച്ച് മുഴുവൻ സ്ഥലങ്ങളും വീണ്ടെടുക്കാൻ സാധിച്ചില്ലാത്തതിനാൽ ഉടമ്പടിയിൽ പറയുന്ന സ്ഥലങ്ങൾ തിരികെ ഏല്പിക്കണമെന്ന് കൊച്ചി ആവശ്യപ്പെട്ടെങ്കിലും തിരുവിതാംകൂർ അതിന് വഴങ്ങിയില്ല. ടിപ്പുസുൽത്താൻ തിരുവിതാംകൂറിനെ 1788ലും 1790ലും ആക്രമിച്ചു. ആദ്യയുദ്ധത്തിൽ തോററ ടിപ്പുസുൽത്താൻ രണ്ടാമത്തെ യുദ്ധത്തിൽ തിരുവിതാം കൂറിനെ പരായജയപ്പെടുത്തി ആലങ്ങാട്, പറവൂർ, തുടങ്ങിയ സ്ഥലങ്ങൾ പിടിച്ചെടുത്തു. കോട്ടകൾ തകർക്കുകയും കിടങ്ങുകൾ നിരത്തുകയും ചെയ്ത് ടിപ്പു ഭീകരമായ തിരിച്ചടി തിരുവിതാംകൂറിനു നൽകി. നിനച്ചിരിക്കാതെ ആലുവാപ്പുഴയിൽ ഉണ്ടായ വെള്ളപ്പൊക്കം മൈസൂർ സേനയിലെ പല അംഗങ്ങളുടെയും ജീവനൊടുക്കി. അവരുടെ ആഹാരസാധനങ്ങളും യുദ്ധസാമഗ്രികളും ഒഴുകിപ്പോയി. സാംക്രമികരോഗങ്ങളും സൈന്യനിരയിൽ കടന്നുകൂടി. ഇതേസമയം ഇംഗ്ലീഷ്കമ്പനിക്കാർ ശ്രീരംഗപട്ടണം ആക്രമിച്ചുവെന്ന വാർത്ത ലഭിച്ചു. അതേതുടർന്ന് ടിപ്പുവിന്റെ സൈ്ന്യം ശ്രീരംഗപട്ടണത്തേക്കു കുതിച്ചു. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ ധർമ്മരാജായ്ക്ക് ഉള്ളസ്ഥാനം വിലപ്പെട്ടതാണ്. വളരെക്കാലം സാമൂതിരിയോടും മൈസൂർസുൽത്താൻമാരോടും യുദ്ധം ചെയ്യേണ്ടിവന്നെങ്കിലും രാജ്യത്തിന്റെ ഉൽക്കർഷത്തിനുവേണ്ടിയശ്രമങ്ങളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. തിരുവിതാംകൂറിന്റെ സമഗ്രപുരോഗതിയാ യിരുന്നു ധർമ്മരാജായുടെ ലക്ഷ്യം.

malankaralibrary.com

നാടിനും നാട്ടാർക്കും കൊള്ളരുതാത്തവനായി തീർന്ന തച്ചിൽ മാത്തു തടി കച്ചവടക്കാരനായിത്തീർന്ന കഥ മുൻ അദ്ധ്യായത്തിൽ വിവരിക്കുകയുണ്ടയല്ലോ. തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രകാരനായ എം.ഒ.ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 139, 140) കിഴക്കൻ മലകളിലെ തടികൾ വെട്ടി പെരിയാർ വഴി കൊച്ചിയിലും പമ്പാനദിവഴി ആലപ്പുഴയും കൊണ്ടുവന്ന് മൊത്തമായി വിദേശികൾക്ക് വിൽക്കുകയാണ് ചെയ്തിരുന്നത്. ഇദ്ദേഹത്തിന്റെ തടിക്കച്ചവടം അധികവും ബ്രിട്ടീഷ് ഈസ്റ്റിൻഡ്യാകമ്പനിക്കാരുമായിട്ടായിരുന്നു. ഈ കച്ചവടം സംബന്ധിച്ച് ബോംബെയിലും മററും പോകുന്നതിനും കമ്പനിനേതാക്കന്മാരുമായി പരിചയപ്പെടുന്നതിനും അവസരം ലഭിച്ചിരുന്നു. ഇംഗ്ലീഷ്കമ്പനിക്കാർ മാത്തുവിനെ തങ്ങളുടെ ഉത്തമസുഹൃത്തും സഹായിയുമായിട്ടാണ് പരിഗണിച്ചിരുന്നത്. ഈ മൈത്രി തന്റെ രാജ്യത്തിന്റെ ശ്രേയസ്സിനുവേണ്ടി വിനിയോഗിക്കുവാൻ മാത്തുത്തരകന് പിന്നീട് അവസരങ്ങൾ ലഭിക്കുകയുണ്ടായി. തടി കച്ചവടത്തിനുപുറമേ ചുക്ക്, കുരുമുളക്, ഏലം മുതലായ മലഞ്ചരക്കുകളും ശേഖരിച്ച് കച്ചവടം നടത്തിയിരുന്നു. വാസ്തവത്തിൽ പോർട്ടുഗീസുകാർ, ലന്തക്കാർ മുതലായ പാശ്ചാത്യ രാജ്യക്കാരെ കേരളത്തിലേക്കാകർഷിച്ചത് ഇവിടുത്തെ കുരുമുളകായിരുന്നല്ലോ.

പോർട്ടുഗീസുകാർക്കുശേഷം കുരുമുളകുകച്ചവടത്തിന്റെ കുത്തക മിക്കവാറും ഡച്ചുകാർക്കായിരുന്നു. ഇംഗ്ലീഷുകാർ ഇക്കാലത്ത് മദ്രാസ്, ബോംബെ, കൽക്കട്ട, മുതലായ സ്ഥലങ്ങളിലാണ് അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. 18–ാം നൂററാണ്ടിൽ അവരുടെ ശ്രദ്ധ കേരളത്തിലേക്ക് തിരിഞ്ഞുവെങ്കിലും ഡച്ചുകാർ ഇവിടെ സ്വാധീനമുറപ്പിച്ചിരുന്നതുകൊണ്ടും ഏതദ്ദേശീയരാജാക്കന്മാരെല്ലാം തന്നെ ഡച്ചുകാരുമായി മൈത്രിയിലായിരുന്നതുകൊണ്ടും കുരുമുളക് കിട്ടുന്ന കാര്യം അവർക്ക് വിഷമമായിരുന്നു. ഈ ഘട്ടത്തിൽ തരകന്റെ സഹായം അവർക്കു വലിയ അനുഗ്രഹമായി. തടിക്കച്ചവടക്കാര്യത്തിൽ സഹകാരികളായിരുന്ന ആംഗ്ലേയർക്കുതന്നെ കുരുമുളകും മററും വിൽക്കുന്നത് തരകനും സൗകര്യപ്രദമായിരുന്നു.

മലഞ്ചരക്ക് വ്യാപാരത്തിൽ ഏർപ്പെട്ടതോടുകൂടി, വ്യാപാര സൗകര്യത്തെ ഉദ്ദേശിച്ച്, തരകൻ ആലപ്പുഴയ്ക്ക് താമസം മാററി. ആലപ്പുഴ തത്തംപള്ളിഭാഗത്ത് കുറെ അധികം സ്ഥലം വിലയ്ക്കു വാങ്ങി അവിടെ ഒരു മാളികയും മററു കെട്ടിടങ്ങളും പണികഴിപ്പിച്ചു. തരകൻ സ്ഥിരതാമസം ആക്കിയതോടുകൂടി കച്ചവടം ബഹുധാ

malankaralibrary.com

വർദ്ധിച്ചു. സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ് മുതലായ ലോഹങ്ങൾ വിവിധ തരത്തിലുള്ള പട്ടുകൾ, യുദ്ധസാമഗ്രികൾ, സുഗന്ധദ്രവ്യങ്ങൾ, തടികൾ മുതലായവയായിരുന്നു കച്ചവടസാമാനങ്ങൾ. വിദേശസാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് അന്ന് നാട്ടുകാർക്ക് സൗകര്യമില്ലാതിരുന്നതിനാൽ ഡച്ചുകമ്പനിക്കാർ പറയുന്ന വിലക്ക് നാട്ടുകാർ അവ വാങ്ങേണ്ടിയിരുന്നു. ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായുള്ള ബന്ധം നിമിത്തം ഈ കച്ചവടത്തിൽ ലന്തക്കാരോട് മത്സരിക്കുന്നതിനും അതുവഴി വൻപിച്ച ലാഭമുണ്ടാക്കുന്നതിനും തരകന് കഴിഞ്ഞു.

ഇന്നത്തേതുപോലെ യാത്രാസൗകര്യങ്ങൾ ഒന്നും അക്കാലത്ത് ഇല്ലായിരുന്നു. ജലമാർഗ്ഗമുള്ള യാത്രയായിരുന്നു പ്രധാനം. തച്ചിൽ മാത്യുവിനെപ്പോലെയുള്ള ഉയർന്ന ഒരു കച്ചവടക്കാരന് കപ്പൽ സൗകര്യങ്ങൾ അത്യന്താപേക്ഷിതമായിരുന്നു. അതുകൊണ്ട് ബോംബെയിൽ നിന്നു രണ്ടു കപ്പലുകൾ തരകൻ വിലയ്ക്കുവാങ്ങി. നൂററാണ്ടുകൾക്കു മുൻപുതന്നെ പോർട്ടുഗീസുകാർ ഇവിടെയെത്തുന്നതിനു മുൻപു തന്നെ കേരളത്തിലെ സുറിയാനി ക്രസ്ത്യാനികൾ പ്രസിദ്ധരായ കപ്പൽകച്ചവടക്കാരായിരുന്നു. പോർട്ടുഗീസുകാരുടെ വരവിനെ തുടർന്ന് കോഴിക്കോട് സാമൂതിരിയുടെ സമ്മർദ്ദം മുഖാന്തിരം കൊച്ചിയിലെ കച്ചവടം നിന്നു പോവുകയും മുളക് മുതലായവയുടെ കച്ചവടം കോഴിക്കോട്ടേക്ക് മാറുകയും ചെയ്തു. കപ്പൽ ഓട്ടം നസ്രാണികളിൽ നിന്നും ചോനകമാപ്പിളമാരിലേക്ക് മാററുന്നതിനുള്ള ശ്രമവും നടന്നു.

പ്രസിദ്ധ ചരിത്രകാരനായ ഫാ.ബർണ്ണാർദ്ദ് മാത്തുത്തരകന്റെ വ്യാപാരത്തെപ്പററി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "തടിയും മററുവനപദാർത്ഥങ്ങളും ആലപ്പുഴവരുത്തി മൊത്തമായി വിദേശീയർക്ക് അദ്ദേഹം വിററിരുന്നു. അദ്ദേഹം സംഭരിച്ച തടികൾ അധികവും ഈസ്റ്റിന്ത്യാ കമ്പനിക്കാർക്കാണ് വിററിരുന്നത്. ഇംഗ്ലീഷുകാർ ആയിടെ കപ്പൽ പണിയിച്ചത് തരകൻ വെട്ടിച്ചു കൊടുത്ത തടികൊണ്ടായിരുന്നു. 1790 മുതൽ ഫ്രഞ്ചുവിപ്ലവകക്ഷിയോടും നെപ്പോളിയനോടും ഇംഗ്ലീഷുകാർ നടത്തിയ യുദ്ധാവസരങ്ങളിൽ കപ്പൽ പണിയാൻ തടി അയച്ചുകൊടുത്തത് മാത്യുത്തരകനാണെന്ന് പരക്കെ ഒരു ഐതീഹ്യമുണ്ടായത് ഈ വിധത്തിലാണ്. പ്രസ്തുത കാലത്തിൽ തരകൻ കണക്കില്ലാത്തവിധത്തിൽ തടികൾ മുറിപ്പിച്ചിട്ടുണ്ടെന്നുള്ളതിന് വേറെയും ലക്ഷ്യങ്ങളുണ്ട്. അന്ന് മുറിപ്പിച്ച് പെരിയാർ വഴി ഒഴുക്കിയ തടികൾ ഇപ്പോഴും ആററിറമ്പു

malankaralibrary.com

കളിൽ കിടപ്പുണ്ട്. മാത്തുത്തരകൻ എന്ന പേര് ആ തടിയിൽ കൊത്തിയത് ഇപ്പോഴും മായാതെ കിടക്കുന്നു. അന്ന് കമ്പനിക്കാർക്ക് തരകൻ തടി കൊടുത്ത വകയിൽ വളരെ ലക്ഷം രൂപാ കമ്പനിക്കാർ തരകന് കൊടുക്കുവാനുണ്ടായിരുന്നു."

തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ 140-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. അതേ നീലനദിയിലെയും കാഡീസിലെയും ട്രാഫൽഗറിലെയും വമ്പിച്ച നാവികവിജയങ്ങൾക്ക് നിദാനമായ കപ്പലുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഒന്നാം തരം തടികൾ ഇംഗ്ലീഷുകാർക്ക് ലഭിച്ചത് തരകൻ നിമിത്തമാണ്. ഇംഗ്ലീഷുകാർക്ക് അവ കിട്ടാതിരിക്കുകയും അക്കാലത്തുതന്നെ ഇന്ത്യയിലെത്തിയിരുന്ന ഫ്രഞ്ചുകാർക്ക് അവ ലഭിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഒരു പക്ഷെ ചരിത്രത്തിന്റെ ഗതി വേറൊരു വിധത്തിൽ ആയിരിക്കുമായിരുന്നു. ഈ വസ്തുത ആലോചിക്കുമ്പോൾ ആംഗ്ലേയർക്ക് തരകനോടുള്ള കടപ്പാട് എത്രവലുതാണെന്ന് കാണാവുന്നതാണ്. പക്ഷെ ആ കടപ്പാട് അവർ വീട്ടിയത് തരകന്റെ ജീവിതാന്ത്യത്തിലെ വിഷമഘട്ടത്തിൽ അദ്ദേഹത്തിനുചെല്ലുവാനുണ്ടായിരുന്ന അനേകലക്ഷം രൂപാ കൊടുക്കാതെയാണെന്നുള്ളത് ദയനീയമായ ഒരു വിരോധാഭാസമായിരിക്കുന്നു. ആംഗ്ലേയരുടെ സുഹൃത്തും സഹായിയുമായിരുന്ന തരകനോട് അവരുടെ തിരുവിതാംകൂറിലെ പ്രതിനിധി ഏററം മൃഗീയമായ വിധത്തിൽ മനുഷ്യോചിതമല്ലാതെ പെരുമാറുകയാണുണ്ടായത്. ☆

malankaralibrary.com

# 7

# രാഷ്ട്രതന്ത്രജ്ഞൻ

തടിവ്യാപാരത്തിലും മലഞ്ചരക്കു വ്യാപാരത്തിലും വൻവിജയം കരസ്ഥമാക്കിയ തച്ചിൽമാത്യു രാഷ്ട്രീയകാര്യങ്ങളിലും ഏർപ്പെട്ട് രാജാവിന്റെ വിശ്വസ്തനായ ഒരു ഉപദേഷ്ടാവായി ഉയർന്നു. ധർമ്മരാജാവുമായി മാത്യുതരകനെ പരിചയപ്പെടുത്തിയത് രാജാകേശവദാസനാണെന്ന് ചില ഗ്രന്ഥങ്ങളിൽ കാണാം. അത് ശരിയായിരിക്കാം. ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മയുടെ സർവ്വസൈന്യാധിപനായ വലിയ കപ്പിത്താൻ, ക്യാപ്റ്റൻ യുസ്റ്റേഷ്യസ് ബനഡിക്ട് ഡിലെനോയിയാണ് രാജാകേശവദാസനുമായി മാത്യുവിനെ പരിചയപ്പെടുത്തിയത്.

തിരുവിതാംകൂറിനെ ആക്രമിക്കാൻ ഹൈദ്രാലി തയ്യാറെടുത്തുകൊണ്ടിരുന്ന സന്ദർഭത്തിൽ അവരുടെ സൈന്യത്തെ തടുത്തുനിർത്തുന്നതിനായി തിരുവിതാംകൂറിന്റെ വടക്കേയററത്ത് ഒരു കോട്ട കെട്ടണമെന്ന് തീരുമാനിക്കുകയുണ്ടായി. സർവ്വസൈന്യാധിപനായിരുന്ന ഡിലനോയിയെയാണ് കോട്ടകെട്ടുവാൻ പ്രധാനമായും ചുമതലപ്പെടുത്തിയിരുന്നത്. 1764-ൽ അദ്ദേഹം തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയായ വൈപ്പിൻ തുരുത്തുമുതൽ ആനമലവരെ ഒരു കോട്ടകെട്ടിച്ചു മുപ്പതുമൈൽനീളത്തിലുള്ള കോട്ടയായിരുന്നു അത്. ഡിലനോയിയുടെ മനോധർമ്മഫലമായ ഈ കോട്ടയെപ്പററി സർദാർ കെ.എം.പണിക്കർ തന്റെ മലബാർ&ഡച്ച് എന്ന ഗ്രന്ഥത്തിൽ 106-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ജനറൽ ഡിലെനോയിയുടെ ഉപദേശമനുസരിച്ച് 1764-ൽ തിരുവിതാംകൂർ മഹാരാജാവാണ് ഈ കോട്ട കെട്ടിച്ചത്. എൻജിനീയറിംഗിൽ അസാമാന്യ വൈദഗ്ധ്യമുണ്ടായിരുന്ന ആ ഫ്ളമിഷ് പടനായകൻ കൊച്ചിയെ സഹായിക്കുന്നതിനായി ഉത്തരദിക്കുകളിൽ നടത്തിയ സൈനീക സംരംഭവേളയിൽ തിരുവിതാംകൂറിന്റെ വടക്കേ അതിർത്തി വടക്കു നിന്നുള്ള ആക്രമണങ്ങൾക്ക് എപ്രകാരം വിധേയമായിരിക്കുന്നുവെന്ന് മനസ്സിലാക്കിയിരുന്നു. അതിനാൽ സുദീർഘവും സുരക്ഷിതവുമായ ഒരു കോട്ടയുടെ പ്ലാൻ അദ്ദേഹം തയ്യാറാക്കി. ഈ കോട്ടയെപ്പററി ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനിയുടെ തിരുവനന്തപുരത്തെ ഏജന്റായിരുന്ന മി.ജോർജ് പൗണി 1790 ഫെബ്രുവരി 17-ാം തീയതി മദ്രാസ് ഗവർണ്ണർക്കയച്ച കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

malankaralibrary.com

അവ പടിഞ്ഞാറുമുതൽ കിഴക്കുവരെ നീണ്ടുകിടക്കുന്നു. കടലോരത്തുള്ള വൈപ്പിൻ തുരുത്തുമുതൽ തുടങ്ങി ചേന്നമംഗലത്തിന്റെ എതിർക്കരമുതൽ ആനമലവരെ നെടുനീളത്തിൽ എത്തി അതിന്റെ കൊടുമുടികളിൽ ഒന്നിൽച്ചെന്നവസാനിക്കുന്നു. ഉദ്ദേശം പതിനാറ് അടിവീതിയും ഇരുപതടിതാഴ്ചയും ഉള്ള ഒരു കിടങ്ങും അതിന്റെ ഒരു വശത്ത് ഇടതിങ്ങിയ മുളക്കൂട്ടം കൊണ്ടുള്ള ഒരു വേലിയും മൺമതിലും ഉറപ്പേറിയകൊത്തളങ്ങളും പീരങ്കി സങ്കേതങ്ങളും കൂടിയതാണ് ഈ ദുർഗ്ഗപംക്തി."

ക്യാപ്റ്ററൻ ഡിലനോയി പറവൂർ താമസിച്ചുകൊണ്ടാണ് കോട്ടയുടെ പണി നടത്തിച്ചത്. കോട്ടയുടെ നിർമ്മാണത്തിനുശേഷവും ദീർഘകാലം അദ്ദേഹം അവിടെ താമസിച്ചിരുന്നു. ക്ലേശകരമായ ഈ കോട്ടയുടെ നിർമ്മാണത്തിന് തദ്ദേശവാസികളുടെ സഹകരണം അത്യന്താപേക്ഷിതമാണല്ലോ. പറവൂർ എത്തിയ ഡിലനോയി തച്ചിൽ മാത്യുവിന്റെ കഴിവുകളെപ്പററി കേട്ടറിഞ്ഞു. സമ്പത്തിലും പ്രതാപത്തിലും അതിവേഗം വളർന്നുകൊണ്ടിരുന്ന തച്ചിൽമാത്യുവിന്റെ ബുദ്ധിയും കാര്യപ്രാപ്തിയും കോട്ടനിർമ്മണത്തിനും രാജ്യപുരോഗതിക്കും ഉപയോഗിക്കണമെന്ന് ഡിലനോയി നിശ്ചയിച്ചു. ശ്രീ.എം.ഒ. ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു. "ഒരു കത്തോലിക്കാനായ ഡിലനോയി കത്തോലിക്കനായ മാത്തുത്തരകനിൽ തല്പരനായതിൽ അദ്ഭുതപ്പെടാനില്ല. അവർ തമ്മിലുണ്ടായ പരിചയം പരസ്പരസ്നേഹത്തിലും ബഹുമാനത്തിലും വളർന്നുവന്നു. മാത്യുവിൽ നിന്നും വളരെയധികം സഹായങ്ങൾ ഡിലനോയിക്ക് ലഭിച്ചു. ബൃഹത്തായ നെടുങ്കോട്ട ഏററവും വേഗത്തിൽ പണികഴിപ്പിക്കുവാൻ ഡിലനോയിക്ക് സാധിച്ചത് മാത്യുവിന്റെ സഹായസഹകരണങ്ങൾ കൊണ്ടാണ്. വനപ്രദേശങ്ങളുമായുള്ള പരിചയവും വേലക്കാരുമായുള്ള സമ്പർക്കവും മാത്തുവിനെപ്പോലെ അന്ന് മററാർക്കും ഉണ്ടായിരുന്നില്ലല്ലോ. ഡിലനോയിയുമായുള്ള പരിചയം മൂലമാണ് തരകൻ രാജ്യകാര്യങ്ങളിൽ തല്പരനായത്. അസാധാരണ കഴിവുകളോടുകൂടിയ തച്ചിൽ മാത്യുവിനെ രാജ്യകാര്യങ്ങളിൽ തല്പരനാക്കുന്നത് തിരുവിതാംകൂറിന് മഹത്തായ ഒരു നേട്ടമായിരിക്കുമെന്ന് ഡിലനോയി കണ്ടു. ആകയാൽ തന്റെ സഹായിയും സ്നേഹിതനുമായ ആ യുവാവിനെ അടുത്ത സന്ദർഭത്തിൽ തന്നെ രാജാകേശവദാസനുമായും രാമവർമ്മ മഹാരാജാവുമായി പരിചയപ്പെടുത്തി"

അക്കാലത്ത് കേശവദാസൻ ഒരു രായസം ഉദ്യോഗസ്ഥനാ

malankaralibrary.com

യിരുന്നു. എങ്കിലും മഹാരാജാവിന്റെയടുക്കൽ നല്ല സ്വാധീനമുള്ള യാളായിരുന്നു. രാമവർമ്മ യാദൃശ്ചികമായിട്ടാണ് കേശവദാസനെ കണ്ടുമുട്ടുന്നത്. അന്ന് ദരിദ്രനായ ഒരു കുട്ടിയായിരുന്നു കേശവ ദാസൻ. അതേസമയം കുലീനനും ബുദ്ധമാനുമായിരുന്നു ആ ദരിദ്ര ബാലൻ. ഡിലനോയിയുമായുണ്ടായ അടുപ്പംകൊണ്ട് ഡച്ച് പോർട്ടു ഗീസ് ഭാഷകൾ കേശവദാസൻ പഠിച്ചു. താഴ്ന്ന ഉദ്യോഗമാണ് അദ്ദേഹം വഹിച്ചിരുന്നതെങ്കിലും വിഷമഘട്ടങ്ങളിൽ മഹാരാജാവും ദളവയും മററു ഉദ്യോഗസ്ഥരും കേശവദാസന്റെ ഉപദേശം സ്വീകരി ച്ചിരുന്നു.

തച്ചിൽമാത്യുവും കേശവദാസനും സമപ്രായാക്കാരായിരുന്നു. ദാരിദ്ര്യത്തോടുപടവെട്ടി ജീവിതം ആരംഭിച്ച ഇരുവരും രാജ്യത്തിലെ ഉന്നത വ്യക്തികളായി ഉയർന്നു. ഡിലനോയി മാത്യുത്തരകൻ, കേശവദാസൻ എന്നിവർ തമ്മിലുള്ള സ്നേഹബന്ധം എന്നും നില നിന്നിരുന്നു. ഏതാണ്ടു 30 വർഷക്കാലത്തോളം നീണ്ടുനിന്ന മാത്യുത്തരകന്റെ രാജ്യസേവനം ഈ മൈത്രീബന്ധത്തിലാണ് നിലനിന്നത്. കേശവദാസനിൽ നിന്നും ഡിലനോയിയിൽ നിന്നും മാത്യുത്തരകനെപ്പററിയുള്ള വിവരങ്ങൾ മഹാരാജാവ് ഗ്രഹിച്ചിരുന്നു. കോട്ട നിർമ്മാണസമയത്തും പിന്നീടും മാത്യുവിൽ നിന്നും ലഭിച്ച സഹായസഹകരണങ്ങൾ ദളവാമാരും മഹാരാജാവിനെ ധരിപ്പി ച്ചിരുന്നു. രാജ്യസേവനതല്പരനായ തച്ചിൽ മാത്യുവിനെ കാണുന്ന തിനും ഉചിതമായി ബഹുമാനിക്കുവാനും മഹാരാജാവ് നിശ്ചയിച്ചു. മാർത്താണ്ഡവർമ്മ രാജാവിന്റെ ഭരണകാലം മുതൽ രാജ്യത്തിനു വേണ്ടി വിശിഷ്ടസേവനം അനുഷ്ഠിക്കുന്നവരെ സ്ഥാനമാനങ്ങൾ നൽകി ആദരിക്കുന്ന സമ്പ്രദായം നിലവിലിരുന്നു. ബഹുമതിസ്ഥാന ത്തിനർഹരായവർ മഹാരാജാവിനെ മുഖം കാണിച്ച് ഉചിതമായ കാഴ്ച മഹാരാജാവിന് സമർപ്പിക്കണം. കാഴ്ചയുടെ തരംഭേദമനു സരിച്ചും കാഴ്ചക്കാരന്റെ സ്ഥിതി അനുസരിച്ചുമുള്ള ഏതെങ്കിലും ഒരു സ്ഥാനം മഹാരാജാവ് അയാൾക്ക് കല്പിച്ചുകൊടുക്കും.

കേശവപിള്ളയുടെ ശ്രമഫലമായി മഹാരാജാവിനെ മുഖം കാണിക്കാനായി ഒരു അവസരം മാത്യുവിന് ലഭിച്ചു. ഉചിതമായ ഒരു തിരുമുൽക്കാഴ്ച എന്തായിരിക്കണമെന്ന് മാത്യു ആലോചിച്ചു. രാജാംഗമായ ഒരു കൊമ്പനാനയെ തങ്കം കൊണ്ട് തീർത്ത് തിരുമുൽ ക്കാഴ്ചവയ്ക്കാനാണ് മാത്യു തീരുമാനിച്ചത്. "വിസ്താരമുള്ള ഒരു രജതപീഠത്തിൽ ഏകദേശം മുക്കാൽമുഴം പൊക്കത്തിലും അതിനനു സരണമായ നീളത്തിലും ഒരു കൊമ്പനാനയെ, പുറത്ത് തോട്ടിയും

malankaralibrary.com

വളരുമായി സ്ഥിതിചെയ്യുന്ന ഒരു ആനക്കാരനോടും താഴെ പാർശ്വ ഭാഗത്ത് മെയ് ചങ്ങലയിൽ പിടിച്ചുകൊണ്ടു നിൽക്കുന്ന വേറൊരു പാപ്പാനോടുംകൂടി ഒന്നാം തരം തങ്കത്തിൽ പണിയിച്ചു ഭംഗിയുള്ള ഒരു വെള്ളിപ്പെട്ടിയിലാക്കി." തച്ചിൽ മാത്യു തിരുവനന്തപുരത്തേക്കു പുറപ്പെട്ടു.

ചിത്രമെഴുത്തു കെ.എം.വർഗീസ് രചിച്ച തച്ചിൽ മാത്യുത്തര കന്റെ തങ്കക്കൊമ്പൻ എന്ന ഗ്രന്ഥത്തിൽ മഹാരാജാവിനെ മാത്യു മുഖം കാണിച്ചതിനെപ്പററി ഇപ്രകാരം വിവരിച്ചിരിക്കുന്നു." മാത്യുത്ത രകൻ കൃത്യസമയത്തുതന്നെ തിരുമുൽക്കാഴ്ചയുമായി കൊട്ടാര ത്തിൽ എത്തി. അദ്ദേഹത്തോട് ഒരുമിച്ച് മുഖം കാണിപ്പാനായി പ്രസിദ്ധമുഹമ്മദീയ പ്രഭുവായിരുന്ന പോക്കു മൂസാ മരയ്ക്കാരുടെ ഒരു പുത്രൻ കൂടി എത്തിയിരുന്നു. മരയ്ക്കാർ സ്വർണ്ണംകൊണ്ട് ഒരു കോൽപൊക്കത്തിൽ പണികഴിപ്പിച്ചിരുന്നതായ ഒരു കുലച്ച കദളിവാഴയായിരുന്നു തിരുമുൽക്കാഴ്ചവയ്ക്കാൻ കൊണ്ടുവന്നിരു ന്നത്. മരയ്ക്കാരുടെ തിരുമുൽക്കാഴ്ച മഹാരാജാവ് തിരുമനസ്സു കൊണ്ട് ആദ്യമായി സ്വീകരിക്കുന്നതിലേക്ക് മരയ്ക്കാർ സർവ്വാധി കാര്യക്കാരെയും ദളവായേയും തികച്ചും സ്വാധീനപ്പെടുത്തിയിരുന്നു.

മഹാരാജാവ് പതിവുപോലെ തിരുമുൽക്കാഴ്ചകൾ സ്വീകരി പ്പാനായി അടിയറവാതുക്കൽ എഴുന്നള്ളിനിൽക്കുകയും സർവ്വാധി കാര്യക്കാർ തിരുമുൽക്കാഴ്ചവയ്ക്കുവാൻ ആദ്യമായി മരയ്ക്കാറെ മുമ്പോട്ടു ക്ഷണിക്കുകയും ചെയ്തു. അയാൾ വെള്ളിവേലകൾ ചെയ്തിരുന്ന ഒരു ഈട്ടിപ്പെട്ടി എടുത്തു തുറന്ന് സ്വർണ്ണ കദളിവാഴ എടുത്ത് മഹാരാജസന്നിധിയിൽ തൂശനിലയിൽ തിരുമുൻപിൽ സമർപ്പിച്ചു. സർവ്വാധികാര്യക്കാർ രണ്ടാമതായി തരകനെ ക്ഷണിച്ചു. തരകൻ മുമ്പോട്ടുവന്ന് വെള്ളിപ്പെട്ടി തൂശനിലയിൽ വച്ച് അതിൽ നിന്ന് ആ തങ്കക്കൊമ്പനെ പീഠത്തോടുകൂടി എടുത്ത് പെട്ടിയുടെ മുകളി ലായി തിരുമുമ്പിൽ സമർപ്പിച്ചു. ഇങ്ങനെ മരയ്ക്കാരുടെ കദളിവാഴ മഹാരാജാവു തിരുമനസ്സിലെ തിരുമുൻപിൽ വലതുവശത്തായും തരകന്റെ തങ്കക്കൊമ്പൻ ഇടതുവശത്തായും സ്ഥിതിചെയ്തു.

എന്നാൽ തിരുവിതാംകൂർ രാജകുടുംബത്തിന്റെ വംശമുദ്രയിൽ ഒന്നായി പരിലസിക്കുന്നതും രാജാംഗങ്ങളിൽ ഒന്നുമായ ആനയ്ക്ക് സർവ്വാധികാര്യക്കാർ നൽകിയസ്ഥാനം മഹാരാജാവിന് ഒട്ടും തന്നെ തൃപ്തികരമായിരുന്നില്ല. ഒരു രാജാവ് എന്ന നിലയിൽ രണ്ടുതരം തിരുമുൽക്കാഴ്ചകളിൽ ആനയ്ക്ക് മാന്യസ്ഥാനം നൽകേണ്ടത് തന്റെ

malankaralibrary.com

കടമയാണെന്നായിരുന്നു തിരുമനസ്സിലെ അഭിപ്രായം. തിരുമനസ്സ് ഉടൻതന്നെ "വാഴ ആരുടേതാണ് അത് അവിടെനിന്ന് മാററിവയ്ക്കട്ടെ" എന്നു കല്പനയായി. ഇത് മരയ്ക്കാരുടെ മാററത്ത് വല്ലാതെ തറച്ചു. തന്റെ കാഴ്ച തിരുമനസ്സിലെ അപ്രീതിക്ക് പര്യാപ്തപാത്രമായി തീർന്നുവല്ലോ എന്നുള്ള സങ്കടത്തോടും എങ്ങോട്ടാണ് മാററിവയ്ക്കേണ്ടതെന്ന് അറിയാതെയുള്ള പരിഭ്രമത്തോടും മരയ്ക്കാർ വല്ലാതെ ഉള്ളുനീറി ഉഴലവെ, എടുത്തില്ലങ്കിൽ ആനവാഴഎടുക്കും എന്ന് ധീരനായ തരകൻ കൂസൽകൂടാതെ തിരുമനസ്സുണർത്തിച്ചു.

രാജസന്നിധിയിൽ സമർപ്പിപ്പാൻ സർവ്വദാഅർഹമായ കാഴ്ച ഇതു തന്നെയാണെന്നു നിശ്ചയിച്ച തരകന്റെ ഔചിത്യ ബുദ്ധിയെക്കുറിച്ചും കാർത്തിക തിരുനാൾ രാമവർമ്മ മാഹാരാജാവ് അത്യാഹ്ലാദ പരവശനായി "മാത്തുത്തരകൻ മുതലാളി അവർകൾ" "മാത്തുത്തരകൻ മുതലാളി അവർകൾ" എന്നിങ്ങനെ മൂന്നുപ്രാവശ്യം കല്പിച്ചുരിക്കുകയും ഉദ്യോഗസ്ഥന്മാർ മൂന്നു പ്രാവശ്യം ഉൽഘോഷണം ചെയ്യുകയും ചെയ്തു. തിരുമനസ്സുകൊണ്ട് ഉടൻ തന്നെ തരകന്റെ വലതുകൈയ്ക്ക് വീരശൃഖലയും ഇടതുകൈയ്ക്ക് തങ്കക്കാപ്പും ഇട്ട് തരകനെ പല്ലക്കിലേററി പട്ടണപ്രദക്ഷിണം ചെയ്യിക്കുവാൻ കല്പനയായി."

തുടർന്ന് മാത്തുത്തരകൻ മുതലാളിയായി. തുടർന്ന് തിരുവനന്തപുരത്തുനിന്നും കുതൃതോട്ടിലേക്കുള്ള തരകന്റെ പ്രത്യാഗമനത്തെപ്പററി – ആ ജൈത്രയാത്രയെപ്പററി – മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ പുരാതനപാട്ടുകൾ എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ളതും മാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നതുമായ പാട്ടിലെ ഒരുഭാഗം താഴെ ചേർക്കുന്നു.

ചൊല്ലെഴുന്ന വേണനാട്ടിൽ തമ്പുരാൻ കല്പിച്ചു നല്ല
പല്ലക്കും പാറാവും നല്ല പോണന്മാരേയും
പല്ലക്കിന്മേലേറി നടകൊള്ളത്തക്കപോലെയവർ
ചൊല്ലപ്പെട്ടോർ പലർ വളയിടുവിക്കുന്നു
നിർമ്മലപ്പട്ടുടുത്തിട്ടങ്ങതിന്മീതെത്രയും നല്ല
നേർമ്മയിലുള്ളൊരു വസ്ത്രം വിതിർത്തിച്ചുററി
പൊൻകസവേൽ പണിയുള്ള നേരിയതങ്ങെടുത്തിട്ടു
ചന്തമോടെ വിതിർത്തങ്ങു തലയിൽക്കെട്ടി
കങ്കണങ്ങൾ കരത്തിന്റെ മുമ്പിൽ വീരചങ്ങലയും
പൊൻകാപ്പുകൾ കരംതന്നിൽ ധരിച്ചുംകൊണ്ടു

malankaralibrary.com

ചങ്ങലവട്ടകളപ്പോൾ മുൻപിലങ്ങു പിടിപ്പിച്ചു
മംഗലസുന്ദരൻ വരവെന്തിതു ചൊല്ലാം.
പശ്ചിമദിക്കതിലെങ്ങും മെച്ചമേറുന്നൊരു രാജ്യം
കൊച്ചിയെന്ന നഗരിയിൽ ചെന്നുതാൻ പിന്നെ
കണ്ടനേരം വീര്യവാന്മാർ കൊണ്ടുചെന്നങ്ങിരുത്തീട്ടു
രണ്ടുകൈക്കും വളയവരിടുവിക്കുന്നു
വിരോവോടെയവരുമായ് അരനാഴികയിരുന്നു
വിരവോടെ നടന്നുകൊണ്ടങ്ങവിടെ നിന്നു.
പുരിയതിൽ പുകൾപൊങ്ങും എതിരേ വരാപ്പുഴയിൽ
ചെന്നു വസിച്ചതിനുശേഷം മന്നവൻതാനും
വേദവാഴി കാര്യശീലനായ സിഞ്ഞോർപാതിരിയും
യോഗമങ്ങു കൂടി നൽകി കനകക്കട്ടിൽ
കോലാഹലത്തോടുകൂടീട്ടാലങ്ങാട്ടു പോകുന്നേരം
ലോകരായിട്ടുള്ളവരൊരായിരമല്ല
തൽപുരത്തിൽ ചെന്നിരുന്നു സുന്ദരൻ മാത്തുത്തരകൻ
തൻചരിത്രങ്ങളോരോന്നു പറഞ്ഞുതാനും
ഇണയോടിക്കഥയെല്ലാം പറഞ്ഞുകൊണ്ടിതാ ശീഘ്രം
പറന്നു പൈങ്കിളിമകളിതാ പോകുന്നു.

തിരുവനന്തപുരത്തുനിന്നും ആലപ്പുഴയെത്തി തന്റെ കച്ചവടാഭിവൃദ്ധിക്ക് സഹായിച്ച രങ്കു ശേണായിയെ സന്ദർശിച്ച് നന്ദി പറഞ്ഞു. അവിടെ നിന്നും തത്തം പള്ളിയിൽ എത്തി മാതാവിനെയും സന്ദർശിച്ചു. ഒരിക്കൽ ദരിദ്രനായി, ഇരപ്പാളിയായി, കൊള്ളരുതാത്തവനായി, കുതൃതോട്ടിലെ വീട്ടിൽ എത്തി കരഞ്ഞുകൊണ്ടിരുന്ന തന്നെ സന്ദർശിച്ച മാത്യുവിന്റെ പൂർവ്വകാലകഥ ആ മാതാവിന്റെ ഹൃദയത്തിൽ ഓടിയെത്തി. മഹാരാജാവ് തിരുമേനിയിൽ നിന്നും വീരശൃംഖലയും വാങ്ങി സ്വർണ്ണപ്പല്ലക്കേറി എത്തിയ മാത്തുവിനെ സ്വീകരിപ്പാൻ ആ അമ്മയ്ക്കുണ്ടായ ആനന്ദം വിവരിപ്പാൻ വാക്കുകളില്ല. മാത്യു വീരശൃംഖലയും വളകളും ഊരി വത്സലനിധിയായ മാതാവിന്റെ പാദത്തിൽ സമർപ്പിച്ച് സാഷ്ടാംഗപ്രണാമം ചെയ്തു. ഈ സന്ദർഭത്തിലെ വികാരനിർഭരമായ അവസ്ഥയെപ്പറ്റി എം.ഒ.ജോസഫ് നെടുംകുന്നം എഴുതിയിരിക്കുന്നു. (മാത്തുത്തരകൻ പേജ് 149) ആ അമ്മയുടെയും മകന്റെയും കണ്ണുകൾ ആനന്ദബാഷ്പംകൊണ്ട് ആർദ്രങ്ങളായി. ഏതാനും കൊല്ലങ്ങൾക്കപ്പുറത്ത് തച്ചിലെ നാലുകെട്ടിന്റെ ചായ്പിൽ തലയും കുമ്പിട്ടിരുന്നു കരയുന്ന അമ്മ, കൂടെ കരഞ്ഞുപോയ മകൻ, അമ്മയെ സമാശ്വസിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനും വേണ്ടി കുരിശുരൂപം കൈയ്യിൽ പിടിച്ചുകൊണ്ട്

malankaralibrary.com

മേലാൽ നല്ലവനായി ജീവിച്ചുകൊള്ളാമെന്ന് ആ മകൻ സത്യ പ്രതിജ്ഞചെയ്ത രംഗം, അമ്മേ നമ്മുടെ കുടുംബത്തിന്റെ പേർ ആ ചന്ദ്രതാരം നിലനിൽക്കത്തക്ക ശാശ്വതപ്രതിഷ്ഠ അതിന് നൽകുന്ന തിനായിരിക്കും ഇനിയുള്ള എന്റെ ശ്രമം. എന്ന മകന്റെ ധീരമായ പ്രഖ്യാപനം എല്ലാം ആ ക്ഷണത്തിൽ അവരിരുവരും ഓർത്തുപോയി. അവർ ഏക മനസ്കരായി അനുഗ്രഹദാതാവായ ദൈവത്തിന് നന്ദി പറഞ്ഞു.

തത്തംപള്ളിയിൽ നിന്നും കൊച്ചിയിലേക്കുപോയ തരകന് മേൽപറഞ്ഞപാട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഗംഭീരസ്വീകരണ മാണ് ലഭിച്ചത്. അവിടെ നിന്നും വരാപ്പുഴയിൽ എത്തി. സഭാനേതാ ക്കന്മാരും പാതിരിമാരും ചേർന്ന് വരാപ്പുഴയും ഗംഭീരസ്വീകരണമാണ് നൽകിയത്. വരാപ്പുഴനിന്നും ആലങ്ങാട്ടേക്ക് ആയിരക്കണക്കിനാളു കൾ ചേർന്ന് ഏതിരേററുകൊണ്ടാണ് പോയത്. തരകൻ സ്ഥാനവും വീരശൃംഖലയും ഏററുവാങ്ങി അനേകായിരങ്ങളുടെ സ്വീകരണം ഏററുവാങ്ങിയുള്ള മാത്തുത്തരകന്റെ യാത്ര ഒരു രാജകീയ സ്വീകരണത്തിന് തുല്യമായിരുന്നു. ☆

malankaralibrary.com

# 8

# ആലങ്ങാട്ടുരാജാവിന്റെ പ്രതിനിധി

കൊച്ചിരാജ്യവും തിരുവിതാംകൂറുമായി 1762-ൽ ഒരു ഉടമ്പടിയിൽ ഏർപ്പെടുകയുണ്ടായല്ലോ. തനിക്കു നഷ്ടപ്പെട്ടുപോയ രാജ്യങ്ങൾ തിരിച്ചെടുത്തു തരുന്നതിന് പ്രതിഫലമായിട്ട് കരപ്പുറം ദേശവും ആലങ്ങാട്ടു പറവൂർ രാജ്യങ്ങളിന്മേലുള്ള മേൽക്കോയ്മാവകാശവും തിരുവിതാംകൂറിന് നൽകാമെന്ന് ആ ഉടമ്പടിയിലൂടെ കൊച്ചിരാജാവ് സമ്മതിച്ചു. കോഴിക്കോട് സുൽത്താന്റെ ആക്രമണ ഭീഷണി നിലനിന്നിരുന്ന അക്കാലത്ത് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ കൊച്ചിമഹാരാജാവ് നിർബന്ധിതനായി എന്നതാണ് യാഥാർത്ഥ്യം. കൊച്ചിക്കുവേണ്ടി ഉടമ്പടി പ്രകാരം തിരുവിതാംകൂർ സാമൂതിരിയോട് യുദ്ധം ചെയ്തു. ആ യുദ്ധത്തെത്തുടർന്ന് കരപ്പുറം ദേശവും ആലങ്ങാട്ടും പറവൂരും തിരുവിതാംകൂർ കൈവശം വച്ചുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ കൊച്ചിക്ക് ഇങ്ങനെ ആലങ്ങാടിനെയും പറവൂരിനെയും ഉൾപ്പെടുത്തി ഒരു ഉടമ്പടിയിലേർപ്പെടുവാൻ അവകാശമുണ്ടായിരുന്നില്ല. ആ രാജ്യങ്ങൾ രണ്ടും സ്വതന്ത്രരാജ്യങ്ങളായിരുന്നു. ഈ രാജ്യങ്ങളുടെ മേൽ കൊച്ചിക്ക് ഒരു മേൽക്കോയ്മാവകാശം മാത്രമേയുണ്ടായിരുന്നുള്ളു. കൊച്ചിൻസ്റ്റേറ്റ്മാനുവലിൽ പറയുന്നത് പറവൂർ ആലങ്ങാട് രാജാക്കന്മാർ കൊച്ചിയുടെ സാമന്തന്മാർ ആയിരുന്നുവെന്നാണ്. ഈ രാജ്യങ്ങളുടെ മേൽ കൊച്ചിരാജാവിനുണ്ടായിരുന്ന നാമമാത്രമായ അധികാരം മാത്രമേ ഒഴിഞ്ഞെഴുതിക്കൊടുക്കുവാൻ അധികാരമുണ്ടായിരുന്നുള്ളു.

യുദ്ധത്തിനുശേഷം 1764-ൽ ഈ പ്രദേശങ്ങൾ ദിവാൻ സുബ്ബയ്യൻ തിരുവിതാംകൂറിനോടുകൂട്ടിച്ചേർത്തതിനെ ആലങ്ങാട് രാജാവ് അംഗീകരിച്ചില്ല. കൊച്ചിരാജാവിന്റെ ഉടമ്പടി തനിക്ക് ബാധകമല്ലന്നായിരുന്നു ആലങ്ങാട് രാജാവിന്റെ നിലപാട്. ആലങ്ങാടിന്റെ ന്യായവാദങ്ങളെ അംഗീകരിക്കാതെ ഈ പ്രദേശങ്ങൾ തിരുവിതാംകൂറിനോടു കൂട്ടിച്ചേർത്തു. നികുതി പിരിച്ചെടുക്കുകയും സുശക്തമായ ഒരു സേനയെ അവിടെ പാർപ്പിക്കുകയും ചെയ്തു. ആലങ്ങാട് എന്ന ചെറുരാജ്യത്തിന് തിരുവിതാംകൂറിനോട് ഏറ്റുമുട്ടാൻ കഴിവില്ലായിരുന്നു. ദളവായുടെ ഭീഷണിക്കുവഴങ്ങി ആലങ്ങാട്ട് രാജാവ് തന്റെ രാജാധികാരം തിരുവിതാംകൂറിന് വിട്ടുകൊടുത്തു. എന്തെങ്കിലും ഒരു അടിത്തൂൺ അനുവദിച്ചുകിട്ടുമെന്നും രാജാവ്

malankaralibrary.com

പ്രതീക്ഷിച്ചു. രാജാവ് എഴുതിക്കൊടുത്ത രേഖയിൽ ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും കൽപ്പിച്ചു രക്ഷിക്കുക എന്നും അഭ്യർത്ഥിച്ചിരുന്നു. പക്ഷെ ആ അഭ്യർത്ഥന ചെവിക്കൊണ്ടില്ല. തുടരെത്തുടരെ മഹാരാജാവ് തിരുവിതാംകൂർ മഹാരാജാവിനെ ഇക്കാര്യം ഓർമ്മിപ്പിച്ചുകൊണ്ടിരുന്നുവെങ്കിലും ദളവാസുബ്ബയ്യൻ അത് പരിഗണിച്ചില്ല.

തിരുവിതാംകൂർ മാഹാരാജാവ് സന്നിധിയിൽ ഒരു പ്രതിനിധിയെ നേരിട്ടയച്ച് നിവേദനം നടത്താൻ ആലങ്ങാട്ട് രാജാവ് തീരുമാനിച്ചു. ആരെയാണ് പ്രതിനിധി ആയി അയക്കേണ്ടത്. ആലങ്ങാട്ട് രാജാവിന്റെ അവകാശങ്ങളെ ഭംഗിയായി അവതരിപ്പിക്കാൻ കഴിവുള്ളയാളും അതേസമയം തിരുവിതാംകൂർ രാജാവിന് ഇഷ്ടപ്പെട്ട ഒരാളും ആയിരിക്കണം പ്രതിനിധിയെന്നു ആലങ്ങാട്ട് രാജാവ് നിശ്ചയിച്ചു. തിരുവിതാംകൂർ മഹാരാജാവിന്റെ സേവകനും പ്രഗത്ഭനും നസ്രാണി നേതാവുമായ തച്ചിൽ മാത്യൂത്തരകൻ പ്രതിനിധിയായി പോകുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുകയും തരകനോട് ഇക്കാര്യം പറയുകയും ചെയ്തു. പിതാവും പിതാമഹനും വിശ്വസ്തതാപൂർവ്വം സേവിച്ച ഒരു രാജവംശത്തെ അതിന്റെ വിഷമഘട്ടത്തിൽ സഹായിക്കേണ്ടത് തന്റെ കർത്തവ്യമാണെന്ന് മാത്യൂത്തരകൻ കണക്കാക്കുകയും ഗൗരവമേറിയ ഈ ചുമതല ഏറ്റെടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു.

മാത്തുത്തരകൻ ആലങ്ങാട്ടു തമ്പുരാനുവേണ്ടി തിരുവിതാംകൂർ മഹാരാജാവിന് നൽകിയനിവേദനത്തെപ്പററി തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 155,156,157) ഇപ്രകാരം എഴുതിയിരിക്കുന്നു. രാജപ്രതിനിധിയായി പോകുന്ന താൻ ആലങ്ങാട്ടു തമ്പുരാനുവേണ്ടി കുലശേഖരപ്പെരുമാൾക്ക് (തിരുവിതാം മഹാരാജാവിന്) എന്തൊരു കാഴ്ചയാണ് സമർപ്പിക്കേണ്ടതെന്നായി തരകന്റെ ആലോചന. ആ കാഴ്ച ബുദ്ധിമാനായ കുലശേഖരപെരുമാളെ പ്രീതിപ്പെടുത്തുന്നതും അതേസമയം ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുന്നതുമായിരിക്കണമല്ലോ. പത്മാരൂഢയായ മഹാലക്ഷ്മിയാണ് ആലങ്ങാട്ടെ ഭരദേവതയെന്നുള്ള കാര്യവും, തിരുവിതാംകൂർ ശ്രീ പത്മനാഭന് അടിയറവച്ചിരിക്കുകയാണെന്നുള്ള കാര്യവും തരകൻ അനുസ്മരിച്ചു. ആലങ്ങാടിന്റെ സർവ്വ അവകാശങ്ങളും തിരുവിതാംകൂർ കീഴടക്കികഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് മങ്ങാട്ടു രാജവംശത്തിന്റെ കുലദേവതയുടെ വിഗ്രഹം തന്നെയായിരിക്കും ഉചിതമായ കാഴ്ചയെന്ന് അദ്ദേഹം തീരുമാനിച്ചു. പക്ഷെ കുല

malankaralibrary.com

ദേവതാ വിഗ്രഹത്തിന്റെ പീഠമായ പത്മം മതി, ദേവി വേണ്ടായെന്ന് കുശാഗ്രബുദ്ധിയായ തരകൻ നിശ്ചയിച്ചു. അങ്ങനെ സ്വർണ്ണം കൊണ്ട് മനോഹരമായ ഒരു താമരപ്പൂവ് ദേവീപീഠത്തിന്റെ മാതൃകയിൽ നിർമ്മിച്ച് അതുമായിട്ടാണ് തരകൻ തിരുവനന്തപുരത്തെത്തിയത്.

മാത്തുത്തരകന് സൗഹാർദ്ദപുരസ്സരമായ ഒരു സ്വീകരണം ലഭിച്ചെങ്കിലും, മങ്ങാട്ടു രാജവംശത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ നിവേദനങ്ങളെ അനുഭാവപൂർവ്വം ശ്രവിക്കുന്നതിന് ഉള്ള സന്നദ്ധത ദളവായോ മററ് ഉദ്യോഗസ്ഥന്മാരോ കാണിച്ചില്ല. "ധിക്കാരിയായ ഒരു ആലങ്ങാട്ടരചൻ" നാമമാത്രമായ ഒരു അടിത്തൂൺ പോലും അർഹിക്കുന്നില്ലന്നായിരുന്നു അവരുടെ നിലപാട്. ആകയാൽ നേരിട്ട് മഹാരാജാവ് തിരുമേനസ്സിലെ സന്നിധിയിൽ തന്നെ നിവേദനം നടത്തുവാൻ തരകൻ തീരുമാനിച്ചു. രാജകീയ ദൂതൻ എന്ന നിലയിൽ അദ്ദേഹം അതു ചെയ്യുവാൻ ചുമതലപ്പെട്ടവനാണല്ലോ. മഹാരാജാവിന്റെയടുക്കൽ തരകനുള്ള സ്വാധീനശക്തി മനസ്സിലാക്കിയിരുന്ന ദളവാ ഈ സന്ദർശനം കൂടാതെ കഴിക്കുന്നതിന് പല അടവുകളും പ്രയോഗിച്ചു. . പക്ഷെ മഹാരാജാവിനെ കാണുവാൻ തന്നെ തരകൻ നിശ്ചയിച്ചു.

സന്ദർശനത്തിന് നിശ്ചയിച്ചിരുന്ന ദിവസം തരകൻ മഹാരാജാവ് തിരുമനസ്സിലെ സന്നിധിയിൽ ഭക്ത്യാദരപുരസ്സരം പ്രവേശിച്ച്, താൻ കൊണ്ടു വന്നിരുന്ന സുവർണ്ണ പത്മപീഠം രാജസന്നിധിയിൽ അടിയറ വച്ചു. ആ അമൂല്യമായ ഉപഹാരത്തിന്റെ നിർമ്മാണവിശേഷം മഹാരാജാവിനെ ആകർഷിച്ചു. അത് വെറുമൊരു സ്വർണ്ണത്താമരപ്പൂവല്ലെന്നും പ്രത്യുത ഒരു വിഗ്രഹത്തിന്റെ പീഠമായിട്ടാണുദ്ദേശിക്കുന്നതെന്നും മനസ്സിലായപ്പോൾ ഇത് രണ്ടു വിധത്തിലും അർത്ഥസമർത്ഥമായ ഒരു കാഴ്ചയാണെന്ന് തിരുമേനി മനസ്സിലാക്കി. ആലങ്ങാട്ടെ ഉപഹാരം നമുക്ക് വളരെ സന്തോഷകരമായിരിക്കുന്നുവെന്ന് അവിടെ അറിയിക്കണം. സാക്ഷാൽ ദേവീപീഠം തന്നയാണല്ലോ കാഴ്ച എന്ന് തിരുമേനി ഉത്തരവായി.

കിട്ടിയ സന്ദർഭം തരകൻ കളഞ്ഞില്ല. തിരുമനസ്സുകൊണ്ട് കല്പിച്ചത് ശരിയാണ്. പക്ഷെ പീഠം മാത്രം മതിയെന്നും ദേവീസാന്നിദ്ധ്യം ആവശ്യമില്ലന്നുമാണ് ദളവായുടെ അഭിപ്രായം. അതുകൊണ്ടാണ് പീഠം മാത്രം തിരുമുൽക്കാഴ്ചവെക്കുവാൻ മങ്ങാട്ടുകൈമൾ നിർബന്ധിതനായത്.

malankaralibrary.com

"എന്താ സുബ്ബയ്യ എന്നു മഹാരാജാവ് തിരിഞ്ഞു ദളവായോടു ചോദിച്ചു. അടിയൻ ഒന്നും പറഞ്ഞില്ല എന്നായിരുന്നു ദളവായുടെ മറുപടി. പിന്നെ? എന്ന് തിരുമേനി ആരോടെന്നില്ലാത്ത വിധത്തിൽ എന്നാൽ ദളവായോടും തരകനോടുമായി ചോദിച്ചു. തരകൻ ഉടൻ തന്നെ തിരുമനസ്സറിയിച്ചു. തിരുമേനി, ആലങ്ങാട്ടു തമ്പുരാൻ, തിരു മനസ്സറിയിക്കുന്നത് തിരുമനസ്സിലെ ആഗ്രഹമാണെന്നറിഞ്ഞപ്പോൾ തമ്പുരാൻ തന്റെ സർവ്വാവകാശങ്ങളും ഇവിടേക്ക് എഴുതിത്തന്നു. പക്ഷെ എങ്ങിനെയും ആലങ്ങാട്ടെ സിംഹാസനം മതി, ആ സിംഹാസ നത്തിലിരുന്നവരെ വേണ്ട എന്നാണ് ദളവാ കരുതുന്നത്. അതുകൊ ണ്ടാണ് ആലങ്ങാട്ടെ ഭരദേവതാപീഠം മാത്രം തിരുമുൽക്കാഴ്ചവച്ചാൽ മതിയല്ലോ എന്ന് തമ്പുരാൻ കരുതിയത്. എന്നാൽ പീഠം മാത്രം പോരായെന്നാണ് തിരുവുള്ളമെന്ന് ഇപ്പോൾ മനസ്സിലായി."

"തിരുമേനി, മങ്ങാട്ടു സ്വരൂപത്തിന്റെ പൗരാണികമായ അധികാരാവകാശങ്ങളെല്ലാം തമ്പുരാൻ കുലശേഖരപ്പെരുമാൾ തിരുമേനിയ്ക്ക് അടിയറവച്ചുകഴിഞ്ഞു. കാലഗതി, അത് ആവശ്യ മാണെന്നുതന്നെ തമ്പുരാനെ ബോദ്ധ്യപ്പെടുത്തി. എന്നാൽ കീഴട ങ്ങിയ രാജാക്കന്മാർക്ക് പലർക്കും അടുത്തൂൺ കൊടുത്ത്, അവരെ സംതൃപ്തരാക്കിക്കൊണ്ടു തന്നെ രാജ്യം സ്വാധീനപ്പെടുത്തുകയാ യിരുന്നു നാടുനീങ്ങിയ പൊന്നു തിരുമേനി ചെയ്തിരുന്നത്. ധർമ്മരാജാവെന്ന് അനന്യസാധാരണമായ വിഖ്യാതിക്കർഹനായി ട്ടുള്ള തിരുമനസ്സിലെ തൃപ്പാദത്തുങ്കൽ ആലങ്ങാട്ടു തമ്പുരാൻ തന്റെ രാജ്യത്തെയും പ്രജകളെയും സമർപ്പിച്ച് അഭയമപേക്ഷിക്കുമ്പോൾ, അദ്ദേഹത്തിനും സന്തതികൾക്കും നിത്യതയ്ക്കുള്ള വകപോലും അടുത്തൂണായി കൊടുക്കുകയില്ലായെന്ന് വരുന്നത് സങ്കടകര മാണല്ലോ. അതുകൊണ്ടും തിരുമനസ്സിലെ ഔദാര്യത്തിൽ വിശ്വസി ച്ചുമാണ്, അടുത്തൂൺ കാര്യത്തിൽ ദളവാ വിരോധിയാണെന്നറി ഞ്ഞിട്ടും തിരുമനസ്സിലെ സന്നിധിയിൽ തമ്പുരാൻ സങ്കടമുണർത്തി ക്കാമെന്ന് വച്ചത്."

"മങ്ങാട്ടു കൈമൾ സാമൂതിരിയെ ആശ്രയിക്കുന്നതിനും ഇങ്ങോട്ട് എതിർക്കുന്നതിനും ആലോചിച്ചിരുന്നതായി ഇവിടെ അറിവുകിട്ടിയതുകൊണ്ടാണ്, മററുള്ളവരോട് കാണിച്ചതരത്തിലുള്ള അനുഭാവം വേണ്ടന്ന് വച്ചത്. മഹാരാജാവ് കല്പിച്ചരുളി."

തിരുമേനി സാധിക്കുമെങ്കിൽ പൂർവ്വികമായ തന്റെ സിംഹാ സനം അന്യാധീനപ്പെടുത്താതെ നോക്കണമെന്ന് തമ്പുരാൻ

malankaralibrary.com

ആഗ്രഹിച്ചുവെന്നത് ശരിയാണ്. ഏതൊരു നാടുവാഴിയാണ് അങ്ങനെ ആഗ്രഹിക്കാത്തത്? പക്ഷെ ആലങ്ങാട്ടുപോലുള്ള ഒരു കൊച്ചുരാജ്യത്തിന് പ്രബലന്മാരായ രാജാക്കന്മാരുടെ അവകാശതർക്കങ്ങൾക്കിടയിൽ അധികനാൾ സ്വതന്ത്രമായി കഴിയുക സാദ്ധ്യമല്ല. ഏതെങ്കിലും ഒരു വലിയ രാജ്യത്തിന് കീഴടങ്ങുകയേ നിവൃത്തിയുള്ളു. അങ്ങനെയാണെങ്കിൽ ശ്രേഷ്ഠനായ അയൽക്കാരന് കീഴടങ്ങുകതന്നെ നല്ലത് എന്ന് കരുതിയാണ് തമ്പുരാൻ തന്റെ രാജ്യം തിരുമനസ്സിലേക്ക് അടിയറവച്ചത്."

തരകന്റെ വാദം ഫലിച്ചു. കീഴടങ്ങിയ മററുരാജാക്കന്മാർക്ക് അനുവദിച്ചിട്ടുള്ള നിരക്കിൽ ആലങ്ങാട്ടു തമ്പുരാനും അടുത്തൂൺ അനുവദിച്ചു ആലങ്ങാട്ടെത്തി രാജാവിനെ ഈ വിവരം തരകൻ അറിയിക്കുകയും പിന്നീട് സ്വർണ്ണനിർമ്മിതമായ ഒരു ഭഗവതീവിഗ്രഹം കൂടെ കുലശേഖരപ്പെരുമാൾക്ക് കാഴ്ചവയ്ക്കുകയും പത്മസനസ്ഥയായ ആ ഭഗവതി വിഗ്രഹം മഹാരാജാവിന്റെ പ്രത്യേക ആദരവിന് വിധേയമാകുകയും ചെയ്തു.

പെരുമാക്കന്മാരുടെയും കൊച്ചീരാജാവിന്റെയും തണലിൽ സ്വതന്ത്ര ജനതകളായി കഴിഞ്ഞുകൂടി ആലങ്ങാട്ടിലെയും പറവൂരിലെയും ജനങ്ങൾ അങ്ങകലെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സർക്കാരിന്റെ – തിരുവിതാംകൂറിന്റെ പ്രജകളായിത്തീർന്നു. ബാഹ്യക്രമണങ്ങളൊന്നും ഉണ്ടാകാതിരുന്ന കാലത്ത് അവർ സമാധാനവും ശാന്തിയും അനുഭവിച്ചു. ടിപ്പുസുൽത്താൻ ആ പ്രദേശങ്ങൾ ആക്രമിച്ചപ്പോൾ നാനാവിധമായ ക്രൂരകർമ്മങ്ങൾ ചെയ്തു കൊള്ളുവാൻ പട്ടാളക്കാർക്ക് ടിപ്പു നിർദ്ദേശം നൽകി. നിരവധി ക്ഷേത്രങ്ങളും പള്ളികളും കൊള്ളയടിക്കുകയും നശിപ്പിക്കുകയും ചെയ്തു. അനേകായിരങ്ങളെ നിർബന്ധമായി മുസ്ലീം മതത്തിലേക്കു ചേർക്കപ്പെട്ടു.

☆

malankaralibrary.com

## 9

# കൂനൻകുരിശു സത്യത്തിനുശേഷം

1653 ജനുവരി 3-ാം തീയതിയാണല്ലോ സുറിയാനിക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിൽ കൂനൻകുരിശിങ്കൽ വച്ച് സത്യം ചെയ്തത്. മേലാൽ പറങ്കികളോട് യോജിക്കുകയില്ലന്നും അവർക്ക് കീഴ്പ്പെടുകയില്ലെന്നുമായിരുന്നു കൂനൻകുരിശിൽ പിടിച്ചുകൊണ്ട് സത്യം ചെയ്തത്. അതേസമയം മാർപ്പാപ്പായെ ധിക്കരിക്കുമെന്ന് ഒരു സൂചനപോലും ആ പ്രഖ്യാപനത്തിൽ ഇല്ലായിരുന്നു. കൂനൻകുരിശു സത്യത്തിനുശേഷം ഒരു വിഭാഗം ശീശ്മയിൽ ചേർന്നെങ്കിലും ഭൂരിഭാഗം ആളുകളും പഴയവിശ്വാസത്തിൽ തന്നെ ഉറച്ചുനിന്നു. പറമ്പിൽ ചാണ്ടിമെത്രാനെ – ഒരു സ്വജാതീയനെ മെത്രാനായി ലഭിച്ചപ്പോൾ നസ്രാണികൾക്ക് സംതൃപ്തിയുണ്ടായി. എന്നാൽ വീണ്ടും അവർ വിദേശീയമെത്രാന്മാരുടെ ഭരണത്തിന് വിധേയമായി. ഇത് സുറിയാനിക്രിസ്ത്യാനികളെ വേദനിപ്പിച്ചു. തന്മൂലം സ്വജാതീയനായ ഒരു മെത്രാനെ ലഭിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ തുടർന്നു. സ്വജാതീയമെത്രാനെ ലഭിക്കുന്നതിനുവേണ്ടി കൽദായപാത്രയർക്കീസിന് തുടരെത്തുടരെനിവേദനങ്ങളയച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി മാർ ശെമയോൻ എന്നൊരു കത്തോലിക്കാമെത്രാനെ കേരളത്തിലേക്കയച്ചു. പക്ഷെ മാർ ശെമയോന്റെ വരവിനെ കർമ്മലീത്താക്കാർ അനുകൂലിച്ചിരുന്നില്ല. മാർശെമയോനെ സ്വീകരിക്കുന്നതിന് പഴയകൂററുകാരും പുത്തൻകൂററുകാരും സന്നദ്ധരായിരുന്നു. മാർശെമയോൻ മലയാളക്കരയിൽ താമസിച്ച് പ്രവർത്തിക്കുന്നത് തങ്ങളുടെ അധികാരത്തിന് കോട്ടം തട്ടുമെന്ന് കർമ്മലീത്താക്കാർ കണക്കാക്കി. കർമ്മലീത്താക്കാരുടെ പാർശ്വവർത്തിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഡച്ചുകാരിൽ സ്വാധീനം ചെലുത്തി മാർശെമയോനെ പോണ്ടിച്ചേരിയിലേക്ക് അയയ്ക്കുകയും ചെയ്തു. 20 വർഷത്തോളം മാർശെമയോൻ പോണ്ടിച്ചേരിയിൽ താമസിക്കുകയും 1720 ആഗസ്റ്റിൽ ദിവംഗതനാവുകയും ചെയ്തു. സുറിയാനിക്കാർ നിരാശപ്പെടാതെ വീണ്ടും കൽദായപാത്രയർക്കീസിന്റെ പക്കൽ നിവേദനം നൽകി. മാർ ഗബ്രയേൻ എന്ന കൽദായമെത്രാപ്പോലീത്തായെ കേരളത്തിലേക്കയച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അദ്ദേഹം തന്റെ വാഗ്ദാനങ്ങൾ ലംഘിക്കുകയും തന്മൂലം വിശ്വാസികൾ മാർ ഗബ്രിയേലിന് വിധേയമാകരുതെന്ന് പ്രൊപ്പഗാന്താതിരുസംഘം തീരുമാനിക്കുകയും ചെയ്തു. എങ്കിലും നിരോധനം

malankaralibrary.com

വകവയ്ക്കാതെ ഇവിടെ കഴിഞ്ഞുകൂടിയ ഗബ്രിയേൽ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം പേരുടെയും ആദരവുകൾ നേടി. മിഷനറിമാരുടെ പ്രവർത്തനംകൊണ്ട് കുറെ ആളുകളെ മാർ ഗബ്രിയേലിൽ നിന്നു അകററുവാൻ സാധിച്ചു.

സുറിയാനിക്കാർക്ക് സ്വജാതീയനായ ഒരു നേതാവില്ലാത്തതാണ് സകല കുഴപ്പങ്ങൾക്കും കാരണമെന്ന ബോദ്ധ്യം അവരിൽ രൂഢമൂലമായിക്കൊണ്ടിരുന്നു.

പ്രൊപ്പഗാന്താക്കാരും പാദ്രുവാദോക്കാരും ഇവിടെ പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ വികാരി അപ്പസ്തോലിക്കാമാരായും മെത്രാന്മാരായും നിരവധിയാളുകൾ സഭയെ ഭരിച്ചിരുന്നു.

ഭാരതസഭാചരിത്രം രചിച്ച പ്രമുഖ ചരിത്രകാരനായ റവ. ഡോ. സേവ്യർ കൂടപ്പുഴ ഇപ്രകാരം എഴുതുന്നു. (പേജ് 419 – 424)

"കർമ്മലീത്താക്കാരും സുറിയാനിക്കാരും പരസ്പര ബഹുമാനത്തോടെ ആരംഭിച്ച ബന്ധം ക്രമേണ ഉലയുന്നതായി കാണാം. ഫ്ളോറൻസ് വികാരി അപ്പസ്തോലിക്കാ ആയിരുന്നപ്പോൾ സംഘർഷാവസ്ഥ ഉച്ചകോടിയിലെത്തി. സംസ്കാരശൂന്യതയും മേൽക്കോയ്മ മനോഭാവവും ധാർമ്മികാധഃപതനവുമാണ് കർമ്മലീത്താക്കാരുടെ പരാജയത്തിന് പ്രധാന കാരണം. മലങ്കരയിലെ ഈ സംഘർഷത്തിന്റെ പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത് താഴെപ്പറയുന്നവയാണ്.

1. ഇടപ്പള്ളി വികാരിയായിരുന്നു ഇക്കാക്കോ കത്തനാരെ തെററായ കുററാരോപണം നടത്തി ദേഹോപദ്രവമേൽപ്പിച്ചു വധിച്ചു
2. ആവലാതികളും സങ്കടങ്ങളും അന്വേഷിച്ചറിയാതെ നിരപരാധികളെ ശിക്ഷിച്ചു.
3. പാദ്രുവാദോ മെത്രാപ്പോലീത്ത വൈദീകപട്ടം മുടക്കിയ ശെമ്മാശന് പ്രൊപ്പഗാന്താ വികാരി അപ്പസ്തോലിക്കാ വൈദീകപട്ടം നൽകി
4. പാരമ്പര്യത്തിന് വിപരീതമായി മേൽക്കോയ്മ മനസ്ഥിതിയോടെ, സുറിയാനിപ്പള്ളികളിലെ പ്രധാന തിരുനാളാഘോഷങ്ങളിൽ പ്രദക്ഷണത്തിലും മററും പ്രധാന സ്ഥാനം കൈയ്യടക്കി

malankaralibrary.com

## ഇക്കാക്കോ കത്തനാരുടെ വധം

വി. അമ്മ ത്രേസ്യായുടെ തിരുനാൾ ദിവസങ്ങളിൽ വരാപ്പുഴ പള്ളിയിൽ വിശുദ്ധ കുർബ്ബാന പരസ്യമായി എഴുന്നള്ളിച്ചുവച്ച് നാല്പതുമണിയാരാധന നടത്തുന്ന പതിവ് കർമ്മലീത്താക്കാർ ആരംഭിച്ചു. ഭക്തരായ ജനങ്ങളും ആരാധനയിൽ പങ്കെടുത്തിരുന്നു. പതിവനുസരിച്ച് ഇടപ്പള്ളി പള്ളി വികാരിയും കല്ലൂർക്കാട് ഇടവകക്കാരനുമായ ഫാ. ചാക്കോക്കത്തനാർ പുത്തൻപറമ്പിലും (ഇക്കാക്കോകത്തനാർ) ആരാധനയ്ക്ക് വന്നിരുന്നു. ആരാധനയോടനുബന്ധിച്ചുള്ള വിരുന്നിന്റെ ലഹരിയിൽ സ്വയം മറുന്നുപോയ കർമ്മലീത്താ സന്യാസികൾ പള്ളി പൂട്ടാതെ സുഖനിദ്രയിലമർന്നു. തന്മൂലം വി.കുർബ്ബാന സൂക്ഷിച്ചിരുന്ന അരുളിയ്ക്കാ മോഷണം പോയത് അവർ അറിഞ്ഞതേയില്ല. പിന്നീട് അവർ അന്വേഷണം ആരംഭിച്ചു. യാത്രപറയാതെ പോയതിന്റെ പേരിൽ ഇക്കാക്കോ കത്തനാരെയും വിളിച്ചുവരുത്തി ചോദ്യം ചെയ്തു. അദ്ദേഹം അതൊന്നും അറിഞ്ഞിട്ടില്ലന്നും ഭക്ഷണശേഷം ഉറങ്ങാൻ കിടന്നതുകൊണ്ടാണ് യാത്ര ചോദിക്കാതെ പോയതെന്നും ഇക്കാക്കോകത്തനാർ മറുപടി പറഞ്ഞു. തന്മൂലം അവർ അദ്ദേഹത്തെ വിട്ടയച്ചു. എന്നാൽ ഫ്രാൻസീസ് സാലസ് (പിന്നീട് മെത്രാൻ) എന്ന കർമ്മലീത്താവൈദീകന് ഇക്കാക്കോകത്തനാരുടെ മേൽ വലിയ സംശയം ഉണ്ടായി. ഈ വിവരമറിഞ്ഞ് ഇടപ്പള്ളി രാജാവിന്റെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന ഇക്കാക്കോകത്തനാരെ, കർമ്മലീത്താക്കാർ ബലമായി പിടിച്ച് വരാപ്പുഴയ്ക്ക് കൊണ്ടുപോയി ബന്ധനസ്ഥനാക്കി. പലതരത്തിലുള്ള ദേഹോപദ്രവങ്ങളേൽപ്പിച്ചു. എന്നിട്ടും നിരപരാധിയായ അദ്ദേഹം കുററം സമ്മതിക്കാതിരുന്നതുമൂലം പട്ടിണികിടന്ന് മരിക്കണമെന്ന് അവർ വിധിച്ച് വളരെ ദിവസങ്ങളിലേക്ക് പട്ടിണിയിട്ടു. ഇക്കാക്കോകത്തനാർ ഇപ്രകാരം കിടന്ന് മരിക്കാറായപ്പോൾ കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിന് മിഷനറിമാരോട് സഹായമപേക്ഷിച്ചു. അവർ അതിന് തയ്യാറായില്ല. അങ്ങനെ കർമ്മലീത്താമിഷനറിമാരുടെ ക്രൂരതയുടെ ബലി വസ്തുവായി ഇക്കാക്കോകത്തനാർ മരിച്ചു. അദ്ദേഹത്തിന്റെ ശരീരം ഒരു പായിൽ പൊതിഞ്ഞുകെട്ടി പള്ളിക്കു പുറത്തെ പറമ്പിലുള്ള കുളത്തിന്റെ തീരത്ത് അവർ കുഴിച്ചിട്ടു. വർത്തമാനപുസ്തകത്തിൽ ഈ സംഭവം വിശദമായി വിവരിക്കുന്നുണ്ട്. കൊച്ചിരാജാവ് ഈ കൊലക്കുററത്തിന് മിഷനറിമാരെ ശിക്ഷിക്കുകയും ചെയ്തു.

പൗളീനോസ് പാതിരിയും മെത്രാനും ഇക്കാക്കോകത്താനാരുടെ വധത്തിന് കൂട്ടാളികളെന്ന നിലയിൽ 1100 രൂപാ തിരുവിതാം

malankaralibrary.com

കൂർ സർക്കാരിൽ പിഴകെട്ടുകയുണ്ടായി. അതു സംബന്ധിച്ച് എഴുതിവച്ച കച്ചീട്ട് താഴെ ചേർക്കുന്നു. "962-ാമാണ്ട് മേടമാസം 2-ാം തീയതി ശ്രീപണ്ടാരക്കാര്യം ചെയ്‌വാറകൾ മുമ്പാകെ വരാപ്പുഴകർമ്മലീത്താ ദർശനത്തിൽ പൗളീനോസ് പാതിരിയും യോഹന്നാൻ പാതിരിയും കൂടി എഴുതിവച്ച് കച്ചാട്ടാണത്. കല്ലൂർക്കാട്ട് പുതപ്പറമ്പിൽ ഇത്താക്കു കത്തനാരെ വരാപ്പുഴപള്ളിയിൽ 946-ാമാണ്ട് വന്നതിന്റെ ശേഷം അവിടെ നിന്നും ഏതാനും മുതൽകാര്യം മോഷ്ടിച്ചുകൊണ്ടുപോയി എന്നു വച്ചു കത്തനാരു എടപ്പള്ളിയിൽ പാർക്കുമ്പോൾ മാർഗക്കാരെയും പ്രഞ്ചിസ്കസലാസ് പാതിരിയെയും കൂട്ടി അയച്ചു പിടിച്ചുകൊണ്ടുവന്ന് മുറിയിൽ ഇട്ടുപൂട്ടി അപായം വരുത്തിച്ചതിന് മെത്രാനും ഞങ്ങളും കൂടി പിഴസമ്മതിക്കുകകൊണ്ട് ആ പിഴക്കു കല്പിക്കും വണ്ണം പ്രായശ്ചിത്തം ചെയ്തുകൊൾകയും ആവാം. ഇപ്പടി സമ്മതിച്ചു ഇന്ത കച്ചീട്ട് എഴുതിവച്ച വരാപ്പുഴ പൗളിനോസ് പാദ്രിയും യോഹന്നാൻ പാദ്രിയും.

ഇടപ്പള്ളിപള്ളിക്കാർ ഇക്കാക്കോകത്തനാരോട് കർമ്മലീത്താക്കാർ കാട്ടിയ ക്രൂരതയ്ക്കെതിരെ ശബ്ദമുയർത്തി. വരാപ്പുഴെ നിന്ന് അവർക്കു ശിക്ഷയായി ആ പള്ളി പൂട്ടിക്കുകയും ചെയ്തു. കാട്ടാളന്മാരെപ്പോലെ സംസ്കാരശൂന്യരായി പ്രവർത്തിച്ച മിഷനറിമാരോട് മാർത്തോമ്മാക്രിസ്ത്യനികൾക്ക് വിദ്വേഷം വർദ്ധിപ്പിച്ച മറെറാരു സംഭവം കൂടിയുണ്ട്. 1773 ജൂലൈ 26-ന് ഫ്ളോറൻസ് മെത്രാൻ മരിച്ചു. വരാപ്പുഴപള്ളി ഭരിക്കുന്ന മെത്രാന്റെ ആസ്ഥാനവും അതുതന്നെയായിരുന്നല്ലോ. തന്മൂലം അവിടെ താമസിച്ചിരുന്ന കർമ്മലീത്താ മെത്രാന്മാർ മരിക്കുമ്പോൾ അവരുടെ ശവസംസ്കാരകർമ്മങ്ങളിൽ സുറിയാനിക്കാർ സന്നിഹിതരാവുകയും ശവസംസ്കാരകർമ്മങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുക പതിവായിരുന്നു. ഫ്ളോറൻസ് മെത്രാന്റെ ശവസംസ്കാരത്തിൽ സംബന്ധിക്കുവാൻ സുറിയാനിക്കാർ പതിവുപോലെ ചെന്നപ്പോൾ മിഷനറിമാർ അതിന് അനുവദിച്ചില്ല. അന്നത്തെ കർമ്മലീത്താ പ്രൊവിൻഷ്യൽ സുപ്പീരിയറായിരുന്ന അനസ്താസ്യോസ് ജറോം സുറിയാനിക്കാരോടു പറഞ്ഞു. "നിങ്ങൾ ഇവിടെ വരുവാൻ എന്തൊരു ബന്ധം. നിങ്ങളുടെ മെത്രാൻ പൂക്കെട്ട് (കൊടുങ്ങല്ലൂർ) ഇരിക്കുന്നതല്ലോ ആകുന്നു. ഈ മെത്രാൻ ഞങ്ങൾക്കുള്ളതത്രേ ആകുന്നു എന്നു വരുമ്പോൾ ഇദ്ദേഹത്തിന്റെ കബറിടക്കം ചെയ്യുന്നത് നിങ്ങൾക്ക് ബന്ധിക്കുന്ന കാര്യമല്ലല്ലോ. ഞങ്ങൾക്കു ബന്ധിക്കുന്ന കാര്യമല്ലോ ആകുന്നു. ആയതുകൊണ്ട് നിങ്ങൾ ഒഴിഞ്ഞ് ഞങ്ങളുടെ മെത്രാനെ അടക്കുവാൻ ഇടതരണമെന്നും ഇങ്ങനെ പറഞ്ഞുകൊണ്ടും മലങ്കര ഇടവകക്കാരെ ഒഴിച്ചുനിറുത്തി."

malankaralibrary.com

## അങ്കമാലി യോഗം

സുറിയാനിക്കാരെ അത്യധികം വേദനിപ്പിച്ച അനുഭവമായിരുന്നു അത്. അവരുടെ അഭിമാനത്തെയും ആചാരങ്ങളെയും ചോദ്യം ചെയ്തതുമൂലം അഭിമാന വ്രണിതരായ അവർ തങ്ങൾക്ക് സ്വജാതീയനായ മെത്രാനില്ലാത്തതുമൂലമാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കി. ഇനിയും ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പൊതുയോഗങ്ങൾ കൂടി പ്രശ്നങ്ങൾ ചർച്ചചെയ്തു അവരുടെ ആർച്ചിഡിക്കൻ സ്ഥാനം പുനഃപ്രതിഷ്ഠിക്കുന്നതിനെപ്പററി ആലോചിച്ചു. എല്ലാ കുഴപ്പങ്ങൾക്കും കാരണം സ്വജാതീയനായ മെത്രാനില്ലാത്തതാണെന്ന് അവർക്ക് വ്യക്തമായിരുന്നു. പാറേമ്മാക്കലച്ചൻ ഇതിനെക്കുറിച്ച് ഇപ്രകാരം വർത്തമാനപുസ്തകത്തിൽ എഴുതിയിരിക്കുന്നു. "നമ്മുടെ ജാതിക്കു തലവൻ ഇല്ലായ്കകൊണ്ടുള്ള കുറച്ചിൽ എല്ലാവർക്കും നന്നായി പ്രസിദ്ധമാവുകയും ചെയ്തു." അങ്കമാലി യോഗവിവരം വരാപ്പുഴ മിഷനറിമാർ അറിഞ്ഞു അത് മറെറാരു പ്രതിസന്ധിക്ക് വഴിതെളിക്കുമോയെന്ന് പേടിച്ച് മൂന്നു മിഷനറിമാർ ഉടനെ അങ്കമാലിയിൽ എത്തിച്ചേർന്നു. അവരുടെ കൂടെയുണ്ടായിരുന്ന കർമ്മലീത്താ അപ്പസ്തോലികവിസിററായിരുന്ന ലോറൻസ് ജൂസ്തിനിയാനി ഉടനെതന്നെ (1773 സെപ്ററംബർ 20) നസ്രാണിനേതാക്കന്മാരുടെ പക്കലെത്തി പ്രശ്നപരിഹാരാർത്ഥം ഒരു കരാറിൽ ഒപ്പുവയ്ക്കുവാൻ തയ്യാറായി. അതിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. മെത്രാന്മാരുടെ ശവസംസ്കാരകർമ്മം പരമ്പരാഗതമായ രീതിയിൽ സുറിയാനിക്കാർ തന്നെ നിർവ്വഹിക്കും

2. തിരുനാളുകളിൽ തിരുശ്ശേഷിപ്പ് സുറിയാനി വൈദീകർ തന്നെ കീഴ്നടപ്പുപോലെ എടുക്കുന്നതാണ്

3. വൈദീകരെ മർദ്ദിക്കുക, തടവിലാക്കുക, സഭാപരമായ ശുശ്രൂഷ കൂടാതെ സിമിത്തേരിക്ക് വെളിയിൽ അവരെ സംസ്കരിക്കുക മുതലായവ മേലിൽ ഉണ്ടാകുന്നതല്ല. വൈദീകരിൽ എന്തെങ്കിലും കുററമുണ്ടാകുന്നപക്ഷം തിരുസഭയുടെ നിയമങ്ങൾക്ക് അനുസരണമായി മാത്രമേ ശിക്ഷിക്കുകയുള്ളു.

4. എഴുനൂററിക്കാർക്ക് പട്ടം കൊടുത്ത് സുറിയാനിക്കാരുടെ രീതിയിൽ അവരെ നടത്തുകയില്ല

malankaralibrary.com

5. സുറിയാനിക്കാരുടെ മെത്രാന്മാരിൽ ഒരാൾ ആർക്കെങ്കിലും പട്ടം നിഷേധിച്ചാൽ അയാൾക്ക് വേറൊരു മെത്രാൻ പട്ടം കൊടുക്കുന്നതല്ല

6. വൈദീകർക്കും ജനങ്ങൾക്കും ഉണ്ടാകുന്ന പരാതികളിൽ കാര്യത്തിന്റെ യാഥാർത്ഥ്യം നല്ലതുപോലെ പരിശോധിച്ചറിയാതെ ആരെയും ശിക്ഷിക്കുകയോ മഹറോനിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നതല്ല. ഇങ്ങനെ ആറു വ്യവസ്ഥകളാണ് കരാറിൽ അടങ്ങിയിരിക്കുന്നത്

പാതിരിമാർ ഈ വ്യവസ്ഥ എഴുതി ഒപ്പിട്ടു എങ്കിലും അധികം താമസിയാതെ അവർ അതിനെതിരായി പ്രവർത്തിക്കുവാൻ തുടങ്ങി. സുറിയാനിക്കാർക്ക് അവരുടെ മതാദ്ധ്യക്ഷൻ ഇല്ലാതിരുന്നതു കൊണ്ടും ഈ തീരുമാനങ്ങൾക്കെതിരായി പ്രവർത്തിച്ചാൽ ചോദിക്കാൻ ആളില്ലാതിരുന്നതുകൊണ്ടും അവർ ഇഷ്ടം പോലെ പ്രവർത്തിച്ചു. പനച്ചിക്കൽ വർഗീസ് കത്തനാർ മലയാററൂരിൽ പുതുഞായറാഴ്ച വി.തോമ്മാശ്ലീഹായുടെ തിരുനാൾ ദിവസം റാസക്കുർബ്ബാന ചൊല്ലിയതിനുശേഷം തിരുശ്ശേഷിപ്പ് അടങ്ങുന്ന വി.പേടകം എടുത്ത് പ്രദക്ഷിണം നടത്തിയതിന് ശിക്ഷയായി അങ്കമാലി രേഖയിൽ ഒപ്പുവച്ചവരിൽ ഒരാളായ ജോൺമാർഗരററ് എന്ന മിഷനറി, വർഗീസ് കത്തനാരെ ബന്ധിച്ച് അർദ്ധരാത്രി വരാപ്പുഴയിൽ കൊണ്ടുപോവുകയും യാതൊരു വിചാരണയും കൂടാതെ കട്ടിലിൽ മലർത്തിക്കിടത്തി കട്ടിലിനോട് ബന്ധിച്ചിട്ട് വേലക്കാരെക്കൊണ്ട് അടിപ്പിക്കുകയും ചെയ്തു.

പ്രൊപ്പഗാന്തായുടെ 1774 –ലെ രേഖകളനുസരിച്ച് ജൂസ്തിയാനി ഒപ്പുവച്ച വ്യവസ്ഥകൾ റോമിലും അംഗീകരിച്ചതായി കാണുന്നു. അതിൽ കാണുന്നത് ഇപ്രകാരമാണ്. “മാർത്തോമ്മാ ക്രിസ്ത്യാനികളെ വിഷമിപ്പിക്കാതെ ലത്തീൻകാരുടെ സെമിനാരിയുമായി യോജിച്ചു പോകണമെന്നാണ് തിരുസംഘത്തിന്റെ ആഗ്രഹം. മാർത്തോമ്മാ ക്രസ്ത്യാനികളെ മിഷനറിമാർ ഉപദ്രവിക്കാതെ അവരോട് സ്നേഹപൂർവ്വം പെരുമാറണമെന്നും അല്ലങ്കിൽ മറെറാരു റീത്തിൽപ്പെട്ടവരുടെ ഭരണം മൂലം വിഷമിക്കുന്ന അവർ ചിലപ്പോൾ സഭക്കുതന്നെ നഷ്ടപ്പെട്ടേക്കാമെന്നും പ്രൊപ്പാഗാന്താ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.”

സാമുദായികമായ ഈ കോളിളക്കങ്ങളിൽ വർത്തകപ്രഭുവായ

malankaralibrary.com

തച്ചിൽ മാത്തുത്തരകൻ ഇതേവരെ ഇടപെട്ടിരുന്നതായി കാണുന്നില്ല. വ്യാപാരപരവും രാജ്യകാര്യസംബന്ധവുമായ പര്യടനങ്ങളിലും കാര്യവ്യഗ്രതകളിലും ഏർപ്പെട്ടിരുന്നതുകൊണ്ട് അദ്ദേഹത്തിന് അതിന് സമയം ലഭിക്കാതിരുന്നതാകാം ഇതിനു കാരണം. എന്നാൽ സമുദായകാര്യങ്ങളിലേക്ക് ശ്രദ്ധചെലുത്തുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കിയ ഒരു സംഭവം ഉണ്ടായിതീർന്നു. അതാണ് ഫ്രാൻസീസ് സാലസ് മെത്രാന് നൽകിയ സ്വീകരണം. (തച്ചിൽ മാത്തുത്തരകൻ ജീവചരിത്രം പേജ് 169)

ഇക്കാക്കോ കത്തനാർ സംഭവത്തിന്റെ മുഖ്യഉത്തരവാദി ഫ്രാൻസീസ് സാലസ് എന്ന കർമ്മലീത്താമിഷനറിയായിരുന്നു. ഈ സംഭവത്തോടുകൂടി സുറിയാനിക്കാരുടെ വിദ്വേഷത്തിന് വിധേയനായ മിഷനറിയായിരുന്നു ഫ്രാൻസീസ് സാലസ്. അദ്ദേഹത്തിന്റെ പരുക്കൻ സ്വഭാവവും കാടത്തരവും നിമിത്തം സഹ മിഷനറിമാർക്കും ഫ്ളോറൻസ് മെത്രാനും കൂടിച്ചേർന്ന് അദ്ദേഹത്തെ കേരളത്തിൽ നിന്നും സ്വന്തം പ്രൊവിൻസിലേക്ക് തിരിച്ചയച്ചു. എന്നാൽ അദ്ദേഹം കേരളത്തിൽ കാട്ടിക്കൂട്ടിയ വിക്രിയകളെക്കുറിച്ച് റോം മനസ്സിലാക്കിയിരുന്നില്ല. തന്ത്രശാലിയായ അദ്ദേഹം 1773 നവംബർ നാലാം തീയതി റോമിൽ എത്തി. റോമിൽ എത്തിച്ചേർന്ന അദ്ദേഹം പ്രൊപ്പഗാന്താതിരുസംഘത്തിന്റെ പ്രീതി പിടിച്ചുപററാനുള്ള നീക്കങ്ങൾ ആരംഭിച്ചു. റവ.ഡോ. സേവ്യർ കൂടപ്പുഴയുടെ വാക്കുകൾ ഒരിക്കൽ കൂടി ഉദ്ധരിക്കട്ടെ. (ഭാരതസഭാചരിത്രം പേജ് 424  to 426) മലബാറിൽ ചെയ്യാവുന്ന പരിഷ്കാരങ്ങളെപ്പററിയും മിഷന്റെ സ്ഥിതിഗതികളെക്കുറിച്ചും പ്രെപ്പഗാന്തായെ അറിയിച്ചു. അദ്ദേഹം മലബാറിൽ പല നല്ലകാര്യങ്ങളും ചെയ്തതായി പറഞ്ഞുപരത്തി. അജ്ഞാനികളായിരുന്ന അനേകം പേരെ ജ്ഞാനസ്നാനപ്പെടുത്തി. കലഹിച്ചു കഴിഞ്ഞിരുന്ന മലബാറിലെ ജനങ്ങളെ തമ്മിൽ ഐക്യപ്പെടുത്തി. മിഷനറി വൈദീകരോടെതിരായിരുന്ന മലബാറുകാരെ അവരുമായി രമ്യതപ്പെടുത്തി. ശീശ്മയിൽ കഴിഞ്ഞിരുന്ന വൈദീകരേയും ജനങ്ങളേയും റോമിന്റെ അനുസരണത്തിലാക്കി. അബദ്ധപഠനങ്ങൾ ദൂരീകരിച്ചു. അങ്ങനെ പലതും റോമിൽ ചെന്ന് മാർപ്പാപ്പായേയും പ്രൊപ്പാഗാന്താ അധികാരികളെയും ഈ വിവരങ്ങൾ ധരിപ്പിച്ചു.

സംപ്രീതരായ പ്രൊപ്പഗാന്താ അധികാരികൾ അദ്ദഹത്തെ 1774 ജൂലൈ 8-ാം തിയതീ മലബാറിന്റെ വികാരി അപ്പസ്തോലിക്കായായി നിയമിച്ചു. പാരീസിൽ മെത്രാൻ പട്ടം സ്വീകരിച്ച ഫ്രാൻസീസ് സാലസ്

malankaralibrary.com

1775 ഒക്ടോബർ 13-ാം തീയതി തികച്ചും പ്രതികൂലമായ സാഹചര്യത്തിൽ മലബാറിലെത്തി. കർമലീത്താക്കാർക്കും നസ്രാണികൾക്കും അദ്ദേഹം സ്വീകാര്യനായിരുന്നില്ല. സാലസ് തിരിച്ചെത്തിയ ഉടനെ 25 വർഷത്തോളം വികാരി പ്രൊവൻഷ്യലായിരുന്ന വൈദികനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തു. ഇററലിക്കാരായ സന്യാസിമാർ ജർമ്മൻകാരനായ സാലസ് മെത്രാനെ എതിർത്തു. ഈയവസരത്തിൽ സാലസ് മെത്രാൻ മാർത്തോമ്മാ ക്രിസ്ത്യനികളുടെ പിന്തുണ്ണനേടാൻ കരിയാററിമല്പാന്റെ സഹായം തേടി. അങ്ങനെ കരിയാററിയുടെ സ്വാധീനം മൂലം 1776 ഫെബ്രുവരി 15-ാം തീയതി മാർത്തോമ്മാ ക്രിസ്ത്യാനികൾ സാലസ് മെത്രാനെ സാഘോഷം വരാപ്പുഴയിൽ നിന്ന് ആലങ്ങാട്ടു പള്ളിയിലേക്ക് മാററി താമസിപ്പിച്ചു. സ്ഥിഗതികളുടെ ഗൗരവം മനസ്സിലാക്കിയ കർമ്മലിത്താക്കാർ രണ്ടുപേരെ ആലങ്ങാട്ടിനയച്ച് രമ്യപ്പെടുവാൻ വിഫലശ്രമം നടത്തി.

കർമ്മലിത്താക്കാരുമായുള്ള സാലസ് മെത്രാന്റെ വിയോജിപ്പ് റോമിൽ അറിയിക്കാൻ ഫാ. ജോൺ മർഗാദ് എന്ന മിഷനറിയെ കർമ്മലിത്താക്കാർ റോമിലേക്കയച്ചു.

പ്രതികാര ബുദ്ധിയോടെ മിഷനറിമാർ, സാലസ് മെത്രാനെ രാജോചിതമായ രീതിയിൽ ആലങ്ങാട്ടേക്കു കൊണ്ടുപോയത് രാജനിയമത്തിന് എതിരാണെന്ന് കാണിച്ച് സർക്കാരിൽ ഹർജികൊടുത്തു. ആദ്യം ആലങ്ങാട് സർവ്വധിക്കാരൻ ഇതേക്കുറിച്ച് അമ്പേഷിച്ചു. ഇത് നേരത്തെയുള്ള പതിവാണെന്നും രാജനിയമത്തിനെതിരല്ലെന്നും സർവ്വാധിക്കാരനെ തച്ചിൽ മാത്തുത്തരകൻ ബോദ്ധ്യപ്പെടുത്തി. എങ്കിലും മാത്തുത്തരകൻ തിരുവനന്തപുരത്തു ചെന്നപ്പോൾ ദളവ ഇതേക്കുറിച്ച് വീണ്ടും പ്രശ്നമുന്നയിച്ചു. തരകനും മുളക്കുളം പള്ളിഇടവകക്കാരൻ പാറേക്കാട്ടിൽ കുരുവി കത്തനാരും മററും ഇടപെട്ട് പിഴകൊടുക്കണമെന്നത് റദ്ദാക്കി.

അതിനാൽ മിഷനറിമാർ സാലസ് മെത്രാനെ സമീപിച്ച് ഭവ്യം നടിക്കുകയും അദ്ദേഹം വരാപ്പുഴക്ക് തിരിച്ചുവരണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. തന്റെ ഇഷ്ടങ്ങളെല്ലാം സാധിക്കുന്നതിന് ആലങ്ങാട്ടെ വാസം ഒരു പ്രതിബന്ധമാണെന്ന് ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിരുന്ന മെത്രാൻ സസന്തോഷം അവരുടെ അഭ്യർത്ഥന സ്വീകരിച്ചു. സുറിയാനിക്കാർ അനുകൂലിച്ചില്ലെങ്കിലോ എന്നു കരുതി അവരോട് ആലോചിക്കാതെ രഹസ്യമായി തിരുവിതാംകൂർ സർക്കാരിൽ നിന്നും ഘോഷയാത്രയ്ക്കുവേണ്ടി അനുവാദം വാങ്ങി.

malankaralibrary.com

അങ്ങനെ 1777ൽ മിഷനറിമാരും അവരുടെ കൂട്ടുകാരും കൂടി ആഘോഷമായി മെത്രാനെ ആലങ്ങാട്ടുനിന്നും വരാപ്പുഴക്കുകൊണ്ടു പോയി. റോമിൽ നിന്നും എഴുത്തുമുഖേന ആവശ്യപ്പെട്ടതനു സരിച്ചാണ് എന്ന് അവർ ജനങ്ങളെ തെററിദ്ധരിപ്പിച്ചതിനാൽ ജനങ്ങൾ ശാന്തരായി. എന്നാൽ മെത്രാൻ അനുവാദം വാങ്ങി വരാപ്പുഴയ്ക്ക് പോയതിലൂടെ നസ്രാണികൾക്ക് പുരാതനകാലം മുതൽക്കുണ്ടാ യിരുന്ന ഒരവകാശം നിഷേധിക്കുകയായിരുന്നു. തന്മൂലം മെത്രാനെ എതിരേൽക്കുന്നത് പൂർവ്വാചാരമല്ലെന്നും സുറിയാനിക്കാർ മുമ്പ് സർക്കാരിനെ കബളിപ്പിക്കുകയായിരുന്നുവെന്നും അതിനാൽ ഇപ്പോൾ 6000 രൂപാ പിഴ ഒടുക്കണമെന്നും തിരുവിതാംകൂർ ഗവൺ മെന്റിൽ നിന്നും ഉത്തരവായി. മാത്രമല്ല ഇനിയും മെത്രാനെ സ്വീക രിച്ച് ഘോഷയാത്ര നടത്താനും മററുമായി 6000 രൂപാകൂടി ഗവൺമെന്റിലടക്കണമെന്നും വിധിച്ചു. അങ്ങനെ സുറിയാനിക്കാർക്ക് രണ്ടു വിധത്തിൽ നഷ്ടമുണ്ടായി. ഒന്നാമതായി ധനനഷ്ടം ആകെ 12000 രൂപാ ഗവൺമെന്റിലടക്കേണ്ടി വന്നു. രണ്ടാമതായി പരമ്പരാവ കാശ നഷ്ടം. പൂർവ്വാചാരം നിറുത്തലാക്കി അതായത് മെത്രാനെ എതിരേൽക്കാനും ഘോഷയാത്രകൾ നടത്താനും അനുവാദം വാങ്ങേണ്ടതായി വന്നു. വിദേശ മെത്രാനെ ബഹുമാനിച്ചാദരിച്ചതിന് മാർത്തോമ്മാ നസ്രാണികൾക്ക് കിട്ടിയ പ്രതിഫലം. ഈ സംഭവത്തെക്കുറിച്ച് പാറേമാക്കൽ ഗോവർണ്ണദോർ എഴുതിയിരിക്കു ന്നത് ശ്രദ്ധേയമാണ്. "......... രണ്ടുകൂട്ടം കാര്യം മെത്രാന്റെ അവി വേകം കൊണ്ട് നമുക്ക് നഷ്ടമായി പോകയും ചെയ്തു. അതായത് പണ്ടേ പണ്ടേ നമ്മുടെ കാരണവന്മാരുടെ കാലങ്ങളിലെ നമ്മുടെ ജാതിക്കുണ്ടായിരുന്ന സ്ഥാനം നഷ്ടമായിപ്പോയതും ഒഴിയെ ഇന്ന പല പല അരിഷ്ടങ്ങൾ കഴിച്ച് ഉണ്ടാക്കുന്ന പണത്തിനും കൂടെ ഛേദം വരികയും ചെയ്തു. അപ്പൊഴോ എന്തുകൊണ്ട് ഇത്ര വലിയ ഛേദം മെത്രാൻ നമുക്കു വരുത്തി. പക്ഷെ തന്റെ അറിവില്ലായ്മകൊണ്ടോ, ആയതു ബോധിപ്പാൻ വളരെ പരാധീനമുണ്ട്. അതെന്തെന്നാൽ മുമ്പിൽ ആലങ്ങാട്ടുനിന്നും വരാപ്പുഴ നിന്നും മെത്രാനെ കൊണ്ടു പോയതുകൊണ്ടുണ്ടായ ചോദ്യം രഹസ്യമുള്ള ഒരു കാര്യമല്ല. പിന്നയോ പരസ്യമായിട്ട് എല്ലാവരുടെയും മുഖേന ചോദ്യം ഉണ്ടാകയും ആയതിന് കീഴുമര്യാദ എന്നുള്ളത് കെട്ട വിധിച്ച സാധാനം കൊടുക്കയും ചെയ്ത മെത്രാൻ അറിഞ്ഞിരിക്കലെ ആയതു കൂട്ടാക്കാതെ വീണ്ടും രാജസമ്മതം വാങ്ങിയത് മെത്രാന്റെ അറിവില്ലാ യ്മകൊണ്ടല്ലാ. പിന്നെയോ ഹൃദയദോഷംകൊണ്ടത്രേ ആകുന്നു വെന്ന് വിചാരമുള്ളവർക്ക് അറികയുമാം"

malankaralibrary.com

സാലസ് മെത്രാനെപ്പററിയുള്ള പരാതിയുമായി റോമിന് പോയിരുന്ന ജോൺ മാർഗരററ് എന്ന കർമ്മലീത്താ വൈദികൻ റോമിലെത്തി സാലസ് മെത്രാൻ മൂലം മലബാറിലുണ്ടാകുന്ന കുഴപ്പങ്ങളെ അറിയിച്ചു. തൽഫലമായി 1777 ഫെബ്രുവരി 25-ാം തീയതി സാലസ് മെത്രാനെ പ്രൊപ്പഗാന്താ നിർബന്ധിച്ച് രാജിവയ്പിക്കുകയും 1778-ൽ അദ്ദേഹം മലബാർ വിടുകയും ചെയ്തു. 1787-ൽ പാലസ്തീനായിലെ കർമ്മലമലയിലെ ആശ്രമത്തിൽ വച്ച് മരിക്കുകയും ചെയ്തു.

സമുദായകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതിരുന്ന മാത്തൂത്തരകന് മേൽപറഞ്ഞ സംഭവം കേരളീയ സുറിയാനിസമുദായത്തിന്റെ അഭിവൃദ്ധിക്ക് സ്വജാതി മെത്രാനെ ലഭിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വന്നു. പിൽക്കാലത്ത് സ്വന്തം ജാതിയിലും റീത്തിലും പെട്ട മെത്രാനെ ലഭിക്കുന്നതിനുവേണ്ടി തന്റെ സർവ്വകഴിവുകളും ഉപയോഗിച്ച് പ്രവർത്തിക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കും. ☆

malankaralibrary.com

## 10

# സ്വജാതിമെത്രാനു വേണ്ടിയുള്ള പരിശ്രമങ്ങൾ

കൂനൻകുരിശു സത്യത്തെത്തുടർന്ന് നസ്രാണി ക്രിസ്ത്യാനികൾ പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ രണ്ടായി പിരിയുകയുണ്ടായല്ലോ. മാർത്തോമ്മാ എന്ന പേരിൽ പുത്തൻകൂററുകാരെ ആറുപേർ ഭരിക്കുകയുണ്ടായി. ഇതിൽ ആറുപേരും കൈവയ്പുള്ള സാധുവായ പട്ടം ലഭിച്ചിരുന്നവരല്ല. ഒടുവിലത്തെ 5 പേർ സാധുവായ വൈദികപട്ടം പോലും ലഭിച്ചവരായിരുന്നില്ല. എങ്കിലും എല്ലാ മാർത്തോമ്മാമാരും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്നതിനാഗ്രഹിക്കുകയും അതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. ശരിയായ മെത്രാൻ പട്ടം ലഭിക്കണമെന്നും ആഗ്രഹിച്ചിരുന്നു. എന്നാൽ ആറാം മാർത്തോമ്മായ്ക്ക് മാർഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാൻ പട്ടം നൽകി 1772-ൽ.

ഒന്നാമത്തെ മാർത്തോമ്മാ 1670-ാമാണ്ട് നിര്യതനായി. തൽസ്ഥാനത്ത് അദ്ദേഹത്തിന്റെ സഹോദരിപുത്രൻ മാർത്തോമ്മാ ദ്വിതീയൻ എന്ന അഭിധാനത്തോടെ അധികാരം കയ്യേററു. ഇദ്ദേഹം 8-ാം ദിവസം ഇടിവെട്ടേററ് മരിച്ചുവെന്നും അപ്പോൾ അദ്ദേഹത്തിന്റെ അനന്തരവനെ മാർത്തോമ്മാ തൃതീയനായി കോതമംഗലത്തുവച്ച് വാഴിച്ചുവെന്നും ഇദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് നാലാം മാർത്തോമ്മയായി സ്വന്തം അനന്തരവനെ നിയമിച്ചുവെന്നും അദ്ദേഹത്തിന്റെ നിര്യാണത്തെത്തുടർന്ന് 1686-ൽ അനന്തരവനെ അഞ്ചാം മാർത്തോമ്മായായി നിയമിച്ചുവെന്നും ഫാ.ബർണാർദ് തോമ്മ, മാർത്തോമ്മാ ക്രസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മാർത്തോമ്മാ നാലാമനും അഞ്ചാമനും കത്തോലിക്കാസഭയുമായിട്ടുള്ള പുനരൈക്യത്തിന് ആത്മാർത്ഥമായി പരിശ്രമിച്ചു. നിരവധി അപേക്ഷകൾ റോമായിലേക്ക് അയച്ചു. 5-ാം മാർത്തോമ്മായ്ക്ക് വൈദികപട്ടം പോലും ലഭിച്ചിരുന്നില്ല. ഇവിടം ഭരിച്ചിരുന്ന കർമ്മലീത്താവൈദികരുടെ കുററകരമായ അനാസ്ഥകൊണ്ട് അവരുടെ പുനരൈക്യം നടന്നില്ല. അദ്ദേഹത്തിന്റെ പിൻഗാമി സ്വന്തം അനന്തരവനായ ആറാം മാർത്തോമ്മ എന്ന പേരിൽ ഭരണഭാരമേറെറടുത്തു.

ചങ്ങനാശ്ശേരി അതിരൂപത ഇന്നലെ ഇന്ന് എന്ന ഗ്രന്ഥത്തിൽ

malankaralibrary.com

90-ാം പേജിൽ (ഒന്നാം ഭാഗം) ഇപ്രകാരം എഴുതിയിരിക്കുന്നു. “കൂനൻ കുരിശു സത്യത്തിലൂടെ ആരംഭിച്ച കേരളസഭയിലെ ഭിന്നതയും പിളർപ്പും പരിഹരിച്ച് ഐക്യം പുനഃസ്ഥാപിക്കാൻ പരിശ്രമങ്ങൾ പലതും നടന്നെങ്കിലും അവയൊന്നും പൂർണ്ണവിജയത്തിലെത്തിയില്ല. പോർട്ടുഗീസുകാരായ ജസ്വീററ് അധികാരികളുടെ നേർക്ക് പൊട്ടപ്പുറപ്പെട്ട എതിർപ്പ് വിഘടനപ്രവണതയായും വിശ്വാസഭിന്നതയായും രൂപപരിണാമം കൈക്കൊണ്ട് ഒടുവിൽ ഒരു സാമൂഹിക യാഥാർത്ഥ്യമായി ചരിത്രത്തിൽ സ്ഥാനം പിടിച്ചു. ഈ പിളർപ്പും വിഭാഗീയതയും നസ്രാണി സമുദായത്തെ സ്നേഹിക്കുന്ന ഏതൊരു വ്യക്തിയേയും വേദനിപ്പിക്കുന്ന ഒരു ദൃശ്യമായിരുന്നു. പുത്തൻകൂർ സമുദായത്തിന്റെ സാരഥ്യം വഹിച്ച ആറാം മാർത്തോമ്മായുടെ കാലമായപ്പോഴേക്കും അദ്ദേഹത്തിന് ഈ ഭിന്നത അവസാനിപ്പിക്കുവാൻ അത്യധികം ആഗ്രഹമുണ്ടായി. കുറവിലങ്ങാട്ടെ പകലോമററം തറവാടിന്റെ ഒരു ശാഖയായ പള്ളിവീട്ടിൽ കുടുംബത്തിലെ ഒരു അംഗമായിരുന്ന ഇദ്ദേഹം ബാല്യകാലത്ത് കത്തോലിക്കാ വിശ്വാസത്തിലും കത്തോലിക്കാ ശിക്ഷണത്തിലും ആണ് വളർന്നുവന്നതെങ്കിലും അഞ്ചാം മാർത്തോമ്മാ ഇദ്ദേഹത്തെ തന്റെ അനന്തരാവകാശിയായി ആറാം മാർത്തോമ്മാ എന്ന പേരിൽ അഭിഷേചിച്ചു. പുത്തൻകൂർ സമുദായം കേരളസഭയുടെ പൗരാണിക വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചുപോയിട്ടുണ്ടെന്നും ആ വ്യതിചലനം പരിഹരിച്ച് കത്തോലിക്കാ ഐക്യം പുനഃപ്രാപിക്കുക അത്യവശ്യമാണെന്നും ആറാം മാർത്തോമ്മായ്ക്ക് ബോദ്ധ്യമുണ്ടായിരുന്നു. താൻ സ്വീകരിച്ച പട്ടത്തിന്റെ സാധ്യതയെക്കുറിച്ച് അദ്ദേഹത്തിന് സംശയം തോന്നിയതിനാൽ 1972-ൽ നിരണത്തുവച്ച് മാർഗ്രീഗോറിയോസ് എന്ന യാക്കോബായ മെത്രാനിൽ നിന്നും ശെമ്മാശുപട്ടം മുതൽ മെത്രാൻ പട്ടം വരെ എല്ലാം അദ്ദേഹം വീണ്ടും സ്വീകരിച്ചു. അതോടൊപ്പം അന്ന് അദ്ദേഹം സ്വീകരിച്ചപേരാണ് ഒന്നാം ദിവന്ന്യാസിയോസ് എന്നുള്ളത്. തന്റെ മെത്രാൻ പട്ടത്തിന്റെ കൗദാശിക സാദ്ധ്യത ഉറപ്പുവരുത്തിയതുകൊണ്ടു മാത്രം തൃപ്തനാകാതെ അദ്ദേഹം കത്തോലിക്കാ പുനരൈക്യത്തിനായി പരിശ്രമം ചെയ്തുപോന്നു. ഈ ലക്ഷ്യം സാധിക്കാൻ അദ്ദേഹം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുമായും വരാപ്പുഴ വികാരി അപ്പസ്തോലിക്കായുമായും എഴുത്തുകുത്തുകൾ നടത്തി. പക്ഷെ അവരുടെ പ്രതികരണം ഒട്ടും പ്രോത്സാഹജനകമായിരുന്നില്ല. മാർത്തോമ്മാ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നെങ്കിൽ നല്ലകാര്യം. എന്നാൽ ഭരണാധികാരമുള്ള ഒരു മെത്രാനായി അദ്ദേഹത്തെ

malankaralibrary.com

സഭയിലേക്കു സ്വീകരിക്കുക – അതു മാത്രം സാദ്ധ്യമല്ല. ഇതായിരുന്നു വിദേശികളായ ഈ സഭാധികാരികളുടെ നിലപാട്. ചുരുക്കത്തിൽ കേരളത്തിലെ സുറിയാനിക്കാരുടെമേൽ തങ്ങൾക്കുള്ള അധികാരവും ആധിപത്യവും നഷ്ടപ്പെടുന്ന വിധത്തിലുള്ള ഒരു ചുവടുവയ്പിന് അവർ തയ്യാറല്ലായിരുന്നു. മാർത്തോമ്മാ ഭരണാധികാരമുള്ള ഒരു മെത്രാനായി കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചാൽ തങ്ങളുടെ കീഴിലുള്ള പഴയകൂററുകൾ ഒന്നടങ്കം ഒട്ടും താമസിയാതെ തങ്ങളെ ഉപേക്ഷിച്ച് അദ്ദേഹത്തെ സ്വീകരിക്കുമെന്ന് അവർക്ക് നിശ്ചയമുണ്ടായിരുന്നു."

വരാപ്പുഴ നിന്നും പിണങ്ങി ഫ്രാൻസീസ് സാലസ് മെത്രാൻ ആലങ്ങാട്ട് വന്ന് താമസിക്കുന്ന സന്ദർഭമായിരുന്നു അത്. ഈ അവസരം മുതലാക്കി കരിയാററി മല്പാന്റെ സ്വാധീനമുപയോഗിച്ച് തന്റെ പുനരൈക്യം സുസാദ്ധ്യമാക്കുവാൻ പരിശ്രമിച്ചു. അദ്ദേഹം മല്പാനെ തന്റെ ആസ്ഥാനമായ നിരണത്തേക്ക് ക്ഷണിക്കുകയും അവിടെ വച്ച് കത്തോലിക്കാ സഭയിൽ ചേരാനുള്ള തന്റ ഹൃദയാഭിലാഷം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. മാർത്തോമ്മാ മെത്രാൻ ഇക്കാര്യം ആത്മാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ അദ്ദേഹം തന്റെ ആവശ്യം വിശദമായി പ്രകാശിപ്പിച്ചുകൊണ്ട് സാലെസ് മെത്രാന് ആലങ്ങാട്ടേക്ക് എഴുതണമെന്ന് മല്പാൻ നിർദ്ദേശിച്ചു. മാത്രമല്ല തന്റെ ആഗ്രഹപൂർത്തീകരണത്തിന് സാലെസ് മെത്രാൻ അനുകൂലിച്ചില്ലെങ്കിൽ തന്നെ അദ്ദേഹം ആകുലപ്പെടേണ്ടതില്ലന്ന് മല്പാൻ ധൈര്യപ്പെടുത്തുകയും ഇക്കാര്യസാദ്ധ്യത്തിന് തന്റെ ജീവൻ തന്നെ പണയപ്പെടുത്തി റോമിലേക്ക് രണ്ടാമതൊരു യാത്ര ചെയ്യേണ്ടിവന്നാൽ അതിനും താൻ തയ്യാറാണെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. മാർത്തോമ്മാ മെത്രാനും കരിയാററി മല്പാനും തമ്മിലുള്ള ഈ കൂടിക്കാഴ്ച നടന്നത് 1776-ൽ ആയിരിക്കണം.

മാർത്തോമ്മായും കരിയാററിയും ഭയപ്പെട്ടിരുന്നതുപോലെ സാലെസ് മെത്രാൻ ഈ പുനരൈക്യപരിശ്രമത്തോട് ഒട്ടും ആഭിമുഖ്യം പ്രദർശിപ്പിച്ചില്ല. തന്നെയുമല്ല, തന്റെ സഹോദരിപുത്രനും സമൂഹത്തിൽ ഏററം സമാദരണീയനുമായിരുന്ന ചങ്ങനാശ്ശേരി കല്ലറയ്ക്കൽ കുഞ്ഞീപ്പൻ തരകൻ വഴി മാർത്തോമ്മാമെത്രാൻ വികാരി അപ്പസ്തോലിക്കായ്ക്ക് ഒരു എഴുത്തുകൊടുത്തയച്ചപ്പോൾ ആ എഴുത്തിന് അദ്ദേഹം മറുപടി കൊടുത്തില്ലന്നതോ പോകട്ടെ തരകന് അഭിമാനക്ഷതം വരുമാറ് പെരുമാറുകയും ചെയ്തു.

തച്ചിൽ മാത്തുത്തരകൻ ജീവചരിത്രത്തിൽ ഇപ്രകാരം

malankaralibrary.com

എഴുതിയിരിക്കുന്നു. (പേജ് 189) "അങ്ങനെ രണ്ടു കാരണങ്ങൾ കൊണ്ട് കത്തോലിക്കാ സുറിയാനി സമുദായം അന്ന് പ്രക്ഷുബ്ധ മായിരുന്നു. ഒന്ന്, തങ്ങളുടെ മാംസത്തിന്റെ മാംസവും അസ്ഥിയുടെ അസ്ഥിയുമായ പുത്തൻകൂറുകാരുമായുള്ള പുനരൈക്യം സാധിക്കാ തെയിരിക്കുന്നത്. പുത്തൻകൂർ മെത്രാൻ തന്റെ എല്ലാ ജനങ്ങളോടും കൂടി, ന്യായമായ വ്യവസ്ഥകളിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ സന്നദ്ധനായിരുന്നിട്ടും അത് സാദ്ധ്യമല്ലാതായി രിക്കുന്നത് പാതിരിമാരുടെ എതിർപ്പുകൊണ്ടാണല്ലോയെന്നത് അവരെ വളരെ ക്ഷോഭിപ്പിച്ചു. വരാപ്പുഴ മിഷനറിമാരിൽ നിന്നും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അവഹേളനങ്ങളും അവരുടെ ചതിവുമൂലം തിരുവിതാംകൂർ സർക്കാരിലേയ്ക്ക് ഒരു ഭീമമായ തുക പിഴകെട്ടേണ്ടി വന്നിരിക്കുന്ന വസ്തുതയും അവരെ അത്യധികം വേദനിപ്പിച്ചു. സ്വജാതിയിൽ ഒരു മെത്രാനെ ലഭിക്കാതെ ഈ അവശതകൾ പരിഹൃതമാവുകയില്ലെന്നും പക്ഷെ അതിന് റോമായിൽ നേരിട്ടുചെന്ന് കാര്യങ്ങൾ ബോധിപ്പിക്കേണ്ടത് ആവശ്യമാണെന്നും അവർക്കു ബോദ്ധ്യമായി."

"ആകയാൽ കരിയാററി മല്പാനെ റോമായിലേക്ക് അയക്കു വാൻ തന്നെ സുറിയാനിക്കാർ തീരുമാനിച്ചു. പക്ഷെ അത് അത്ര എളുപ്പമായ കാര്യമായിരുന്നില്ല. അക്കാലത്ത് കേരളത്തിൽ നിന്നും യൂറോപ്പിലേക്ക് പറയത്തക്ക യാത്രാസൗകര്യം ഒന്നും തന്നെയുണ്ടാ യിരുന്നില്ല. പോർട്ടുഗീസുകാരുടേയോ, ഇംഗ്ലീഷുകാരുടേയോ ഡച്ചു കാരുടേയോ വകയായ അപൂർവ്വം ചില കച്ചവടക്കപ്പലുകളാണുണ്ടാ യിരുന്നത്. അതിലെ യാത്ര അപകടപൂർണ്ണമായിരുന്നു. രണ്ടാമത് പാശ്ചാത്യപര്യടനത്തിന് വൻപിച്ച പണചിലവ് ആവശ്യമായിരുന്നു. ഇതും അന്നത്തെ നിലയ്ക്ക് ദുർവഹമായ ഒരു ഭാരമെന്ന് പറയാതെ തരമില്ല. എങ്കിലും റോമായിലേക്ക് പോകുവാൻ മല്പാൻ തീരുമാനി ക്കുകയും സുറിയാനിക്കാരെല്ലാം അക്കാര്യത്തിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. സുറിയാനിപ്പള്ളികളിൽ നിന്ന് ഇതിലേക്കുവേണ്ട സംഖ്യ വീതിച്ചെടുത്തു. മാത്തുത്തരകനെപ്പോലെ യുള്ള സമ്പന്നന്മാർ ഇക്കാര്യത്തിൽ മുൻനിന്നു പ്രവർത്തിക്കുകയും ഉദാരമായ ധനസഹായം ചെയ്യുകയും ഉണ്ടായെന്ന് പ്രത്യേകം പറയേ ണ്ടതില്ലല്ലോ."

അതിരമ്പുഴ, അങ്കമാലി, മലയാററൂർ എന്നീ സ്ഥലങ്ങളിൽ സുറിയാനിപ്പള്ളികളുടെ പ്രതിപുരുഷന്മാർ സമ്മേളിച്ചാണ് ഒരു പ്രതിനിധിസംഘത്തെ റോമിലേക്കയക്കാൻ തീരുമാനിച്ചത്. 1777

malankaralibrary.com

മേയ്മാസം 7–ാം തീയതി മല്പാനും തന്റെ സഹചരനായ പാറേമ്മാക്കൽ തോമ്മാക്കത്തനാരും കൂടി റോമായിലേക്കു പുറപ്പെട്ടു. ആലങ്ങാട്ടു നിന്നും മൈലാപ്പൂരുവരെ കാൽനടയായി യാത്രചെയ്തു അവിടെ നിന്നും ഒരു പോർട്ടുഗീസുകപ്പലിൽ കയറി 1779–ൽ പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ എത്തി. ചങ്ങനാശ്ശേരി അതിരൂപതാ ചരിത്രപുസ്തകത്തിലെ ഏതാനും ഭാഗം കൂടി ഉദ്ധരിക്കട്ടെ (പേജ് 92) കേരളസഭയുടെ ചില പ്രധാന ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന നിവേദനം അവർ പോർട്ടുഗലിലെ മരിയ ഫ്രഞ്ചേസ്ക്കാ രാജ്ഞിക്കു സമർപ്പിച്ചു. മാർത്തോമ്മായെ അദ്ദേഹത്തിന്റെ 80000 അനുയായികളോടും കൂടെ കത്തോലിക്കാ ഐക്യത്തിലേക്ക് സ്വീകരിക്കുവാൻ ആവശ്യമായ സഹായങ്ങൾ നൽകുക, കൊടുങ്ങല്ലൂർ അതിരൂപതക്ക് പാണ്ഡിത്യവും ദൈവഭയവുമുള്ള ഒരു പോർട്ടുഗീസുകാരനായ മെത്രാപ്പോലീത്തായെ നിയമിക്കുക കേരളസഭയിൽ അർക്കദിയാക്കോൻ സ്ഥാനം പുനഃസ്ഥാപിക്കുക മുതലായ ചില കാര്യങ്ങളായിരുന്നു നിവേദനത്തിന്റെ ഉള്ളടക്കം.

കരിയാററിയും തോമ്മാകത്തനാരും പിന്നീട് റോമിലേക്ക് യാത്രതിരിച്ചു. മാർപ്പാപ്പായേയും പ്രൊപ്പഗാന്താ അധികാരികളെയും കണ്ട് കേരളത്തിലെ സ്ഥിതിഗതികൾ ധരിപ്പിക്കുകയും മാർത്തോമ്മായുടെ പുനരൈക്യത്തിന് ആവശ്യമായ അനുവാദം വാങ്ങുകയുമായിരുന്നല്ലോ യാത്രയുടെ പ്രധാന ലക്ഷ്യം. 1780 ജനുവരി 3–ാം തീയതി അവർ റോമിലെത്തി.

മല്പാനും തോമ്മാകത്തനാരും റോമായാത്രക്ക് പുറപ്പെടുന്നുവെന്നറിഞ്ഞപ്പോൾ മുതൽ വരാപ്പുഴയിലെ കർമ്മലീത്താ മിഷനറിമാർ നിരവധി പരാതികൾ റോമിലേക്ക് അയച്ചിരുന്നു. ഇരുവരുടെയും യാത്രാലക്ഷ്യം നേടിയെടുക്കാതിരിക്കാൻ പാതിരിമാർ പല പ്രശ്നങ്ങളും സൃഷ്ടിച്ചു. മല്പാനും കത്തനാരും കേരളസഭയിൽ കുഴപ്പം സൃഷ്ടിക്കുന്നവരാണെന്നും കേരളത്തിലെ പ്രൊപ്പഗാന്താഭരണത്തിന് തുരങ്കം വയ്ക്കാനാണവർ ശ്രമിക്കുന്നതെന്നും മാർത്തോമ്മായുടെ പുനരൈക്യശ്രമങ്ങൾ ആത്മാർത്ഥതയോടുകൂടിയുള്ളതല്ലെന്നും പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ സെക്രട്ടറിയേയും പ്രീഫക്ടിനേയും ബോദ്ധ്യപ്പെടുത്താൻ പാതിരിമാർ ഇവിടെ നിന്നും അയച്ച കത്തുകൾ സഹായിച്ചു. തൽഫലമായി പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്ടും സെക്രട്ടറിയും മല്പാനോടും കത്തനാരോടും വളരെ നിന്ദ്യമായിതന്നെ പെരുമാറി. ക്ഷോഭത്തോടെ പരുഷമായി പ്രീഫക്ട് നമ്മുടെ പ്രതിനിധികളോട് സംസാരിക്കുകയും

malankaralibrary.com

ചെയ്തു. അവരുടെ ആ മനോഭാവത്തിന് മാററം വരുത്തുവാൻ എത്ര ശ്രമിച്ചിട്ടും സാധിച്ചുമില്ല.

ആറാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ച് പുനരൈക്യത്തിനുള്ള മാർത്തോമ്മായുടെ അപേക്ഷയും അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനവും 72 പള്ളിക്കാരുടെ നിവേദനവും സമർപ്പിച്ചു. ഈ അപേക്ഷയെപ്പററി പഠിക്കാനും തീരുമാനങ്ങളെടുക്കുവാനും പ്രൊപ്പഗാന്താസെക്രട്ടറിയെത്തന്നെ മാർപ്പാപ്പാ ഏല്പിച്ചു.

ഇതിനിടെ പ്രൊപ്പഗാന്താ പ്രീഫക്ട് കർദ്ദനാൾ കസ്തേല്ലി ദിവംഗതനായി. തൽസ്ഥാനത്ത് കർദ്ദനാൾ അന്തൊനെല്ലി നിയമിതനായി. പുതിയ പ്രീഫക്ട് നിവേദകസംഘത്തോട് സൗഹൃദവും സഹാനുഭൂതിയും പ്രകടിപ്പിച്ചുവെങ്കിലും മാർത്തോമ്മായെ സ്വീകരിക്കുന്ന കാര്യത്തിൽ താല്പര്യം കാണിച്ചില്ല എന്നു തന്നെയുമല്ല മാർത്തോമ്മായുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയും ചെയ്തു. കേരളസഭയുടെ ശാപമായി തീർന്നിരിക്കുന്ന പിളർപ്പിനും ഭിന്നതക്കും അന്ത്യം കുറിച്ചുകൊണ്ട് മാർത്തോമ്മായുടെ പുനരൈക്യം സാധിക്കുകയെന്ന ലക്ഷ്യത്തോടെ ദുരിതപൂർണ്ണമായ യാത്രക്ക് തയ്യാറായ മല്പാനും കത്തനാരും തങ്ങളുടെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുന്നതിൽ അത്യധികം ദുഃഖിച്ചു. മാർത്തോമ്മായുടെ പുനരൈക്യവും കേരളസഭയുടെ പുനരേകീകരണവും ഒരു വിദൂരസ്വപ്നമായി അവർക്കനുഭവപ്പെട്ടു. അവർ റോമിൽ നിന്നും വീണ്ടും പോർട്ടുഗലിലേക്ക് തിരികെ പോന്നു. 1782 ജൂലൈ 16ന് പോർട്ടുഗൽ രാജ്ഞി കരിയാററിയിൽ മല്പാനെ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. 1783 ഫെബ്രുവരി 17ന് മെത്രാപ്പോലീത്തായായി വാഴ്ചയേററു. ചില സ്ഥാപിതലക്ഷ്യങ്ങളോടെയാണ് രാജ്ഞി ഈ തെരഞ്ഞെടുപ്പ് നടത്തിയതെങ്കിലും ആ നിയമനം കേരളത്തിലെ കർമ്മലീത്താ മിഷനറിമാർക്ക് തൃപ്തികരമായിരുന്നില്ല. അവരുടെ പ്രതിഷേധം അവർ പോർട്ടുഗലിലും റോമിലും അറിയിച്ചു. മാർത്തോമ്മായുടെ പുനരൈക്യം സംബന്ധിച്ച് മല്പാനും കത്തനാരും കൂടി സമർപ്പിച്ച അപേക്ഷ ഇതിനകം പ്രൊപ്പഗാന്താ സംഘം വരാപ്പുഴ അഡ്മിനിസ്റ്ററേറർ മോൺ. കാർളോകൊൺറാഡിയുടെയും കൊച്ചി മെത്രാൻ എമ്മാനുവലിന്റെയും റിപ്പോർട്ടുകൾക്കായി അയച്ചുകൊടുത്തിരുന്നു. അനുകൂലമായ റിപ്പോർട്ടായിരുന്നില്ല അവർ സമർപ്പിച്ചത്. എങ്കിലും ഇതിനകം കരിയാററി മല്പാൻ മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ അപേക്ഷ തീർത്തും

malankaralibrary.com

അവഗണിക്കുവാൻ സാദ്ധ്യമല്ലാതായിത്തീർന്നു. മാർത്തോമ്മായുടെ പുനരൈക്യം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും മാർകരിയാററിയെ ചുമതലപ്പെടുത്തുവാൻ മാർപ്പാപ്പാ നിശ്ചയിച്ചു. എന്നാൽ മാർത്തോമ്മായെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്ന കർമ്മങ്ങളിൽ ഗോവാ മെത്രാപ്പോലീത്തായുടെ ഒരു പ്രതിനിധികൂടി ഉണ്ടായിരിക്കുവാനും തീരുമാനിച്ചു. തങ്ങളുടെ യാത്രാലക്ഷ്യം പൂർണ്ണവിജയത്തിലെത്തിയതോടെ സന്തോഷത്തോടെ അവർ പോർട്ടുഗലിൽ നിന്നും ഇന്ത്യയിലേക്ക് മടങ്ങി. 1786 മേയ് 1–ന് ഗോവയിൽ എത്തി മാർത്തോമ്മായുടെ പുനരൈക്യം സംബന്ധിച്ച് ഗോവാമെത്രാപ്പോലീത്തായുമായി ചർച്ച ചെയ്യുന്നതിനും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണസംബന്ധമായ കാര്യങ്ങളെപ്പററി ചർച്ചചെയ്യുന്നതിനുമായി കുറേനാൾ അവർ ഗോവയിൽ താമസിച്ചു. ഇതിനിടയിൽ അവിചാരിതമാംവണ്ണം 1786 സെപ്ററംബർ 9–ാം തീയതി മാർ കരിയാററി അന്തരിച്ചു. മരണം അപായത്താൽ ഉണ്ടായതാണെന്നാണ് വിശ്വാസം.

മാർത്തോമ്മാ ക്രിസ്ത്യനികൾ രണ്ടാം ഭാഗത്തിൽ (പേജ് 246, 247–ൽ) ഇപ്രകാരം എഴുതിയിരിക്കുന്നു. പഴയകൂററ് സുറിയാനിക്കാർക്ക് ഒരു സ്വജാതിമെത്രാനെ കിട്ടുവാനുള്ള ഈ ഉദ്യമത്തിൽ മാത്തുതരകൻ ആദ്യന്തം പ്രധാന ഭാഗഭാക്കായിരുന്നു. കരിയാററി മെത്രാനെയും മററും റോമായിലേക്ക് അയക്കുന്നതിനും തിരിച്ചു വന്നപ്പോൾ ഗോവർണ്ണദോറെ ഗോവയിൽ നിന്ന് നാട്ടിൽ കൊണ്ടുവരുന്നതിനും നാട്ടിൽ വന്നയുടനെ ഗോവർണ്ണദോറെ മെത്രാനാക്കുന്നതിനായി ശ്രമിക്കുന്നതിനും മുമ്പനായി പുറപ്പെട്ടത് തരകനായിരുന്നു. പിന്നീട് അക്കാലത്തെ വൈദികാധികാരികൾ ചെയ്ത ഉപദ്രവങ്ങളെ തടുത്ത് തിരുവിതാംകൂർ കൊച്ചി സർക്കാരുകളിൽ നിന്നും ഗോവർണ്ണദോർക്ക് തീട്ടുരം വാങ്ങിച്ചു കൊടുത്തതും മററും തരകൻ തന്നെ.

☆

malankaralibrary.com

# 11

# അങ്കമാലി പടിയോല

ക്ലേശകരമായ റോമായാത്രയുടെ അന്ത്യം ദുഃഖപൂർണ്ണമായിരുന്നു. മലങ്കര സുറിയാനിക്കാരുടെ രണ്ട് ആഗ്രഹങ്ങളും- സ്വജാതി മെത്രാനെ ലഭിക്കുക, മാർത്തോമ്മായെ കത്തോലിക്ക സഭയിലേക്ക് സ്വീകരിക്കുക- സാധിച്ചുവെങ്കിലും അത് അനുഭവിക്കുവാനുള്ള ഭാഗ്യം സുറിയാനിക്കാർക്ക് ഉണ്ടായില്ല. മാർ കരിയാററിയുടെ മരണം ഗോവയിലുണ്ടായിരുന്ന പോർട്ടുഗീസുകാർ മരുന്നിൽ വിഷം ചേർത്ത് അപായപ്പെടുത്തിയതാണെന്ന ശ്രുതി കേരളത്തിൽ പരന്നിരുന്നു. തന്മൂലം സുറിയാനിക്രിസ്ത്യാനികൾ കോപംകൊണ്ടും ദുഃഖം കൊണ്ടും ജ്വലിച്ചിരുന്നു. ഈ വാർത്ത കൊച്ചിയിലും വരാപ്പുഴയുമുള്ള മെത്രാന്മാരറിയുകയുണ്ടായി. മാർ കരിയാററിമരിക്കുന്നതിനു മുമ്പ് പാറേമാക്കൽ തോമ്മാകത്തനാരെ അഡ്മിനിസ്റ്ററേററായി നിയമിച്ചിരുന്നു. മെത്രാപ്പോലീത്തായുടെ ആകസ്മിക മരണം സുറിയാനിക്രിസ്ത്യാനികളിൽ ഉണ്ടാക്കിയ ദ്വേഷം ഗോവാമെത്രാപ്പോലീത്തായും ഇതിനകം മനസ്സിലാക്കിയിരുന്നു. നസ്രാണി ക്രിസ്ത്യാനികളുടെ ദ്വേഷം ശമിപ്പിക്കുന്നതിന് പാറേമാക്കൽ തോമ്മാ കത്തനാരെ കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം ഏൽപ്പിക്കുകയാണ് ഏകപോംവഴിയെന്നും അല്ലെങ്കിൽ വലിയ ശീശ്മ ഉദയം ചെയ്യാൻ ഇടയുണ്ടെന്നും ഗോവാമെത്രാപ്പോലീത്താ മനസ്സിലാക്കി. തന്മൂലം തോമ്മാകത്തനാരെ ഗോവർണ്ണദോറായി ബഹുമാനിച്ചയക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. 1786 ഡിസംബർ 29-ാം തീയതി തോമ്മാകത്തനാർ കേരളക്കരയിൽ വന്നെത്തി. വരാപ്പുഴ വികാരി അപ്പസ്തോലിക്ക ലൂയിസ് മറിയം തിരുമേനിയെ സന്ദർശിക്കുകയും കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം ഏറെറടുക്കുകയും ചെയ്തു. തിരുവിതാംകൂർ സർക്കാരിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കല്ലൂയിസും പാതിരിമാരായ ഫ്രാൻസീസും, ലോറൻസും, പൗളീനോസും കൂടി എഴുതിവച്ച ഉടമ്പടിപ്രകാരം വികാരി അപ്പസ്തോലിക്കയുടെ കീഴിലുള്ള പള്ളികളുടെ ഭരണം ഗോവർണ്ണദോറച്ചന് വിട്ടുകൊടുക്കണമെന്നും മിഷനറിമാർ സുറിയാനിക്കാരുടെ സഭാകാര്യങ്ങളിൽ പ്രവേശിക്കുകയില്ലെന്നും സമ്മതിച്ചു. അന്ന് വരാപ്പുഴ അതിരൂപതയുടെ കീഴിൽ 64 സുറിയാനിപള്ളികളും 24 ലത്തീൻ പള്ളികളും 34 ലത്തീൻ വൈദികരും 120 സുറിയാനി വൈദികരും ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ രൂപതയുടെ കീഴിൽ 84

malankaralibrary.com

സുറിയാനിപള്ളികളും 16 ലത്തീൻ പള്ളികളും 300 വൈദീകരുമാണുണ്ടായിരുന്നത്. പുത്തൻ കൂററുകാർക്ക് 32 പള്ളികളും 80 വൈദികരും ഉണ്ടായിരുന്നു.

പാറേമാക്കൽ തോമ്മാകത്തനാരുടെ ഭരണക്കാലത്തെ ഒരു പ്രധാന സംഭവമാണ് അങ്കമാലിയിൽ ചേർന്ന സുറിയാനികത്തോലിക്കരുടെ മഹാസമ്മേളനം. ഈ മഹാസമ്മേളനം വിളിച്ചുകൂട്ടുന്നതിന് ഗോവർണ്ണദോറുടെ വലംകൈയായിനിന്ന് പ്രവർത്തിച്ചത് തച്ചിൽ മാത്തുതരകനാണ്. 1787 ഫെബ്രുവരി 1-ാം തീയതിയാണ് ഈയോഗം ചേർന്നത്. ദീർഘമായചർച്ചക്കുശേഷം പരിഷക്ക് നെറിവിന്റെ നിലയും ഒരുമ്പാടും ഉണ്ടാകുവാനും നമ്മുടെ കാരണവന്മാർ നടന്നിരുന്ന മര്യദയ്ക്കും ക്രമത്തിനും തക്കവണ്ണം നടക്കേണ്ടതിനുമായി ഒരുപടിയോല എഴുതിവച്ചു. അതാണ് സുപ്രസിദ്ധമായ അങ്കമാലി പടിയോല. അബ്രാഹം മെത്രാപ്പോലീത്തായുടെ ഭരണകാലം മുതൽ നാളിതുവരെ മലങ്കരയിലെ സുറിയാനികത്തോലിക്കർ മിഷനറിമാർ സഹിക്കേണ്ടിവന്നിട്ടുള്ള എല്ലാ ദുരദൃഷ്ടങ്ങളെയും അപമാനങ്ങളെയും ആ പടിയോലയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പള്ളിവീട്ടിൽ കുര്യൻ പ്രസാധനം ചെയ്ത മാർത്തോമ്മ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം എന്നഗ്രന്ഥത്തിൽ 175-ാം പേജിൽ പടിയോലയെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇതിൻവണ്ണം ഉപദ്രവം ചെയ്യുന്നവരെ മേല്പട്ടക്കാരായി സമ്മതിച്ചുവന്നാൽ ഏറിയസങ്കടങ്ങളും ഞെരുക്കങ്ങളും വരുത്തിക്കയും പന്തിയും കുറും വർദ്ധിപ്പിക്കുകയും ചെയ്യുന്നതല്ലാതെ നമ്മുടെ പരിഷക്ക് ഒരു ഗുണവും ഉപകാരവും ഉണ്ടാവുകയില്ലെന്നും തോന്നുകകൊണ്ടും മററുള്ള നാടുകളിലും ജാതികളിലും തന്റെ പരിഷയിലും പേച്ചിലും മേല്പട്ടക്കാററു വാഴുന്നപോലെ നമ്മുടെ പരിഷയ്ക്കും മേൽപ്പട്ടക്കാർ നമ്മിൽ തന്നെ ഉണ്ടാകണമെന്ന് റോമയിലും പോർത്തുഗാളിലും ബോധിക്കകൊണ്ടും മേലിൽ നമ്മുടെ പരിഷയിൽ തന്നെ മേല്പട്ടക്കാർ ഉണ്ടായിവരുന്നതിനകം ബ.ഗോവർണ്ണദോറച്ചന്റെ കല്പനപോലെ പട്ടവും സൈത്തും വാങ്ങിക്കുന്നതല്ലാതെ നമുക്ക് മേല്പട്ടക്കാരനായിട്ട് മറെറാരു ജാതിയെ കൈക്കൊള്ളുകയില്ലന്നും ഇപ്പോൾ നമ്മുടെ മേൽ ഗോവർണ്ണദോറായിട്ട് വാണിരിക്കുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനെ മെത്രാപ്പോലീത്തായായിട്ട് വാഴിപ്പാൻ നാം എല്ലാവരും കൂടെ നിശ്ചയിക്കകൊണ്ടും അപ്രകാരം എത്രയും വിശ്വാസമുള്ള പോർത്തുഗാൾ രാജസ്ത്രീയോട് അപേക്ഷിച്ചാൽ നമ്മുടെ അപേക്ഷ കൈക്കൊണ്ടില്ലങ്കിൽ, പോർത്തുഗൾ രാജാവിന് മലങ്കര ഇടവക വഴങ്ങുന്നതിന് മുമ്പെ നമ്മുടെ കാരണവന്മാർ കണ്ടിരുന്നപോലെ,

malankaralibrary.com

ശുദ്ധപള്ളിക്കു വഴക്കമുള്ള കൽദായാക്കാരുടെ മാർയൗസേഫ് എന്നു പേരുള്ള പാത്രയർക്കീസിനെ വഴങ്ങി അവിടെ നിന്നു മെത്രാന്മാരെ വരുത്തി ബ.ഗോവർണ്ണദോറച്ചനെ വാഴിച്ചുകൊള്ളുമാറും ഈ കാര്യത്തിന്റെ നിദാനം വരുന്നതിന് മുൻപിൽ ഒരു മുടക്കു വന്നാൽ ആയതു അനുസരിക്കയില്ലന്നും ഇപ്രകാരമൊക്കെയും നാം എല്ലാവരുംകൂടി നിശ്ചയിച്ചുവയ്ക്കകൊണ്ട് ഇതിനോട് മറുത്ത് പുറപ്പെടുന്നതുവരെ പള്ളി യോഗത്തിൽ നിന്നും പുറത്തുതിരിച്ചിരിക്കുന്നുവെന്നും ശേഷം പള്ളിക്കാർ എല്ലാവരോടും കൂടെ ഒരു ഗുണദോഷമുണ്ടാകയില്ലന്നും മലങ്കരയുള്ള 84 ഇടവകക്കാരും കൂടി ബാവായുടെയും പുത്രന്റെയും റൂഹാക്കുദിശായുടെയും നാമത്തിൽ അങ്കമാലി പള്ളിക്കൽ മാർ ഗീവർഗീസ് സഹദായുടെ മുൻപാകെ എഴുതിവച്ച പടിയോല"

അങ്കമാലി പടിയോലയിൽ നിന്നും അന്നത്തെ സുറിയാനി സമുദായത്തിന്റെ പ്രക്ഷുബ്ധാവസ്ഥ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നം അങ്കമാലി സമ്മേളനത്തെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു. "അളമുട്ടിയ പാമ്പ് തിരിഞ്ഞുനിൽക്കുന്നതുപോലെ സുറിയാനിക്കാർ മേലിൽ വിദേശികളെ ഭരണകർത്താക്കളായി അംഗീകരിക്കുകയില്ലന്ന് ദൃഢനിശ്ചയം ചെയ്യുന്നതാണ് നാം ഇവിടെ കാണുന്നത്. വിദേശികൾക്കെതിരെയുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ ആദ്യത്തെ കാഹളമൂത്താണ് നാം അങ്കമാലിയിൽ കേൾക്കുന്നത്. അവർക്ക് തങ്ങളുടെ ലക്ഷ്യം സാധിച്ചുകിട്ടുന്നതിന് പിന്നെയും 100 വർഷം കാത്തിരിക്കേണ്ടി വന്നെങ്കിലും അങ്കമാലിയിൽ കൊളുത്തിയ സ്വാതന്ത്ര്യശിഖ അണഞ്ഞുപോകാതെ അവർ കാത്തുസൂക്ഷിച്ചുവെന്ന് അനന്തരചരിത്രത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. ഒരു മുടക്കുവന്നാൽ അനുസരിക്കുകയില്ലന്ന് പറയുന്നത് ഒരു അധികാര നിഷേധമായി കണക്കാക്കേണ്ടതില്ല. എന്തെന്നാൽ ബാബേൽ പാത്രിയർക്കീസിന് കേരളസഭയുടെ മേലുള്ള അധികാരം തിരുസിംഹാസനം അന്ന് നിറുത്തൽ ചെയ്തിട്ടില്ലായിരുന്നു. അവിടെ നിന്നും മെത്രാന്മാർ വരാതിരുന്നതുകൊണ്ടാണ് ലത്തീൻ മെത്രാന്മാർ സുറിയാനിക്കാരെ ഭരിക്കാൻ ഇടവന്നത്. തങ്ങളുടെ സാക്ഷാൽ മേലദ്ധ്യക്ഷൻ ബാബേൽ പാത്രയർക്കീസാണെന്നുള്ള ന്യായത്തിലാണ് ലത്തീൻ മെത്രാന്മാരുടെ മുടക്കുകാര്യമാക്കേണ്ടതില്ലന്ന് യോഗക്കാർ തീരുമാനിച്ചത്." (മാത്തുത്തരകൻ പേജ് 198,199)

അങ്കമാലി സമ്മേളന തീരുമാനമറിഞ്ഞപ്പോൾ വരാപ്പുഴ മെത്രാനുള്ള അധികാരം അററുപോകുമെന്ന് അവർ കരുതി.

malankaralibrary.com

ഇതേപ്പററി ഭാരതസഭാചരിത്രത്തിൽ ഫാ.സേവ്യർ കൂടപ്പുഴ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 459,460) "ഈ വിവരമറിഞ്ഞ മിഷനറിമാർ സുറിയാനിക്കാരുടെ പരിശ്രമത്തെ പരാജയപ്പെടുത്തുവാൻ നിശ്ചയിച്ചുറച്ചു. പാറേമ്മാക്കൽ ഗോവർണ്ണദോറെയല്ലാതെ മററാരെയും ജാതിക്കു തലവനായി സ്വീകരിക്കയില്ലന്ന് സുറിയാനിക്കാർ രാജാവിനെ അറിയിക്കാതെയാണ് തീരുമാനിച്ചതെന്ന് തിരുവിതാംകൂർ രാജാവിനെയും കൊച്ചിരാജാവിനെയും പൗളിനോസ് പാതിരി 1787 മാർച്ച് 18–ന് ധരിപ്പിച്ചു. തിരുവിതാംകൂർ മഹാരാജാവ് മാത്തുത്തരകനെയും സുറിയാനി നേതാക്കന്മാരെയും വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുകയും പാറേമ്മാക്കൽ ഗോവർണ്ണദോറെയും സ്വന്തജാതിക്രമത്തിലുള്ള മെത്രാന്മാരെയും കണ്ടുനടക്കുന്നതല്ലാതെ ലത്തീൻകാരായ കൊടുങ്ങല്ലൂരിലെ ജസുവിത്ത് മെത്രാന്മാരെയും വരാപ്പുഴ കർമ്മലീത്താമെത്രാന്മാരെയും കൈക്കൊണ്ട് നടപ്പാൻ ആവശ്യമില്ലന്ന് വിധിക്കുകയും ചെയ്തു. മാത്രമല്ല സുറിയാനിക്കാരുടെ അപേക്ഷപ്രകാരം ഗോവർണ്ണദോർക്കും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും പദവികളും അവകാശങ്ങളും അനുവദിച്ചുകൊണ്ടുള്ള തീട്ടൂരവും മഹാരാജാവ് നൽകി. ഇതിനുവേണ്ടി 207360 കലീപണം (30908 ചില്വാനം രൂപാ) അവർ പിരിച്ചെടുത്ത് രാജാവിന് കൊടുക്കേണ്ടി വന്നു. മിഷനറിമാർ കൊച്ചിരാജാവിന്റെ പക്കൽ പരാതി സമർപ്പിച്ചതിന്റെ ഫലമായി 2600 രൂപാ പിഴകെട്ടണമെന്ന് രാജാവ് കൽപിച്ചു. എങ്കിലും തരകനും മററുള്ളവരും രാജാവിനെക്കണ്ട് വസ്തുതകൾ ബോധിപ്പിച്ചപ്പോൾ രാജാവ് ആ പിഴ നീക്കി. (ഗോവർണ്ണദോരും വൈദികരും തച്ചിൽമാത്തുത്തരകൻ മുതൽ പേരും ആയുധ അകമ്പടിയോടുകൂടി കൊച്ചി തൃപ്പൂണിത്തുറ രാജാവിന്റെ പക്കൽ ചെന്ന് വിവരങ്ങൾ ബോധിപ്പിച്ചു എന്നാണ് മാത്തുത്തരകൻ ജീവചരിത്ര ഗ്രന്ഥത്തിൽ (പേജ് 202) രേഖപ്പെടുത്തിയിരിക്കുന്നത്.) കൊച്ചി രാജാവും തീട്ടൂരങ്ങൾ നൽകി സുറിയാനിക്കാരെയും പാറേമാക്കലച്ചനെയും ബഹുമാനിച്ചു. ഇതിലേക്കായി സുറിയാനിക്കാർ 14000 രൂപാ തിരുമുൻപിൽ കാഴ്ചസമർപ്പിക്കേണ്ടിയിരുന്നു. പുതിയ പദവികൾ അംഗീകരിപ്പിക്കുന്നതിന് തിരുവിതാംകൂർ രാജാവിന് 30908 രൂപായും കൊച്ചി രാജാവിന് 14000 രൂപായും അടിയറവ് വച്ചതിനെ മുൻനിറുത്തിയായിരിക്കണം പടിയോലയുടെ കർത്താക്കളെക്കൊണ്ട് പണപ്രായശ്ചിത്തം ചെയ്യിച്ചിട്ടുണ്ടെന്ന് പൗളിനോസ് പാതിരിയും മർസിലിനോസ് മെത്രാനുമൊക്കെ പ്രസ്താവിക്കുന്നത്. ഇവർ ഇങ്ങനെ എഴുതുക മാത്രമല്ല സുറിയാനിക്രസ്ത്യാനികൾ പിഴ അടച്ചുവെന്ന തെററായ വാർത്ത റോമിലറിയിക്കുകയും ചെയ്തു.

malankaralibrary.com

തിരുവിതാംകൂർ മഹാരാജാവിൽ നിന്നും കല്പിച്ചു നൽകിയ തീട്ടൂരം താഴെ ചേർക്കുന്നു. "നിനവഃ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർ കണ്ടു. നിങ്ങൾക്ക് മാർഗ്ഗമര്യാദ നടത്തിക്കുന്നതിന് സുറിയാനി പരിഷയിൽ മെത്രാന്മാരില്ലായ്മകൊണ്ടു വരാപ്പുഴെപ്പാർക്കുന്ന കർമ്മലീത്താമെത്രാനും പാദ്രിമാരും കൂടി പള്ളി നടത്തിച്ചുവരുമ്പോൾ നിങ്ങളും മെത്രാനും പാദ്രിമാരും തമ്മിൽ പലകൂട്ടം കാര്യങ്ങൾ കൊണ്ട് തങ്ങളിൽ വിവാദം ഉണ്ടാകകൊണ്ട് പാദ്രിമാരും കൂടെ നാം ഇരിക്കുന്നിടത്തുവന്നു കാര്യംകൊണ്ട് കേട്ടതിന്റെ ശേഷം സുറിയാനിപരിഷയിൽ മെത്രാനെ ഉണ്ടാക്കി നടത്തിച്ചു കൊള്ളത്തക്കവണ്ണവും റോമയിലെ കടലാസ് കരിയാററി മെത്രാൻ കൊണ്ടുവരികകൊണ്ടും അതിൻവണ്ണം തന്നെ മെത്രാനെയാക്കി ജാതിമര്യാദനടത്തിച്ചു കൊള്ളത്തക്കവണ്ണവും നിങ്ങളുടെ പള്ളിക്കു കർമ്മലീത്താക്കാർക്ക് അവകാശമില്ലന്നും വരാപ്പുഴ മെത്രാനും പാദ്രിമാരും നമ്മുടെ മുമ്പിൽ കുമ്പിട്ട് എഴുതിവയ്ക്കകൊണ്ടും കരിയാററി മെത്രാൻ കഴിഞ്ഞതിന്റെ ശേഷം പുത്തൻചിറയും വരാപ്പുഴയും മെത്രാന്മാർ വിചാരിച്ചിരുന്ന പള്ളികളും നിങ്ങളുടെ ജാതിമര്യാദയും നടത്തിക്കുന്നതിന് പാറേമ്മാക്കൽ തോമ്മാകത്തനാരെ ഗോവർണ്ണദോരാക്കുകകൊണ്ടും അദ്ദേഹത്തിനു തന്നെ നിങ്ങളുടെ ജാതിമര്യാദപോലെ മെത്രാന്റെ സ്ഥാനവും കൊടുപ്പിച്ച് അങ്കമാലിമുതലായിട്ടുള്ള പള്ളികളെ കീഴ്മര്യാദപോലെ നടത്തിച്ചുകൊള്ളണം ഗോവർണ്ണദോർക്ക് പല്ലക്കും മേല്പടിയാന്റെകൂടെ പാർത്തു പള്ളിക്കാര്യങ്ങൾ വിചാരിക്കുന്ന കത്തങ്ങൾ പേരു 12-നും പള്ളി അധികാരി എന്ന പേരും ഡോലിയും കുടയും ചങ്ങലവിളക്കും കൊടുക്കകൊണ്ട് ഇതിന്മണമുള്ള സ്ഥാനമാനങ്ങളും നടത്തിച്ച് പള്ളിക്കാര്യങ്ങൾ കീഴ്മര്യദപോലെ വിചാരിച്ച് പള്ളി എടപെട്ടും നിങ്ങളുടെ ജാതി എടപെട്ടും വിശേഷാൽ വേണ്ടുന്നതിനൊക്കെയും പള്ളിക്കാരെല്ലാവരും നാം ഇരിക്കുന്നിടത്തു വന്ന് നമ്മെ വന്ന് ബോധിപ്പിച്ചു നടന്നുകൊള്ളുകയും വേണം. എന്ന് ഇപ്പടിക്ക് 962മാണ്ട് മേടമാസം 12-ാം തീയതി."

ഗോവർണ്ണദോർക്കും അദ്ദേഹത്തിന്റെ ആലോചനക്കാർക്കും നാട്ടിൽ ബഹുമാനത്തോടുകൂടി നടക്കുന്നതിനുവേണ്ടിയുള്ള പദവികളും അവകാശങ്ങളും അനുവദിച്ചുകൊണ്ട് മാത്തൂത്തരകൻ മഹാരാജാവിന്റെയടുക്കൽ നിവേദനം നൽകി. അതിന്റെയടിസ്ഥാനത്തിൽ തോമ്മാകത്തനാർക്ക് ലഭിച്ച് "തീട്ടു" താഴെ ചേർക്കുന്നു.

നിനവ: പാറേമ്മാക്കൽ തോമ്മാകത്തനാർ ഗോവർണ്ണദോരെ കണ്ടു. അങ്കമാലി മുതലായിട്ടുള്ള നസ്രാണിമാപ്പിളമാരുടെ

malankaralibrary.com

പള്ളികളിൽ വരാപ്പുഴമെത്രാനും പുത്തഞ്ചിറമെത്രാനും മാർഗ്ഗമര്യാദ വിചാരിച്ചു നടത്തിച്ചു വന്നതിൻ വണ്ണം വിചാരിച്ചുനടത്തിക്കേണ്ടതിന് ഗോവർണ്ണദോരെ ഏല്പിക്കകൊണ്ട് കീഴ്മര്യാദപോലെ അങ്കമാലി മുതലായിട്ടുള്ള നസ്രാണിമാപ്പിളമാരുടെ പള്ളികളിൽ മാർഗ്ഗമര്യാദ വിചാരിച്ചു നടന്നുകൊള്ളുകയും വേണം എന്നും ഇപ്പടിക്ക് 962-ാമാണ്ട് തുലാമാസം 5-ാം തീയതി തിരുവുള്ളത്തിൻ പടി നിനവ എഴുതിയ വലിയ മേലെഴുത്തുകണക്കു പിറ ചൂട്ടം പെരുമാൾ മാതവൻ എഴുത്ത്.

കൊച്ചീരാജാവ് സുറിയാനിക്രിസ്ത്യാനികൾക്ക് നൽകിയ തീട്ടൂരം താഴെ ചേർക്കുന്നു.

“അരുളിച്ചെയ്ത നമ്മുടെ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർ എല്ലാവർക്കും കൂടെയെന്നാൽ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർ നസ്രാണി മാപ്പിളമാർക്ക് കീഴ്മര്യാദ സുറിയാനിക്കാരിൽ മെത്രാന്മാർ വന്ന് കർമ്മവും ക്രയയും നടത്തിച്ചല്ലോ വന്നിരുന്നത്. ഇപ്പോൾ ആ വകയിലുള്ള മെത്രാന്മാരു വരായ്കകൊണ്ട് ഇപ്പോൾ കുറഞ്ഞൊരു കാലത്തിനപ്പുറം പുത്തഞ്ചിറയും വരാപ്പുഴയും ഇരിക്കുന്ന മെത്രാന്മാരെക്കൊണ്ടല്ലോ കർമ്മവും ക്രിയയും ചെയ്യിപ്പിച്ചുവരുന്നത്. ഇപ്പോൾ നിങ്ങളും മെത്രാന്മാരും പാദ്രിമാരും തമ്മിൽ പല കൂട്ടം കാര്യംകൊണ്ടും തങ്ങളിൽ വിവാദം ഉണ്ടാകകൊണ്ട് ആ കാര്യം കൊണ്ട് ഒക്കെയും ഇവിടെ വെച്ച് പറഞ്ഞുതീർത്തു ഇനിമേലിൽ ലത്തീൻകാരായ മെത്രാന്മാർക്കും പാദ്രിമാർക്കും സുറിയാനിക്കാരുടെ പള്ളികളിലും സുറിയാനിക്കാരോടും ഒരു സംബന്ധവും ഇല്ലാത്ത വണ്ണം പറഞ്ഞു വച്ച് തീർക്കകൊണ്ടും ഇനിമേലിൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനിപ്പള്ളികളിൽ കീഴ്മര്യാദ മെത്രാന്മാർ നടത്തിച്ചു വന്നിരുന്നതിന്മണ്ണമുള്ള കർമ്മങ്ങളും ക്രിയകളും നടത്തിച്ചുതരത്തക്കവണ്ണം ഗോവർണ്ണദോരെ മെത്രാനായി വാഴിക്കത്തക്കവണ്ണം കല്പിച്ചുനിശ്ചയിച്ചിരിക്കകൊണ്ടും നിങ്ങൾക്ക് കർമ്മവും ക്രിയയും വേണ്ടുന്നതിനെ പാറേമ്മാക്കൽ തോമ്മാകത്താനാര് ഗോവർണ്ണദോരെ അനുസരിച്ച് നടന്നുകൊള്ളുമാറും കല്പിച്ച് നാം തീട്ടൂരം തന്നു. എന്നാൽ ഇത് കൊല്ലം 962-മത് കർക്കട ഞായറിൽ കല്പിച്ചരുളിയ കണിയന്നൂരു കോവിലകത്ത് ഇരുന്ന് അരുളിയ പവൊത്തിൽ അമ്പാടി കയ്യെഴുത്തു”

കൊച്ചി മഹാരാജാവ് ഇതുപോലൊരു തീട്ടൂരം ഗോവർണ്ണദോർക്കും നൽകി. കൊച്ചി മഹാരാജാവിന്റെ മന്ത്രിയും അക്കാലത്തെ വലിയ ഇടപ്രഭുവുമായ പാലിയത്ത് കോമിയച്ചനും സുറിയാനി

malankaralibrary.com

പ്പള്ളിക്കാർക്ക് ഒരു തീട്ടൂരം നൽകുകയുണ്ടായി. ഇതിനെപ്പററിയെല്ലാം തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രത്തിൽ ശ്രീ.എം.ഒ.ജോസഫ് നെടുംകുന്നം ഇപ്രകാരം എഴുതിയിരിക്കുന്നു. "പാതിരിമാരിൽ നിന്നുള്ള അക്രമണത്തിനെതിരായി, സുറിയാനിക്കാർ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും തങ്ങളെത്തന്നെ സുരക്ഷിതരാക്കി തീർക്കുകയായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണല്ലോ. ഇക്കാര്യത്തിൽ തച്ചിൽ മാത്തുത്തരകൻ ചെയ്തിട്ടുള്ള സേവനങ്ങൾ കൃതജ്ഞതാപുരസ്സരമല്ലാതെ ഒരു സുറിയാനിക്കാരനും സ്മരിക്കുക സാദ്ധ്യമല്ല. മാത്തൂത്തരകനെപ്പോലുള്ള ഉന്നതനും സ്വാധീന ശക്തിയുള്ളവനുമായ ഒരു നേതാവ് അന്നില്ലായിരുന്നുവെങ്കിൽ സമുദായത്തിന്റെ സ്ഥിതി എത്ര പരുങ്ങലിലാകുമായിരുന്നുവെന്ന് സർവ്വതന്ത്ര സ്വാതന്ത്ര്യമായ ഇന്നത്തെ പരിതസ്ഥിതികളിൽ കഴിഞ്ഞുകൂടുന്നവർക്ക് ഊഹിക്കുക എളുപ്പമല്ല"

തച്ചിൽ മാത്യുതരകന്റെ സേവനങ്ങളെപ്പററി സത്യവിശ്വാസം എന്ന ഗ്രന്ഥത്തിൽ 185-ാം പേജിൽ ചേർത്തിരിക്കുന്ന ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "ചേരമാൻ പെരുമാളായി ചെമ്പേട്ടിൽ തോമാനസ്രാണികൾക്ക് ബ്രാഹ്മണർക്കുള്ള തുല്യ പദവികൾ, സ്ഥാനമാനങ്ങൾ തന്നു. തോമാനസ്രാണികൾ അതുപ്രകാരം നടക്കയും ചെയ്തിരുന്നാലും, പ്രത്യേകമായി കൊച്ചിരാജാവിന്റെ വിശ്വസ്തഭടന്മാരും ഉദ്യോഗസ്ഥന്മാരും (ആയും) കോവിലകത്ത് അന്തരംഗസേവകന്മാരായും ഹിന്തു ഉട്ടഭാവനയായ കുടുമി, കടുക്കൻ മുതലായതു ധരിച്ചും, തീണ്ടൽ, തൊടീൽ മുതലായിരിക്കുന്ന ആജ്ഞകൾ അനുസരിച്ചും ക്രിസ്ത്യാനികൾ എന്നറിവാൻ നെഞ്ചത്തും കുടുമിയിലും വെള്ളി പൊന്നുകൊണ്ടുള്ള കുരിശുകൾ ധരിച്ചും നടന്നിരുന്നു എന്നുവരികിലും 1500-ാം കാലം പോർത്തുഗീസുകാർ വന്നപ്പോൾ തൊട്ട് അവരോട് സഭ്യതയായി പ്രത്യേകം ഉദയം പേരൂർ സൂനഹദോസിൽ വച്ച് മേൽപറഞ്ഞ നടപടികൾ ഒക്കെയും നിറുത്തൽ ചെയ്തുകൊണ്ട് ഹിന്തുരാജാക്കന്മാരുടെ പക്കൽ തോമാനസ്രാണികൾക്ക് ബഹുമതി കുറയുകയും ചേരമാൻ പെരുമാൾ അനുവദിച്ചു നടത്തിപ്പോന്നിട്ടുള്ള നടപടികൾ വീഴ്ചയായിപ്പോകയും ചെയ്തു. ആയതിൽ ചിലത് തച്ചിൽ മാത്തൂത്തരകൻ മുഖാന്തിരം പുനർപ്രാപിക്കുകയും ചെയ്തു. എങ്കിലും പോർത്തുഗീസുകാർ വന്നതിന്റെ ശേഷം മാർഗ്ഗത്തിൽ പൂകിച്ച മുക്കുവൻ, ഈഴവർ, പറയർ, പുലയർ മുതലായ ജാതികളെയും അതിൽ നിന്നുള്ള പാദ്രിമാരെയും കച്ചേരി മുതലായ സ്ഥലങ്ങളിൽ അകററി നിർത്തുകയും തീണ്ടൽ അനുസരിക്കുകയും ചെയ്തിരുന്നു. ആയതുകൊണ്ട് തച്ചിൽ മാത്തൂത്തരകൻ മുലം

malankaralibrary.com

തോമാനസ്രാണികൾക്കും കത്തങ്ങൾക്കും കിട്ടിയ ബഹുമതി ചെറുതല്ല."

തച്ചിൽ മാത്തൂത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 205) ഇപ്രകാരം ഗ്രന്ഥകർത്താവ് എം.ഒ.ജോസഫ് നെടുംകുന്നം എഴുതിയിരിക്കുന്നു. "അതേ, തച്ചിൽ മാത്തൂത്തരകൻ നിമിത്തം തോമാനസ്രാണികൾക്കും കത്തങ്ങൾക്കും കിട്ടിയ ബഹുമതി ചെറുതല്ല. വരാപ്പുഴ പാതിരിമാർ അവർക്കെതിരായി കൊച്ചി, തിരുവിതാംകൂർ രാജാക്കന്മാരുടെയിടയിൽ പരാതിപ്പെടുകയും ദുഷ്പ്രേരണ ചെലുത്തുകയും ചെയ്തിരുന്ന ഒരു ഘട്ടത്തിലാണ് ഈ ബഹുമതി ലഭിച്ചതെന്നു കൂടി നാം ഓർക്കണം. മാത്തൂത്തരകന്റെ സ്വീധീനശക്തിയും സമുദായസ്നേഹവുമാണ് ഇതിന് സഹായകമായിരുന്നത്. ഈ പദവികളും ബഹുമതികളും ലഭിച്ചതുമൂലം ഗോവർണ്ണദോർക്കും അദ്ദേഹത്തിന്റെ കീഴുണ്ടായിരുന്ന സുറിയാനിക്കാർക്കും, കേരളത്തിലെ ജനസമുദായങ്ങളുടെയിടയിൽ സർവ്വാധരണീയമായ ഒരു സ്ഥാനം ലഭിക്കുകയുണ്ടായി. പാതിരിമാർക്കും അവരുടെ കീഴുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കും ഈ ബഹുമതി നൽകപ്പെട്ടിരുന്നില്ലായെന്ന വസ്തുത അനുസ്മർത്തവ്യമാണ്. ജാതിക്ക് തലവൻ ജാതിയിൽത്തന്നെ ഉണ്ടായാൽ ജാതിക്കു ബലവും കരുത്തും ഉണ്ടാകുമെന്ന് വർത്തമാനപ്പുസ്തകകർത്താവ് പറയുന്നത് എത്രയോ പരമർത്ഥം."

1787 – ഫെബ്രുവരി 2–ാം തീയതി ചേർന്ന അങ്കമാലി സമ്മേളനത്തിൽ സുപ്രധാനമായ രണ്ടു കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്തു. പുരാതനമായ ആർച്ച് ഡീക്കൻ സ്ഥാനം പുനസ്ഥാപിക്കുകയെന്നതായിരുന്നു അതിലൊന്ന്. സഭാഭരണം കാര്യക്ഷമമാക്കുന്നതിന് പന്ത്രണ്ടുപേരടങ്ങിയ ഒരു കാനോനിസ്റ്റുകളെ തിരഞ്ഞെടുക്കുകയെന്നതായിരുന്നു രണ്ടാമത്തെ തീരുമാനം.

അങ്കമാലി സമ്മേളന തീരുമാനമനുസരിച്ച് പാറേമ്മാക്കൽ തോമ്മാകത്തനാരെയോ തച്ചിൽ എബ്രഹാം മല്പാനെയോ പ്ലാത്തോട്ടത്തിൽ തോമ്മാകത്തനാരെയോ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാനായി അവരോധിക്കണമെന്ന് പോർട്ടുഗൽ രാജാവിനോട് അഭ്യർത്ഥിച്ചു. പക്ഷെ അതുകൊണ്ട് ഫലമൊന്നുമുണ്ടായില്ല. അങ്കമാലി സമ്മേളനത്തെപ്പററിയും തോമ്മാകത്തനാരെപ്പററിയും തെററായ പല അഭിപ്രായങ്ങളും പാതിരിമാർ റോമായിൽ എഴുതി അറിയിച്ചിരുന്നു. അതൊക്കെ ശരിയാണെന്ന് റോമിലെ അധികാരി

malankaralibrary.com

കൾ വിശ്വസിക്കുകയും ചെയ്തു. കർദ്ദനാൾ അന്തോനെല്ലി, പാറേമ്മാക്കൽ തോമ്മാക്കത്തനാർ മെത്രാൻ പദത്തിന് യോഗ്യനല്ലന്ന് പോർട്ടുഗീസ് രാജാവിനെ അറിയിക്കുകയും ചെയ്തു. അതോടെ സ്വജാതി മെത്രാൻ ലഭിക്കാതെ പോയി.

ഗോവർണ്ണദോർ അങ്കമാലി കേന്ദ്രമാക്കിയാണ് ഭരണം നടത്തിയത്. 1799 മാർച്ച് 20ന് തോമ്മാകത്തനാർ മരിക്കുന്നതുവരെ മാത്തൂത്തരകൻ ഗോവർണ്ണദോറുടെ വലംകൈയ്യായി നിന്നു പ്രവർത്തിച്ചു. ടിപ്പുവിന്റെ ആക്രമണം ഉണ്ടായപ്പോൾ അങ്കമാലിയിൽ താമസിക്കുക സുരക്ഷിതമല്ലായിരുന്നതിനാൽ ഗോവർണ്ണദോർ വടയാററു പള്ളിയിൽ വന്ന് താമസമാക്കി. ഭരണകർത്താവായ ഗോവർണ്ണദോർക്ക് താമസിക്കുന്നതിന് പററിയ രീതിയിൽ ഒരു കെട്ടിടവും വടയാററു പള്ളിയും മാത്തൂത്തരകൻ പണികഴിപ്പിക്കുകയുണ്ടായി.

രോഗബാധിതനായതിനെതുടർന്ന് ഗോവർണ്ണദോർ രാമപുരത്ത് താമസമാക്കി. മൂന്നുവർഷക്കാലം രാമപുരത്ത് താമസിച്ചുകൊണ്ടാണ് ഗോവർണ്ണദോർ പിന്നീട് സഭയെ ഭരിച്ചത്. ☆

malankaralibrary.com

## 12

# പാറേമ്മാക്കൽ ഗോവർണ്ണദോറുടെ പിൻഗാമികൾ

കർമ്മലീത്താ മിഷനറിമാരുടെ ശക്തമായ എതിർപ്പുകൾ മുഖാന്തിരം പാറേമാക്കൽ ഗോവർണ്ണദോർക്ക് മെത്രാപ്പോലീത്താസ്ഥാനം റോമിൽ നിന്ന് ലഭിക്കുകയില്ലെന്ന് സുറിയാനി ക്രിസ്ത്യാനികൾക്ക് ബോദ്ധ്യമായി. എങ്കിലും സ്വജാതി മെത്രാനെ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ഗോവർണ്ണദോറുടെ ഭരണകാലത്ത് പുത്തൻചിറപ്പള്ളി ഇടവകക്കാരൻ പണ്ടാരിപൗലോസ് എന്നയാൾ സ്വജാതിമെത്രാനെ ലഭിക്കുന്നതിനായി നിവേദനവുമായി കൽദായാ പാത്രയർക്കീസിന്റെ ആസ്ഥനമായ ബാഗ്ദാദിലേക്കുപോയി. മാത്തുത്തരകന്റെ വല്യകപ്പലിൽ ചരക്കുകയററി വഗദാശി, ബസ്ര, ബാബേൽ തുടങ്ങിയസ്ഥലങ്ങളിലേയ്ക്ക് പോയപ്പോൾ ആ കപ്പലിൽ ആണ് ഇവർ പോയത്. പണ്ടാരി പൗലോസിന്റെ കൂട്ടത്തിൽ പണ്ടാരി യൗസേഫും പോയിരുന്നു. ഇവർ ബാഗ്ദാദിലെത്തിലെത്തിയപ്പോൾ കൽദായ, പാത്രിയർക്കീസായിരുന്ന ജോസഫ് നാലാമൻ റോമിൽ പോയിരിക്കുകയായിരുന്നു. ജോസഫ് നാലാമന്റെ അസാന്നിദ്ധ്യത്തിൽ ഭരണം നടത്തിയിരുന്ന അഡ്മിനിസ്റ്ററേററു ജോൺ ഹോർമീസ് മെത്രാപ്പോലീത്തായ്ക്ക് നിവേദക സംഘം അപേക്ഷ സമർപ്പിച്ചു. അഡ്മിനിസ്റ്ററററർ റോമിനെഴുതി 15 മാസം കഴിഞ്ഞിട്ടും മറുപടി ലഭിക്കുകയുണ്ടായില്ല. തൽഫലമായി അഡ്മിനിസ്റ്ററേററർ ദൗത്യസംഘത്തിൽപെട്ട പുത്തൻ ചിറക്കാരനായ പൗലോസിനെ വാഴിക്കുകയും ഫോർമീസ്ദാസ് എന്ന ഒരു പ്രതിനിധിയോടുകൂടി കേരളത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. പണ്ടാരി പൗലോസ് മെത്രാൻ മാർ അബ്രാഹം എന്ന പേര് സ്വീകരിക്കുകയും ചെയ്തു. മലയാളത്തിലെ സ്ഥിതിഗതികൾ പഠിക്കാൻ മാർ ജോൺ ഗുറിയേൻ മെത്രാനെ അപ്പസ്തോലിക് വിസിറ്റർ ആയി നിയമിച്ചു. പക്ഷെ അദ്ദേഹം കേരളത്തിൽ എത്തിയില്ല.

പണ്ടാരി പൗലോസ്, മെത്രാൻ സ്ഥാനത്തോടുകൂടി മലയാളത്തിൽ എത്തിയെങ്കിലും തോമ്മാ ഗോവർണ്ണദോറുടെ മരണം വരെ സുറിയാനി സഭയുടെ ഭരണകാര്യങ്ങളിൽ ഇടപെടാതെ അങ്കമാലിയിൽ താമസിച്ചു ഗോവർണ്ണദോറുടെ മരണശേഷം 1799 ഏപ്രിൽ

malankaralibrary.com

മാസം പണ്ടാരി പൗലോസ് മെത്രാനും കാനോനിസ്തന്മാരും വൈദികരും തച്ചിൽ മാത്തുത്തരകനും കൂടി ചങ്ങനാശ്ശേരി പള്ളിയിൽ സമ്മേളിച്ചു നസ്രാണി സമുദായത്തിന്റെ ഭരണകാര്യങ്ങളെപ്പററി ചർച്ച ചെയ്തു. കാനോനിസ്താമാരിൽ ഒരാളായ കട്ടക്കയത്തിൽ അബ്രാഹം മല്പാനെ ഗോവർണ്ണദോറായി തിരഞ്ഞെടുത്തു. ഈ യോഗം വിളിച്ചുകൂട്ടുന്നതിന് മുൻകൈയെടുത്തത് തച്ചിൽ മാത്തുത്തരകനാണ്. ഗോവർണ്ണദോറായി തിരഞ്ഞെടുക്കപ്പെട്ട അബ്രാഹം മല്പാൻ ഈ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടുകാണുവാനാണ് മാത്തുത്തരകൻ ആഗ്രഹിച്ചത്. ഗോവ മെത്രാപ്പോലീത്തായിൽനിന്നു കൊടുങ്ങല്ലൂർ അതിരൂപതമേൽ അധികാരം ലഭിച്ചിരുന്ന കൊച്ചിരൂപതയുടെ അഡ്മിനിസ്റ്ററേററർ ലൂയീസ് ജോസഫ് ദെറീബമർ ഗോവർണ്ണദോർ സ്ഥാനത്തേയ്ക്ക് മാത്തുത്തരകന്റെ ഇളയസഹോദരൻ തച്ചിൽ ഇട്ടിയവിര മല്പാന്റെ പേരാണ് നിർദ്ദേശിച്ചത്. ആ നിയമനത്തെമാത്തുത്തരകൻ എതിർക്കുകയും ചെയ്തു. തന്മൂലം ഇട്ടിയവിര മല്പാൻ ഗോവർണ്ണദോർ സ്ഥാനം സ്വീകരിച്ചില്ല. മാത്തുത്തരകന് അബ്രാഹം മല്പാനോടുള്ള താല്പര്യം എത്രമാത്രമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

കട്ടക്കയം അബ്രാഹം മല്പാൻ പാലാ ഇടവകക്കാരനായിരുന്നു. അവിടെയുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളെ തുടർന്ന് അദ്ദേഹം കുമരകത്തുവന്ന് താമസിക്കുകയും സ്വന്തമായി കുറെ സ്ഥലം വാങ്ങിക്കുകയും ചെയ്തു. ആ സ്ഥലത്ത് ഒരു പള്ളി വയ്ക്കാൻ സർക്കാരിൽനിന്നും അനുവാദം വാങ്ങിക്കൊടുത്തത് മാത്തുത്തരകനായിരുന്നു. തരകനും അബ്രാഹം മല്പാനുമായുള്ള സൗഹൃദം 1766–ൽ ആരംഭിച്ചതായിരുന്നു. ഈ പള്ളി സ്ഥാപനത്തിന് ക്യാപ്ററൻ ഡിലനോയിയും താല്പര്യം പ്രകടിപ്പിച്ചിരുന്നു. 1769–ൽ പള്ളി പണി പൂർത്തിയായി. ഈ പള്ളി നിർമ്മാണത്തിന് തരകൻ ഉദാരമായ സംഭാവന നൽകുകയുണ്ടായി. പള്ളി ഇരിക്കുന്ന സ്ഥലം കരമൊഴിവായികിട്ടുന്നതിനുവേണ്ടിയും തരകൻ പരിശ്രമിച്ചു. എട്ടുവർഷത്തെ പരിശ്രമത്തിനുശേഷമാണ് അത് സാധിച്ചത്. പള്ളിക്കുസമീപമുണ്ടായിരുന്ന ഒരു കോട്ട പള്ളിപണിയുടെ ആവശ്യത്തിലേയ്ക്ക് പൊളിച്ചതിന്റെ പേരിൽ ഹിന്ദുക്കൾ സർക്കാരിൽ പരാതിപ്പെടുകയുണ്ടായി. അതിന്റെ മേൽ നടപടികൾ ഒന്നും സ്വീകരിക്കാൻ ഇടവരാതിരുന്നത് തരകന്റെ സ്വാധീനം കൊണ്ടാണ്.

1775നോടടുത്ത് സഭാസംബന്ധമായ കർസോൻ ലിപികളിലുള്ള ഒരു ലിഖിതം തരകന് ബാബേലിൽനിന്നും ലഭിക്കുക

malankaralibrary.com

യുണ്ടായി. പല വൈദികപണ്ഡിതർക്കും ആ ലിഖിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിച്ചില്ല. തത്തംപള്ളിയിൽ തന്റെ വസതിയിൽ പല മല്പാന്മാരെയും വിളിച്ചുകൂട്ടി ഇതിന്റയർത്ഥം ചോദിച്ചു. ആർക്കും അറിയാൻ പാടില്ലായിരുന്നു. ഒടുവിൽ ആ ലിഖിതം അബ്രാഹം മല്പാന്റെ കയ്യിൽ കൊടുത്തു. അതിന്റെ അർത്ഥം പറയുവാൻ തന്റെ ആവശ്യമില്ലെന്ന് പറഞ്ഞ് തന്റെ ശിഷ്യ നായ വെള്ളിരിങ്ങാട്ട് തോമസ് ശെമ്മാശ്ശനെ ഏല്പിച്ചു. ശെമ്മാശ്ശൻ ഒട്ടും സംശയംകൂടാതെ അതിന്റെ അർത്ഥം പറഞ്ഞു. മല്പാൻ തന്റെ ശിഷ്യന്മാർക്ക് നൽകിയിരുന്ന ശിക്ഷണത്തിന്റെ വൈശിഷ്ട്യം ഇതിൽ നിന്നു മനസ്സിലാക്കാം. ഇതേ തുടർന്ന് മല്പാനുമായിട്ടുള്ള തരകന്റെ ബന്ധം കൂടുതൽ വളർന്നു. തരകൻ മല്പാന്റെ ഉപദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും വലിയ വില കല്പിച്ചിരുന്നു. മരണംവരെ തരകന്റെ ആത്മീയ പിതാവും കുമ്പസാരക്കാരനുമായിരുന്നു അബ്രാഹം മല്പാൻ. തരകന്റെ പ്രീതിഭാജനമായിരുന്ന ഊരാശാല ഇട്ടിമാത്തൻ മല്പാന്റെ പിതൃവ്യപുത്രനായിരുന്ന അദ്ദേഹം മല്പാനു മായുള്ള അടുപ്പം കണക്കാക്കിയായിരിക്കാം തരകൻ തന്റെ പ്രധാന കാര്യസ്ഥനായി ഇട്ടിമാത്യുവിനെ നിയമിച്ചത്. മാത്തുത്തരകൻ ജീവ ചരിത്രഗ്രന്ഥത്തിൽ (212 പേജിൽ) ഇപ്രകാരം എഴുതിയിരിക്കുന്നു. ആലപ്പുഴ, കൊച്ചി മുതലായ തുറമുഖങ്ങളിൽ ചെന്ന് അവിടവിടെ ശേഖരിച്ചിട്ടുള്ള തടികൾ വില്പിക്കുക, സിലോണിൽ ചെന്ന് ഗാലിപ്പു കയില ചിപ്പം കെട്ടിച്ചു പത്തേമാരി മാർഗ്ഗം കൊണ്ടുവരിക മുതലായ കാര്യങ്ങളെല്ലാം തരകനുവേണ്ടി നിർവ്വഹിച്ചിരുന്നത് ഇട്ടിമാത്തുവാ യിരുന്നു. അങ്ങനെ സ്വന്തമായി പേരും പെരുമയും സമ്പത്തും പ്രതാപവും മാത്തുത്തരകന്റെ തണലിൽ സമ്പാദിക്കുന്നതിന് കഴിഞ്ഞ ഒരാളാണ് ഈ ഇട്ടിമാത്തു. മാത്തുത്തരകന്റെ സ്വാധീനംകൊണ്ടു കൂടിയാണ് അബ്രാഹം മല്പാൻ ഗോവർണ്ണർദോറിന്റെ പന്ത്രണ്ട് കാനോനിസ്താമാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടത്."

അബ്രാഹം മല്പാനെ ഗോവർണ്ണദോർ സ്ഥാനത്ത് നിയമിക്കു ന്നതായി ചങ്ങനാശ്ശേരി യോഗ നിശ്ചയിച്ച പ്രകാരം മാർ അബ്രാഹം മെത്രാനും പാത്രിയർക്കിസ് പ്രതിനിധിയും കൂടെ കൊടുത്ത അധികാരപത്രം ശ്രീ.എം.ഒ.ജോസഫ് നെടുങ്കുന്നം രചിച്ച മാത്തുത്തര കൻ ജീവചരിത്രഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. അത് താഴെ ചേർ ക്കുന്നു. "ഉടയതമ്പുരാന്റെ മനോഗുണത്താലെയും ശുദ്ധമാന റോമാ പള്ളിയുടെ നിയോഗത്താലെയും കൽദായക്കാരുടെ എത്രയും പെ.ബ. പാത്രിയർക്കീസായ മാർ യോഹന്നാൻ മലങ്കര ഇടവകയ്ക്ക് കഴലപ്പെടുത്തി എന്ന നാം അവുറാഹം എപ്പസ്കോപ്പായും മേലാളാ

malankaralibrary.com

യിട്ട് കല്പിച്ചയച്ച ബാബേലിൽനിന്നുള്ള ഹുറുമീസ് കശീശായും കൂടി എഴുത്തു നമ്മുടെ സ്നേഹിക്കപ്പെട്ട പാലായിൽ കട്ടക്കയത്ത് കശീശാ അവറാഹമിന് നമ്മുടെ കർത്താവീശോമിശിഹായാലേ സ്വത്വം."

"അങ്കമാലി മുതലായ മലങ്കര 84 പള്ളിക്കാരും കൂടി നമ്മുടെ കർത്താവിനടെ ആണ്ട് 1787 കുംഭം ഒന്നാംതീയതി അങ്കമാലിപള്ളിയിൽ വച്ച് എഴുതിവച്ച പടിയോലയ്ക്കുശേഷം പത്തുകാലത്തോതു നിങ്ങൾ അപേക്ഷിച്ചാറെ റോമായിൽനിന്നും പോർത്തുഗാലിൽനിന്നും ഇവിടെയിരിക്കുന്ന മെത്രാന്മാരിൽനിന്നും നിങ്ങളെ അപേക്ഷ കൈക്കൊള്ളായ്കകൊണ്ട് 1797–ാം കാലം മാർ യോഹന്നാൻ പാത്രിയർക്കീസിന്റെ അടുക്കൽ സങ്കടം ബോധിപ്പിച്ചാറെ മനോഗുണമായിട്ട് നിങ്ങളുടെ അപേക്ഷകൾ കൈക്കൊണ്ട് മുമ്പിൽ ഗോവർണ്ണദോറായിട്ട് നിങ്ങളെ ഭരിക്കുന്ന ബ.തോമ്മാ കശീശായെ ത്തന്നെ ഗോവർണ്ണദോറാക്കി വേണ്ടുന്ന അനുവാദങ്ങളും വീണ്ടും വഗദാഗിയിൽനിന്ന് കൊടുത്തു ഭരിച്ചു വരുമ്പോൾ 99–ാം കാലം മീനമാസം പഴേകണക്കിൽ 10–ാം തീയതി ഉടയതമ്പുരാന്റെ തിരുമനസ്സുപോലെ അദ്ദേഹത്തിന്റെ കാലം കഴികകൊണ്ട് ഇനി ആ സ്ഥാനം ഭരിക്കേണ്ടതിന് അദ്ദേഹത്തിന്റെ മരണസമയത്തിൽ നിശ്ചയിച്ചതിന്മണ്ണം പടിയോലയിൽപ്പെട്ട വിചാരക്കാരും നാം മേലാളായിരിക്കുന്ന ഹുറുമിശ് കശീശായും കൂടി വിചാരിച്ച് മലങ്കര ഇടവകയുടെ ഗോവർണ്ണദോറായിട്ട് അങ്ങേ കല്പിക്കുകയും ചെയ്തു എന്നതുകൊണ്ട് ബഹു.തോമ്മാ കശീശാക്കു മാർ യോഹന്നാൻ പാത്രിയർക്കീസ് കൊടുത്തിരിക്കുന്ന മുഷ്ക്കരത്വങ്ങളൊക്കെയ്ക്ക് കയ്യാളിച്ചിരിക്കുന്ന എടവകയിൽ ഒക്കെയും ഉടയതമ്പുരാന്റെ തിരുമുൻപിൽ കടം കൂടാതെ വിചാരിച്ചു കൊൾകയും വേണം. ഉടയതമ്പുരാന്റെ മനോഗുണവും നമ്മുടെ വാഴുവും ചെമ്മൂർത്തവും അങ്ങേ മേലുണ്ടായിരിക്കട്ടെ. 1799–ാം കാലം മേടമാസം പഴേകണക്കിൽ 10 –ാം തീയതി ചങ്ങനാശ്ശേരിൽ മർത്തമറിയത്തുമ്മായുടെ പള്ളിയിൽ നിന്ന് എഴുത്ത്."

മേൽപറഞ്ഞ ഗ്രന്ഥത്തില കാനോനിസ്താമാര് അബ്രാഹം മല്പാന് കൊടുത്ത അധികാരപത്രവും ചേർത്തിട്ടുണ്ട്. അത് താഴെ ചേർക്കുന്നു. തമ്പുരാന്റെ മനോഗുണത്താലെ ശുദ്ധമാനറോമാപള്ളിയുടെ കല്പനയിലെയും മലങ്കര ആകമാനത്തിനടുത്ത പള്ളിയുടെ കാനോനിയിത്തന്മാരു എഴുത്ത്. സ്നേഹിക്കപ്പെട്ട പാലാ പള്ളി ഇടവകക്കാരൻ കട്ടക്കയത്ത് ഔറാഹം കത്തനാരച്ചന് നമ്മുടെ കർത്താവീശോമിശിഹായിലെ നിരപ്പും സ്വത്വവും

malankaralibrary.com

"എത്രയും പെരിയ പെരിയ ബഹുമാനപ്പെട്ട കാരിയാറ്റി മെത്രാപ്പോലീത്താ കാലം ചെയ്തുകൊണ്ട് കടനാട്ടു പള്ളി ഇടവകക്കാരൻ പാറേമാക്കൽ തോമ്മാകത്തനാരച്ചൻ ഗോവർണ്ണദോറായിട്ട് 1787–ാം കാലം അങ്കമാലി വലിയ പള്ളിയിൽവച്ച് മലങ്കര 84 പള്ളിക്കാരും കൂടി ശുദ്ധമാനപള്ളിയുടെ കല്പനക്കും നമ്മുടെ പരിഷയുടെ മര്യാദയ്ക്കും ഞായത്തിനും നടക്കേണ്ടും ക്രമങ്ങളൊക്കേക്കും പടിയോലയും എഴുതിവച്ച, നമ്മുടെ ഗോവർണ്ണദോറായിട്ട് അദ്ദേഹത്തെ കൈക്കൊണ്ട് മലങ്കര എടവകക്കാരൊക്കെയും കൂടെ ചെയ്യേണ്ടുന്ന കാര്യങ്ങളൊക്കെയും നടത്തിച്ചു കൊള്ളത്തക്കവണ്ണം കാനോനയിത്തന്മാർ എന്നുപേരും വിളിച്ചു മുഷകരത്വവും തന്നു പടിയോലയും എഴുതി വച്ചു. അതിന്മണ്ണം 1799–ാം കാലം വരെയും നടന്നുവരുമ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ഗോവർണ്ണദോറച്ചന് ദണ്ഡം പ്രയാസമാകകൊണ്ട് നമ്മുടെ പടിയോല പ്രകാരം നടത്തിക്കുന്നതിന് ഏതു പ്രകാരം വേണ്ടു എന്ന് ബോധിപ്പിച്ചാറെ, ഈ എടവക ഭരിക്കേണ്ടതിന് നിങ്ങൾ നിശ്ചയിക്കുന്ന ആളുടെമേൽ നമുക്കുള്ള മുഷ്കരത്വവും നാം കൊടുത്തിരിക്കുന്നു എന്നും കല്പിച്ചു. 1799–ാ കാലം പുത്തൻകണക്കിൽ 20–ാം തീയതി തമ്പുരാന്റെ തിരുമനസ്സുപോലെ ആദ്ദേഹത്തിന്റെ കാലം കഴികകൊണ്ടും ഇനി മലങ്കരപള്ളി ഭരിക്കാൻ ആരു വേണ്ടു എന്ന് ഞങ്ങളും നമ്മുടെ മുട്ടും ദിഷ്ടിതയും പോക്കുവാൻ വാഗദാശിയിൽ നിന്നും ശുദ്ധമാന റോമാപള്ളിക്കു വഴക്കമുള്ള എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട പാത്രിയർക്കീസച്ചൻ കല്പിച്ചയച്ച എത്രയും പെരിക ബഹുമാനപ്പെട്ട ഔറാഹം എപ്പിസ്കോപ്പായും മേലാളായിട്ട് അയച്ചിരിക്കുന്ന ഹുറുമീസ് കശീശായും കൂടി വിചാരിച്ചാറെ, മലങ്കരപള്ളി ഭരിപ്പാൻ വേണ്ടുന്ന അറിവും യോഗ്യതയും അങ്ങേക്കുണ്ടന്ന് കാണ്കകൊണ്ട് ശുദ്ധമാന പള്ളിയുടെയും സൂനഹദോസുകളുടെയും കല്പനകൾക്കും കാനോനികൾക്കും തക്കവണ്ണം മലങ്കരപള്ളി ഭരിക്കുന്നതിന് ഗോവർണ്ണദോറായിട്ട് അങ്ങേ ഞങ്ങൾ വേസ്ത വരുത്തിക്കൊള്ളുന്നു. നമ്മോടു വിപരീതമായിരിക്കുന്ന ലത്തീൻകാരു ഗോവർണ്ണദോരു അച്ചനെങ്കിലും ശേഷമുള്ള ആളുകൾക്ക് എങ്കിലും ഒരു മുടക്കുവെച്ചാൽ അങ്കമാലിക്കൽ വെച്ചു നാം പടിയോല എഴുതി വെച്ച പ്രകാരം മുടക്കു അനുസരിക്കുകയും അവരുടെ സാധനങ്ങൾ പിടിച്ച് പള്ളികളിൽ വയ്ക്കുകയുമരുത്. എന്നാൽ മിശിഹാപിറന്നിട്ട് 1799–ാം കാലം മേടമാസം 10–ാം തീയതി ചങ്ങനാശ്ശേരി പള്ളിയിൽനിന്ന് എഴുത്ത്."

ഗോവർണ്ണദോറായി 1799–ൽ അബ്രാഹം മല്പാൻ അധികാരമേറെറടുത്തെങ്കിലും ഒന്നരവർഷം മാത്രമേ ഭരണം നിർവ്വഹിക്കാൻ

malankaralibrary.com

അദ്ദേഹത്തിന് സാധിച്ചുള്ളു.

റവ.ഡോ.കൂടപ്പുഴയുടെ ഭാരതസഭാചരിത്രത്തിൽ (പേജ് 471) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "പാറേമ്മാക്കൽ ഗോവർണ്ണദോറുടെകാലത്ത് സുറിയാനി പള്ളിക്കാരെല്ലാം അങ്കമാലിയുടെ കീഴിലായിരുന്നു. എന്നാൽ ഗോവർണ്ണദോറിന്റെ മരണശേഷം അവരെ വരാപ്പുഴ ഭരണത്തിൻകീഴ് കൊണ്ടുവരുന്നതിന് കർമ്മലീത്താ മിഷനറിമാർ നീക്കങ്ങൾ തുടങ്ങി. അതുകൊണ്ട് അവർ കട്ടക്കയത്തിൽ അബ്രാഹം ഗോവർണ്ണദോറുടെ തിരഞ്ഞെടുപ്പ് സാധുതയെ ചോദ്യം ചെയ്തു. കൊടുങ്ങല്ലൂർ രൂപതയുടെ മേൽ ഗോവ മെത്രാപ്പോലീത്താ അധികാരം നൽകിയിരുന്ന ലൂയീസ് ജോസഫ് റിബാമറിന്റെ പക്കൽനിന്ന് ശരിയായ അംഗീകാരം ലഭിച്ചിരുന്നില്ല എന്നതായിരുന്നു പരാതി. അതുകൊണ്ട് വരാപ്പുഴ മെത്രാന്റെ പ്രേരണയനുസരിച്ച് റീബാമർ ഏതാനും സുറിയാനിപ്പള്ളിക്കാരെ ആലപ്പുഴ സ്ലീവാപ്പള്ളിയിൽ വിളിച്ചുകൂട്ടി അവരോട് ശങ്കൂരിക്കൽ ഗീവർഗീസ് മല്പാൻ, തോട്ടയ്ക്കാട് യാക്കോകുരിയതു കത്തനാർ, തച്ചിൽ എബ്രാഹം മല്പാൻ, പ്ലാത്തോട്ടത്തിൽ തോമ്മാ മല്പാൻ എന്നിവരിൽനിന്ന് ഒരാളെ ഗോവർണ്ണദോറായി തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടു. യോഗക്കാർ ശങ്കൂരിക്കൽ ഗീവർഗീസു മല്പാനെയാണ് ഗോവർണദോറായി തിരഞ്ഞെടുത്തത്. തിരഞ്ഞെടുപ്പ് ഗോവാ മെത്രാപ്പോലീത്താ അംഗീകരിക്കുകയും അദ്ദേഹം ഭരണം ഏററെടുക്കുകയും ചെയ്തു. സമുദായഐക്യം സംരക്ഷിക്കുവാൻ കട്ടക്കയവും മാത്തുത്തരകനും പുതിയ ഗോവർണ്ണദോറുടെ നേതൃത്വം സ്വീകരിച്ചു. പണ്ടാരി പൗലോസ് മെത്രാന് സാധുവായ പട്ടം ലഭിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ യോഗക്കാർ കൂടിയിരുന്നാണല്ലോ കട്ടക്കയം അബ്രാഹം മല്പാനെ ഗോവർണ്ണദോറായി തിരഞ്ഞെടുത്തത്. പണ്ടാരി മെത്രാന് ശരിയായ ഭരണാധികാരം ലഭിച്ചിരുന്നില്ല എന്ന വികലതമാത്രമേയുണ്ടായിരുന്നുള്ളു. സുറിയാനിക്കാരുടെയിടയിൽ കക്ഷികളും ഭിന്നതകളും മത്സരങ്ങളും ഉണ്ടാകാതിരിക്കുവാനാണ് കട്ടക്കയം അബ്രാഹം മല്പാൻ ശങ്കൂരിക്കൽ ഗോവർണ്ണദോർക്ക് കീഴ്പ്പെട്ട് ഗോവർണ്ണദോർ സ്ഥാനം രാജിവച്ചത്. ശങ്കൂരിക്കൽ ഗീവർഗീസ് ഗോവർണ്ണദോർ 1801-ൽ നിര്യാതനായി."

സഭയിൽ ഭിന്നിപ്പിനും മത്സരത്തിനും ഇടം കൊടുക്കാതെ സ്വമനസ്സാ സ്ഥാനം ഉപേക്ഷിച്ച കട്ടക്കയം അബ്രാഹം മല്പാനെ നാം അഭിനന്ദിക്കുകതന്നെ വേണം. റബിമറിന്റെ തന്ത്രം സുറിയാനി ക്രിസ്ത്യാനികളെ തമ്മിൽ ഭിന്നിപ്പിക്കുകയെന്നതായിരുന്നു.

malankaralibrary.com

ച്ചിൽമാത്തുത്തരകന്റെ വിവേകപൂർവ്വമായ നിലപാട് നസ്രാണികളു ടെയിടയിൽ ഒരു ശീശ്മ ഉടലെടുക്കാതിരിക്കുന്നതിന് സഹായക രമായി.

കട്ടക്കയത്തിൽ അബ്രാഹം മല്പാന്റെ ഒന്നരവർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ നടന്ന ഒരു മഹാസംഭവമാണ് ആറാം മാർത്തോമ്മായുടെ പുനരൈക്യം.

ഗോവർണ്ണദോറിന്റെ മരണശേഷം ചില സുറിയാനിപ്പള്ളികൾ വരാപ്പുഴയുടെ അധീനതയിലായി. തന്മൂലം രണ്ട് അധികാര സ്ഥാനങ്ങളെയും ആശ്രയിച്ച് നിൽക്കുന്ന പള്ളികൾ അതതുഭാഗ ങ്ങളിൽതന്നെ ചേർന്ന് നിൽക്കുന്നതിലേക്ക് വേണ്ട ശാസനങ്ങൾ തിരുവിതാംകൂർ സർക്കാരിൽനിന്നും മാത്തുത്തരകൻ വാങ്ങിക്ക യുണ്ടായി.

തുടർന്ന് നിയമിക്കപ്പെട്ട ഗോവർണ്ണദോർമാർ രണ്ടുപേരും പോർട്ടുഗീസുകാരായിരുന്നു. വീണ്ടും സുറിയാനിക്കാർ ലത്തീൻ വൈദീകാധികാരികളുടെ ഭരണത്തിന് വിധേയരാക്കപ്പെട്ടു. 1896 വരെ ഈ നില തുടർന്നു. ☆

malankaralibrary.com

## 13

# ആറാം മാർത്തോമ്മായുടെ പുനരൈക്യം

കൂനൻകുരിശു സത്യത്തെത്തുടർന്ന് നസ്രാണി സഭയിൽ ഉണ്ടായ ഭിന്നിപ്പ് അവസാനിപ്പിച്ച് ഇരുവിഭാഗങ്ങളും യോജിക്കണമെന്ന് പുത്തൻകൂർ പഴയകൂർ വിഭാഗങ്ങൾക്ക് എന്നും ആഗ്രഹമുണ്ടായിരുന്നു. ഒന്നു മുതൽ ആറുവരെയുള്ള എല്ലാ മാർത്തോമ്മാമാരും അക്കാര്യത്തിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. കത്തോലിക്കാ വിശ്വാസത്തിൽ ജനിച്ചുവളർന്ന ആറാം മാർത്തോമ്മായ്ക്ക് ശീശ്മ വളരെ അപകടകരമാണെന്ന ബോദ്ധ്യവും ഉണ്ടായിരുന്നു. അതുകൊണ്ടാണ് ശരിയായ മെത്രാൻപട്ടം ലഭിച്ചതിനു ശേഷവും പുനരൈക്യത്തിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചത്. മാർത്തോമ്മായേയും അദ്ദേഹത്തിന്റെ അനുയായികളേയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് പാതിരിമാർ അനുകൂലികളല്ലായെന്ന് ബോദ്ധ്യമായപ്പോഴാണ് കരിയാററി മല്പാൻ റോമിലേക്ക് പാറേമ്മാക്കൽ തോമ്മാകത്തനാരുമൊന്നിച്ച് പോയത്. മാർത്തോമ്മായുടെ നിലപാട് വിശദീകരിച്ചുകൊണ്ട് ഒരു ഹർജിയും മല്പാൻ വശം കൊടുത്തയക്കുകയുണ്ടായി.

മാർത്തോമ്മായുടെ കത്തും കരിയാററി മല്പാന്റെ നിവേദനങ്ങളും റോമായിൽ എത്തിയിട്ടും അതേപ്പററി ഒരു തീരുമാനവും എടുക്കാതെ അതിനെപ്പററി വിചാരണ ചെയ്യാൻ ഗോവാമെത്രാനെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ഗോവാമെത്രാപ്പോലീത്താ ഈ സന്ദർഭത്തിൽ യൂറോപ്യൻ പര്യടനത്തിലായിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രതി പുരുഷനായ കൊച്ചിമെത്രാനാണ് അന്വേഷണം നടത്തിയത്. കൊച്ചിമെത്രാൻ അന്വേഷണത്തിന് തന്റെ വികാരി ജനറാളിനെ ഏല്പിച്ചു. വികാരി ജനറാളിന്റെ നിഗമനങ്ങൾ താഴെപ്പറയുന്നവയാണ്. 1. മാർത്തോമ്മാ കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിക്കുന്നു എന്നത് ശരിയാണ്. 2. മാർത്തോമ്മാ ഉദയംപേരൂർ സൂനഹദോസിനെ അംഗീകരിക്കുന്നില്ല. 3. അദ്ദേഹം കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിക്കുന്നത് ലൗകിക നേട്ടങ്ങൾ കണക്കിലെടുത്താണ്. 4. മാർത്തോമ്മാ കത്തോലിക്കാ സഭയിൽ ചേർന്നാൽ ജനങ്ങൾ അദ്ദേഹത്തെ പരിത്യജിക്കും.

മാർത്തോമ്മായുടെ പുനരൈക്യത്തിനെതിരായി അദ്ദേഹത്തെ

malankaralibrary.com

കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിനെതിരായി റോമിലേക്കും പോർച്ചുഗലിലേക്കും നിരവധി പരാതികൾ ഈ സമയത്ത് അയയ്ക്കുകയും ചെയ്തിരുന്നു. കൊച്ചിയിലെ വികാരി ജനറാളിന്റെ റിപ്പോർട്ടും പാതിരിമാരുടെ നിവേദനങ്ങളും മാർത്തോമ്മായുടെ പുനരൈക്യത്തിന് എതിരായിരുന്നു. എങ്കിലും മാർത്തോമ്മായെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് ആവശ്യമായ എല്ലാ അധികാരങ്ങളും കരിയാററിക്ക് റോമിൽ നിന്നും നൽകപ്പെട്ടു. പാതിരിമാരുടെ സമ്മർദ്ദത്തിന്റെ ഫലമായി ഒരു വ്യവസ്ഥ കൂടി എഴുതിച്ചേർത്തു. മാർത്തോമ്മയെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്ന അവസരത്തിൽ ഗോവാ മെത്രാപ്പോലീത്തായുടെ ഒരു പ്രതിനിധികൂടി ഉണ്ടായിരിക്കണമെന്നതായിരുന്നു വ്യവസ്ഥ. തങ്ങളുടെ അധികാരം നഷ്ടപ്പെട്ടുപോകുമെന്ന ഭയമാണ് മാർത്തോമ്മായുടെ പുനരൈക്യത്തിന് എതിരായ ഒരു നിലപാട് സ്വീകരിക്കുവാൻ പാതിരിമാരെ പ്രേരിപ്പിച്ചത്. ആറാം മാർത്തോമ്മായേയും അദ്ദേഹത്തിന്റെ കീഴിലുള്ള 80000–ൽ അധികം ജനങ്ങളേയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് അനുവാദവും വാങ്ങി റോമായിൽനിന്നും മടങ്ങിയ മാർ കരിയാററി 1786–ൽ ഗോവയിൽ വച്ച് അപ്രതീക്ഷിതമായി മരണപ്പെട്ടു. മാർത്തോമ്മായെ സ്വീകരിക്കുന്നതിന് അധികാരമുള്ളയാൾ ഇല്ലാതായതോടെ കുഴപ്പത്തിലേക്കാണ് കാര്യങ്ങൾ നീങ്ങിയത്. പുനരൈക്യം സംബന്ധിച്ചു നടന്ന എല്ലാ ആലോചനകളും വിഫലമായിത്തീർന്നു.

മാർത്തോമ്മാക്രിസ്ത്യാനികൾ രണ്ടാം ഭാഗത്തിൽ (പേജ് 240) ഇപ്രകാരം എഴുതിയിരിക്കുന്നു. "കരിയാററി മെത്രാപ്പോലീത്തായുടെ മരണാനന്തരം മാർത്തോമ്മായുടെയും, പാറേമ്മാക്കൽ തോമ്മാകത്തനാർ, തച്ചിൽ മാത്തുത്തരകൻ മുതലായ എല്ലാ പഴയ കൂററുകാരുടെയും അപേക്ഷ പിന്നെയും ഉണ്ടായതിനാൽ എല്ലാവരും കൊച്ചി മെത്രാനെ ആശ്രയിച്ച് അതിലേക്ക് വേണ്ട ആലോചനകൾ നടത്തിത്തുടങ്ങി. അതിന്റെ പ്രധാനമായ ഒന്ന് 1796–ൽ കൊല്ലത്തുവച്ച് കൊച്ചി മെത്രാന്റെ സമക്ഷത്തു നടത്തിയതാണ്. അതിൽ 6–ാം മാർത്തോമ്മായും പാറേമ്മാക്കൽ തോമാക്കത്തനാരും, മാത്തൂത്തരകൻ മുതൽ പേരും ഉൾപ്പെടെ പഴയകൂറിലും പുത്തൻകൂറിലുമുള്ള പല സുറിയാനിക്കാരും സംബന്ധിച്ചിരുന്നു. മാർത്തോമ്മായെ മെത്രാന്റെ നിലയിൽ തന്നെ സ്വീകരിക്കണമെന്നും, 18 സംവത്സരങ്ങൾക്കുമുൻപ് 1778–ൽ കരിയാററി മെത്രപ്പോലീത്ത ആദിയായവർ റോമായിൽ പോയിരുന്ന അവസരത്തിൽ ആ വിധമാണ് മാർത്തോമ്മായെ ബോധിപ്പിച്ചിരുന്നതെന്നും അതിന് അനുകൂലമായിട്ടാണ് മാർപ്പാപ്പാ

malankaralibrary.com

തീരുമാനിച്ചതെന്നുമായിരുന്നു സുറിയാനിക്കാർ ചെയ്ത അപേക്ഷ. എന്നാൽ ഈ അപേക്ഷയ്ക്ക് അനുകൂലമായ ഒരു മറുപടി പറയാത്തതിനാൽ ഈ ആലോചന നിഷ്ഫലമായി ഭവിച്ചു."

ഉദയം പേരൂർ സൂനഹദോസ് തീരുമാനങ്ങൾ മാർത്തോമ്മാ അംഗീകരിക്കുന്നില്ലായെന്ന പരാതി ശരിയാണ്. അധികാരമില്ലാതെയും അസാധുവായും നിർമ്മിക്കപ്പെട്ട ആ സൂനഹദോസിന്റെ തീരുമാനങ്ങൾ അനുസരിക്കുവാൻ ഒരു കത്തോലിക്കനും ബാദ്ധ്യതയില്ല എന്നുതന്നെയുമല്ല സൂനഹദോസ് നിശ്ചയങ്ങൾ പലതും മെനേസിസ് മെത്രാപ്പോലീത്താ കൃത്രിമമായി തിരുത്തുകയും ഇഷ്ടം പോലെ കൂട്ടിയെഴുതുകയും ചെയ്തിട്ടുണ്ടെന്നും ഉദയംപേരൂർ സൂനഹദോസ് തന്നെ അസാധുവാകയാൽ അതിന്റെ തീരുമാനങ്ങൾ അംഗീകരിക്കരുതെന്നും സൂനഹദോസിന്റെ നടത്തിപ്പുകാരൻ കൂടിയായിരുന്ന റോസ് മെത്രാപ്പോലീത്ത റോമായെ അറിയിച്ചിട്ടുള്ളതുമാണ്. റോസ് മെത്രാപ്പോലീത്തായുടെ അഭിപ്രായത്തെ റോം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. റോസ് മെത്രാപ്പോലീത്താ അങ്കമാലിയിൽ വിളിച്ചുകൂട്ടിയ പുതിയ സൂനഹദോസ്, ഉദയം പേരൂർ സൂനഹദോസിന്റെ പല നിശ്ചയങ്ങളും റദ്ദാക്കിയിട്ടുണ്ടെന്ന് ഈസ്റ്റേൺ ക്രിസ്ത്യാനിററി എന്ന ഗ്രന്ഥത്തിന്റെ 66-ാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1796 സെപ്ററംബർ 19-ാം തീയതി കൊല്ലത്ത് കൊച്ചിമെത്രാന്റെ അദ്ധ്യക്ഷതയിൽ കൂടിയ പഴയകൂററിലും പുത്തൻകൂററിലും ഉള്ള സുറിയാനിക്കാരുടെ യോഗത്തിന്റെ അഭ്യർത്ഥന - മാർത്തോമ്മായെ സ്വീകരിക്കണമെന്ന അഭ്യർത്ഥന - കൊച്ചി മെത്രാൻ അംഗീകരിക്കുവാൻ തയ്യാറായില്ല. ഭരണമില്ലാത്ത മെത്രാനായി ഇരിക്കുവാൻ മാർത്തോമ്മായും തയ്യാറായില്ല. 134 വർഷങ്ങൾക്കുശേഷം ഇതേ സ്ഥലത്തും ഇതേ മാസത്തിലുമാണ് യാക്കോബായ പുനരൈക്യം സാധിതമായത്. 134 വർഷങ്ങൾക്കു മുമ്പ് ലത്തീൻ കത്തോലിക്കാ സഭയിൽ പെട്ട ഒരു മെത്രാനാണ് മാർത്തോമ്മായെ സ്വീകരിക്കുവാൻ വിസമ്മതിച്ചതെങ്കിൽ അതേ സന്യാസസഭയിൽപെട്ട ഡോ.ബൻസിഗർ തിരുമേനിയാണ് 1930 സെപ്ററംബർ 20-ന് മാർ ഇവാനിയോസിന്റേയും മാർ തെയോഫിലോസിന്റേയും സത്യപ്രതിജ്ഞ സ്വീകരിച്ചത്.

തീഷ്ണശീലനും യാതൊരുത്തനോടും ക്ഷമിക്കാത്തവനുമായ അയാൾ തിരുവിതാംകൂറിൽ അനവധി കലഹങ്ങൾ ഉണ്ടാക്കിത്തീർത്തു എന്ന് 9 കൊല്ലത്തിനുശേഷം കൊച്ചിമെത്രാൻ എഴുതിയതായി പൗളിനോസ് പാതിരി തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി

malankaralibrary.com

യിരിക്കുന്നു. മാർത്തോമ്മാ തന്റെ മെത്രാൻ സ്ഥാനത്തിന്റെ അംഗീകരണവും തന്റെ ജനത്തിന്റെ മേലുള്ള ആദ്ധ്യാത്മികമായ അധികാരവും വേണമെന്ന് വാദിക്കുന്നു എന്നതാണ് 1787 മെയ് 7-ന് വരാപ്പൂഴ മെത്രാപ്പോലീത്ത പ്രെപ്പഗാന്താ തിരുസംഘത്തിന് എഴുതിയത്.

ലത്തീൻ ഭരണാധികാരികൾക്കുള്ള സംശയങ്ങളെ നിവാരണം ചെയ്യുന്നതിന് എന്തുവേണമെങ്കിലും ചെയ്യാമെന്ന മാർത്തോമ്മാ സമ്മതിച്ചു. 1799 ജൂൺ 22-ാം തീയതി മാർത്തോമ്മാ വളരെ വൈദികരോടും ജനപ്രതിനിധികളോടും കൂടി ആലപ്പുഴയെത്തി. പുനരൈക്യത്തിനുവേണ്ടി വളരെ നാളുകളായി ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരുന്ന തച്ചിൽ മാത്തുത്തരകന്റെ താമസസ്ഥലം അക്കാലത്ത് ആലപ്പുഴയായിരുന്നു. അതുകൊണ്ടാണ് ഈ അന്തിമ കൂടിയാലോചനയ്ക്ക് ആലപ്പുഴ തിരഞ്ഞെടുത്തത്. ആലപ്പുഴ സമ്മേളന തീരുമാനത്തെപ്പററി സത്യവേദചരിത്രം ഗ്രന്ഥത്തിൽ (പേജ് 250) ഇപ്രകാരം എഴുതിയിരിക്കുന്നു (സത്യവേദചരിത്രം രചിച്ചത് മാർസ്ലീനോസ് മെത്രാനാണ്). "മാർത്തോമ്മാ തത്തംപള്ളിയിൽ തരകന്റെ പക്കൽ റമ്പാനോടും ഏറിയ കത്തങ്ങളോടും അൾമേനിക്കാരോടും കൂടെ പോയി ആലോചനകളെയും തർക്കങ്ങളെയും കഴിച്ചതിനുശേഷം മാർത്തോമ്മാ മുതൽ പേരും ഉദയം പേരൂർ സൂനഹദോസ് അനുസരിക്കാമെന്നും ഉടമ്പടിക്കിരിക്കാത്തവരെക്കൊണ്ട് മഹാരാജാവ് കൽപിക്കുന്ന പണപ്രായശ്ചിത്തം ചെയ്യിപ്പിക്കാൻ തക്കവണ്ണം ഇരുപാട്ടുകാരും സമ്മതിച്ച ഉടമ്പടി എഴുതിവച്ചിതിനുശേഷം മിഖായേൽ റേശുമാലാഖയുടെ പള്ളിയിൽ ചെന്ന് യാക്കോബായ വിശ്വാസം ത്യാഗം ചെയ്തു. കത്തോലിക്കാ വിശ്വാസസത്യം ചെയ്യുകയും ചെയ്തു. ഇത് 1799-ാം ആണ്ടിൽ മിഥുനം 21-ാം തീയതി സംഭവിച്ചതായിരിക്കുന്നു."

മെക്കൻസാ രചിച്ച തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന ഗ്രന്ഥത്തിലെ ഇതു സംബന്ധിച്ച വിവരങ്ങൾ മാർത്തോമ്മാ ക്രസ്ത്യാനികളുടെ സത്യവിശ്വാസം എന്ന ഗ്രന്ഥത്തിലെ 188-ാം പേജിൽ എടുത്ത് ഉദ്ധരിച്ചിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. "1799-ൽ യാക്കോബായക്കാരുടെ മാർദിവന്ന്യാസ്യോസ് എന്ന മെത്രാന്റെയും യാക്കോബായക്കാരായ തോമ്മാനസ്രാണികളുടെയും മനസ്സുതിരിവ് എങ്ങനെയെന്നാൽ, അക്കാലം സമീപിച്ചു യാക്കോബായ മെത്രാനും ജനങ്ങളും കൽദായ പാത്രയർക്കീസിന്റെ ആളുകളും കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോറും തച്ചിൽ മാത്തുത്തരകൻ മുതലായവരും ആലപ്പുഴ മാർസ്ലീബാപ്പള്ളിയിൽ കൂടുകയും, യാക്കോബായ

malankaralibrary.com

ക്കാർ റോമൻകത്തോലിക്കാ വഴക്കത്തിൽ ചേർന്നുകൊള്ളാമെന്ന സ്വമനസ്സാലെ സമ്മതിക്കുകയും കൂടിയില്ലങ്കിൽ 30000 (മുപ്പതിനായിരം) ഉറുപ്പിക പിഴ ഒടുക്കിക്കൊള്ളാമെന്ന് ഉടമ്പടി ചെയ്യുകയും ചെയ്തു: ഇതനുസരിച്ച് ടി യാക്കോബായ മെത്രാൻ തന്റെ സത്യമായ വിശ്വാസം റോമാ സിംഹാസനത്തിലേക്ക് അയപ്പാൻ എഴുതി ഒപ്പിട്ട് ഏല്പിക്കുകയും ചെയ്തു."

പാറേമാക്കൽ തോമാകത്തനാർ (ഗോവർണ്ണദോർ) ദിവംഗതനായി ഏതാനും മാസങ്ങൾ കഴിഞ്ഞാണ് ഈ പുനരൈക്യം നടക്കുന്നത്. അന്നത്തെ ഗോവർണ്ണദോർ തച്ചിൽ മാത്തുത്തരകന്റെ വലം കൈയ്യായി നിന്നു പ്രവർത്തിച്ച കട്ടക്കയത്തിൽ അബ്രഹാം മല്പാനാണ്. ഒന്നരവർഷക്കാലം മാത്രം ഗോവർണ്ണദോറായി പ്രവർത്തിച്ച അബ്രഹാം മല്പാന്റെ ഭരണകാലത്തെ ഏററവും പ്രധാന സംഭവമാണ് മാർത്തോമ്മായുടെ പുനരൈക്യം. ഈ ഉടമ്പടിയിൽ പറഞ്ഞിരിക്കുന്ന കൽദായ പാത്രയാർക്കീസിന്റെയാളുകൾ പണ്ടാരി പൗലോസ് മെത്രാനും ബാബേലിൽനിന്നും മേലാളായി വന്ന ഹുറുമീസ് കശീശയുമാകുന്നു. ആറാം മാർത്തോമ്മായുടെ വിശ്വാസ പ്രതിജ്ഞ സ്വീകരിച്ചത് പണ്ടാരി പൗലോസ് എന്ന അബ്രാഹാം മെത്രാനാണ്.

തത്തംപള്ളിയിൽ വച്ച് ഇരുവിഭാഗക്കാരും കൂടിയോചിച്ച് എഴുതിയിട്ടുള്ള ചരിത്രപ്രസിദ്ധമായ ഉടമ്പടി താഴെ ചേർക്കുന്നു. "മലങ്കരഇടവകയുടെ മാർദിവന്ന്യസോസ മെത്രാപ്പോലീത്തായും അരങ്ങു കീഴ്‌വഴങ്ങിയിരിക്കുന്ന പള്ളിക്കാററും എത്രയും പെരിക പെരിക ബഹുമാനപ്പെട്ട ശുദ്ധഃ റോമാപള്ളിക്കുവഴങ്ങിയിരിക്കുന്ന കൽദായക്കാരുടെ പാത്രയർക്കീസ് കൽപിച്ചയച്ച മാർ ഔറാഹം അപ്പസ്തോപ്പായും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ ഇടവക ഭരിക്കുന്ന ഗോവർണ്ണദോറും അങ്ങെ കീഴ്‌വഴങ്ങിയിരിക്കുന്ന മലങ്കര പള്ളിക്കാററും പാത്രയർക്കീസ് മേലാളായിട്ട് കല്പിച്ചയച്ച ഹൊർമ്മീസ് കശീശായും കൂടെ ആലപ്പുഴ മാർസ്ലീവാ പള്ളിക്കൽ വച്ച് രണ്ടു കൂററും പുറത്തു ഒള്ള വിവാദുകൾ ഒക്കെയും പറഞ്ഞു തീർത്തു മേലിൽ എല്ലാവരു കൂടി ഒന്നായി ഭവിച്ചു നടക്കേണ്ടതിന് സത്യമായിട്ട് എഴുതിവച്ച പടിയോല."

"നമ്മുടെ കാരണവന്മാരായിട്ട് ശുദ്ധമാന മാർപ്പാപ്പായെ കീഴ്‌വഴങ്ങി ഈശോമിശിഹായുടെ 1599-ാം കാലത്തോളം റോമാ പള്ളിക്കുപഴക്കമുള്ള കൽദായ സുറിയാനിക്കാരുടെ ക്രമം പോലെ

malankaralibrary.com

നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാററിൽ നിന്നും റൊമാവഴക്കമുള്ള മെല്പട്ടകററ മലയാളത്തിൽ വരാഴികകൊണ്ടും നമുക്ക് മെല്പട്ടക്കാററ ഇല്ലാതിരിക്കുമ്പോൾ ഗൊവയുടെ മാററല്ലെസൊസു മെത്രാപ്പോലീത്ത് മാർപ്പാപ്പായുടെ കല്പനയാലെ മലങ്കരെ വന്നു ഉദിയമ്പെരൂർ സൂനഹദോസുകൂടി കല്പിച്ചിരിക്കുന്ന പ്രകാരം 1652-ാം കാലത്തോളം നാം എല്ലാവരും ഏകോൽഭവിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാററിൽ ഒരു മെല്പട്ടക്കാരൻ വന്നാറെ സമ്പാളൂക്കററ അന്നു കൊച്ചീകൊട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായം വരുത്തു കകൊണ്ടു മലങ്കര ഇടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കുടി സമ്പാളൂക്കാററരെ ജാതി യജമാനൻമാരായിട്ടു കൈക്കൊൾ കയില്ലെന്ന സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ടു പള്ളിയിൽ വച്ചു മെൽപട്ടക്കാററരു കുടാതെ യൊഗമായിട്ടു തൊമാ ആർക്കദുയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിനുശേഷം ഓരോരോ കാര്യങ്ങൾകൊണ്ടു വിഭജിച്ചു രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നു വരുമ്പോൾ മുമ്പെ നമ്മുടെ കാരണവന്മാരു ഏകോത്ഭവിച്ചു നടന്നുവന്നതിൻ വണ്ണം ശുദ്ധമാന മാർപ്പാപ്പായെ കീഴ്വഴങ്ങി ഉദയംപേരൂർ സൂനഹദൊസിൽ കല്പിച്ചതിൻ വണ്ണം കുർബ്ബാനയും നമസ്കാരവും നൊയിമ്പും ശെഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടു കൂററുപിറത്തുള്ളവരും ഒന്നായിട്ടു അനുസരിച്ചു നടന്നുകൊള്ള ത്തക്കവണ്ണവും, ശുദ്ധമാർപ്പാപ്പായുടെ തിരുമനസ്സറിയിച്ചു അനുവാദം വരുത്തിക്കൊണ്ടു ശുദ്ധറൊമാപ്പള്ളിക്കു വഴക്കുമുള്ള കൽദായ സുറിയാനിക്കാരുടെ ക്രമം പോലെ എല്ലാകാര്യങ്ങളും നടന്നുകൊള്ള ത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്തുവരുന്നതു ഉപേക്ഷിച്ചു ഉറുബാനൊസ് എന്ന എട്ടാമത്തെ മാർപ്പാപ്പായുടെ കാലത്തിൽ കിഴക്കിന്നടുത്ത പള്ളിക്കാര ർക്കു കല്പിച്ചിരിക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസ രിച്ചു സത്യവും ചെയ്തു. മാർപ്പാപ്പായുടെ കല്പനപോലെ വഴങ്ങി നടന്നുകൊള്ളുമാറും സമ്മതിച്ചു. മിശിഹാ പിറന്നിട്ടു 1799-ാം കാലം പഴയ കണക്കിൽ ഇടവമാസം 20-നു ആലപ്പുഴ മാർസ്ലീവാ പള്ളിയിൽവച്ചു, വാവായുടെയും പുത്രന്റെയും റൂഹാദക്കുദശാ യുടെയും നാമത്താലെ രണ്ടു കൂററുംപിറത്തുള്ള പള്ളിക്കാററരും കൂടി സത്യമായിട്ടു എഴുതിവച്ച പടിയോല."

"മിശിഹാ പിറന്നിട്ടു 1799-ാംകാലം ഇടവം 20-ാം തീയതി മാർ ഔറാഹം അപ്പസ്കൊപ്പായും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ ഇടവക ഭരിക്കുന്ന ഗോവർണ്ണദോറും ശുദ്ധമാന റൊമാപള്ളിക്കു

malankaralibrary.com

വഴങ്ങിയിരിക്കുന്ന എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട കൽദായസുറിയാനിക്കാരുടെ പാത്രിയർക്കീസു കല്പിച്ചയച്ചുവെന്ന ഹൊർമ്മീസുകശീശായും അങ്ങെ കീഴ്‌വഴങ്ങിയിരിക്കുന്ന പള്ളിക്കാററു എല്ലാവരും കൂടി മാർ ദിവന്ന്യാസോസു മെത്രാപ്പൊലീത്തായ്ക്കും അങ്ങെ കീഴ്‌വഴങ്ങിയിരിക്കുന്ന പള്ളിക്കാററും എല്ലാവർക്കും കൂടെ എഴുതിക്കൊടുത്ത പടിയൊല ആവിതു."

"ഈശോമിശിഹായുടെ 1599-ാം കാലത്തോളം നമ്മുടെ കാരണവന്മാരായിട്ടു റൊമാപള്ളിക്കുവഴങ്ങി കൽദായസുറിയാനിക്കാററുടെ ക്രമത്തിനു നാമെല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കാരിൽ നിന്നും റൊമാ വഴക്കമുള്ള മെല്പട്ടക്കാറർ ഇല്ലാതെയിരിക്കുമ്പോൾ ഗൊവായുടെ മാറല്ലെസൊസു മെത്രാപ്പോലീത്ത ശുദ്ധമാർപ്പാപ്പായുടെ കല്പനയാലെ മലങ്കരവന്നു ഉദയംപേരൂർ സുനഹദൊസു കൂട്ടി കല്പിച്ചിരിക്കുന്ന പ്രകാരം 1652 കാലത്തോളം നാമെല്ലാവരും ഒന്നാകെ ഏകോത്ഭവിച്ചു നടന്നുവരുമ്പോൾ സുറിയാനിക്കററിൽ ഒരു മെല്പട്ടക്കാരൻ വന്നാറെ സമ്പാളുക്കാറർ അന്നു കൊച്ചികൊട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്ക ആ വന്ന യജമാനനെ അപായം വരുത്തുകകൊണ്ടു മലങ്കരെ എടവകക്കാർ എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽകൂടി സമ്പാളൂർക്കാററെ ജാതി യജമാനൻമാരായിട്ടു കൈക്കൊൾകയില്ലന്നു സത്യവും ചെയ്തു. ഉടനെ ആലങ്ങാട്ടു പള്ളിയിൽ വച്ചു മെല്പട്ടക്കാററു കൂടാതെ യൊഗമായിട്ടു തൊമ്മാ അർക്കദുയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിന്റെശേഷം ഓരോരോ കാര്യങ്ങൾകൊണ്ടു വിഭജിച്ചു രണ്ടു തലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ ഇപ്പോൾ നമ്മുടെ മുമ്പെ കാരണവന്മാർ ഒന്നായിട്ടു ഏകോത്ഭവിച്ചു നടന്നുവന്നതിൻ വണ്ണം ശുദ്ധമാന മാർപ്പാപ്പയെ കീഴ്‌വഴങ്ങി ഉദയംപെരൂർ സൂനഹദൊസിൽ കല്പിച്ചതിൻ വണ്ണം കുർബ്ബാനയും നമസ്കാരവും നൊയമ്പും ശെഷം കാര്യങ്ങളും ക്രമങ്ങളും നാം രണ്ടു കൂററുപിറത്തുള്ളവരും ഒന്നായിട്ടു അനുസരിച്ചു നടന്നുകൊള്ളത്തക്കവണ്ണവും പറഞ്ഞുവച്ചു ശുദ്ധമാർപ്പാപ്പായുടെ തിരുമനസ്സ് അറിയിച്ചു അനുവാദം വരുത്തിക്കൊണ്ടു ശുദ്ധറൊമാപള്ളിക്കു വഴക്കമുള്ള കൽദായ സുറിയാനിക്കാരുടെ ക്രമം പോലെ എല്ലാക്കാര്യങ്ങളും നടന്നുകൊള്ളത്തക്കവണ്ണവും ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമങ്ങളും നിങ്ങൾ കൈക്കൊണ്ടു വരുന്നതൊക്കെയും ഉപെക്ഷിച്ചു ഉറുബാനൊസു എന്ന എട്ടാമത്തെ മാർപ്പാപ്പായുടെ കാലത്തിൽ കിഴക്കിനടുത്ത പള്ളിക്കാറർക്കു കല്പിച്ചിരിക്കുന്ന വിശ്വാസ സത്യത്തിനു തക്കവണ്ണം അനുസരിച്ചു സത്യവും ചെയ്തു

malankaralibrary.com

മാർപ്പാപ്പായുടെ കല്പനപോലെ വഴങ്ങിനടന്നുകൊള്ളത്തക്കവണ്ണം നിങ്ങൾ സമ്മതിച്ചു നാം രണ്ടു കൂററുകാരും കൂടി പടിയൊലയും എഴുതിവച്ചതിൻവണ്ണം,ഒരു പടിയൊല നിങ്ങൾ ഞങ്ങൾക്കും എഴുതിതന്നിരിക്കകൊണ്ടും ഇതിന്നു ഭേദം കൂടാതെ ഞങ്ങൾ നടന്നു കൊൾകയുമാം. ഇതിന്നു ഭേദം വരുത്തുന്നുവെങ്കിൽ കൊയിമ്മ കല്പിക്കും വണ്ണം പ്രായശ്ചിത്തവും ചെയ്തു വീണ്ടും പടിയൊലപ്പടി നടന്നുകൊൾകയുമാം. ഇതു ആലപ്പുഴ മാർസ്ലീവാ പള്ളിയിൽവച്ചു വാവായുടെയും പുത്രന്റെയും റൂഹാകുദിശായുടെയും നാമത്താലെ സത്യവും ചെയ്തു എഴുതികൊടുത്ത പടിയോല."

ഇതുപോലെ തന്നെ മാർദിവന്ന്യാസോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ കീഴിലുള്ള പള്ളിക്കാരും കൂടി പഴയകൂററുകാർക്കും ഒരു പടിയോല എഴുതികൊടുത്തു. ഉറച്ച വിശ്വാസവും പുനരൈക്യഅഭിലാഷവും ഉണ്ടായിരുന്നതുകൊണ്ടാണ് മാർദിവന്ന്യാസോസ്, ഈ ഉടമ്പടി അനുസരിച്ച് പ്രവർത്തിക്കാത്തപക്ഷം ഗവൺമെന്റു നിശ്ചയിക്കുന്ന നഷ്ടപരിഹാരം കൊടുത്തുകൊള്ളാമെന്ന് ആലപ്പുഴവച്ച് വാഗ്ദാനം ചെയ്തത്. ഈ ഉടമ്പടി അനുസരിച്ച് 1799 ജൂലൈ 21-ാം തീയതി ആലപ്പുഴ തത്തംപള്ളി മി.മിഖായേൽ മാലാഖയുടെ ദേവാലയത്തിൽ വച്ച് മാർത്തോമ്മായും അനുയായികളും സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. മാർത്തോമ്മായും വൈദീകരും പള്ളിക്കാററും അപ്പം ഉപയോഗിച്ച് കുർബ്ബാനയും ചൊല്ലി തച്ചിൽ മാത്തുത്തരകന്റെ ഏററവും സന്തോഷകരമായ ദിനമായിരുന്നു അത്. മാത്തുത്തരകന്റെ സമുദായ സേവനത്തിന്റെ മുഖ്യലക്ഷ്യം കേരളസുറിയാനി സമുദായത്തിലെ പുത്തൻകൂർ - പഴയകൂർ വിഭാഗങ്ങളെ കൂട്ടിയോജിപ്പിച്ച് ഒററ സമുദായമാക്കുക എന്നതായിരുന്നു. ആ ലക്ഷ്യം അങ്ങനെ വിജയിച്ചു. ഉദയംപേരൂർ സൂനഹദോസ് കഴിഞ്ഞ് 200 കൊല്ലം കഴിഞ്ഞപ്പോൾ ഉദയപേരൂർ സൂനഹദോസിലൂടെ വിതച്ച വിത്തിന്റെ ദുഷ്യഫലങ്ങളെ നിർമ്മാർജ്ജനം ചെയ്യാൻ തച്ചിൽ മാത്തുത്തരകന് സാധിച്ചു.

ഷെവ. ഐ.സി. ചാക്കോ രചിച്ച മാർളൂയീസ് ജീവചരിത്രം ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആറാം മാർത്തോമ്മായുടടെ കാലം വരെ പഴയകൂററുകാരും പുത്തൻകൂററുകാരുമെന്നുള്ള വ്യത്യാസം ശാശ്വതമായിട്ടുള്ള ഒന്നല്ലന്നും കാലക്രമേണ അത് നീങ്ങിപ്പോകുമെന്നുള്ള അഭിപ്രായം രണ്ടു കൂട്ടർക്കുമുണ്ടായിരുന്നു. പത്തൊൻപതാം ശതാബ്ദത്തിന്റെ ആരംഭത്തിൽ പ്രൊട്ടസ്റ്റന്റുകാർ കേരളത്തിൽ വരികയും പുത്തൻകൂററുകാർ അവരോട് കൂട്ടുപിടിക്കു

malankaralibrary.com

കയും ചെയ്തതിൽ പിന്നീട് ഈ വ്യത്യാസം അപരിഹാര്യമെന്നുള്ള വിധത്തിൽ രണ്ടു കൂട്ടരും പ്രവർത്തിച്ചു തുടങ്ങി. പഴയകൂററുകാരും പുത്തൻകൂററകാരും തമ്മിലുള്ള ബന്ധമെല്ലാം പിരിഞ്ഞിരിക്കുന്നു വെന്നുള്ള വിധത്തിലാണ് പത്തൊൻപതാം ശതാബ്ദത്തിലെ സുറിയാനി ചരിത്രം മുമ്പോട്ടു പോകുന്നത്. എന്നിരുന്നാലും പുത്തൻ കൂററുകാരെ പൂർവ്വസ്ഥാനത്തേക്ക് ആകർഷിച്ചു കൊണ്ടുവരണ മെന്നുള്ള ആഗ്രഹം പഴയകൂററുകാരിൽ നിന്നും ഒരിക്കലും അന്തർദ്ധാനം ചെയ്തിരുന്നില്ല. സകലതും ക്രിസ്തുവിന്റെ ഏക പ്രതിനിധിയായ ഏകാധിപതിയുടെ കീഴിൽ വരുമെന്നുള്ള കത്തോലിക്കാ സഭയുടെ പ്രതീക്ഷമാത്രമല്ലായിരുന്നു ഈ ആഗ്രഹ ത്തിന്റെ അടിയിൽ സ്ഥിതിചെയ്തിരുന്നത്. പെട്ടെന്നുള്ള ഒരു വാശി നിമിത്തം സ്വഗൃഹത്തെയും സഹോദരന്മാരെയും തങ്ങളെയും വിട്ട് പുറപ്പെട്ടുപോയവരാണ് പുത്തൻകൂററുകാർ എന്നുള്ള ബോധം പഴയ കൂററുകാരിൽ എന്നും നിലകൊള്ളുന്നു. വീട്ടിലുള്ളവരോട് പിണങ്ങി പുറപ്പെട്ടുപോകുന്നവന് വീട്ടിൽ തിരിച്ചുപോകണമെന്നുള്ള ആഗ്രഹ ത്തേക്കാൾ വളരെ വലുതായിരിക്കും അവൻ തിരിച്ചുവരണമെന്ന് വീട്ടിൽ താമസിക്കുന്നവർക്കുള്ള ആഗ്രഹം. ഏററംവിധമായ ഒരു മനോഭാവ വ്യത്യാസമാണ് പഴയകൂററുകാരെ പുനരൈക്യത്തിൽ കൂടുതൽ ഉത്സുകരാക്കിയത്."

മാർത്തോമ്മായുടെ ആലപ്പുഴവച്ചുള്ള പുനരൈക്യം കഴിഞ്ഞ് ഒരു നൂററാണ്ടുകഴിഞ്ഞ് എഴുതിയതാണ് ഈ വാക്കുകൾ. ഈ ചിന്ത യാണ് പുനരൈക്യത്തിന് വേണ്ടി പ്രവർത്തിക്കുവാൻ തച്ചിൽ മാത്തു ത്തരകനെ പ്രേരിപ്പിച്ചത്. ഈ സമയത്ത് മാത്തുത്തരകനെതിരായി ട്ടുള്ള ഉപജാപപ്രവർത്തനങ്ങൾ രാഷ്ട്രീയ ശത്രുക്കൾ ശക്തിപ്പെടു ത്തികൊണ്ടിരുന്നു. രാജാവിനെ സ്വാധീനിച്ച് അധികാരം പിടിച്ചെ ടുത്ത വേലുത്തമ്പിയും കൂട്ടരും മാത്തുത്തരകനെ ശിക്ഷിക്കുന്നതിന് ഗൂഢാലോചന നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം ഉടൻ തന്നെ തിരുവനന്തപുരത്തിന് പോയി 974 മിഥുനമാസത്തിൽ അദ്ദേഹത്തെ ജയിലിലടച്ചു. മാത്തുത്തരകന്റെ വലംകൈയ്യായി നിന്നു പ്രവർത്തിച്ച കട്ടക്കയത്തിൽ അബ്രാഹം മല്പാൻ ഗവർണ്ണർ സ്ഥാനത്തുനിന്നും നീങ്ങുകയും ചെയ്തിരുന്നു. പിന്നീട് പുനരൈക്യകാര്യങ്ങളിൽ ഒരു തീരുമാനമെടുക്കേണ്ട ഏക വ്യക്തി കൊച്ചി മെത്രാനായിരുന്നു. എന്നാൽ കൊച്ചി മെത്രാൻ കരാറിന് വിരുദ്ധമായി പ്രവർത്തിച്ചു. മാർത്തോമ്മായെ മെത്രാനായി അംഗീകരിക്കുവാൻ വിസമ്മതിച്ചു. സത്യവിശ്വാസം ഗ്രന്ഥത്തിൽ പേജ് 88-ൽ ഇപ്രകാരം എഴുതിയി രിക്കുന്നു. "വാസ്തവമായി പട്ടമേററിരുന്ന ദിവന്ന്യാസോസ് മെത്രാൻ,

malankaralibrary.com

മെത്രാനടുത്തതായ ചിഹ്നങ്ങളും വസ്ത്രാഭരണങ്ങളും നീക്കി അൾമേനിയായി വരണമെന്ന് കർമ്മലീച്ചാ വൈദീകർ നിർബന്ധിച്ചു." മാത്തൂത്തരകന്റെ ജയിൽവാസവും കട്ടക്കയത്തിൽ ഗോവർണ്ണദോറുടെ അധികാരം നഷ്ടപ്പെട്ടതും പ്രതിസന്ധിയിലേക്ക് പുനരൈക്യത്തെ നയിച്ചു. ആറുമാസത്തോളം കത്തോലിക്കാ സഭയിൽ നിന്നതിനുശേഷം മാർത്തോമ്മായും അനുചരന്മാരും യാക്കോബായ സഭയിലേക്ക് തിരികെ പോയി. മാർത്തോമ്മായുടെ തിരിച്ചുപോക്കിനെ പരിഹസിച്ചുകൊണ്ട് മർസ്ലീനോസ് മെത്രാൻ സത്യവേദചരിത്രത്തിൽ 251-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ആയാണ്ടിൽ തന്നെ ധനുമാസത്തിൽ മാർത്തോമ്മാ മുതൽപേരും, ആഗ്രഹിച്ചിരുന്ന സ്ഥാനമാനങ്ങളെയും അധികാരങ്ങളെയും കിട്ടാഞ്ഞതുകൊണ്ടോ എന്തോ തിരിയുന്നില്ല. മുമ്പിലത്തെപ്പോലെ നടപ്പാനും തത്തപ്പള്ളിയിൽ ചെയ്ത ഉടമ്പടിയുടെ കടത്തിൽ നിന്നും അഴിയപ്പെടാനും മഹാരാജാവിനെബോധിപ്പിച്ചു. കടശി മുപ്പതിനായിരും രൂപാ വീട്ടിക്കൊണ്ട് മാപ്പുകിട്ടി പോരുകയും ചെയ്തു"

ദുഃഖകരമായ ഈ സംഭവത്തെക്കുറിച്ച് സത്യവിശ്വാസം എന്ന ഗ്രന്ഥത്തിന്റെ 189-ാം പേജിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഇടത്തൂരിൽ നിന്നു തിരിയുന്ന മെത്രാന്മാരെ റോമാമാർപ്പാപ്പാമാർ മുൻസ്ഥിതിയിൽ തന്നെ സ്വീകരിച്ചു ഉറപ്പിക്കുക ധാരാളം നടപ്പുള്ള സംഗതിയാണ്. ബാബേലിലെ പല മെത്രാന്മാരും പാത്രയർക്കീസുമാരും അവർ ഇടത്തൂട് ഉപേക്ഷിച്ച് തിരിഞ്ഞുവന്നപ്പോൾ അവരുടെ മുൻസ്ഥാനത്തുതന്നെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ പ്രതിവർഷം ഗ്രീക്കു പ്രൊട്ടസ്റ്റന്റ് മുതലായ ഇടത്തൂടുകളിൽ നിന്നും കത്തോലിക്കാ സഭയിൽ ചേരുന്ന മെത്രാന്മാരെയും പട്ടക്കാരെയും വാസ്തവമായി പട്ടമേററരുന്നാൽ, അവരെ ആ സ്ഥിതിയിൽ തന്നെ റോമാമാർപ്പാപ്പാമാർ ഉറപ്പിച്ചു സ്ഥിരപ്പെടുത്തി വരുന്നുണ്ടല്ലോ. ഈ സ്ഥിതിക്ക് യാക്കോബായക്കാരുടെ മാർത്തോമ്മാ അല്ലങ്കിൽ ദിവന്ന്യാസോസ് മെത്രാൻ കത്തോലിക്കാ വിശ്വാസസത്യം ചെയ്ത് തിരുസഭയ്ക്ക് വണങ്ങിയ സമയം എന്തു ന്യായത്താലാണ് അദ്ദേഹത്തെ അംഗീകരിക്കാഞ്ഞത്. സംഗതികളുടെ യഥാർത്ഥസ്ഥിതി റോമാമാർപ്പാപ്പാ അറിഞ്ഞിരുന്നുവെങ്കിൽ മാർത്തോമ്മാ മെത്രാനെ നിശ്ചയമായും ക്രിസ്ത്യാനികളുടെ ഭരണക്കാരനായി ഉറപ്പിക്കുമായിരുന്നു."

നിങ്ങൾ പോയി സകലജാതികളെയും എന്റെ സുവിശേഷമറിയിക്കുക എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ ശ്രവിച്ച് വീടും നാടും

malankaralibrary.com

ഉപേക്ഷിച്ച് കേരളത്തിലെത്തിയ മിഷനറിമാർ ഇവിടെ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കാനല്ല ശ്രമിച്ചത്. തങ്ങളുടെ ഭരണാധികാരം സംരക്ഷിക്കുവാൻ മാത്രമാണ് ശ്രമിച്ചത്. മാർത്തോമ്മാ മെത്രാനെ അംഗീകരിച്ചാൽ പുത്തൻകൂററുകാരും പഴയകൂററുകാരും ഒന്നായി തീരുമെന്നും അവരുടെ മേൽ തങ്ങൾക്കുള്ള ഭരണാധികാരം നഷ്ടപ്പെടുമെന്നും മിഷനറിമാർക്ക് അറിയാമായിരുന്നു. ആ അധികാര മോഹമാണ് മാർത്തോമ്മായുടെ പുനരൈക്യം തകർക്കാൻ അവരെ പ്രേരിപ്പിച്ചത്. മാർത്തോമ്മാമെത്രാനെ പലവിധത്തിലും വേദനിപ്പിക്കാൻ പാതിരിമാർ ശ്രമിച്ചു. മാർത്തോമ്മാ മെത്രാൻ പല വിഷമതകളും സങ്കടങ്ങളും അപമാനങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അതിന്റെയെല്ലാം ഫലമായിട്ടാണ് ബാഹ്യപ്രേരണയൊന്നും കൂടാതെ പണപ്രായശ്ചിത്തവും കെട്ടി ഉടമ്പടി ലംഘിച്ച് മാർത്തോമ്മാ മടങ്ങിപ്പോയത്. ആലപ്പുഴവച്ച് എഴുതിയ പടിയോലയനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ – കൊച്ചി മെത്രാൻ അതിനുള്ള സന്മനസ്സു കാട്ടിയിരുന്നുവെങ്കിൽ കേരളത്തിലെ ക്രൈസ്തവസഭയുടെ ചരിത്രം മററൊന്നാകുമായിരുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ വളർച്ചയെ മുരടിപ്പിച്ച പാതിരിമാരുടെ ഇതുപോലുള്ള പ്രവർത്തനങ്ങൾ വരുത്തിവച്ച വിപത്തുകൾ വിവരിക്കുവാൻ തന്നെ സാദ്ധ്യമല്ല.

മാർത്തോമ്മാ പണം പ്രായശ്ചിത്തവും കെട്ടി വച്ച് കത്തോലിക്കാസഭയെ ഉപേക്ഷിച്ച് തിരിച്ചുപോയപ്പോൾ ഇരുവിഭാഗക്കാരും തങ്ങളുടെ നിലയെ ഓരോ വിധത്തിൽ സാധൂകരിക്കാൻ ശ്രമിക്കുകയുണ്ടായി. തച്ചിൽ മാത്തൂത്തരകനും മാർത്തോമ്മായും സുഹൃത്തുക്കളായിരുന്നു. അതുകൊണ്ടാണ് ആലപ്പുഴയെത്തി പുനരൈക്യം നടത്തിയത് പുനരൈക്യത്തെപ്പററി തിരുവിതാംകൂർസ്റ്റേററ് മാനുവലിൽ മെക്കൻസി എഴുതിയിരിക്കുന്നത് വിചിത്രമായ കഥയാണ്. മാർത്തോമ്മാ മെത്രാന് വളരെയധികം കടം ഉണ്ടായിരുന്നു. അത് വീട്ടുന്നതിന് മഹാരാജാവ് നിർബന്ധിക്കുകയുണ്ടായി. അപ്പോൾ തരകന്റെ സഹായത്തിനായി മാർത്തോമ്മാ എത്തി. മാർത്തോമ്മാ കത്തോലിക്കാ സഭയിൽ ചേർന്നുകൊള്ളാമെന്ന് പണപ്രായശ്ചിത്തത്തിൻ കീഴിൽ എഴുതി ഉടമ്പടി വയ്ക്കാമെങ്കിൽ ആ കടം ഒക്കെ വീട്ടിക്കൊള്ളാമെന്ന് തരകൻ പറഞ്ഞു. തൽഫലമായി മാർത്തോമ്മാ യാക്കോബായ വിശ്വാസം ഉപേക്ഷിച്ചു. കത്തോലിക്കാ സഭയിൽ ചേർന്നു. ഇതാണ് മെക്കൻസിയുടെ കഥ. മാർത്തോമ്മായും തരകനും ഉററസുഹൃത്തുക്കളായിരുന്നു. ആ യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോൾ ഒരു പ്രതിസന്ധിഘട്ടത്തിൽ തരകൻ മെക്കൻസിരേഖപ്പെടുത്തിയതുപോലെ പ്രവർത്തിക്കുകയില്ലന്ന് നമുക്ക് ഊഹിക്കാം.

malankaralibrary.com

ഇതിനേക്കാൾ വിചിത്രമായ ഒരു കഥയാണ് ശ്രീ. ഇ.എം. പീലിപ്പോസ് രചിച്ചതും ഇ.പി. മാത്യു പരിഭാഷപ്പെടുത്തിയതുമായ മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ എന്ന ഗ്രന്ഥത്തിൽ (പേജ് 189,190) രേഖപ്പെടുത്തയിരിക്കുന്നത്. അതു താഴെ ചേർക്കുന്നു. "തന്ത്രപ്രയോഗവും ധനനഷ്ടവും തന്റെ ഉദ്ദേശത്തിന് സുറിയാനി ക്കാരെ അനുകൂലികളാക്കുന്നതിന് അപര്യാപ്തങ്ങളാണെന്ന് ബോദ്ധ്യ പ്പെട്ടപ്പോൾ തരകൻ മെനേസിസിന്റെ മാർഗ്ഗങ്ങളെ സ്വീകരിച്ചു. തരകൻ ആയുധപാണികളായ പടയാളികളോടു കൂടിവന്ന് മെത്രാപ്പോലീത്തായേയും സുറിയാനിസമുദായപ്രധാനന്മാരിൽ പലരെയും ബന്ധനസ്ഥരാക്കി ആലപ്പുഴക്കു കൊണ്ടുപോയി. അവിടെ തുടർച്ചായായി പല ദിവസം പട്ടിണികിടന്നു വലഞ്ഞപ്പോൾ മെത്രാൻ ഒരു ഉടമ്പടിക്ക് ഒപ്പു വയ്ക്കുവാൻ നിർബന്ധിതനായി ത്തീർന്നു..... തദനുസാരം അദ്ദേഹം 1799 ഇടവം 30-ാം തീയതി തത്തപ്പള്ളി റോമപള്ളിയിൽ കുർബ്ബാന അർപ്പിച്ചു."

ഇ.എം.പീലിപ്പോസിന്റെ ഗ്രന്ഥം ഒരു ചരിത്രഗ്രന്ഥമല്ല. സങ്കല്പകഥകൾ കൂട്ടിച്ചേർത്ത് തയ്യാറാക്കിയതാണ്. തരകൻ ആവശ്യപ്പെട്ടാൽ ഒരു സൈന്യത്തെ അയച്ചുകൊടുക്കാൻ മഹാരാജാവ് തയ്യാറാകുമോ? തച്ചിൽ മാത്തുത്തരകൻ ജയിലിൽ അടക്കപ്പെട്ട് ആറു മാസവും കൂടി കഴിഞ്ഞാണ് മാർത്തോമ്മാ വീണ്ടും യാക്കോബായ സഭയിലേക്ക് പോയത്. തരകൻ ജയിലിലടക്കപ്പെട്ടപ്പോഴെ വേണ മെങ്കിൽ മാർത്തോമ്മായ്ക്ക് യാക്കോബായ സഭയിലേക്ക് തിരികെ പോകാമായിരുന്നു. മാർത്തോമ്മ, മാർകരിയാററിയെ നിരണത്തേക്കു വിളിച്ചുവരുത്തി പുനരൈക്യം ചർച്ചചെയ്തതും മാർപ്പാപ്പായ്ക്കു നൽകുവാൻ കരിയാററി മല്പാൻ കൈവശം കത്തുകൊടുത്തു വിട്ടതും ഭീഷണിയുടെ പേരിലായിരുന്നോ?

ഇ.എം.പീലിപ്പോസ് മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻ സഭ എന്നഗ്രന്ഥത്തിൽ (188 പേജ്) എഴുതിയ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ "യോജിപ്പിന് സമാധാനപരമായ ഒരു മാർഗ്ഗവും ഇല്ലന്നു കണ്ടപ്പോൾ തരകൻ തിരുവിതാംകൂർ രാജാവിന്റെ സഹായത്തെ അഭ്യർത്ഥിച്ചു. അടുത്തകാലത്തായി ഔദ്യോഗിക വീഴ്ചകൾക്കായി പിരിച്ചുവിടപ്പെട്ട ഒരു ദിവാന്റെ സ്വത്തുക്കൾ അപഹരിച്ചുവെന്നുള്ള കള്ളക്കാരണ ത്തിന്മേൽ രാജാവ് മെത്രാപ്പോലീത്തായ്ക്ക് ഇരുപത്തയ്യായിരം രൂപാ പിഴ കല്പിച്ചു. നിരണത്തെയും ചെങ്ങന്നൂരെയും പള്ളികളും അവയുടെ വസ്തുക്കളും മെത്രാപ്പോലീത്തായുടെ അംശവടി, സ്ലീബാ, പൂജാപാത്രങ്ങൾ മുതലായ സ്വത്തുക്കളും കണ്ടുകെട്ടി.

malankaralibrary.com

അയ്യായിരം രൂപായോളം വസൂലാക്കി. വേറൊരു അയ്യായിരും രൂപ മെത്രാപ്പോലീത്താ ഒടുക്കി. ബാക്കി സംഖ്യ പലപള്ളികളിൽ നിന്നും പിരിച്ചു പിഴ ഒടുക്കി."

തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ എന്ന ഗ്രന്ഥത്തിൽ ശ്രീ.ചിത്രമെഴുത്തു കെ.എം.വർഗീസ് ഇപ്രകാരം എഴുതിയിരിക്കുന്നു. "അന്നത്തെ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനായിരുന്ന വലിയ മാർദിവന്ന്യാസോസിന്റെമേൽ കൃത്രിമക്കേസുകൾ ഉണ്ടാക്കുക, അദ്ദേഹത്തിന്റെ മുതൽ കണ്ടുകെട്ടുക, സ്വർണ്ണപ്പണ്ടങ്ങൾ എല്ലാം ഉരുക്കി അപഹരിക്കുക, പള്ളിസ്വത്തുക്കൾ കണ്ടുകെട്ടി കവർച്ച ചെയ്യുക........ എന്നു വേണ്ട ഒരു പരമാധികാരിക്ക് എത്രയും നികൃഷ്ടവും നിന്ദ്യവുമായവിധം പ്രവർത്തിപ്പാൻ കഴിവുള്ള എല്ലാ ഹീനകാര്യങ്ങളും മെത്രാപ്പോലീത്തായുടെ നേരെ തരകൻ നിർവ്യശിങ്കം പ്രവർത്തിച്ചു."

ഇ.എം.പീലിപ്പോസിന്റെയും ചിത്രമെഴുത്ത് കെ.എം.വർഗീസിന്റെയും ആരോപണങ്ങൾ വന്ദ്യ ദിവ്യശ്രീ പുലിക്കോട്ടു യൗസേഫ് റമ്പാനും വന്ദ്യദിവ്യശ്രീ പീലിപ്പോസ് റമ്പാനും കൂടി രചിച്ച കുഴൽകണ്ണാടി എന്നഗ്രന്ഥത്തിലൂടെ നിഷേധിച്ചിട്ടുണ്ട്. മാർദിവന്ന്യാസോസിന് മഹാരാജാവ് പിഴശിക്ഷനിശ്ചയിച്ചുവെന്നതിനെപ്പററി പ്രസ്തുതഗ്രന്ഥത്തിൽ ചേർത്തിരിക്കുന്ന ഭാഗം താഴെചേർക്കുന്നു. "ലംഘിച്ചാൽ കോയിമ്മ നിശ്ചയിക്കുംവണ്ണം പ്രായശ്ചിത്തം ചെയ്യാ"മെന്ന് സമ്മതിച്ച് ആലപ്പുഴവച്ച് സത്യം ചെയ്ത് എഴുതിയ പടിയോലയിലെ വ്യവസ്ഥകൾക്ക് എതിരായി പ്രവർത്തിച്ചതുകൊണ്ടാണ്. അന്ന് മഹാരാജാവിന്റെയടുക്കൽ എന്തെങ്കിലും സ്വാധീനം ചെലുത്താൻ സാദ്ധ്യമല്ലാത്ത ഒരു നിലയിലായിത്തീർന്നിരുന്നു തരകൻ. തിരുവിതാംകൂർ സർക്കാർ ചില പുത്തൻകൂററുപള്ളികളിലെ സ്വത്തുക്കൾ കണ്ടുകിട്ടുവാനിടയായത് മററൊരു കാരണംകൊണ്ടാണ്. അക്കാര്യത്തിലും തരകന് യാതൊരു കൈകാര്യകർത്തൃത്വവും ഉണ്ടായിരുന്നില്ല.

അഞ്ചാം മാർത്തോമ്മായുടെ അഭ്യർത്ഥനയനുസരിച്ച് ഡച്ചുകാർ മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് എന്ന രണ്ടു യാക്കോബായ മേല്പട്ടക്കാരെയും ഏതാനും വൈദീകരെയും ശീമ്മയിൽ നിന്ന് വരുത്തുകയുണ്ടായി. ഇവരുടെ യാത്രച്ചെലവ് ഡച്ചുകാർക്ക് കൊടുത്തുകൊള്ളാമെന്ന് മാർത്തോമ്മാ ഏററിരുന്നു. ഡച്ചുകാർ ആവശ്യപ്പെട്ട കപ്പൽക്കൂലി 4000 രൂപയാണ്. ശീമ്മയിൽ

malankaralibrary.com

നിന്നു വന്ന മെത്രാന്മാർ, തനിക്കുമെത്രാൻപട്ടം തരാൻ വിസമ്മതിച്ചതിനാൽ മാർത്തോമ്മാ, വാഗ്ദാനപ്രകാരം കപ്പൽക്കൂലി കൊടുത്തില്ല. മാർത്തോമ്മായെ അനുധാവനം ചെയ്ത ഡച്ചുഭടന്മാർ പള്ളിക്കാരെ അങ്ങാടിയിലുള്ള ഭവനങ്ങൾ കൊള്ളയിട്ടതായി കാണുന്നു. ഒടുവിൽ ഇസ്സംഗതി തിരുവിതാംകൂർ മഹാരാജാവിന്റെ തീരുമാനത്തിന് സമർപ്പിക്കപ്പെട്ടു. 2000 രൂപ പലിശകൂട്ടി 6000 രൂപ പല ഗഡുക്കളായി കൊടുക്കുവാൻ മഹാരാജാവ് കല്പിച്ചു. അഞ്ചാം മാർത്തോമ്മാ അതുസമ്മതിച്ചു.

പക്ഷെ ഈ കപ്പൽക്കൂലിയിൽ ഒരു കാശും കൊടുക്കാതെ തന്നെ അഞ്ചാം മാർത്തോമ്മാ നിര്യാതനായി. തുടർന്ന് 6-ാം മാർത്തോമ്മാ ഭരണമേററു. ലന്തക്കാർ അവരുടെ ആവലാതി പിന്നെയും തിരുവിതാംകൂർ മഹാരാജാവിങ്കൽ സമർപ്പിച്ചു. അപ്പോഴേക്കും കപ്പൽകൂലിവക 6000 രൂപ പന്തീരായിരമായി വർദ്ധിച്ചിരുന്നു. ഈ സംഖ്യകൊടുത്തു തീർക്കായ്കായാൽ നിരണത്തു പള്ളിയുടെ അനവധി സ്വത്തുക്കളും സ്വർണ്ണ ഉരുപ്പടികളും സർക്കാർ കൈക്കലാക്കികൊണ്ട് ലന്തക്കാരുടെ ഇടപാട് തീർക്കുകയാണ് ചെയ്യുകയുണ്ടായത്. മഹാരാജാവ് ചില പുത്തൻ കൂററുക്കാരുടെ പള്ളികളുടെ സ്വത്തുക്കൾ കൈയടക്കുവാൻ ന്യായകാരണമിതാണ്. തച്ചിൽ മാത്തുതരകന് ഈ സംഭവുമായി യാതൊരുബന്ധവുമില്ല. പലകാലങ്ങളിൽ നടന്ന സംഭവങ്ങളെ അതിന്റെ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്ത് തരകന്റെ പേരുമായി കൂട്ടിച്ചേർത്ത് അവഹേളിക്കുവാനുള്ള ശ്രമമാണ് നടന്നത്.

തരകനെപ്പററി മെക്കൻസി ഉന്നയിച്ച ആരോപണം- മെത്രാപ്പോലീത്തായെ പിടിച്ചുകൊണ്ടുപോയി പട്ടിണിക്ക് ഇട്ടുവെന്ന ആരോപണം- അതേരീതിയിൽ തന്നെ ഇ. എം. ഫിലീപ്പോസും ഉന്നയിച്ചിട്ടുണ്ട്. ആ ആരോപണത്തോടുകൂടി നിർബന്ധമായ പുനരൈക്യം- ആരോപണത്തെപ്പററി ഫീലിപ്പോസ് പറയുന്നതോടൊപ്പം മാർ ദിവന്ന്യാസോസിന് റോമായ്ക്ക്കീഴ്വഴങ്ങികൊള്ളാമെന്ന് ചെറുമനസ്സുമുണ്ടായിരുന്നു എന്നുകൂടി രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ദിവന്ന്യാസിയോസിന്റെ പുനരൈക്യം ചരിത്രസംഭവമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. മാത്തൂത്തരകൻ ബലമായി കൊണ്ടുപോയി കത്തോലിക്കാസഭയിലേക്ക് ചേർത്തുവെന്ന ആരോപണത്തിനാണ് പുത്തൻ കൂറു ചരിത്രകാരന്മാർ പ്രാധാന്യം നൽകിയിരിക്കുന്നത്. ജനങ്ങളിൽ തെററിദ്ധാരണ വളർത്താനുള്ള തന്ത്രമാണിത്. ഫാ. തോമസ് ഇഞ്ചയ്ക്കലോടി രചിച്ച മാർ ഇവാനിയോസ്

malankaralibrary.com

ജീവചിത്രത്തിൽ (പേജ് 230-232) ഇങ്ങനെ പറഞ്ഞിരിക്കുന്നു. മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ ഇതിനകം നാലുപ്രാവശ്യം കത്തോലിക്കാ സഭയോട് പുനരൈക്യം പ്രാപിക്കുന്നതിനായി പരിശ്രമിച്ചിട്ടുണ്ട്...... അതിനുവേണ്ടി അദ്ദേഹം നിരവധി എഴുത്തുകുത്തുകൾ നടത്തുകയും അവസാനം സുദീർഘമായ ഒരപേക്ഷ മാർപ്പാപ്പാ തിരുമേനിക്ക് കൊടുത്തയക്കുകയും ചെയ്തു..... ഏവം വിധം കത്തോലിക്ക പുനരൈക്യത്തിനുവേണ്ടി അതിയായി ആഗ്രഹിക്കുകയും അക്ഷീണം പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു. അദ്ദേഹത്തെ ബലപ്രയോഗം നടത്തിയോ പട്ടിണിക്കിട്ട് വിഷമിപ്പിച്ചോ കത്തോലിക്കാസഭയിലേക്ക് ചേർക്കേണ്ട ആവശ്യം മാത്തുത്തരകനെന്നല്ല, മററാർക്കും തന്നെയില്ലായിരുന്നു. മനസ്സുള്ളവർക്ക് നിർബന്ധം ചെലുത്തേണ്ട യാതൊരു ആവശ്യവുമില്ലല്ലോ.

പുത്തൻകൂറു ജനതയുടെ മെത്രാപ്പോലീത്തായായിരുന്ന മാർ ദിവന്ന്യാസ്യോസിനെ യാക്കോബായക്കാരുടെ കേന്ദ്രമായ നിരണത്തുനിന്നും ബന്ധനസ്ഥനാക്കി ആലപ്പുഴയിലേയ്ക്ക് കൊണ്ടുപോയിയെന്നും, അവിടെ അദ്ദേഹത്തെ പട്ടിണിക്കിട്ട് വിഷമിപ്പിച്ച് കത്തോലിക്കാസഭയിൽ ചേർത്തുവെന്നുമാണല്ലോ മി. ഫീലിപ്പോസ് തന്റെ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. തങ്ങളുടെ മെത്രാപ്പോലീത്തായെ ബന്ധനസ്ഥനാക്കിയാണ് നിരണത്തുനിന്നും കൊണ്ടുപോയതെങ്കിൽ അവിടെയും പരിസരങ്ങളിലുമുള്ള യാക്കോബായ ജനങ്ങൾ മനപ്പൂർവ്വം അത് കണ്ടുകൊണ്ടിരിക്കുകയും യാതൊരു പ്രതിഷേധപ്രകടനവും നടത്താതിരിക്കുകയും ചെയ്തുവെന്ന് എങ്ങിനെ വിശ്വസിക്കുവാൻ സാധിക്കും? അപ്രകാരം തന്നെ അനേകദിവസങ്ങൾ മെത്രാപ്പോലീത്തായെ തത്തംപള്ളിയിൽ പട്ടിണിക്കിട്ട് വിഷമിപ്പിച്ചിട്ടും അവിടെനിന്നും രക്ഷപ്പെടുത്തി അദ്ദേഹത്തിന്റെ ജീവനെയെങ്കിലും രക്ഷിക്കുന്നതിന് യാതൊരു പരിശ്രമവും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലുണ്ടായിരുന്ന ജനങ്ങൾ നടത്തിയില്ലന്നോ?

എവിടെ നിന്നോ വന്നെത്തിയ ഒരു അഹന്തള്ളാമെത്രാനെ പോർട്ടുഗീസുകാർ കടലിൽ മുക്കിക്കൊന്നുവെന്നു കിംവദന്തി വിശ്വസിച്ച് പ്രതിഷേധപ്രകടനം നടത്തുകയും, സന്തതിയുള്ള കാലത്തോളം പറങ്കികൾക്ക് കീഴ്വഴങ്ങുകയില്ലാ എന്ന് കൂനൻ കുരിശിൽ വച്ച് സത്യം ചെയ്യുകയും ഒരു കാലത്തും നീതീകരിക്കാൻ പാടില്ലാത്ത പ്രമാദങ്ങളിൽ അകപ്പെടുകയും ചെയ്ത ഇരുപത്തയ്യായിരത്തോളം നസ്രാണി വീരന്മാരുടെ സന്താനപരമ്പരയിൽപ്പെട്ട ഒരു വിഭാഗം, തങ്ങളെ ഭരിച്ചിരുന്ന ഏക മെത്രാപ്പോലീത്തായെ

malankaralibrary.com

കത്തോലിക്കാ സഭയിൽ ചേർക്കുന്നതിനായി ബന്ധനസ്ഥനാക്കുകയും ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും പട്ടിണിക്കിടുകയും ചെയ്തിട്ട് കൃതഘ്നരായി, നിഷ്ക്രിയരായി, മൗനാവലംബികളായി വർത്തിച്ചുവെന്നോ? ഏതാദൃശ്യ ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരം മാർ ദിവന്യാസ്യോസിനെ ഭയപ്പെടുത്തിയാണ് കത്തോലിക്കാ സഭയിൽ ചേർത്തതെന്നുള്ള മി.ഫിലിപ്പോസിന്റെ പ്രസ്താവന അവാസ്തവമെന്ന് തെളിയിക്കുന്നതാണ്.

തങ്ങളെ ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്താമാരിൽ ഏതുകൊണ്ടും ഉയർന്നനിലയെ പ്രാപിച്ചിരുന്നുവെന്ന് യാക്കോബായ ചരിത്രകാരന്മാർ ഐക്യകണ്ഠ്യേന സമ്മതിച്ചിട്ടുള്ള മാർ ദിവന്ന്യാസ്യോസ് കേവലം ബാഹ്യാദായങ്ങളാൽ ആകൃഷ്ടനായിട്ടോ ബലപ്രയോഗം നിമിത്തം ഭയന്നിട്ടോ പട്ടിണികിടന്ന് വിഷമിച്ചിട്ടോ യാക്കോബായ സഭയെ ഉപേക്ഷിച്ചുവെന്ന് എങ്ങനെ വിശ്വസിക്കുവാൻ സാധിക്കും. യാക്കോബായ സഭയാണ് ക്രിസ്തുസ്ഥാപിച്ച സത്യസഭ എന്ന് അദ്ദേഹത്തിന് ദൃഢമായ ബോദ്ധ്യം ഉണ്ടായിരുന്നുവെങ്കിൽ – കത്തോലിക്കാസഭ മൂഢവിശ്വാസങ്ങളും അനാചാരങ്ങളുംകൊണ്ട് നിറഞ്ഞ സഭയാണെന്നുള്ള വിശ്വാസമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നതെങ്കിൽ ബാഹ്യ പ്രലോഭനങ്ങളുടെ മുമ്പാകെ സ്വമനസ്സാക്ഷിയെ ബലികഴിക്കുവാൻ ഒരുകാലത്തും അദ്ദേഹം സന്നദ്ധത പ്രകടിപ്പിക്കുകയില്ലായിരുന്നു. ആഗ്ലേയമിഷനറിയായിരുന്ന ഡോക്ടർ ബുക്കാനൻ പ്രസ്താവിക്കുന്നതുപോലെ നാനാപ്രകാരേണയും ബഹുമാനാർഹനും സൽസ്വഭാവിയും ദൈവഭക്തനും പരിശുദ്ധകർമ്മാനുഷ്ഠാനങ്ങളിൽ താൽപര്യമുള്ളവനുമായ ആറാം മാർത്തോമ്മാ നാൽപത്തിമൂന്നു വർഷക്കാലം തങ്ങളുടെ പിതാക്കന്മാരെ പ്രശസ്തമായി ഭരിച്ചിരുന്ന വലിയ മാർ ദിവന്ന്യസ്യോസ് – മനസ്സാക്ഷിക്ക് എതിരായിട്ടാണ് പ്രവർത്തിച്ചതെന്ന് യാക്കോബായ സഹോദരങ്ങൾക്ക് എങ്ങിനെ പറയുവാൻ സാധിക്കും.

കത്തോലിക്കാ സഭയുമായി ദിവന്ന്യാസിയോസ് തിരുമേനി ഐക്യപ്പെട്ടത് ബാഹ്യപ്രലോഭനങ്ങൾകൊണ്ട് ഒന്നുമായിരുന്നില്ല. കത്തോലിക്കാസഭയുമായി ഐക്യപ്പെടേണ്ടത് ആവശ്യമാണെന്ന് അദ്ദേഹത്തിന് ഉത്തമബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട് മാത്രമാണ്. പക്ഷെ ഉടമ്പടി വ്യവസ്ഥപോലെ അദ്ദേഹത്തെ മെത്രാനായി സ്വീകരിക്കാൻ നാം തയ്യാറാകാതിരുന്നതുകൊണ്ട് മാത്രമാണ് അദ്ദേഹം യാക്കോബായ സഭയിലേക്ക് തിരികെപ്പോയത്.

malankaralibrary.com

തരകൻ ആത്മാർത്ഥമായി സഭയെ വിശ്വസ്തതാപൂർവ്വം സേവിച്ചു. പക്ഷെ അതിന്റെ ഫലമായി തരകൻ വളരെയേറെ തെററിദ്ധരിക്കപ്പെടുകയും വിവിധ വിഭാഗങ്ങളുടെ ദ്രോഹത്തിനിരയാകുകയും ചെയ്തു. സ്വദേശിമെത്രാനെ ലഭിക്കുന്നതിനുവേണ്ടി വാദിച്ചതിനാൽ പ്രൊപ്പഗാന്താക്കാരുടെയും പാദ്രുവാദോക്കാരുടെയും എതിർപ്പിന് വിധേയമാകേണ്ടി വന്നു. പുനരൈക്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ പുത്തൻകൂററുകാരുടെയും വിമർശനങ്ങൾ നേരിടേണ്ടി വന്നു. അവരെല്ലാം ബ്രിട്ടീഷ് മേൽക്കോയ്മയ്ക്ക് മുൻപിൽ തരകനെതിരായി പരാതികൊടുത്തു. ഈ ലോക ഭൗതികജീവിതത്തിൽ അദ്ദേഹത്തിന്റെ സഭാപ്രവർത്തനങ്ങൾ ദുരിതം വരുത്തിവച്ചു എന്നിട്ടും ആ സമൂഹം തരകനെ ഇന്ന് വിസ്മരിക്കുന്നു. ☆

malankaralibrary.com

14

# രാജാകേശവദാസനും മാത്തുത്തരകനും

സാമുദായിക രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച മാത്തുത്തരകൻ രാഷ്ട്രീയമായ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയുണ്ടായി. 943 മുതൽ 973 വരെ മുപ്പതുവർഷക്കാലം വിഖ്യാതനായ കാർത്തികതിരുനാൾ രാജവർമ്മ മഹാരാജാവ് തിരുമേനിയെ വിശ്വസ്തതയോടെ സേവിക്കുകയുണ്ടായി. സുദീർഘമായ ആ കാലഘട്ടത്തിനിനിടയിൽ തരകന്റെ പ്രവർത്തനങ്ങളെപ്പറ്റി ആരും ഒരു പരാതിയും പറഞ്ഞിരുന്നില്ല. കാർത്തിക തിരുനാൾ മഹാരാജാവിന്റെ ദിവാനായിരുന്ന രാജാകേശവദാസനം മാത്തുത്തരകനും തമ്മിൽ ആത്മസുഹൃത്തുക്കളുമായിരുന്നു. ഇരുവരും തമ്മിലുള്ള സഹകരണം രാജ്യപുരോഗതിക്ക് ഉപകരിച്ചു. രാജഭരണസംബന്ധമായ കാര്യങ്ങളിൽ കേശവദാസന്റെ താങ്ങും തണലുമായി വർത്തിച്ചത് തച്ചിൽ മാത്തുത്തരകനായിരുന്നു. അന്ന് രാജ്യങ്ങൾ പിടിച്ചടക്കി രാജ്യാതിർത്തി വിപുലപ്പെടുത്തിയെങ്കിലും കാര്യമായ ആദായമാർഗ്ഗമൊന്നും രാജ്യത്തില്ലായിരുന്നു. ടിപ്പുവിന്റെ ആക്രമണത്തെ തുടർന്നുണ്ടായ രാഷ്ട്രീയാന്തരീക്ഷത്തിൽ രാജാകേശവദാസിന് തച്ചിൽ മാത്തുത്തരകന്റെ സഹായം വിലപ്പെട്ടതായിരുന്നു. രാജ്യം സാമ്പത്തികമായി പലപരാധീനതകളും അനുഭവിച്ചിരുന്ന സന്ദർഭത്തിൽ തരകനെപ്പോലുള്ള ഒരു സമ്പന്നന്റെ സഹകരണം രാജാവിനും ആവശ്യമായിരുന്നു.

മൈസൂർ യുദ്ധങ്ങൾ രാജ്യത്തെ വലിയ സാമ്പത്തിക ഭാരത്തിൽ കൊണ്ടുപോയി എത്തിച്ചു. തുടരെ തുടരെയുണ്ടായ ടിപ്പുവിന്റെ യുദ്ധ ഭീഷണികൾ മൂലമുണ്ടായ അധിക ഭാരം താങ്ങുവാനുള്ള ശക്തി അന്ന് തിരുവിതാംകൂറിനുണ്ടായിരുന്നില്ല. ഇതിനും പുറമേ മദ്രാസ് ഗവൺമെന്റ് ടിപ്പുവുമായി നടത്തിയ യുദ്ധത്തിന്റെ ചെലവിലേക്ക് ഭീമമായ ഒരു തുകയും കൂടി ആവശ്യപ്പെട്ടു. അതേസമയം മാർത്താണ്ഡവർമ്മമഹാരാജാവിന്റെ ഭരണകാലത്ത് തുടങ്ങിയ ഭദ്രദീപം, മുറജപം തുടങ്ങിയ മതപരമായ ചടങ്ങുകൾക്കും വർഷം തോറും ഭീമമായ തുക ചിലവാക്കേണ്ടിവന്നു. ധർമ്മരാജാവിന്റെ രാമേശ്വരം എഴുന്നെള്ളത്ത്, ആലുവയിൽ വച്ചു നടത്തിയ യാഗം

malankaralibrary.com

തുടങ്ങിയവക്കും വന്ന ചിലവുകളും ഭീമമായിരുന്നു. ഈ സന്ദർഭങ്ങളിലെല്ലാം കേശവദാസിന്റെ വലം കൈയ്യായിനിന്നു പ്രവർത്തിച്ചത് സാമ്പത്തിക വിദഗ്ദ്ധനായ മാത്തുത്തരകനായിരുന്നു.

തിരുവിതാംകൂർ നേരിട്ട സാമ്പത്തിക പ്രതിസന്ധിയെ നേരിടാൻ പലമാർഗ്ഗങ്ങൾ സ്വീകരിച്ചു. രാജ്യത്തുനിന്ന് അൻപതുലക്ഷം രൂപായോളം കുടികളിൽ നിന്നായി പിരിച്ചെടുത്തു. നാട്ടിലെ പണക്കാരിൽ നിന്നും പ്രഭുക്കന്മാരിൽ നിന്നും വരിസംഖ്യ ഭീമമായ സംഖ്യ തന്നെ പിരിച്ചെടുത്തു. ഇതുകൂടാതെ നിലത്തിനും പുരയിടത്തിനും പ്രത്യേക നികുതി ഏർപ്പെടുത്തി. പ്രധാന സ്ഥലങ്ങളിൽ ചവുക്കളേർപ്പെടുത്തി തീരുവ ഈടാക്കുകയും ചെയ്തു. തിരുവിതാംകൂർ ചരിത്രഗ്രന്ഥത്തിൽ സർ ടി. മാധറാവു രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "ടിപ്പുവുമായുള്ള യുദ്ധത്തിന്റെ കടം വീട്ടുന്നതിന് ഇതുകൊണ്ടും തികഞ്ഞില്ല. ആകയാൽ ഒരു പ്രത്യേക യുദ്ധക്കരം പിരിക്കുവാൻ രാജാവ് നിർബന്ധിതനായി. ഭൂസ്വത്തുക്കളെ ആധാരമാക്കിയാണ് ഈ നികുതി ഈടാക്കിയത്. സ്റ്റേറ്റിന് പണം അത്യന്താപേക്ഷിതമായിരുന്നു. ആകയാൽ ഭീമമായ ഒരു നികുതി ചുരുങ്ങിയകാലത്തേക്ക് ചുമത്തുവാൻ മഹാരാജാവ് നിർബന്ധിതനായി. ആ നികുതി ആദായത്തെയല്ല, മൂലധനത്തെ ആധാരമാക്കിയാണ് ചുമത്തപ്പെട്ടത്. അത് ചിലരുടെ കാര്യത്തിൽ ഏറ്റം മർദ്ദനപരമായിരുന്നു. എന്നാൽ രാജ്യത്തെ അഭിമുഖീകരിച്ച ഒരു ദുർഘടഘട്ടത്തിലാണ് അത് ഈടാക്കിയത്....." മഹാരാജാവിന്റെ ഒരു സുഹൃത്തായിരുന്ന പൗലീനോസ് ഇതേപ്പറ്റി എഴുതിയിരിക്കുന്നത്. "പൊതു ഖജനാവ് പരിപോഷിപ്പിക്കുന്നതിനും രാജാവിന്റെയടുക്കൽ പ്രീതിനേടുന്നതിനുമായി കേശവപിള്ള പ്രജകളിൽ നിന്നു ദുർവഹമായ നികുതികൾ ഈടാക്കിയിരുന്നു."

നികുതി ചുമത്തൽ ദുർവഹമായിരുന്നവെന്നുതന്നെ പറയാം. എന്നാലും ജനങ്ങൾ ആവശ്യം കണക്കിലെടുത്ത് അതിനെ എതിർക്കുകയുണ്ടായില്ല. നികുതി യഥാസമയം അടച്ചു. ഇതുകൊണ്ടൊന്നും ആവശ്യത്തിന് പണം സംഭരിക്കാൻ സാധിച്ചില്ല. രാജ്യത്തിന് പുറമേയുള്ള പണവ്യാപാരികളിൽ നിന്നും രാജ്യത്തിനകത്തുനിന്ന് മാത്തുത്തരകനിൽ നിന്നും കടം വാങ്ങിക്കുവാൻ തീരുമാനിച്ചു. 15 ലക്ഷം രൂപാ തരകൻ തിരുവിതാംകൂർ സർക്കാരിന് കടമായി കൊടുത്തു. ഈ പതിനഞ്ചുലക്ഷം രൂപായിൽ നല്ലൊരു ഭാഗം തരകൻ തന്റെ ഉത്തരവാദിത്വത്തിൽ മറ്റു വർത്തകപ്രഭുക്കന്മാരിൽ നിന്നും കടം വാങ്ങിയതായിരുന്നു. രാജ്യത്തിനു പുറമേ നിന്ന് വാങ്ങിയ കടം രാജാകേശ

malankaralibrary.com

വദാസൻ കൊടുത്തു തീർത്തെങ്കിലും മാത്തുത്തരകനോട് വാങ്ങിയതു മാത്രം കൊടുത്തു തീർത്തില്ല. അതേ സമയം സർക്കാരിനു വേണ്ടി മാത്തുത്തരകൻ വാങ്ങിയ കടം യഥാകാലം കൊടുത്തു തീർക്കായ്കയാൽ അദ്ദേഹം ജയിൽവാസം അനുഭവിക്കേണ്ടിവന്നു.

സാമ്പത്തിക ഞെരുക്കം മൂലം പ്രയാസപ്പെട്ട സന്ദർഭത്തിലാണ് മഹാരാജാവ് ആലുവായിൽ എഴുന്നള്ളിയത്. അവിടുത്തെ കാഴ്ച കളും കാലാവസ്ഥയും കണ്ട് സന്തോഷവാനായ മഹാരാജാവ് ഏതാനും നാൾ അവിടെ താമസിച്ചു. വളരെയധികം പണചിലവുള്ള ഒരു യാഗവും നടത്തി. യാഗത്തിനെത്തിയ ബ്രാഹ്മണർക്ക് ദാനങ്ങളും സമ്മാനങ്ങളും നൽകുകയും വിദൂര സ്ഥലങ്ങളിൽ നിന്നുവന്ന പണ്ഡിതന്മാർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. ഇതിനെല്ലാം കൂടിവന്ന ഭീമമായ തുക കേശവപിള്ള ചിലവാക്കി. വണിക് പ്രഭുവായിരുന്ന മാത്തുത്തരകന്റെ മടിശീലയാണ് കേശവപിള്ളയെ ഇതിനെല്ലാം സഹായിച്ചത്. മഹാരാജാവ് കേശവപിള്ളയിൽ സന്തുഷ്ടനായി. ഇതിന്റെ പിന്നിലെ പ്രേരകശക്തി മാത്തുത്തരകനാണെന്ന വസ്തുതയും മഹാരാജാവിനറിയാമായിരുന്നു. തിരുവിതാംകൂറിലെ പ്രജകളിൽ റോമൻ കത്തോലിക്കരായിരുന്നവരോട് പ്രത്യേക വാത്സല്യം മഹാരാജാവിനുണ്ടാകാൻ ഇതുസഹായകരമായിരുന്നു. വരാപ്പുഴ പള്ളിയിൽ മഹാരാജാവ് എഴുന്നള്ളുകയും വരാപ്പുഴപള്ളിക്ക് കുറെ സ്ഥലം കരമൊഴിവായി വിട്ടുകൊടുക്കുയും ചെയ്തു.

മത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 252) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉത്തരതിരുവിതാംകൂറിന്റെ സംരക്ഷണാർത്ഥമുള്ള ദിവാൻ കേശവപിള്ളയുടെ സംരംഭങ്ങളിൽ പ്രധാനമായ ഒന്ന് ഡച്ചു കമ്പനിക്കാരുടെവകയായിരുന്ന "കൊടുങ്ങല്ലൂർ കോട്ടയും മുനമ്പത്തും അതിനോടു ചേർന്ന ഉൽപത്തിപറമ്പുകളും" കമ്പനിക്കാരിൽ നിന്നും മൂന്നുലക്ഷം രൂപക്ക് തിരുവിതാംകൂർ സർക്കാരിനു വേണ്ടി വിലയ്ക്കുവാങ്ങിയതാണല്ലോ. മാത്തുത്തരകന്റെ ഉപദേശവും പ്രേരണയും അനുസരിച്ചാണ് കേശവപിള്ള കമ്പനിക്കാരുമായി കോട്ട വാങ്ങുന്നതിനെപ്പറ്റി ആലോചന നടത്തിയത്. കോട്ടകൾ വാങ്ങിയതു സംബന്ധിച്ച വിലയാധാരത്തിൽ "ചെങ്ങാടമായിട്ട് എറക്കികൊണ്ടുവരുന്ന തടിയും മരങ്ങളും കരിങ്ങാലിയും മറ്റും എപ്പേർപ്പെട്ട വസ്തുക്കളും ഒരു തടവും വിരോതവും കൂടാതെ" കടത്തികൊണ്ടു പോകുന്നതിനും കൊടുങ്ങല്ലൂരും മുമ്പത്തുള്ള റോമൻ പള്ളികൾക്കും പാതിരിമാർക്കും ജനങ്ങൾക്കും ഒരു സങ്ങതിക്കു എങ്കിലും ചോത്തിയം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കുന്ന

malankaralibrary.com

തിൽ തരകൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു."

യുദ്ധങ്ങളുടെ കെടുതികളിൽ നിന്നും ഏതാണ്ട് രക്ഷപ്പെട്ടപ്പോൾ രാജ്യാഭിവൃദ്ധിക്കുള്ള പരിഷ്കാരങ്ങൾക്കാണ് ദിവാൻ കേശവപിള്ള ശ്രദ്ധിച്ചത്. യുദ്ധം മൂലമുണ്ടായ സാമ്പത്തിക നിലമെച്ചപ്പെടുത്തുവാൻ കച്ചവടം കൊണ്ടുമാത്രമേ സാധിക്കുകയുള്ളുവെന്ന് കേശവപിള്ള മനസ്സിലാക്കി. കച്ചവടത്തിൽ മികച്ചു നിൽക്കുന്ന രാജ്യങ്ങൾക്കു മാത്രമേ മറ്റുരാജ്യങ്ങളുടെ ആദരവും ബഹുമാനവും ആർജിക്കുവാൻ സാധിക്കുകയുള്ളവെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ കേശവപിള്ള കച്ചവടാഭിവൃദ്ധിയെ ലക്ഷ്യമാക്കി ഒരു നല്ല വാണിജ്യകേന്ദ്രവും തുമുഖവും പടുത്തുയർത്തുവാൻ ശ്രമിച്ചു. കച്ചവടത്തിനായി വിദേശങ്ങളിൽ നിന്നും ഇവിടെയെത്തിയ പാശ്ചാത്യരുടെ വളർച്ചകണ്ട് മനസ്സിലാക്കിയ അദ്ദേഹം വ്യാപാരത്തിന് മുൻതൂക്കം നൽകി.

മാത്തുത്തരകന്റെയും അദ്ദേഹത്തിന്റെ പിതാവിന്റെയും വ്യാപാരകേന്ദ്രമായിരുന്ന ആലപ്പുഴതന്നെ കേശവപിള്ളയുടെയും ശ്രദ്ധയിൽപ്പെട്ടു. തരകൻ താമസസ്ഥലവും ആലപ്പുഴയാക്കിയിരുന്നു. കേശവപിള്ളതരകന്റെ ഭവനത്തിൽ വന്ന് താമസിക്കുകയും ആലപ്പുഴയുടെ കച്ചവട സാദ്ധ്യതകളെപ്പറ്റി തരകന്റെ അഭിപ്രായം ആരായുകയും ചെയ്തു. ആലപ്പുഴ ഒരു പണ്ടകശാലയും അനേകം കടകളും സർക്കാർ ചെലവിൽ കെട്ടിക്കുകയും കപ്പലുകൾ വന്ന് അടുക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. ആലപ്പുഴയിൽ വന്ന് താമസിച്ച് കച്ചവടം നടത്തുന്നതിന് നാനാഭാഗങ്ങളിൽ നിന്നും ആളുകളെ അദ്ദേഹം ക്ഷണിച്ചുവരുത്തി കച്ച്, സിൻഡ്, മുതലായ പ്രദേശങ്ങളിലെ സമ്പന്നന്മാരും, തിരുനൽവേലിയിൽ നിന്ന് പട്ടന്മാരും മട്ടാഞ്ചേരിയിൽ നിന്ന് ഗൗഡസാരസ്വതരും ആലപ്പുഴവന്ന് താമസിച്ച് കച്ചവടത്തിലേർപ്പെട്ടു.

ചരിത്രകാരനായ ബർണ്ണാദച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത് ഉദ്ധരിക്കട്ടെ "ആലപ്പുഴ പട്ടണം സ്ഥാപിക്കുവാനുള്ള പരിശ്രമത്തിൽ ദിവാൻജിയുടെ വലതുകൈയായി നിന്ന് പ്രവർത്തിച്ചത് മാത്തുത്തരകനായിരുന്നു. മേൽ വിചാരമെല്ലാം ദിവാൻജിക്കായിരുന്നുവെങ്കിലും വാസ്തവത്തിൽ തുറമുഖത്തിന്റെ പ്ലാൻ തയ്യാറാക്കിയതും അതിലെ ഓരോ ചടങ്ങുകൾ നിശ്ചയിച്ചതും തരകൻ തന്നെയാണ്. തുറമുഖത്തിനടുത്ത് തരകൻ 64 സുറിയാനി കുടുംബക്കാരെ കൊണ്ടു വന്ന് താമസിപ്പിക്കുയും അവർക്കായി സമീപത്ത് (തത്തമ്പള്ളിയിൽ) ഒരു പള്ളി വെപ്പിക്കുകയുമുണ്ടായി. പള്ളിയോടടുത്ത് തരകന്റെ താമസത്തിനായി ഒരു ചാവടിയും പണിയിച്ചു. പണ്ട് മഹാദേവർ പട്ടണ

malankaralibrary.com

ത്തിൽ നസ്രാണികൾ താമസിച്ചതിന്റെ ഒരു സ്മരണപോലെയാണ് ഈ കൃത്യം തരകൻ നടത്തിയത്. ഇതേപ്പറ്റി രസകരങ്ങളായ പല ഐതിഹ്യങ്ങളും പറഞ്ഞുവരുന്നുണ്ട്. ആലപ്പുഴ തുറമുഖം ഉണ്ടായ ശേഷം തരകന്റെ വാണിജ്യോദ്യമങ്ങളുടെ കേന്ദ്രം ആലപ്പുഴയായി ഭവിച്ചു. തടിയും മറ്റുവനപദാർത്ഥങ്ങളും അവിടെ വരുത്തി മൊത്ത മായി വിദേശികൾക്കുവിറ്റിരുന്നു."

ശ്രീ. ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസിന്റെ വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. "ആലപ്പുഴ ഒരു തുറമുഖത്തിന് പറ്റിയ സ്ഥലമാണെന്നും അവിടെയും ഒരു തുറമുഖമാക്കുന്ന പക്ഷം അപ്പോൾ അവിടെയുള്ള കച്ചവടം പൊതുവെ തന്നെ അഭിവൃദ്ധിപ്പെടുന്നതാണെന്നും, രാജാ കേശവദാസ ദിവാൻജിയെ ഉപദേശിച്ചതും അതിലേയ്ക്ക് വേണ്ടതായ എല്ലാ പ്ലാനും നിശ്ചയിച്ചതും മാത്തുത്തരകനായിരുന്നു. കപ്പലോട്ട ത്തിൽനിന്ന് വൈദേശിക തുറമുഖങ്ങളെയും അവയുടെ കിടപ്പുക ളെയും പറ്റി ലഭിച്ച ജ്ഞാനവും പരിചയവും മൂലമാണ് ഇക്കാര്യ ത്തിൽ ഒരു വിദഗ്ദ്ധോപദേശം ചെയ്വാൻ തരകൻ ശക്തനായത്. ആലപ്പുഴ ചുങ്കത്തിൽ നിന്ന് കടപ്പുറം വരെയുള്ള തോടിന്റെ സാക്ഷാൽ പേര് 'മാത്തുത്തരകൻതോടെ'ന്നാണെന്നുള്ള കഥ പലർക്കും പുത്ത രിയായിരിക്കും. ആ തോട്ടിൽ ആദ്യമായി ഒരു പാലം കെട്ടിച്ചത് വർക്കി എന്നൊരാളായിരുന്നു. അയാൾ തരകന്റെ കടയിലെ ഒരു ജോലി ക്കാരനായിരുന്നതിനാൽ തരകൻ തന്നെയായിരുന്നു ആ പാലത്തിന് "കണ്ണൻ വർക്കിപ്പാലമെന്ന് നാമകരണം ചെയ്തത്.""

കരിയാറ്റി മല്പാനച്ചനെ ലത്തീൻ സുറിയാനി സെമിനാരിക ളുടെ മല്പനാക്കിയതിനെപ്പറ്റിയുള്ള വിവരങ്ങൾ എന്ന പ്രാചീന കൈയെഴുത്ത് കൃതിയിൽ ഉള്ള ഒരു ഭാഗം തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. അതു താഴെ ചേർക്കുന്നു.

"ഇങ്ങനെ ഇരിക്കയിൽ മാത്തുത്തരകന് ഉപ്പുകുത്തത, പാക്കു കുത്തത, തടിക്കുത്തത ഇങ്ങനെയുള്ള കച്ചവടങ്ങളും രാജാവിങ്കൽ നിന്നുകൊടുത്ത ദളാവായോടും ദിവാൻജിയോടും കൂടെ ഒരുമിച്ച് രാജ്യ കാര്യവും വിചാരിച്ച് ആലപ്പുഴ അങ്ങാടിയിൽ നടുവേ തോടും കുത്തിച്ച് കടപ്പുറത്തെ കൊടിമരവും നാട്ടിച്ച് തോടിന് ഇരുവശവും പീടികകളും വെപ്പിച്ച് കൊച്ചിക്കു സമമയാ തുറമുഖമാക്കി വല്യക്കച്ചവടങ്ങളും നട പ്പാക്കിയതിനാലും വല്യപടവ് ചെറിയ പടവ് ഇങ്ങനെ രണ്ടു കപ്പലു കളും വൈപ്പിച്ച് വല്യപാണ്ടികശാലയും പണിയിച്ച് രാജാവിന്റെ വല്യ കച്ചവടക്കാരൻ തച്ചിൽ തരിയതു മാത്തുത്തരകൻ വല്യമുതലാളി എന്ന നാമധേയവും വീശി തത്തംപള്ളിയിൽ അയാൾക്കുള്ള ഇരിപ്പ

malankaralibrary.com

ടത്തിനായി വല്യവീടും പണീച്ച് വീടിന് സമീപെ തനിച്ച് പള്ളിയും പണിച്ച് ഇങ്ങനെ കല്ലൂർക്കാടും വല്യവീടും അപ്രകാരം തിരുവനന്തപുരത്തും വീടും പള്ളിയും രാജസേവയും വൻപും ഇയാൾക്കും ഇയാളുടെ അനുജൻ അവുറാഹം മല്പാൻ എന്നുള്ള പേരും മോതിരവും പ്രൊന്തുക്കാൾ രാജചമ്പളവും വാങ്ങി അദ്ദേഹവും ഏറിയ ശിഷ്യരും ആയി പഠിപ്പിക്കുകയും ഇതിനാൽ മേലെഴുതിയ മാത്തുത്തരകന്റെ വചനം പള്ളിക്കാരൊക്കെയും സമ്മതിക്കുന്നതാകയാൽ------"

ഇതിന് മുൻപിൽ മേൽ എഴുതിയ ഗോവർണ്ണദോരച്ചനും തച്ചിൽ അവുറാഹം മൽപ്പാനച്ചനും കൂടെ തെക്കൻ പള്ളിപ്പുറത്തു പാക്കെയും അവിടെവച്ച് മാത്തുത്തരകന്റെ വലുപ്പത്തിന്റെ മുഴുപ്പിൽ ദിവാൻജിയോട് ഒന്നിച്ച് ആലപ്പുഴെ പഴയ അങ്ങാടിയും തോടും ഇട്ടേച്ച് പുത്തനായിട്ട് പള്ളാതുരുത്തി എന്ന ആറു മുതൽ കടപ്പുറം വരെ ഇപ്പോൾ കാണുന്ന തോടും കല്ലുപാലം മുതൽ ഇതായത് നമ്മുടെ സുറിയാനി പള്ളിയുടെ കാവു മുതൽ രണ്ടു നാഴികവരെ പടിഞ്ഞാട്ട് കാടും കാട്ടു മൃഗങ്ങളുടെ സ്ഥലവും ആയി കിടന്നിരുന്നതിനെ ഇപ്പോൾ കാണും വണ്ണം നടുവിൽ തോടും ഇരുവശവും അങ്ങാടിയും വലിയതുറമുഖവും ആയതിന് ഇയാൾ തന്നെ കാരണക്കാരനായി അയാളുടെ പേർക്കു രണ്ടുകപ്പലുകൾ പണിയച്ചു കടപ്പുറത്തെ വലിയ പാണ്ടിക ചാലയും പണിയിച്ചു മകൻ തരിയതു മുതലാളിയെ കച്ചവടക്കാര്യത്തിന് ഏർപ്പെടുത്തി ഇയാൾ ഉദ്യോഗവും ശമ്പളവും കൂടാതെ രാജകാര്യങ്ങൾ നടത്തി രാജാവിന് മഹാ ഇഷ്ടനായി വിജാരിച്ചു വരികയിൽ മെലെഴുതിയ അനുജൻ മല്പാനച്ചന്റെ പേർക്ക് കടതുരുത്തിൽ പ്രാസപ്പള്ളി എന്ന ഇപ്പോൾ നമ്മുടെ കുരിശുപള്ളി ആയിരിക്കുന്ന അതിന്റെ വടക്കേവശത്ത് ചേർന്നു വലിയസെമിനാരി പണിയിച്ചു മല്പാനച്ചനും ശിഷ്യരുമായി അങ്ങോട്ടും ഗോവർണ്ണദോറച്ചന്റെ പേർക്ക് വടയാറ്റുപള്ളിയും മുറിയും തീർപ്പിച്ചു അങ്ങോട്ടും മാറ്റുകയും മാത്തുത്തരകന്റെ പേർക്ക് തത്തംപള്ളിൽ ഒരു വീടും അതിന് സമീപെ തനിച്ച് ഒരു പള്ളിയുടെ പണിയിച്ചു അവിടെയും പാർത്തു നടന്നുവരികയിൽ.

ആലപ്പുഴയുണ്ടായ കച്ചവടാഭിവൃദ്ധി അത്ഭുതകരമായിരുന്നു. അതിനെപ്പറ്റി ഒരു പഴയ പാട്ടുള്ളതിൽ ഒരു ഭാഗം ഇങ്ങനെയാണ്.

ആലപ്പുഴയൊരു നാടകശാല
ആണായിട്ടൊരു മാത്തുത്തരകൻ
പേരായിട്ടൊരു വെട്ടിയതോടും
വെട്ടിപ്പൊക്കിത്തെയും വച്ച്

malankaralibrary.com

ഇരുപുറവും കമ്പോളംപീടിക
കമ്പോളത്തിൽ അഴിമതിയായി
ചുക്കു തുലാത്തിനറുപതു ചക്രം
മുളകുതുലാത്തിനെഴുപതു ചക്രം.
ചുക്കും കൊണ്ട് തുലുക്കൻ പോയി
കാര്യക്കാരുടെ മുൻപിൽ ചെന്നപ്പോൾ
കാര്യക്കാരുവിറച്ചുതുടങ്ങി

ആലപ്പുഴ അന്ന് ദക്ഷിണേന്ത്യയിലെ പ്രമുഖ തുറമുഖവും കച്ചവടകേന്ദ്രവും ആയി ഉയർന്നു കഴിഞ്ഞിരുന്നു. ഈ ആലപ്പുഴയുടെ വളർച്ചയുടെ പ്രധാനകാരണക്കാരൻ തച്ചിൽ മാത്തുത്തരകൻ തന്നെയായിരുന്നു. ☆

malankaralibrary.com

# 15

# ശക്തൻതമ്പുരാൻ

ആലപ്പുഴ തുറമുഖത്തിന്റെ വളർച്ച കൊച്ചിയുടെ തകർച്ചക്കു കാരണമായി. കൊച്ചി മഹാരാജാവ് ശക്തൻ തമ്പുരാന് ഇതു വളരെ ദുഖകരമായി. ആലപ്പുഴ തുറമുഖത്തിന്റെ വളർച്ചക്ക് പ്രധാന കാരണക്കാരൻ തച്ചിൽ മാത്തുത്തരകനാണെന്ന് ശക്തൻ തമ്പുരാൻ മഹാരാജാവിന് അറിയാമായിരുന്നു. തന്മൂലം തരകനോട് ശക്തൻതമ്പുരാന് വളരെ വിരോധമായി. കൊച്ചിയുടെ തകർച്ചക്ക് മറ്റൊരു കാരണവും കൂടിയുണ്ട്. കൊച്ചിയിലെ വ്യാപാരികളിൽ പ്രമുഖ സ്ഥാനം വഹിച്ചിരുന്നത് ഗൗഢസാരസ്വതബ്രാഹ്മണരായിരുന്നു. ശക്തൻ തമ്പുരാനും സാരസ്വതരും തമ്മിൽ പിണങ്ങുന്നതിനിടയായി. ഇതേതുടർന്ന് സാരസ്വത പ്രമാണികളെ വധിച്ചു. അതും കൂടാതെ അവരുടെ പീടികകളും ഭവനങ്ങളും കൊള്ളയടിച്ചു. ഇതറിഞ്ഞ മാത്തുത്തരകൻ വ്യാപാരവിദഗ്ദ്ധരായിരുന്ന അവരിൽ പലരെയും ആലപ്പുഴ കൊണ്ടുവന്ന് താമസിപ്പിച്ചു. ആലപ്പുഴയ്ക്ക് പോന്ന സാരസ്വതർ കൊച്ചി തിരുമലദേവസ്വത്തിലെ പ്രസിദ്ധമായ വിഗ്രഹം കൂടി കൊണ്ടുവന്നു. ഈ വിഗ്രഹത്തിന് അത്ഭുതസിദ്ധിയുണ്ടെന്നും കൊച്ചിയുടെ വ്യാപാരാഭിവൃദ്ധിക്ക് കാരണം ഈ വിഗ്രഹത്തിന്റെ സാന്നിദ്ധ്യമാണെന്നും സാരസ്വതരും മഹാരാജാവും ജനങ്ങളും വിശ്വസിക്കുകയും ചെയ്തിരുന്നു. ആലപ്പുഴ ചുരുങ്ങിയ കാലം കൊണ്ട് ഒരു വലിയ കച്ചവടകേന്ദ്രമായി മാറുവാനും, കൊച്ചി അധോഗതിപ്രാപിക്കുവാനും, കാരണം ഈ വിഗ്രഹമാണെന്ന് എല്ലാവരും വിശ്വസിച്ചു. ഏതുവിധേയനെങ്കിലും ഈ വിഗ്രഹം കൊച്ചിയിലേക്ക് കൊണ്ടുവരുന്നതിന് കൊച്ചി മഹാരാജാവ് ശക്തൻ തമ്പുരാൻ ശ്രമിച്ചു. സാരസ്വതർ പിന്നീട് തമ്പുരാനുമായി രമ്യതയിലായപ്പോൾ വിഗ്രഹം കൊച്ചിക്കുകൊണ്ടുപോകുന്നതിൽ താല്പര്യം കാണിക്കുകയും ചെയ്തു. ആലപ്പുഴയുടെ വളർച്ചക്ക് നിദാനമായ വിഗ്രഹം തിരിച്ചയക്കുന്നതിന് തിരുവിതാംകൂർകാർ സമ്മതിച്ചില്ല. വിഗ്രഹം ആലപ്പുഴയ്ക്ക് കൊണ്ടുവരുന്നതിനും സാരസ്വതരുടെ താല്പര്യം പോലും കണക്കിലെടുക്കാതെ ആലപ്പുഴ വച്ചുകൊണ്ടിരുന്നതും മാത്തുത്തരകൻ കാരണമാണെന്ന് ശക്തൻ തമ്പുരാൻ വിശ്വസിച്ചു. അതിനാൽ ശക്തൻ തമ്പുരാന് തരകനോട് കടുത്ത വിദ്വേഷം തോന്നി.

ശക്തൻ തമ്പുരാന് തരകനോട് ശത്രുത വർദ്ധിക്കുവാൻ

malankaralibrary.com

മററൊരു കാരണവും കൂടി ഉണ്ടായതായി മാത്തുത്തരകന്റെ ജീവചരിത്രത്തിൽ എം.ഒ. ജോസഫ് രേഖപ്പെടുത്തിയിട്ടുണ്ട്. കാർത്തിക തിരുനാളും ശക്തൻതമ്പുരാനും ചതുരംഗകളിയിൽ അതിസമർത്ഥരായിരുന്നു. കാർത്തികതിരുനാൾ ഒരിക്കൽ ആലുവായിൽ എഴുന്നള്ളിയിരിക്കുമ്പോൾ ശക്തൻ തമ്പുരാൻ തിരുമനസ്സിലെ ആതിഥ്യം സ്വീകരിക്കുകയുണ്ടായി. ചതുരംഗകളിയിൽ രണ്ടുപേരും ഏർപ്പെട്ടു. രണ്ടുപേരും കളിയിൽ വിരുതന്മാരായിരുന്നു. തോൽക്കരുതെന്ന് വാശിയുള്ളവരായിരുന്നു. വളരെ സൂക്ഷിച്ച് ഇരുവരും കളി തുടർന്നു. ജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നതുവരെ ഇരുവരും കളി തുടർന്നു. കളി പല ദിവസങ്ങൾ നീണ്ടുനിന്നു. ഈ കളിയിൽ വാശിയോടെ ഏർപ്പെട്ട ഇരുമഹാരാജാക്കന്മാരും രണ്ടിലൊന്നറിയാതെ കളി നിർത്തുവാൻ ഇഷ്ടപ്പെട്ടില്ല. കാർത്തികതിരുനാൾ മഹാരാജാവിന് തിരുവനന്തപുരത്തെത്തേണ്ട അടിയന്തിരകാര്യവുമുണ്ടായിരുന്നു. പക്ഷെ കളി അവസാനിപ്പിക്കാതെ സ്ഥലംവിടുക സാദ്ധ്യമല്ലെന്ന നില വന്നു. കാർത്തികതിരുനാളിന് തോൽവി പററിയേക്കാമെന്ന ഒരു ഭയം സേവകന്മാർക്കും ഉണ്ടായി.

കളിനിർത്തിപ്പോകുമ്പോൾ ചതുരംഗപലക ഒരു വാർപ്പുകൊണ്ട് മൂടുകയും ഇരുഭാഗത്തെയും ഭടന്മാരെ കാവൽനിർത്തുകയും പിന്നീട് കളിക്കുവാൻ വരുമ്പോൾ വാർപ്പ് എടുത്തു മാററുകയുമായിരുന്നു പതിവ്. മാത്തുത്തരകൻ ജീവചരിത്രത്തിൽ (പേജ് 260) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഒരു ദിവസം ഒരു വിഡ്ഢ്യാൻ നമ്പൂതിരി ഈ വാർപ്പിനടുത്തെത്തി അതെന്താണെന്ന് തിരക്കുകയും, ഇത്രവലിയ പോരു നടത്തുന്ന ചതുരംഗക്കോഴിയെ താൻ കണ്ടിട്ടില്ലല്ലോയെന്ന് കേഴുകയും ചെയ്തു. ചതുരംഗപ്പോരു നടത്തുന്നത് കോഴികളല്ലെന്നും ചില കരുക്കൾ മാത്രമാണെന്ന് പറഞ്ഞിട്ടും നമ്പൂതിരിക്ക് അത്ര വിശ്വാസമായില്ല. നേരിട്ട് കണ്ടല്ലാതെ വിശ്വസിക്കുകയില്ലെന്നായി നമ്പൂതിരി. രാമവർമ്മ മഹാരാജാവിന്റെ സേവകനായിരുന്ന ഈ വിഡ്ഢി നമ്പൂതിരിയെ ഒന്ന് കളിയാക്കുവാൻ ഇതുതന്നെ തരമെന്നുകരുതി ശക്തൻതമ്പുരാന്റെ പക്ഷത്തുള്ള ഒരു ഭടൻ വാർപ്പ് പൊക്കി ചതുരംഗപലക കാണിച്ചുകൊടുത്തു. നമ്പൂതിരി ഇളിഭ്യനായി, പരാജയം സംഭവിച്ച് അവിടെനിന്നും പൊയ്ക്കളഞ്ഞു. നമ്പൂതിരിയുടെ വേഷത്തിൽ അവിടെ എത്തിയത് മാത്തുത്തരകനായിരുന്നുവെന്ന് തിരുവിതാംകൂർ ഭടന്മാർ മനസ്സിലാക്കിയിരുന്നിരിക്കാം.

തരകൻ ഉടൻതന്നെ വേഷം മാറി ഒരു ആനക്കാരന്റെ വേഷത്തിൽ തന്റെ മഹാരാജാവിനെ സമീപിച്ച് "ആനയ്ക്ക് നല്ലവില

malankaralibrary.com

വന്നിരിക്കുന്നു. വിൽക്കുവാൻ കല്പന ഉണ്ടാകണം. എല്ലാററിനെയുംകൂടെ രക്ഷിപ്പാൻ പ്രയാസമാണ്." എന്ന് തിരുമനസ്സുണർത്തിച്ചു. തരകന്റെ പ്രച്ഛന്നവേഷം മനസ്സിലാക്കിയ മഹാരാജാവ് ഉടൻതന്നെ അങ്ങനെതന്നെയെന്നരുളിച്ചെയ്തു. വീണ്ടും ചതുരംഗകളി തുടങ്ങിയ ഉടനെ മഹാരാജാവ് ശക്തൻ തമ്പുരാന് വെട്ടത്തക്ക സ്ഥാനത്ത് തന്റെ ആനയെ കൊണ്ട് നിർത്തുകയും, അദ്ദേഹം ആനയെ വെട്ടിയെടുക്കുകയും ചെയ്തു. പക്ഷെ അതോടെ തമ്പുരാന്റെ പരാജയം സുനിശ്ചിതമായി. പിന്നീട് ഏതാനും മിനിട്ടുനേരത്തെ കളികൊണ്ട് ശക്തൻ തമ്പുരാൻ അടിയറവായി. കളി തോററപ്പോഴാണ് ആനയെ വിൽക്കാൻ ഗുണദോഷിച്ച ആനക്കാരന്റെ കാര്യം ശക്തൻ തമ്പുരാന് ഓർമ്മ വന്നത്. അദ്ദേഹം ഇതേപ്പററി അന്വേഷിക്കുകയും വാർപ്പ് പൊക്കിയ കഥ മനസ്സിലാക്കുകയും അതിനിടയാക്കിയ ഭടനെ നിഷ്ക്കരുണം ശിക്ഷിക്കുകയും ചെയ്തു."

തന്റെ പരാജയത്തിന് കാരണക്കാരനായ തരകനെ ഏതെങ്കിലും വിധത്തിൽ മര്യാദപഠിപ്പിക്കണമെന്ന് ശക്തൻ തമ്പുരാൻ തീരുമാനിച്ചു. എന്നാൽ കുലശേഖരപെരുമാളിന്റെ ആശ്രിതനായ തരകനെ നേരെ ശിക്ഷിക്കുവാൻ നയശാലിയായ ശക്തൻതമ്പുരാൻ ഒരുക്കമല്ലായിരുന്നു. എപ്പോഴെങ്കിലും തരകനെ കയ്യിൽ കിട്ടുമെന്നും അപ്പോൾ ശിക്ഷിക്കാമെന്നും ശക്തൻ തീരുമാനമെടുത്തു. തമ്പുരാന്റെ ശത്രുത മനസ്സിലാക്കിയ തരകൻ കൊച്ചിയിൽ കടക്കാതെ വളരെ സൂക്ഷിച്ച് നടന്നിരുന്നു. ശക്തൻ തമ്പുരാൻ വേഷപ്രച്ഛന്നനായി കൊച്ചിയിൽ സഞ്ചരിക്കുക പതിവായിരുന്നതിനാൽ കൊച്ചിയിൽ കഴിയുന്നത്ര കടക്കാതെ തരകൻ കഴിച്ചുകൂട്ടി.

ഒരു ദിവസം തരകൻ ആലുവായിൽനിന്നും പറവൂരിലേക്കു പോയപ്പോൾ വേഷപ്രച്ഛന്നനായി ശക്തൻ തമ്പുരാൻ തരകന്റെ മുൻപിലെത്തി. സന്തോഷഭാവത്തോടെ കുശലപ്രശ്നം തുടങ്ങി. തരകന് പിടിപെട്ട മസൂരിരോഗത്തെപ്പററി തിരക്കി. "മസൂരി അധികം വന്നത് പൃഷ്ടത്തിലാണെന്ന് കേട്ടു. പൃഷ്ടം കാണട്ടെ. മുഖത്താണോ പൃഷ്ടത്തിലാണോയെന്നറിയാമല്ലോ." എന്നായിരുന്നു തമ്പുരാന്റെ അടുത്ത തിരുവായ്മൊഴി. തന്നെ കുടുക്കിലകപ്പെടുത്തുവാനുള്ള ശ്രമമാണ് തമ്പുരാന്റേതെന്ന് തരകന് ക്ഷണം മനസ്സിലായി. കല്പനപോലെ പൃഷ്ടം കാണിച്ചുകൊടുത്താൽ രാജസമക്ഷം അനാദരവ് കാണിച്ചു എന്ന കുററത്തിനും കല്പനയനുസരിച്ച് കാണിക്കാതിരുന്നാൽ ആജ്ഞ ലംഘിച്ചു എന്ന കുററത്തിനും, എങ്ങനെയും തരകനെ ശിക്ഷിക്കാമെന്നാണ് തമ്പുരാൻ കരുതിയത്. കൊച്ചിരാജാ

malankaralibrary.com

വിനെ നിന്ദിച്ച ഒരുവനെ, അയാൾ എത്രതന്നെ വേണ്ടപ്പെട്ടവനായിരുന്നാലും, ശിക്ഷിക്കുന്നതിൽ രാമവർമ്മമഹാരാജാവ് പിണങ്ങുകയില്ലെന്ന് ശക്തന് അറിയാമായിരുന്നു.

എന്നാൽ മാത്തുത്തരകൻ എത്രമാത്രം ബുദ്ധിശാലിയാണെന്ന് ശക്തൻ ഗ്രഹിച്ചിരുന്നില്ല. ആജ്ഞപുറപ്പെട്ട ഉടനെ തരകൻ തമ്പുരാന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തു. പൃഷ്ഠം കാണിച്ചു കൊടുത്തു. ആ പ്രവൃത്തിയിൽ രാജാജ്ഞപോലെ പൃഷ്ഠം കാണിക്കുകയും അതേസമയം രാജാവിനെ ബഹുമാനിക്കുകയുമാണല്ലോ ചെയ്തത്. തന്റെ മുൻപിൽ സാഷ്ടാംഗപ്രണാമം ചെയ്തുകിടക്കുന്ന ഒരുവനെ ഏതൊരുവനാണ് ശിക്ഷിക്കുവാൻ തോന്നുക. തരകന്റെ പ്രവർത്തിയിൽ അതീവസന്തുഷ്ടനായ ശക്തൻ തരകന്റെ ഉചിതജ്ഞതയെയും ബുദ്ധിശക്തിയേയും അഭിനന്ദിക്കുകയും സ്വന്തംവാൾ തരകന് സമ്മാനിക്കുകയും ചെയ്തു. അന്നു മുതൽ അവർ തമ്മിലുള്ള സൗഹാർദ്ദം അത്യന്തം ദൃഢതരമായിത്തീർന്നു." (മാത്തുത്തരകൻ ജീവചരിത്രം പേജ് 261, 262)

മഹാകവി കട്ടക്കയം ഈ സംഭവത്തെപ്പറ്റി രചിച്ച ഒരു കവിതയിലെ ഏതാനും ഭാഗങ്ങളാണ് താഴെച്ചേർക്കുന്നത്. (സാഹിത്യചന്ദ്രിക മാസികയുടെ 1099 ലെ മിഥുനം, കർക്കിടകം ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)

"വരിക വരിക കൊച്ചുമാത്തുവല്ലേ?
ശരി ശരി കണ്ണിനു കണ്ടനാൾ മറന്നു
കരികിടികളകം തെളിഞ്ഞു വാഴും
ഗിരികളിലോ നിവസിപ്പതിപ്പഴും നീ?

"നയജലനിധി വഞ്ചിഭൂപനുള്ളിൽ
പ്രിയമെതിരററ പടിക്കുദിക്ക മൂലം
നിയതമടി വണങ്ങുമാറനന്താ-
ലയമതിലെപ്പൊഴുമാവസിക്കയാണോ?

"പരമജനവതംസമായ വേണ-
ട്ടരചനനാമയനായിരുന്നിടുന്നോ?
നിരവധി ഭവികം വിളങ്ങുവോരോ-
നരവരനേതു വഴിക്കനർത്ഥമെന്തും!!

"അഴലുലകിലകററിടും സുഭിക്ഷം
കഴലിളകാത്ത വിധത്തിലൂന്നുവാനായ്
അഴകൊടു വിരചിച്ചതാകുമാല-
പ്പുഴ വക ജോലികളാകവേ കഴിഞ്ഞോ?"

malankaralibrary.com

വടിവൊടിവ കഥിച്ച മന്നവൻ ത-
ന്നടിമലരാത്തരകൻ നമിച്ചു ചൊല്ലി
"അടിയനടവി തന്നകത്തു പണ്ടേ-
പ്പടി വിടകൊള്ളുവതില്ല തമ്പുരാനേ!
"മടയനിലയിലങ്ങുമിങ്ങുമായി-
ത്തുടരെ വൃഥാ വിടകൊണ്ടിടുന്നിതെന്നും
ഇടരടിയനെ വിട്ടുമാറുകില്ലീ-
യിട പടുകാലവുമൊന്നു മല്ലടിച്ചു.
"ജനനിരയുടെ ഭാവുകോല്ക്കരത്താ-
ലനഘനനന്തഗുണാബ്ധി വഞ്ചി ഭൂപൻ
വിന സദയമകററി നാട്ടിലെങ്ങും
ദിനമനു നന്മകളേററി വാണിടുന്നു"
കരുതലൊടു ജനാധിനാഥനപ്പോ-
ളരുളി "നരർക്കിടരേററിടും മസൂരി
പുരുമദമൊടുമാക്രമിച്ചു നിന്നിൽ-
ക്കരുമന ചേർത്തതറിഞ്ഞു മുന്നമേ നാം.
"കലനിരവധിയാണു നിൻമുഖത്തിൽ
കലശലൊടിങ്ങനെ പൃഷ്ടമെങ്ങുമുണ്ടോ
അലസത കലരാതെ നിൻ പുറത്തേ
നില മമ തക്ക പടിക്കു കാട്ടിയാലും"
ചൊടിയൊടു വെടിയുണ്ട പാഞ്ഞുകേറും
പടി പടുവാം തരകന്റെ കാതിനുള്ളിൽ
ഝടിതി നരവരന്റെ വാക്യമെത്തി-
ക്കൊടിയൊരു യാതന മാനത്തിനേകി.
ശിതമതി വസുധാധവന്റെ വീര-
വ്രതമറിയും തരകൻ നിരാശയോടും
കിതവനഹി പിടിച്ച മൂഷികം പോല-
ലതനു ഭയത്തൊടുമുൾക്കുരുന്നിലോർത്തു
നൃപനുടെ നികടത്തടുത്തിതെന്നാ-
ലപകടമററു മടങ്ങുവാൻ പ്രയാസം
കപടരഹിതരോടുമുള്ളിലേതും
കൃപ നരനാഥനു സംഭവിക്കയില്ല
കൊടിയ മൃഗമടുക്കലെത്തുവോരെ-
ഝടിതി പിടിച്ചു കടിച്ചു കൊന്നിടുന്നു
മുടിവിതരനിവണ്ണമേകുവോരാ-
ക്കുടിലത മന്നവനില്ലതാദൃതവ്യം.

malankaralibrary.com

അനഘനെ നിഹനിച്ചിടുന്ന പക്ഷം
ജനത പഴിച്ചിടുമെന്ന സാദ്ധ്വസത്താൽ
വിന മമ തലയിൽക്കരേറി വെട്ടാൻ
നിനവൊടുപായമെടുത്തിടുന്നു ഭൂപൻ.
ശരിയൊടരുൾ തികച്ചിടാതിരുന്നാ-
ലരിശമിയന്നു നരേന്ദ്രനെന്റെ കണ്ഠം
അരിയ വിരുതിയന്നിടുന്ന വാളാ-
ലരിയുമതിന്നു വിളംബമെത്തുകില്ല.
കൃതി നരപതി ഞാൻ പുറം തിരിഞ്ഞാ-
ലതികെടുതാമപരാധമെന്നിലേറി
മൃതി മമ തരസാ വരുത്തിടും മൽ-
സ്ഥിതി നിതരാം വിഷമത്തിലായി കഷ്ടം!
അമിതബല സമേതനുർവ്വരേശൻ
സ്തിമിതതരാശയനത്ഭുത പ്രതാപൻ
ശമിതരിപുമദൻ മഹാനുഭാവൻ
കൃമിസമനീജ്ജനമെന്തു ചെയ്തിടേണ്ടു?
ശരണമിവനു പാരിലാരിദാനീം
മരണമഹോ നികടത്തടുത്തിതെന്നോ
ചരണബലമകന്നു ദൈവമേ, നീ
തരണമെനിക്കഭയം ദയാപയോധേ!
പിഴകളലിവൊടും പൊറുത്തഭീഷ്ടം
കഴൽ തൊഴുവോർക്കരുളുന്ന യേശുദേവാ
അഴൽ മുഴുവനൊഴിച്ചനുഗ്രഹത്തു-
മഴ വഴിപോലിവനിൽ പൊഴിക്കണം നീ.
അനഘമകുട രത്നമാകുമമ്മേ,
വിനയനിധേ, മറിയേ, മനോജ്ഞശീലേ,
വിന നിയതമൊഴിച്ചു പോററുവാൻ നിൻ
തനയനൊടാർദ്രത പൂണ്ടിരക്കണം നീ.
തരകനരിയ ഭീതിമൂല മന്തഃ-
ക്കരണമെരിഞ്ഞു വിചിന്ത ചെയ്തിടുമ്പോൾ
നരപതിയുടെ നീണ്ടെഴും വലത്തേ-
ക്കരമസിമുഷ്ടിയിലെത്തുവാൻ മുതിർന്നു.
ഒടുവിലൊരു വിശിഷ്ടയുക്തി തോന്നി
കടുകിടയും തരകൻ മടിച്ചിടാതെ
പടുമതി നൃപമൗലിതൻ സമക്ഷം
നെടുകെ വലിഞ്ഞുകിടന്നു കാട്ടി പൃഷ്ടം.

malankaralibrary.com

കനകശിഖര കാഴ്ചയായ് സമർപ്പി-
ച്ചനവധി താണു വണങ്ങിയാലുമപ്പോൾ
ഘനമുലവു വരാത്ത മന്നവന്നാ-
നനഗഗനം തെളിവായമന്ദമോതി.

"മതി മതി കല കണ്ടു നാമെണീക്കാ-
മതിചതുരൻ മതിശാലി കൊച്ചു മാത്തു
ക്ഷതി മലയൊടു തുല്യമെത്തിയാലും
പതിരു കണക്കു നിനക്കൊഴിഞ്ഞു പോകും.

ഝടിതിയിലെഴുന്നേററു പാർത്ഥിവൻ ത-
ന്നടിമലരിൽ പ്രണമിച്ചനുജ്ഞ വാങ്ങി
പൊടി കരതളിരാൽ തുടച്ചു മുമ്പേ-
പ്പടി തരകൻ പറവൂരിലേക്കു പോയി.

സുജ്ഞാനിയാം തരകനിൽ കുടികൊള്ളുവോരാ
പ്രജ്ഞാബലം രുചിരമെന്നകമേ പുകഴ്ത്തി
വിജ്ഞാവതംസമണി ശക്തനിളാധവൻ ത-
ന്നജ്ഞാതവേഷമൊടു പിൻപെഴുന്നെള്ളി മോദാൽ.

ആലപ്പുഴ തുറമുഖം രാജാകേശവദാസൻ രൂപംകൊടുത്തതാണെന്ന് ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അത് പൂർണ്ണമായും ശരിയല്ല. രാജാകേശവദാസൻ ദിവാനാകുന്നതിന് വളരെ വർഷങ്ങൾക്കുമുൻപുതന്നെ തച്ചിൽ മാത്തുത്തരകനും അദ്ദേഹത്തിന്റെ പിതാവ് തരിയതും ആലപ്പുഴവന്ന് കച്ചവടം ചെയ്തിരുന്നു. അന്ന് വികസിച്ച ഒരു തുറമുഖമായിരുന്നില്ല ആലപ്പുഴ. രാജാകേശവദാസനും തച്ചിൽ മാത്തുത്തരകനുമാണ് ആലപ്പുഴയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചവർ. ദളിത്ബന്ധു എൻ.കെ.ജോസ് രചിച്ച രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന ഗ്രന്ഥത്തിൽ രാജാകേശവദാസനാണ് ആലപ്പുഴ നിർമ്മിച്ചതെന്നുള്ള വാദത്തെ ഖണ്ഡിച്ചിട്ടുണ്ട്. അതിൽ ഒരു ഭാഗം താഴെ ചേർക്കുന്നു. (പേജ് 43) "തച്ചിൽ മാത്തുത്തരകൻ തന്റെ വ്യാപാരം തുടങ്ങുന്നത് ആലപ്പുഴയാണ്. വ്യാപാരം തുടങ്ങിയതിനുശേഷമാണ് അദ്ദേഹം പണക്കാരനായത്. അദ്ദേഹത്തിന് പണവും സ്വാധീനവും ഉണ്ടായതിനുശേഷമാണ് അദ്ദേഹം രാജാകേശവദാസനുമായി പരിചയപ്പെടുന്നത്. രാജാകേശവദാസനുമായി അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് വലിയ കപ്പിത്താൻ ഡിലെനായിയാണ്. ഡിലെനായി 1777-ൽ മരിച്ചു എന്നു പറഞ്ഞുവല്ലോ. അതിനാൽ മാത്തൂത്തരകൻ കേശവദാസൻ ബന്ധം 1777-ന് മുൻപ് തുടങ്ങി. അതിനും മുൻപ് തരകന് ആലപ്പുഴയിൽ വ്യാപാരമുണ്ടായിരുന്നു. ആ ആലപ്പുഴ

malankaralibrary.com

1778–ൽ ദിവാനായ രാജാകേശവദാസൻ തന്റെ ദിവാൻകാലത്ത് നിർമ്മിച്ചതാണെന്നതും അവിടെ തടി ഡിപ്പോ തുടങ്ങി അത് തരകന് കുത്തകയായി കൊടുത്തു എന്നതും എങ്ങനെ പൊരുത്തപ്പെടുന്നു.

രാജാകേശവദാസൻ ആലപ്പുഴയ്ക്ക് താമസം മാററിയത് തരകന്റെ പ്രേരണയനുസരിച്ചാണ്. ആലപ്പുഴയുടെ വളർച്ചയിൽ സർക്കാർ വളരെ തല്പരരാണെന്ന് പുതിയ താമസക്കാരെ ബോദ്ധ്യപ്പെടുത്താൻ ആ നടപടി സഹായിച്ചു. ആലപ്പുഴ ഒരു വലിയ കെട്ടിടം നിർമ്മിച്ച് അവിടെ ഹജൂർ കച്ചേരി പ്രവർത്തിപ്പിച്ചു. മഹാരാജാവിന്റെ ആവശ്യത്തിലേക്കായി ആലപ്പുഴ വലിയ ഒരു കൊട്ടാരവും നിർമ്മിച്ചു. ഒരുവിചാരിപ്പുകാരനെ നിയമിക്കുകയും ചെയ്തു. വനവിഭവങ്ങളെല്ലാം ആലപ്പുഴ കൊണ്ടുവന്ന് ശേഖരിക്കുന്നതിന് വിചാരിപ്പുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. മലകളിൽനിന്നുള്ള തടികൾ വെട്ടിയിറക്കുന്നതിനുള്ള കുത്തക തച്ചിൽ മാത്തുത്തരകനായിരുന്നു.

മാത്തുത്തരകൻ രണ്ടുകപ്പലുകൾ സ്വന്തമായി വാങ്ങിയിരുന്നു. അതുവലിയ ലാഭകരമായിരുന്നു. സർക്കാർ ലവലിൽ കച്ചവടം നടത്തുന്നതിലേക്കായി മൂന്നുകപ്പലുകൾ കേശവദാസൻ പണി കഴിപ്പിച്ചു. മൂന്നാലു കൊല്ലത്തെ കപ്പൽ കച്ചവടം കൊണ്ട് രാജ്യത്തിന് വലിയ സാമ്പത്തികലാഭം നേടുവാൻ സാധിച്ചു.

രാജാകേശവദാസനാണ് ഈസ്റ്റ്ഇൻഡ്യാകമ്പനിയും തിരുവിതാംകൂറുമായി ഒരു സഖ്യമുണ്ടാക്കിയത്. ആ സഖ്യം അന്ന് ഉണ്ടായില്ലെങ്കിൽ തിരുവിതാംകൂർ മററുരാജ്യങ്ങൾ പിടിച്ചടക്കിയെന്നുവരാം. പ്രത്യേകിച്ചും ടിപ്പുസുൽത്താന്റെ ആക്രമണകാലത്ത് 1795–ലെ ഉടമ്പടിയനുസരിച്ച് തിരുവിതാംകൂറിനെ ബാഹ്യശത്രുക്കളിൽനിന്നും രക്ഷിക്കുന്ന ചുമതല ഇംഗ്ലീഷുകാർ ഏറെറടുത്തു. അതിനുപ്രതിഫലമായി കമ്പനിവക മൂന്നുനാട്ടുപട്ടാളവകുപ്പുകളുടെ ചിലവ് – ഏതാണ്ട് അറുപത്തയ്യായിരം പുവരാഹൻ തിരുവിതാംകൂർ കൊടുക്കണമായിരുന്നു.

1795–ലെ കേശവദാസൻ ഉടമ്പടിയെപ്പററി ഭിന്നാഭിപ്രായങ്ങളുണ്ടെന്ന കാര്യം വിസ്മരിക്കരുത്. കേശവദാസനെയും വേലുത്തമ്പിയേയും പുകഴ്ത്തിമാത്രം എഴുതിയ ചരിത്രകാരന്മാരുടെ വാദമുഖങ്ങൾ പൂർണ്ണമായും ശരിയായിരിക്കണമെന്നില്ല. രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന ദളിത്ബന്ധു എൻ.കെ.ജോസിന്റെ പുസ്തകത്തിൽ (പേജ് 54,55) ഇപ്രകാരം എഴുതിയിരിക്കുന്നു.

"ടിപ്പുസുൽത്താനുമായുള്ള യുദ്ധം അവസാനിച്ചപ്പോൾ

malankaralibrary.com

തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയിൽ ഇംഗ്ലീഷുകാർ നിലനിർത്തിയിരുന്ന രണ്ട് കുപ്പിണി കമ്പിനി പട്ടാളത്തെ പിൻവലിക്കണമെന്ന് അന്നത്തെ രാജാവ് രാമവർമ്മ മദ്രാസിലെ ഗവർണ്ണറോട് ആവശ്യപ്പെട്ടു. എന്നാൽ ആ പട്ടാളത്തെ പിൻവലിക്കാതെ അവിടെത്തന്നെ നിലനിർത്തിക്കൊണ്ട് അതിന്റെ ചിലവ് തിരുവിതാംകൂർ വഹിക്കണം എന്നാണ് മദ്രാസ് ഗവർണ്ണർ മറുപടിയായി ആവശ്യപ്പെട്ടത്. രാജാവിന് അത് സമ്മതിക്കേണ്ടതായി വന്നു. എങ്ങിനെയങ്കിലും രാജാവിനെക്കൊണ്ട് സമ്മതിപ്പിക്കാൻ വെല്ലസ്ലിപ്രഭു കാത്തിരിക്കുകയായിരുന്നു. അതിന് അദ്ദേഹത്തെ സഹായിക്കുകയാണ് കേശവദാസൻ ചെയ്തത്. വയസ്സനായ രാമവർമ്മ മഹാരാജാവിനെക്കൊണ്ട് അത് സമ്മതിപ്പിച്ചു. കേശവദാസൻ എന്ന ദിവാൻ ചൂണ്ടിക്കാണിക്കുന്നിടത്ത് ഒപ്പുവയ്ക്കുക എന്നതിൽ കവിഞ്ഞ കഴിവൊന്നും അന്ന് ആ കിഴവൻ രാജാവിനുണ്ടായിരുന്നില്ല. 42768 സ്റ്റാർ പഗോഡ (അന്നത്തെ ഒരു നാണയം) അതിന്റെ ചിലവിനായി നിർദ്ദേശിക്കുകയും ചെയ്തു. അതായിരുന്നു വെല്ലസ്ലിപ്രഭു കേശവദാസിനെ അനുമോദിച്ച കഴിവ്" വെല്ലസ്ലി കേശവദാസന് രാജാപദവി കൊടുക്കുമ്പോൾ തിരുവിതാംകൂറും ഈസ്റ്റ് ഇന്ത്യാകമ്പനിയുമായുള്ള ബന്ധം രണ്ടു കുപ്പിണി പട്ടാളത്തെ ക്ഷണിച്ച് അവർ ഇവിടെവന്ന് യുദ്ധസമയത്ത് നോക്കിനിന്നുവെന്നതാണ്. പട്ടാളം വന്നു എങ്കിലും യുദ്ധം ചെയ്യാനുള്ള അനുവാദം മദ്രാസ് ഗവർണ്ണർ നൽകിയില്ല എന്ന കാരണം പറഞ്ഞ് അവർ ഇവിടെ നോക്കുകുത്തികളായി നിന്നു. അതിനുപിന്നിൽ അന്നത്തെ മദ്രാസ് ഗവർണ്ണർ ഹോളണ്ട് പ്രഭുവിന്റെ കൈകളായിരുന്നു. അതിന് അദ്ദേഹം പിന്നീട് ഗവർണർ ജനറലിൽ നിന്നും ശിക്ഷ വാങ്ങിക്കുകയും ചെയ്തു.

ആ ബന്ധം വിപുലീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് "രാജാ" സ്ഥാനം നൽകപ്പെട്ടത്. അതിന്റെ ഫലമാണ് 1795-ലെ ഉടമ്പടി. അതാണ് കേശവദാസൻ ഉടമ്പടി. അങ്ങനെ പുതിയൊരു ഉടമ്പടി സൂക്ഷിക്കേണ്ട യാതൊരു സാഹചര്യവും അന്നുണ്ടായിരുന്നില്ല. ടിപ്പുസുൽത്താനുശേഷം തിരുവിതാംകൂറിനെ ഒരു വിദേശ രാജ്യവും ആക്രമിച്ചിട്ടില്ല. ഈസ്റ്റ് ഇന്ത്യാകമ്പനി തിരുവിതാംകൂറിന് പുതുയതായി ഒരു സഹായവും ചെയ്യേണ്ട അവസരം ഉണ്ടായിട്ടില്ല. 1795-ലെ കേശവദാസൻ ഉടമ്പടി നടക്കുമ്പോൾ കാർത്തികതിരുനാൾ രാമവർമ്മരാജാവിന് 71 വയസ്സുണ്ടായിരുന്നു. അതിനാൽ രാജ്യകാര്യങ്ങളിൽ പഴയതുപോലെ ശ്രദ്ധിക്കാൻ കഴിയാതിരുന്ന രാജാവിനെക്കൊണ്ട് കേശവദാസൻ വഴി പുതിയ ഉടമ്പടിക്ക് ഒപ്പു വയ്പിക്കുകയാണ് കമ്പനി ചെയ്തത്. അതിനു വേണ്ടിയാണ് നേരത്തെ അവർ

malankaralibrary.com

"രാജാ" സ്ഥാനം കേശവദാസന് നൽകിയത്."

1795-ലെ ഉടമ്പടിയെ കൊട്ടാരത്തിലെ അന്തേവാസികളും കീഴ്ജീവനക്കാരും ആക്ഷേപം പുറപ്പെടുവിക്കുകയുണ്ടായി. അതിന് ആരും വലിയ വില കല്പിച്ചില്ല.

ദളിത് ബന്ധു എൻ.കെ.ജോസ് തുടർന്നെഴുതുന്നു. "ഇംഗ്ലീഷ് കാരെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ അവരുടെ പാരമ്പര്യം അതാണ്. 1757-ലെ പ്ലാസിയുദ്ധത്തിൽ നടത്തിയ വഞ്ചനയിലൂടെ യാണ് അവർ ഇവിടെ അധികാരം ഉറപ്പിച്ചത്. 38 വർഷത്തിനുശേഷം കേശവപിള്ളയെ തിരുവിതാംകൂറിലെ മിർജാഫറാക്കാൻ ശ്രമിക്കുകയാണ് മോറിങ്ങ്ടൺ പ്രഭു ചെയ്തത്.

അത് അംഗീകരിക്കുവാനും സ്വീകരിക്കുവാനും കേശവപിള്ള ഒരുമടിയും കാട്ടിയില്ല. 1795-ലെ ഉടമ്പടി അതിന് തെളിവാണ്. 1792-മാർച്ചിൽ അവസാനത്തെ മൈസൂർ യുദ്ധവും അവസാനിക്കുന്നു. അതോടുകൂടി മലബാർ മുഴുവൻ ഇംഗ്ലീഷുകാർക്ക് അധീനമായി. തിരുവിതാംകൂറിന് അന്ന് ടിപ്പുസുൽത്താൻമാരെ ഭയപ്പെടേണ്ട കാര്യമില്ല. മലബാറിൽനിന്നും ഇംഗ്ലീഷുകാരെ തോൽപ്പിച്ച് ഓടിച്ച് മലബാർ കീഴടക്കിയ ശേഷം മാത്രമേ മേലിൽ ഒരു ടിപ്പുവിനും തിരുവിതാംകൂർ ആക്രമിക്കാൻ സാധിക്കുകയുള്ളൂ. തിരുവിതാം കൂറിന്റെ കിഴക്കേ അതിരായ തിരുനൽവേലി പ്രദേശമെല്ലാം ഇംഗ്ലീഷു കാരുടെ കീഴിലാണ്. പടിഞ്ഞാറ് സമുദ്രത്തിൽനിന്നും വന്ന് ആക്രമി ക്കാൻ അന്ന് അവിടെ ആരും ഉണ്ടായിരുന്നില്ല. ഡച്ചുകാരും പോർട്ടു ഗീസുകാരുമെല്ലാം പററെ പരാജയപ്പെട്ടുകഴിഞ്ഞു. അതിനാൽ മററൊരു ടിപ്പുസുൽത്താൻ മലബാർ ആക്രമിക്കുകയാണെങ്കിൽ തിരുവിതാംകൂർ ഇംഗ്ലീഷുകാരെ സഹായിക്കുകയാണ് വേണ്ടത്.

ആ സ്ഥാനത്താണ് വയസ്സനായ രാജാവിനെക്കൊണ്ട് കേശവദാസൻ 1795-ൽ പ്രതിവർഷം 4 ലക്ഷം രൂപാ ഇംഗ്ലീഷുകാർക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിപ്പിച്ചുകൊണ്ട് ഒപ്പുവയ്പിച്ചത്. അതിന്റെ പ്രതിഫലമായിട്ടാണ് ഒരു പട്ടുടയാടയും പടവാളും വെല്ലസ്ലി കൊടുത്തയച്ചത്. "രാജാ"സ്ഥാനം നേരത്തെ കൊടുത്തിരുന്നു."

ഇവിടുത്തെ ചരിത്രകാരന്മാരും മററും വാഴ്ത്തിപ്പാടുന്ന ആദർശ പുരുഷന്മാരുടെ കപടവേഷം ഇന്നല്ലെങ്കിൽ നാളെ വെളിച്ചത്തു കൊണ്ടുവരികതന്നെ ചെയ്യും. ദളിത്ബന്ധുവിന്റെ മുകളിൽ ചേർത്ത പരാമർശം നിലവിലുള്ള ചരിത്രത്തിന്റെ കടയ്ക്കൽ ആഞ്ഞുവെട്ടു ന്നതാണ്.

☆

malankaralibrary.com

## 16

# മാത്തുത്തരകനെതിരായ നീക്കങ്ങൾ

മുപ്പതു വർഷക്കാലം ധർമ്മരാജാവിനെ വിശ്വസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകനെപ്പറ്റി അക്കാലത്ത് ആരും ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. കാർത്തികതിരുനാൾ മഹാരാജാവിന്റെ സചിവന്മാരായി പ്രവർത്തിച്ചിട്ടുള്ള അയ്യപ്പൻ മാർത്താണ്ഡപിള്ള, സുബ്ബയ്യൻ, ഗോപാലയ്യൻ, മല്ലൻ ചെമ്പകരാമൻപിള്ള, വടിവിശ്വരം സുബ്രഹ്മണ്യയ്യർ, നാഗർകോവിൽ രാമയ്യർ, കൃഷ്ണൻ ചെമ്പകരാമൻപിള്ള രാജാകേശവദാസൻ തുടങ്ങയവർ എല്ലാം മാത്തുത്തരകന്റെ സേവനങ്ങളെ പ്രശംസിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്.

മഹാരാജാവിനും തരകനെ വിശ്വാസമായിരുന്നു. എല്ലാവർക്കും സ്വീകാര്യനും പ്രിയങ്കരുനുമായിരുന്ന തരകൻ ഒററ രാത്രികൊണ്ട് ജനദ്രോഹിയായി തീർന്നുവെന്നാണ് ചില ഹൈന്ദവ സാഹിത്യകാരന്മാർ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ആധുനിക തിരുവിതാംകൂറിന്റെ രക്ഷകൻ എന്ന് പലരാലും പ്രശംസിക്കപ്പെട്ട ദിവാൻ രാജാകേശവപിള്ളയുടെ അന്ത്യം ദുഃഖകരവും അപമാനകരവും ആയിരുന്നു. മാത്തുത്തരകനും അതുതന്നെ സംഭവിച്ചു.

തരകന്റെ തകർച്ചയ്ക്ക് കാരണമായത് രാഷ്ട്രീയ ശത്രുക്കൾ മാത്രമല്ല സമുദായത്തിലെ ചിലരുടെ പ്രവർത്തനവുമാണ്. തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രത്തിൽ (പേജ് 265,267) ഇപ്രകാരം എഴുതിയിരിക്കുന്നു.

"തരകന്റെ അധഃപതനത്തിൽ രാഷ്ട്രീയ ശത്രുക്കളെന്നപോലെ സമുദായത്തിലെ വിപക്ഷരും കിണഞ്ഞു പരിശ്രമിച്ചു. സഭയ്ക്കും സമുദായത്തിനുംവേണ്ടി നിസ്വാർത്ഥസേവനംചെയ്ത തരകൻ ഇരുകൂട്ടരുടെയും തെററിദ്ധാരണയ്ക്കും വിദ്വേഷത്തിനും പാത്രമായിട്ടാണ് കാണുന്നത്. പുത്തൻകൂറും പഴയകൂറും ഒന്നിപ്പിക്കുവാൻ തരകൻ പരിശ്രമിച്ചതുമൂലം അദ്ദേഹം പുത്തൻകൂററുകാരെ ദ്രോഹിക്കുകയായിരുന്നുവെന്ന് തൽപക്ഷവാദികളായ ചില ചരിത്രകാരന്മാർ വാദിക്കുന്നു. സ്വജാതി മെത്രാന്മാരെ കിട്ടുവാനായി മുന്നിട്ടുനിന്നു പ്രവർത്തിച്ചതുമൂലം അങ്ങനെവന്നാൽ സുറിയാനിക്കാരുടെമേലുള്ള അധികാരം നഷ്ടപ്പെടുമെന്ന് അറിയാമായിരുന്ന വരാപ്പുഴയിലെ വൈദിക ഭരണാധികാരികൾ അദ്ദേഹത്തെ ഒരു വിപ്ലവകാരിയായി

malankaralibrary.com

കണക്കാക്കിയിരുന്നു. എങ്ങനെയും തരകനെ നശിപ്പിക്കേണ്ടത് അവരുടെ ഒരു ആവശ്യമായിരുന്നു.

ആകയാൽ മാത്തൂത്തരകന് എതിരായി അന്നത്തെ മിഷ്യനറിമാർ തങ്ങളുടെ സ്വാധീനശക്തി മുഴുവൻ പ്രയോഗിച്ചതായി കാണുന്നു. അങ്കമാലി പടിയോലയുടെ പേരിൽ കൊച്ചി-തിരുവിതാംകൂർ സർക്കാരുകളെക്കൊണ്ട് വരാപ്പുഴ പാതിരിമാർ സുറിയാനി-കർമ്മലീത്താക്കാരുടെ മേല് പിഴചുമത്തിച്ചതും മാത്തുത്തരകന്റെ സ്വാധീന ശക്തിയാൽ പിഴറദ്ദാക്കിച്ച് ഗോവർണ്ണദോർക്കും മററും സ്ഥാനമാനങ്ങൾ വാങ്ങിക്കൊടുപ്പിച്ചതും മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. സ്ഥാനമാനങ്ങൾക്കായി തിരുവിതാംകൂർ സർക്കാരിന് 28000 രൂപായും കൊച്ചി സർക്കാരിന് 14000 രൂപയും അടച്ചത്, അങ്ങനെയല്ലെന്നും മാത്തുത്തരകൻ ബലമായിപള്ളിക്കാരെക്കൊണ്ട് കൊടുപ്പിച്ചതാണെന്നും വരാപ്പുഴ മരിച്ചുപോയ ലൂയീസ് മെത്രാന്റെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വരാപ്പുഴയിലെ റെയ്മോണ്ട് മെത്രാന്റെ പേർക്ക് പ്രോസ്പർ എന്ന പാതിരി അന്ന് റസിഡണ്ടായിരുന്ന കർണ്ണൽ മെക്കാളെയുടെ പേർക്ക് എഴുതി അയച്ചു. അത്രയും തുക തരകന്റെ സ്വത്തിൽനിന്ന് വരാപ്പുഴപ്പള്ളിക്ക് ലഭിക്കണമെന്നായിരുന്നു പാതിരിയുടെ വാദം. സിംഹത്തെ ഉറപ്പേറിയ ഇരുമ്പുകൂട്ടിനകത്താക്കിയാൽ അടുത്തുചെന്ന് കോലിട്ടുകുത്തുവാൻ ആർക്കാണ് ധൈര്യം തോന്നാത്തത്. തന്റെ വാദത്തിന് ശക്തി പോരെങ്കിലോ എന്നു കരുതി റസിഡണ്ടിന്റെയടുക്കൽ അന്യായം ബോധിപ്പിക്കാൻ പള്ളിക്കാരൊക്കെയും വരണമെന്നും പരാതി എഴുതി അയക്കണമെന്നും മെത്രാന്റെ നാമത്തിൽ പ്രസ്തുത പാതിരി സുറിയാനിപ്പള്ളികൾക്ക് എഴുതി അയച്ചു. പക്ഷേ ഈ കള്ളത്തിന് കൂട്ടു നിൽക്കുവാൻ പള്ളിക്കാർ തയ്യാറായില്ല."

തരകന്റെ പേരിലുള്ള ഈ ആരോപണത്തെപ്പററി കർണ്ണൽ മെക്കാളെയ്ക്ക് 983 ഇടവം 25-ാം തീയതി ഒരു കത്തയച്ചു. ആ കത്ത് മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം ഭാഗത്തിൽ (പേജ് 247,248) ഇപ്രകാരം ചേർത്തിരിക്കുന്നു. "തിരുവിതാംകൂർ രാജാവിന് കൊടുക്കുവാനെന്നും പറഞ്ഞ് സുറിയാനി പള്ളികളിൽനിന്ന് ഞാൻ 25000 രൂപ ബലമായി എടുത്തിട്ടുണ്ടെന്നും രാജാവിന്റെ സമ്പ്രതിപ്പിള്ളയ്ക്ക് കൊടുക്കുവാനായി വേറെ 2000 രൂപ കൂടി ഞാൻ എടുത്തിരിക്കുന്നുവെന്നും അതിനുമുമ്പ് കൊച്ചി രാജാവിന് കൊടുക്കുവാനെന്നുള്ള നാട്യേന പള്ളികളിൽനിന്ന് ഇരുപത്തീരായിരം രൂപാ കൂടി ബലമായി അപഹരിച്ചെന്നും ഇതുകൾക്കു പുറമെ സുറിയാനി ജനങ്ങളിൽനിന്ന്

malankaralibrary.com

വേറെയും മുതൽ ഞാൻ സ്വാധീനപ്പെടുത്തിയെന്നും ഇതിലേക്ക് ലക്ഷ്യമൊന്നും ഇതുവരെ കാട്ടിയിട്ടില്ലെങ്കിലും കഴിഞ്ഞുപോയ വരാപ്പുഴ മെത്രാന്റെ ഉദ്യോഗ എഴുത്തുപുസ്തകത്തിൽ സത്യമായ വിധത്തിൽ എഴുതിയിട്ടുള്ളതിൽനിന്ന് ഇപ്പോഴത്തെ (വരാപ്പുഴ റെയ്മണ്ട്) മെത്രാൻ പകർത്തി സാക്ഷ്യപ്പെടുത്തി സായ്പവർകളുടെ സമക്ഷത്തിൽ അയച്ചിട്ടുണ്ടെന്നു കാണുന്നു.

എന്നാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള പള്ളികളിൽനിന്ന് ഒരു രൂപ പോലും ഞാൻ വാങ്ങിയിട്ടില്ലാത്തതാണ്. സമ്പ്രതി പിള്ളയ്ക്ക് കൊടുക്കാനായും പള്ളികളിൽനിന്നും ഞാൻ യാതൊന്നും വാങ്ങിയിട്ടുള്ളതല്ല. അതിനാൽ സായ്പവർകളുടെ കൃപയുണ്ടായി പള്ളിക്കാരെയും എന്നെയും സമക്ഷത്തിൽ വരുത്തി പരമാർത്ഥം അറിഞ്ഞ് രക്ഷിപ്പാറാകണം. ഇതുപോലെ മുമ്പ് എന്നെപ്പററി പല ദൂഷ്യങ്ങൾ സായ്പവർകളുടെ സമക്ഷത്തിൽ ചിലർ ബോധിപ്പിച്ചിട്ടുള്ളതിന്റെ പരമാർത്ഥവും അവിടെത്തന്നെ ബോധിപ്പാൻ സംഗതി വന്നുവല്ലോ. അതുപോലെ ഇതിന്റെയും നേരു പരമാർത്ഥവും സായ്പവർകൾതന്നെ ബോധിപ്പാൻ സംഗതി വരും."

മെക്കാളെ ഇതിന്റെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. വിസ്താരവും നടന്നില്ല. വരാപ്പുഴക്കാർക്ക് രൂപ കിട്ടിയതുമില്ല. എന്നാൽ മെക്കാളെയും മാത്തുത്തരകനെയും തമ്മിൽ ഭിന്നിപ്പിക്കുവാൻ ഇതുമൂലം സാധിച്ചു. തരകനോട് ആദ്യം അനുകമ്പ കാണിച്ചിരുന്ന മെക്കാളെ പിന്നീട് അദ്ദേഹത്തിന്റെ പരമശത്രുവായിത്തീർന്നു. പാതിരിമാരുടെ ഉപജാപ വൃത്തികൾ ആണ് അതിന് കാരണമായി ഭവിച്ചത്. തരകന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തടി കൊടുത്ത വകയിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ നിന്നും തരകന് കിട്ടുവാനുണ്ടായിരുന്ന വമ്പിച്ച തുക അദ്ദേഹത്തിനു കിട്ടുക ഉണ്ടായില്ലെന്നു മാത്രമല്ല തരകന്റെ നിർഭാഗ്യകാലത്ത് കർണ്ണൽ മെക്കാളെയും ചില യൂറോപ്യന്മാരും തരകനെ കൂടുതൽ ഞെരുക്കുകയും വാർദ്ധക്യകാലത്ത് സിവിൽ ജയിലിൽ അടയ്ക്കുകയും ചെയ്തു. സ്വസമുദായത്തിന്റെ ഗുണാഭിവൃദ്ധിക്കായി മാത്തുത്തരകൻ ചെയ്ത പ്രവൃത്തികൾക്ക് അക്കാലത്തെ വൈദികാധികാരികളിൽനിന്നും ലഭിച്ച പ്രതിഫലം ഇത്തരത്തിലുള്ളതായിരുന്നു."

ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസ് തച്ചിൽ മാത്തുത്തരകന്റെ തങ്കക്കൊമ്പൻ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മാത്തുത്തരകൻ 943-ാമാണ്ട് ധർമ്മരാജ സന്നിധിയിൽ തങ്കക്കൊമ്പൻ കാഴ്ചവച്ച് മഹാരാജാവിന്റെ സ്നേഹബഹുമാനങ്ങൾക്ക് പാത്രീഭൂത

malankaralibrary.com

നായതുമുതൽ ആ തിരുമേനിയുടെ നിഷ്കളങ്ക ഭക്തനും വിശ്വസ്ത സേവകനും ആലോചനക്കാരനുമായിത്തന്നെ വർത്തിച്ചുപോന്നു. ആ തിരുമനസ്സുകൊണ്ട് സ്വർഗ്ഗാരോഹണം ചെയ്തതായ 973–ാമാണ്ട് കുംഭമാസം 6–ാം തീയതിക്കുവരെയുള്ള മുപ്പതുകൊല്ലങ്ങൾ മാത്തുത്തരകന്റെ പ്രതാപസൂര്യന്റെ അത്യുച്ചകാലഘട്ടമായിരുന്നു. ഇക്കാലത്ത് മഹാരാജാവ് തിരുമനസ്സുകൊണ്ട് നടത്തിയിട്ടുള്ള എല്ലാ പ്രധാന സംഗതികളും ദിവാൻ രാജാ കേശവദാസന്റെയും മാത്തുത്തരകന്റെയും ആലോചനയോടുകൂടിയാണ്. ടിപ്പുവുമായി നടത്തിയിട്ടുള്ള യുദ്ധത്തിൽ പൊന്നു തമ്പുരാനുവേണ്ടി സൈന്യശേഖരം ചെയ്യുന്നതിനും യുദ്ധച്ചെലവ് ചെയ്യുന്നതിനും മാത്തുത്തരകനും അദ്ദേഹത്തിന്റെ പണവും എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് ഇവിടെ വിശേഷിച്ച് പ്രസ്താവിക്കേണ്ടതായിട്ടില്ല. തച്ചിൽ മാത്തുത്തരകൻ മുതലാളിയുടെ പണപ്പെട്ടിയുടെ താക്കോൽ അദ്ദേഹത്തിന്റെ ചെറുവിരലിൽ മുറുകിക്കിടന്നിരുന്നുവെങ്കിൽ ഇന്ന് ഹിന്ദുരാജ്യമെന്നും ഹിന്ദു ഗവൺമെന്റെന്നും മുരണ്ടുനടക്കുന്ന ചിലരുടെയൊക്കെ തലയിൽ ഏതൊരു ശിരോലങ്കാരം പരിലസക്കുമായിരുന്നു എന്ന് വായനക്കാർതന്നെ ഊഹിച്ചുകൊണ്ടാൽ മതി. മഹാരാജാവ് പണമില്ലാതെ നെഞ്ചുചുട്ടു വിഷമിച്ചിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും കുലശേഖരപ്പെരുമാൾ തിരുമനസ്സിലേക്ക് മാത്തുത്തരകന്റെ രാജഭക്തിയും പണപ്പെട്ടിയുമാണ് ഏകാവലംബവും കാമധേനുവുമായി പരിണമിച്ചിട്ടുള്ളത്.

തിരുവിതാംകൂറിനുവേണ്ടി തന്റെ ജീവനെ ബലിനൽകിയ രാഷ്ട്രീയകർമ്മയോഗിയായിരുന്ന രാജാകേശവദാസൻ തരകന്റെ ആപ്തമിത്രമായിരുന്നു. മഹാരാജാവ് തിരുമനസ്സിലെ പരലോകപ്രാപ്തിയോടുകൂടി കേശവദാസനും തരകനും ഒന്നുപോലെ കഷ്ടദശ ആരംഭിക്കുകയാണ് ചെയ്തത്. എന്നാൽ അണയാൻ പോകുന്ന ദീപത്തിന്റെ പടുതിരി കത്തൽ പോലെ, ഈ ഘട്ടത്തിൽ മാത്തുത്തരകന്റെ ഭാഗ്യദീപത്തിന്റെ തിരിതൈലത്തെ ഒന്നായി വാർത്തെടുക്കുകയും അന്തിമ ദീപ്തി കാട്ടിയണഞ്ഞു തരകൻ അന്ധകാരത്തിൽ പതിക്കുകയുമാണുണ്ടായത്.

ഫാ. ബർണാർഡ് മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം ഭാഗ (പേജ് 243,248)ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. മഹാന്മാരിൽ മനശ്ശക്തി കൊണ്ടും ജനസ്വാധീനംകൊണ്ടും പ്രഥമസ്ഥാനത്തെ വഹിച്ചതു മാത്തുത്തരകനായിരുന്നുവെന്ന് നിസ്സംശയം പറയാം. സ്വരാജ്യത്തിനും സ്വസമുദായത്തിനും ഒരുപോലെ ഗുണം ചെയ്തിട്ടുള്ള ഒരാളാണ് തരകൻ. ഇദ്ദേഹം സാമാന്യം നല്ല ഒരു രാജ്യതന്ത്രജ്ഞനും

malankaralibrary.com

ഒരു സമുദായ നേതാവുമായിരുന്നു. അക്കാലങ്ങളിൽ തരകന്മാർക്ക് രാജ്യഭരണത്തിൽ ചില ജോലികളുണ്ടായിരുന്നു. തങ്ങളുടെ കരയിലെ കരം പിരിക്കുക, കുരുമുളകും മറ്റു സർക്കാർ സാമാനങ്ങളും പാണ്ടികശാലകളിൽ കൊണ്ടുവരുവിക്കുക മുതലായവ തരകൻ വഹിച്ചുവന്നു. മാത്തുത്തരകൻ ചെറുപ്പംമുതലേ ഈവക ജോലികളിൽ യോഗ്യത പ്രദർശിപ്പിച്ചു. പിന്നീട് ഉപ്പ്, തടി മുതലായവയുടെ കത്തകയും ഏറ്റു. കിഴക്കൻ മലകളിലെ തടി വെട്ടിച്ച് പെരിയാർവഴി കൊച്ചിയിൽ കൊണ്ടുപോയി മൊത്തക്കച്ചവടം ചെയ്തുപോന്നു. ജോനകർ ഇക്കാര്യത്തിൽ തരകനോട് മത്സരിച്ചെങ്കിലും ജനസ്വാധീനം, രാജസേവ ഇതുകൾകൊണ്ട് തരകൻ വിജയം പ്രാപിച്ചു. തരകൻ തിരുവിതാംകൂറൊട്ടുക്കു പ്രസിദ്ധനും പൂജിതനുമായിത്തീർന്നു. കുത്തക നാൾക്കുനാൾ വർദ്ധിച്ചു. അതിൽനിന്ന് നിരവധി പണവും വന്നുചേർന്നു. ടിപ്പു സുൽത്താൻ തിരുവിതാംകൂർ ആക്രമിക്കാൻ വന്ന കാലത്ത് തരകൻ തിരുവിതാംകൂറിലേക്ക് പല സഹായങ്ങളും ചെയ്തിട്ടുണ്ട്. യുദ്ധത്തിനായി സൈന്യശേഖരം ചെയ്യുന്നതിനും മറ്റും വളരെ പണം അന്ന് ആവശ്യമായിത്തീർന്നു. അന്ന് തരകനെപ്പോലെ ധനാഢ്യന്മാർ ചുരുക്കമായിരുന്നതിനാൽ സർക്കാരിലേക്ക് പണം കൊടുക്കേണ്ട ചുമതലയും തരകന്റെ മേൽ വന്നുകൂടി. ഈവിധം കൊടുത്ത കൃത്യമായ തുക എത്രയെന്ന് നിശ്ചയമില്ലെങ്കിലും തരകൻ മരിക്കുമ്പോൾ 14 ലക്ഷം രൂപ ചെല്ലുവാനുണ്ടായിരുന്നുവെന്ന് നമുക്ക് രേഖാമൂലമായ തെളിവുണ്ട്. അന്നത്തെ മഹാരാജാവും രാജാകേശവദാസ് ദളവായും തരകന്റെ സഹായത്തെ വളരെ വിലമതിച്ചു. സൈന്യത്തിൽ ആൾ ചേർക്കുന്നതിലും തരകൻ ഉത്സാഹിക്കാതിരുന്നില്ല. ആ യുദ്ധത്തിനായി നസ്രാണി മാപ്പിളമാർ വളരെ എത്തിക്കൂടിയത് തരകന്റെ ജനസ്വാധീനം കൊണ്ടാണെന്നു തോന്നുന്നു. യുദ്ധം വിജയകരമായി തീർന്നശേഷം തരകന് തിരുവിതാംകൂറിൽ മുമ്പത്തെക്കാൾ പ്രാബല്യം സിദ്ധിച്ചു. തരകൻ തിരുവനന്തപുരത്ത് കൊട്ടാരംവക ഒരു കെട്ടിടത്തിൽ പലപ്പോഴും താമസിച്ചുവന്നു. തരകന്റെ ആവശ്യത്തിനായി മഹാരാജാവ് ഒരു പള്ളിയും വയ്പിച്ചുകൊടുത്തു. ഇതാണ് പേട്ടയിൽ ഇരിക്കുന്ന ലത്തീൻപള്ളി.

അടുത്ത മഹാരാജാവായിരുന്ന ബാലരാമവർമ്മ തരകനോട് എത്രയും വാത്സല്യമുള്ള ആളായിരുന്നു. സർക്കാരിന് അന്ന് വളരെ കടമുണ്ടായിരുന്നതിനാൽ അത് വീട്ടുന്നതിന് പല മാർഗ്ഗങ്ങളും ആലോചിച്ചു നടത്തി. ഉപ്പുകരം മുതലായ ചിലമാർഗ്ഗങ്ങൾ ജനങ്ങൾക്ക് തീരെ രുചിച്ചില്ല. തരകൻ ഒരു മാപ്പിളയും രാജാവിന്റെ ഇഷ്ടമന്ത്രിയും ആയിരുന്നതിനാൽ ജനങ്ങൾ അയാളെ നിന്ദിച്ചു. മഹാരാജാവ് പിന്നീടും

malankaralibrary.com

തരകനോട് വാത്സല്യം പ്രദർശിപ്പിച്ചെങ്കിലും അദ്ദേഹം ഉടനെ സ്വദേശത്തേക്കു പോയി താമസിച്ചു. തനിക്കു കിട്ടുവാനുണ്ടായിരുന്ന 14 ലക്ഷം രൂപ തരുവിക്കണമെന്ന് റസിഡണ്ടിനോട് അപേക്ഷിച്ചെങ്കിലും ഒന്നും നടന്നില്ല. ഈവിധം നിരാശയിൽ തരകൻ മരിച്ചു.........

മാത്തുത്തരകൻ തന്റെ രാജ്യത്തിനും സമുദായത്തിനും ഒന്നുപോലെ ഗുണം ചെയ്തിട്ടുള്ള ഒരാളാണെങ്കിലും ഈ രണ്ടുനിലയിലും അദ്ദേഹത്തിന് നിരാശയും കുപ്രസിദ്ധിയുമാണ് ഉണ്ടായിത്തീർന്നിട്ടുള്ളത്. തിരുവിതാംകൂറ് ചരിത്രകാരന്മാരായ ഹിന്ദുമതസ്ഥർ ഒരു നസ്രാണിയായ അദ്ദേഹത്തെ അക്രമിയെന്നും കൊള്ളക്കാരനെന്നും വിളിച്ചുവരുന്നു. പുത്തൻകൂറും പഴയകൂറും ഒന്നാക്കുവാൻ തരകൻ ബദ്ധപരിശ്രമം ചെയ്ക നിമിത്തം അദ്ദേഹം പുത്തൻകൂറുകാരെ ദ്രോഹിച്ചെന്ന് ആ കുട്ടരായ ഇട്ടൂപ്പ് റൈട്ടറും മറ്റും വാദിക്കുന്നു. സുറിയാനി മെത്രാനെ കിട്ടേണ്ട കാര്യത്തിൽ തരകൻ മുമ്പനായി പ്രവർത്തിച്ചതുകൊണ്ട് വൈദികഭരണകർത്താക്കൾ അദ്ദേഹത്തെ ഒരു വിപ്ലവകാരനെന്ന് നാമകരണം ചെയ്യുകയും അദ്ദേഹത്തിന് വിരോധമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

അക്കാലത്ത് തരകന് ഈ വിധം അപമാനം വന്നതിൽ അത്ഭുതപ്പെടുവാനില്ല. തരകനെക്കാൾ വളരെയധികം ഗുണം ഈ നാട്ടിന് ചെയ്തിട്ടുള്ള രാജാ കേശവദാസനോട് ഈ നാട്ടുകാർ ചെയ്തത് ഇതിലും എത്രയോ കഷ്ടമാണ്. രാജസേവയെന്നുള്ളതെത്രയും പരാധീനം തന്നെ. തിരുവിതാംകൂർ രാജകുടുംബം തരകനെ എല്ലാക്കാലത്തും ബഹുമാനപൂർവ്വം സ്മരിക്കുമെന്നുള്ളതിൽ സംശയമില്ല. കാഞ്ഞൂരിന് കിഴക്കുഭാഗത്ത് 40 കാതം നീളത്തിൽ മലഭൂമി കാഞ്ഞൂർ അമ്പലക്കാരിൽനിന്നും കാഞ്ഞൂർ തരകന്മാർക്ക് കിട്ടിയെന്നും, ആ തരകന്മാരോടുള്ള ബന്ധുത മൂലം ആ സ്ഥലം മാത്തുത്തരകന്റെ കുടുംബത്തിലേക്ക് ഒതുങ്ങുകയും അദ്ദേഹം അതിൽ നാലുകാതം തനിക്കായി നീക്കിവെച്ചുകൊണ്ട് ബാക്കി മുഴുവൻ തിരുവിതാംകൂർ സർക്കാരിന് ദാനം ചെയ്തുവെന്നും തിരുവിതാംകൂർ സർക്കാരിന് കാഞ്ഞൂർ സമീപത്തിൽ മലനാടുണ്ടാക്കാൻ ഇങ്ങനെയാണ് സംഗതിയായതെന്നും ഒരു പാരമ്പര്യവർത്തമാനമുള്ളതും ഇവിടെ പ്രസ്താവ്യമാണ്."

മുകളിൽ പറഞ്ഞ 40 കാതം നീളത്തിലുള്ള മലഭൂമിയെ സംബന്ധിച്ച് ഒരു കഥയുണ്ട്. ഈ മലഭൂമിയിൽ തിരുവിതാംകുർ സർക്കാരിന്റെയാളുകൾ കയ്യേറി പുരവെച്ചു താമസിച്ചു. അവസാനം കൊച്ചി

malankaralibrary.com

രാജാവായ ശക്തൻ തമ്പുരാന്റെ അനുവാദംപോലും ചോദിക്കാതെ അദ്ദേഹത്തിന്റെ സമ്മതം പോലും കൂടാതെ തിരുവിതാംകൂറിന് സമർപ്പിക്കുകയാണ് ചെയ്തത്. തിരുവിതാംകൂർകാർ ഇവിടെ പ്രവേശിച്ച് സ്ഥലം കൈവശപ്പെടുത്തിയപ്പോൾ ശക്തൻ തമ്പുരാൻ കമ്പനിക്കാരുടെയടുക്കൽ നൽകിയ പരാതി പുത്തേഴത്തു രാമൻമേനോൻ രചിച്ച ശക്തൻതമ്പുരാൻ ഗ്രന്ഥത്തിൽ (പേജ് 362) ഇപ്രകാരം ചേർത്തിരിക്കുന്നു. 'വെള്ളാരപ്പള്ളി പ്രവൃത്തിയിൽ ചേർന്ന നമ്മുടെ മലയൂറ്റൂരു മലയിൽ നമ്മുടെ അതിർത്തിക്കകത്ത് തിരുവാങ്കോട്ട് രാജാവിന്റെ ആളുകൾ വന്ന് ഒരു പുരകെട്ടിച്ചു തുടങ്ങവെ, നമ്മുടെയാളുകൾ അറിഞ്ഞ് വിരോധിച്ചതിന്റെശേഷം ഇതു സമ്മതിയാതെ പുര കെട്ടിച്ച് കാവലിന്ന് ആളുകളെയും ആക്കി നമ്മുടെ ആളുകളെ അവർ അടിക്കുകയും ചെയ്തു. ആ മലയിൽ പൂർവ്വാപൂർവ്വമായിട്ട് നാം ആളാക്കി വിചാരിച്ച് ആനപിടിക്കയും മരം വെട്ടി ഇറക്കിക്കയും മറ്റുള്ള മുതൽ എടുപ്പിക്കയും അത്രെ ചെയ്തു വരുന്നത്. ഇപ്പോൾ നമ്മളോട് ഇങ്ങനെയൊക്കെയും അക്രമങ്ങളായിട്ട് ചെയ്തിരിക്കുന്നു. നാം ഞായമല്ലാതെ ഒന്നിനും പോയിട്ടുമില്ല.'

ശക്തൻ തമ്പുരാൻ പല പ്രാവശ്യം കമ്പനിക്കാരുടെ പക്കൽ പ്രതിഷേധമറിയിച്ചിട്ടും കമ്പനിക്കാർ തിരുവിതാംകൂറിന് അനുകൂലമായ നിലപാടെടുക്കുകയാണ് ചെയ്തത്.

തരകന്റെ സേവനങ്ങളെപ്പറ്റി മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം എന്ന ഗ്രന്ഥത്തിൽ (പേജ് 178) ഇങ്ങനെ കാണുന്നു. 'കുത്തിയതോടുപള്ളി ഇടവകക്കാരൻ തച്ചിൽ മാത്തുത്തരകൻ തിരുവനന്തപുരത്ത് തന്റെ ക്രിസ്ത്യാനികൾക്കുവേണ്ടി പേട്ടയിൽ തന്റെ പേരിൽ കരം ഒഴിവായി വസ്തുവാങ്ങി പണിയിക്കുകയും അതിനു വേണ്ട വസ്തുക്കൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ടി തച്ചിൽ മാത്തുത്തരകൻ തന്നെ 12 സുറിയാനിപ്പട്ടക്കാരുടെ ഉപയോഗത്തിന് വരാപ്പുഴെ വസ്തുക്കൾ കൊടുക്കുകയും പഠനത്തിനുള്ള ഭവനം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ടി തച്ചിൽ മാത്തുത്തരകൻ ഗവൺമെന്റിലേക്ക് 14 ലക്ഷം രൂപ ഉറുപ്പിക കടമായിക്കൊടുക്കുകയും പിന്നീട് ഇംഗ്ലീഷ് ഗവൺമെന്റ് ആ തുകയുടെ ആദായം ക്രിസ്ത്യൻ സമൂഹത്തിന് വീതിച്ചു കൊടുക്കുന്നതിന് തീർച്ചപ്പെടുത്തുകയും ....... ചെയ്തു.' (ഇതിൽപ്പറയുന്ന വീതിച്ചുകൊടുത്തു എന്നു പറയുന്നത് ശരിയല്ല. വട്ടിപ്പണം ആണ് ഇതിനെ സൂചിപ്പിക്കുന്നത്.)

തിരുവിതാംകൂർ ചരിത്രമെഴുതിയത് മുഴുവൻ ഹൈന്ദവരാണ്.

malankaralibrary.com

ആ ചരിത്രകാരന്മാർക്കാർക്കും തച്ചിൽ മാത്തുത്തരകനെപ്പറ്റി ഒരു നല്ല വാക്കു പറയുവാൻ സാധിച്ചിട്ടില്ല. അതേസമയം നല്ല വാക്ക് എഴുതിയ ഒരു ഹൈന്ദവ സാഹിത്യകാരൻ ഉണ്ട്. അദ്ദേഹത്തിന് പേര് എൻ.കെ. കൃഷ്ണപിള്ള. അദ്ദേഹം രചിച്ച ബാലരാമവർമ്മ എന്ന ചരിത്രനോവലിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 145ലും 329) 'തരകൻ ഒരു ഉദ്യോഗസ്ഥനല്ല. ഉദ്യോഗാർത്ഥിയുമല്ല. അദ്ദേഹം ദിവാൻ രാജാ കേശവദാസന്റെ ഉറ്റമിത്രവും കഴിഞ്ഞകൊല്ലം നാടുനീങ്ങിയ രാമവർമ്മ മഹാരാജാവിന്റെ ഒരു വത്സലഭക്തനും തിരുവിതാംകൂറിലെ ഏറ്റവും വമ്പിച്ച ഒരു കുത്തകക്കാരനുമായിരുന്നു. അനേകലക്ഷം രൂപയുടെ തടിവ്യാപാരം, തടി, പുകയില, ഉപ്പ്, പാക്ക് മുതലായ ഇനം കുത്തകകളിലായി വടക്കൻ തിരുവിതാംകൂറിൽ നടത്തുകയും അപ്രകാരം അനേകായിരം സിൽബന്ധികളെ പോറ്റുകയും ചെയ്തുകൊണ്ടിരുന്ന അദ്ദേഹം തിരുവിതാംകൂറിലെ അക്കാലത്തെ പണക്കാരിൽ പ്രമുഖനായിരുന്നു. അപ്രകാരം സ്വന്തം നിലയിൽതന്നെ വളരെ പണം അദ്ദേഹം യുദ്ധച്ചിലവിലേക്കായി സർക്കാരിന് സംഭാവനയായും കടമായും കൊടുത്തിട്ടുണ്ട്. അതുകൂടാതെ പൂഞ്ഞാർ, പന്തളം, വഞ്ചിപ്പുഴ മുതലായ ഇടവകകൾക്കുവേണ്ടി അവരുടെ തടികുത്തക പിടിച്ചും വളരെ പണം സർക്കാരിലേക്ക് കൊടുത്തിട്ടുണ്ട്."

"അദ്ദേഹം ഒരു വലിയ കുത്തകക്കാരനും പണക്കാരനും സമുദായ പ്രമാണിയുമായിരുന്നു. ഉപ്പുകുത്തക സംബന്ധിച്ച് കൂട്ടുകുത്തകക്കാരനായ ശങ്കരനാരായണപിള്ളയുമായുള്ള പരിചയക്കൂടുതൽമൂലം ആ അധികാര പ്രലോഭിയുടെ ആവശ്യപ്രകാരം ഈ കൂട്ടുകെട്ടിൽ ഉൾപ്പെടാനിടയായതായിരുന്നു. തരകൻ ഉദ്യോഗാർത്ഥിയല്ല. ഒരു സ്വാധീനവും പ്രതാപവുമില്ലാതെ – അധികാരം മോഹിച്ചിട്ടില്ല. കുത്തക മുഖാന്തിരമുള്ള ആദായമല്ലാതെ പണപ്പിരിവിൽനിന്ന് ആദായവും ആഗ്രഹിച്ചിരുന്നില്ല. രാജ്യത്തിന്റെ കടം വീട്ടാനായി കുറെ നിർബന്ധമായ പണപ്പിരിവ് നടത്തി എന്നേ ഉള്ളൂ. അതിനിത്ര വലിയ പ്രത്യാഘാതമുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. തനിക്കൊരു പ്രയോജനവുമില്ലാത്ത വയ്യാവേലിയിലാണ് തരകൻ അകപ്പെട്ടിരിക്കുന്നത്......."

ബാലരാമവർമ്മ എന്ന ചരിത്രനോവലിന് അവതാരികയെഴുതിയത് പണ്ഡിതനായ ഡോ. പി.ജെ. തോമസ് അവർകളാണ്. അവതാരികയിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. 'മഹാനായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ മന്ത്രിയായിരുന്ന പ്രശസ്ത രാജ്യ

malankaralibrary.com

തന്ത്രജ്ഞനായിരുന്നു രാജാ കേശവദാസൻ. ഈ മന്ത്രിസത്തമന്റെ മഹനീയമായ നേതൃത്വത്തിൽ അനേകം കാര്യക്കാരന്മാരും മേലെഴുത്തുപിള്ളമാരും രാജ്യത്തിന്റെ ശ്രേയസ്സിനായി ഉറ്റുപരിശ്രമിച്ചുകൊണ്ടിരുന്നു. പൗരപ്രമുഖന്മാരിൽ പലർതന്നെയും ഇക്കാലത്തിങ്ങനെ പരിശ്രമിച്ചിട്ടുണ്ട്. കുരുമുളക് വ്യാപാരത്തിലേർപ്പെട്ടും നാട്ടിൽനിന്ന് ആദ്യമായി തേക്കുതടി യൂറോപ്പിലേക്ക് കയറ്റി അയച്ചും വളരെ പണം വിദേശങ്ങളിൽനിന്നും ഈ നാടിന് ലഭിക്കാനിടവരുത്തുകയും ഉപ്പു കുത്തക മുതലായവ നടത്തി ഖജനാവിൽ മുതൽ വർദ്ധിപ്പിക്കുകയും വിപുലമായ തന്റെ വ്യാപാരത്തിൽനിന്ന് തനിക്ക് ലഭിച്ച ധനത്തിന്റെ ഒരു വലിയ ഭാഗം യുദ്ധകാലത്ത് സർക്കാരിന് കടം കൊടുക്കുകയും ചെയ്ത തച്ചിൽ മാത്തുത്തരകനായിരുന്നു ഇവരിൽ പ്രമുഖൻ. ..... യുദ്ധക്കടം വീട്ടേണ്ടതിന്റെ ആവശ്യം ആലോചിച്ചും തനിക്കു കിട്ടാനുള്ള ഭീമമായ സംഖ്യ തിരിച്ചെടുക്കാൻ ഇതേ മാർഗ്ഗമുള്ളു എന്നു കരുതിയുമായിരിക്കും വടക്കൻ ദിക്കുകളിലെ പണപ്പിരിവിൽ മാത്തുത്തരകൻ പങ്കെടുത്തത്."

☆

malankaralibrary.com

# 17

# ബാലരാമവർമ്മ മഹാരാജാവ്

ഭരണനിപുണനായിരുന്ന കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവ് 1798 ഫെബ്രുവരി 17-ന് നിര്യാതനായി. അദ്ദേഹത്തിന്റെ അനന്തരവന് അന്ന് 16 വയസ്സ് മാത്രമേയുണ്ടായിരുന്നുള്ളൂ. ബാലരാമവർമ്മ അടുത്ത ദിവസംതന്നെ തിരുവിതാംകൂർ മഹാരാജാവായി സ്ഥാനാരോഹണം നടത്തി. ആ മഹാരാജാവ് ദുർബലനും ചപലഹൃദയനുമായിരുന്നെന്നാണ് തിരുവിതാംകൂർ ചരിത്രകാരന്മാർ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്. പക്ഷെ അദ്ദേഹത്തിന്റെ ഭരണകാലത്ത് സ്വാർത്ഥതയോടെ പ്രവർത്തിക്കുകയും രാജ്യത്തെ അപകടകരമായ സ്ഥിതിയിലേക്ക് നയിക്കുകയും ഈസ്റ്റ് ഇൻഡ്യാകമ്പനിയുടെ മുമ്പിൽ തിരുവിതാംകൂറിനെ അടിയറ വെയ്ക്കുകയും തിരുവിതാംകൂർ പട്ടാളത്തിനെതിരെ ബ്രിട്ടീഷ് പട്ടാളത്തെക്കൂട്ടി പടപൊരുതുകയും ചെയ്ത വേലുത്തമ്പിയെ രാജ്യസ്നേഹിയും സ്വാതന്ത്ര്യസമരസേനാനിയുമായി ചിത്രീകരിക്കുന്നതിലും ഇവിടുത്തെ ഹൈന്ദവസാഹിത്യകാരന്മാർ ഏകാഭിപ്രായക്കാരാണ്. ഇവിടുത്തെ ചരിത്രസാഹിത്യകാരന്മാർ ബാലരാമവർമ്മമഹാരാജാവ് ദുർബലനാണെന്നും വേലുത്തമ്പി രാജ്യസ്നേഹിയും സ്വാതന്ത്ര്യസമരഭടനുമായിരുന്നെന്നുള്ള കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്!

ബാലരാമവർമ്മ മഹാരാജാവിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ശ്രവിക്കുക. 'മൂത്ത രാജാവിന്റെ അനന്തിരവനായ ഒരു ചെറുപ്പക്കാരനാണ് അദ്ദേഹത്തെ പിന്തുടർന്നത്. ഇദ്ദേഹം ക്ഷീണഹൃദയനും ബാലചാപല്യം പോലുള്ള സ്വഭാവമുള്ള ആളുമായിരുന്നു. ഗവൺമെന്റിന്റെ ചുമതല വഹിക്കാൻ തീരെ അപ്രാപ്തനുമായിരുന്നു. അദ്ദേഹത്തിന്റെ അമ്മാവന്റെ വിശ്വസ്തനും വൃദ്ധനുമായിരുന്ന ദിവാനെ മാറ്റി പകരം അധമനും നീചപ്രകൃതനുമായിരുന്ന ആളെ നിയമിക്കുകയുണ്ടായി. ഇയാൾ മഹാരാജാവിന്റെമേൽ ഏറ്റം സ്വാധീനമുള്ള ആളായിത്തീരുകയും എല്ലാ കാര്യങ്ങളും നേരിട്ടു നടത്തുവാൻ തുടങ്ങുകയും ചെയ്തു.' (1809 സെപ്റ്റംബർ 29-ന് മദ്രാസ് ഗവർണ്ണർ ഈസ്റ്റിൻഡ്യാ കമ്പനി ഡയറക്ടർമാർക്കയച്ച കത്ത് ശങ്കുണ്ണിമേനോന്റെ തിരുവിതാംകൂർ ചരിത്രത്തിൽ പേജ് 277-ൽ ചേർത്തിരിക്കുന്നത്)

'ബുദ്ധിപരമായ കഴിവുകളെയും മാനസികമായ നേട്ടങ്ങളെയും

malankaralibrary.com

സംബന്ധിച്ചിടത്തോളം അദ്ദേഹം ഈ രാജകുടുംബത്തിലെ പല പ്രശസ്താംഗങ്ങൾക്കും ഒരു വ്യതിയാനമായി കാണപ്പെടുന്നു.' (പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, തർജ്ജമ, പേജ് 288)

'മഹാരാജാവ് ദുർബലനും ചപല ഹൃദയത്തോടു കൂടിയ ആളുമായിരുന്നു. സേവകരുടെ ഇഷ്ടനും പൊതുകാര്യങ്ങളെപ്പറ്റി അശ്രദ്ധനും ആയ ഈ യുവരാജാവ് വളരെ വേഗം ഒരു കൂട്ടം ഏഷണിക്കാരുടെ കരങ്ങളിൽപ്പെട്ടു.' (റ്റി.കെ. വേലുപ്പിള്ള, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ, പേജ് 446).

ആറു ദശവർഷക്കാലത്തെ പ്രശസ്തമായ കാലഘട്ടം അവസാനിച്ചത് ദുർബലരാജകുമാരനായ അവിട്ടംതിരുനാൾ ബാലരാമവർമ്മ തിരുമനസ്സിലെ ആപൽക്കരഭരണത്തിന്റെ ആരംഭത്തോടുകൂടിയായിരുന്നു. അദ്ദേഹത്തിന്റെ പ്രായമോ വളരെ ചെറുപ്പം. പതിനാറു വയസ്സ്. സ്വഭാവമോ സാധു പ്രകൃതം. വിദ്യാഭ്യാസമോ സാഹിത്യപരം മാത്രം. അതും വളരെ തുച്ഛം. പതിമൂന്ന് വത്സരക്കാലം നീണ്ടുനിന്ന അവിടുത്തെ ഭരണം.... അനാശാസ്യങ്ങളും അപമാനജനകങ്ങളും അപരിഹരണീയങ്ങളുമായ അനവധി കഷ്ടനഷ്ടങ്ങൾകൊണ്ട് സമ്പൂർണ്ണമായിത്തീർന്നിട്ടുണ്ട്. ഒരു നല്ല നരപാലനുണ്ടായിരിക്കേണ്ട ഭരണമീമാംസാ പരിജ്ഞാനമോ ഒരു സുധീര രാജവംശത്തിന്റെ വീരശൗര്യപൗരുഷങ്ങളോ ഒരു സിംഹാസനാധിപന് അവശ്യം ആവശ്യമായ ലോകാവലോക വീക്ഷണതയോ തിരുമേനിയിൽ തുലോം വിരളമായിട്ടേ ഉണ്ടായിരുന്നുള്ളൂ. (വെൺകുളം പരമേശ്വരൻപിള്ള – വേലുത്തമ്പി ദളവാ പേജ് 8)

'യുവാവും ദുർബലനും അപ്രാപ്തനുമായ അദ്ദേഹം ദുർമോഹികളായ ഒരു ഉപജാപസംഘത്തിന്റെ പിടിയിൽപെട്ട് രാജ്യകാര്യങ്ങൾ തകിടം മറിച്ചു. ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായണൻചെട്ടി, മാത്തുത്തരകൻ എന്നീ ദുർമതികളും സ്വാർത്ഥികളുമായ ത്രിമൂർത്തികളായിരുന്നു ബാലരാമവർമ്മ മഹാരാജാവിന്റെ സചിവന്മാർ. ' (കീഴേടത്ത് വാസുദേവൻ നായർ, കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിച്ച കേരള ചരിത്രം ഒന്നാം ഭാഗം പേജ് 699.)

ദളിത് ബന്ധു എൻ.കെ. ജോസ് രചിച്ച രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന ഗ്രന്ഥത്തിൽ (പേജ് 59, 60) ഇപ്രകാരം എഴുതിയിരിക്കുന്നു. '1798 ഫെബ്രുവരി 14–ാം തീയതി രാമവർമ്മ മഹാരാജാവ് അന്തരിച്ചു. നാലുദിവസം കഴിഞ്ഞ് ഫെബ്രുവരി 18–ന് ബാലരാമവർമ്മ ഔദ്യോഗികമായി രാജസ്ഥാനം ഏറ്റെടുത്തു. പക്ഷെ 1799

malankaralibrary.com

ഫെബ്രുവരി 14–വരെ അമ്മാവന്റെ മരണത്തിൽ ദുഃഖം ആചരിച്ചു കൊണ്ട് ബാലരാമവർമ്മ ദീക്ഷ ആചരിക്കുകയാണ് ചെയ്തത്. ആ ഒരു വർഷം രാജഭരണം പൂർണ്ണമായി രാജാ കേശവദാസന്റെയും കുടുംബത്തിന്റെയും നിയന്ത്രണത്തിലായി. അക്കാലത്ത് ഖജനാവ് കാലിയാക്കാൻ വേണ്ടതെല്ലാം കേശവദാസൻ ചെയ്തു വച്ചു. നികുതികൾ പലതും പിരിക്കാതെ ഉപേക്ഷിച്ചു. കാർത്തികതിരുനാളിന്റെ കാലത്ത് കേശവദാസൻ തന്നെ നടപ്പാക്കിയ നികുതികൾ മുഴുവനും പിരിച്ചെടുക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ വിദേശ്കടം വീട്ടാൻ കഴിയുമായിരുന്നു. എന്ന് കെ. ശിവശങ്കരൻ നായർ എഴുതിയ 'മാർത്താണ്ഡവർമ്മ മുതൽ മൺട്രോ വരെ ' എന്ന ഗ്രന്ഥത്തിൽ 196–ാം പേജിൽ പറയുന്നു. പല വൻതുകയുടെയും നികുതി കുടിശ്ശിഖകൾ ഇളവു ചെയ്തു കൊടുത്തു. അതോടൊപ്പം രാജ്യത്തിന്റെ ചിലവുകൾ വർദ്ധിപ്പിക്കാവുന്നിടത്തോളം വർദ്ധിപ്പിച്ചു. അതോടൊപ്പം രാജാവിന്റെ ആണ്ടു ശ്രാദ്ധം അത്താഴമൂട്ട്, വൻമുറി, തിരുമാസം തുടങ്ങിയവയെല്ലാം ആർഭാടപൂർവ്വം കൊണ്ടാടി. ബ്രിട്ടീഷ് സർക്കാരിന് കൊടുക്കുവാനുണ്ടായിരുന്ന കപ്പത്തുക നികുതി കുടിശ്ശിഖയാക്കി. ഇതെല്ലാം ചെയ്തിട്ടും രാമവർമ്മരാജാവിന്റെ കാലത്ത് യുദ്ധാവശ്യത്തിനുവേണ്ടി കേശവദാസൻ മുൻനിന്ന് മാത്തുത്തരകനോട് വങ്ങിയ രൂപാ തിരികെ കൊടുക്കുവാൻ കേശവദാസൻ ശ്രമിച്ചില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കണം. കേശവദാസൻ സർവ്വ സ്വാതന്ത്ര്യത്തോടെ ഭരണം നടത്തിയ അക്കാലത്ത് മാത്തുത്തരകൻ പണം തിരികെ ആവശ്യപ്പെട്ടു എന്നു കരുതാൻ ന്യായമുണ്ട്. പക്ഷെ ഒട്ടും കൊടുത്തതായി പറയുന്നില്ല. മാത്തുത്തരകൻ സർക്കാരിന് കടം കൊടുത്തു തുക മുഴുവൻ തുകയും അദ്ദേഹത്തിന്റേതായിരുന്നില്ല. അതിലൊരു നല്ല ഭാഗം സർക്കാരിന്റെ അത്യാവശ്യം പ്രമാണിച്ച് സഹ വ്യാപാരികളിൽനിന്നും അദ്ദേഹം മുൻനിന്ന് കടം വാങ്ങിക്കൊടുത്തതും കൂടിയാണ്. ടിപ്പുസുൽത്താന്റെ നിര്യാണത്തോടുകൂടി യുദ്ധം അവസാനിച്ചു വർഷങ്ങൾ കഴിഞ്ഞപ്പോൾ അവർ പണം തിരികെ കിട്ടുവാൻ മാത്തുത്തരകനിൽ സമ്മർദ്ദം ചെലുത്തുക സ്വാഭാവികമാണ്. രാമവർമ്മ മഹാരാജാവ് മരിക്കുക കൂടി ചെയ്തപ്പോൾ പ്രത്യേകിച്ചും അനന്തരാവകാശി ഒരു പയ്യനാണ് എന്നതുകൂടി ആയപ്പോൾ അവരുടെ നിർബന്ധത്തിന് ശക്തി കൂടിയിരിക്കാം. അതനുസരിച്ച് മാത്തുത്തരകൻ കേശവദാസനിലും സമ്മർദ്ദം ചെലുത്തിയിരിക്കണം. എന്നാൽ കേശവദാസൻ ആ സമ്മർദ്ദത്തിന് വിധേയനാകാതെ വന്നപ്പോൾ അവർ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തെ അത് ഉലച്ചിരിക്കാം. കേശവദാസനും ബാലരാമവർമ്മ മഹാരാജാവും തമ്മിലുണ്ടായിരുന്ന

malankaralibrary.com

ബന്ധം വഷളായപ്പോൾ തന്റെ സുഹൃത്തായിരുന്ന കേശവദാസനു വേണ്ടി തരകൻ ഒന്നും ചെയ്യാതിരുന്നതിന്റെ കാരണവും ഒരു പക്ഷെ അതായിരുന്നിരിക്കാം. കേശവദാസൻ തന്നെ വഞ്ചിച്ചതായി മാത്തുത്തരകന് തോന്നിയിരിക്കണം. ഏതായാലും കേശവദാസനും തരകനും ഒരു കാലത്ത് സുഹൃത്തുക്കളായിരുന്നു. എന്നാൽ കേശവദാസന്റെ അന്ത്യകാലത്ത് ആ സുഹൃദ്ബന്ധം അവർ തമ്മിൽ ഉണ്ടായിരുന്നില്ല എന്ന് അനുമാനിക്കാം. '

ഇംഗ്ലീഷുകാരും കേശവദാസനും തമ്മിലുള്ള ദൃഢമൈത്രി രാജ്യത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവെച്ചു. രാമവർമ്മമഹാരാജാവിന്റെ പിൻഗാമി ബലാരാമവർമ്മക്ക് കേശവദാസന്റെ നടപടികളോട് അത്ര താല്പര്യം ഉണ്ടായില്ലെന്നു വേണം കണക്കാക്കേണ്ടത്. 1799–ൽ രാജാവ് കേശവദാസനെ മന്ത്രി സ്ഥാനത്തുനിന്നും നീക്കം ചെയ്തു. തടങ്കലിൽ അടയക്കുകയും ചെയ്തു. അവിടെ വെച്ച് അദ്ദേഹം വിഷബാധയേറ്റ് മരിക്കുകയും ചെയ്തു.

കേശവദാസനെ പിന്തുടർന്ന് ദിവാനായിട്ട് ഒരാളെ നിയമിക്കുമ്പോൾ ബ്രിട്ടീഷ് റസിഡണ്ടിനോടുകൂടി ആലോചിക്കണം എന്ന് ഇന്ത്യയിലെ അന്നത്തെ ഗവർണ്ണർ ജനറൽ വെല്ലസ്ലി പ്രഭു രാജാവിനോട് ഒരു കത്തു മൂലം ആവശ്യപ്പെട്ടു. ആ കത്ത് ചവറ്റുകൊട്ടയിലേക്ക് രാജാവ് എറിയുകയാണ് ചെയ്തത്.

വെറും 17 വയസ്സു മാത്രമുള്ള ചരിത്രകാരന്മാർ ചപലനെന്നും ദുർബലനെന്നും വിശേഷിപ്പിച്ച മഹാരാജാവ് ആണ് വെല്ലസ്ലി പ്രഭുവിന്റെ കത്ത് വലിച്ചെറിഞ്ഞത്. തുടർന്ന് അദ്ദേഹത്തിന് ഇഷ്ടപ്പെട്ട ഒരാളെ സർവ്വാധികാര്യക്കാരായി നിയമിക്കുകയും ദിവാന്റെ എല്ലാ അധികാരങ്ങളും കൈകാര്യം ചെയ്യുവാൻ അനുവദിക്കുകയും ചെയ്തു. ക്ഷീണിതനെന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ച അദ്ദേഹം തന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ ചെയ്ത ധീരമായ പ്രവർത്തിയാണിത്. ബാലരാമവർമ്മയ്ക്ക് ചെറുപ്പം തുടങ്ങി വിശ്വസ്തനായിരുന്നു മാത്തുത്തരകൻ. മഹാരാജാവിന്റെ ഈ വിധമുള്ള ധീരപ്രവർത്തിക്ക് പിൻപിൽനിന്ന് ധൈര്യം പകർന്നതും ഉപദേശിച്ചതും മാത്തുത്തരകനല്ലാതെ മറ്റാരുമല്ല. സർവ്വാധികാര്യക്കാരനായി മഹാരാജാവ് നിയമിച്ചത് കോഴിക്കോട്ടുകാരനും ഒരു ദശകക്കാലമായി കൊട്ടാരം ഉദ്യോഗസ്ഥനുമായിരുന്ന ഉദയഗിരി ജയന്തൻ ശങ്കരൻ നമ്പൂതിരിയെയായിരുന്നു. ഈ നമ്പൂതിരിയെ എല്ലാ ചരിത്രകാരന്മാരും ഒരേ രീതിയിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഏഷണി, ദുരാഗ്രഹം, ദുഷ്ടത എന്നീ ദുർഗുണങ്ങൾക്ക് ആകാരമായിരുന്നു ജയന്തൻ ശങ്ക

malankaralibrary.com

രൻ നമ്പൂതിരിയെന്ന് വെങ്കുളം രേഖപ്പെടുത്തിയിരിക്കുന്നു. 'ഉന്നത സ്ഥാന ദുർമ്മോഹിയും നിരക്ഷരകുക്ഷിയുമാണെന്ന് ' എസ്സ്.സുബ്രഹ്മണ്യ അയ്യരും ഇയാൾക്ക് മഹാരാജാവിനെ കബളിപ്പിച്ച് ദ്രവ്യം സമ്പാദിക്കണമെന്ന് മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളൂ എന്ന് കെ. പങ്കജാക്ഷൻ നായരും നമ്പൂതിരി മൂഢനും വിവേകശൂന്യനും ദുർവ്യത്തനും അഹങ്കാരിയും പ്രതാപേച്ഛനും ആയിരുന്നുവെന്ന് എം.ആർ ഗോവിന്ദപ്പിള്ളയും രാജ്യകാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ യാതൊരു പരിചയവുമില്ലാതിരുന്ന നമ്പൂതിരിയെന്ന് ആർ. കുളത്തു വയ്യരും പ്രസ്താവിച്ചിട്ടുണ്ട്.

പി. ശങ്കുണ്ണിമേനോൻ പറയുന്നു, 'മഹാരാജാവ് പൂർണ്ണമായി ഒരു കൂട്ടം സേവകന്മാരുടെ പിടിയിലായി. അവരിൽ പ്രധാനി കോഴിക്കോട്ടു രാജ്യക്കാരനായ ഉദയഗിരി ജയന്തൻ ശങ്കരൻ നമ്പൂതിരിയായിരുന്നു. അക്കാലത്തെ ഭരണകൂടത്തിന്റെ നിയന്താവ് അദ്ദേഹമായിരുന്നു. യാതൊരു വിദ്യാഭ്യാസവും ഇല്ലാതിരുന്ന ശങ്കരൻ നമ്പൂതിരി യാതൊരു സൽഗുണങ്ങളും ഇല്ലാത്തവനായിരുന്നു. അയാൾ അധികാരേച്ഛുവും ദ്രവ്യാഗ്രഹിയുമായിരുന്നു. ദ്രവ്യാഗ്രഹിയായ ഈ നമ്പൂതിരി ദിവാൻ സ്ഥാനത്തെ കാംക്ഷിച്ചു. ആകയാൽ അയാളുടെ ആദ്യത്തെ നടപടി പ്രാപ്തനായ പഴയ ദിവാൻ രാജാ കേശവദാസനെതിരായി യുവാവായ രാജാവിന്റെ മനസ്സു തിരിക്കുകയായിരുന്നു.'

തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിൽ ശ്രീ. എം.ഒ. ജോസഫ് ഇപ്രകാരം എഴുതിയിരിക്കുന്നു. "ജയന്തൻ ശങ്കരൻ നമ്പൂതിരി തിരുവിതാംകൂറിൽ കാട്ടിക്കൂട്ടിയ കോലാഹലങ്ങളെയും അതുനിമിത്തമുണ്ടായ പ്രത്യാഘാതങ്ങളേയും പറ്റി പ്രതിപാദിക്കുന്നതിനുമുമ്പ് അക്കാലത്തെ രാജ്യഭരണനാടകത്തിന്റെ സൂത്രധാരന്മാരായിരുന്ന മറ്റു ചിലരെക്കൂടി നമുക്ക് പരിചയപ്പെടേണ്ടതുണ്ട്. ഇവരിൽ പ്രമുഖൻ സമ്പ്രതി കുഞ്ചുനീലൻപിള്ള എന്ന പേരിൽ അറിയപ്പെടുന്ന നരാധമനാണ്. ദുഷ്ടതയിലും വഞ്ചനയിലും ഈ മനുഷ്യനെ ജയിക്കുന്ന മറ്റൊരു വ്യക്തി ലോക ചരിത്രത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. രാജാ കേശവദാസ് ദിവാൻജിയുടെ കൃപകൊണ്ട് രായസമായി ജോലിയിൽ പ്രവേശിച്ച കുഞ്ചുനീലൻ പിള്ള ക്രമേണ കൊട്ടാരം സമ്പ്രതിയായി ഉയർന്നു. ബാലരാമവർമ്മ മഹാരാജാവിന്റെ സിംഹാസനാരോഹണത്തോടുകൂടി ജയന്തൻ ശങ്കരൻ നമ്പൂതിരിക്കാണ് സ്വാധീനം കൂടുതൽ എന്നു മനസ്സിലായപ്പോൾ കേശവദാസനെ വിട്ട് നമ്പൂതിരിയുടെ സേവ പിടിച്ചു. കേശവദാസ് ദിവാൻജിയുടെ സംശയാസ്പദമായ മരണത്തിന് കർണ്ണൽ മെക്കാളെ ഇയാളെ അറസ്റ്റു ചെയ്തുവെങ്കിലും അന്നത്തെ

malankaralibrary.com

ചുറ്റുപാടിൽ മതിയായ തെളിവ് കിട്ടായ്കയാൽ ഒടുവിൽ വിട്ടയച്ചു.

നമ്പൂതിരിയുടെ സ്വാധീനം കുറയുകയും വേലുത്തമ്പിയുടെ ശക്തി വർദ്ധിച്ചു വരികയും ചെയ്യുന്നുവെന്ന് കണ്ടപ്പോൾ കുഞ്ചു നീലൻപിള്ള നമ്പൂതിരിയെ ഉപേക്ഷിച്ച് തമ്പിയുടെ പക്ഷത്തു ചേരുകയും നമ്പൂതിരിയെയും തരകനെയും ഒറ്റിക്കൊടുക്കുകയും ചെയ്തു. വേലുത്തമ്പിയുടെ ദളവാസ്ഥാനലബ്ധിക്കു സഹായകമാകുന്നതിനു വേണ്ടി, രാജാ കേശവദാസിന്റെ ബന്ധുക്കളും അക്കാലത്തെ ഏറ്റം പ്രശസ്തനമാരുമായ ജനറൽ കുമാരൻ തമ്പി, പേഷ്കാർ ഇരയിമ്മൻ തമ്പി എന്നിവരുടെ പേരിൽ കള്ളക്കുറ്റങ്ങൾ ചുമത്തി കടപ്പുറത്തു കൊണ്ടുപോയി മൃഗീയമായി വധിക്കുന്നതിന് ഈ കശ്മലൻ മടിച്ചില്ല."

മി. പി. ശങ്കുണ്ണിമേനോൻ ഈ സംഭവം വിവരിക്കുന്നതിങ്ങനെയാണ്. 'മുളകു മടിശീല സർവ്വാധികാര്യക്കാർ വേലുത്തമ്പി, – ദളവാ എന്ന ഉന്നതമായ ഉദ്യോഗം കരസ്ഥമാക്കുന്നതിന് അനുകൂലമായ ആദ്യ സന്ദർഭത്തെ ദീർഘദൃഷ്ടിയോടുകൂടി അയാൾ എപ്പോഴും ഉറ്റു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. തന്റെ ദീർഘകാലാഭിലാഷം സാധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചുതുടങ്ങി. ഉൽക്കർഷേച്ഛുവായ ഈ ഉദ്യോഗസ്ഥൻ മഹാരാജാവിന്റെ എല്ലാ സേവകന്മാരെയും സ്വാധീനമാക്കിയിരുന്നു. ഇക്കാലത്ത് (976–ൽ)കൊട്ടാരത്തിലെ പ്രധാനപ്പെട്ട സേവകന്മാർ സമ്പ്രതി കുഞ്ചുനീലൻ പിള്ള, വലിയ മേലെഴുത്തു മുത്തുപിള്ള, സ്ഥാനപതി സുബ്ബയ്യൻ എന്നിവരായിരുന്നു. ഇവരെക്കൂടാതെ യുവാവായ മഹാരാജാവിന്റെ സേവകരായി വളരെയധികം നെറിയില്ലാത്ത മനുഷ്യരുണ്ടായിരുന്നു. ഇവരെല്ലാം വേലുത്തമ്പിയുടെ ഉപായങ്ങളെ അനുകൂലിച്ചിരുന്നു. എന്നാൽ ഒന്നിലധികം തവണ ഉദ്യോഗക്കയറ്റത്തിനുള്ള അവകാശം അവഗണിക്കപ്പെട്ട രണ്ടു ഉദ്യോഗസ്ഥന്മാർ സർവ്വീസിലുണ്ടായിരുന്നു. അവർ പരേതനായ രാജാ കേശവദാസന്റെ അനുജൻ തമ്പി ചെമ്പകരാമനും അനന്തിരവൻ ഇരയിമ്മനുമായിരുന്നു.

ദളവാ സ്ഥാനത്തേക്ക് ഈ രണ്ടു ഉദ്യോഗസ്ഥന്മാരെയും അനർഹരാക്കിത്തീർക്കുക എന്ന സ്പഷ്ടമായ ഉദ്ദേശത്തോടുകൂടി കുഞ്ചുനീലൻപിള്ളയും കൂട്ടുകാരും അവർക്കെതിരായി ഗൂഢാലോചനകൾ തുടങ്ങി. നാടുനീങ്ങിയ മഹാരാജാവിന്റെ അനുവാദം കൂടാതെ മുൻ ദിവാൻജി രാജാ കേശവദാസൻ ഖജനാവിൽ നിന്നും അനേകലക്ഷം രൂപാ അപഹരിച്ചതായി കുഞ്ചുനീലൻപിള്ള കള്ളക്കണക്കുകൾ ഉണ്ടാക്കി ആ കടം വീട്ടുന്നതിന് രാജാ കേശവദാ

malankaralibrary.com

സിന്റെ മുൻപറഞ്ഞ ബന്ധുക്കളോട് ആവശ്യപ്പെട്ടു. അവർ അതിനെ എതിർത്തു. ഇത് കൊട്ടാരത്തിൽ വളരെ അസുഖങ്ങൾക്ക് കാരണമാക്കി. ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നുള്ള രക്ഷയ്ക്കുവേണ്ടി, തങ്ങളുടെ ആശ്ലേയ സുഹൃത്തുക്കളുമായി അവർ എഴുത്തുകുത്തുനടത്തി. കുഞ്ചുനീലൻപിള്ളയും മറ്റും ഈ ചുറ്റുപാടിനെ മഹാരാജാവിന് ദുർവ്യാഖ്യാനിച്ചുകൊടുത്തു. ഈ ഉദ്യോഗസ്ഥന്മാർ – ജനറലും പേഷ്കാരും – രാജ്യത്തിന് എതിരായി ഭയങ്കരമായ ഗൂഢാലോചനയിൽ ഏർപ്പെട്ടിരിക്കുകയാണെന്നും അത് അവർ വേഗം നടപ്പാക്കുമെന്നും കുഞ്ചുനീലൻപിള്ളയും മററും രാജാവിനെ ധരിപ്പിച്ചു. ഇതിലേക്ക് ഈ ഉദ്യോഗസ്ഥന്മാരുടേതായി ചില കത്തുകൾ അവർ എഴുതിയുണ്ടാക്കി മഹാരാജാവിനെ കാണിച്ചു.

മഹാരാജാവ് ഇക്കാര്യമറിഞ്ഞ് സംഭ്രമചിത്തനും ക്ലേശിതനുമായി. ഇതിനിടെ സർവ്വാധികാര്യക്കാരായിത്തീർന്ന വേലുത്തമ്പിയോട് മഹാരാജാവ് ആലോചിച്ചു. കുഞ്ചുനീലൻ പിള്ളയുടെ റിപ്പോർട്ട് ശരിയാണെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. രാജ്യദ്രോഹ കുററം ചുമത്തി ജനറലെയും പേഷ്ക്കാരെയും ദ്വിഭാഷി പത്മനാഭ പിള്ളയേയും ഒരുനീലംപിള്ളയേയും അറസ്റ്റുചെയ്തു തടവിലാക്കി. ഇതു കഴിഞ്ഞ ഉടനെ വേലുത്തമ്പിയെ വലിയ സർവ്വാധികാര്യക്കാരായി നിയമിച്ചു. ആ ഉദ്യോഗം വഹിക്കുന്നതിനായി അദ്ദേഹം ആലപ്പുഴയ്ക്ക് പുറപ്പെടുകയും ചെയ്തു. വലിയ സർവ്വാധികാര്യക്കാർ തിരുവനന്തപുരത്തുനിന്നും പുറപ്പെട്ട ഉടനെ ആ രണ്ട് ഉദ്യോഗസ്ഥന്മാരെ വധിക്കുന്നതിനുള്ള കല്പനയ്ക്ക് മഹാരാജാവ് ഒപ്പു വച്ചു. ഒരു ദിവസം രാത്രി അവരെ കടൽത്തീരത്തേയ്ക്ക് വലിച്ചിഴച്ചു കൊണ്ടുപോയി അവിടെ വച്ച് അവരെ വെട്ടിക്കൊന്നു. ദ്വിഭാഷി പത്മനാഭപിള്ളയേയും നീലംപിള്ളയേയും മാവേലിക്കരയ്ക്കയച്ചു. നീലംപിള്ള അഞ്ചുതെങ്ങിൽവെച്ച് തടവു ചാടി രക്ഷപെട്ടു. പത്മനാഭപിള്ള മാവേലിക്കരയെത്തിയപ്പോൾ വധിക്കപ്പെട്ടു."

"വേലുത്തമ്പിക്ക് ദളവയാകുന്നതിനുള്ള വഴി ഒരുക്കിക്കൊടുക്കുന്നതിൽ സമ്പ്രതി കുഞ്ചുനീലൻപിള്ള പ്രധാനമായ പങ്കു വഹിച്ചു. ദളവായായ വേലുത്തമ്പി ശക്തനും സമ്പ്രതി കുഞ്ചുനീലൻപിള്ളയേപ്പോലും അംഗീകാരിക്കാത്തവനും ആണെന്ന് മനസ്സിലായി. സമ്പ്രതി കുഞ്ചുനീലൻപിള്ള മഹാരാജാവിനെ തെററിദ്ധരിപ്പിച്ച് തമ്പിയെ ഉടനടി അറസ്റ്റു ചെയ്ത് വധിക്കുന്നതിന് ഉത്തരവു വാങ്ങി. ആലപ്പുഴയായിരുന്ന വേലുത്തമ്പി ഈ വിവരങ്ങൾ അറിഞ്ഞ് ഉടൻ തന്നെ റസിഡന്റ് മെക്കാളെയുടെ സഹായമഭ്യർത്ഥിച്ചു. സമ്പ്രതി കുഞ്ചുനീലൻപിള്ളയാണ് പേഷ്കാരെയും ജനറലെയും വധിക്കാൻ

malankaralibrary.com

ഗൂഢാലോചന നടത്തിയതെന്നും മെക്കാളെയെ തമ്പി ബോദ്ധ്യപ്പെടുത്തി. അന്ന് മെക്കാളെ അയച്ചുകൊടുത്ത ബ്രിട്ടീഷ് സൈന്യത്തെ ഉപയോഗിച്ചുകൊണ്ട് തമ്പി തിരുവിതാംകൂറിലെ നായർ പട്ടാളത്തോട് കാണിച്ച ക്രൂരതയ്ക്ക് സമാനമായി ലോകചരിത്രത്തിൽ അധികമൊന്നുമില്ല. അക്കാര്യത്തിൽ ഹിററ്ലർക്കും സ്റ്റാലിനും അതുപോലുള്ളവർക്കെല്ലാം തമ്പി തുല്യനായിരുന്നു. ജർമ്മനിയിലെ യഹൂദർക്ക് അനുഭവിക്കേണ്ടിവന്ന നരകയാതനയ്ക്ക് തുല്യമായിരുന്നു അന്ന് തിരുവിതാംകൂറിലെ നായർ സൈന്യത്തിന് അനുഭവിക്കേണ്ടിവന്നത്." (പി. ശങ്കുണ്ണിമേനോൻ, പേജ്. 238). റസിഡണ്ട് തിരുവനന്തപുരത്തെത്തി അന്വേഷണം തുടർന്നു. ഗൂഢാലോചന തെളിഞ്ഞു. ഇതോടെ കുഞ്ചുനീലൻപിള്ളയേയും വലിയമേലെഴുത്തു മുത്തുപിള്ളയേയും അറസ്റ്റു ചെയ്തു. കുഞ്ചുനീലൻപിള്ളയെ ഉദയഗിരി ക്കോട്ടയിൽ ബന്ധനസ്ഥനാക്കി. അവരുടെ കേസ് വിസ്തരിക്കേണ്ടതായി വന്നില്ല. അതിനുമുമ്പെ വേലുത്തമ്പി അവരെ വധിച്ചു.

സർ. ടി മാധവറാവു കുഞ്ചുനീലൻപിള്ളയെപ്പററി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ് "സമ്പ്രതി ഉദ്യോഗം വഹിച്ചിരുന്ന ഒരു കുഞ്ചുനീലൻപിള്ളയായിരുന്നു ഗൂഢാലോചനയുടെ നേതാവ് എന്നുള്ളത് തീർച്ചയാണ്. കുടിലനും നെറികെട്ടവനും ദുർമ്മോഹിയുമായ അയാൾ കൊട്ടാരത്തിൽ ആപൽക്കരമായ സ്വാധീനശക്തി കരസ്ഥമാക്കിയിരുന്നു. രാജ്യഭരണം മിക്കവാറും നികൃഷ്ടനും വഷളനുമായ ഈ വ്യക്തിയുടെ കയ്യിലായിരുന്നു."

ധർമ്മരാജാവിന്റെ ഭരണകാലത്ത് കുറെക്കാലം കാര്യക്കാരുദ്യോഗം നോക്കിയിരുന്ന ആളായിരുന്നു തലക്കുളത്ത് വേലുത്തമ്പി. അദ്ദേഹത്തെ ജോലിയിൽനിന്നും പിരിച്ചുവിടുകയാണുണ്ടായത്. ആ പിരിച്ചുവിടലിന് കാരണക്കാർ രാജാ കേശവദാസനും മാത്തുത്തരകനുമായിരുന്നു. തന്മൂലം അവർ ഇരുവരോടും വൈരാഗ്യത്തോടെയാണ് തമ്പി പെരുമാറിയിരുന്നത്. വേലുത്തമ്പി, കുഞ്ചുനീലൻപിള്ള വഴി കേശവദാസനെ ദ്രോഹിച്ചു. ദളവായായിരുന്നുകൊണ്ട് തച്ചിൽ മാത്തുത്തരകനേയും കഠിനമായി ദ്രോഹിച്ചു.

കേശവദാസനു ശേഷം സർവ്വാധികാര്യക്കാരനായി നിയമിച്ച ജയന്തൻ ശങ്കരൻനമ്പൂതിരിയെപ്പററിയുള്ള വിലയിരുത്തലുകൾ ഇതിനു മുമ്പ് എഴുതിയിട്ടുണ്ടല്ലോ. നല്ല ഭരണാധികാരിയായിരുന്നുവെന്ന് ആരും അഭിപ്രായപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ഭരണം എങ്ങനെയിരുന്നുവെന്ന് ഒന്നു ചിന്തിക്കുന്നത് സമുചിതമായിരിക്കും.

malankaralibrary.com

ജയന്തൻ ശങ്കരൻ നമ്പൂതിരിയും കൂട്ടാളികളും കൂടി നാട്ടിലുള്ള പ്രധാന പ്രമാണികളെ വിളിച്ചു വരുത്തി ഭയപ്പെടുത്തുകയും മർദ്ദിച്ച് പണം ഈടാക്കുകയും ചെയ്തുവെന്നാണല്ലോ ആരോപണം. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ഭരണകാലത്ത് വേലുത്തമ്പിയെ തിരുവനന്തപുരത്തു വരുത്തി 20000 പണം ആവശ്യപ്പെട്ടുവെന്നാണ് വേലുത്തമ്പിയും മററും പറഞ്ഞു പരത്തിയത്. മൂന്നു ദിവസത്തിനകം രൂപ തരാമെന്നു പറഞ്ഞ് തമ്പി സ്വദേശത്തേക്ക് പോയി. അവിടെ ച്ചെന്ന് നാട്ടുകാരെ സംഘടിപ്പിച്ച് നമ്പൂതിരി ദളവയ്ക്കെതിരായി തിരുവനന്തപുരത്തേയ്ക്ക് ആളുകളെ നയിച്ചുവെന്ന് തിരുവിതാംകൂർ ചരിത്ര പുസ്തകങ്ങളിൽ കാണാം. ഇന്നത്തേതുപോലെ യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ മൂന്നു ദിവസംകൊണ്ട് ഒരു നാട്ടാർ കൂട്ടത്തെ വിളിച്ചുകൂട്ടി തിരുവനന്തപുര ത്തേയ്ക്കു പുറപ്പെട്ടു എന്നു പറയുന്നത് വിശ്വസിക്കാൻ പ്രയാസമാണ്. വർഷങ്ങൾക്കു മുമ്പ് തമ്പിയെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടപ്പോൾ തുടങ്ങി ഒരു വിപ്ലവത്തിന് കളമൊരുക്കിക്കൊണ്ടിരുന്നുവെന്ന് പറയുന്നതായിരിക്കും ശരി.

ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ദുർഭരണമാണ് നാട്ടാർകൂട്ടം കൂടുവാൻ തമ്പിയെ പ്രേരിപ്പിച്ചതെന്നുള്ള വസ്തുത ശരിയായിരിക്കു വാൻ സാധ്യതയില്ല. അന്യനാട്ടുകാരനായ ഒരു നമ്പൂതിരിയും ചെട്ടിയും കൂടി വന്ന് ഇന്നാട്ടിലെ പ്രമാണികളുടെമേൽ അധികാരം ചെലുത്തിയെന്നുള്ളതാണ് വേലുത്തമ്പിയുടെ എതിർപ്പിന് കാരണ മായത്. തച്ചിൽ മാത്തുത്തരകൻ ജീവചരിത്രത്തിൽ ഇങ്ങനെ എഴുതി യിരിക്കുന്നു. "എന്നാൽ ദുർബലനായ രാജാവ് വിദേശിയായ ഒരു നമ്പൂതിരിയെ ദളവായാക്കിയിരിക്കുന്നു. ആ ദളവായോ അതിനേ ക്കാൾ വലിയ ഒരു ധിക്കാരം ചെയ്തു. ഒരു ചെട്ടിയേയും ഒരു നസ്രാണിയേയും തന്റെ ആലോചനക്കാരനാക്കി. ഇതെങ്ങനെ സഹിക്കും. ഇതിനോടുള്ള ഒരു എതിർപ്പായിരുന്നു – നഷ്ടപ്പെട്ട സ്വാധീനം തിരിച്ചെടുക്കാനുള്ള ഒരു വെമ്പലായിരുന്നു – വേലുത്തമ്പി യുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭണവും നാട്ടുകൂട്ടവുമെല്ലാം. നമ്പൂതിരിമാരുടെ ദുർഭരണവും ആ പ്രക്ഷോഭണവുമായി മോരും മുതിരയുമായുള്ള ബന്ധം പോലുമില്ല. നമ്പൂതിരിമാർ എങ്ങനെ ഭരിച്ചുവോ – അങ്ങനെ തന്നെയാണ് അതിനേക്കാൾ കർക്കശമായ രീതിയിലാണ് – വേലുത്തമ്പി പിന്നീട് തിരുവിതാംകൂർ ഭരിച്ചത്. എന്നിട്ടും വേലുത്തമ്പിയുടെ ഭരണത്തിന് എതിരായി ഒരു നാട്ടുകൂട്ട വുമുണ്ടായില്ല. ഇരു ഭരണവും തമ്മിൽ കാതലായ ഒരു വ്യത്യാസമേ ഉള്ളൂ. നമ്പൂതിരി ചെട്ടിയേയും നസ്രാണിയേയും ആലോചന

malankaralibrary.com

ക്കാരായി സ്വീകരിച്ചപ്പോൾ തമ്പി സ്വവർഗ്ഗീയരല്ലാത്ത ആരെയെങ്കിലും നിയമിച്ചു ഉദ്യോഗമണ്ഡലത്തെ അശുദ്ധപ്പെടുത്തിയില്ല."

ജയന്തൻ ശങ്കരൻ നമ്പൂതിരിയെപ്പററി വേലുത്തമ്പിയുടെ ജീവചരിത്രത്തിൽ എം.ആർ. ഗോവിന്ദപിള്ള ഇങ്ങനെയെഴുതിയിരിക്കുന്നു, "തന്റെ പുതിയ ഉദ്യോഗത്തിൽ തന്നെ സഹായിക്കാനായി നമ്പൂതിരിക്ക് രണ്ട് സ്നേഹിതന്മാരെ കിട്ടി. അവരിൽ ഒരാൾ ഉപ്പു കുരുമുളക് മുതലായവയുടെ കുത്തകക്കാരൻ ആയ മാത്തുത്തരകൻ എന്ന നസ്രാണിയും ............. ആയിരുന്നു. ദുർവൃത്തി കൊണ്ടും ധർമ്മ വൈമുഖ്യം കൊണ്ടും ഇവർ ഭയങ്കര കിങ്കരന്മാർ കൂടിയായിരുന്നു. മൂഢൻ, അഹംഭാവി, ചതിയൻ എന്നീ ത്രിമൂർത്തികളും ഒന്നിച്ചു ചേർന്ന് രാജ്യഭരണത്തിനാരംഭിച്ചു."

തിരുവിതാംകൂർ ചരിത്രം രചിച്ച പങ്കജാക്ഷൻ നായർ ഇപ്രകാരം എഴുതിയിരിക്കുന്നു. "നമ്പൂതിരി അയാളുടെ ആലോചനക്കാരനായി, തടി, പുകയില, ഉപ്പ് മുതലായവയുടെ കുത്തകക്കാരനായി ആലപ്പുഴെ താമസിച്ചിരുന്ന മാത്തുത്തരകൻ എന്ന് പേരായ മറ്റൊരാളെയും തിരഞ്ഞെടുത്തു. ഇവർ മൂന്നുപേരും ഒരുപോലെ ദുഷ്ടന്മാരും രാജാവിനോടോ രാജ്യത്തോടെ സ്നേഹമില്ലാത്തവരുമായിരുന്നു. "

യഥാർത്ഥത്തിൽ നമ്പൂതിരി ദളവായുടെ ആലോചനക്കാരനായിരുന്നു മാത്തുത്തരകൻ എന്നതിന് യാതൊരു തെളിവുമില്ല. വേലുത്തമ്പി ദളവയുടെ നേതൃത്വത്തിൽ നടന്ന നാട്ടാർകൂട്ടക്കാരും അങ്ങനെയൊരു ആരോപണം ഉന്നയിച്ചിട്ടില്ല. നമ്പൂതിരി അപ്രാപ്തനോ ദുർവൃത്തനോ ആകട്ടെ, 40 വർഷക്കാലം തിരുവിതാംകൂർ മഹാരാജാവ് കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ വിശ്വസ്ത സേവകനും രാജാകേശവദാസന്റെ വലംകൈയ്യുമായിരുന്ന മാത്തുത്തരകൻ ദുർവൃത്തനും ധർമ്മ വിമുഖനും ദുഷ്ടനും രാജ്യത്തോടും രാജാവിനോടും സ്നേഹമില്ലാത്തവനുമാണന്ന് പറയുന്നത് ആക്ഷേപകരമാണ്. തരകൻ ഒരു നസ്രാണിയായിപ്പോയതാണ് ഇവരുടെ ദൃഷ്ടിയിൽ ഏറ്റവും വലിയ പാതകം.

ദളവാ സ്ഥാനലബ്ധിക്കുവേണ്ടി എന്തു ഹീനകൃത്യം ചെയ്യുവാനും തമ്പി മടിക്കുകയില്ല. തിരുവിതാംകൂർ ചരിത്രമെഴുതിയ കുളത്തുവയ്യർ ഇപ്രകാരം എഴുതിയിരിക്കുന്നു. 'ദളവാ എന്ന ഉന്നതമായ ഉദ്യോഗം കരസ്ഥമാക്കുന്നതിന് അനുകൂലമായ ആദ്യ സന്ദർശനത്തെ ദീർഘദൃഷ്ടിയോടുകൂടി എപ്പോഴും വീക്ഷിച്ചുകൊണ്ടിരുന്ന തമ്പി അതിലേക്കു സ്വീകരിച്ച അടവുകൾ പ്രസിദ്ധങ്ങളാണ്. വേലുത്തമ്പിക്ക്

malankaralibrary.com

ദിവാൻ ഉദ്യോഗം കിട്ടിയാൽ കൊള്ളാമെന്നുള്ള അതിമോഹം ഉണ്ടായിരുന്നതിനാൽ വേലുത്തമ്പി തന്റെ ഇഷ്ടരായ കൊട്ടാരത്തിലെ ചില ഉദ്യോഗസ്ഥരുമായി ഒന്നു ചേർന്നു. കുമാരൻ തമ്പിയുടെയും ഇരയിമ്മന്റെയും മേൽ രാജ്യദ്രോഹക്കുറ്റം ചുമത്തി അവരെ തൂക്കിലിട്ട് കൊല്ലിച്ചു. ശരിയായ അവകാശികൾ രണ്ടും ഇല്ലാതായപ്പോൾ വേലുത്തമ്പിക്ക് 976–ൽ ദിവാൻ ഉദ്യോഗം കിട്ടി. അവസാനം അക്കഥ വെളിച്ചത്തുവരാതിരിക്കുവാൻ കുഞ്ചുനീലൻപിള്ള കൂട്ടരെയും വധിപ്പിച്ചു.'

തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിൽ (പേജ് 289,290) ഇപ്രകാരം എം.ഒ. ജോസഫ് എഴുതിയിരിക്കുന്നു. 'വാസ്തവത്തിൽ രാജാ കേശവദാസനുശേഷം ദിവാനുദ്യോഗത്തിന് അർഹരായി മൂന്നു വ്യക്തികളാണ് തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. ഒരു അനുദ്യോഗസ്ഥനായ മാത്തുത്തരകനും ഉദ്യോഗസ്ഥരായ ജനറൽ കുമാരൻ തമ്പിയും പേഷ്കാർ ഇരയിമ്മനും. തിരുവിതാംകൂറിൽ ഏറ്റവും അധികം സ്വാധീനശക്തിയുള്ളവനും, രാജ്യത്തെയും രാജാവിനെയും 40 കൊല്ലക്കാലം വിശ്വസ്തതാപൂർവ്വം സേവിച്ചിട്ടുള്ളവനും ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനിയുടെ ആദരപാത്രവുമായിരുന്നു മാത്തുത്തരകൻ. രാജാ കേശവദാസനെ തുടർന്ന് തിരുവിതാംകൂർ ദളവാ ആയിരുന്നുവെങ്കിൽ വേലുത്തമ്പിയുടെ കാലത്തുണ്ടായ കലാപങ്ങൾ ഉണ്ടാകുന്നതിനോ, ബ്രിട്ടീഷുകാർക്കു കൊടുക്കുന്ന കപ്പം രണ്ടു ലക്ഷം രൂപയിൽനിന്ന് എട്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനോ ഇടയാകുകയില്ലായിരുന്നു. പക്ഷേ അദ്ദേഹം ഒരു ഉദ്യോഗാർത്ഥിയോ ദിവാൻ സ്ഥാനമോഹിയോ അല്ലായിരുന്നു. ഉദ്യോഗാർത്ഥിയായിരുന്നുവെങ്കിൽ ധർമ്മരാജാവിന്റെ കാലത്ത് അദ്ദേഹത്തിന് എന്ത് ഉദ്യോഗം വേണമെങ്കിലും ലഭിക്കുമായിരുന്നു.

എന്നാൽ ജനറൽ കുമാരൻ തമ്പിയുടെയും ഇരയിമ്മൻ തമ്പിയുടെയും നില അങ്ങനെയല്ല. അവകാശവഴിക്കുതന്നെ അവർ ദളവാസ്ഥാനത്തിന് അർഹരായിരുന്നു. രാജ്യത്തെ ബാഹ്യശത്രുക്കളിൽനിന്നും രക്ഷിക്കുന്നതിന് രാജാ കേശവദാസിനോടൊപ്പം മറ്റാരേക്കാളും കൂടുതലായി ബുദ്ധിമുട്ടുകയും സേവിക്കുകയും ചെയ്തിട്ടുള്ളവരാണവർ. കമ്പനി ഉദ്യോഗസ്ഥന്മാരിൽ പലരും അവരുടെ ആത്മസുഹൃത്തുക്കളായിരുന്നു. അവരിൽ ഒരാൾ ദളവായായി അവരോധിക്കപ്പെട്ടിരുന്നുവെങ്കിൽ രാജാ കേശവദാസൻ തുടങ്ങി വെച്ച ഭരണപരിഷ്കാരങ്ങൾ ഊർജ്ജസ്വലമായ രീതിയിൽ അവർ നടപ്പിൽ വരുത്തുമായിരുന്നു. പക്ഷെ സംഭവിച്ചതങ്ങനെയല്ല. അതിന്റെ ദുരന്തം തിരുവിതാംകൂർ തുടർന്ന് അനുഭവിക്കുകയും ചെയ്തു. ☆

malankaralibrary.com

(18)

# ജയന്തൻ നമ്പൂതിരിയുടെ ഭരണം

ജയന്തൻ ശങ്കരൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ ആലോചനക്കാരായിരുന്ന ശങ്കരനാരായണൻ ചെട്ടിയും മാത്തുത്തരകനുംകൂടി അതിഭീകരമായ ദുർഭരണം തിരുവിതാംകൂറിൽ നടത്തിയെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. ജയന്തൻ ശങ്കരൻ നമ്പൂതിരിയെ കുറ്റപ്പെടുത്തുന്ന കാര്യത്തിൽ എല്ലാ ചരിത്രകാരന്മാരും ഏകാഭിപ്രായക്കാരാണ്. 973 കുംഭം 7–ാം തീയതിയാണ് ബാലരാമവർമ്മ ഭരണം ഏറ്റെടുക്കുന്നത്. രാജാ കേശവദാസൻ നിര്യാതനാകുന്നത് 974 മേടം 8–ാം തീയതിയാണ്. ഈ രണ്ടു തീയതിക്കുമിടയിലുള്ള 425 ദിവസങ്ങളിൽ ജയന്തൻ ശങ്കരൻ നമ്പൂതിരി ഒരു രാജസേവകൻ മാത്രമായിരുന്നു. അന്ന് ദിവാൻ രാജാ കേശവദാസനും കൊട്ടാരം സമ്പ്രതി കുഞ്ചുനീലൻപിള്ളയുമായിരുന്നു. കേശവദാസൻ മരണമടഞ്ഞ് മൂന്നു ദിവസം കഴിഞ്ഞപ്പോൾ 974 മേടം 11–ാം തീയതി ശങ്കരൻ നമ്പൂതിരി ദളവായായി. 55 ദിവസം കഴിഞ്ഞപ്പോൾ വേലുത്തമ്പി നയിച്ച പ്രക്ഷോഭണത്തിന്റെ ഫലമായി നമ്പൂതിരി ദളവാസ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെട്ടു. ഇതിനിടയിൽ നടന്ന 55 ദിവസത്തെ ഭരണത്തെപ്പറ്റിയാണ് ദുർഭരണം എന്ന് ചരിത്രകാരന്മാർ കൊട്ടിഘോഷിക്കുന്നത്. ജയന്തൻ ശങ്കരൻ നമ്പൂതിരി ഈ 55 ദിവസത്തെ ഭരണംകൊണ്ട് കാട്ടിക്കൂട്ടിയ വിക്രിയകളാണ് ചരിത്രകാരന്മാർ വർണ്ണിച്ചിരിക്കുന്നത്. ഒരു നൂററാണ്ട് ഭരിച്ചാൽ കാണിക്കാൻ സാധിക്കുന്നതിലധികം ദുഷ്ടതകൾ 55 ദിവസംകൊണ്ട് ചെയ്തുവെന്ന് എഴുതിയ ചരിത്രകാരന്മാരുടെ ഭാവനയെ നമുക്ക് അനുമോദിക്കാം.

ജയന്തൻ ശങ്കരൻ നമ്പൂതിരി ദളവായായിരുന്ന 55 ദിവസവും കൊട്ടാരം സമ്പ്രതി കുഞ്ചുനീലൻ പിള്ളയായിരുന്നു. നമ്പൂതിരി ബാലരാമവർമ്മ മഹാരാജാവിന്റെ സേവകനായിരുന്നു. 425 ദിവസങ്ങൾക്കുള്ളിൽ മാത്തുത്തരകനോ ശങ്കരനാരായണചെട്ടിയോ അദ്ദേഹത്തിന്റെ ആലോചനക്കാരനായിരുന്നില്ല. ഇതിനിടയിൽ രണ്ട് ആരോപണങ്ങളാണ് നമ്പൂതിരിയുടെ മേൽ ചരിത്രകാരന്മാർ ഉന്നയിച്ചിരിക്കുന്നത്. 1. കരപ്പുറം ദേശം കൊച്ചി രാജാവിന് കൊടുക്കുന്നതിനുവേണ്ടിയുള്ള ഉത്തരവ് നൽകിയത്. 2. ധർമ്മരാജാവിന്റെ പല്ലക്കിൽ കയറി നമ്പൂതിരി പട്ടണപ്രദക്ഷിണം നടത്തിയത്.

കൊച്ചി രാജാവിന്റെ ആശ്രിതനായിരുന്ന തോട്ടപ്പായി നമ്പൂതി

malankaralibrary.com

രിയുടെ പ്രേരണയുടെ ഫലമായി കരപ്പുറം ദേശം കൊച്ചി രാജാവിന് വിട്ടുകൊടുക്കുന്നതായി ഒരു തീട്ടൂരം എഴുതി തോട്ടപ്പായി നമ്പൂതിരി വശം കൊടുത്തയച്ചുവെന്നാണ് ആരോപണം. ഈ വസ്തുത രഹസ്യമായി അറിഞ്ഞ ദിവാൻ കേശവദാസൻ വഴിമദ്ധ്യേ നമ്പൂതിരിയെ പ്പിടിച്ച് അയാളിൽനിന്ന് തീട്ടൂരം വാങ്ങി നശിപ്പിച്ചുകളഞ്ഞുവെന്നാണ് കഥ. തീർച്ചയായും ഇത് രാജാവ് അറിഞ്ഞിരിക്കാനിടയുണ്ട്. കരപ്പുറം ദേശം കൊച്ചിക്ക് കൊടുക്കണമെന്ന് മഹാരാജാവിന് താത്പര്യം ഉണ്ടായിരുന്നുവെങ്കിൽ കേശവദാസനെ പിരിച്ചുവിട്ടതിനുശേഷം വീണ്ടും മഹാരാജാവ് അത് ചെയ്യുമായിരുന്നു. കൊച്ചി രാജാവ് പിന്നെയും അതിനുവേണ്ടി പ്രേരിപ്പിക്കുമായിരുന്നു. അതൊന്നും നടന്നിട്ടില്ല. മഹാരാജാവ് സേവകർക്ക് വഴിപ്പെട്ട് ഇങ്ങനെയൊരു തീട്ടൂരം എഴുതിയെന്നാണല്ലോ പലരുടെയും ഊഹം. അങ്ങനെയൊരു തീട്ടൂരം എഴുതിയെങ്കിൽ കൊട്ടാരം സമ്പ്രതി അറിയേണ്ടതായിരുന്നു. അദ്ദേഹം ദിവാനെ രഹസ്യമായിട്ടെങ്കിലും ആ വിവരം അറിയിക്കേണ്ടതായിരുന്നു.

തിരുവിതാംകുറും കൊച്ചിയുമായിട്ടുള്ള ഒരു ഉടമ്പടിയുടെ കാര്യം മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. ടിപ്പു പിടിച്ചെടുത്ത സ്ഥലങ്ങൾ തിരികെ പിടിച്ചുകൊടുക്കുന്നതിന് പ്രതിഫലമായാണ് കരപ്പുറം ദേശം തിരുവിതാംകൂറിന് നൽകിയത്. ആ ഉടമ്പടിയുടെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കാത്തതിനാൽ കരപ്പുറം ഉൾപ്പെടുന്ന പ്രദേശങ്ങൾ തിരിച്ചു നൽകണമെന്നായിരുന്നു കൊച്ചിയുടെ അവകാശവാദം.

ഇത് ഈസ്റ്റിൻഡ്യാ കമ്പനിയുടെ മുമ്പിൽ പരാതി ബോധിപ്പിച്ചു. പക്ഷെ തീരുമാനം ഒന്നും എടുത്തില്ല. ചുങ്കം പിരിക്കുന്നതു സംബന്ധിച്ചും ഇരു രാജ്യങ്ങളും തമ്മിൽ തർക്കങ്ങളുണ്ടായിരുന്നു. ഇവയെല്ലാം പറഞ്ഞു തീർക്കുന്നതിനായി ഒരു പ്രതിനിധി സംഘത്തെ തിരുവനന്തപുരത്തേക്ക് കൊച്ചി രാജാവ് അയച്ചു. രണ്ടു പ്രാവശ്യം പ്രതിനിധിസംഘത്തെ അയയ്ക്കുകയുണ്ടായി. പ്രതിനിധികൾ ശക്തൻ തമ്പുരാനയച്ച ഒരു കത്തിലെ ഭാഗം ശക്തൻതമ്പുരാൻ ഗ്രന്ഥത്തിൽ (366–367 പേജ്) ചേർത്തിട്ടുണ്ട്.

'...... പത്മനാഭപുരത്തേക്ക് വിടകൊള്ളുവാൻ തീട്ടൂരം വന്നുവല്ലോ. ഇപ്പോൾ ഇവിടെ പുറമെയുള്ള കാര്യങ്ങളും അല്ലാതെയുള്ള കാര്യങ്ങളും ഒക്കെയും ദിവാൻജി തന്നെ പ്രമാണമായിട്ട് എഴുതിക്കൊടുത്തയച്ചും വിടകൊണ്ടയച്ചും നടത്തിച്ചു വരികകൊണ്ടും ദിവാൻജി കുടാതെ അടിയങ്ങൾ പത്മനാഭപുരത്തേക്ക് വിടകൊണ്ടാൽ ഒന്നും

malankaralibrary.com

വേണ്ടുംപ്രകാരം വന്നില്ലെങ്കിലോ എന്നു വിചാരിച്ചും അടിയങ്ങൾ ഇവിടെത്തന്നെ താമസിച്ച് കാര്യങ്ങൾ ഒക്കെയും അങ്ങുന്നു തന്നെ(ദിവാൻജി) പ്രത്യേകമായിട്ടു വിചാരിച്ചു നിദാനം വരുത്തിത്തരണമെന്ന് വിടകൊണ്ടുവരുന്നു.' പ്രതിനിധി സംഘവും തിരുവിതാംകൂർ ദിവാൻജിയും വളരെ ഇണക്കമായും സ്നേഹമായും പെരുമാറിയിരുന്നുവെന്ന് ഈ കത്തിൽനിന്ന് തീരുമാനിക്കാം. എന്നാൽ പോയ കാര്യം മാത്രം ഒന്നും വേണ്ടതുപോലെ ആയിക്കാണുന്നുമില്ല.

ജയന്തൻ നമ്പൂതിരിയുടെ ഉപദേശത്തിന് വഴിപ്പെട്ട മഹാരാജാവ് കരപ്പുറം കൊച്ചിക്ക് എഴുതിക്കൊടുത്തുവെന്നു പറയുന്ന് 974ലെ കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അന്നു രാജ്യത്തിലെ ആഭ്യന്തരവും ബാഹ്യവുമായ എല്ലാ കാര്യങ്ങളും രാജാ കേശവദാസ് ദിവാൻജിയറിഞ്ഞാണ് നടത്തിയിരുന്നത്. അദ്ദേഹം എല്ലാ കാര്യങ്ങളിലും നേരിട്ട് ഇടപെട്ടിരുന്നു. ദിവാൻജിയെ കൂടാതെ ഒന്നും നടക്കുകയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതുമാണ്.

കൊച്ചിയിൽനിന്നുമുള്ള പ്രതിനിധികൾ തിരുവനന്തപുരത്തു ചെന്ന് രാജാവിനേയും ദിവാൻജിയേയും കണ്ടത് ഏതു പ്രശ്നം ചർച്ച ചെയ്യുവാനാണ്, അതിതാണ് 'നമ്മുടെ ചെലവു വഴിക്കായിട്ട് നമ്മുടെ രാജ്യത്തുനിന്നും നമ്മുടെ രാജ്യത്തേക്കു തന്നെ നമ്മുടെ സാധനങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും തിരുവോങ്കോട്ട് രാജാവിന് നികുതി കൊടുക്കണം' എന്ന വ്യവസ്ഥ ഒന്നു മാറ്റി കിട്ടുവാനാണ്. അതുപോലും അംഗീകരിക്കാത്ത ബാലരാമവർമ്മ മഹാരാജാവ് കരപ്പുറം ദേശം മുഴുവൻ തീറെഴുതി കൊടുത്തുവെന്ന് പറഞ്ഞാൽ ആരാണ് വിശ്വസിക്കുക? തോട്ടപ്പായി കഥ ഒരു സങ്കല്പ സൃഷ്ടി തന്നെയാണ്.

ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ദുർഭരണത്തെ എതിർക്കുന്നതിനും അദ്ദേഹത്തെ ദളവാസ്ഥാനത്തുനിന്നും പിരിച്ചുവിടുന്നതിനുമാണല്ലോ നാട്ടാർകൂട്ടം കൂടിയത്. നമ്പൂതിരിയുടെ ദ്രോഹങ്ങളും കുറ്റങ്ങളും കൊള്ളരുതായ്മകളും എണ്ണിയെണ്ണിപ്പറഞ്ഞ ആ കുറ്റപത്രത്തിൽ തോട്ടപ്പായിക്കഥ പരാമർശിക്കപ്പെട്ടിട്ടുമില്ല. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ ഉപദേശഫലമായിട്ടാണ് ഇങ്ങനെയൊരു കരപ്പുറം പ്രശ്നം ഉണ്ടായതെങ്കിൽ വേലുത്തമ്പിയും കൂട്ടരും ഒരു പ്രധാനപ്രശ്നമായി അതും ഉയർത്തിപ്പിടിക്കുമായിരുന്നു.

ഏതായാലും ഈ തീട്ടൂരകാര്യത്തിൽ മാത്തുത്തരകൻ നിരപരാധിയാണെന്നെങ്കിലും ചരിത്രകാരന്മാർ മൗനമായി സമ്മതിച്ചിരിക്കുകയാണ്. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ മേലുള്ള ആരോപണ

malankaralibrary.com

ങ്ങളിൽ മറ്റൊന്ന് ധർമ്മരാജാവിന്റെ പല്ലക്കിലേറി പട്ടണപ്രദക്ഷിണം നടത്തിയെന്നതാണ്. ആ നമ്പൂതിരി അങ്ങനെ ചെയ്തെങ്കിൽ അത് തെറ്റു തന്നെ. വിവേകരഹിതമായ ഒരു പ്രവർത്തി തന്നെ.

55 ദിവസത്തെ ഭരണത്തിനിടയിൽ ശങ്കരൻ നമ്പൂതിരിയുടെ മേൽ വേറെയും ആരോപണങ്ങൾ ഉണ്ട്.

1. കൊള്ളരുതാത്ത ആലോചനക്കാരെ തിരഞ്ഞെടുത്തു.,
2. മറ്റാരെയും മഹാരാജാവിനെ കാണാൻ അനുവദിച്ചില്ല
3. നാട്ടിലെ പ്രമാണികളെ വരുത്തി മർദ്ദിച്ചു പണപ്പിരിവു നടത്തി.
4. വേലുത്തമ്പിയെ അപമാനിച്ചു.
5. ചേലനാട് നമ്പൂതിരിയെക്കൊണ്ട് ആഭിചാരം ചെയ്യിച്ചു.
6. തനതു പേരിൽ സ്വത്തുക്കൾ നേടി

ഈ ആറ് ആരോപണങ്ങൾകൂടി നാട്ടുകൂട്ടം ആരോപിച്ചു.

രാജാ കേശവദാസന്റെ മരണം കഴിഞ്ഞ് മൂന്നുദിവസം കഴിഞ്ഞപ്പോൾ ശങ്കരനാരായണൻ ചെട്ടിയും ഗവൺമെന്റ് കോൺട്രാക്ടറായ തച്ചിൽ മാത്തുത്തരകനുംകൂടി മഹാരാജാവിന്റെ സേവകനായിരുന്ന ജയന്തൻ നമ്പൂതിരിയുടെ സഹോദരൻ ജയന്തൻ ശങ്കരൻ നമ്പൂതിരിയെ വലിയ സർവ്വാധികാര്യക്കാരായി നിയമിക്കുമെന്ന് ശുപാർശ ചെയ്തുവെന്നാണ് ടി.കെ. വേലുപ്പിള്ള എഴുതിയിരിക്കുന്നത്. ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നം ഇതേപ്പറ്റി എഴുതിയിരിക്കുന്നത് 'പട്ടിയെ കൊല്ലുന്നതിന് മുമ്പ് അതിന് ഒരു പേരുകൊടുക്കുക ' എന്ന സമ്പ്രദായമെന്നാണ്.

നാട്ടുകൂട്ടത്തിന്റെ മറ്റൊരു ആരോപണത്തെപ്പറ്റി ടി.കെ. വേലുപ്പിള്ള തിരുവിതാംകൂർ ചരിത്രത്തിൽ (പേജ് 450,451) ഇപ്രകാരം എഴുതിയിരിക്കുന്നു. 'വലിയ സർവ്വാധി ജയന്തൻ ശങ്കരനും വലിയ മേലെഴുത്ത് ശങ്കരനാരായണ ചെട്ടിയും അവരുടെ സഹായികളായ അമ്പലവാണൻ താണുവനും, ഇരവി പുതൂർ മുത്തുവൈരവൻ ശങ്കരനും പാർത്ഥിവപുരം പത്മനാഭൻ ചെമ്പകരാമനും മാത്തുത്തരകനും ഇരുന്ന് പണം ഉണ്ടാക്കുന്നതിനുള്ള ഒരു പുതിയ മാർഗ്ഗം സ്വീകരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആളുകളെ ആളയച്ചു വരുത്തി പലരെയും അറസ്റ്റ് ചെയ്ത് കൊണ്ടുവന്നു. വൻപിച്ച തുകകൾ അടയ്ക്കുവാൻ അവരോടാവശ്യപ്പെട്ടു. ആയ്യായിരം, പതിനായിരം, ലക്ഷം, രണ്ടു ലക്ഷം പണം വീതം. അവരുടെ കഴിവിൽ വളരെ കവിഞ്ഞ തുകകൾ. സംഖ്യ അടയ്ക്കാൻ സാധിക്കാത്തവരെയും മനസ്സില്ലാത്തവരെയും ഭയങ്കരമായി അവഹേളിച്ചു. പലരെയും മർദ്ദിക്കുകയും

malankaralibrary.com

കുതിരച്ചാട്ട കൊണ്ട് അടിക്കുകയും ചെയ്തു. വാഗ്ദാനങ്ങൾ ലഭിക്കുന്നതിനും പണം ഈടാക്കുന്നതിനുംവേണ്ടി മർദ്ദനോപകരണങ്ങൾ ധാരാളമായി ഉപയോഗിച്ചു. ഈടാക്കുവാനുള്ള ദുഷ്ടമായ ശ്രമങ്ങളിൽ സ്വാധീനശക്തിക്കോ ഉന്നതമായ പദവിക്കോ യാതൊരു വ്യത്യസ്തതയുമുണ്ടായിരുന്നില്ല.'

തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 298,299,300) എം.ഒ. ജോസഫ് നെടുങ്കുന്നം രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിക്കട്ടെ. "ബാലരാമവർമ്മ മഹാരാജാവ് സിംഹാസനാരോഹണം ചെയ്തപ്പോൾ ഭണ്ഡാരം ശൂന്യമായിരുന്നുവെന്നു മാത്രമല്ല, ഒരു വലിയ സംഖ്യ കടം കൊടുത്ത് വീട്ടേണ്ടതായിട്ടുമുണ്ടായിരുന്നു. കഴിഞ്ഞ ഭരണകാലത്ത് ടിപ്പുവുമായി നടത്തിയ യുദ്ധത്തിന്റെ ചെലവ് മുഴുവൻ വീട്ടിക്കഴിഞ്ഞിരുന്നില്ല. കമ്പനി ഗവൺമെന്റിലേക്ക് കൊടുക്കേണ്ട കപ്പം കുടിശ്ശികയായി തീർന്നു. സൈന്യത്തിന് യഥാകാലം ശമ്പളം കൊടുക്കുവാൻ സാധിച്ചിട്ടില്ല. രാജ്യത്തിന്റെ മുതലെടുപ്പാണെങ്കിൽ തീരെ കുറഞ്ഞു. ഇങ്ങനെയിരിക്കെയാണ് നാടുനീങ്ങിയ മഹാരാജാവിന്റെ തിരുമാസാടിയന്തിരത്തിനു വേണ്ടിവന്ന ഭീമമായ ചിലവുകൾ. ' അമ്മാവൻ എഴുന്നള്ളിയിരിക്കുമ്പോൾ അമ്മാവനെയും അറിയിച്ചു ദിവാൻ ഏതാനും പണത്തിന് കടം ഉണ്ടാക്കിവച്ചത് തീർക്കുന്നതിന് നിങ്ങൾ വിചാരിച്ച് ആയതിനുകൂടെ ഒഴിച്ചിൽ വരുത്തണമെന്നാണ് മഹാരാജാവിന്റെ അഭീഷ്ടം.

ഇങ്ങനെയുള്ള ഒരു ദുർഘട ഘട്ടത്തിലാണ് ജയന്തൻ ശങ്കരൻ നമ്പൂതിരി ദളവായായത്. അയാൾ എത്ര മറയനും ദുഷ്ടനും കൊള്ളരുതാത്തവനുമായിരുന്നാലും, ഉത്തരേന്ത്യയിലെ ചില നാട്ടുരാജ്യങ്ങളെപ്പോലെ, മലബാറിലെ നാട്ടുരാജ്യങ്ങളെപ്പോലെ തിരുവിതാംകൂറും കമ്പനിസർക്കാരിലേക്ക് ലയിക്കാതിരിക്കണമെങ്കിൽ കപ്പക്കുടിശിഖയും സൈന്യത്തിന്റെ ശമ്പളവും എങ്ങനെയെങ്കിലും തീർക്കേണ്ടതാവശ്യമാണെന്ന് മനസ്സിലാക്കുന്നതിന് പ്രാപ്തനായിരുന്നു. ശൂന്യമായ ഭണ്ഡാഗാരംകൊണ്ട് അയാളെന്തു ചെയ്യും? എന്തു ത്യാഗം സഹിച്ചാലും ശരി രാജസ്ഥാനത്തെ നിലനിർത്തണമെന്ന് രാജഭക്തരായ നമ്പൂതിരിയും ആലോചനക്കാരും തീരുമാനിച്ചു. രാജ്യത്തിന് പൊതുവെ നേരിട്ടിരിക്കുന്ന ഈ ദേശീയവിപത്തിൽ രാജ്യത്തെ സഹായിക്കേണ്ടത് രാജഭക്തരായ ജനങ്ങളുടെ ചുമതലയാണല്ലോയെന്നവർ കരുതി. അതിനാൽ രാജ്യത്തിലെ സമ്പന്നരായ പൗരപ്രമാണികളെ വരുത്തി യഥാശക്തി സഹായിക്കുവാൻ ദളവായും ആലോചനക്കാരും അവരോട് ആവശ്യപ്പെട്ടു.

malankaralibrary.com

പക്ഷെ നമ്പൂതിരിക്കും കൂട്ടുകാർക്കും ഒരു തെറ്റുപറ്റി. രാജ്യത്തിലെ സമ്പന്നന്മാരും സ്വാധീനശക്തിയുള്ളവരുമായ വ്യാപാരികൾ, ജന്മിമാർ, ഉദ്യോഗസ്ഥന്മാർ മുതലായവരെ വരുത്തി വരിസംഖ്യ ചുമത്തി ഈടാക്കുവാനാണ് അവർ മുതിർന്നത്. 'മുദ്ര മനുഷ്യരായിട്ടുള്ള പേരെ മരിയാത അല്ലാതെ ചോദ്യങ്ങൾ പലതും ചെയ്തു.' തമ്പുരാന്റെ തിരുനാമപേരു കൊടുത്തിരിക്കുന്ന ആളുകളെ പിടിച്ചുകെട്ടി അടിപ്പിക്കുക; എന്നിങ്ങനെയാണ് നാട്ടുകൂട്ടക്കാർ പരാതിപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ നമ്പൂതിരി ദളവായെ അഭിനന്ദിക്കേണ്ടതല്ലേയെന്ന് സംശയിക്കുന്നു. പാവപ്പെട്ടവന്റെ ചെറ്റപ്പുര പൊളിച്ച് മുതൽ വർദ്ധിപ്പിക്കാനല്ല അദ്ദേഹം ശ്രമിച്ചത്, പ്രത്യുത വമ്പിച്ച ജന്മികളെയും ധനവാന്മാരെയും വരുത്തി ദേശീയ കടത്തിന്റെ ഓഹരി വഹിക്കണമെന്ന് ആവശ്യപ്പെട്ടു. നാട്ടിലെ ജനസ്വാധീനമുള്ള വമ്പന്മാരെ വരിസംഖ്യാപദ്ധതിയിൽനിന്ന് ഒഴിവാക്കിയിരുന്നെങ്കിൽ നമ്പൂതിരി ദളവാഭരണപ്രശസ്തിയിൽ നമ്മുടെ രാജ്യചരിത്രം മുഖരിതമാകുമായിരുന്നു. അങ്ങനെ ചെയ്യാതിരുന്നതിന്റെ ശിക്ഷ അവർ അനുഭവിച്ചു.

പണം ഈടാക്കുവാൻ നമ്പൂതിരിമാർ അവലംബിച്ച മാർഗ്ഗം നാട്ടുകൂട്ടംകാർ പറയുന്നത് ശരിയാണെങ്കിൽ – അഭിനന്ദനീയമല്ലായിരുന്നു. 'മരിയാത അല്ലാത്ത ചോദ്യങ്ങൾ പലതും ചെയ്യുകയും ............. പിടിച്ചുകെട്ടിച്ച് ഒന്നുരണ്ടു ദിവസം അടിപ്പിക്കുകയും, പിന്നത്തതിൽ പരരാജ്യത്തിൽ നടന്നിട്ടുള്ള വിധത്തിൽ പരുന്തു റാഞ്ചികെട്ടെന്നു പേരായിട്ടുള്ള കെട്ട് രണ്ടുകാലും വെച്ച് മുട്ടും മടങ്ങാതെ രണ്ടു വശത്തും തുടവരെക്കും കമുകില വെച്ച് വരിഞ്ഞുകെട്ടുകയും അടിക്കെയും , പിന്നത്തെതിൽ ലായത്തിൽ കൊണ്ടുചെന്ന് കുതിരക്കാരനെക്കൊണ്ട് കുറടാവും കവഞ്ചിയുംകൊണ്ട് അടിപ്പിക്കയും പറ്റുകുറടു കാച്ചിപ്പിടിപ്പിക്കെയും ....... പിടിച്ചുകെട്ടി അടിപ്പിക്കെയും.......' മനുഷ്യർക്ക് താരതമ്യേന പൗരബോധം വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തുപോലും നികുതിയും വരിസംഖ്യയും കൊടുക്കുവാൻ സമ്പന്നന്മാർ എത്രമാത്രം വിമുഖരാണെന്ന് പ്രസിദ്ധമാണല്ലോ. അങ്ങനെയെങ്കിൽ ആ പഴയകാലത്ത് പിടിച്ചു മർദ്ദിച്ചാൽതന്നെ വരിസംഖ്യ– അതും വലിയ സംഖ്യകൾ– കൊടുക്കുവാൻ മനസ്സുറപ്പുള്ളവർ ചുരുക്കമായിരിക്കും. എന്നിരുന്നാലും ഇത്ര കർക്കശമായ ശിക്ഷകൾ ക്ഷന്തവ്യമാണെന്ന് പരിഷ്കൃതാശയരായ നമുക്കെങ്ങനെ പറയുവാൻ കഴിയും.

പക്ഷെ ഈ ശിക്ഷാ സമ്പ്രദായത്തിന്റെ ഗൗരവം നമുക്ക് ശരിക്കു മനസ്സിലാകണമെങ്കിൽ അതിന് മുമ്പും പിമ്പും നിലവിലിരുന്ന സമ്പ്രദായം കൂടി നാം മനസ്സിലാക്കേണ്ടതാവശ്യമാണ്. നമ്പൂ

malankaralibrary.com

തിരി ദളവായ്ക്ക് മുമ്പ് പ്രജാക്ഷേമൈകനിരതനായ ധർമ്മരാജാവും മഹാനായ രാജാ കേശവദാസനും കൂടെയാണല്ലോ രാജ്യം ഭരിച്ചിരുന്നത്. അന്നത്തെ ദണ്ഡനീതി ഇങ്ങനെയായിരുന്നു. സർക്കാർ കരം കൊടുക്കേണ്ടവർ അപ്രകാരം ചെയ്യാതിരുന്നാൽ പട്ടാളക്കാരെ അയച്ച് അവരെ പിടിച്ചുവരുത്തി പലതരത്തിൽ ഉപദ്രവിച്ച് കരം ഈടാക്കി വന്നു. ഇന്നത്തെപ്പോലെ കരക്കുടിശ്ശിഖയ്ക്ക് വസ്തുക്കൾ ലേലം ചെയ്താൽ കരം കൊടുക്കുന്നതിനുള്ള വിഷമതകൊണ്ടും കൊടുക്കാതിരുന്നാൽ അനുഭവിക്കേണ്ടിവരുന്ന മാനഹാനികൊണ്ടും നിസ്സാരതുകയ്ക്കുകൂടി ലേലത്തിൽ വിളികേൾക്കാൻ ആർക്കും മനസ്സുണ്ടായിരുന്നില്ല. കരം കൊടുക്കാത്തവർക്കും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർക്കും വിലങ്ങു വെയ്ക്ക, കയ്യാമം വെയ്ക്ക, പട്ടിണിയിടുക, കുനിച്ചുനിർത്തി മുതുകിൽ കാലുകേറ്റി വെയ്ക്ക, വെയിലത്തു നിർത്തുക മുതലായ ശിക്ഷകൾ നൽകിയിരുന്നു. പരിഷ്കൃതാശയനായിരുന്ന ധർമ്മരാജാവിന്റെ കാലത്തെ സ്ഥിതിയാണിത്.

ഇനി നമ്പൂതിരിക്കുശേഷം ദളവായായ വേലുത്തമ്പിയുടെ കാലത്തോ! അന്നത്തെ ദണ്ഡനീതി ഇങ്ങനെയായിരുന്നു 'സർക്കാർ പണം അപഹരിക്കുന്ന ഉദ്യോഗസ്ഥന്മാരെ പിടിച്ചു തടവിലിട്ടു. അവരുടെ വസ്തുക്കൾ മുഴുവൻ കണ്ടുകെട്ടി റിക്കാർഡുകൾ തിരുത്തിയ ഉദ്യോഗസ്ഥന്മാരുടെ കൈവിരലുകൾ ഛേദിപ്പിച്ചു. കൈക്കൂലിവാങ്ങുന്നവരെ മുക്കാലിയിൽകെട്ടി പരസ്യമായി അടിപ്പിച്ചു വിട്ടു. നുണപറയുന്ന ഉദ്യോഗസ്ഥരുടെ മൂക്കും ചുണ്ടും ചെത്തിച്ചു. കൃഷിക്കാരെ ഉപദ്രവിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു പല തരത്തിലുള്ള ശാരീരിക ശിക്ഷകൾ കൊടുത്തു. കള്ളന്മാരെയും കൊള്ളക്കാരെയും തൂക്കിലിട്ടു. പിടിച്ചുപറിക്കാരുടെയും പൂട്ടു മുറിക്കുന്നവരുടെയും കൈകൾവെട്ടി. സ്ത്രീകളെ അപമാനിക്കുന്നവരുടെ തല വെട്ടിക്കളഞ്ഞു. ചില്ലറ മോഷണക്കാരെ മുക്കാലിയിൽ കെട്ടി അടിപ്പിച്ചു. ചില കേസുകളിൽ പ്രതികളെ പിടിച്ചു മരത്തോടു ചേർത്തു നെഞ്ചിൽ ആണി അറഞ്ഞു നിർത്തി. .. ഒരിക്കൽ ഇടവാ എന്ന സ്ഥലത്തു വെച്ചു ഒരു മുഹമ്മദീയൻ ഒരു നമ്പൂതിരിയുടെ കയ്യിലുണ്ടായിരുന്ന ചെല്ലം അപഹരിച്ചു..... തമ്പി ഇടവായിൽ എത്തി മുഹമ്മദീയരെ ഓരോരുത്തരെ പിടിച്ചു മരത്തോടു ചേർത്ത് ആണി തറച്ചു നിർത്തി. ഇങ്ങനെ ഏതാനും പേരെ ശിക്ഷിക്കുന്നതുകണ്ടിട്ടു മോഷ്ടാവ് ചെല്ലം ദളവായുടെ അടുക്കൽ ഹാജരാക്കി.' ബാലരാമവർമ്മ മഹാരാജാവിന്റെ ആവശ്യപ്രകാരം അദ്ദേഹത്തോടുകൂടിയിരുന്ന് ചതുരംഗം കളിച്ചു എന്ന കുറ്റത്തിന് ഒരു ചന്ത്രത്തിൽപിള്ളയുടെ പൃഷ്ഠഭാഗങ്ങൾ ഉളികൊണ്ട് ഛേദിച്ചെടുത്തു കളയിച്ചു.

malankaralibrary.com

979ലെ ലഹളയിൽ പങ്കെടുത്ത പലരെയും തമ്പി പിടികൂടി തൂക്കിലിടുകയും തലവെട്ടുകയും തോക്കിനിരയാക്കുകയും, വലിയ തോക്കിൻമുഖത്തു ബന്ധിച്ചു വെടിവെക്കുകയും ചെയ്തു. അവരിൽ ഒരാൾക്ക് (ഒരു സുബേദാർ കൃഷ്ണപിള്ളയ്ക്ക്)ഏറ്റം മൃഗീയവും ഞെട്ടിക്കുന്നതുമായ ശിക്ഷയാണ് നൽകിയത്. രണ്ട് ആനകളുടെ കാലുകളിൽ അയാളുടെ ഓരോ പാദങ്ങൾ കെട്ടി ആ മൃഗങ്ങളെ എതിർവശങ്ങളിലേക്ക് നടത്തിച്ച് അയാളെ രണ്ടായി വലിച്ചുകീറി കൊന്നു. ഈയാൾ ഇങ്ങനെ കെട്ടപ്പെട്ടു മലർന്നു കിടക്കുമ്പോൾ വേലുത്തമ്പി ചോദിച്ചു. 'കൃഷ്ണപിള്ളേ ഇപ്പോൾ എങ്ങനെ തോന്നുന്നു.' അയാൾ തലയുയർത്തി പറഞ്ഞു: തെമ്മാടിയായ വേലുത്തമ്പിയുടെ വീട്ടിലെ സപ്രമഞ്ചക്കട്ടിലിൽ കിടന്നാൽ എന്തു സുഖം തോന്നുമോ ആ സുഖം ഇപ്പോൾ തോന്നുന്നുണ്ട്.

രാജാകേശവദാസന്റെയും വേലുത്തമ്പി ദളവായുടെയും ശിക്ഷാരീതികൾ ഇപ്രകാരമായിരുന്നുവെങ്കിൽ അവരുടെ ഭരണകാലത്തിനിടയിൽ ഭരണം നടത്തിയ നമ്പൂതിരി ദളവായുടെ ശിക്ഷ മാത്രം ഭയങ്കരമായിരുന്നുവെന്ന് ഉച്ചസ്വരത്തിൽ മുറവിളി കൂട്ടുന്ന ചരിത്രകാരന്മാരുടെ ന്യായബോധമാണ് നമുക്ക് മനസ്സിലാകാത്തത്. കേശവദാസനും വേലുത്തമ്പിയും സ്വദേശീയരായ നായന്മാരും ജയന്തൻ ശങ്കരൻ വിദേശിയായ ഒരു നമ്പുതിരിയുമാണെന്നും, തിരുവിതാംകൂർ ചരിത്രമെഴുതിയവർ നായന്മാരോ അവരെ ആശ്രയിച്ചും വിശ്വസിച്ചും കഴിഞ്ഞവരോ ആണെന്നും ഉള്ള ഒരു വ്യത്യാസം മാത്രമേ കാണാനുള്ളു. കേശവദാസന്റെയും വേലുത്തമ്പിയുടെയും ശിക്ഷാരീതി രാജ്യവ്യാപകവും ദീർഘനാളത്തേക്കുണ്ടായിരുന്നതുമാണ്. നമ്പൂതിരിയുടേതു വെറും 55 ദിവസത്തേക്കു മാത്രം. കേശവദാസന്റെയും വേലുത്തമ്പിയുടെയും ശിക്ഷയ്ക്കു പാത്രമായവർ കുറ്റക്കാരാണെങ്കിൽതന്നെ അധികവും പാവങ്ങളും നിരാധാരരുമായിരുന്നു. നമ്പുതിരി ദളവാ നാട്ടിലെ സമ്പന്നരെയും ജന്മിമാരെയും ഉദ്യോഗസ്ഥമുഖ്യരെയും ആണ് മർദ്ദിച്ചത്. പാവങ്ങളെയും ദരിദ്രരെയും അദ്ദേഹം ഉപദ്രവിച്ചില്ല. പ്രത്യുത പാവങ്ങളുടെയും ദരിദ്രരുടെയും പ്രയത്നഫലങ്ങളെ ഊറ്റിക്കുടിച്ചിരുന്ന, പരാന്നഭുക്കുകളായ ജന്മിമാരുടെയും സ്വത്തുകാരുടെയും ധനത്തിൽനിന്ന് ഒരോഹരി വേണമെന്നേ നമ്പൂതിരി ആവശ്യപ്പെട്ടുള്ളു. ഒരുമാതിരി സൂപ്പർടാക്സ് ചുമത്തൽ.

ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങളോ വാർത്താ വിനിമയ ഏർപ്പാടുകളോ ഇല്ലാതിരുന്ന ഒരു കാലത്തും രാജ്യത്തുമാണ് ജയന്തൻ ശങ്കരൻ നമ്പൂതിരി 55 ദിവസം ദളവാ ഉദ്യോഗം ഭരിച്ചത്. ദളവാസ്ഥാനം ഏറ്റ്, ആവശ്യമായ ജോലിക്കാരനെ നിയമിച്ച്, പണം ഉണ്ടാ

malankaralibrary.com

ക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിച്ച് തീരുമാനം ചെയ്ത്, ആ വിവരം നാട്ടിന്റെ എല്ലാ ഭാഗങ്ങളിലും അറിയിച്ച് സമ്പന്നൻമാർ ആരൊക്കെയാണെന്നു മനസ്സിലാക്കി അവരെ ക്ഷണിച്ചു വരുത്തി ഇത്രയിത്ര രൂപാ വീതം തരണമെന്ന് അവരോട് ആവശ്യപ്പെടുന്നതിന് അന്നത്തെ കാലസ്ഥിതിക്ക് എത്ര ദിവസങ്ങൾ വേണമെന്നു നമുക്ക് ഏകദേശം ഊഹിക്കാവുന്നതാണ്. അതു കഴിച്ചാൽ പിന്നെ ഈ 55 ദിവസത്തിൽ നമ്പൂതിരിയുടെ മർദ്ദനഭരണത്തിന് എത്ര ദിവസം കാണുമെന്നാണ് വിചാരിക്കുന്നത്? എട്ടോ പത്തോ ദിവസങ്ങൾ. നമ്പൂതിരി ദളവായുടെ കാലത്ത് തിരുവിതാംകൂർ ആസകലം എന്തോ ഭയങ്കരമായ പീഡനം നിലനിന്നിരുന്നുവെന്നു ഇന്നുള്ളവരെ ധരിപ്പിക്കുവാൻ ചില ചരിത്രകാരന്മാർ ചെയ്യുന്ന സാഹസം എത്ര അന്തസ്സാരശൂന്യമായിരിക്കുന്നുവെന്നു നോക്കുക!

നമ്പൂതിരി ചില ജന്മിമാരെയും ധനാഢ്യന്മാരെയും വരുത്തി പണം ഈടാക്കുന്നതിലേക്കു മർദ്ദനം നടത്തിയെന്നതു ശരിതന്നെ. തിരുവട്ടാറ്റു നീലകണ്ഠൻ ചെമ്പകരാമൻ, ടിയാന്റെ അനുജൻ അയ്യപ്പൻ തമ്പി, ചിറയിൻകീഴു കുറ്റിക്കാട്ടു വീട്ടിൽ കേശവൻ ചെമ്പകരാമൻപിള്ള, തലക്കുളത്തു വേലുത്തമ്പി എന്നിവർ അക്കൂട്ടത്തിൽപ്പെടുന്നു. ഇവർ വമ്പിച്ച് ഭൂസ്വത്തുടമകളും ജനസ്വാധീനമുള്ളവരുമായിരുന്നു. അടിമക്കച്ചവടം നിലവിലിരുന്ന അക്കാലത്തു ഇവർ വിളിച്ചാൽ കൂടുവാൻ അനേകമാളുകൾ കാണുമെന്നു ധരിക്കാത്ത നമ്പൂതിരി വിഡ്ഢിതന്നെയാണ്. വാസ്തവത്തിൽ നമ്പൂതിരിയുടെ ദുർഭരണമാണല്ലോ നാട്ടുകൂട്ടത്തിന് പ്രേരകമായത്. തെക്കൻ തിരുവിതാംകൂറിലെ സ്വാധീനശക്തിയുള്ളവരും പ്രബലരുമായ ജന്മിമാരോടു ദേശീയകടം വീട്ടുവാൻ വിഹിതമാവശ്യപ്പെട്ടതാണ് ലഹളയ്ക്ക് ഒരു കാരണം. മറ്റൊന്നു ദളവായും ആലോചനക്കാരും 'മറ്റുള്ള രാജ്യങ്ങളിൽനിന്നും വന്നു പാർക്കുന്ന' വരും ദളവാ 'മറുനാട്ടിന്മേൽനിന്നു വന്നു പാർക്കുന്ന' വനുമാണെന്നുള്ളതാണ്. ചുരുക്കത്തിൽ അധികാരം പിടിച്ചുപറ്റുന്നതിനു വേണ്ടിയുള്ളതു മാത്രമായിരുന്നു വേലുത്തമ്പിയുടെ ലഹള. അതിനെ ന്യായീകരിക്കുവാൻ ഒരു ദുർഭരണക്കുറ്റം നമ്പൂതിരിയുടെമേൽ ചുമത്തിയെന്നു മാത്രം.

ഏതായാലും തിരുവനന്തപുരത്തുവെച്ചു നടന്ന പണപ്പിരിവിൽ മാത്തുത്തരകന് എന്തെങ്കിലും പങ്കുണ്ടായിരുന്നതായി ശത്രുക്കൾപോലും വാദിക്കുന്നില്ല. അദ്ദേഹത്തിന്റെ പേരിലുള്ള ചാർജ്ജ് 'വടക്ക് പലരുടെയും നേരെ ചോദ്യങ്ങൾ ചെയ്തുപണങ്ങൾ വെപ്പിക്കുന്നതിനു നമ്പൂതിരിയോടു ചുമതലയായിട്ടു ഏറ്റു.' എന്നും അദ്ദേ

malankaralibrary.com

ഹവും തിരുവാർപ്പിൽ കൃഷ്ണപിള്ള സർവ്വാധികാര്യക്കാർ, ചാലയിൽ പത്മനാഭനണ്ണാവി സർവ്വാധികാർയ്യക്കാർ, കിഴക്കേമുഖത്തു വലിയ മേലെഴുത്തുകണക്കു യോഗീശ്വരൻ രാമൻ എന്നിവരുംകുടി 'കച്ചവട ക്കാരുടെ നേരെയും കുട്ടികളുടെ നേരെയും ക്രമമല്ലാത്ത പ്രകാര ത്തിൽ പലകൂട്ടം ചോദ്യങ്ങൾ ചെയ്യിക്കയും കവർച്ചയിടുകയും അടി പ്പിക്കെയും സ്ത്രീജനങ്ങളുടെ നേരെ ചെയ്യരുതാത്ത ചോദ്യങ്ങൾ ചെയ്യിക്കയും ' ചെയ്തുവെന്നും 'കേൾക്കുന്നു' വെന്നതാണ്. വെറും ഒരു കേൾവി. അതു ശരിയോണോയെന്നു ആരും ഒരു അന്വേഷണം നടത്തിയിട്ടില്ല. ഈ കേൾവിയെ ആധാരമാക്കിയാണ് 'ലഹളക്കാർ' തന്നെ തരകനെ മൃഗീയമായി ശിക്ഷിക്കുന്നത്. ദുർഭരണം ആരുടേ താണ്; നമ്പൂതിരിയുടേതോ. പിന്നാലെ വന്നവരുടേതോ?

എന്നാൽ തരകനെപ്പറ്റിയുള്ള കേൾവി അടിസ്ഥാനരഹിതമാ ണെന്നും മറ്റ് അന്വേഷണങ്ങൾ കൂടാതെതന്നെ മനസ്സിലാക്കാവുന്ന താണ്. കാരണം തരകൻ ഒരു ഗവർമ്മെണ്ടുദ്യോഗസ്ഥനല്ല. ഒരു ഉദ്യോഗസ്ഥനല്ലാത്തയാൾ ശിക്ഷനടത്തുന്നതെങ്ങനെയാണ്. തരകൻ ഒരു പിടിച്ചുപറിക്കാരനും കൊള്ളക്കാരനുമെന്നനിലയിൽ അക്രമങ്ങൾ പ്രവർത്തിച്ചുവെന്നു പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. പക്ഷെ ന്യായമായ കച്ചവടം കൊണ്ടുതന്നെ അനേകലക്ഷം രൂപാ സമ്പാദി ക്കുകയും അതിൽ നല്ലൊരുഭാഗം പൊതുക്കാര്യങ്ങൾക്കായി വിനി യോഗിക്കുകയും ചെയ്ത മാത്തുത്തരകൻ, സ്വല്പം പണത്തിനായി കായംകുളം കൊച്ചുണ്ണിയുടെയോ വെള്ളായണി പരമുവിന്റെയോ വേഷംകെട്ടിയെന്നു ജല്പിക്കുവാൻ ആർക്കാണു സാധിക്കുക? 40 വർഷക്കാലം മർയ്യാദക്കാരനും രാജ്യരക്ഷാവ്യാപൃതനുമായിരുന്ന ഒരു മാന്യൻ തനിക്ക് പ്രയോജനമില്ലാത്ത ഒരു കാര്യത്തിന് ഒന്നരമാസ ത്തിനിടകൊണ്ട് തീവെട്ടിക്കൊള്ളക്കാരനായി എന്നു കരുതുവാൻ വിശേഷബുദ്ധി നമ്മെ അനുവദിക്കുന്നില്ല.

974 മേടം 11 മുതൽ മിഥുനം വരെയുള്ള തീയതികളിലാണല്ലോ നമ്പൂതിരി ദളവായായി ഭരിച്ചത്. ഇക്കാലഘട്ടത്തിൽ രാജ്യകാര്യ ങ്ങളിലെന്നല്ലാ മറ്റൊരു കാര്യങ്ങളിലും ശ്രദ്ധതിരിക്കുവാൻ സാധി ക്കാത്ത ചുറ്റുപാടുകളാണ് മാത്തുത്തരകന് ഉണ്ടായിരുന്നതെന്ന് നമു ക്കറിയാം. അദ്ദേഹം തന്റെ ജീവിതത്തിലെ ഏറ്റവും വലിയ കാര്യ ങ്ങൾ സാധിക്കുന്നതിനുവേണ്ടി - സ്വസമുദായത്തിലെ -സ്വജാതി ഭരണവും ആറാം മാർത്തോമ്മായുടെ പുനരൈക്യവും സാധിക്കുന്ന തിനുവേണ്ടി - കിണഞ്ഞു പരിശ്രമിക്കുകയായിരുന്നു. 1799 ഏപ്രിൽ 10-ാം തീയതിയായിരുന്നു കട്ടക്കയത്തിൽ മല്പാനെ ഗോവർണ്ണദോ റായി തിരഞ്ഞെടുത്ത ചങ്ങനാശ്ശേരി സമ്മേളനമെന്നും, മേയ് 20-ാം

malankaralibrary.com

തീയതിയാണ് ആലപ്പുഴ പടിയോല എഴുതിയതെന്നും ജൂൺ 21-ാം തീയതിയാണ് മാർത്തോമ്മാ മെത്രാൻ കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ടതെന്നും ഏപ്രിൽ 10 മുതൽ ജൂൺ 21 വരെയുള്ള തീയതികളിൽ – അതാണല്ലോ നമ്പൂതിരിയുടെ ഭരണകാലം – പുനരൈക്യം സംബന്ധിച്ച കൂടിയാലോചനകളിൽ തരകൻ മുഴുകിയിരിക്കുകയായിരുന്നെന്നും ഉള്ള വസ്തുതകൾ അനുസ്മരിക്കുമ്പോൾ, തരകന് രാജ്യകാര്യങ്ങളിൽ ഏർപ്പെടുവാൻ അല്പം പോലും സമയമോ സൗകര്യമോ ഉണ്ടായിരുന്നില്ലെന്നു കാണാവുന്നതാണ്.

മാർത്തോമ്മാ മെത്രാന്റെ പുനരൈക്യം സംബന്ധിച്ചു വരാപ്പുഴ അധികാരികളുമായും കൊച്ചി മെത്രാനുമായും മാർത്തോമ്മായായും അനേകം തവണ തരകന് കൂടിയാലോചന നടത്തേണ്ടി വന്നിട്ടുണ്ട്. ഇതിലേക്ക് നിരണം, ചങ്ങനാശ്ശേരി, വരാപ്പുഴ, കൊച്ചി, കൊല്ലം, കായംകുളം, തത്തംപിള്ളി മുതലായ സ്ഥലങ്ങളിൽ അദ്ദേഹം സഞ്ചരിച്ചിരുന്നതായും സമുദായനേതാക്കന്മാരെ വിളിച്ചുവരുത്തി ആലോചിച്ചിരുന്നതായും കാണുന്നു. നമ്പൂതിരി ദളവായായിരുന്ന 55 ദിവസങ്ങൾക്കുള്ളിലാണ് തരകൻ സമുദായത്തിനുവേണ്ടി ഈ വൻകാര്യങ്ങൽ ആലോചിച്ചതും സാധിച്ചതും. അതിനിടയ്ക്കു ദളവായ്ക്കു ആലോചന പറഞ്ഞു കൊടുക്കുന്നതിനോ ഉത്തരതിരുവിതാംകൂറിൽ കവർച്ച നടത്തുന്നതിനോ സ്ത്രീകളോടു മര്യാദയില്ലാത്ത ചോദ്യങ്ങൾ ചെയ്യിക്കുന്നതിനോ ഷഷ്ടിപൂർത്തിയടുത്ത തരകന് സമയമുണ്ടായിരുന്നില്ല. തരകന്റെ അഭ്യുദയത്തിൽ അസൂയാലുക്കളായിരുന്ന വല്ലവരും തരകന് എതിരായ ഒരു കിംവദന്തി വേലുത്തമ്പിയുടെ ചെവിയിൽ എത്തിച്ചിരിക്കും. അല്ലെങ്കിൽതന്നെ തന്റെ ബദ്ധശത്രുവായ ആ നസ്രാണിയെപ്പറ്റി തമ്പി ഒരു കേൾവി സ്വയം സൃഷ്ടിച്ചിരിക്കാം. ഏതായാലും നിരപരാധിയായ ഒരു പൗരമുഖ്യനെ വെറും കേൾവിയെ ആധാരമാക്കി യാതൊരു അന്വേഷണവും നടത്താതെ, പരാതിക്കാരനെക്കൊണ്ടുതന്നെ ശിക്ഷിപ്പിച്ച ബാലരാമവർമ്മ മഹാരാജാവിന്റെ പ്രവൃത്തി ഏറ്റവും നികൃഷ്ടവും അക്രമവുമായിപ്പോയി എന്നു പറയാതെ തരമില്ല."

☆

malankaralibrary.com

# 19

# തരകനെതിരായ ആരോപണങ്ങൾ

നാട്ടാർകൂട്ടംകൂടി നമ്പൂതിരി ദളവായ്ക്കെതിരെ പല ആരോപണങ്ങൾ ഉന്നയിച്ചതിൽ ഒന്ന് നമ്പൂതിരിമാർ മൂന്നുപേർക്കും ശങ്കരനാരായണപിള്ളയ്ക്കും അല്ലാതെ മറ്റാർക്കും മഹാരാജാവിനെകണ്ട് സങ്കടങ്ങൾ അറിയിക്കാൻ അനുവാദമില്ലായെന്നുള്ളതാണ്. തിരുമനസ്സറിയാതെ കല്പനകൾ പുറപ്പെടുവിക്കുന്നുവെന്നും ആരോപിക്കപ്പെട്ടു. ശങ്കരൻ നമ്പൂതിരിയുടെ കാലത്ത് ആർക്കും മഹാരാജാവിനെ കാണാൻ അനുവാദം നൽകിയിരുന്നില്ല എന്നു പറയുമ്പോൾ അതിന് മുൻപെല്ലാം ആ സൗകര്യം ജനങ്ങൾക്ക് നൽകിയിരുന്നുവെന്നാണല്ലോ മനസ്സിലാക്കേണ്ടത്. അത് തെറ്റാണ്. എക്കാലത്തും ദളവാമാരുടെ ഇഷ്ടപ്പെട്ടവർക്കും പ്രമാണികൾക്കുമല്ലാതെ രാജാവിനെ സന്ദർശിച്ച് നിവേദനം നടത്തുവാൻ അനുവാദമുണ്ടായിരുന്നില്ല. 1932–1944 ൽ സർ. സി.പി.യുടെ ദിവാനുദ്യോഗകാലത്തും ഇതുതന്നെയായിരുന്നു അനുഭവം. മുൻകാല കീഴ്വഴക്കം കുറെക്കൂടി കർശനമാക്കിയിരിക്കാം. ഈ നടപടിയിൽ മാത്തുത്തരകന് പങ്കുള്ളതായി ആരും പറഞ്ഞിട്ടില്ല.

അധികാരത്തിലിരുന്ന നമ്പൂതിരിമാർ സ്വത്തുക്കൾ സമ്പാദിക്കുകയും മറുനാട്ടിലേക്ക് കടത്തുകയും ചെയ്തുവെന്നാണ് മറ്റൊരു ആരോപണം. ഈ ആരോപണം തെളിയിക്കാൻ യാതൊരു രേഖയും അവർ ഹാജരാക്കിയില്ല. വേലുത്തമ്പിദളവായുടെ ജീവചരിത്രം എഴുതിയ വെങ്കുളം പറഞ്ഞിരിക്കുന്നത് 'മൊത്തത്തിൽ ഇവർക്കുണ്ടായിരുന്ന ആദർശം മാനം വിറ്റും പണം നേടിക്കൊണ്ടാൽ മാനക്കേടപ്പണം തീർത്തുകൊള്ളും എന്നതായിരുന്നു. നമ്പൂരിമാർ വിദേശികളായിരുന്നതുകൊണ്ട് വിദേശങ്ങളിലേക്ക് അവർ പണം കടത്തിയിരിക്കണം എന്ന ഒരു ഊഹമായിരിക്കണം അവർക്കുള്ളത്. ദളവായുടെയും മറ്റും സ്വത്തുക്കൾ കണ്ടുകെട്ടി പെട്ടെന്ന് അറസ്റ്റ് ചെയ്യുകയാണുണ്ടായത്. കണ്ടുകെട്ടിയ തുക എന്തുമാത്രമെന്നുപോലും പരസ്യപ്പെടുത്തിയിട്ടില്ല. ദളവായും മറ്റും വിദേശികളായിരുന്നതിനാൽ സ്വാഭാവികമായും അവർ പണം അവരുടെ നാടുകളിലേക്ക് കടത്തുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെ ചെയ്തെങ്കിൽ അത് തെറ്റു തന്നെയാണ്. മറ്റൊരു ആരോപണം വളരെ ഗുരുതരമാണ്. നമ്പൂതിരിമാർ ക്ഷുദ്രപ്രയോഗം നടത്തി അവർക്ക് ഇഷ്ടപ്പെട്ടതിൻവണ്ണം കാര്യങ്ങൾ നടത്തിയിരുന്നു

malankaralibrary.com

വെന്നാണ് ആരോപണം. ഇതിനെപ്പറ്റി തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു (പേജ് 310). “ദക്ഷിണതിരുവിതാംകൂറിൽ വേലുത്തമ്പി വിളിച്ചുകൂട്ടിയ നാട്ടുകൂട്ടത്തെ ക്ഷുദ്രപ്രയോഗംകൊണ്ട് ശിഥിലമാക്കുന്നതിനായി നമ്പൂതിരിമാർ സഹോദരീ ഭർത്താവായ ചാലനാട്ട് നമ്പൂതിരിയെ നിയോഗിച്ചയക്കുകയും ചെയ്തിരിക്കുന്നു. ക്ഷുദ്രപ്രയോഗങ്ങളിൽ വിശ്വാസമില്ലാത്തവർക്ക് ഇത് വെറും ബാലിശമായ ആരോപണമായിട്ടേ തോന്നുകയുള്ളൂ. എന്നാൽ അതിൽ വിശ്വസിക്കുന്നവരുടെ അവസ്ഥ അതല്ല. ആറ്റം ബോംബിനേക്കാൾ അവർ അതിനെ ഭയപ്പെട്ടെന്നു വരാം. അതിനാൽ നമ്പൂതിരിമാർ ക്ഷുദ്രപ്രയോഗം ചെയ്യിച്ചുവെങ്കിൽ അക്കാലസ്ഥിതിക്ക് പ്രത്യേകിച്ചും അത് ഗുരുതരമായ ഒരു കുറ്റം തന്നെയാണ്.”

വേലുത്തമ്പി നാട്ടുകാരനാണ്. മറുനാട്ടുകാർ മറ്റൊരു ക്രൂരകൃത്യവും കൂടി വേലുത്തമ്പിയോടു ചെയ്തു. വേലുത്തമ്പി പകടശ്ശാരിയിൽ ചെന്ന് ഇരുന്നപ്പോൾ എഴുന്നേറ്റു പോകുവാൻ പറഞ്ഞുവെന്നതാണ് ആ കുറ്റം. മറുനാട്ടിൽനിന്ന് വന്ന് പാർക്കുന്ന നമ്പൂതിരിക്ക് ഇങ്ങനെ പറയുവാൻ എന്താണവകാശം. ആരൊക്കെ ക്ഷമിച്ചാലും വേലുത്തമ്പി ക്ഷമിക്കുകയില്ല. തെക്കൻ തിരുവിതാംകൂറിലെ പ്രഗത്ഭമായ ഒരു താവഴിയിലെ അംഗമായ വേലുത്തമ്പിയോട് രാജ്യരക്ഷാ ഫണ്ടിലേക്ക് 20000 പണം തരണമെന്നാവശ്യപ്പെട്ടു. ഇപ്പോൾ തന്റെ കൈവശമില്ലെന്നും മൂന്നുദിവസത്തെ സമയം തന്നാൽ നാഞ്ചിനാട്ടിൽ ചെന്ന് പണം എടുത്തുകൊണ്ടു വരാമെന്നും പറയുകയും തദർത്ഥം ഒരു പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടുകൊടുക്കുകയും ചെയ്തു. അതിനുശേഷം പകടശാലയിൽ ചെന്നിരുന്നപ്പോഴാണ് അവിടെനിന്നും എഴുന്നേറ്റു പോകുവാൻ പറഞ്ഞത്. ഇതിൽപ്പരം ഒരു നാണക്കേടുണ്ടാകാനുണ്ടോ?

തമ്പി നാഞ്ചനാട്ടിൽ എത്തി കുറെ ജനങ്ങളെ വിളിച്ചുകൂട്ടി. ദളവായുടെ അക്രമങ്ങളെപ്പറ്റി വിശദീകരിച്ചു. ഇതിനെ ചോദ്യം ചെയ്യാൻ എല്ലാവരുംകൂടി തിരുവനന്തപുരത്ത് എത്തണമെന്നും താൻ നേതൃത്വം നൽകിക്കൊള്ളാമെന്നും വേലുത്തമ്പി പറഞ്ഞു. തമ്പിയുടെ നിർദ്ദേശമനുസരിച്ച് എല്ലാവരുംകൂടി വേലുത്തമ്പിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് കിഴക്കേക്കോട്ടവാതിലിന്റെ അടുത്തുവന്ന് പാളയം അടിച്ചു. വേലുത്തമ്പി ലഹളക്കായി വന്നിരിക്കുന്ന വിവരം അറിഞ്ഞപ്പോൾ മഹാരാജാവും ദിവാൻജിയും എല്ലാം ഭയപ്പെട്ടു. നല്ല വാഗ്സാമർത്ഥ്യം ഉള്ള ഒരാൾക്ക് സാധാരണക്കാരായ

malankaralibrary.com

ജനങ്ങളെ സംഘടിപ്പിക്കുവാനും പ്രക്ഷുബ്ധരാക്കുവാനും സാധിക്കും. ഇക്കാലത്തും അങ്ങനെതന്നെയാണ് സ്ഥിതി. നിരക്ഷരകുക്ഷികളും അടിമകളും കൊല്ലും കൊലയ്ക്കും അധികാരമുണ്ടായിരുന്ന ജന്മിമാരെയും യജമാനന്മാരെയും ഭയപ്പെട്ടു കഴിഞ്ഞവരുമായ അക്കാലത്തെ പാവപ്പെട്ട ജനങ്ങൾ സമ്പന്നനും കാര്യക്കാരുമായിരുന്ന തമ്പിയുടെ വാക്കനുസരിച്ചു പുറപ്പെട്ടതിൽ അത്ഭുതപ്പെടാനില്ല.

മൂന്നു ദിവസത്തെ അവധി ചോദിച്ചുപോയ തമ്പി ആളുകളെ സംഘടിപ്പിച്ച് എത്തിയെന്നു പറയുന്നത് വിശ്വസിക്കാൻ പ്രയാസമാണ്. 'രാജാ കേശവദാസന്റെ ബന്ധനവും അപ്രതീക്ഷിത ദുർമരണവും ശ്രവിച്ചപ്പോൾ ആ വീരാരാധകൻ (വേലുത്തമ്പി) പ്രക്ഷുബ്ധമാനസനായി, നമ്പൂതിരിയ്ക്ക് എതിരായി പുറപ്പെടണമെന്ന് തെക്കൻ തിരുവിതാംകൂറിലെ നായർ പ്രഭുക്കന്മാരുമായി ഒരു ആലോചന നടത്തി.' എന്നാണ് വേലുത്തമ്പി ദളവായുടെ ചരിത്രത്തിൽ എഴുതിയിരിക്കുന്നത്. ഇതിൽനിന്നും നമ്പൂതിരി ദളവായാകുന്നതിന് മുൻപുതന്നെ ഒരു വിപ്ലവത്തിന് വേലുത്തമ്പി ഒരുങ്ങിത്തുടങ്ങിയതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആ ഗൂഢാലോചന യഥാസമയം കണ്ടുപിടിക്കുവാൻ ഭരണാധികാരികൾക്ക് സാധിച്ചില്ല.

തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിൽ (പേജ് 313) ഇപ്രകാരം എഴുതിയിരിക്കുന്നു. 'നമ്പൂതിരി എത്ര തന്നെ ദുഷ്ടനും അയോഗ്യനും അപ്രാപ്തനും ആയിരുന്നാലും ഒരു കാര്യത്തിൽ നാം അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതായിട്ടാണിരിക്കുന്നത്. തന്റെ ഭരണത്തിനെതിരായി പുറപ്പെട്ടിരിക്കുന്ന ഈ ജനക്കൂട്ടത്തെ പട്ടാളത്തെ അയച്ച് ഓടിച്ചുകളയുവാൻ അദ്ദേഹം മുതിർന്നില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ തിരുവിതാംകൂറിന്റെ അനന്തരചരിത്രം വേറൊരു വിധത്തിലാകുമായിരുന്നു. നമ്പൂതിരി അങ്ങനെ ചെയ്യാതിരുന്നത് പ്രജാവത്സലനായ മഹാരാജാവ് അനുവദിക്കാതിരുന്നതുകൊണ്ടാണെന്ന് വരുത്തിത്തീർക്കുവാൻ ചില ഗ്രന്ഥകാരന്മാർ വൃഥാശ്രമം ചെയ്തുകാണുന്നുണ്ട്. അവർ ഒരു കാര്യം ഓർക്കുന്നില്ല. അഞ്ചുകൊല്ലം കഴിഞ്ഞ് വീണ്ടും ഒരു വിപ്ലവമുണ്ടായപ്പോൾ ഈ മഹാരാജാവ് തന്നെ ബ്രിട്ടീഷ് പട്ടാളത്തിന്റെയും മറ്റും സഹായത്തോടുകൂടി ലഹള അമർച്ച വരുത്തുകയും അതിന്റെ നേതാക്കന്മാരെയെല്ലാം പിടികൂടി മൃഗീയമായി മർദ്ദിക്കുകയും ചെയ്തു. പക്ഷെ അന്ന് ദളവാ വേലുത്തമ്പിയായിരുന്നു. അന്നു മഹാരാജാവ് കാണിക്കാത്ത പ്രജാവാത്സല്യം അഞ്ചുകൊല്ലം മുമ്പ് കാണിച്ചുവെന്ന് എങ്ങനെ വിശ്വസിക്കാനാണ്. എന്നു മാത്രമല്ല എതിരാളികൾ പറയുന്നതുപോലെയുള്ള സ്വാധീനം നമ്പൂ

malankaralibrary.com

തിരിമാർക്ക് മഹാരാജാവിൽ ഉണ്ടായിരുന്നുവെങ്കിൽ അവർ ആവശ്യപ്പെട്ടാലുടൻ മഹാരാജാവ് സേനയെ ഇറക്കുമായിരുന്നു. അനന്തര ചരിത്രകാരന്മാർ ചിത്രീകരിച്ചു കാണിക്കുന്നതുപോലെയുള്ള ഒരു നിഷ്കണ്ടകനല്ലായിരുന്നു നമ്പൂതിരി ദളവായെന്നാണ് ഇത് സൂചിപ്പിക്കുന്നത്.'

ലഹളവിവരം അറിഞ്ഞപ്പോൾതന്നെ ഭയപ്പെട്ട രാജാവ് യാതൊരു അന്വേഷണവും കൂടാതെ തന്റെ സഹപ്രവർത്തകരെ ശിക്ഷിച്ച് പ്രക്ഷോഭകാരികളുടെ ഇംഗിതത്തിനും വഴങ്ങി. നമ്പൂതിരിമാർ മൂന്നുപേരെയും മൂന്നിടത്തായി തടവിലാക്കി. ശങ്കരനാരായണപിള്ളയെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിട്ട് കൈയ്ക്കും കാലിനും തുടുവിലങ്ങിട്ട് പാർപ്പിച്ചു. ഇരവിപുത്തൂർ ശങ്കരപിള്ളയേയും രാമൻപിള്ളയേയും വലിയ യജമാൻ പാർത്ഥിവപുരം പത്മനാൻ ചെമ്പകരാമനെയും തടവിൽ പാർപ്പിച്ചു. മാത്തുത്തരകനെ വടക്കുനിന്നും കൊണ്ടുവന്ന് കോട്ടയക്കകത്ത് കച്ചേരിയിൽ വിലങ്ങിലാക്കി. കൃഷ്ണപിള്ള സർവ്വാധികാര്യക്കാരെയും പത്മനാഭനണ്ണാവി കാര്യക്കാരെയും കണക്കു യോഗീശ്വരൻ രാമനെയും കാവലിലാക്കി.

വേലുത്തമ്പി ഇതുകൊണ്ട് ഒന്നും തൃപ്തനാകാതെ നമ്പൂതിരിമാർ മൂന്നുപേരെയും മാത്തുത്തരകനെയും മററും കൂട്ടത്തിൽ ഏൽപ്പിച്ചു തരണമെന്നും മുന്നാളിലില്ലാത്ത കുത്തകകളും വരികളും വെച്ചിരിക്കുന്നത് കുറച്ചുതരണമെന്നും ആവശ്യപ്പെട്ടു. രാജാവ് അതിനും സമ്മതിച്ചു. വിപ്ലവകാരികളുടെ ഇനിയുള്ള ആവശ്യങ്ങൾ ഏതെല്ലാമാണെന്ന് അറിഞ്ഞുവരുവാൻ മഹാരാജാവ് ഭൃത്യന്മാരെ അയച്ചു. വിപ്ലവകാരികൾ പരസ്പരം ആലോചിച്ച് അവരുടെ തീരുമാനം മഹാരാജാവിനെ അറിയിച്ചു. തുടർന്നുള്ള കാര്യങ്ങൾ മാത്തുത്തരകൻ ജീവചരിത്രത്തിൽ (പേജ് 314,315) ഇപ്രകാരം എഴുതിയിരിക്കുന്നു. "1. ജയന്തൻ ശങ്കരൻ, ജയന്തൻ ജയന്തൻ, ജയന്തൻ സുബ്രഹ്മണ്യൻ, പാലനാട്ടു നമ്പൂതിരി, ചോലക്കര നമ്പൂതിരി എന്നിവരെ തോവാളക്കോട്ടയ്ക്ക് വെളിയിലാക്കണം. ഉതിയേരി നമ്പൂതിരിമാരെ ഇന്നാട്ടിൽ വരുത്തുകയില്ലെന്നു ഉറപ്പുവരുത്തണം. 2. ശങ്കരനാരായണപിള്ളയേയും മാത്തുത്തരകനേയും അടിച്ച് ചെവി രണ്ടും അറുക്കണം. 3. അമ്പലവാണൻ താണുവിനെയും മുത്തു വൈരവൻ ശങ്കരനെയും പത്മനാഭൻ ചെമ്പകരാമനെയും തോവാളക്കോട്ടയ്ക്ക് വെളിയിലാക്കണം. 4. ഉപ്പുകുത്തുകയും തെങ്ങുവരിയും പരുത്തികുത്തുകയും നിലക്കടലക്ക ചത്തക്കൂലി വച്ചിരിക്കുന്നതിൽ ഒന്നു പാതി ഒഴിവാക്കണം."

malankaralibrary.com

അന്യായക്കാരൻതന്നെ എഴുതിയ ഈ വിധി നടപ്പാക്കുവാൻ മഹാരാജാവ് ഉത്തരവായി. ശിക്ഷിക്കേണ്ടവരെയെല്ലാം മുകളിൽ പറഞ്ഞിരിക്കുന്നതു പോലെ ശിക്ഷിപ്പിച്ചു. ഉപ്പുകുത്തകയും തെങ്ങുവരിയും പരുത്തികുത്തകയും നാടൻപാക്കു കുത്തകയും മഞ്ഞൾ കുത്തകയും ഒഴിഞ്ഞുകൊടുത്തു. ലഹളത്തലവൻമാർക്ക് സന്തോഷമായി. കൂട്ടം പിരിഞ്ഞുപോകയും ചെയ്തു. ലഹളത്തലവന്മാരെ മഹാരാജാവ് തിരുമുൻപിൽ വരുത്തി ശാകുന്തളം നാടകത്തിൽ കശ്യപൻ ചോദിക്കുന്നതുപോലെ 'ഇനി എന്തൊരു പ്രിയമാണ് ഞാൻ നിങ്ങൾക്ക് ചെയ്യേണ്ടത് ' എന്നു ചോദിച്ച് 'ഇതുകൂടി ഇരിക്കട്ടെ ' എന്നു കല്പിച്ച് ലഹളത്തലവന്മാരായ ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ളയെ ദളവായായും വേലുത്തമ്പിയെ മുളകുമടിശീല സർവ്വാധികാര്യക്കാരായും നിയമിച്ചു.

തമ്പിയുടെ പ്രക്ഷോഭണം അങ്ങനെ ജയിച്ചു. ഇനി ദളവാക്കസേര മാത്രമേ ലഭിക്കാനുള്ളൂ. അതിനുവേണ്ടി കൊട്ടാരം സമ്പ്രതി കുഞ്ചുനീലൻപിള്ളയുടെ സഹായത്തോടുകൂടി കാണിച്ച പ്രവർത്തികൾ മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. ജയന്തൻ ശങ്കരൻ ദളവായായപ്പോൾ മഹാരാജാവ് നടത്തിയ അഭ്യർത്ഥന ലഹളക്കാരുടെ തലവന്മാരായി അധികാരമേറ്റവരോടും നടത്തുകയുണ്ടായി. അത് ഇതാണ്. 'അമ്മാവൻ എഴുന്നള്ളി ഇരിക്കുമ്പോൾ അമ്മാവനെയും അറിയിച്ചു ദിവാൻ ഏതാനും പണത്തിന് കടം ഉണ്ടാക്കി വച്ച് തീർക്കുന്നതിന് നിങ്ങൾ വിചാരിച്ച് ആയതിനുകൂടി ഒഴിച്ചിൽ വരുത്തണം.' മഹാരാജാവിന്റെ ഈ ശാസനം നടപ്പിൽ വരുത്തുവാനാണ് നമ്പൂതിരി ദളവാ നാട്ടിലെ സമ്പന്നന്മാരെ ക്ഷണിച്ചു വരുത്തി വരിസംഖ്യ ചുമത്തി ഈടാക്കുവാൻ ശ്രമിച്ചത്. വേലുത്തമ്പിയും അതുതന്നെ ചെയ്തു. വേലുത്തമ്പിയുടെ ശ്രമങ്ങളും കലാപത്തിലും ബഹളത്തിലും കലാശിക്കുകയാണുണ്ടായത്.

975 പുരട്ടാശി മാസം 14–ാം തീയതിയിലെ ഒരു മുളകുമടിശീലക്കണക്ക് അനുസരിച്ച് അന്നത്തെ സാമ്പത്തികനിലയെപ്പറ്റി ടി.കെ. വേലുപ്പിള്ള തിരുവിതാകൂറും മേൽക്കോയ്മയും എന്ന ഗ്രന്ഥത്തിൽ (പേജ് 205, 206) ഇപ്രകാരം എഴുതിയിരിക്കുന്നു. "വടക്കു നെടുങ്കോട്ടയിൽ ടിപ്പുചുലുത്താന്റെ പാളയം 65–ാമാണ്ട് വന്നുകേറുകകൊണ്ട് ചുലുത്താന്റെ പാളയം ഒഴിക്കുന്നതിന് ഇങ്കിരേചു കൊമ്പഞ്ഞിയുമായിട്ടു അന്നുന്നിയം പറഞ്ഞു. കൊമ്പിഞ്ഞി പട്ടാളത്തിനെ വരുത്തി പാർപ്പിച്ചു. ശ്രീരംങ്ക പട്ടണത്തോളം പാളയം ചെന്നു ടിപ്പുചുലുത്താന്റെ പാളയത്തിന്റെ ഒഴിപ്പിക്കകൊണ്ടു ആയതിന് തന്ന ചിലവ് ഉൾപ്പെട്ട

malankaralibrary.com

വകൈക്ക് ഏതാനും തിരവിയം വർത്തകന്മാരോടും വെള്ളക്കാരോടും തിവാൻരായെ കേചവനാചു കടം വാങ്ങി ചിലവിട്ടിരിക്കകൊണ്ടും ആ വകൈക്കടം 74-ാമാണ്ട് അടിമാസം വരെയും മീട്ടാതെ പലിച വർത്തിച്ചു വരികകൊണ്ടും വർത്തകന്മാരും വെള്ളക്കാററും വന്നു ഏറെ നെരുക്കം ചെയ്യിക കൊണ്ട് ഇക്കാരിയത്തിന് തളവാ കിറട്ടി ണൻ ചെൺപകരാമൻപിള്ളയും ചർവാതികാരിയും അയ്യപ്പൻ ചെൺപ കരാമപിള്ളയും വലിയമേലെഴുത്ത് മാതേവൻപിള്ളയും മൂത്തപി ള്ളയും ചമ്പിറുതി കുഞ്ചുനീലൻപിള്ളയും വരുത്തി വിചാരിച്ചാറെ രാച്ചിയത്ത് ഉള്ള മുതൽകൊണ്ട് നിതാനച്ചെലവ് പോകെ മിച്ചമി ല്ലെന്നും പിറനാട്ടിൽ ഉള്ള വർത്തകൻമാരുടെ പറ്റിലും വെള്ളക്കാരുടെ പറ്റിലും കടം വാങ്ങിച്ചിരിക്കുന്നതാകകൊണ്ട് അവർക്ക് ഏറിയ പലി ചൈവച്ചു എഴുതിക്കൊടുത്തിരിക്കകൊണ്ടും ആവകൈക്കടം ഇപ്പോൾ ത്തന്നെ മീട്ടിത്തീർക്കാഞ്ഞാൽ വലുതായിട്ട് കാരിയതോഴങ്ങൾ വരു ന്നതാകകൊണ്ടും ഇവകൈക്കും മുതലും പലിചൈയും എഴുതിച്ചു കണ്ടാറെ ഇരുപത്തിയഞ്ച് നൂറായിരം രൂപായോളം കൊടുപ്പാൻ കാൺകകൊണ്ടും ആവകൈക്കു ഈടുംവെപ്പ് വകയിൽ മടിച്ചീല ഇരി പ്പില്ലാഴിയ കൊണ്ട് ......."

തകർന്ന ഒരു സാമ്പത്തികമായിരുന്നു അന്നു തിരുവിതാംകൂ റിന്റേത്. 975-ൽ തിരുവിതാംകൂറിന് വെളിയിൽ കൊടുത്തു തീർക്കേണ്ട കടം 25 ലക്ഷം ആയിരുന്നു. രാജ്യത്തെ വരവുകൊണ്ട് അനുദിനചിലവുകൾപോലും വഹിക്കാൻ സാധിക്കയില്ലായിരുന്നു. രാജ്യത്തിനുള്ളിൽനിന്നും എടുത്തിട്ടുള്ള കടവും ഇംഗ്ലീഷ്കമ്പനിക്കാ രോട് വാങ്ങിച്ച കടവും വേറെയുണ്ടായിരുന്നു. കമ്പനിക്കാർക്ക് വർഷം തോറും കൊടുക്കേണ്ട കപ്പവും കടവും കൊടുക്കാൻ സാധിച്ചില്ലെ ങ്കിൽ അവരുടെ ആക്രമണം ഏതവസരത്തിലും ഉണ്ടാകാം എന്ന് ദളവാ നമ്പൂതിരി മനസ്സിലാക്കി. മലബാറിലെ രാജ്യങ്ങൾ ഒന്നിനുപു റകെ ഒന്നായി ഇംഗ്ലീഷ്കമ്പനികൾ കൈയ്യേറി. ആ ദുരന്തം ഉണ്ടാ കാതിരുന്നത് രാജാകേശവദാസന്റെ നിര്യാണത്തെത്തുടർന്ന് ഇംഗ്ലീ ഷുകാർക്ക് കിട്ടേണ്ട സംഖ്യയ്ക്കുവേണ്ടി പിടിമുറുക്കുവാൻ തുടങ്ങി.

ഈ പ്രതിസന്ധിയിലാണ് നമ്പൂതിരി ദളവാ അധികാരമേൽക്കു ന്നത്. എന്താണ് ചെയ്യേണ്ടത്? നമ്പൂരിക്ക് വേണമെങ്കിൽ രാജ്യം ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് അടിയറവച്ച് അവരിൽനിന്ന് നല്ലൊരു തുകയും വാങ്ങി സ്വന്തം നാട്ടിലേക്കു മടങ്ങാം. അതുമല്ലെങ്കിൽ എങ്ങ നെയെങ്കിലും പണമുണ്ടാക്കി കമ്പനിക്ക് കൊടുക്കുവാനുള്ള പണം കൊടുത്ത് രാജ്യത്തെ അവരുടെ പിടിയിൽനിന്ന് രക്ഷിക്കുക. ഈ

malankaralibrary.com

രണ്ടു മാർഗ്ഗങ്ങളിൽ രണ്ടാമത്തേതാണ് ദളവാ സ്വീകരിച്ചത്. കടം വീട്ടേണ്ടത് ദളവായെന്ന നിലയിൽ നമ്പൂതിരിയുടെ ചുമതലയാണ്. പണം ഉണ്ടാക്കുവാൻ അദ്ദേഹം ശ്രമിച്ചു. പാവങ്ങളെ ദ്രോഹിക്കാതെ ധനവാന്മാരിൽനിന്നും വമ്പിച്ച ഭൂവുടമകളിൽനിന്നും പണം വാങ്ങിക്കുവാനാണ് നമ്പൂതിരി തീരുമാനിച്ചത്. തിരുവിതാംകൂറിനെ കമ്പനിക്കടിയറവയ്ക്കാതെ രാജ്യത്തെ സംരക്ഷിക്കാൻ ശ്രമിച്ചു എന്ന ഒറ്റ കാരണത്താൽ തിരുവിതാംകൂർ ജനത നമ്പൂതിരി ദളവായോട് നന്ദിയുള്ളവരാകേണ്ടതാണ്.

ദളവാ നിശ്ചയിച്ച തുക പിരിച്ചെടുക്കുന്നതിന് കർക്കശമായ നിലപാടെടുത്തു എന്നതു ശരിയാണ്. ഇന്നത്തെ നില വച്ചു നോക്കുമ്പോൾ അത് ക്രൂരമായ നടപടിയാണ്. അക്കാലത്ത് തിരുവിതാംകൂറിൽ നിലനിന്നിരുന്ന മനുസ്മൃതിയനുസരിച്ചുള്ള ശിക്ഷാരീതികൾ ക്രൂരം തന്നെയായിരുന്നു. 'വെയിലത്തു നിർത്തുക, കുനിച്ചു നിർത്തി മുതുകിൽ കല്ലു വയ്ക്കുക, പട്ടിണി ഇടുക, താഴ്ന്ന ജാതിക്കാരാണെങ്കിൽ സ്ത്രീജനങ്ങളെ കുനിച്ചു നിർത്തി അവരുടെ തലമുടിയിൽ ഉലക്ക കെട്ടിത്തൂക്കുക, പുളി കലക്കി കുടിപ്പിക്കുക ആദിയായ ശിക്ഷകൾ കരം കൊടുക്കാത്തവർക്ക് നൽകിയിരുന്നതായി ശ്രീ. വെങ്കുളം പരമേശ്വരൻപിള്ള വേലുത്തമ്പി ദളവായുടെ ജീവചരിത്രത്തിൽ (പേജ് 92) എഴുതിയിട്ടുണ്ട്.

തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ (പേജ് 319). ഇതിലും രസകരമായ വശം വേലുത്തമ്പി ഏതേതു കുറ്റങ്ങൾ നമ്പൂതിരി ദളവായുടെയും കൂട്ടരുടെയും മേൽ ആരോപിച്ചുവോ, ഏതേതു കുറ്റങ്ങൾക്കായി നമ്പൂതിരിമാരെ നാടുകടത്തുകയും അനുചരന്മാരെ ചെവിചെത്തി തുറങ്കിലടക്കുകയും ചെയ്തുവോ, അതേ കുറ്റങ്ങൾതന്നെ ദളവായായശേഷം വേലുത്തമ്പി ചെയ്തിരിക്കുന്നുവെന്നതാണ്. ശുഷ്കമായ രാജഭണ്ഡാഗാരത്തെ പോഷിപ്പിക്കുന്നതിലേക്ക് നമ്പൂതിരി ദളവായുടെ അടവുകൾതന്നെ വേലുത്തമ്പിയും സ്വീകരിച്ചു. നാട്ടിൽ പ്രമാണികളുടെ പേരിൽ വൻപിച്ച വരിസംഖ്യകൾ ചുമത്തുകയും അതു വസൂലാക്കുന്നതിന് ഹേമദണ്ഡങ്ങൾ പ്രയോഗിക്കുകയും ചെയ്തു. പണപ്പിരിവുകാര്യത്തിൽ നമ്പൂതിരി ദളവാ ഏതെല്ലാം മർദ്ദനനടപടികൾ സ്വീകരിച്ചിരുന്നുവോ അതിന്റെ ആയിരമിരട്ടി രൂക്ഷതരവും മൃഗീയവുമായ മർദ്ദനനടപടികൾ വേലുത്തമ്പി സ്വീകരിച്ചു. അടിക്കുക, ഇടിക്കുക, തൊഴിക്കുക, മുതലായ ക്രൂരകൃത്യങ്ങളും തമ്പി ചെയ്യിച്ചിരുന്നു. നമ്പൂതിരി 3000 രൂപായാണ് വേലുത്തമ്പിയിൽ നിന്നും ആവശ്യപ്പെട്ടത്. വേലുത്തമ്പിയാ

malankaralibrary.com

കട്ടെ മാത്തുത്തരകനിൽനിന്നും ലക്ഷക്കണക്കിന് രൂപാ വസൂലാക്കുകയും ഒടുവിൽ തരകന്റെ സകല സ്വത്തുക്കളും കണ്ടുകെട്ടുകയും ചെയ്തു. തരകന്റെ വീട്ടിലെ പെണ്ണുങ്ങൾക്കും കുഞ്ഞുകുട്ടികൾക്കുമുണ്ടായിരുന്ന ആഭരണങ്ങൾപോലും പിടിച്ചുപറിച്ചെടുത്ത് കണ്ടുകെട്ടി.

നമ്പൂതിരിയുടേത് ദുർഭരണമായിരുന്നുവെങ്കിൽ വേലുത്തമ്പിയുടേത് അതിനേക്കാൾ ദുർഭരണമായിരുന്നു. നമ്പൂതിരിയുടേത് 55 ദിവസത്തേക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. തമ്പിയുടേത് നീണ്ട ഏഴുകൊല്ലത്തേക്കും നമ്പൂതിരി ദളവായ്ക്കെതിരായി നാട്ടുകാർ ഇളകി. മഹാരാജാവ് പേടിച്ചു നമ്പൂതിരിമാരെ നാടുകടത്തുകയും ചെയ്തു. വേലുത്തമ്പി അതേ പ്രവർത്തികൾ അതിനേക്കാൾ കർക്കശമായ രീതിയിൽ ചെയ്തിട്ടും നാട്ടുകാർ ഇളകിയില്ല. വേലുത്തമ്പിയേപ്പോലെ അധികാരമോഹിയും നിഷ്കണ്ടകനുമായ ഒരു നേതാവ് അവരെ ഇളക്കുവാനുണ്ടായിരുന്നില്ലായെന്നതാണ് കാരണം. അന്ന് റസിഡണ്ടായിരുന്ന മെക്കാളെയുടെ സഹായം തമ്പിക്കുണ്ടായിരുന്നു എന്നതാണ് മറ്റൊരു കാരണം.

നാട്ടുകൂട്ടക്കാർ തയ്യാറാക്കിയ കുറ്റപത്രം അല്ലെങ്കിൽ ചെയ്തിക്കണക്കിനെ ആധാരമാക്കിയാണ് നമ്പൂതിരിയുടെ ഭരണത്തെപ്പറ്റി നാം വിലയിരുത്തിയത്. ആ രേഖയിൽ ഒരിടത്തും മാത്തുത്തരകനെ കുറ്റപ്പെടുത്തിയിട്ടില്ല. നമ്പൂതിരിക്ക് ആലോചന പറഞ്ഞുകൊടുത്തു വടക്കുനിന്ന് പണം പിരിക്കാമെന്ന് ഏറ്റു. ഇങ്ങനെ രണ്ടു കുറ്റങ്ങൾ മാത്രമേ തരകനെപ്പറ്റി പറഞ്ഞുള്ളൂ. അതും ശരിയല്ല. എന്നിട്ടും അതിക്രൂരമായ വിധം തരകനെ മർദ്ദിച്ചു. ഏതെങ്കിലും കുറ്റത്തിനു വേണ്ടിയല്ല തരകനെ മർദ്ദിച്ചത്. തികച്ചും വ്യക്തിപരമായ വൈരാഗ്യം തീർക്കുവാൻവേണ്ടി മാത്രമായിരുന്നു. രാജ്യത്തിനും രാജാവിനും വേണ്ടി നിസ്തുലസേവനം അനുഷ്ഠിച്ച ഒരു നസ്രാണിനേതാവിനെ നശിപ്പിക്കുന്നതിനുവേണ്ടി വേലുത്തമ്പി ചെയ്ത ദുഷ്ടതകൾ ഭീകരമായിരുന്നു. അത് മനസ്സിലാക്കുവാൻ ഇന്നും നസ്രാണിജനതയ്ക്ക് സാധിച്ചിട്ടില്ലെന്നത് എത്രയോ ദുഃഖകരമാണ്. ☆

malankaralibrary.com

# 20

# തരകൻ അനുഭവിച്ച പീഡനങ്ങൾ

കൊച്ചുമാത്തുത്തരകൻ മദ്രാസ് ഗവർണ്ണർക്കു സമർപ്പിച്ച പൂർണ്ണഹർജിയിൽനിന്നും മാത്തുത്തരകനും കുടുംബവും അനുഭവിച്ച പീഡനങ്ങൾ എത്ര ഭീകരമായിരുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്. നാട്ടാർകൂട്ടത്തിന്റെ ഇംഗിതങ്ങൾക്കുവഴങ്ങി നമ്പൂതിരി ദളവയേയും മറ്റും ശിക്ഷിച്ചത് ഒരിക്കലും നീതിക്കുനിരക്കുന്നതായിരുന്നില്ല. ബ്രാഹ്മണരായിരുന്നതുകൊണ്ട് അവരെ വധിക്കാൻ പാടില്ല. അതുകൊണ്ട് നാടുകടത്തൽ മാത്രമേ നടന്നുള്ളൂ. മറ്റുള്ളവർ ഹിന്ദുക്കളായിരുന്നതുകൊണ്ട് ആദ്യശിക്ഷയോടുകൂടി അവരോടുള്ള ശത്രുത തമ്പി അവസാനിപ്പിക്കുകയും ചെയ്തു. നസ്രാണി മാത്തുത്തരകനെ വധിക്കണമെന്ന്തന്നെയായിരുന്നു തമ്പിയുടെ ആഗ്രഹം. ധർമ്മരാജാവിന്റെ വിശ്വസ്തനായിരുന്ന തരകനെ ദ്രോഹിക്കുന്നതിന് മഹാരാജാവ് അനുകൂലിയല്ലായിരുന്നു. ശങ്കരൻനമ്പൂതിരിയെ തുടർന്ന് ദളവയായ കൃഷ്ണൻ ചെമ്പകരാമൻപിള്ളയ്ക്ക് മാത്തുത്തരകന്റെ സേവനങ്ങളെപ്പറ്റി നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹവും തരകനെ ദ്രോഹിക്കുന്നതിന് അനുകൂലിയല്ലായിരുന്നു.

വേലുത്തമ്പി മാത്തുത്തരകനേയും കുടുംബത്തേയും ഉന്മൂലനം ചെയ്യുന്നതിനുതന്നെ തീരുമാനിച്ചു. മാത്തുത്തരകൻ ജീവചരിത്രത്തിൽ (പേജ് 322) ഇപ്രകാരം എഴുതിയിരിക്കുന്നു. "സംസ്കാരബോധവും മനുഷ്യത്വവുമുള്ള ഏതൊരാളെയും ഞെട്ടിപ്പിക്കുന്നതിന് പര്യാപ്തമായ മൃഗീയ മർദ്ദനപരിപാടികളാണ് ദളവ തരകന് എതിരായി സ്വീകരിച്ചത്. ഇക്കാര്യത്തിൽ അന്ന് ബ്രിട്ടീഷ് റസിഡണ്ടായിരുന്ന കർണ്ണൽ മെക്കാളെയും വരാപ്പുഴ കർമ്മലീത്താ മിഷനറിമാരും ദളവായ്ക്ക് അനുകൂലികളായിരുന്നു എന്നത് ദയനീയമായ ഒരു വിരോധാഭാസമായിരിക്കുന്നു. 'ഞങ്ങൾക്ക് സീസറല്ലാതെ വേറെ രാജാവില്ല; ബറാബാസിനെ വിട്ടയയ്ക്കുകയും യേശുവിനെ കുരിശിൽ തറയ്ക്കുകയും ചെയ്യുക' എന്നു മുറവിളി കൂട്ടിയ യഹൂദപ്പരിഷയെ അനുസ്മരിപ്പിക്കുന്ന ചില പ്രവർത്തികളാണ് നിർഭാഗ്യവശാൽ അവരിൽനിന്നുണ്ടായത്."

ആലപ്പുഴ തത്തംപള്ളിയിൽ വച്ചുനടന്ന ഒന്നാം മാർ ദിവന്യാസോസിന്റെ പുനരൈക്യചടങ്ങിൽ ഭാഗഭാക്കായി തരകൻ തത്തംപള്ളിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ് ലഹളയെപ്പറ്റിയുള്ള

malankaralibrary.com

വിവരം അദ്ദേഹം അറിയുന്നത്. കൊട്ടാരം സമ്പ്രതി കുഞ്ചുനീലൻപിള്ളയും വേലുത്തമ്പിയുമാണ് ലഹളയ്ക്ക് നേതൃത്വം നൽകുന്നതെന്നും ദുർബലനായ മഹാരാജാവ് അവരുടെ ഭീഷണിയ്ക്ക് വഴങ്ങിയിരിക്കുകയാണെന്നും തരകന് വിവരം ലഭിച്ചു. നാട്ടുകൂട്ടം പിരിയുവോളം എവിടെയെങ്കിലും ഒളിവിൽ താമസിക്കണമെന്ന് തരകനോട് പലരും അഭ്യർത്ഥിച്ചു. അങ്ങനെ മാറിത്താമസിക്കുന്നത് ഭീരുത്വമാണെന്നും അന്തസ്സിന് ചേർന്നതല്ലായെന്നുമായിരുന്നു തരകന്റെ അഭിപ്രായം. യാഥാർത്ഥ്യം മനസ്സിലാക്കിക്കഴിയുമ്പോൾ ഈസ്റ്റ് ഇൻഡ്യാ ക്കമ്പനിക്കാർ തന്നെ സഹായിക്കുമെന്ന് തരകൻ വിശ്വസിച്ചു.

തരകൻ തത്തംപള്ളിയിൽനിന്നു അഞ്ചുതെങ്ങിൽ 974 മിഥുന മാസം 8–ാം തീയതി എത്തുകയും പിറ്റേന്ന് റസിഡൻസി കമ്മീഷണർ ജോർജ്ജ് വെറിയെ സന്ദർശിക്കുകയും സ്ഥിതിഗതികൾ വിശദീകരിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ പ്രശ്നങ്ങൾ മനസ്സിലാക്കിയ അദ്ദേഹം തരകനോട് തൽക്കാലം അവിടെ താമസിക്കാൻ ആവശ്യപ്പെടുകയും തത്തംപള്ളിയിലെ തന്റെ കുടുംബാംഗങ്ങളുടെ രക്ഷക്കായി രണ്ടു പട്ടാളക്കാരെ അയയ്ക്കുകയും ചെയ്തു. ഈ സമയം മഹാരാജാവ് വിപ്ലവകാരികളുടെ കയ്യിലെ ഒരു പാവയായി തീർന്നിരുന്നു. തരകനെ ഉടൻതന്നെ തന്റെ അടുക്കലേക്ക് അയയ്ക്കണമെന്ന് കാണിച്ച് മഹാരാജാവിന്റെ ഒരു കത്ത് റസിഡന്റിന് കൊട്ടാരം സമ്പ്രതി കൊണ്ടുവന്നുകൊടുത്തു. കുഞ്ചുനീലൻപിള്ളയുടെ ഈ കത്ത് മഹാരാജാവിന്റെ അറിവോ സമ്മതമോ കൂടാതെ തയ്യാറാക്കിയതാണെന്ന് പിന്നീടാണ് മനസ്സിലായത്. ഈ കത്ത് കൃത്രിമമാണോയെന്ന് ഒന്നും സംശയിക്കാതെ സത്യമാണെന്നുകരുതി തരകനെ അവരുടെ കൂടെ അയയ്ക്കുകയും ചെയ്തു. തരകന് എല്ലാവിധ സംരക്ഷണവും വാഗ്ദാനം ചെയ്തിരുന്ന റസിഡന്റ് മഹാരാജാവിന്റെ കല്പനയെ ധിക്കരിക്കേണ്ടെന്ന് കരുതിയിരിക്കാം. തിരുവനന്തപുരത്തെത്തിയ തരകനെ കൃഷ്ണൻ ചെമ്പകരാമൻപിള്ള ദളവാ തന്റെ വസതിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. തരകനെ സമ്പ്രതി കുഞ്ചുനീലൻപിള്ളയിൽനിന്നും വേലുത്തമ്പിയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയാണ് അപ്രകാരം ചെയ്തത്. രക്തദാഹികളായ തമ്പിയും കൂട്ടരും കോട്ടയ്ക്കകത്ത് കച്ചേരിയിൽകൊണ്ടുപോയി തരകനെ വിലങ്ങിലിട്ടു. ഈ വിവരങ്ങൾ കാണിച്ച് റസിഡണ്ടിന് തരകൻ തന്റെ സുഹൃത്ത് വശം ഒരു കത്തയച്ചു. ഇത്തവണയും തരകനെ രക്ഷിച്ചുകൊള്ളാമെന്ന് അവർ മറുപടി നൽകി. ജയിലിൽകിടക്കുന്ന തരകനോട് 10 ലക്ഷം രൂപ പിഴകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു കച്ചീട്ട് ഇഷ്ടനുസരണം എഴുതി തരകനെ ഭീഷണപ്പെ

malankaralibrary.com

ടുത്തി ഒപ്പിടുവിക്കുകയും ചെയ്തു. ഈ ഒപ്പിടീൽ നടന്നതിനുശേഷം തരകനെ അവർ ലായത്തിൽകൊണ്ടുപോയി അടിച്ചു. ആരാച്ചാരെ ഏൽപ്പിച്ച് ചെവി രണ്ടും പറ്റെ അറുത്തുകളഞ്ഞു. പിന്നെയും വില ങ്ങിലിട്ടു. മാത്തുത്തരകനെ അപമാനിക്കുക, അദ്ദേഹത്തിന്റെ സ്വത്ത് അപഹരിക്കുക, അദ്ദേഹത്തെതന്നെ നശിപ്പിക്കുക എന്ന ഉദ്ദേശ്യങ്ങ ളോടെ തമ്പി പെരുമാറി. ഇതൊന്നും മഹാരാജാവ് അറിഞ്ഞുകൊണ്ട് ചെയ്തതല്ലായിരുന്നു. തരകൻ ആരാച്ചാരുടെ കല്ലറക്കളത്തിൽ വില ങ്ങിൽ കിടക്കുകയാണെന്ന് മഹാരാജാവ് പിന്നീടാണ് അറിയുന്നത്. ഉടൻതന്നെ തരകനെ മോചിപ്പിക്കാൻ ഉത്തരവായി. തത്തംപള്ളിയിൽ കൊണ്ടുപോയി ചികിത്സിക്കുവാനും കല്പനയായി. മഹാരാജാവിന്റെ ദൃഢനിശ്ചയം മനസ്സിലാക്കിയ സമ്പ്രതി കുഞ്ചുനീലൻപിള്ള മിഥുനം 23-ാം തീയതി പാറാവുകാരനെകൂട്ടി തത്തംപള്ളിക്കയച്ചു ചികിത്സ നടത്തി.

ഒരു മാസം കഴിഞ്ഞപ്പോൾ വീണ്ടും മർദ്ദനം തുടങ്ങി. സർവ്വാ ധികാര്യക്കാർ ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ളയാണ് ഇത്തവണ മർദ്ദനത്തിന് മുൻകൈയ്യെടുത്തത്. തരകൻ 4 ലക്ഷം രൂപാ പിഴ കൊടുക്കണമെന്നായിരുന്നു അയാളുടെ നിർബന്ധം. അദ്ദേ ഹം നിർബന്ധപൂർവ്വം തരകനെക്കൊണ്ട് ഒരു കച്ചീട്ടിൽ ഒപ്പിടുവിച്ചു. ഭീഷണിപ്പെടുത്തി ഒരു ലക്ഷത്തിൽപ്പരം രൊക്കം വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു. ഇതെല്ലാം മഹാരാജാവ് അറിഞ്ഞത് ദിവസ ങ്ങൾ കഴിഞ്ഞാണ്. ബലമായി തരകനെക്കൊണ്ട് ഒപ്പിടുവിച്ച പത്തു ലക്ഷത്തിന്റേയും നാലുലക്ഷത്തിന്റെയും കച്ചീട്ടുകൾ തരകനെയും അദ്ദേഹത്തിന്റെ പൗത്രൻ കൊച്ചുമാത്തുവിനെയും തിരുമുമ്പാകെ വിളിച്ചുവരുത്തി തിരികെ കൊടുത്തു. അവരെ സമാശ്വസിപ്പിക്കുകയും ചെയ്തു.

ഇതുകൊണ്ടൊന്നും ശത്രുക്കൾ അടങ്ങിയിരുന്നില്ല. വലിയ സർവ്വാധികാര്യക്കാർ അയ്യപ്പൻ ചെമ്പകരാമൻ വീണ്ടും വന്ന് രണ്ടു ലക്ഷം രൂപാ പിഴ കൊടുക്കണമെന്നാവശ്യപ്പെട്ടു. പട്ടാളത്തിന് ശമ്പ ളക്കുടിശ്ശിക തീർക്കുന്നതിനായിരുന്നു ഈ പിഴ. തരകനെ മർദ്ദിച്ചു വീണ്ടും ഒരു ലക്ഷത്തി എൺപതിനായിരം രൂപായോളം അവർ ഈടാക്കി എടുത്തു. ഇതു മഹാരാജാവിന്റെ അറിവോടെയായിരു ന്നില്ല.

"976 വൃശ്ചികമാസത്തിൽ ആണ് മഹാരാജാവ് ഈ വിവരങ്ങൾ അറിയുന്നത്. 'പിഴയ്ക്കും അപമാനത്തിനും ഒരു സംഗതിയില്ലാ യെന്നു' കല്പിച്ച് വീട്ടിലേക്ക് അയച്ചിരുന്ന ആ ഉത്തമപൗരനെ തന്റെ

malankaralibrary.com

ഉദ്യോഗസ്ഥന്മാർ ഇങ്ങനെ പീഡിപ്പിക്കുന്നതിലും അലോസരപ്പെടുത്തുന്നതിലും മഹാരാജാവ് അത്യന്തം കുണ്ഠിതപ്പെട്ടു. അശക്തനായിരുന്നതിനാൽ ഉദ്യോഗസ്ഥന്മാരെ നിലയക്കു നിർത്തുവാനുള്ള കെല്പ് അദ്ദേഹത്തിനുണ്ടായിരുന്നില്ലല്ലോ. വൃശ്ചികം 27-ാം തീയതി മഹാരാജാവ് തരകനെ തിരുമുമ്പാകെ വരുത്തി പിഴയ്ക്കും അപമാനത്തിനും ഒരു സംഗതി ഇല്ലായെന്നുള്ള സാക്ഷിത്വത്തിന്റെ ഉറപ്പിനായിട്ട് സ്വർണ്ണംകൊണ്ടുള്ള ഒരു ചെവി ഉണ്ടാക്കി സമ്മാനിച്ചു. മാത്രമല്ല പിഴയെന്നു പറഞ്ഞ് തരകനിൽനിന്നും ഈടാക്കിയ തുകകൾ സർക്കാരിൽനിന്നും തിരികെ കൊടുക്കുവാൻ പത്മനാഭൻ ചെമ്പകരാമൻപിള്ള വലിയ സർവ്വാധികാര്യക്കാരോട് കല്പിക്കുകയും ചെയ്തു. അപ്രകാരം ചെയ്തുകൊള്ളാമെന്ന് അദ്ദേഹവും കാര്യസ്ഥരും തിരുമുമ്പാകെ വെച്ചു സമ്മതിക്കുകയും ചെയ്തു. പക്ഷെ ഇരുമ്പു കുടിച്ച വെള്ളമുണ്ടോ കക്കുന്നു.

ഇത് പിഴയുടെ കാര്യം ഇതുകൂടാതെ 14 ലക്ഷത്തിൽപ്പരം രൂപ തരകന് സർക്കാരിൽനിന്ന് കിട്ടുവാനുണ്ടായിരുന്നു. 965-ാമാണ്ടുമുതൽ "സർക്കാർ വക തിരുനാൾ, തിരുമാസം, തിരുവന്തളി, ഹിരണ്യഗർഭദാനം, തുലാപുരുഷദാനം, മുറജപപൂജ, അടിയന്തിരം, കൊട്ടാരം പണി, പട്ടാളത്തിലെ ശമ്പളചിലവ്, വർത്തകന്മാരോട് വാങ്ങിച്ചിട്ടുള്ള കടം തിരിച്ചുകൊടുക്കൽ മുതലായ ചിലവിനങ്ങൾക്കായി രൂപായായും പണമായും നെല്ലായും അരിയായും മറ്റു പല വകകളായും തരകനോട് വാങ്ങിച്ചിരുന്നു തുകയിൽ ബാക്കി നിൽക്കുന്നതാണ് ഈ പതിനാലു ലക്ഷത്തിൽപ്പരം രൂപ. ഈ സംഖ്യ തരകന്റെ വകയും മറ്റു പലരോടും തരകൻ കടം വാങ്ങിച്ചു കൊടുത്തിട്ടുള്ളവയും മറ്റു പലരുടെ അടുക്കലും ജാമ്യം നിന്ന് കൊടുത്തിട്ടുള്ളവയും ഉൾപ്പെടുന്നതായിരുന്നു. കടക്കാർ ഇപ്പോൾ തരകനെ ഞെരുക്കാൻ തുടങ്ങി. ഗവൺമെന്റ് തരകനെ നശിപ്പിക്കുവാൻ ബദ്ധകച്ഛമാണെന്ന് ബോദ്ധ്യമായ ഉത്തമർണ്ണന്മാർ തങ്ങളുടെ തുകകൾ കഴിയുംവേഗം വസൂലാക്കുവാൻ ശ്രമിച്ചതിൽ അത്ഭുതപ്പെടാനില്ല." (തച്ചിൽ മാത്തുത്തരകൻ ജീവചരിത്രം പേജ് 326,327).

ഉത്തമർണ്ണന്മാരുടെ ശല്യം കൂടിവന്നപ്പോൾ മാത്തുത്തരകൻ മഹാരാജാവിനെ വിവരം ധരിപ്പിച്ചു. ഇതിനകം വേലുത്തമ്പി വലിയ സർവ്വാധികാര്യക്കാരായി (977 ചിങ്ങം) കഴിഞ്ഞിരുന്നു. അക്കാലത്തെ തിരുവിതാംകൂറിനെപ്പറ്റി വെങ്കുളം പരമേശ്വരൻ പിള്ള വേലുത്തമ്പി എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ശിഷ്ടദുഷ്ടന്മാരുടെ അധഃപതനാഭിവൃദ്ധികൾ, രാജ്യനിവാസികളുടെ അരാജകജീവിതം, തുടരെത്തുടരെയുണ്ടാകുന്ന സങ്കടസംഭവങ്ങൾ ദാരിദ്ര്യമ

malankaralibrary.com

ഹാകാളിയുടെ ഭടജനസമന്വിതമുള്ള താണ്ഡവകോലാഹലങ്ങൾ, ആദിയായവ അക്കാലത്തു സംഭവിക്കുന്നതിനുള്ള പ്രധാനകാരണം പരമാധികാരിയുടെ ഭരണകുശലതാഭാവം ആയിരിക്കുന്നതാണ്. ..... പരമാധികാരിയുടെ ഊർജ്ജിത ഭാവവും മന്ത്രിപ്രധാനന്റെ വാസനാ വൈരുദ്ധ്യവും കുടിലമതികളുടെ ദുർബുദ്ധി ചാതുര്യവും ഒത്തു ചേർന്നപ്പോൾ കാര്യങ്ങൾ കുഴയാൻ തുടങ്ങിയത് അത്ഭുതമല്ലല്ലോ. മിക്ക ഡിപ്പാർട്ടുമെന്റുകളിലും ഭയങ്കരങ്ങളായ അഴിമതികൾക്ക് പ്രാബല്യം സിദ്ധിച്ചു. രാജ്യത്തിലെ മുതലെടുപ്പ് കുറഞ്ഞുവന്ന അവസരത്തിൽ ജനങ്ങൾ നികൃഷ്ടതയുടെ പരമപദത്തിൽ സ്ഥിതി ചെയ്യുകയായിരുന്നു."

തരകന്റെ നിവേദനം ലഭിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ കണക്കുകൾ ശരിയായി നോക്കി സംഖ്യ തിരിച്ചുകൊടുക്കുവാൻ മഹാരാജാവ് വേലുത്തമ്പിയോടും മറ്റ് ഉദ്യോഗസ്ഥന്മാരോടും കല്പിച്ചു. അതനുസരിച്ച് 977 കന്നിമാസം മുതൽ വേലുത്തമ്പിയും മറ്റ് ഉദ്യോഗസ്ഥന്മാരുംകൂടെ കണക്ക് നോക്കുവാൻ തുടങ്ങി. ദിവസങ്ങൾ നീണ്ടുനിന്ന കണക്കു നോട്ടം നോക്കിയിടത്തോളം കണക്കിൽനിന്നും തരകന് 8 ലക്ഷം രൂപാ കൊടുക്കുവാനുണ്ടെന്ന് തെളിഞ്ഞു. പിന്നെയും നോക്കുവാനുണ്ടായിരുന്നു. ഇതിനിടയിൽ വേലുത്തമ്പി ദളവയായി ഉയർത്തപ്പെട്ടു. മാത്തുത്തരകനെ ഉന്മൂലനം ചെയ്യുവാൻ ദൃഢനിശ്ചയം ചെയ്തിരുന്ന തമ്പി ദളവാസ്ഥാനത്തിരുന്നുകൊണ്ട് കണക്കുനോട്ടം വേണ്ടെന്നു വെച്ചു.

കടക്കാർ വീണ്ടും വീണ്ടും വന്ന് തരകനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അവരുടെ നിർബന്ധം സഹിക്കവയ്യാതായപ്പോൾ 929 വൃശ്ചികം 10-ാം തീയതി മഹാരാജാവിനെ മുഖം കാണിച്ചു. കടത്തിന് വേണ്ടി സർക്കാരിൽനിന്നും എഴുതിക്കൊടുത്തിട്ടുള്ള പ്രമാണങ്ങളേയും തിരുമുമ്പാകെ സമർപ്പിക്കുകയും സർക്കാരിൽനിന്ന് കിട്ടുവാനുള്ള തുക മുഴുവൻ കൃത്യമായി കണക്കു പറഞ്ഞ് വാങ്ങുവാൻ തനിക്കുദ്ദേശമില്ലെന്നും തനിക്കുള്ള കടങ്ങൾ കൊടുത്തു വീട്ടി ഉത്തമർണ്ണന്മാരുടെ പിടിയിൽനിന്നും തന്നെ രക്ഷിച്ചാൽ മതിയെന്നും തരകൻ മഹാരാജാവിനോട് അഭ്യർത്ഥിച്ചു. തരകന്റെ പേരിലുള്ള കടങ്ങൾ അദ്ദേഹത്തിന്റെ തനതു വകയല്ലെന്നും മറ്റുള്ളവരിൽനിന്നും വാങ്ങിക്കൊടുത്തിട്ടുള്ളതാണെന്നും തിരുമനസ്സിനെ അറിയിച്ചു. വേലുത്തമ്പി ദളവാ മുഴുവൻ തുകയും തരികയില്ലെന്ന് തരകന് ബോദ്ധ്യമായതുകൊണ്ടാണ് കടമെങ്കിലും വീട്ടിത്തരുവാൻ ദയ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചത്.

malankaralibrary.com

ധർമ്മരാജാവിന്റെ, തന്റെ അമ്മാവന്റെ വിശ്വസ്തമിത്രമായിരുന്ന തരകന്റെ ദയനീയതയിൽ മഹാരാജാവ് സഹതപിച്ചു. 'പിതൃകർമ്മങ്ങൾക്കും പുണ്യഫലങ്ങൾ സിദ്ധിക്കേണ്ടതിനും മറ്റ് അത്യാവശ്യങ്ങൾക്കുമായി തരകനോട് സർക്കാരിൽനിന്നും വാങ്ങിച്ചിരിക്കുന്ന രൂപ നേരുപോലെയും ശരിയായും തിരിച്ചു നൽകാതിരിക്കുന്നത്, അത് മാനത്തിനും പുണ്യത്തിനും ചേർന്നതല്ലല്ലോ എന്നു പറഞ്ഞ് മഹാരാജാവ് പ്രമാണങ്ങളെല്ലാം തരകനെ തിരിച്ചേൽപ്പിച്ചു. മാത്രമല്ല തരകന്റെ കണക്കുകൾ നോക്കി വേഗം പണം കൊടുക്കണമെന്ന് വേലുത്തമ്പി ദളവായോട് രണ്ടാം പ്രാവശ്യവും കല്പിക്കുകയും ചെയ്തു. പക്ഷെ തമ്പി കണക്കുകൾ നോക്കുവാനല്ല ശ്രമിച്ചത്. തരകനെ തിരുവനന്തപുരത്തുനിന്നും പുറത്താക്കുവാനുള്ള വഴി ആലോചിക്കുകയാണ് ചെയ്തത്. ഈ ഗൂഢാലോചന മനസ്സിലാക്കിയ തരകൻ പാറശ്ശാല പത്മനാഭൻ ചെമ്പകരാമൻപിള്ള മുഖാന്തിരം വിവരം മഹാരാജാവിനെ ധരിപ്പിച്ചു. (വേലുത്തമ്പിക്കുവേണ്ടി ദളവാസ്ഥാനം ഒഴിഞ്ഞു കൊടുക്കുകയായിരുന്നു പത്മനാഭൻ ചെമ്പകരാമൻപിള്ള).

ഉടനെ ധനു 25–ാം തീയതി മാത്തുത്തരകനോടും പൗത്രൻ കൊച്ചുമാത്തുത്തരകനോടും തിരുമുമ്പാകെ ചെല്ലുവാൻ കല്പനയായി. അവർ രാജസന്നിധിയിലെത്തിയപ്പോൾ മകരം 1–ാം തീയതിയിലെ ലക്ഷദീപം കഴിഞ്ഞാലുടനെ തന്റെ സന്നിധിയിൽവെച്ചു തന്നെ കണക്കുകൾ ശരിയായി നോക്കി ഇടപാട് തീർക്കാമെന്നും, ദളവാ പറയുന്നതുകേട്ട് ഭയപ്പെട്ട് സ്ഥലംവിടണ്ടായെന്നും തിരുമേനി അവരോടു പറഞ്ഞു. അങ്ങനെ സമാശ്വസിച്ച് അവർ തിരുവനന്തപുരത്തു തന്നെ താമസിച്ചു. പക്ഷേ, ഈ സംഗതി അറിഞ്ഞപ്പോൾ ദളവാ അത്യന്തം ക്രൂദ്ധനായി. മഹാരാജാ സമക്ഷം ചെല്ലാനോ സങ്കടങ്ങൾ തിരുമനസ്സിനെ അറിയിപ്പാനോ പാടില്ലെന്ന് ഒരു മറയും മടിയും ഭയവും കൂടാതെ ദളവാ കല്പനയായി. നമ്പൂതിരി ദളവായുടെ ഭരണകാലത്ത് അവർക്കല്ലാതെ മറ്റൊരുത്തർക്കും കാര്യങ്ങൾ തിരുമനസ്സറിയിച്ചുകൂടായെന്ന് വന്നതിനെ പ്രതിഷേധിച്ച് ലഹള ഉണ്ടാക്കിയ വേലുത്തമ്പിയാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.' (തച്ചിൽ മാത്തുത്തരകൻ ജീവചരിത്രം പേജ് 330,331).

മഹാരാജാവിനെ മുഖം കാണിക്കരുതെന്നു മാത്രമല്ല, തിരുവനന്തപുരത്തു താമസിക്കാനും പാടില്ലെന്നും കൊല്ലത്തിന് തെക്കോട്ടു വന്നാൽ കൊന്നു കളയുമെന്നും വേലുത്തമ്പി കല്പിച്ചു. തരകനെയും കൊച്ചുമാത്തുത്തരകനെയും ഏതാനും പേരുടെ കാവലിൽ കൊല്ലം കടത്തി വിട്ടു. ദുഃഖിതനായ തരകൻ തത്തംപള്ളിയിൽ വന്നു താമ

malankaralibrary.com

സിച്ചു. സത്യസന്ധനായ മഹാരാജാവ് തരകനോട് നീതി ചെയ്യുമെന്ന് വേലുത്തമ്പി സംശയിച്ചിരിക്കാം. മഹാരാജാവ് അറിയാതെ തരകനെ ഭീഷണിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് പിന്നീട് നടന്നത്.

തത്തംപള്ളിയിൽ സ്വഭവനത്തിൽ സ്വസ്ഥനായി കഴിഞ്ഞുകൂടിയിരുന്ന തരകനെയും പൗത്രൻ കൊച്ചു മാത്തുത്തരകനെയും യാതൊരു കാരണവും കൂടാതെ വീണ്ടും തടങ്കലിലാക്കി. ശ്രീ. എം. ഒ. ജോസഫ് തച്ചിൽ മാത്തുത്തരകൻ ജീവചരിത്രത്തിൽ (പേജ് 331) ഇപ്രകാരം എഴുതിയിരിക്കുന്നു "ഈ തടവുകാർക്ക് ദിവസത്തിലൊരിക്കൽ സന്ധ്യയ്ക്കു മാത്രം ഊട്ടുപുരയിൽനിന്നു കിട്ടുന്ന സർവ്വാണിച്ചോറു മാത്രം വാങ്ങിക്കൊടുത്താൽ മതിയെന്നും അല്ലാതെ അവരുടെ ഭക്ഷണത്തിന് വേറെ യാതൊന്നും കൊടുക്കാൻ പാടില്ലെന്നും ആരെങ്കിലും വന്നു കാണുന്നതിനോ ആർക്കെങ്കിലും എഴുത്ത് അയയ്ക്കുന്നതിനോ ഒരിക്കലും അനുവദിക്കരുതെന്നും മുറുക്കുക, പായും തലയിണയും വച്ച് കിടക്കുക, മുണ്ടു മാറുക, കുളിക്കുക ഇതൊന്നും അനുവദിക്കാൻ പാടില്ലെന്നും തമ്പി പാറാവുകാർക്ക് ഉഗ്രമായ ശാസനം നൽകി. അതേത്തുടർന്ന് തരകനോടും പൗത്രനോടും അസഹനീയങ്ങളായ ഞെരുക്കങ്ങൾ ആരംഭിച്ചു. നമ്പൂതിരി ദളവായ്ക്ക് ആലോചനയിൽ പറഞ്ഞുകൊടുത്തതിനാണ് മാത്തുത്തരകനെ ഞെരുക്കുന്നതെന്നു പറയാം. എന്നാൽ പാവം കൊച്ചു മാത്തുത്തരകൻ എന്തു പിഴച്ചു. എന്തിനാണ് കൊച്ചു മാത്തുവിനെ അറസ്റ്റു ചെയ്ത് ഇങ്ങനെ പട്ടിണിക്കിട്ടിരിക്കുന്നത്? എന്തു കുറ്റത്തിനാണ് തരകന്റെ വീട്ടിലെ പെണ്ണുങ്ങളേയും കുട്ടികളേയും മൃഗീയ മർദ്ദനങ്ങൾക്കിരയാക്കിയത്."

തരകനെയും പൗത്രനെയും പാറാവിലാക്കിയശേഷം ഉടനെ തറവാട്ടിൽ അവരുടെയും കുഞ്ഞുകുട്ടികളുടെയും വകയായുണ്ടായിരുന്ന എഴുപത്തീരായിരത്തിൽച്ചില്വാനം രൂപയുടെ ആഭരണങ്ങൾ ബലമായി കൈയടക്കി. അവയിൽ ഏതാനും ഉരുക്കി ചെതം വരുത്തിയും ഉരുക്കുന്നിടത്തു കളഞ്ഞും കുറഞ്ഞ വിലവച്ച് എടുത്തും ബാക്കി ഏതാനും കാൽവാശി വിലയ്ക്ക് ദളവായ്ക്ക് ബോധിച്ചവർക്ക് വിറ്റും എല്ലാംകൂടി 37,000-ൽപരം രൂപ വകവച്ചെടുത്തു. ഇതുകൊണ്ടായില്ല. രണ്ടു ലക്ഷം രൂപ പിഴ കെട്ടണമെന്ന് ശഠിച്ചു. ചരക്കുകൾ ഉണ്ടായിരുന്നത് ഒന്നുക്ക് പാതി വിലവച്ച് വില്പിച്ച് 26000ൽപരം രൂപ വസൂലാക്കി. ഗവൺമെന്റിൽനിന്നും ഈടാക്കാനുണ്ടായിരുന്ന കടത്തിൽ ഒരു ലക്ഷം രൂപ പറ്റിയതായി ഒരു രസീത് ഒപ്പിടുവിച്ച് വാങ്ങി. ഇവയ്ക്കെല്ലാം പുറമെ രണ്ടു ലക്ഷം രൂപ പിഴകെട്ടിക്കൊള്ളാമെന്നതിന്

malankaralibrary.com

ഒരു കച്ചീട്ടും എഴുതി ഒപ്പിടുവിച്ചു വാങ്ങി. ഈ ദ്രോഹങ്ങളെല്ലാം ചെയ്തതിന് ശേഷം 979 മിഥുനം 21–ാം തീയതി തരകനെയും പൗത്ര നെയും ജയിലിൽനിന്ന് വിട്ടയച്ചു.

തത്തംപള്ളിയിൽ വന്ന് താമസിക്കുമ്പോൾ മറ്റൊരു പ്രശ്നം തരകനെ വലയം ചെയ്തു. വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർ സർക്കാർ ബോംബെയിലെ ഒരു നവറോജിയിൽനിന്നും ഏതാനും പുവരാഹൻ കടമെടുക്കുകയുണ്ടായി. അതിന് ജാമ്യം നിന്നത് തര കനായിരുന്നു. സർക്കാർ ആ തുക മടക്കിക്കൊടുക്കാൻ വിസമ്മതി ച്ചു. നവറോജി റസിഡന്റിന്റെയടുക്കൽ പരാതി ബോധിപ്പിച്ചു. റസി ഡന്റ് തരകന്റെ മേൽ സമ്മർദ്ദം ചെലുത്തുകയും ഒരു കൊല്ലത്തോളം ജയിലിൽ അടയക്കുകയും തരകന്റെ വകയുണ്ടായിരുന്ന ചരക്കുകളും വസ്തുക്കളും കപ്പലുകളും ഒന്നുപാതി വിലവച്ച് വില്പിക്കുകയും ലഭിച്ച പണംകൊണ്ട് നവറോജിയുടെ കടം വീട്ടുകയും ചെയ്തു. 981 മീനം 8–ാം തീയതി ജയിൽ മോചിതനായി.

തമ്പിയും തരകനുമായിട്ടുള്ള ഇടപാടുകൾ നീതിപൂർവ്വമായി ട്ടല്ല നടന്നതെന്ന് റസിഡന്റിന് ബോദ്ധ്യപ്പെട്ടു. തരകന്റെ സഹോദ രൻ എബ്രഹാം മല്പാനെ പോഞ്ഞിക്കര റസിഡൻസിയിൽ ആള യച്ചു വരുത്തി, സർക്കാരും തരകനും തമ്മിലുള്ള കണക്ക് അദ്ദേഹം ഇടപെട്ട് ന്യായമായി നടത്തിത്തരുമെന്നും തരകനേയും കൂട്ടി തിരു വനന്തപുരത്ത് ചെല്ലണമെന്നും പറഞ്ഞു. കൊല്ലത്തിനപ്പുറം കട ന്നാൽ കൊന്നുകളയുമെന്ന തമ്പിയുടെ താക്കീതും ഈ സമയത്തും തമ്പിയും റസിഡണ്ടും തമ്മിലുള്ള മൈത്രിയും തരകനെ ചിന്താകു ലനാക്കി. ഏതായാലും തിരുവനന്തപുരത്തിന് പോയില്ല.

വരാപ്പുഴ പള്ളിയിലെ പാതിരിമാരും വേലുത്തമ്പിയുമായി വളരെ ലോഹ്യത്തിലായിരുന്നു. തമ്പിയും റസിഡണ്ട് മെക്കാളെയും കൂടി വരാപ്പുഴെ എത്തി പാതിരിമാരുമായി സംസാരിച്ചു. രാജ്യത്തിലെ പ്രബലമായ സുറിയാനി സമുദായത്തെ അടിച്ചമർത്തുന്നതിന് ലത്തീൻ സഭാ ഭരണാധികാരികളുമായി സഖ്യത്തിലായിരിക്കേണ്ടത് ഉചിതമാണെന്ന് വേലുത്തമ്പിക്ക് തോന്നി. സ്വജാതി മെത്രാനു വേണ്ടി സമരം ചെയ്തുകൊണ്ടിരിക്കുന്ന സുറിയാനിക്കാരെ നിലയ്ക്കു നിർത്തുവാൻ തമ്പിയുടെ സഹായം ആവശ്യമാണെന്ന് പാതിരിമാരും മനസ്സിലാക്കി. ഈ ഭിന്നിപ്പിക്കൽ നയം പല പ്രാവശ്യം ഇവിടെ പരീ ക്ഷിച്ചു നോക്കിയിട്ടുള്ളതുമാണ്.

വേലുത്തമ്പി, വരാപ്പുഴവച്ച് തരകനെ റസിഡണ്ടുമായി പരിച

യപ്പെടുത്തി, കണക്കുകളെല്ലാം റസിഡണ്ട് നോക്കിത്തരുമെന്ന് പറയുകയും ചെയ്തു. സർക്കാരിൽനിന്നും എഴുതിക്കൊടുത്തിട്ടുള്ള പ്രമാണങ്ങളെല്ലാം തരകൻ റസിഡണ്ടിനെ ഏല്പിക്കുകയും ചെയ്തു. കണക്ക് നോട്ടങ്ങളൊന്നും നടന്നില്ല. 982 തുലാം 4–ാം തീയതി ദളവാ പോഞ്ഞിക്കരയിലെത്തി റസിഡണ്ടിനെ കണ്ടു. തമ്പി തരകന്റെ സുഹൃത്തുക്കളെയും തരകനുമായി ബന്ധപ്പെട്ട കാര്യാന്വേഷകരെയും തരകന് ഏതെങ്കിലും തരത്തിൽ സംഖ്യകൾ കൊടുത്തു തീർക്കാനുള്ളവരെയും പ്രമാണപ്രകാരമുള്ള കടങ്ങളുടെ കാര്യം ശരിക്കറിയാവുന്നവരെയും വേലുത്തമ്പി സ്വാധീനിച്ച് തരകനെതിരാക്കി. കുറെപ്പേരെ ഭയപ്പെടുത്തിയും ചിലർക്ക് ആനുകൂല്യങ്ങൾ നൽകിയുമാണ് തമ്പി ഇതെല്ലാം ചെയ്തത്. തരകനെ സഹായിക്കുന്നതിന് ആരുമില്ലാതായി എന്ന് ചുരുക്കം. രാത്രികാലങ്ങളിൽ തരകനെ അടിക്കാൻതന്നെ തമ്പി ആളുകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

982 മകരം 1–ന് പോഞ്ഞിക്കര വച്ച് കണക്കുനോട്ടം തുടങ്ങി. ജോർജ്ജ് ജൂഡ് സായ്‌വ്, രാമലിംഗം മുതലിയാർ, താണവൻ ചെമ്പകരാമൻപിള്ള സർവ്വാധികാര്യക്കാർ, വൈക്കം പത്മനാഭൻപിള്ള എന്നിവർ തരകന്റെ പക്ഷത്തു നിന്ന് കാലുവാരി വേലുത്തമ്പി പക്ഷം ചേർന്നു. ശങ്കരൻപിള്ള, പെരുമാൾപിള്ള, മുത്തുകേശവൻപിള്ള, കൊച്ചിട്ടി കുരുവിള, ഊക്കൻ തോമാ, ചാവടി ലൈഗേ എന്നിവരായിരുന്നു കണക്കുനോട്ടക്കാർ. തരകൻ തന്റെ ഭാഗം പറയുവാൻ തുടങ്ങുമ്പോൾ വൈക്കം പത്മനാഭൻപിള്ള അസഭ്യവാക്കുകൾ പറയും. 6–ാം തീയതി കണക്കു നോട്ടം നാടകം അവസാനിച്ചു.

ആളുകളെ കൊണ്ടുവന്ന് തത്തംപള്ളിയിലെ തരകന്റെ വീടു പൊളിക്കുന്നതിനും തരകന്റെ കുടുംബാംഗങ്ങളെ മാവേലിക്കര കോട്ടയ്ക്കകത്തു കൊണ്ടുപോയി താമസിപ്പിക്കുന്നതിനും ദളവാ കല്പനയായി. ഈ അതിക്രമങ്ങളെപ്പറ്റി മെക്കാളെയെ കണ്ട് പരാതി സമർപ്പിക്കാൻ തരകൻ പോയെങ്കിലും കാണുവാൻ സാധിച്ചില്ല. ഉടനെ കൊടുങ്ങല്ലൂർ ചെന്ന് ജെംമി സായ്പിനെ കണ്ടു. പാപ്പനി വട്ടത്തുള്ള കമ്പനിവക സ്ഥലത്തുവന്ന് താമസിക്കുവാൻ നിർദ്ദേശിച്ചു. മകരം 11–ാം തീയതി പാപ്പനിവട്ടുത്തുവന്ന് കമ്പനിക്കാരുടെ സംരക്ഷണയിൽ തരകനും കുടുംബാംഗങ്ങളും താമസിച്ചു.

മെക്കാളെ ഈ വിവരം അറിഞ്ഞപ്പോൾ തരകനെ ആളയച്ചു പോഞ്ഞിക്കര വരുത്തി. കുടുംബാംഗങ്ങളെ കുത്യതോട്ടിൽ താമസിപ്പിക്കാൻ ഉപദേശിച്ചു. സി.എം.എസ്സ് മിഷനറി ഡോക്ടർ ക്ലോഡിയസ്

ബുക്കാനൻ തരകന്റെ ദുരിതങ്ങളും അദ്ദേഹം അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങളും മനസ്സിലാക്കി തരകനെ സഹായിക്കണമെന്നു കാണിച്ച് മെക്കാളെയ്ക്ക് എഴുതി. മെക്കാളെ അതിൽ അസംതൃപ്ത നാവുകയാണ് ചെയ്തത്. റസിഡന്റിന്റെ റൈറ്റർ കുംഭം 27–ാം തീയതി ഒരു കത്ത് കൊടുത്തുവിട്ടു. 14 ലക്ഷം രൂപയാണല്ലോ തരകന് സർക്കാരിൽനിന്ന് കിട്ടാനുണ്ടായിരുന്നത്. അത് 85,000 രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള കത്തായിരുന്നു അത്.

വേലുത്തമ്പിയും റസിഡണ്ടും തമ്മിലുള്ള സൗഹാർദ്ദം ഉപയോഗിച്ചാണ് വേലുത്തമ്പി നാലഞ്ചുവർഷമായി ഭീകരഭരണം നടത്തിയത്. എന്നാൽ റസിഡണ്ടും തമ്പിയുമായി അഭിപ്രായവ്യത്യാസത്തിലായി. കമ്പനിക്കു ചെല്ലേണ്ട കപ്പക്കുടിശ്ശിഖ യഥാസമയത്ത് കൊടുക്കാതിരുന്നതാണ് തമ്പിയുമായി അഭിപ്രായവ്യത്യാസമുണ്ടാകാൻ കാരണം. റസിഡണ്ടിന്റെ സമ്മർദ്ദമേറിയപ്പോൾ മാത്തുത്തരകനെ തന്നെ ഞെക്കിപ്പിഴിഞ്ഞു പണം ഉണ്ടാക്കാൻ തമ്പി നിശ്ചയിച്ചു. തരകന്റെ പേരിൽ കരക്കുടിശിഖയുണ്ടെന്നുപറഞ്ഞ് തരകന്റെ അവശേഷിച്ചിട്ടുള്ള വസ്തുക്കൾ കൂടി കണ്ടുകെട്ടി വമ്പിച്ച സംഖ്യകൾ കയ്യടക്കി. ഇതിൽ തരകൻ പരാതിപ്പെട്ടിട്ടും പ്രയോജനമൊന്നും ഉണ്ടായില്ല. തരകന്റെ സ്വത്തുക്കൾ കണ്ടുകെട്ടുന്ന ഉത്തരവു പിൻവലിക്കാൻ ദളവായോട് റസിഡണ്ട് ആവശ്യപ്പെട്ടു. ദളവാ റസിഡന്റിന്റെ നിർദ്ദേശം തള്ളിക്കളഞ്ഞു. മഹാരാജാവിന്റെ ഇംഗ്ലീഷ് ദ്വിഭാഷി മി. ഡി.വേഗസിന് റസിഡണ്ട് അയച്ച് കത്തിന്റെ തർജ്ജമ തച്ചിൽ മാത്തുത്തരകൻ ജീവചരിത്രത്തിൽ ചേർത്തിരിക്കുന്നത് ഉദ്ധരിക്കട്ടെ. (പേജ് 338)

"കരക്കുടിശിഖയ്ക്കു വേണ്ടി തരകന്റെ ഭൂസ്വത്തുക്കൾ കണ്ടുകെട്ടുന്നതു സംബന്ധിച്ചുള്ള ദിവാന്റെ നടപടി ഏറ്റം നികൃഷ്ടമായ വഞ്ചനയുടെയും മർദ്ദനത്തിന്റെയും ഒരു ചൈതന്യത്താൽ പ്രേരിതമാണ്. തന്റെ ഈ നടപടിയെപ്പറ്റി അയാൾക്ക് തീർച്ചയായും പശ്ചാത്താപമുണ്ടാകത്തക്ക ഒരു രീതിയിൽ ഞാൻ ഇടപെടുന്നതാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.' വീണ്ടും 1807 മേയ് 12–ാം തീയതി റസിഡണ്ട് മെക്കാളെ ദളവായ്ക്ക് ഒരു കത്തെഴുതി. അതിൽ ഇപ്രകാരം പറയുന്നു. 'മലമ്പ്രദേശങ്ങൾ മുതലായവയ്ക്കുവേണ്ടി മാത്തുത്തരകൻ തരാനുണ്ടെന്നു പറയപ്പെടുന്നവ അയാളിൽനിന്നും ഈടാക്കുവാൻ നിർബന്ധിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുവാൻ നിങ്ങൾ തീരുമാനിച്ചിരിക്കുന്ന എന്ന് മി. ഡി. വേഗൻ വഴി എന്നെ അറിയിക്കുവാൻ സുബ്ബയ്യനോട് നിങ്ങൾ ആവശ്യപ്പെട്ടിരുന്നുവല്ലോ. നിങ്ങൾ

സ്വീകരിക്കുന്ന നിലപാടിനെ സ്വാധീകരിക്കുന്ന ഒരു രേഖ പോലുമില്ലാതെ നഗ്നമായ രൂപത്തിൽ നിങ്ങളിൽനിന്നും വരുന്ന ഈ അറിയിപ്പ് (മാത്തുത്തരകന്റെ നിലയുടെ പ്രത്യേകമായ പരിതസ്ഥിതികളിൽ ) ഏറ്റവും അനുചിതവും നിയമവിരുദ്ധവും നിങ്ങളുടെ അവശ്യചുമതലകൾക്ക് ചേരാത്തതുമാകുന്നു. നിങ്ങൾ ആ ഉത്തരവുകളെ ആദ്യം പിൻവലിക്കണം. ഇക്കാര്യത്തെപ്പറ്റി നിയമാനുസൃതമായി അന്വേഷണം നടത്തുകയും തങ്ങളുടെ പ്രസ്താവനകളുടെ സത്യവത്വത്തിന് കാര്യക്കാരന്മാരെ വരുത്തി തെളിവെടുക്കുകയും ചെയ്യുന്നതിലേക്കു വേണ്ടി മാത്തുത്തരകൻ നികുതിയടച്ചിട്ടില്ലായെന്ന് നിങ്ങൾക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്ന വിവിധ കാര്യക്കാരന്മാരുടെ റിപ്പോർട്ടുകൾ എനിക്കയച്ചുതരികയും വേണം. മറ്റേതെങ്കിലും തരത്തിലുള്ള ഒരു നടപടി (അനുവദനീയമല്ല)..... എനിക്ക് സാദ്ധ്യമായും മാന്യമായും തടയുവാൻ സാധിക്കുമെങ്കിൽ നികൃഷ്ടമായ ശത്രുതയാൽ പ്രേരിതമായി യാതൊരു മനുഷ്യനെയും (അയാൾ നിങ്ങളുടെ പ്രജയോ ആശ്രിതനോ ആയിക്കൊള്ളട്ടെ) നശിപ്പിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കുകയില്ല. ഇതിൽ കൂടുതൽ ഞാൻ എന്തു പറയണം.'

ഈ ചരിത്രപ്രാധാന്യമർഹിക്കുന്ന രേഖയിൽനിന്നും നികൃഷ്ടമായ ശത്രുതയാൽ പ്രേരിതമായി മാത്തുത്തരകനെ നശിപ്പിക്കുവാൻ വേലുത്തമ്പി പരിശ്രമിക്കുകയായിരുന്നുവെന്നും അതിലേക്കാണ് തരകന്റെ പേരിൽ നികുതി കുടിശ്ശിഖ ആരോപിച്ചതെന്നും നമുക്ക് മനസ്സിലാക്കാം. നികുതിയടച്ചിട്ടില്ലെന്നതിന് യാതൊരു തെളിവുമില്ലായിരുന്നു. ഒരന്വേഷണവും നടത്താതെ പുറപ്പെടുവിച്ച ഉത്തരവ് അനുചിതവും നിയമവിരുദ്ധവും ആണ്. തരകനെ തകർക്കുകയെന്ന ദുഷ്ടലക്ഷ്യത്തോടെ ആസൂത്രണം ചെയ്തതുമായിരുന്നു.

(കൊച്ചുമാത്തുത്തരകൻ റസിഡണ്ടിന് അയച്ച കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു. പഴയ ഭാഷയിൽ തയ്യാറാക്കിയ ഹർജി ഇന്ന് വായിക്കുവാൻ കുറെ പ്രയാസമുണ്ടായിരിക്കും. എങ്കിലും ആ ഹർജി ഒന്ന മനസ്സിരുത്തി വായിക്കുന്നത് നന്നായിരിക്കും.) ☆

(21)

# ഇംഗ്ലീഷുകാർ ചെയ്ത ദ്രോഹങ്ങൾ

വേലുത്തമ്പി അധികാരത്തിലേറിയ അന്നുമുതൽ തച്ചിൽ മാത്തുത്തരകനെ നശിപ്പിക്കുവാൻ ശ്രമിക്കുകയാണെന്ന് മനസ്സിലാക്കിയ റസിഡണ്ട് മെക്കാളെ തരകനെ രക്ഷിക്കണമെന്ന് നിശ്ചയിച്ചു. എല്ലാ പ്രമാണങ്ങളുമായി ചേററുവായിൽ ചെന്നെത്തുവാൻ തരകനോടും പൗത്രനോടും ഇട്ടിയവിരാ മല്പാനോടും മെക്കാളെ ആവശ്യപ്പെട്ടു. ചേററുവായിൽ അവർ എത്തി മെക്കാളെയെ സന്ദർശിച്ചു. കൊല്ലത്തെത്തി ദളവായെ കാണുവാൻ കൊച്ചുമാത്തുവിനോട് പറഞ്ഞു. ദളവാ കണക്കുതീർത്തുതരുമെന്നും തന്റെ എല്ലാ സഹായവും ഉണ്ടാകുമെന്നും മെക്കാളെ അറിയിച്ചു. ഇതുവരെയുണ്ടായ അനുഭവങ്ങൾ വച്ച് വേലുത്തമ്പിയെ കണ്ടാലുണ്ടാകുന്ന അപകടങ്ങൾ അവർ മെക്കാളെയെ അറിയിച്ചെങ്കിലും കൊല്ലത്തെത്തുവാൻ മെക്കാളെ ആവശ്യപ്പെട്ടു. തരകനോടും കുടുംബാംഗങ്ങളോടും തമ്പി കാണിച്ച ക്രൂരതകൾ തനിക്കറിയാമെന്നും എല്ലാ റിക്കാർഡുകളുടെയും പകർപ്പെഴുതിയെടുത്തതിനുശേഷം തമ്പിയെ കാണിക്കുവാനും മെക്കാളെ ആവശ്യപ്പെട്ടു. പഴയ ശക്തി തമ്പിക്കില്ലെന്നും ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ലെന്നും മെക്കാളെ പറയുകയും ചെയ്തു. റസിഡണ്ടിന്റെ ഹരിക്കാരൻ ശിന്നകണ്ണപ്പിള്ളയുമൊത്ത് കൊച്ചുമാത്തു കൊല്ലത്തെത്തി. മെക്കാളെയ്ക്ക് തന്നോട് താല്പര്യമില്ലെന്ന് മനസ്സിലാക്കിയ തമ്പി താൻ ഉദ്യോഗത്തിൽനിന്നു വിരമിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് റസിഡണ്ടിനെ അറിയിച്ചു. ദളവാ സ്ഥാനത്തു നിന്ന് വിരമിച്ച് മലബാറിൽപോയി താമസിച്ചാൽ 500 രൂപാ പെൻഷൻ പ്രതിമാസം നൽകുന്നതാണെന്ന് മെക്കാളെയും അറിയിച്ചു. തമ്പി, തന്റെ പിടി മുറുക്കുവാൻ വേണ്ടി സ്വീകരിച്ച ഒരു അടവായിരുന്നു രാജി. റസിഡണ്ടിന്റെ പ്രീതി ലഭിക്കാൻവേണ്ടി കുടിശിഖയായി കിടന്ന കപ്പത്തിൽ ഒരു ഭാഗം ഇതിനകം അടയ്ക്കുകയും ചെയ്തു.

വേലുത്തമ്പി, വരാപ്പുഴ മിഷനറിമാരെക്കണ്ട് തരകനെതിരായി ഒരു പരാതി കൊടുക്കുവാൻ ആവശ്യപ്പെട്ടു. സ്വയം ഭരണത്തിനുവേണ്ടി നിലകൊണ്ടതിനാൽ തരകൻ വരാപ്പുഴക്കാർക്ക് അസ്വീകാര്യനായിരുന്നു. സ്ഥാനമാനങ്ങൾക്കായി തിരുവിതാംകൂർ സർക്കാരിലും കൊച്ചിസർക്കാരിലും യഥാക്രമം 28000 രൂപായും 14000 രൂപായും അടിയറവച്ചത് അങ്ങനെയല്ലന്നും മാത്തുത്തരകൻ

ബലമായി പട്ടാളക്കാരെക്കൊണ്ട് കൊടുപ്പിച്ചതാണെന്നും അതിനാൽ അത്രയും സംഖ്യ തരകന്റെ സ്വത്തിൽനിന്നും വരാപ്പുഴ പള്ളിക്ക് ലഭിക്കണമെന്നുമായിരുന്നു വരാപ്പുഴക്കാർ കൊടുത്ത പരാതി. കർണ്ണൽ മെക്കാളെയെ, മാത്തുത്തരകനിൽനിന്നും അകററുവാൻ ഈ പരാതി ഇടയാക്കി.

കൊച്ചുമാത്തുത്തരകൻ 982 മിഥുനം 25–ാം തീയതി കൊല്ല ത്തെത്തി ഡോക്ടർ കെനിത്ത് മെക്കാളെയെക്കണ്ടു. ഡോ. കെനിത്ത് വേലുത്തമ്പിദളവായുടെയടുക്കൽ കൊച്ചുമാത്തുവിനെ ഹാജരാക്കി. ഡോ.കെനിത്ത് കണക്കുനോട്ടത്തിൽ പങ്കെടുത്തില്ല. ദളവാ ഏക പക്ഷീയമായ ഒരു വിധി പ്രസ്താവിച്ചു. 14 ലക്ഷം രൂപയായിരുന്നു സർക്കാരിൽനിന്നും തരകന് കിട്ടാനുണ്ടായിരുന്നത്. ദളവാ അത് 85000 രൂപയാണെന്ന് വിധിച്ചു. ഈ തുകയായി 59000 രൂപാ കർണ്ണൻ മെക്കാളെയെ ഏല്പിച്ചിട്ടുണ്ടെന്നും 26000 രൂപാ രൊക്കം നൽകാ മെന്നും കണക്കുകൾ എല്ലാം തീർത്ത് രൂപാ കൈപ്പററിയതായി മാത്തുത്തരകനെക്കൊണ്ട് എഴുതി ഒപ്പിടുവിച്ചുതരണമെന്നും തമ്പി പറഞ്ഞു. കൊച്ചുമാത്തു, തരകന് രസീത് അയച്ചുകൊടുത്ത് ഒപ്പിടു വിച്ച് വരുത്തി ദളവായെ ഏല്പിച്ച് പണവും വാങ്ങിയല്ലാതെ സ്ഥലം വിട്ടുകൂടെന്ന് ശാസിക്കുകയും ചെയ്തു. 59000 രൂപാ മെക്കാളെയെ ഏല്പിച്ചുവെന്നത് ശരിയാണോയെന്ന് ഡോ.കെനിത്തിനോട് കൊച്ചു മാത്തു ചോദിച്ചു. തനിക്കതേപ്പററി അറിയില്ലെന്നായിരുന്നു മറുപടി. ഡോ.കെനിത്തും കൂടെവന്നിരുന്ന ഹരിക്കാരനും കൊടുങ്ങല്ലൂർക്കു പോയപ്പോൾ തന്നെക്കൂടി കൊണ്ടുപോകണമെന്ന് കൊച്ചുമാത്തു കേണപേക്ഷിച്ചു. അവർ ആ അഭ്യർത്ഥന ശ്രവിച്ചുപോലുമില്ല. താൻ തന്നെപോയി ഒപ്പിടുവിച്ചുകൊണ്ടുവരാമെന്നുള്ള കൊച്ചുമാത്തുവിന്റെ അഭ്യർത്ഥനയും തമ്പി നിരസിച്ചു. കൊച്ചുമാത്തു ഒപ്പിടുവാനുള്ള രസീത് ഒരു ആൾവശം കൊടുത്തുവിട്ടു.

85000 രൂപായുടെ ചരിത്രത്തെപ്പററി മാത്തുത്തരകൻ ജീവചരിത്രത്തിൽ (പേജ് 345) ഇപ്രകാരം എഴുതിയിരിക്കുന്നു. "തരകന് സർക്കാരിൽനിന്നും കിട്ടുവാനുണ്ടായിരുന്ന 14 ലക്ഷത്തിൽ പരം രൂപാ വെറും 85000–ൽ പരം ആയതെങ്ങനെയെന്നല്ലേ? 975 വൃശ്ചികം 25–ാം തീയതി 2 ലക്ഷം രൂപാ പിഴചുമത്തി. 180000–ൽപരം രൂപാ രൊക്കം ഈടാക്കിയത് മടക്കിക്കൊടുക്കണമെന്ന് മഹാരാജാവ് കല്പിച്ചിരുന്നല്ലോ. എന്നാൽ അതു പരിഗണിക്കാതെ 20,000ത്തോളം രൂപാ തരകൻ വരേണ്ട സംഖ്യയിൽ തട്ടിക്കഴിച്ചു അതുപോലെതന്നെ 979 ഇടവം ഒന്നാം തീയതി 72000–ൽ പരം രൂപയുടെ ആഭരണങ്ങൾ

കണ്ടമാനം വില്പിച്ചു. 37000–ൽ പരം രൂപായും ചരക്കുകൾ ഒന്നു പാതിവിലയ്ക്ക് വിൽപ്പിച്ച് 26000–ൽ പരം രൂപായും പുറക്കാട്ടെ ജനാർദ്ദനശേണായി പക്കൽനിന്നും 14000–ൽ പരം രൂപായും 981 മീനം 8–ാം തീയതി ചരക്കുകളും കപ്പലുകളും വിററു 32000–ൽപരം രൂപായും അന്യായമായി ഈടാക്കിയതും മടക്കിക്കൊടുക്കേണ്ട തില്ലെന്നും തീരുമാനിച്ചു.

മാത്തുത്തരകൻ സർക്കാർ വക പല കുത്തകകളും കച്ചവട ങ്ങളും ഏററുനടത്തിയിരുന്നുവല്ലോ. അപ്രകാരം സർക്കാരിന് ചെല്ലേണ്ട തുകകളെല്ലാം യഥാകാലം അടച്ചുതീർത്തു എന്നതിന് ധർമ്മരാജാവിന്റെയും രാജാകേശവദാസന്റെയും പ്രമാണങ്ങളുണ്ടാ യിരുന്നു. പക്ഷെ അത് അങ്ങനെയല്ലെന്നും 190,000–ൽ പരം രൂപാ കുത്തകകുടിശിഖ ഉണ്ടെന്നും പറഞ്ഞ് അത്രയും തുക കടത്തിൽ നിന്നും വെട്ടിക്കുറച്ചു. അത് മാത്രമല്ല, ഇല്ലാത്ത ആ കുടിശിഖയുടെ പലിശയായി വേറെ ഒരു 290,000–ൽപരം രൂപയും വെട്ടിക്കുറച്ചു. ബാലരാമവർമ്മ മഹാരാജാവിന്റെ കല്പന പ്രകാരം തരകന്റെ വക നിലം സർക്കാർ കണ്ടുകൃഷിനില ശേഖരത്തിലേയ്ക്ക് വിട്ടുകൊടുത്ത വകയിൽ കിട്ടേണ്ട 30,000–ൽപരം രൂപായും പന്തളത്ത് തമ്പുരാന് കൊടുപ്പിച്ച 50,000–ൽപരം രൂപായും ഒരു സമാധാനവും പറയാതെ തള്ളിക്കളഞ്ഞു. ഇതിനും പുറമെ ഇതിൽ കുറഞ്ഞ തുകകൾ വളരെ ഉള്ളത് ഇല്ലാത്തതായും ഇല്ലാത്തത് ഉള്ളതായും പരിഗണിച്ചു കണക്കാക്കിയാണ് 14 ലക്ഷം 85000–ൽപരമാക്കി വെട്ടിക്കുറച്ചത്."

ഈ കണക്കുതീർക്കലിനെപ്പററി വളരെ ഹൃദയവേദനയോടെ എഴുതിയിരിക്കുന്ന ഭാഗം തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിൽ (പേജ് 346) ചേർത്തിട്ടുണ്ട്. "സർക്കാരിൽനിന്ന് ഓരോരോ കുത്തകകളും കച്ചവടങ്ങളും ഉദ്യോഗങ്ങളും കച്ചവടക്കാർ, കുടിയാന്മാർ മുതലായവർ ഏററു നടക്കുകയും അതു സംബന്ധിച്ച് അവരുടെ പേരിൽ കുടിശിഖ വരികയും ചെയ്താൽ അതിന് 12 വർഷത്തെ കാലാവധി കൊടുക്കു കയോ വേണ്ടെന്നുപറഞ്ഞ് ഇളച്ചുകൊടുക്കുകയോ സർക്കാർ സാധാ രണ ചെയ്യാറുള്ളതാണ്. എന്റെ പിതാമഹൻ, തമ്പുരാന്റെ കുടിയാ ന്മാരുടെയും, ഉദ്യോഗസ്ഥന്മാരുടെയും, മന്ത്രിമാരുടെയും ജോലികൾ തമ്പുരാക്കന്മാർ കല്പിച്ചതനുസരിച്ച് കേട്ട് അനുസരിക്കുകയും, ജീവനും ഉപേക്ഷിച്ച് ഗവൺമെന്റിനുവേണ്ടി ബുദ്ധിമുട്ടുകയും തദ്വാരാ സർക്കാരിന് പലവിധ ഗുണങ്ങൾ ഉണ്ടാകുകയും മുതലെടുപ്പു വർദ്ധിക്കുകയും ചെയ്തിരുന്നു. ഇതെല്ലാം മനസ്സിലാക്കി തമ്പുരാ ക്കന്മാർ എത്രയും മനോവിശ്വാസത്തോടുകൂടി എന്റെ പിതാമഹ

നെയും ഞങ്ങളെ എല്ലാവരെയും വേണ്ടപോലെ സംരക്ഷിച്ചു പോരുകയും ചെയ്തു. ഇങ്ങനെയിരിക്കെ 190000-ൽപരം രൂപാ എന്റെ പിതാമഹൻ കുത്തകകുടിശിഖ വരുത്തിയിരിക്കുന്നുവെന്നു പറയുന്നത് ഇന്നുവരെയും ഒരുത്തരോടും സർക്കാർ ചെയ്തിട്ടില്ലാത്ത തരത്തിലുള്ള അന്യായമാകുന്നു."

കൊല്ലത്ത് ബന്തവസ്സിൽ നിന്നും കൊച്ചുമാത്തു കൊടുത്തുവിട്ട രസീതുമായി റസിഡണ്ട് മെക്കാളെയുടെയടുക്കൽ മാത്തുത്തരകൻ ചെന്ന് 59000 രൂപാ മെക്കാളെ പററിയത് ശരിയാണോയെന്നാരാഞ്ഞു. താൻ പററിയതാണെന്നും എതിരൊന്നും പറയാതെ രസീത് ഒപ്പിട്ടു കൊടുത്ത് 26000രൂപാ രൊക്കം വാങ്ങിച്ചുപോരാൻ ആണ് മെക്കാളെ നിയോഗിച്ചത്. തരകനോട് ഒരു ശത്രുതാമനോഭാവത്തോടെയാണ് മെക്കാളെ പെരുമാറിയത്. രസീത് ഒപ്പിട്ടയച്ചില്ലെങ്കിൽ പൗത്രന്റെ ജീവൻ തന്നെ അപകടത്തിലാകുമെന്ന് തരകന് ബോദ്ധ്യമായി. ഒപ്പിട്ട് കൊല്ലത്തിന് കൊടുത്തുവിട്ടു. കർക്കിടകം 28-ന് കൊല്ലത്തുനിന്നും തിരികെ പോന്നു. രസീത് കിട്ടിയതോടെ ദളവാ വീണ്ടും മർദ്ദന പരിപാടി തുടർന്നു. തരകന്റെ വക 1500 കുററിതേക്കുതടി തൃക്കാരൂർമലയിൽ പേഴുംകടവിൽ ഉണ്ടായിരുന്നത് സർക്കാർ ആവശ്യത്തിനെന്നുപറഞ്ഞ് ദളവാ അതുമുഴുവൻ കൊണ്ടുപോയി.

ആരും സഹായിക്കാനില്ലാത്ത അവസ്ഥയിൽ തരകൻ സങ്കടത്തോടും ഭയത്തോടുംകൂടി ചേററുവായിൽ താമസിച്ചു. കുനിൻമേൽ കുരുവെന്നുപറഞ്ഞതുപോലെ കൊച്ചിയിലെ അന്തിരി കപ്പിത്താൻ, റസിഡണ്ടിന്റെ പക്കൽ പരാതി കൊടുത്തു. തരകൻ തന്നോട് വാങ്ങിയ രൂപാ തന്നില്ലെന്നായിരുന്നു പരാതി. അങ്ങാടിപ്പുറം ജില്ലാക്കോടതിയിൽ മെക്കാളെയുടെ നിർദ്ദേശാനുസരണം കേസ് കൊടുത്തു.

മെക്കാളെയുടെ സുഹൃത്തായിരുന്ന ജെന്മിസതെത്ത കൊച്ചിയിൽവന്ന് താമസിച്ചപ്പോൾ തരകനുമായി ഒരു വ്യാപാരത്തിൽ ഏർപ്പെട്ടു. ഏതാനും മരത്തിനും പലകയ്ക്കുംവേണ്ടി തരകൻ ചരക്കുകൾകൊണ്ട് കൊച്ചിയിൽ വന്നപ്പോൾ കച്ചവടം ഒഴിഞ്ഞിരിക്കുന്നുവെന്ന് കാണിച്ച് ഒരു രേഖ എഴുതിക്കൊടുത്തു. 977-ാമാണ്ടിലാണ് സംഭവം. 983 കന്നിമാസത്തിൽ ആ കച്ചവടം വകയിൽ 16000-ൽപരം രൂപാ സായ്പിന് ലാഭം കൊടുക്കണമെന്ന് മെക്കാളെ വിധിച്ചു. തങ്ങൾ ഒരുവിധത്തിലും ലാഭംകൊടുക്കാൻ ബാദ്ധ്യസ്ഥരല്ലെന്ന് തരകൻ പറയുകയും സായ്‌വ് എഴിതിക്കൊടുത്ത രേഖ ഹാജരാക്കുകയും

ചെയ്തു. ആ രേഖകൾ പോലും തിരിച്ചുകൊടുക്കാതെ 26000 രൂപാ കൊടുക്കാനാണ് മെക്കാളെ വിധിച്ചത്.

അന്തിരികപ്പിത്താൻ 59000 രൂപാ ലഭിക്കുന്നതിനുവേണ്ടി അഞ്ചാടിപ്പറമ്പ് ജില്ലാക്കോടതിയിൽ തരകന് എതിരെ കേസ് കൊടുത്തു. സർക്കാരിൽനിന്ന് കിട്ടാനുണ്ടായിരുന്ന തുക കിട്ടിയിട്ടില്ല. തന്റെ സകല സ്വത്തുക്കളും സർക്കാർ കവർന്നെടുത്തു. ഈ വിവരം തരകൻ കോടതിയിൽ ബോധിപ്പിച്ചു. താൻ ജീവിച്ചിരിക്കുമ്പോൾ പൗത്രനെക്കൂടെ കേസിൽ ഉൾപ്പെടുത്തുന്നത് നീതിക്കുചേർന്ന തല്ലെന്നും തരകൻ വാദിച്ചു. ജഡ്ജി ഈ വാദഗതികളൊന്നും അംഗീകരിച്ചില്ല. തരകനെ ജയിലിൽ അടച്ച് വിസ്താരം തുടർന്നു.

മെക്കാളെ കൊച്ചുമാത്തുത്തരകനെ പോഞ്ഞിക്കരയ്ക്ക് വിളിപ്പിച്ച്, ദളവായിൽനിന്നും അദ്ദേഹം പററിയ 59000–ൽപരം രൂപായിൽ 11000 രൂപായും 32000 രൂപായുടെ ഹുണ്ടികയും തരാമെന്നു പറഞ്ഞു. ബാക്കി തുക തെത്തസായ്പ് അവർകൾക്കും രാമലിംഗം മുതലിയാർക്കും ജാപ്പണത്തുനിന്നുവന്ന പാതിരിക്കും കൊടുത്തുപോയെന്നും അതിനാൽ 59000 രൂപാ കൈപ്പററിയതായി എഴുതിത്തരണമെന്നും ആവശ്യപ്പെട്ടു. തങ്ങൾ കൊടുക്കാനില്ലാത്തവർക്ക് ഉണ്ടെന്ന് സങ്കൽപിച്ച് സായ്പ് സംഖ്യകൾ വീതിച്ചുകൊടുക്കുന്നത് ശരിയല്ലെന്നും പിതാമഹനോട് ചോദിക്കാതെ താനായിട്ടൊരു തീരുമാനമെടുക്കുകയില്ലെന്നും കൊച്ചുമാത്തു പറഞ്ഞു. ഇതിൽ മെക്കാളെ കുപിതനായി. 59000 രൂപായും സർക്കാരിൽ ഏല്പിച്ചിരിക്കുന്നുവെന്നും അവിടെ ചെന്ന് വാങ്ങിച്ചുകൊള്ളണമെന്നും പറയുകയും റൈററർ തുഞ്ചുതുപ്പായിയെക്കൊണ്ട് തരകന് ഈ വിവരം കാണിച്ച് എഴുത്തുകൊടുപ്പിക്കുകയും ചെയ്തു.

14 ലക്ഷത്തിൽ ആകെ തരകന് കിട്ടിയത് 26000 രൂപായാണ്. അത് കടക്കാർക്ക് വീതിച്ചുകൊടുത്തു. തരകന് പിന്നെയുണ്ടായിരുന്ന ആകെ സ്വത്ത് 800–ൽ ശിഷ്ടം കുററിതടിയും 600–ൽ ശിഷ്ടം തളിരവും ആയിരുന്നു. പുറക്കാട്ട് ജനാർദ്ദനശേണായിയുടെ കുത്തകയിൽ പെട്ടതാണെന്ന് പറഞ്ഞ് അയാളോട് എടുത്തുകൊള്ളുവാൻ ദളവാ കല്പിച്ചു. അതും തരകന് നഷ്ടപ്പെട്ടു.

അന്തരികപ്പിത്താൻ കൊടുത്ത കേസിന്റെ വിധി തരകനും പൗത്രനും കൂടി 23500–ൽ പരം രൂപാ കൊടുക്കണമെന്നായിരുന്നു. പണമില്ലാതിരുന്ന തരകനെ കൊച്ചിയിൽ ജയിലിലടച്ചു. തരകന്റെ കുടുംബാംഗങ്ങൾ കുത്യതോട്ടിലേക്കു താമസം മാററി.

വിധിസംഖ്യയിൽ ഏതാനും തുക വീട്ടുകാർ കെട്ടിവച്ചതിനാൽ 986 ധനു 7-ന് ജയിലിൽനിന്നും വിട്ടു തച്ചിലെ വകനിലങ്ങളും ആനകളെയും പാപ്പനിവട്ടത്തെ വീടും വസ്തുക്കളും പണയപ്പെടുത്തി അന്തിരികപ്പിത്താന് 19000-ൽപരം രൂപാ കൊടുത്തു. 4000 രൂപാ കൂടി കൊടുക്കേണ്ടിയിരുന്നു.

തടി കുത്തകവകയിൽ കൊച്ചിസർക്കാരിന് കുറെ രൂപാ കൊടുക്കുവാനുണ്ടായിരുന്നു. കൊച്ചി സർക്കാർ റസിഡണ്ടിന്റെ പക്കൽ പരാതി ബോധിപ്പിച്ചു. തരകന്റെ സ്വത്തുക്കൾ കണ്ടുകെട്ടി ബാദ്ധ്യത തീർക്കാൻ ഉത്തരവായി. 987 വൃശ്ചികം 6-ാം തീയതി തരകന് അവശേഷിച്ചിരുന്ന സകലസ്വത്തുക്കളും കണ്ടുകെട്ടപ്പെട്ടു.

## വട്ടിപ്പണം

കൊച്ചുമാത്തുത്തരകൻ 59000 രൂപാ കൈപ്പററിയെന്ന് രസീത് കൊടുക്കാത്തതിൽ കുപിതനായ മെക്കാളെ പ്രസ്തുത തുക സർക്കാരിൽ ഏല്പിച്ചുവെന്നും അവിടെച്ചെന്ന് വാങ്ങിച്ചുകൊള്ളണമെന്നും മാത്തുത്തരകന് നേരിട്ട് എഴുതി അയച്ചു. വേലുത്തമ്പിയുടെ പീഡനങ്ങളും മെക്കാളെയുടെ ഭീഷണിയും കടക്കാരുടെ ഞെരുക്കങ്ങളെയും ഭയന്ന് പ്രാണരക്ഷാർത്ഥം പാലായനം ചെയ്തുകൊണ്ടിരുന്ന തരകനോ, കൊച്ചുമാത്യുവിനോ ഈ തുക സർക്കാരിൽനിന്നും വാങ്ങിക്കുവാൻ സാധിച്ചില്ല. തച്ചിൽ കുടുംബക്കാർ അക്കാലത്ത് അനുഭവിച്ച ദുരിതങ്ങൾ കാരണം ആ കുടുംബത്തിൽപ്പെട്ട ആരും റസിഡണ്ട് ഏല്പിച്ച തുകയും തിരക്കി സർക്കാരിനെ സമീപിക്കുമായിരുന്നില്ല.

റസിഡണ്ട് കർണ്ണൽ മെക്കാളെയ്ക്ക് മാത്തുത്തരകനോട് എതിർപ്പുണ്ടാകുവാനുള്ള കാരണങ്ങളെപ്പററി മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. പാറേമ്മാക്കൽ തോമ്മാക്കത്തനാർക്കും കാനോനിസ്താമാർക്കും പദവികളും ബഹുമതികളും ലഭിക്കുന്നതിനായി 30000-രൂപാ സർക്കാർ അടിയറവ് വച്ചിട്ടുണ്ട്. ഇതിന് പ്രധാനകാരണക്കാരൻ മാത്തുത്തരകനായിരുന്നു. അന്നത്തെ ഒരു നാട്ടുനടപ്പായിരുന്നു ഈ നടപടി. ഈ നടപടിയെ ദളവായുടെ പ്രേരണനിമിത്തം വരാപ്പുഴ മിഷനറിമാർ തെററായി വ്യാഖ്യാനിച്ച് മെക്കാളെയ്ക്ക് പരാതി നൽകി. തിരുവിതാംകൂർ സർക്കാരിന് കൊടുക്കാനെന്നും പറഞ്ഞ് തരകൻ സുറിയാനി പള്ളികളിൽനിന്ന് ഇരുപത്തീരായിരം രൂപാ ബലമായി എടുത്തിട്ടുണ്ടെന്നും സമ്പ്രതിപിള്ളയ്ക്ക് കൊടുക്കുവാനെന്നും

പറഞ്ഞ് രണ്ടായിരം രൂപാ എടുത്തുവെന്നും ഇവയ്ക്കുപുറമെ ബല മായി സുറിയാനിപള്ളികളിൽനിന്നും വേറെയും തുകയും എടുത്തു വെന്നായിരുന്നു പരാതി. ഈ തുക പള്ളികൾക്ക് തരകന്റെ സ്വത്തുക്ക ളിൽനിന്നും എടുത്തുനൽകണമെന്നായിരുന്നു പാതിരിമാർ ആവശ്യ പ്പെട്ടത്. വെറും പദവികൾക്കായി പണം കെട്ടിവച്ചുവെന്ന സത്യം അംഗീകരിക്കുവാൻ ഒരു പാശ്ചാത്യരാജ്യക്കാരനായ മെക്കാളെയ്ക്ക് സാധിച്ചില്ല. വരാപ്പുഴ പാതിരിമാർ തരകന്റെ പേരിൽ ഇതേ കാരണം പറഞ്ഞ് പരാതി കൊടുക്കണമെന്ന് പല പള്ളിക്കാരോടും ആവശ്യ പ്പെട്ടു. പാതിരിമാരുടെ പരാതിയനുസരിച്ച് പരാതി നൽകുവാൻ ഒരു സുറിയാനിപ്പള്ളിക്കാരും തയ്യാറായില്ല. മാത്തുത്തരകൻ സത്യംപറഞ്ഞത് വിശ്വസിക്കുവാൻ മെക്കാളെയും തയ്യാറായില്ല.

പുത്തൻകൂർ സുറിയാനിക്കാരും തരകനെതിരെ പരാതി ബോധിപ്പിക്കുകയുണ്ടായി. വ്യവസ്ഥലംഘിച്ചതിന്റെ പേരിൽ പണ പ്രാശ്ചിത്തം കെട്ടി കത്തോലിക്കാസഭയിൽനിന്നും യാക്കോബായ സഭയിലേക്കുപോയ ആറാം മാർത്തോമ്മായുടെ പിഴകെട്ടൽ തെററായി വ്യാഖ്യാനിച്ചാണ് പുത്തൻകൂർകാർ പരാതി സമർപ്പിച്ച തെന്ന് ഈ ഗ്രന്ഥത്തിൽ മാർത്തോമ്മായുടെ പുനരൈക്യം എന്ന അദ്ധ്യായത്തിൽ വിസ്തരിച്ച് പറഞ്ഞിട്ടുണ്ടല്ലോ. മെക്കാളെയുടെ പ്രീതിസമ്പാദിക്കാനായി യാക്കോബായക്കാരും തരകന്റെ പേരിൽ പരാതി അയച്ചിരുന്നു.

വരാപ്പുഴ പാതിരിമാരുടെയും പുത്തൻകൂററുകാരുടെയും യാക്കോബായക്കാരുടെയും പരാതികളെല്ലാം മെക്കാളെയ്ക്ക് മാത്തു ത്തരകനെപ്പററി തെററിദ്ധാരണകൾ വളർത്തുന്നതിന് സഹായിച്ചു. 1808-ലെ വേലുത്തമ്പി – പാലിയത്തച്ചൻ സംയുക്ത ആക്രമണത്തെ ത്തുടർന്ന് റസിഡൻസി ഓഫീസുകളിലെ പല റിക്കാർഡുകളും അഗ്നിക്കിരയാക്കിയിരുന്നു. ഇതേപ്പററി തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 385, 386) ഇപ്രകാരം എഴുതിയിരി ക്കുന്നു. "ലഹളയെല്ലാം അവസാനിച്ചതിനുശേഷമാണ് തന്റേതോ റസിഡൻസി വകയോ അല്ലാത്തതും തന്റെ പേരിൽ അനാമത്തായി സർക്കാരിൽ ഏല്പിച്ചിരിക്കുന്നതുമായ തുകയുടെ വിനയോഗ ത്തെപ്പററി റസിഡണ്ട് ആലോചിച്ചത്. ആ തുക മടക്കികൊടുക്ക ണമെന്ന് മാത്തുത്തരകനും പൗത്രനും പലതവണ ആവശ്യപ്പെട്ടിട്ടുള്ള താണെങ്കിലും അങ്ങനെ ചെയ്യണ്ടായെന്നാണ് മെക്കാളെ തീരുമാനിച്ചി രുന്നത്. ആകയാൽ എമ്പ്രാന്റെ വിളക്കത്ത് വാരിയന്റെ അത്താഴം എന്നുപറഞ്ഞതുപോലെ, ആ സംഖ്യകൊണ്ട് പരോപകാരം ചെയ്തു

കളയാമെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. വരാപ്പുഴ പാതിരിമാരുടെയും പുത്തൻകൂർ മെത്രാപ്പോലീത്തായുടെയും പരാതികളുടെ കാര്യം ഈ ഘട്ടത്തിൽ അദ്ദേഹം അനുസ്മരിച്ചു. പഴയകൂർ, പുത്തൻകൂർ എന്നീ വിഭാഗങ്ങളിൽപ്പെട്ട സുറിയാനിക്രിസ്ത്യാനികളുടെ ഗുണത്തിനായി അവരുടെ മതാദ്ധ്യക്ഷന്മാരുടെ പേരിൽ ഓരോ എൻഡൌമെന്റ് സ്ഥാപിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു. അതനുസരിച്ച് വരാപ്പുഴ വികാരി അപ്പസ്തോലിക്കായുടെ പേരിൽ മുവായിരവും, പുത്തൻകൂർ മെത്രാപ്പോലീത്തായുടെ പേരിൽ മൂവായിരവും, പുവാരഹൻ പ്രതിവർഷം 8 ശതമാനം പലിശയ്ക്ക് ഒരു ശാശ്വതനിധിയായി ഈസ്റ്റ് ഇന്ത്യാകമ്പനിയിൽ അദ്ദേഹം നിക്ഷേപിച്ചു. മൂവായിരം പൂവാരഹൻ ഉദ്ദേശം പതിനായിരത്തിയഞ്ഞൂറ് രൂപയാണ്. ഇതിനും പുറമെ പള്ളിപ്പുറത്ത് കുഷ്ഠരോഗികൾക്കായി നടത്തിയിരുന്ന ആശുപത്രിയ്ക്ക് വേണ്ടി വന്ന ചിലവും ഈ സംഖ്യയിൽനിന്നാണ് എടുത്തിരുന്നത്."

ബാക്കി സംഖ്യ മെക്കാളെയുടെ പേരിൽതന്നെ കിടന്നിരുന്നു. 1810-ൽ മെക്കാളെയ്ക്കുപകരം കർണ്ണൽ മൺറോ റസിഡണ്ടായി വന്നു. മെക്കാളെയുടെ പേരിൽ അനാമത്തായി കിടക്കുന്ന തുക എന്തു ചെയ്യണമെന്ന കാര്യത്തെപ്പററി മൺറോ ആലോചിച്ചു. മൺറോയുടെ ആവശ്യപ്രകാരം അക്കാലത്ത് പുത്തൻകൂർ സുറിയാനിക്കാരുടെയിടയിൽ സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്ന റവ: ബെയ്‌ലി എന്ന സി.എം.എസ്സ് പാതിരി ഇതേപ്പററി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ് "പുത്തൻകൂർ സുറിയാനി ക്രിസ്ത്യാനികളുടെ വേദാദ്ധ്യയനത്തിനായി 1816-ൽ കൊടുത്ത 8000 രൂപായും കോട്ടയം കോളേജിനായി കൊടുത്ത 20000 രൂപായും നാഗർ കോവിലിലെ സ്കോട്ട് ക്രിസ്ത്യൻ കോളേജിനായി കൊടുത്ത 5000 രൂപായും സി.എം.എസ്സ് മിഷനറിമാരുടെ വിദ്യാദാനപ്രവർത്തനങ്ങൾക്കായി ഗവൺമെന്റിനെക്കൊണ്ട് കൊടുപ്പിച്ച മററു സംഖ്യകളും ഈ അനാമത്ത് സംഖ്യയിൽനിന്നും എടുത്തിട്ടുള്ളതാകുന്നു."

തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന ഗ്രന്ഥത്തിന്റെ കർത്താവായ മി.ജി.ററി.മെക്കൻസി (പേജ് 89 – 90) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഏററവും ആദ്യമുള്ള എൻഡോവുമെന്റുകളുടെ ഉത്ഭവമെങ്ങനെയാണെന്നുള്ളതിനെപ്പററിയുള്ള ശരിയായ വിവരം ലഭിക്കുന്നില്ല. കാരണം 1808-ഡിസംബർ മാസത്തിൽ വിപ്ലവത്തിൽ ഏർപ്പെട്ടിരുന്ന തിരുവിതാംകൂർ പട്ടാളം റസിഡണ്ടിന്റെ ആഫീസിലെ രേഖകളെല്ലാം തീവച്ച് നശിപ്പിച്ചു കളഞ്ഞു. എന്നാൽ ഇതേപ്പററി

ലഭിച്ചിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. 1808–ൽ സുറിയാനി ക്രിസ്ത്യാനികളുടെ പ്രയോജനത്തിനായി 8 ശതമാനം പലിശയ്ക്ക് 3000 പൂവാരഹൻ ഈസ്റ്റ് ഇന്ത്യാകമ്പനിയിൽ നിക്ഷേപിക്കപ്പെട്ടു. വരാപ്പുഴ റോമൻ കത്തോലിക്കാ മിഷന്റെ പ്രയോജനത്തിനായി അത്രയുമൊരുസംഖ്യ അതേപലിശനിരക്കിൽ വേറെയും. ഈ നിക്ഷേപങ്ങൾ ഇന്നേവരെ നിലനിൽക്കുന്നു. വരാപ്പുഴ റോമൻ കത്തോലിക്കാ ആർച്ച് ബിഷപ്പ് ഈ ഫണ്ടിന്റെ പലിശ വാങ്ങിക്കൊണ്ടിരിക്കുന്നു. മറേറഫണ്ടിന്റെ പലിശ, യാക്കോബായ സുറിയാനിക്കാരും നവീകരണസുറിയാനിക്കാരും ഒന്നുപോലെ അവകാശപ്പെടുകയും, ഈ തർക്കം ഇപ്പോൾ തിരുവനന്തപുരം ഡിസ്ട്രിക്ട് കോടതിയുടെ വിചാരണയിലിരിക്കുകയും ചെയ്യുന്നു. .... മാർ ദിവന്ന്യാസ് (അഞ്ചാമൻ) പറയുന്നത് ഈ ഫണ്ടിന്റെ സംഖ്യ അക്കാലത്തെ സുറിയാനി മെത്രാൻ സമ്പാദിച്ചതാണെന്നും, കർണ്ണൽ മെക്കാളെ 1808–ലെ സൈനിക എതിർപ്പുകാലത്ത് മെത്രാനിൽനിന്നും കടം വാങ്ങിയതാണെന്നും, ആ സംഖ്യ മടക്കികൊടുക്കുന്നതിനുപകരം ഇങ്ങനെ നിക്ഷേപിക്കുകയായിരുന്നെന്നുമാണ്. ഈ അഭിപ്രായം ശരിയാണെന്ന് തോന്നുന്നില്ല. അത്രയുമൊരു സംഖ്യ റോമൻ കത്തോലിക്കാ മിഷ്യനും നിക്ഷേപിച്ചിട്ടുണ്ടെന്നുള്ളത് ഈ വാദത്തിന് എതിരായിരിക്കുന്നു. മറെറാരു അഭിപ്രായം ഈ രണ്ടു സംഖ്യകളും മാത്തുത്തരകൻ എന്നു പേരുള്ള ഒരു ക്രിസ്ത്യൻ ധനാഢ്യനിൽ നിന്ന് കണ്ടുകെട്ടിയിട്ടുള്ള സ്വത്താകുന്നുവെന്നാണ്. ഇനിയുമൊരഭിപ്രായം ഈ രണ്ടു സംഖ്യകളും റസിഡണ്ട് കർണ്ണൽ മെക്കാളെയുടെ സ്വകാര്യസ്വത്തായിരുന്നുവെന്നും, വിപ്ലവത്തിൽ ജീവാപായം കൂടാതെ രക്ഷപെട്ടതിന് കൃതജ്ഞതാസ്ത്രോത്രമായി നൽകപ്പെട്ടതാണെന്നുമാകുന്നു."

"1816–ൽ തിരുവിതാംകൂർ ഡർബാർ സുവിശേഷപഠനങ്ങൾ നടത്തുന്നതിലേക്കായി സുറിയാനി ക്രിസ്ത്യാനികൾക്ക് 8000 രൂപാ നൽകി. 1818–ൽ കോട്ടയത്തെ സുറിയാനി കോളേജിന്റെ സഹായാർത്ഥം റാണി, റസിഡണ്ട് കർണ്ണൽ മൺട്രോ വഴി 20000 രൂപാ പ്രദാനം ചെയ്തു. അടുത്തവർഷം 1819–ൽ സുറിയാനിക്കാരുടെ പ്രയോജനത്തിനായി പ്രത്യേകിച്ചും കോട്ടയം സെമിനാരിയിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി, റാണി മൺറോ തുരുത്ത് നൽകി. ... 1814–ൽ റാണി റവ.റിങ്ങിൽ ടോബിനും അനന്തരഗാമികൾക്കുമായി, സാധുക്കളെ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസകാര്യങ്ങൾക്കും വേണ്ടി ... 88 കോട്ടാ നിലം ദാനം ചെയ്തു. ... 1818–ൽ മി.മീഡിന് 5000 രൂപാ ദാനമായി നൽകി. ...."

"മി.മെക്കൽസി പറയുന്ന യാക്കോബായക്കാരും നവീകരണക്കാരും തമ്മിലുള്ള കേസ് യാക്കോബായക്കാർക്ക് അനുകൂലമായ വിധിയുണ്ടായി. പക്ഷെ ഈ ഫണ്ടിന്റെ പലിശ വാങ്ങുന്നതിനുള്ള അവകാശത്തെപ്പററി യാക്കോബായക്കാരുടെയിടയിൽ പിന്നെയും വളരെക്കാലം വ്യവഹാരം നടന്നുകൊണ്ടിരുന്നു. ഇതാണ് ചരിത്രപ്രസിദ്ധമായ വട്ടിപ്പണക്കേസ്."

ഈ പണത്തെപ്പററി വിവിധഗ്രന്ഥകാരന്മാർ പറഞ്ഞിരിക്കുന്ന അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

## 1. ഫാ.ബർണാർദ് തോമ്മാ–മാർത്തോമ്മാ ക്രിസ്ത്യാനികൾ

സുപ്രസിദ്ധ ചരിത്രകാരനായ ഫാ.ബർണാർദ് ഈ ഫണ്ടിന്റെ ഉൽപ്പത്തിയെപ്പററി പറഞ്ഞിരിക്കുന്നതിങ്ങനെയാണ് "ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് തടി കൊടുത്ത വകയിൽ വളരെ പണം കമ്പനിയിൽ നിന്നും മാത്തുത്തരകന് കൊടുക്കുവാനുണ്ടായിരുന്നു. ആ പണത്തിൽ ഒരു ഭാഗമാണ് വരാപ്പുഴ മേലദ്ധ്യക്ഷന്മാർക്കും പുത്തൻ കൂററുകാർക്കും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതെന്നാണ് പഴയ കൂററുകാരുടെ ഇടയിൽ ഇന്നും നിലവിലിരിക്കുന്ന ഐതിഹ്യം. ഇതെപ്പററി വ്യക്തമായി വിവരിക്കുന്ന ഒരു റിക്കാർഡ് ഇല്ലാത്തതിനാൽ ചരിത്രകാരന്മാർ തത്സംബന്ധമായി നിശ്ചയപ്പെടുത്തി യാതൊന്നും പറയുന്നില്ല. തിരുവിതാംകൂർ സ്റ്റേററ് മാനുവലിൽ പറയുന്നത് ഈ പണത്തിന്റെ ഉത്ഭവം എവിടെ നിന്നാണെന്ന് പറയാൻ നിവൃത്തിയില്ലെന്നാണ്. എന്നാൽ 1901–ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന ഗ്രന്ഥത്തിൽ ഈ പണം മാത്തുത്തരകന്റെ വകയാണെന്ന് മെക്കൻസി തുറന്നുപറയുന്നു. പുത്തൻകൂർ മെത്രാൻ സംഭരിച്ച് റസിഡണ്ട് മെക്കാളെയ്ക്ക് കൊടുത്തപണമാണെന്നു പറയുന്ന ഭാഗം മി.മെക്കൻസി അവിടെത്തന്നെ യുക്തിപൂർവ്വം നിഷേധിക്കുകയും മെക്കാളെയുടെ സ്വന്തം വകയാണെന്നുള്ള ഊഹാഭിപ്രായം പ്രസ്താവിക്കുകയും ചെയ്യുന്നുണ്ട്."

## 2. തിരുവിതാംകൂർ സ്റ്റേററ് മാനുവൽ വാല്യം 11 (പേജ് 213) നാഗം അയ്യാ രചിച്ചത്

തരകന് കൊടുക്കുവാനുണ്ടായിരുന്ന പണം അദ്ദേഹത്തിന് കൊടുക്കാതെ അതിൽ ഒരു ഭാഗം തരകന്റെ സമുദായത്തിൽ ഉൾപ്പെട്ട

പഴയകൂർ പുത്തൻകൂർ എന്നീ സുറിയാനിക്കാരുടെ ഗുണത്തിനായി അവരുടെ മതാദ്ധ്യക്ഷന്മാരായ പഴയകൂററുകാർക്കുവേണ്ടി വരാപ്പുഴ മെത്രാന്റെയും പുത്തൻകൂററുകാർക്കുവേണ്ടി പുത്തൻകൂർ മെത്രാന്റെയും രസീതിന്മേൽ കമ്പനിയിൽനിന്ന് നൂററിന് എട്ടുപലിശ വീതമുള്ള തുക ആണ്ടുതോറും കൊടുക്കുവാൻ തക്കവണ്ണം ഒരു മുതൽ സ്ഥാപിക്കുകയാണ് ചെയ്തത്. ഇങ്ങനെ പഴയകൂററുകാർക്കു വേണ്ടി മൂവായിരവും പുത്തൻകൂററുകാർക്കുവേണ്ടി വേറെ മൂവായിരവും പുവരാഹൻ സ്ഥാപിച്ചതിന്റെ പലിശ ആണ്ടുതോറും വരാപ്പുഴ മേലദ്ധ്യക്ഷന്മാർക്കും പുത്തൻകൂർ മേലദ്ധ്യക്ഷന്മാർക്കും ഇന്നും കിട്ടി വരുന്നു. ഈ സംഗതിയുടെ യാഥാർത്ഥ്യം തിരുവിതാംകൂർ സ്റ്റേററ് മാനുവലിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഭാഗം കൊണ്ട് വ്യക്തമാകുന്നുണ്ട്. അവിടെ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. തിരുവിതാംകൂറിലെ ആദ്യ ബ്രിട്ടീഷ് റസിഡണ്ടായ കർണ്ണൽ മെക്കാളെ ഈ ക്രിസ്തീയസമുദായങ്ങളുടെ കാര്യത്തിൽ വളരെ താൽപര്യമുള്ള ഒരാളായിരുന്നു. അദ്ദേഹം വരാപ്പുഴത്തെ റോമൻ കത്തോലിക്കർക്കായി മൂവായിരം പൂവാരാഹനം, മാർത്തോമ്മായുടെ കീഴിലുള്ളവർക്കായി അത്രയും തുകയും നൂററിന് എട്ട് പലിശയ്ക്ക് 1808–ൽ ഈസ്റ്റിൻഡ്യാകമ്പനിയിൽ എന്നാളേയ്ക്കുമായി നിക്ഷേപിച്ചു. ഈ പണം കമ്പനിയിൽ ഇട്ട വർഷം മാത്തുത്തരകന്റെ അവസാന കാലമായിരുന്നു.

## 3. മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം ഭാഗം ഫാ.ബർണ്ണാർദ് മാർത്തോമ്മാ (പേജ് 248–250)

"തിരുവിതാംകൂർ സർക്കാരിൽ നിന്ന് തരകന് കൊടുക്കുവാനുണ്ടായിരുന്ന പണത്തിന്റെ ഒരു ഭാഗം കർണൽ മൺറോ പുത്തൻകൂററുകാർക്കായി കൊടുക്കുകയുണ്ടായി. 1816–ൽകൊടുത്ത 8000 രൂപായും 1818–ൽ കൊടുത്ത 20000 രൂപായും 1819–ൽ കൊടുത്ത മൺറോ തുരുത്തും മേൽപറഞ്ഞ വകയിൽ നിന്നുമാണ്.

## 4. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം

തച്ചിൽ മാത്തുത്തരകൻ ഗവൺമെന്റിലേക്ക് 14 ലക്ഷം രൂപാ കടം ആയി കൊടുക്കുകയും പിന്നീട് ആ തുക മടക്കികിട്ടുന്നതിനായി വാദം ഉണ്ടായപ്പോൾ ഇംഗ്ലീഷ് ഗവൺമെന്റ് ആ തുകയുടെ ആദായം

ക്രിസ്ത്യാനി സമുദായത്തിന് വീതിച്ചു കൊടുക്കുന്നതിന് തീർച്ചപ്പെടുത്തുകുയും യാക്കോബായക്കാർക്കും മററും വീതിച്ചു കൊടുക്കുന്നതുപോലെ റോമൻ കത്തോലിക്കാസുറിയാനിക്കാരെ ഭരിച്ചിരുന്ന വരാപ്പുഴ മെത്രാനും പ്രതിവർഷം 800–ൽ പരം രൂപാ കൊടുത്തുവരുന്നുണ്ട്.

## 5. സത്യവിശ്വാസം (പേജ് 411–414)

മാത്തുത്തരകൻ തിരുവിതാംകൂർ ഗവൺമെന്റിലേക്ക് കടമായി കൊടുത്തിരുന്ന 14 ലക്ഷം ഉറുപ്പിക മുഴുവനും തിരികെ കൊടുക്കാത്തതിനാൽ വാങ്ങിക്കാതെ തർക്കിച്ചു നിന്നുവെന്നും അദ്ദേഹത്തിന്റെ മരണശേഷം മകൻ (മകനല്ല പൗത്രൻ) കൊച്ചുമാത്തൂത്തരകനും ഇതിനെക്കുറിച്ച് റസിഡണ്ടിന്റെ മുൻപാകെ വാദിച്ചുവെന്നും .... പിന്നീട് ഇതിന്മേൽ വാദിപ്പാൻ ആളില്ലാതെ ഈ വക പണം ഗവൺമെന്റിൽ കിടന്നിരുന്നുവെന്നും, ഇതിനാൽ റസിഡണ്ട് മെക്കാളെ എന്ന ആൾ ഈ വക പണത്തിൽ ഒരു ഭാഗംകൊണ്ട് കൊടുങ്ങല്ലൂർ സമീപം പള്ളിപ്പുറത്ത് കുഷ്ഠരോഗികൾക്കായി ഒരു ആസ്പത്രി ഉണ്ടാക്കി ഇപ്പോഴും നാൽപതു കുഷ്ഠരോഗികളെ അതിൽ സദാ പോററി വരുന്നുവെന്നും, ആയതു ബ്രിട്ടീഷുകാരാൽ നടത്തപ്പെടുന്നുവെന്നും മററു രണ്ടു ഭാഗം സുറിയാനിക്കാരുടെ പഠനം വകയ്ക്കായി അവരെ ഭരിച്ചിരുന്ന വരാപ്പുഴ മെത്രാനും പുത്തൻകൂറുകാരുടെ മെത്രാനും ആണ്ടുതോറും എണ്ണൂറിൽ ചില്വാനം രൂപാ ഓരോരുത്തർക്കും കിട്ടത്തക്കവണ്ണം ഈസ്റ്റിൻന്ത്യാകമ്പനിയിൽ പലിശയ്ക്ക് ഇട്ടുകൊടുത്തുവെന്നും, ഇപ്പോഴും ഈ മെത്രന്മാർ ആണ്ടുതോറും മേൽപറഞ്ഞ പണത്തിന്റെ പലിശ വാങ്ങിച്ചുവരുന്നുവെന്നും ഒരു പാരമ്പര്യവർത്തമാനമുണ്ട്.

ഈ വക പണം മാത്തുത്തരകന്റെ പണമെന്ന സമ്മതിച്ചാൽ ഇപ്പോൾ ഈ പലിശ വാങ്ങിക്കുന്ന ഇരുകൂട്ടർക്കും അതിന് അർഹതയില്ലെന്ന് വരുവാൻ പാടുണ്ടെന്ന് വിചാരിക്കുന്നതിനാലാണ് മേൽ പ്രകാരം ഓരോ വിധത്തിൽ (മെക്കാളെ പറയുന്നതുപോലെ) പ്രസ്തുത പണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അവർ പറഞ്ഞുവരുന്നതെന്ന് ന്യായമായി വിചാരിക്കാവുന്നതാണ്. മാത്തുത്തരകൻ എന്ന ദേഹം കുത്തിയതോട് പള്ളി ഇടവകയിൽ ഉൾപ്പെട്ട ഒരു കത്തോലിക്കാ സുറിയാനിക്കാരനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഈ പണത്തിന്റെ ആദായം കത്തോലിക്കാ സുറിയാനി മിസ്സങ്ങൾക്ക് ചെല്ലേണ്ടതാണ്. കത്തോലിക്കാ സുറിയാനിക്കാരെ ഭരിച്ചിരുന്ന വരാപ്പുഴ

കർമ്മലീത്താ മെത്രാന് ടി പണ പലിശ കൊടുത്തു വന്നത് സുറിയാനിക്കാർക്ക് വേണ്ടിയിട്ടത്രേ. സുറിയാനിക്കാർ വരാപ്പുഴ നിന്നും തൃശൂർ, കോട്ടയം എന്ന രണ്ടു മിസ്സങ്ങളായി വേർതിരിഞ്ഞ പ്പോൾ ....... മേൽപറയപ്പെട്ട മാത്തുത്തരകന്റെ ധനത്തിൽ നിന്ന് കിട്ടിവരുന്ന ആദായവും സുറിയാനിക്കാർക്ക് കിട്ടേണ്ടതാകുന്നുവെന്ന വാദിച്ചിട്ടുള്ളതുമാകുന്നു.

## 6. സത്യവിശ്വാസം

"മാത്തുത്തരകന്റെ പണത്തിന്റെ ആദായമെന്നുകൂടി, തിരുവിതാംകൂർ സ്റ്റേററ് മാനുവൽ ചരിത്രപുസ്തകത്തിൽ ചേർപ്പാനായി ഉണ്ടാക്കിയ റസിഡണ്ട് മെക്കൻസിയുടെ പുസ്തകത്തിൽ വിവരിച്ചതിനാൽ ആ ഭാഗം ടി പുസ്തകത്തിൽ നിന്നും എടുത്തുകളയുന്നതിനുവേണ്ടി വരാപ്പുഴ മിഷനറിമാർ പ്രത്യേകം ശ്രമം ചെയ്തതായും, ഇതിനെക്കുറിച്ച് പല എഴുത്തുകുത്തുകൾ യാക്കോബായ അസോസിയേഷൻ സെക്രട്ടറിയുമായി അവർ ചെയ്തതായും അറിവുണ്ട്. ഇതു നോക്കുമ്പോൾ അവർ തമ്മിൽ ഒത്തുവെന്നു തന്നെ വിചാരിക്കാം. മെക്കൻസി 1905-ൽ പ്രസിദ്ധപ്പെടുത്തിയ രണ്ടാം പതിപ്പും 94-ാം പുറത്തിൽ ടി പണത്തെ സംബന്ധിച്ചു പറയുന്നതിൽ മേൽപറയപ്പെട്ട രണ്ടുമൂന്നുതരം അഭിപ്രായങ്ങളെ ഉപേക്ഷിച്ചും വച്ച്, "ഇങ്ങനെ പലിശയ്ക്ക് കൊടുക്കപ്പെട്ട ഈ പണം എവിടെ നിന്നുണ്ടായി എന്നറിയപ്പെടുന്നില്ല." എന്നു മാത്രമേ പറയുന്നുള്ളൂ."

## 7. മലയാളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം

"മലയാളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളുടെ സഭാചരിത്രം" എന്ന പേരിൽ ഇട്ടൂപ്പുറൈട്ടർ 1869-ൽ കൊച്ചിയിലെ വെസ്റ്റേൺ സ്റ്റാർ പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതും, അദ്ദേഹത്തിന്റെ പുത്രൻ ജോസഫ് ഇട്ടൂപ്പ് 1906-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ പുനർ മുദ്രണം ചെയ്തിട്ടുള്ളതുമായ പുസ്തകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ഇതിന്റെ ശേഷം അന്ത്യോക്യായിൽ നിന്നും ഒരു മേൽപട്ടക്കാരനെ വരുത്തിക്കൊടുക്കുന്ന കാര്യം റസിഡണ്ട് കർണ്ണൽ മെക്കാളെ സായ്പവർകളുമായി (മാർത്തോമ്മാ) മെത്രാപ്പോലീത്താ മുതൽപേർ ആലോചിച്ചാറെ പള്ളിക്കാർ എല്ലാവരും മെത്രാപ്പോലീത്തായും കൂടെ ഒരു സാധനം എഴുതിക്കൊടുത്താൽ ആയത് അന്ത്യേക്യായ്ക്കു കൊടുത്തയച്ചു.

മേൽപട്ടക്കാരനെ വരുത്തിക്കൊടുക്കാമെന്ന് വളരെ സന്തോഷത്തോടെ സായ്പവർകൾ കൽപിച്ചതുകൂടാതെ, മെത്രാപ്പോലീത്തായുടെ വിചാരത്തിൻ കീഴിലെ സുറിയാനി പള്ളികളിലെ ജനങ്ങളിൽ വിദ്യ വർദ്ധിപ്പിക്കുന്നതിനും മററും ഓരോ മനോഗുണപ്രവൃത്തി ചെലവു വകയ്ക്കായി മദിരാശി ഗവൺമെന്റിൽ നിന്നും 3000 പൂവരാഹൻ സായ്പവർകൾ മുഖാന്തിരം കമ്പനി സർക്കാരിൽ പലിശയ്ക്കിട്ടു കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അതിന്റെ പലിശ മേലിൽ ആണ്ടുതോറും മെത്രാപ്പോലീത്ത പററിക്കൊള്ളണമെന്നുള്ള ഒരു സന്തോഷ വർത്തമാനവും കൽപിച്ചു യാത്രപറഞ്ഞയച്ചു.

"........... കർണ്ണൽ മെക്കാളെ സായ്പവർകൾ മെത്രാപ്പോലീത്തായോട് ചെയ്തിരുന്ന മുൻ വാഗ്ദത്തപ്രകാരം പുത്തൻകൂററു സുറിയാനിക്കാരുടെ പൊതുവിലുള്ള ഉപകാരത്തിനായി വേദതലവൻ മെത്രാപ്പോലീത്തായുടെ പേരിൽ മദ്രാസ് ഗവൺമെന്റിൽ ആണ്ടൊന്നുക്കു 100ക്കു 8 വീതം പലിശ കിട്ടത്തക്കവണ്ണം പലിശയ്ക്കിട്ടിരിക്കുന്ന 3000 പൂവരാഹന്റെ ആധാരം മെത്രാപ്പോലീത്താ അവർകളെ മെക്കാളെ സായ്പവർകൾ ഏല്പിക്കുകയും 1809–നു കൊല്ലം 985–ാമാണ്ടു മുതൽ ആണ്ടുതോറും അതിന്റെ പലിശ പണം തിരുവിതാംകൂർ റസിഡണ്ടു സായ്പ് അവർകളുടെ ഖജനാവിൽ നിന്നും പററുശീട്ടുകൊടുത്തു വാങ്ങിച്ചുകൊള്ളത്തക്കവണ്ണം സായ്പവർകളുടെ കല്പനയും മെത്രാപ്പോലീത്തായ്ക്കു എത്തി"

"മദ്രാസ് ഗവൺമെന്റിൽ നിന്നും കർണ്ണൽ മെക്കാളെ സായ്പവർകൾ മുഖാന്തിരം മൂവായിരം പൂവരാഹൻ സുറിയാനിക്കാരുടെ പൊതുവിലുള്ള ധർമ്മ പ്രവൃത്തിക്കായി കൊടുക്കപ്പെട്ടിരിക്കുന്നതു ക്രിസ്താബ്ദം 1808 ധനുമാസം 1–ാം തീയതി അന്നത്തെ വേദ തലവൻ മാർത്തോമ്മാ മെത്രാന്റെ പേരിൽ കർണ്ണൽ മെക്കാളെ സായ്പവർകൾ ആധാരം എഴുതിച്ചു കൊടുത്തിരിക്കുന്നു........ തിരുവല്ലാപ്പള്ളി ഇടവകക്കാർ ഹർജി ബോധിപ്പിക്കയാൽ തിരുമനസ്സു കൊണ്ടു കൽപിച്ചു സുറിയാനിക്കാരുടെ പൊതുവിലെ ഗുണത്തിനുവേണ്ടി 1816–ൽ 8000 രൂപാ ദാനമായി കൊടുത്തിരിക്കുന്നു........ മാത്തുത്തകൻ മുതലാളിക്കു തിരുവിതാംകൂർസർക്കാരിൽ നിന്നും ഏറിയ മുതൽ കൊടുക്കാനുണ്ടായിരുന്നാറെ ദിവാൻജി മുതലായ സർക്കാർ ഉദ്യോഗസ്ഥന്മാർ ആലപ്പുഴെ കൂടി കണക്കുകൾ നോക്കിയാറെ എൺപതിനായിരം പണം മാത്രമെന്നു കണക്കു തീരുകയും, മാത്തൂത്തരകൻ അന്യം നിന്നുപോകുകയും ചെയ്കയാൽ ഈ പണം ഉൾപ്പെടെ ഇരുപതിനായിരം രൂപാ തിരുവിതാംകൂർ സർക്കാരിൽ

നിന്നും ബഹുമാനപ്പെട്ട മൺറോ സായ്പവർകൾ കൃപയാൽ സിമ്മനാരിവകയ്ക്കു ദാനമായി കൊടുപ്പിച്ചു........"

## 8. ഇന്ത്യൻ സഭ (പേജ് 196)

എന്നാൽ "മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ" എന്ന ഗ്രന്ഥത്തിന്റെ കർത്താവായ മിസ്റ്റർ ഇ.എം. പീലിപ്പോസ് ഇതിൽ നിന്നും ഭിന്നമായ ഒരു കഥയാണ് ഇതിനെ സംബന്ധിച്ച് പറയുന്നത്. അദ്ദേഹം നിർമ്മിച്ചിരിക്കുന്ന കഥ ഇങ്ങനെയാണ്: "രാജ്യത്ത് ഒരു വലിയ ലഹളയുണ്ടായി. ശരിയായ തപാലും കമ്പിയും അക്കാലത്ത് ഇല്ലാതിരുന്നതിനാൽ ബ്രിട്ടീഷ്ഗവൺമെന്റിന്റെ സഹായം ലഭിക്കാൻ താമസം നേരിട്ടു. അതിനാൽ തൽക്കാല ആവശ്യങ്ങൾക്കായി റസിഡണ്ട് തന്റെ ക്രൈസ്തവസ്നേഹിതന്മാരായിരുന്ന സുറിയാനി മെത്രാപ്പോലീത്തയോടും വരാപ്പുഴെ ബിഷപ്പിനോടും പണം കടം വാങ്ങി. ഈ സംഖ്യകൾ തിരികെ കൊടുക്കാത്തതിനാൽ അവയെ കാലാന്തരത്തിൽ അന്നത്തെ സാധാരണ നിരക്കായ ആണ്ടിനാൽ എട്ടു ശതമാനം പലിശയോടുകൂടി ഗവൺമെന്റിൽ സ്ഥിരമായി വട്ടിക്കിട്ടു. മാർ ദിവന്യാസോസിന്റെ പരലോകഗമനത്തിന് അഞ്ചു മാസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന ഏഴാം മാർത്തോമ്മയുടെ പേരിൽ ഈ സംഖ്യയ്ക്കു കടപ്പത്രം എഴുതിക്കൊടുത്തു."

മി.ഇ.എം.പീലിപ്പോസ് തന്റെ ഗ്രന്ഥം എഴുതിയത് 1907ലാണ്. അതിന് 6 കൊല്ലം മുമ്പ് 1901-ൽ റസിഡണ്ട് മി. മെക്കൻസി, മാർത്തോമ്മാ കടം കൊടുത്തുവെന്ന വാദത്തെ നിഷേധിച്ചിരുന്നു. "അത്രയും ഒരു സംഖ്യ റോമൻ കത്തോലിക്കാ മിഷനും നിക്ഷേപിച്ചിട്ടുണ്ടെന്നുള്ളത് ഈ വാദത്തിന് എതിരായിരിക്കുന്നു"വെന്നത്രേ മി.മെക്കൻസി സമർത്ഥിച്ചത്. ഈ സമർത്ഥനത്തിന് ഒരു മറുമരുന്നായിട്ടാണു"വരാപ്പുഴെ ബിഷപ്പിനോടും പണം കടം വാങ്ങി" യെന്ന് ഇ.എം. പീലിപ്പോസ് കണ്ടുപിടിച്ചിരിക്കുന്നത്. ആ ലഹളക്കാലത്തു സുറിയാനി മെത്രാപ്പോലീത്തായോടും വരാപ്പുഴ ബിഷപ്പിനോടും തുല്യ സംഖ്യ കടംവാങ്ങിയ മെക്കാളെയുടെ നിഷ്പക്ഷതാനയത്തെ എങ്ങനെ അഭിനന്ദിക്കാതിരിക്കും! പക്ഷെ അവർ കടവുംകൊണ്ടു വാങ്ങിക്കണേയെന്നു പറഞ്ഞുചെന്നാൽ തന്നെ അതു വാങ്ങുവാൻ നിവൃത്തിയില്ലാത്ത പതനത്തിലായിരുന്നു മി.മെക്കാളെയെന്നു മി.പീലിപ്പോസ് ഓർക്കാതെ പോയി.

1808–ഡിസംബർ 29–ാം തീയതി പ്രഭാതത്തിലാണ് അവിചാരിതമായി കർണ്ണൽ മെക്കാളെ ആക്രമിക്കപ്പെട്ടത് അദ്ദേഹം ഉടൻതന്നെ കപ്പലിൽകയറി പുറംകടലിലേക്കു പോയി. അദ്ദേഹത്തിന് അപ്പോൾ വേണ്ടിയിരുന്നത് പണമല്ല, പട്ടാളക്കാരായിരുന്നു. ബ്രിട്ടീഷ് പട്ടാളം വന്നു ചേരുന്നതുവരെ അദ്ദേഹം കരക്കിറങ്ങിയില്ല. പട്ടാളം വന്നതിനു ശേഷം കരക്കിറങ്ങിയ അദ്ദേഹം, 1809–ഫെബ്രുവരി 21–ാം തീയതി കൊല്ലം വഴി തിരുവനന്തപുരത്തെത്തി. മാർച്ച് 18–ാം തീയതിയോടു കൂടി ലഹള അവസാനിച്ചു. ഇതിനിടയ്ക്ക് എപ്പോഴാണു പണം കടം വാങ്ങുവാൻ മെക്കാളെയ്ക്കു സന്ദർഭവും ആവശ്യവും? എന്നു മാത്രവുമല്ല, പുത്തൻകൂർ മെത്രാനായിരുന്ന 6–ാം മാർത്തോമ്മാ 1808 മീനം 25–ാം തീയതിയും 7–ാം മാർത്തോമ്മാ 1809 മിഥുനം 20–ാം തീയതിയും നിര്യതരായി. 1808 ധനു 1–ാം തീയതിയായിരുന്നു എൻഡൌമെന്റ്; എന്തെന്നാൽ 1809 ധനു 1–ാം തീയതി മെത്രാൻ അതിന്റെ പലിശ വാങ്ങിയിട്ടുണ്ട്. 1808 ധനു 1–ാം തീയതിക്കുമുമ്പാണു കടം വാങ്ങിയതെങ്കിൽ, അതഃപരം ഒരു കൊല്ലത്തിനുശേഷം ആരംഭിച്ച ലഹളയ്ക്കുവേണ്ടിയായിരിക്കുകയില്ലല്ലോ അത്. ഇനി, കടം വാങ്ങിയിരുന്നെങ്കിൽതന്നെ മെത്രാനൊ മെക്കാളെയൊ അതോർക്കാതിരിക്കുകയില്ലായിരുന്നല്ലോ. എന്തെന്നാൽ ഈ എൻഡൌമെന്റിനെപ്പററി മെക്കാളെ മെത്രാനയച്ച എഴുത്തിൽ കടത്തിനെപ്പററി ഒരു സൂചനപോലുമില്ല. എഴുത്തിങ്ങനെയാണ്:

## 9. മലയാളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം

“പുത്തൻകൂറു സുറിയാനിപ്പള്ളികളിൽ ബഹുമാനപ്പെട്ട മാർതോമ്മാമെത്രാൻ അവർകളെ കേൾപ്പിപ്പാൻ, മഹാരാജാ ശ്രീ കർണ്ണേൽ മെക്കാളി സായ്പവർകൾ കല്പനയ്ക്കു എഴുതുന്നതെന്തെന്നാൽ, അങ്ങേ കീഴിലുള്ള പള്ളികളിലെ മനോഗുണ പ്രവൃത്തി ചെലവുവകയ്ക്കു ബഹുമാനപ്പെട്ട കമ്പനിയിൽ മൂവായിരം പൂവരാഹൻ പലിശയ്ക്കു ഇട്ടിരിക്കുന്നതിനു ആണ്ടുതോറും 240 വരാഹൻ വീതം പലിശകൂടുന്നതു തിരുവിതാംകൂർ റസിഡണ്ട് സായ്പവർകളുടെ ഖജനാവിൽനിന്നും അങ്ങു പററുശീട്ടു എഴുതിക്കൊടുത്തു. പലിശവരാഹൻ 240–ം വാങ്ങിച്ചുകൊള്ളുവാനുള്ളതാകകൊണ്ട് ഇതോടുകൂടി രണ്ടു പററുശീട്ടുകൾ അയച്ചിരിക്കുന്നതിൽ അങ്ങേ കയ്യൊപ്പിട്ടു കൊച്ചിയിൽ ഖജനാസ്രാപ്പു ദാസപൈക്കു കൊടുത്തയച്ചു മേൽപ്രകാരം പലിശ വാങ്ങിച്ചു കൊള്ളുകയും

വേണം. കമ്പനിയിൽ മുതലിട്ടിരിക്കുന്നതു പള്ളിക്കണക്കിൽ ധനുമാസം 1–ാം തീയതി ആകയാൽ പററുശീട്ടുകളിലും ആ തീയതി തന്നെ ചേർത്തിരിക്കുന്നു. പററുശീട്ടുകൾ കൊടുത്തയച്ച പലിശ വരാഹൻ ഇരുനൂററിനാല്പതും സ്രാപ്പിനോടു വാങ്ങിക്കുന്ന അവസ്ഥയ്ക്കും വേണ്ടും കാര്യങ്ങൾക്കും എഴുതി വരുമാറാകയും വേണം. ഇച്ചെയ്തിക്കു എഴുതിയതു റയിട്ടർ ജാഞ്ചി തുപ്പാശി അനന്തപത്മനാഭൻ പൂന്തുറയിൽനിന്നും. 1809–കൊല്ലം 985 വൃശ്ചികം 20–ാംനു"(13)

## 10. തിരുവിതാംകൂർ ചരിത്രം (പേജ് 398)

ആകയാൽ എൻഡൌമെന്റിനുവേണ്ടി പുത്തൻകൂർ മെത്രാൻ കടം കൊടുത്തുവെന്നുള്ളതു വെറും കടംകഥമാത്രമാണ്. മെക്കാളെയുടെ ദാനമായിരുന്നുവെന്നു പറയുന്നതും ശരിയല്ല. "ഈ പ്രസ്താവനയ്ക്ക് ആധാരമായി ഗവർമെന്റ് റിക്കാർഡുകൾ ഒന്നുമില്ല. കർണ്ണൽ മെക്കാളെയും മദ്രാസ് ഗവർമ്മെന്റും തമ്മിൽ നടന്ന കത്തിടപാടുകളിൽ ഇപ്രകാരമൊരു സംഭാവന ചെയ്തതായി സൂചിപ്പിക്കുന്നുപോലുമില്ല." അതിനാൽ മാത്തുത്തരകനു ചെല്ലാനുണ്ടായിരുന്ന തുകയിൽനിന്നു കർണ്ണൽ മെക്കാളെ എടുത്തു ഗവർമെന്റിൽ നിക്ഷേപിച്ചിരുന്ന സംഖ്യയിൽനിന്നാണ് ഈ എൻഡൌമെന്റുകളും പുത്തൻകൂർകാർക്കുകൊടുത്ത സംഭാവനകളും എന്നുള്ളതുസമ്മതിക്കുകതന്നെ വേണം. മാത്തുത്തരകന്റെ കടം മടക്കിക്കൊടുക്കാതിരുന്ന സർക്കാർ പിന്നീട് എന്തുകൊണ്ട് ഇങ്ങനെ ചെയ്തു എന്ന് ഒരു ചോദ്യത്തിന് അവകാശമുണ്ട്. കർണ്ണൽ മൺറോ മദ്രാസ് ഗവർമെന്റിനയച്ച റിപ്പോർട്ടിൽ അതിനുള്ള സമാധാനം നൽകിയിട്ടുണ്ട്.

"She (Rani Parwathi Bhayi) is aware of the attention excited to their (native Christians') situation in Europe, and her anxiety to manifest the sincerity of her attachment to the British nation has formed, I believe, an additional motive for the kindness and generosity she has uniformly displayed towards he Syrians ..........."

★

## 22

# വേലുത്തമ്പിയുടെ അന്ത്യം

964–ലെ നാട്ടുകൂട്ടത്തിന്റെ നേതൃത്വം വഹിച്ച് മഹാരാജാവിനെ ഭീഷണിപ്പെടുത്തി വേലുത്തമ്പി സർവ്വാധികാര്യക്കാരനായി. 976–ൽ വേലുത്തമ്പി മുളകുമടിശീല സർവ്വാധികാര്യക്കാരുമായി. ദളവാസ്ഥാനം ആയിരുന്നു വേലുത്തമ്പി കൺമുൻപിൽ കണ്ടിരുന്നത്. അതിന് കൂട്ടുനിന്ന ആളായിരുന്നു കൊട്ടാരം സമ്പ്രതി കുഞ്ചുനീലൻ പിള്ള. ചെമ്പകരാമനെയും ഇരയമ്മൻ തമ്പിയെയും വാളിനിരയാക്കി ദളവാസ്ഥാനത്തേയ്ക്കുള്ള തന്റെ വഴിയൊരുക്കുവാൻ സഹായിച്ചത് കുഞ്ചുനീലൻ പിള്ളയായിരുന്നു. 977–ൽ ചിങ്ങമാസം വേലുത്തമ്പി ദളവായായി അധികാരമേററു. മദ്രാസ് റസിഡണ്ടായിരുന്ന മെക്കാളെയുടെ സഹായത്തോടെയാണ് തമ്പി ഭരണമേറെറടുത്തത്.

കഠിനഹൃദയനും അധികാരമോഹിയും അവസരവാദിയുമായിരുന്ന വേലുത്തമ്പി രാജ്യത്ത് നടക്കുന്ന അക്രമങ്ങളെ അമർച്ച ചെയ്യുന്നതിനും ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനും ശ്രമിച്ചു. പല സ്ഥലത്തും ചന്തകളേർപ്പെടുത്തി. പലക്ഷേത്രങ്ങളും പണികഴിപ്പിച്ചു. രാജ്യം മുഴുവൻ ചുററി സഞ്ചരിച്ച് ജനങ്ങളുടെ ക്ഷേമങ്ങൾ അന്വേഷിച്ചിരുന്ന വേലുത്തമ്പി, ആലപ്പുഴയായിരിക്കുമ്പോൾ സമ്പ്രതി കുഞ്ചുനീലൻപിള്ള മഹാരാജാവിനെ തെററിദ്ധരിപ്പിച്ച്, തമ്പിയെ തൂക്കിക്കൊല്ലുവാനുള്ള ഉത്തരവ് സമ്പാദിച്ചു. ഈ വിവരം അറിഞ്ഞ വേലുത്തമ്പി റസിഡണ്ട് മെക്കാളെയുടെ സഹായം അഭ്യർത്ഥിച്ചു. റസിഡണ്ട് ഏതാനും പട്ടാളക്കാരോടുകൂടി തിരുവനന്തപുരത്തെത്തി കുഞ്ചുനീലൻപിള്ളയെ അറസ്റ്റുചെയ്തു ജയിലിലാക്കി. വിസ്താരം വേണ്ടി വന്നില്ല അതിനകം കുഞ്ചുനീലൻപിള്ള കൊലചെയ്യപ്പെട്ടു. അന്ന് മെക്കാളെ തമ്പിയെ സഹായിച്ചില്ലായിരുന്നുവെങ്കിൽ കുമാരൻ തമ്പിയുടെയും ഇരയമ്മൻ തമ്പിയുടെയും അനുഭവമായിരുന്നു വേലുത്തമ്പിക്കും ഉണ്ടാവുക.

തമ്പി അധികാരമേൽക്കുമ്പോൾ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായിരുന്നു. വരുമാനം വളരെ കുറഞ്ഞു. കപ്പം മുടങ്ങി. പഴയ പല കടങ്ങളും പലിശ വർദ്ധിച്ച് വലിയ തുകകളായി. രാജ്യത്തിന്റെ വരുമാനത്തിൽ ഭൂരിഭാഗവും പട്ടാളക്കാരുടെ ശമ്പളത്തിനായി വിനിയോഗിച്ചു. ചിലവ് ചുരുക്കലിന്റെ പേരിൽ പട്ടാളക്കാരുടെ അലവൻസ് കുറയ്ക്കാൻ തമ്പി തീരുമാനിച്ചു. പട്ടാളക്കാർ ഇതറി

ഞ്ഞതോടെ ഇളകി. പതിനായിരത്തിലധികം പട്ടാളക്കാർ തിരുവനന്തപുരത്ത് എത്തി. ആയുധധാരികളായ പട്ടാളക്കാർ കോട്ടയ്ക്കകത്ത് കയറി ജയിൽ പുള്ളികളെ തുറന്നുവിട്ടു. രാജസന്നിധിയിൽ എത്തി തമ്പിയെ ദളവാസ്ഥാനത്തുനിന്നും പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ടു. ഇതറിഞ്ഞ തമ്പി ജീവനിൽഭയന്ന് കൊച്ചിയിൽ എത്തി. ഇരുവരും കൂടിയാലോചിച്ച് കർണ്ണാട്ടിക് നവാബിന്റെ സൈന്യത്തെ കൊല്ലത്തും തിരുനൽവേലിയിലുണ്ടായിരുന്ന ബ്രട്ടീഷ് സൈന്യത്തെ തിരുവനന്തപുരത്തും വരുത്തി. കൊല്ലത്തും തിരുവനന്തപുരത്തും വൻപട്ടാളസൈന്യം എത്തിയെന്നറിഞ്ഞതോടെ ലഹളക്കാരായ പട്ടാളക്കാർ സ്ഥലം വിട്ടു. ലഹളക്കാരായ പ്രധാനികളെ തൂക്കിലിട്ടു. ശിരസ്സ് ഛേദിച്ചു. പീരങ്കിവായിൽ കെട്ടി ചുട്ടു. ഈ പട്ടാളവിപ്ലവം അമർച്ച ചെയ്തതിൽ തമ്പിയെ മഹാരാജാവ് അനുമോദിച്ചു. നാട്ടാർ കൂട്ടം സമയത്ത് ശങ്കരൻ നമ്പൂതിരി കർണ്ണാട്ടിക് പട്ടാളത്തെ തിരുവനന്തപുരത്ത് വരുത്തി ലഹളത്തലവന്മാരോട് ഇതേരീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ തിരുവിതാംകൂറിന്റെ ചരിത്രം എന്താകുമായിരുന്നു? വേലുത്തമ്പിയുടെ സ്ഥിതി എന്താകുമായിരുന്നു? തമ്പിയുടെ ഭരണസാമർത്ഥ്യം കണക്കിലെടുത്ത് ഗവർണ്ണർ ജനറൽ തമ്പിക്ക് ഒരു ജോഡി വിലപിടിച്ച സാൽവായും കസവുവസ്ത്രങ്ങളും സമ്മാനമായി അയച്ചുകൊടുത്തു. തമ്പിയുടെ സേവനങ്ങളെ വിലയിരുത്തിയായിരിക്കുകയില്ല ഭാവിയിൽ ഈസ്റ്റ്ഇന്ത്യാകമ്പനിക്ക് ഗുണകരമായ നിലപാട് തമ്പിയെക്കൊണ്ട് സ്വീകരിപ്പിക്കുവാൻ സാധിക്കുമെന്ന കണക്കുകൂട്ടലായിരിക്കും ഈ സമ്മാനങ്ങൾ അയച്ചുകൊടുക്കുവാൻ ഗവർണ്ണർ ജനറലിനെ പ്രേരിപ്പിച്ചത്.

972–ൽ (1795 എ.ഡി.) രാജാകേശവദാസന്റെ കാലത്ത് ഉണ്ടാക്കിയ ഉടമ്പടി പുതുക്കണമെന്ന ഒരു നിർദ്ദേശം കമ്പനിസർക്കാർ തമ്പിയുടെ ശ്രദ്ധയിൽ പെടുത്തി. നായർ പട്ടാളത്തിന്റെ ലഹളയാണ് അങ്ങനെയൊരു നിർദ്ദേശം വയ്ക്കുവാൻ കമ്പനി സർക്കാരിനെ പ്രേരിപ്പിച്ചത്. തിരുവിതാംകൂറിന്റെ ആഭ്യന്തരസംരക്ഷണക്കാര്യം ഉയർത്തിപ്പിടിച്ചാണ് കമ്പനി സർക്കാർ ഈ നിർദ്ദേശം വച്ചത്. പഴയ ഉടമ്പടിയിൽ യാതൊരുമാററവും വരുത്തുവാൻ മഹാരാജാവ് സന്നദ്ധനല്ലായിരുന്നു. വേലുത്തമ്പിക്ക് തന്റെ സ്ഥാനം ഉറപ്പിച്ചുനിർത്തുവാൻ വേണ്ടി ഏത് ഉടമ്പടിയിലും ഒപ്പുവയ്ക്കുവാൻ സന്നദ്ധനായിരുന്നു. ദളവായും റസിഡണ്ടും കൂടി ഒരു ഉടമ്പടിയുടെ നക്കൽ ഉണ്ടാക്കി. ആ ഉടമ്പടി മഹാരാജാവ് വീണ്ടും തള്ളിക്കളഞ്ഞു. എങ്കിലും ദളവായുടെ സമ്മർദ്ദത്തിന്റെയും കമ്പനി സർക്കാരിന്റെ ഭീഷണിയുടെയും ഫലമായി പുതിയ ഉടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ

മഹാരാജാവ് മനസ്സില്ലാമനസ്സോടെ സന്നദ്ധനായി. 1805 ജനുവരി 12–ന് പുതിയ ഉടമ്പടിക്ക് ഒപ്പുവച്ചു. ഈ ഉടമ്പടിയനുസരിച്ച് നാലുലക്ഷം രൂപാ കപ്പമായിരുന്നത് 8 ലക്ഷമായി വർദ്ധിപ്പിച്ചു. നാലുലക്ഷം പോലും യഥാവസരം കൊടുത്തുതീർക്കാൻ കഴിയാത്ത സർക്കാരിനെക്കൊണ്ട് 8 ലക്ഷം കൊടുക്കാമെന്ന് സമ്മതിപ്പിച്ചത് വേലുത്തമ്പിയുടെ ദുഷ്ടലക്ഷ്യത്തിന്റെ ഫലമാണ്. കർണ്ണാട്ടിക് പട്ടാളത്തെ പിരിച്ചു വിടണമെന്ന് ദിവാൻ ആവശ്യപ്പെട്ടു. അത് തനിക്ക് അപമാനകരമാണെന്നായിരുന്നു മഹാരാജാവിന്റെ നിലപാട്. ദളവായുടെ കൂടെ ബ്രിട്ടീഷ് ഗവൺമെന്റും ചേർന്നു. അവസാനം മഹാരാജാവ് കർണ്ണാട്ടിക് പട്ടാളത്തെ പിരിച്ചുവിടാൻ തന്നെ തീരുമാനിച്ചു.

1805 മേയ് 2–ാം തീയതി ഉടമ്പടിയിൽ മഹാരാജാവ് അഞ്ചുതെങ്ങിലെഴുന്നള്ളി ഉടമ്പടി സ്വീകരിച്ചു. ആ ചടങ്ങിൽ ദളവാ ധരിച്ചിരുന്ന വേഷം ഗവർണ്ണർ ജനറൽ സമ്മാനിച്ച സൽവായും കസവു വസ്ത്രങ്ങളും ആയിരുന്നു. പുതിയ ഉടമ്പടി മൂലം തമ്പി രാജ്യദ്രോഹിയാണെന്നും രാജാവിനെ ചതിവിൽ പെടുത്തിയെന്നും നാട്ടിലുടനീളം വാർത്തയായി. താൻ ബ്രിട്ടീഷുകാരുടെ സുഹൃത്തല്ലെന്ന് മഹാരാജാവിനെ ബോദ്ധ്യപ്പെടുത്തുന്നതിനാണ് തമ്പി ശ്രമിച്ചത്. പുതിയ ഉടമ്പടിയനുസരിച്ച് വർദ്ധിപ്പിച്ച കപ്പത്തിൽ പകുതി രണ്ടുവർഷത്തേയ്ക്ക് ഇളവുചെയ്തിരുന്നു. അത് സ്ഥിരമായി ഇളവുചെയ്ത് കിട്ടണമെന്ന് തമ്പി റസിഡണ്ടിനോടഭ്യർത്ഥിച്ചു. റസിഡണ്ട് അതിനെ എതിർക്കുക മാത്രമല്ല ഉടമ്പടി നടപ്പിൽ വരുത്തുന്നതിന് വേണ്ടി വന്നാൽ ബലപ്രയോഗം നടത്തുമെന്നും കപ്പക്കുടിശിഖ ഉടനെ അടയ്ക്കണമെന്നും ആവശ്യപ്പെട്ടു. ശൂന്യമായ ഖജനാവായിരുന്നതിനാൽ പണം സമയത്ത് അടയ്ക്കാൻ സാധിച്ചില്ല. കപ്പം കൊടുക്കാതിരിക്കുവാനുള്ള ഒരു തന്ത്രമായിട്ടാണ് റസിഡണ്ട് ഈ നീക്കത്തെ കണക്കാക്കിയത്.

പുതിയ ഉടമ്പടി ജനങ്ങളുടെ കഠിനമായ എതിർപ്പിന് കാരണമായി. തമ്പിയുടെ ലക്ഷ്യം മറയില്ലാതെ വെളിപ്പെടുത്തുവാൻ സാധാരണ ജനങ്ങളും ഉദ്യോഗസ്ഥന്മാരും തയ്യാറായി. ഈ ഉടമ്പടിയെപ്പററി ദളിത്ബന്ധു എൻ.കെ. ജോസ് രണ്ടു സ്വാതന്ത്ര്യസമര ശില്പികൾ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. “1804–ൽ ഇംഗ്ലീഷുകാരുമായി ഒരു പുതിയ ഉടമ്പടിയുടെ നക്കൽ ദളവാ വേലുത്തമ്പിയും റസിഡണ്ട് മെക്കാളെയും കൂടി തയ്യാറാക്കി രാജസമക്ഷം കൊണ്ടുചെന്നുവെങ്കിലും അതിൽ ഒപ്പുവയ്ക്കാൻ തയ്യാറാകാതെ രാജാവ് അത് നിരസിച്ചു.

ഒരു പുതിയ ഉടമ്പടിയ്ക്കുള്ള യാതൊരു കാരണവും അന്നുണ്ടായിരുന്നില്ല. ആകെക്കൂടി വേലുത്തമ്പിയുടെ ദളവാ സ്ഥാനാരോഹണത്തിന് ശേഷം (1801 ഡിസം) സംഭവിച്ചത് നായർ പട്ടാളത്തിന്റെ ലഹളയാണ്. അത് രാജ്യത്തെയോ രാജാവിനെയോ ബാധിക്കുന്നതായിരുന്നില്ല. വേലുത്തമ്പി പട്ടാളത്തിന്റെ അലവൻസ് വെട്ടിക്കുറച്ചതിനാൽ തമ്പിക്ക് എതിരായിട്ടുള്ള ലഹളയായിരുന്നു.

ടിപ്പുസുൽത്താന്റെ യുദ്ധകാലത്ത് സൈന്യത്തിന് സ്പെഷ്യലായി അനുവദിച്ചിരുന്ന അലവൻസ് ഒരു രൂപാ യുദ്ധം അവസാനിച്ചുവെങ്കിലും തുടർന്നുപോന്നു. എന്നാൽ അത് ഖജനാവ് കാലിയായതുകൊണ്ട് തമ്പി നിറുത്തലാക്കി. സർക്കാരിൽ പണമില്ലാതെ വന്നപ്പോൾ ജന്മിമാരോടും പ്രഭുക്കന്മാരോടും നിർബന്ധിത സംഭാവന ജയന്തൻ ശങ്കരൻ നമ്പൂതിരിയും മാത്തുത്തരകനും ചേർന്ന് പിരിച്ചതിനെതിരായിട്ടാണ് രണ്ടുവർഷം മുമ്പ് വേലുത്തമ്പി ലഹള കൂട്ടിയത്. അതിനാൽ പിന്നെ ആ വഴി തമ്പിക്ക് സ്വീകരിക്കുക സാദ്ധ്യമല്ലല്ലോ. തമ്പിയേയും തമ്പിയുടെ ആൾക്കാരേയും ദ്രോഹിക്കുന്ന പണിയാണല്ലോ അത്. അതിനുപകരമാണ് ചെലവുചുരുക്കാൻ തമ്പി നിർബന്ധിതനായത്. സൈന്യത്തിൽ ലഹള പൊട്ടിപ്പുറപ്പെടാൻ അത് കാരണമായി. ലഹളക്കാർ രാജാവിനെ സമീപിച്ചു. തമ്പിയും രണ്ടുവർഷം മുമ്പ് അതാണ് ചെയ്തത്. രാജാവിനോടാലോചിക്കാതെയാണ് തമ്പി അലവൻസ് വെട്ടിച്ചുരുക്കിയത്. അത് രാജാവിന് ഒട്ടും ഇഷ്ടപ്പെട്ടില്ല.

അലവൻസ് വെട്ടിക്കുറച്ചുകൊണ്ടുള്ള തീരുമാനത്തിനു രാജാവിന്റെ അനുമതി വാങ്ങിയിരുന്നുവെന്ന് ജോസഫ് ചാഴികാടന്റെ വേലുത്തമ്പി ദളവാ എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ടെങ്കിലും അതിന് അദ്ദേഹം തെളിവുകളൊന്നും കാണിക്കുന്നില്ല. അത് രാജാവ് അറിയാതെ ചെയ്തതാകാനാണ് സാധ്യത. വേലുത്തമ്പി അക്കാര്യം ആലോചിച്ചത് റസിഡണ്ടുമായിട്ടാണ്. നാട്ടുരാജ്യങ്ങളിൽ പട്ടാളമേ ഉണ്ടാകാതിരിക്കുക എന്നതാണ് ഈസ്റ്റിന്ത്യാകമ്പനിയുടെ താത്പര്യം. അതേപ്പററി ശങ്കുണ്ണിമേനോൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക "... പൊതുഖജനാവിന് ഭാരിച്ച ചെലവുണ്ടാക്കിയിരുന്ന നായർ പട്ടാളക്കാരുടെ അലവൻസ് നിർത്തലാക്കുവാനദ്ദേഹം ഉറച്ചു. ഇവരുടെ ആവശ്യം തീരെ ഉണ്ടായിരുന്നില്ലാ എന്ന ദളവായുടെ അഭിപ്രായത്തോട് റസിഡണ്ട് പൂർണ്ണമായി യോജിക്കുകയും ചെയ്തിരുന്നു. അത് രാജ്യവ്യാപകമായി അസംതൃപ്തി ഉളവാക്കി ...."

രാജാവ് അറിഞ്ഞു പുറപ്പെടുവിച്ച ഒരു കല്പനയാണെങ്കിൽ

അതിനെതിരെ പട്ടാളത്തിൽ ലഹളയുണ്ടാകാൻ അന്നു സാധ്യത ഇല്ല. രാജകല്പനയാണെങ്കിൽ കുറച്ചുപേർ എതിർത്താലും ഏറെപ്പേർ അനുകൂലിക്കും. രാജകല്പനയാണ് എന്ന ഒരേ ഒരു കാരണത്താൽ തന്നെ അനുകൂലിക്കും. എന്നാൽ ഇവിടെ പട്ടാളം മൊത്തത്തിലാണ് ലഹളയ്ക്ക് തയ്യാറായത്. അതിനുശേഷം അവർ രാജസന്നിധിയിൽ തന്നെയാണ് ചെന്നതും. രാജകല്പനയാണെങ്കിൽ അതിനെതിരായി രാജസന്നിധിയിൽ തന്നെ ചെല്ലുകയില്ലായിരുന്നു. രാജാവ് ഒരു കല്പനയ്ക്ക് ദിവസങ്ങൾക്കുശേഷം വേറെ കല്പന പുറപ്പെടുവിക്കുമോ? അങ്ങനെയുള്ള കാര്യങ്ങളിൽ യുക്തിപൂർവ്വം മാത്രം ഉപദേശം കൊടുക്കുന്ന മാത്തുത്തരകൻ ഉണ്ടായിരുന്നുവല്ലോ. പട്ടാളത്തെ പിണക്കുന്ന ഒരു ഉപദേശവും മാത്തുത്തരകൻ നൽകുകയുമില്ല.

തമ്പിയെ ദളവാസ്ഥാനത്തുനിന്നു പിരിച്ചുവിടാൻ രാജാവ് ഉത്തരവായി. അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കാനും പകരം നീലകണ്ഠൻ ചെമ്പകരാമനെ വല്യ സർവ്വാധികാര്യക്കാരനായി നിയമിക്കാനും രാജാവ് കല്പിച്ചു. രാജ്യകാര്യങ്ങൾ ദളവായെ ഏല്പിച്ച് അന്തഃപുര സുഖങ്ങളിൽ മുഴുകുകയാണ് രാജാവ് ചെയ്തുകൊണ്ടിരുന്നത് എന്ന് എഴുതി വിട്ടിട്ടുള്ള ചരിത്രകാരന്മാർക്ക് വ്യക്തമായ മറുപടിയാണ് ഇവിടെ രാജാവിന്റെ പ്രവൃത്തി. തന്നോട് ആലോചിക്കാതെ ശമ്പളം വെട്ടിക്കുറച്ചത് തെററായ നടപടിയാണ് എന്ന് തീരുമാനിക്കാൻ രാജാവിന് അധികസമയമൊന്നും വേണ്ടിവന്നില്ല. തെററുചെയ്താൽ ദളവായാണെങ്കിലും ശിക്ഷ അനുഭവിക്കുക തന്നെ വേണം എന്നു രാജാവ് തീരുമാനിച്ചു.

ജയിലിലായാൽ പിന്നെ കേശവദാസന്റെ അനുഭവമായിരിക്കും തനിക്കും എന്ന് തമ്പി കണ്ടു. താൻ തന്നെ പലരെയും ജയിലിൽ വച്ച് പ്രശ്നം അവസാനിപ്പിച്ചിട്ടുള്ളതാണല്ലോ. അന്ന് ആലപ്പുഴയിലായിരുന്ന തമ്പി പ്രാണരക്ഷാർത്ഥം കൊച്ചിയിലേയ്ക്ക് ഓടി റസിഡണ്ടിന്റെ കാലുപിടിച്ചു.

ഏതുവിധത്തിലെങ്കിലും തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിലിടപെടാൻ റസിഡണ്ട് മെക്കാളെ അവസരം കാത്തിരിക്കുകയായിരുന്നു. ആദ്യമായി രാജാവിനെ മുഖം കാണിക്കാൻ (സന്ദർശിക്കാൻ) ചെന്നപ്പോൾ ലഭിച്ച അനുഭവം അദ്ദേഹത്തിന്റെ സ്മരണയിലുണ്ടായിരുന്നു. ആ രാജാവിനെ മുട്ടുകുത്തിക്കാൻ ഇതു തന്നെ അവസരം എന്നു റസിഡണ്ടു കരുതി. ദളവാസ്ഥാനത്തുനിന്നും നീക്കം ചെയ്തു തടങ്കലിൽ പാർപ്പിച്ചിരുന്ന അയ്യപ്പൻ ചെമ്പകരാമൻ പിള്ളയെ ഒന്നു കാണാൻ അനുവാദം നൽകണമെന്ന് മൂന്നുപ്രാവശ്യം

അഭ്യർത്ഥിച്ചിട്ടും അനുവാദം കൊടുത്തില്ല. ആ രാജാവിനെ മുട്ടുകുത്തിക്കാനുള്ള അവസരമാണിന്ന് കൈവന്നിരിക്കുന്നത്. കേശവദാസൻ ഉടമ്പടിപ്രകാരം തിരുവിതാംകൂർ സൈന്യത്തെ സഹായിക്കാൻ ബാദ്ധ്യസ്ഥമായിരുന്ന ഇംഗ്ലീഷ്സൈന്യം റസിഡണ്ടിന്റെ നിർദ്ദേശപ്രകാരം തിരുവിതാംകൂർ സൈന്യത്തിനെതിരായി വേലുത്തമ്പിയെ രക്ഷിക്കാൻ പുറപ്പെട്ടു. തമ്പി ആ സൈന്യവുമായി ചെന്ന് തിരുവിതാംകൂറിലെ നായർ പട്ടാളത്തെ എതിരിട്ട് നിശ്ശേഷം പരാജയപ്പെടുത്തി, ആ പട്ടാളത്തെ പൂർണ്ണമായി വകവരുത്തി.

ഡച്ചുസൈന്യാധിപനായ ഡിലനായി മുൻനിന്ന് പരിശീലിപ്പിച്ചെടുത്ത സൈന്യമാണ് അന്ന് നശിച്ചത്. പിന്നെ തിരുവിതാംകൂറിൽ ഒരിക്കലും പരിശീലനം ലഭിച്ച ഒരു സൈന്യം ഉണ്ടായിട്ടില്ല. നാട്ടുരാജ്യങ്ങളിൽ പരിശീലനം ലഭിച്ച സൈന്യം ഇല്ലാതിരിക്കുന്നതാണ് എപ്പോഴും ബ്രിട്ടീഷുകാരുടെ താൽപര്യം. ഏതെങ്കിലും അവസരത്തിൽ നാട്ടുരാജ്യവുമായി അഭിപ്രായവ്യത്യാസമുണ്ടായി ഏററുമുട്ടേണ്ടി വന്നാൽ അത് ബ്രിട്ടീഷുകാർക്ക് സഹായകമാകും. ഡിലെനായിയുടെ മരണശേഷം തിരുവിതാംകൂർ സൈന്യത്തിന് യൂറോപ്യൻ മോഡലിൽ പരിശീലനം നൽകാൻ ഏതാനും പരിശീലകരെ അയച്ചുതരണമെന്ന് രാമവർമ്മരാജാവ് മദ്രാസ് ഗവർണറോട് അഭ്യർത്ഥിച്ചപ്പോൾ അതിന് കമ്പനി ഡയറക്ടറുടെ അനുവാദമില്ല, പകരം 2 കുപ്പിണി ബ്രിട്ടീഷുപട്ടാളത്തെ അവിടെ നിർത്തി അതിന്റെ ചിലവു വഹിച്ചാൽ മതി എന്നാണ് മറുപടി ലഭിച്ചത്. വേലുത്തമ്പി ദളവാ അവസാനകാലത്ത് മെക്കാളെയുമായി യുദ്ധം ചെയ്തപ്പോൾ ഉപയോഗിച്ച പട്ടാളം വെറുതെ ഓടിക്കൂടിയ നായന്മാർ മാത്രമായിരുന്നു. അവർക്ക് ഒരു ദിവസത്തെ പരിശീലനം പോലും ഉണ്ടായിരുന്നില്ല. തമ്പി അവർക്ക് നല്ല യൂണിഫോറം കൊടുത്തു എന്നുമാത്രം. വെടിയുണ്ട മന്ത്രശക്തിയുപയോഗിച്ച് മടക്കി അയയ്ക്കാം എന്നുവീരവാദം പുറപ്പെടുവിച്ച കല്ലട കടയാററ് ഉണ്ണിത്താനും ആറുചേന ഒരുമിച്ചുതിന്നുന്ന പുനച്ചെൽ വല്യയജമാനനും മററുമായിരുന്നു അവരുടെ അന്നത്തെ സൈന്യാധിപന്മാർ. അന്നു തമ്പി പറെറ പരാജയപ്പെട്ടത് അതുകൊണ്ടാണ്. അതിന്റെ കാരണക്കാരനും തമ്പിതന്നെയായിരുന്നു. നായർ പട്ടാളം ലഹള നടത്തിയപ്പോൾ തമ്പി അതൊന്നും ചിന്തിച്ചില്ല.

അന്ന് റസിഡണ്ട് മെക്കാളെ അയച്ചുകൊടുത്ത ബ്രിട്ടീഷ് സൈന്യത്തെ ഉപയോഗിച്ചുകൊണ്ട് തമ്പി ആ സൈന്യത്തോട് – തിരുവിതാംകൂറിലെ നായർ പട്ടാളത്തോടുകാണിച്ച ക്രൂരതയ്ക്കു

സമാനമായി ലോകചരിത്രത്തിൽ അധികമൊന്നുമില്ല. അക്കാര്യത്തിൽ ഹിററ്ലർക്കും സ്റ്റാലിനും അതുപോലുള്ളവർക്കെല്ലാം തമ്പി തുല്യനായിരുന്നു. ജർമ്മനിയിലെ യഹൂദർക്ക് അനുഭവിക്കേണ്ടി വന്ന നരകയാതനയ്ക്ക് തുല്യമായിരുന്നു അന്ന് തിരുവിതാംകൂറിലെ നായർ സൈന്യത്തിന് അനുഭവിക്കേണ്ടി വന്നത്."

ഈ ലഹളയുടെ മേൽവിലാസത്തിലാണ് പുതിയ ഉടമ്പടി തമ്പിയും മെക്കാളെയും കൂടി തയ്യാറാക്കിയത്. പക്ഷെ അന്ന് ബ്രട്ടീഷ് പട്ടാളം ഇടപെട്ടത് തിരുവിതാംകൂർ രാജാവിനോ രാജ്യത്തിനോ വേണ്ടിയായിരുന്നില്ല. അതിനാൽ രാജാവിനെയോ രാജ്യത്തെയോ സംബന്ധിച്ച പുതിയ സംഭവവികാസങ്ങളൊന്നും ഉണ്ടായില്ല. അതുകൊണ്ട് ഉടമ്പടി പുതുക്കേണ്ട ആവശ്യവുമില്ല എന്ന് രാജാവ് തറപ്പിച്ചു തന്നെ മറുപടി കൊടുത്തു.

രാജാവിനെ ധിക്കരിച്ച മന്ത്രിക്ക് പിന്തുണ നൽകിയത് നിലവിലിരിക്കുന്ന കേശവദാസൻ ഉടമ്പടിക്ക് വിരുദ്ധമാണ്. തിരുവിതാംകൂർ രാജാവും ഇംഗ്ലീഷ് കമ്പനിയുമായിട്ടാണ് ഉടമ്പടി നിലവിലുള്ളത്, ദളവായുമായിട്ടല്ല. യഥാർത്ഥത്തിൽ ഉടമ്പടിയിലെ ഒരു കക്ഷി ശ്രീ പത്മനാഭനാണ്. മാർത്താണ്ഡവർമ്മരാജാവ് രാജ്യം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലേയ്ക്ക് തൃപ്പിട ദാനം ചെയ്തതിനുശേഷം നടന്ന എല്ലാ ഉടമ്പടികളും ശ്രീ പത്മനാഭനും ഈസ്റ്റിന്ത്യാകമ്പനിയുമായിട്ടായിരുന്നു. രാജാവ് ശ്രീ പത്മനാഭന്റെ പ്രതിനിധി മാത്രമാണ്. അതിനാൽ ഇംഗ്ലീഷ് പട്ടാളത്തെ രാജാവിനെതിരായി ദിവാനുവേണ്ടി - രാജകല്പന ലംഘിക്കാനായി റസിഡണ്ട് അയച്ചത് ഉടമ്പടി ലംഘനമാണ്. നിലവിലുള്ള ഉടമ്പടി കമ്പനി ലംഘിച്ച പശ്ചാത്തലത്തിൽ ആ ഉടമ്പടി പുതുക്കണമെന്ന് ആവശ്യപ്പെടാൻ കമ്പനിക്ക് അവകാശമില്ല.

"The Maharaja took a pronounced attitude against the new terms"

"The Maharaja was strongly opposed to any new arrangement"

കൊട്ടാരം മുഴുവനും തമ്പിക്കും ഇംഗ്ലീഷുകാർക്കും അനുകൂലമായ ഒരു സന്ദർഭത്തിലാണ് 23 വയസ്സ് മാത്രം പ്രായമുള്ള രാജാവ് അതിനെ ഏകനായി നിന്ന് എതിർത്തത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നായർ പട്ടാളത്തിനെതിരെ ഇംഗ്ലീഷ് സൈന്യത്തെ കൊണ്ടുവന്നു മുഴുവൻ പടയാളികളെയും അവരുടെ സൈന്യാ

ധിപൻ കൃഷ്ണപിള്ളയെയും തമ്പിയുടെ സാന്നിദ്ധ്യത്തിൽ നിഷ്കരുണം വധിച്ച് തലസ്ഥാനത്ത് ഒരു ഭീകരാന്തരീക്ഷം സൃഷ്ടിച്ചതിന്റെ പുറകെയാണ് പുതിയ ഉടമ്പടിയുടെ നക്കൽ ആ ഭീകരതയുടെ കാരണക്കാരായ തമ്പിയും മെക്കാളെയും ചേർന്ന് അവതരിപ്പിച്ചത്. അതിനെയാണ് രാജാവ് എതിർത്തത്. ആ രാജാവിനെയാണ് ബാല ചാപല്യക്കാരനെന്നും ദുർബലനെന്നും മററും ചരിത്രകാരന്മാർ ചിത്രീകരിക്കുന്നത്.

പക്ഷെ അവസാനം 1805 ജനുവരി 12–ാം തീയതി രാജാവിന് അതിൽ ഒപ്പുവയ്ക്കേണ്ടി വന്നു. അന്ന് അതിന്റെ പേരിൽ കമ്പനിയുമായി ഇടഞ്ഞാൽ വഞ്ചകനായ ദിവാൻവരെ തനിക്ക് എതിരാകും എന്ന് കാണാൻ രാജാവിന് കഴിവുണ്ടായിരുന്നു. വേലുത്തമ്പി അതിനകം ഒരു "മിർജാഫറാ"യി മാറിക്കഴിഞ്ഞിരുന്നു. എന്നാൽ "സുരാജ് ദൗള"യാകാൻ രാജാവ് തയ്യാറായില്ല. തിരുവിതാംകൂർ സൈന്യം നിശ്ശേഷം അതിനകം നശിച്ചു കഴിഞ്ഞിരുന്നു. ഒരു ഏററുമുട്ടലിന് അവസരം സൃഷ്ടിച്ചാൽ നഷ്ടപ്പെടുന്നത് രാജസ്ഥാനമായിരിക്കും. പകരം വേലുത്തമ്പിയെ തിരുവിതാംകൂറിലെ രാജാവായി വാഴിക്കാനോ മദ്രാസ് പ്രവിശ്യയുടെ ഒരു ഭാഗമാക്കി മാററാനോ ബ്രട്ടീഷുകാർക്ക് നിഷപ്രയാസം സാധിക്കും. 1799 മേയ് 4–ാം തീയതി ടിപ്പുസുൽത്താൻ വധിക്കപ്പെട്ടു. കമ്പനി തെക്കേഇന്ത്യയിൽ ഏകഛത്രപതിയായി വാഴുന്ന കാലമാണ്. മലബാർ മുഴുവൻ കമ്പനിയുടെ കീഴിൽ. തിരുവിതാംകൂറിന്റെ തെക്കേ അതിർത്തിയായ തിരുനൽവേലിയിലും കമ്പനിയാണ് ഭരണം നടത്തുന്നത്. ബ്രട്ടീഷുകാർ ഏററവും അധികം തിളങ്ങിയത് സമുദ്രയുദ്ധത്തിലാണ്. തിരുവിതാംകൂറിന്റെ തീരക്കടൽ അവരുടെ സ്വാധീനതയിലാണ്. ആ പരിതസ്ഥിതിയിൽ എതിർത്ത് ഒരു വാക്കു പറയുവാനുള്ള സാധ്യത രാജാവിനില്ലായിരുന്നു.

1807 ഏപ്രിൽ 10–ാം തീയതി റസിഡണ്ട് അയച്ച കത്തിൽ "തക്കം പോലെ പ്രവർത്തിക്കുന്നവനും, വക്രോക്തിക്കാരനും, ഉഴപ്പിപ്പറയുന്നവനും, കൊള്ളക്കാരനുമായ പയ്യൻ എന്നാണ് തമ്പിയെ വിശേഷിപ്പിച്ചത്. ഈ പ്രയോഗം തമ്പിയെ ക്ഷോഭിപ്പിച്ചു. ഇപ്രകാരമുള്ള അപമാനം സഹിച്ച് ഇനിയും അധികാരത്തിൽ തുടരാൻ ആഗ്രഹിക്കുന്നില്ലെന്നും താൻ രാജിവയ്ക്കാൻ ഉദ്ദേശിക്കുകയാണെന്നും തമ്പി റസിഡണ്ടിനെ അറിയിച്ചു. റസിഡണ്ട് തമ്പിയെ പിരിച്ചുവിടുന്നതായിരിക്കും നല്ലതെന്ന് മഹാരാജാവ് തിരുമേനിയെ അറിയിക്കുകയും ചെയ്തു. റസിഡണ്ടും തമ്പിയും തമ്മിൽ രസമല്ലാതിരിക്കുന്ന സന്ദർഭത്തിലാണ് മാത്തുത്തരകനോട് തമ്പി ക്രൂരമായി

പെരുമാറുന്നത്. തരകനോട് ദളവാ നീതി ചെയ്യണമെന്ന് റസിഡണ്ട് ആവശ്യപ്പെട്ടു. അതും തമ്പിക്ക് റസിഡണ്ടിനോട് വിരോധം വർദ്ധിക്കുവാൻ കാരണമായി.

റസിഡണ്ട് തമ്പിക്കെതിരായി മഹാരാജാവുമായി ബന്ധപ്പെട്ടതിനെ മറികടക്കാൻ തമ്പി മറ്റൊരു ഉപായം കണ്ടുപിടിച്ചു. തന്നെ പിരിച്ചുവിടണമെന്ന് റസിഡണ്ട് ആവശ്യപ്പെടുന്നത് വർദ്ധിപ്പിച്ച കരം അതേപടി ഈടാക്കാനാണെന്ന് മഹാരാജാവിനെ ധരിപ്പിച്ചു. ഏതായാലും ഈ പ്രതിസന്ധിയിൽ തമ്പിയെ പിരിച്ചുവിടുന്നത് ഉചിതമായിരിക്കുകയില്ലെന്ന് മഹാരാജാവും വിചാരിച്ചു.

കൊട്ടാരം വക ആഭരണങ്ങൾ പണയം വച്ച് രണ്ടുലക്ഷം രൂപാ കപ്പക്കുടിശിഖയിൽ ഒരു ഭാഗം അടച്ചപ്പോൾ റസിഡണ്ട് സന്തോഷിച്ചു. തമ്പി തിരുവിതാംകൂറിൽനിന്നും ഉദ്യോഗം രാജിവച്ച് പോകുകയാണെന്ന് വീണ്ടും റസിഡണ്ടിനെ അറിയിച്ചു. അത് ശരിയായിരിക്കുമെന്ന് റസിഡണ്ടും വിശ്വസിച്ചു. തമ്പി ഉദ്യോഗമൊഴിയാൻ ഉദ്ദേശിച്ചിരുന്നില്ല. തന്റെ പിടി മുറുക്കുവാൻ ആവശ്യമായ കരുക്കൾ ഒരുക്കുന്നതിനുവേണ്ട സമയം ലഭിക്കുന്നതിനാണ് രാജിനാടകം അഭിനയിച്ചത്.

റസിഡണ്ടിനെതിരായി മഹാരാജാവ് തുടരെ തുടരെ മദ്രാസ് ഗവൺമെന്റിന് എഴുതിയിരുന്നു. മഹാരാജാവും റസിഡണ്ടും തമ്മിൽ ഒരു യോജിപ്പുണ്ടാക്കുന്നതിന് സ്ഥാനപതി സുബ്ബയ്യൻ പരിശ്രമിക്കുകയുണ്ടായി. അത് വേലുത്തമ്പിയെ ചൊടിപ്പിച്ചു. മഹാരാജാവിന്റെ ഒരു സന്ദേശവുമായി സുബ്ബയ്യൻ ദളവായെ ആലപ്പുഴ പോയി കണ്ടു. ദളവായുമായി രാത്രിരഹസ്യസംഭാഷണം നടത്തിയതിനുശേഷം സുബ്ബയ്യൻ പുറത്തേയ്ക്കിറങ്ങി. തോട്ടത്തിലേയ്ക്കിറങ്ങിയ സുബ്ബയ്യൻ പാമ്പുകടിയേറ്റ് മരിച്ചുവെന്ന് പിറേന്ന് പ്രചരിച്ചു. യഥാർത്ഥത്തിൽ ദളവായുടെ ആളുകൾ അദ്ദേഹത്തെ ശ്വാസംമുട്ടിച്ച് കൊല്ലുകയാണ് ചെയ്തത്."

ഈ കാലഘട്ടത്തിൽ കൊച്ചിയിലും ചില രാഷ്ട്രീയമാററങ്ങൾ ദൃശ്യമായി. കൊച്ചിയിലെ ശക്തൻ തമ്പുരാൻ 981 കന്നി 13-ാം തീയതി ദിവംഗതനായി. തുടർന്ന് രാമവർമ്മ തമ്പുരാൻ അധികാരമേറെറടുത്തു. രാമവർമ്മ തമ്പുരാൻ ദുർബലനും അലസനുമായിരുന്നു. റസിഡണ്ട് മെക്കാളെയും വേലുത്തമ്പി ദളവായും ഉപദേശിച്ചതനുസരിച്ച് കൊച്ചിയിലെ മന്ത്രിയായി പാലിയത്തച്ചനെ രാമവർമ്മ തമ്പുരാൻ നിയമിച്ചു. അധികാരമോഹിയായ പാലിയത്തച്ചൻ സകല

അധികാരങ്ങളും തന്നിലേയ്ക്ക് കേന്ദ്രീകരിക്കുന്നതിനാണ് ശ്രമിച്ചത്. രാമവർമ്മതമ്പുരാനെ മററുള്ളവരിൽനിന്നും അകററുക എന്ന ലക്ഷ്യത്തോടെയാണ് പാലിയത്തച്ചൻ പിന്നീട് പ്രവർത്തിച്ചത്. കൊച്ചിരാജ്യചരിത്രം രണ്ടാംഭാഗത്തിൽ (പേജ് 731) ഇപ്രകാരം എഴുതിയിരിക്കുന്നു. "അച്ചന്റെ അധികാരശക്തിയെ ഒന്നുകൂടി ബലപ്പെടുത്തുവാൻ വേണ്ടി, തമ്പുരാന്റെ തിരുമേനി കാവലിന് എന്ന വ്യാജ്യത്തിൽ അവിടുത്തെ സ്വാതന്ത്ര്യത്തെ ബന്ധിക്കുവാനായി വേലുത്തമ്പി ദളവാ ഒരുസംഘം തിരുവിതാംകൂർ പട്ടാളത്തെ തൃപ്പൂണിത്തുറ കോവിലകത്ത് അയച്ചു പാർപ്പിച്ചു." ഇതേ തുടർന്ന് പാലിയത്തച്ചൻ തന്റെ എതിരാളികളാകാൻ സാദ്ധ്യതയുള്ളവരെ മുഴുവൻ സൂത്രത്തിൽ വധിച്ചു. രാമ്രമേനോൻ വലിയ സർവ്വാധിയെയും പണിക്കരു കപ്പിത്താനെയുമാണ് ചേന്ദമംഗലത്ത് ആദ്യം വധിച്ചത്. ചെറുപാവിൽ കുഞ്ഞിക്കൃഷ്ണമേനോനെ ചേന്ദമംഗലത്തേയ്ക്ക് ക്ഷണിച്ചപ്പോൾ അദ്ദേഹം റസിഡണ്ടിന്റെയടുക്കൽ ചെന്ന് അഭയം പ്രാപിച്ചു. ഇതിൽ കോപിഷ്ഠനായി തീർന്ന പാലിയത്തച്ചൻ റസിഡണ്ടിനെയും കുഞ്ഞിക്കൃഷ്ണമേനോനെയും ഒന്നുപോലെ ഉന്മൂലനം ചെയ്യുന്നതാണെന്ന് പ്രതിജ്ഞ ചെയ്തു. റസിഡണ്ടിന്റെ ശത്രുവായി തീർന്ന വേലുത്തമ്പിയുമായി ചേർന്ന് ഗൂഡാലോചന നടത്തി തിരുവിതാംകൂർ സേനയുടെ സഹായം പാലിയത്തച്ചൻ പ്രതീക്ഷിച്ചു.

പാലിയത്തച്ചനും വേലുത്തമ്പിയും ജനങ്ങളെ സംഘടിപ്പിക്കാൻ ആരംഭിച്ചു. ഇംഗ്ലീഷുകാരുമായി ഏററുമുട്ടുന്നതിന് രാമവർമ്മ തമ്പുരാൻ താല്പര്യം കാണിച്ചില്ല. അതുകൊണ്ട് അധികം ആളുകളെ ശേഖരിക്കാൻ അച്ചന് സാധിച്ചില്ല. തമ്പിയും അച്ചനും കൂടി ഏകദേശം 3000ത്തോളം ആളുകളെ ശേഖരിച്ചു. ഇംഗ്ലീഷുകാരുമായി ഏററുമുട്ടുവാൻ അത്രയും പേർ അപര്യാപ്തമാണെന്ന് അച്ചനും തമ്പിക്കും മനസ്സിലായി. അവർ ഇരുവരും മൗറീഷ്യസ്, അയിൻ ഓഫ് ഫ്രാൻസ് എന്നീ ദ്വീപുകളിൽ വസിക്കുന്ന ഫ്രഞ്ചുകാരുമായി എഴുത്തുകുത്തുകൾ നടത്തി.

ഫ്രഞ്ചുകാരിൽനിന്ന് അനുകൂലമായ മറുപടിയാണ് കിട്ടിയത്. ഒരു വലിയ ഫ്രഞ്ചു പട്ടാളം ഉടൻ തന്നെ കേരളത്തിലെത്തുമെന്ന് അവർ അറിയിച്ചു. ഫ്രഞ്ചുകാർ വന്നെത്തുന്നതിനുമുമ്പുതന്നെ യുദ്ധം ആരംഭിക്കാൻ അച്ചനും തമ്പിയുംകൂടി തീരുമാനിച്ചു. കൊച്ചിരാജ്യചരിത്രം രണ്ടാംഭാഗത്തിൽ (പേജ് 741-42) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ ആലോചനയോടുകൂടി നാട്ടിലുള്ള രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവരെ സ്വാധീനപ്പെടുത്തി ലഹളയിൽ പങ്കുകാരാക്കാനുള്ള ശ്രമം തുടങ്ങി. കോഴിക്കോട് സാമൂതിരി

പ്പാട്ടിലെ സഹായവും അപേക്ഷിക്കുകയുണ്ടായി ... സാമൂതിരിപ്പാട്ടിലേക്ക് എഴുതിയ എഴുത്തിൽ ഇംഗ്ലീഷുകാരെ നാട്ടിൽനിന്ന് പുറത്താക്കേണ്ടത് അത്യാവശ്യമാണെന്ന് ദളവായെ തോന്നിച്ചതും അതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുവാൻ തന്നെ ഉത്സാഹിപ്പിച്ചതും ക്രിസ്ത്യാനിമതം തിരുവിതാംകൂർ രാജ്യത്ത് വർദ്ധിക്കുന്നതിൽ നിന്നുണ്ടായ ഭയമാണെന്ന് ദളവാ പറയുന്നു.... എന്തുവന്നാലും വേണ്ടില്ല ക്രിസ്തുമതത്തിന്റെ ആക്രമണത്തെ എതിർക്കുവാൻ താൻ നിർബന്ധമായി തുനിഞ്ഞിരിക്കുന്നുവെന്നും, സ്വമതരക്ഷചെയ്യുവാൻ എല്ലാവരും ഒരുപോലെ ബാദ്ധ്യതപ്പെട്ടിട്ടുണ്ടെന്നുള്ളത് ഓർമ്മവയ്ക്കേണ്ടതാണെന്നു സാമൂതിരിപ്പാട്ടിലേക്കുള്ള എഴുത്തിൽ ദളവാ പ്രസ്താവിച്ചിരുന്നു."

അച്ചന്റെയും തമ്പിയുടെയും ലഹളയ്ക്കുള്ള പുറപ്പാട് റസിഡണ്ട് അറിഞ്ഞിരുന്നില്ല. കപ്പക്കുടിശിഖ അടച്ചുതീർക്കാൻ തമ്പിയെ റസിഡണ്ട് വീണ്ടും നിർദ്ദേശിച്ചു. താൻ ദളവാസ്ഥാനം രാജിവയ്ക്കുവാൻ പോവുകയാണെന്നും തനിക്ക് പെൻഷൻ ലഭിച്ചാൽ മതിയെന്നുമുള്ള തമ്പിയുടെ സ്ഥിരം പല്ലവി വീണ്ടും ആവർത്തിച്ചു. തന്റെ ദേഹരക്ഷയ്ക്ക് കുറെ ബ്രിട്ടീഷ് പട്ടാളക്കാരെ ആലപ്പുഴയ്ക്ക് വിട്ടുതരണമെന്നുകൂടി തമ്പി റസിഡണ്ടിനോടഭ്യർത്ഥിച്ചു. റസിഡണ്ടിന്റെ കൂടെ കൊച്ചിയിൽ താമസിച്ചിരുന്ന പട്ടാളത്തെ ആലപ്പുഴയ്ക്കയച്ചാൽ ആ തക്കം നോക്കി റസിഡണ്ടിന്റെ കൊട്ടാരം ആക്രമിച്ച് മെക്കാളെയെയും ചെറുപറമ്പത്ത് കുഞ്ഞിക്കൃഷ്ണമേനോനേയും അപായപ്പെടുത്താമെന്നായിരുന്നു തമ്പി കണക്കുകൂട്ടിയത്. കൊച്ചിയിലെ ബ്രിട്ടീഷ് പട്ടാളം ആലപ്പുഴയ്ക്ക് പുറപ്പെട്ട തക്കം നോക്കി ആലപ്പുഴയിൽ നിന്നും പറവൂർ നിന്നും പട്ടാളങ്ങളോട് കൊച്ചിയിലെത്തുവാൻ കല്പന യയച്ചു. കൊല്ലത്തുണ്ടായിരുന്ന ബ്രിട്ടീഷ് പട്ടാളത്തെ ആക്രമിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു.

വൈക്കം പത്മനാഭപിള്ളയുടെ നേതൃത്വത്തിൽ ആലപ്പുഴ നിന്നും കുഞ്ഞൈക്കുട്ടിപ്പിള്ള സർവ്വാധികാര്യക്കാരുടെ നേതൃത്വത്തിൽ വടക്കൻ ഡിസ്ട്രിക്ടിൽ നിന്നും തിരുവിതാംകൂർ പട്ടാളം കൊച്ചിയിലെത്തി. 1808 ഡിസംബർ 28–ന് ഈ ഇരുസേനാവിഭാഗങ്ങളും കൊച്ചിയിൽ കൽവത്തിയിൽ സമ്മേളിച്ചു. അതേ ദിവസം തന്നെ രാജി വച്ചു പോകുന്ന ദളവയെ ആലപ്പുഴനിന്നും കോഴിക്കോട്ടേക്ക് കൊണ്ടുപോകുന്നതിന് ഏർപ്പാടാക്കുകയും ചെയ്തു. റസിഡണ്ടിന്റെ അംഗരക്ഷകസേന കൊച്ചിയിൽ ഇല്ലാതിരുന്ന തക്കം നോക്കി അച്ചനും തമ്പിയും സേനാനായകന്മാരും അറുന്നൂറു പട്ടാളക്കാരോടുകൂടി 1808 ഡിസംബർ 29–ാം തീയതി വെളുപ്പിന് രണ്ടു

മണിക്ക് റസിഡണ്ടിന്റെ വസതി വളഞ്ഞു വെടി തുടങ്ങി. ബഹളം കേട്ട് മെക്കാളെ ജനൽ തുറന്നു നോക്കിയപ്പോൾ ശത്രു സൈന്യങ്ങൾ ബംഗ്ലാവ് വലയം ചെയ്തിരിക്കുന്നതായി മനസ്സിലായി. ശത്രുക്കൾ ഇടതടവില്ലാതെ വെടിവച്ചുകൊണ്ടിരുന്നു.

ഈ ആക്രമണത്തെപ്പററി കർണ്ണൽ മെക്കാളെ 1809 ജനുവരി 23–ാം തീയതി എഴുതിയത് എൻ. ബാലകൃഷ്ണൻ നായർ രചിച്ച സ്വദേശാഭിമാനി അഥവാ വേലുത്തമ്പിദളവ എന്ന ഗ്രന്ഥത്തിൽ 282, 283 പേജുകളിൽ ചേർത്തിരിക്കുന്നത് താഴെ ചേർക്കുന്നു. "........ കഴിഞ്ഞ കുറഞ്ഞൊരു ദിവസങ്ങൾക്കുള്ളിൽ ഇതിനേക്കാൾ ഹീനവും ഘോരവുമായ ഒരു സംഭവം എവിടെയെങ്കിലും എനിക്കറിവില്ല. താല്പര്യപൂർവ്വം ഇങ്ങോട്ടുചെയ്ത അഭ്യർത്ഥന അനുസരിച്ച് ഞാൻ അഭിപ്രായവിനിമയത്തിൽ ഏർപ്പെട്ടു. അദ്ദേഹത്തിന് സംതൃപ്തി ഉളവാകത്തക്കവണ്ണം എല്ലാം തീർച്ചപ്പെടുത്തി. ആലപ്പുഴനിന്നും കോഴിക്കോട്ടേയ്ക്ക് പോകുന്നതിനുള്ള അദ്ദേഹത്തിന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ദിവാന്റെ കാര്യമായ അപേക്ഷ അനുസരിച്ച് എന്റെ കൂടെയുള്ള സൈന്യവിഭാഗത്തിൽ നിന്നും അദ്ദേഹത്തിന്റെ രക്ഷക്കായി കുറേപ്പേരെ അയക്കുക കാരണം എന്റെ സൈനീക സംരക്ഷണവും ദുർബലപ്പെട്ടിരുന്നു. ദിവാന്റെ നിർദ്ദേശത്തെ ആദരിച്ച് അദ്ദേഹത്തിന് സുഖയാത്ര ചെയ്യുന്നതിനായി എന്റെ പല്ലക്കുകളും ബോട്ടുകളും അയച്ചുകഴിഞ്ഞിരുന്നു. അർദ്ധ രാത്രിയായി കുറേ കഴിഞ്ഞപ്പോൾ ആയിരത്തോളം വരുന്ന ഒരു വിഭാഗം നായന്മാർ ദിവാന്റെ വിശ്വസ്ത സുഹൃത്തായ പത്മനാഭപിള്ള യുടെയും കൊച്ചി മന്ത്രിയുടെയും നേതൃത്വത്തിൽ എന്റെ ഭവനം വളഞ്ഞു നിലയുറപ്പിച്ചുകൊണ്ട് എല്ലാ വാതിലിലൂടെയും ചെറുതോക്കുകളിൽ നിന്നും വെടി വർഷിക്കാൻ തുടങ്ങി. അവരെ എതിർത്ത എന്റെ ഭടന്മാരിൽ ചിലരെ അവർ വെടിവച്ചുകൊന്നു. അനന്തരം ഭവനം ഭേദിച്ചുകൊണ്ട് എന്നെ വധിക്കുവാൻ അടുത്തു. അവരുടെ ആ ഉദ്യമം ദൈവഹത്യാ എന്ന പോലെയും ഏറെക്കുറെ ഒരു അത്ഭുതശക്തികൊണ്ടെന്നപോലെയും വിഫലമായി. എല്ലാ സ്ഥലവും തല്ലിത്തകർത്ത്, എല്ലാ കെട്ടുകളും അഴിച്ചു കൊലച്ച് ഗൃഹ ത്തിലുണ്ടായിരുന്ന എന്റെ എല്ലാ സമ്പാദ്യങ്ങളും കൊള്ളയടിച്ചു കൊണ്ട് അവർ നേരം പുലർച്ചയായപ്പോഴേക്കും പിൻവാങ്ങി."

വേലുത്തമ്പിയുടെ ഈ വഞ്ചന ഒരു വിധത്തിലും നീതീകരിക്ക ത്തക്കതല്ലായിരുന്നു.

മെക്കാളെ ഒരു പോർത്തുഗീസ് ഗുമസ്തന്റെ സഹായത്താൽ

ബംഗ്ലാവിന്റെ താഴത്തെ നിലയിൽ ഉണ്ടായിരുന്ന ഒരു രഹസ്യ അറയിൽ കയറി ഒളിച്ചു. ആ മുറിയുടെ വാതിൽ സാധാരണ ചുമലിൽ നിന്നും തിരിച്ചറിയാൻ സാധിക്കാതെ വന്നതിനാൽ റസിഡണ്ടിനെ കണ്ടുപിടിക്കാൻ സാധിച്ചില്ല. പട്ടാളക്കാരുടെ എണ്ണം കുറച്ചുമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ശത്രുക്കൾ അവരെ പരാജയപ്പെടുത്തി. അകത്തു കടന്ന് വലിയ നാശനഷ്ടങ്ങൾ വരുത്തി. റിക്കാർഡുകൾ തീയിട്ടു നശിപ്പിച്ചു. ജയിൽ തുറന്ന് തടവുകാരെ വിട്ടയച്ചു. സമീപത്തുള്ള ഭവനങ്ങളിൽ കയറി കൊള്ള നടത്തി. പക്ഷെ റസിഡണ്ടിനെ പിടികിട്ടിയില്ല.

നേരം വെളുത്തതോടെ ഒരു പത്തേമാരിയിൽ കയറി തുറമുഖത്തേക്കുപോയി. അവിടെ കിടന്ന പീഡുമോൺടീസ് എന്ന ബ്രിട്ടീഷ് കപ്പലിൽ കയറി രക്ഷപെട്ടു. മലബാറിൽ നിന്നും വന്ന ബ്രിട്ടീഷ് പട്ടാളത്തെയും കൊണ്ടുവന്നതായിരുന്നു ആ കപ്പൽ. ചെറുപറമ്പത്ത് കുഞ്ഞികൃഷ്ണമേനോനും ഈ കപ്പലിൽ കയറി മെക്കാളെയോടൊത്ത് രക്ഷപെട്ടു. കൊച്ചിയിൽ തങ്ങുന്നത് അപകടകരമാണെന്ന് മനസ്സിലാക്കിയ മെക്കാളെ ദിസ്തോ എന്ന കപ്പലിൽ കയറി പുറംകടലിലേക്കു പോയി. കൂടുതൽ പട്ടാളം വരുന്നതുവരെ പുറംകടലിൽ കാത്തുകിടക്കുവാനും പട്ടാളം എത്തിക്കഴിയുമ്പോൾ കരക്കിറങ്ങി ആക്രമണം നടത്തുവാനുമായിരുന്നു മെക്കാളെയുടെ പദ്ധതി.

മെക്കാളെയെ നശിപ്പിക്കാൻ ദൃഢവ്രതമെടുത്ത വേലുത്തമ്പി, അതിനുവേണ്ടി ഏതു മാർഗ്ഗവും സ്വീകരിക്കാൻ തയ്യാറായി. ജനങ്ങളുടെ പിന്തുണ ലഭിക്കുന്നതിനുവേണ്ടി തമ്പി, ഭൂരിപക്ഷക്കാരായ ഹിന്ദുക്കളുടെ വർഗ്ഗീയവികാരങ്ങളെ തട്ടിയുണർത്തുവാനാണ് ശ്രമിച്ചത്. കമ്പനിക്കാരുടേയും ബ്രിട്ടീഷ്കാരുടേയും ലക്ഷ്യം ഹിന്ദുമതത്തെ നശിപ്പിച്ച് തൽസ്ഥാനത്ത് ക്രിസ്തുമതം കെട്ടിപ്പടുക്കുക എന്നതാണെന്ന് തമ്പി പ്രചരിപ്പിച്ചു. 1809-ൽ വേലുത്തമ്പി കോഴിക്കോട് സാമൂതിരിക്കെഴുതിയ കത്തിൽ ക്രിസ്തുമത പ്രചരണത്തെ തടയുവാൻ ബ്രിട്ടീഷ്കാർക്കെതിരെ സമരംചെയ്യേണ്ടിയിരിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. എന്തു ത്യാഗം സഹിച്ചും ക്രിസ്തുമത പ്രചരണത്തെ നേരിടുമെന്നും വേലുത്തമ്പി എഴുതുകയുണ്ടായി. വേലുത്തമ്പിയുടെ നിർദ്ദേശമനുസരിച്ച് സർവ്വാധികാര്യക്കാർ കുഞ്ചിക്കുട്ടിപ്പിള്ള ക്രൈസ്തവവിരുദ്ധനീക്കത്തിന് നേതൃത്വം നൽകി. ഒൻപത് വൈദികരെയും സ്ത്രീകളെയും കുട്ടികളെയുമടക്കം മൂവായിരത്തിലധികം പാവപ്പെട്ട ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. അവരെ അംഗഭംഗപ്പെടുത്തി. ശിരച്ഛേദനം നടത്തി കായലിൽ

കെട്ടിത്താഴ്ത്തി. ശിപായികളെ കഴുത്തിൽ കല്ലുകെട്ടി പള്ളാത്തുരുത്തിയാററിൽ താഴ്ത്തി. വേലുത്തമ്പിയുടെ മർദ്ദനകാലത്ത് ക്രിസ്ത്യാനികൾ മലകളിലേയ്ക്ക് ഓടി രക്ഷപെട്ടു. ഇതേസമയം പാലിയത്തച്ചൻ കൊച്ചിയിലും രൂക്ഷമായ മതപീഡനം നടത്തുകയുണ്ടായി. ആയിരക്കണക്കിന് ക്രിസ്ത്യാനികളുടെ മൃതശരീരങ്ങൾ കൊച്ചികായലിൽ ഒഴുകിനടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വേലുത്തമ്പി, മെക്കാളെയെ വധിക്കാനും നശിപ്പിക്കാനും സ്വീകരിച്ച മാർഗ്ഗങ്ങൾ രാജ്യഭദ്രതയെ തകർക്കുന്നതായിരുന്നു. ഹിന്ദുക്കൾ ഇവിടുത്തെ ക്രിസ്ത്യാനികളോട് വളരെ സ്നേഹത്തോടെ കഴിഞ്ഞുകൂടിയിരുന്നു. അത് തകർത്ത് ക്രിസ്ത്യാനികളോട് ഒടുങ്ങാത്ത അമർഷവും വൈരാഗ്യവും ഉളവാക്കാൻ വേലുത്തമ്പിയുടെ പ്രസംഗങ്ങളും കത്തുകളും പ്രേരണ നൽകി. സ്വാതന്ത്ര്യലബ്ധിയോടനുബന്ധിച്ച് ഉത്തരേന്ത്യയിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഏതുവിധം പെരുമാറിയിരുന്നുവോ അതുപോലെയായിരുന്നു ഇക്കാലത്ത് ഹിന്ദുക്കൾ ക്രിസ്ത്യാനികളോട് പെരുമാറിയിരുന്നത്.

റസിഡണ്ടിനെ വധിക്കാൻ സാധിക്കാത്തതിൽ തമ്പിക്കും മററും കുണ്ഠിതമുണ്ടായി. എങ്കിലും എപ്പോഴും റസിഡണ്ടിന്റെ ആക്രമണം ഉണ്ടാകാമെന്നുകരുതിയാണ് സൈന്യം നിലയുറപ്പിച്ചത്. കൊച്ചിയിലെ സംഗതികൾ അറിഞ്ഞ വേലുത്തമ്പി ആലപ്പുഴനിന്നും കൊല്ലത്തിനുപോയി. ഈയവസരത്തിൽ ഒരു മദാമ്മയും മൂന്ന് യൂറോപ്യൻ സൈനികോദ്യോഗസ്ഥരും 12 യൂറോപ്യൻ പട്ടാളക്കാരും 36 ശിപായികളും ഉൾപ്പെട്ട ഒരു പാർട്ടി കൊല്ലത്തുനിന്നും കൊച്ചിയിലേയ്ക്ക് പോവുകയായിരുന്നു. അവരെ പുറക്കാട്ട് വച്ച് വേലുത്തമ്പിയുടെ ആൾക്കാർ കീഴടക്കുകയും അവരെ ആലപ്പുഴയ്ക്ക് കൊണ്ടുവരികയും ചെയ്തു. വേലുത്തമ്പി അവരെ നിഷ്കരുണം വധിക്കാൻ കല്പന കൊടുത്തു. മദാമ്മയെ മാത്രം വധിക്കാതെ വിട്ടയച്ചു.

വേലുത്തമ്പിയുടെ നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം കൊല്ലത്തുണ്ടായിരുന്ന ബ്രിട്ടീഷ് പട്ടാളത്തെ ആക്രമിച്ചു. ദളവായുടെ പക്ഷക്കാർ തോററുപോയി. അവിടെനിന്നും ദളവാ കുണ്ടറയ്ക്കു പോയി. അവിടെനിന്നും വേലുത്തമ്പി പാലിയത്തച്ചന് ഒരു സന്ദേശമയച്ചതിനെപ്പററി കൊച്ചിരാജ്യചരിത്രം രണ്ടാംഭാഗത്തിൽ (745 പേജിൽ) ഇപ്രകാരം എഴുതിയിരിക്കുന്നു. "കർണ്ണൽ മെക്കാളെ കൊച്ചിയിൽ കോട്ടയിൽനിന്നും ഉരുവിൽ കേറി അഴിക്കുപുറത്ത് ഉരു നിർത്തി, പാർക്കുന്ന പ്രകാരവും കണ്ണൂർനിന്നും വന്നതിൽ ഏതാനും സോൾദാസുമാരെയും കൊച്ചിയിൽനിന്ന് മാർഗ്ഗക്കാരെ ശേഖരിച്ച്

അവരെയും പത്തന്മാരിൽ കേററി നിർത്തി ഇരിക്കകൊണ്ടും എറണാകുളത്ത് എറക്കുവാനെന്നും കൊല്ലത്ത് എറക്കുവാനെന്നും പറഞ്ഞ് കേൾക്കുന്ന അവസ്ഥകൊണ്ടും എല്ലോ എഴുതി വന്നത് ... യുദ്ധത്തിനുള്ള വട്ടങ്ങൾ കൂട്ടി വെള്ളക്കാരുടെ മാർഗ്ഗക്കാരാകട്ടെ എറണാകുളത്ത് ഇറങ്ങുന്നുവെങ്കിൽ ഉടനെ ആയതിന്റെ ശേഷമായിട്ട് ചെയ്യത്തക്കവണ്ണം ചട്ടം കെട്ടി അങ്ങും നല്ലവണ്ണം സൂക്ഷിച്ചു പാർത്തുകൊള്ളണം. ഈ സംഗതിയിങ്കൽ മാർഗ്ഗക്കാരാരും ഈ കര അമർച്ച കൂടാതെ തുടങ്ങി എന്നുള്ളതും വരാതെ ഇരിക്കേണ്ടതിന് അവരോട് അതിന്റെ അവസ്ഥ പോലെ തന്നെ വിചാരിച്ച് അമർച്ച വരുത്തിക്കൊള്ളണം. ...” തമ്പിയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിൽ പാലിയത്തച്ചൻ പ്രത്യേക താല്പര്യമെടുത്തു. കൊച്ചിമുതൽ തെക്കോട്ടുള്ള പ്രദേശത്ത് അധിവസിച്ചിരുന്ന ക്രിസ്ത്യാനികളുടെ ദേവാലയങ്ങളും ഭവനങ്ങളും കൊള്ളയടിച്ചു. ക്രിസ്ത്യാനികളെയെല്ലാം വെട്ടിയും വെടിവച്ചും കൈകാൽ വെട്ടി കായലിലും കടലിലും എറിഞ്ഞും കൊല്ലാൻ തുടങ്ങി. ഈ മർദ്ദനപരിപാടിയെയാണ് ‘വെട്ടിക്കൊലപ്പട’ എന്ന പേരിൽ അറിയപ്പെടുന്നത്.

ക്രിസ്ത്യാനികളുടെ ആയുധധാരണത്തെപ്പററിയും മററും മുൻ അദ്ധ്യായത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. 1795–ൽ ക്രിസ്ത്യാനികളുടെ ആയുധം ഉപയോഗിക്കാനുള്ള അവകാശം ബ്രട്ടീഷുകാർ നിരോധിച്ചിരുന്നു. അതുകൊണ്ട് തങ്ങളുടെ നേർക്കുനടന്ന ആക്രമണങ്ങളെ പ്രതിരോധിക്കുവാൻപോലും ക്രൈസ്തവർക്ക് സാധിക്കാതെ വന്നു. ക്രിസ്ത്യാനികളുടെ വിശ്വസ്തസ്നേഹിതന്മാർ പോലും ഈ സന്ദർഭം ശരിക്കും ഉപയോഗിച്ച് ക്രിസ്ത്യാനികളുടെ സ്വത്ത് അപഹരിക്കുകയാണ് ചെയ്തത്.

ലത്തീൻ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ (പേജ് 187 – 192) ഇപ്രകാരം എഴുതിയിട്ടുണ്ട്. ‘‘തമ്പിയുടെ പീഢനം സഹിക്കവയ്യാതായപ്പോൾ കുറെ ക്രിസ്ത്യാനികൾ ഒരു വള്ളത്തിൽ കയറി പ്രാണരക്ഷണത്തിനായി പുറങ്കടലിലേയ്ക്ക് തിരിച്ചു. ... വേറെ പലസംഘം ആളുകൾ കിഴക്കൻ മലമ്പ്രദേശങ്ങളിലേയ്ക്ക് ഓടി രക്ഷപെട്ടു. ചുരുക്കം ചില ചെട്ടിമാരും, ഈഴവരും ക്രിസ്ത്യാനികളെ അവരുടെ വളപ്പിലുള്ള വൃക്ഷപടർപ്പുകളിലും മററും പാർപ്പിച്ചു. ഈ മർദ്ദനത്തിൽനിന്നും പ്രത്യുദ്ധരിച്ചതായി പറയുന്നുണ്ട്. ഇവരൊഴികെ ബാക്കിയുണ്ടായിരുന്നവർ വധിക്കപ്പെട്ടു എന്നാണ് പാരമ്പര്യം.

മർദ്ദനം തുടങ്ങി മൂന്നു ദിവസമായിട്ടും അതിന് യാതൊരു ശമനവും കാണായ്കയാൽ കൊച്ചിയുടെ തെക്കുഭാഗങ്ങളിൽ

ഉണ്ടായിരുന്നവരും കൊച്ചിയിൽനിന്ന് തെക്കോട്ട് ഓടിപ്പോയിരുന്നവരുമായ ക്രിസ്തീയവനിതകൾ കൂട്ടംകൂടി അമ്മ തമ്പുരാനെകണ്ട് സങ്കടം പറയുവാനായി പോയി. അവർ വരും വഴി പള്ളുരുത്തിയിൽ തോപ്പും പടിക്കൽ വച്ച് പാലിയത്തച്ചന്റെയും ദളവായുടെയും സൈന്യം അവരെ തടഞ്ഞു. ..... സംഹാരോത്സുകരായ ഭടന്മാർ ആ സ്ത്രീകളെ തടഞ്ഞുനിർത്തിയിട്ട് വിവരം പാലിയത്തച്ചനെ അറിയിച്ചു. ആ സാധു സ്ത്രീകളെ വധിച്ചുകളയാനായിരുന്നു അദ്ദേഹത്തിന്റെ കല്പന. പക്ഷെ വെള്ളിയാഴ്ച പെൺകൊല പാടില്ലെന്ന് ഏതോ ഒരു ജ്യോത്സ്യൻ പറഞ്ഞതുകൊണ്ട് വധം അന്നു നടന്നില്ല.

കൊച്ചിയിൽ നടക്കുന്ന സകലസംഭവങ്ങളും കർണ്ണൽ മെക്കാളെ അപ്പഴപ്പോൾ അറിഞ്ഞുകൊണ്ടാണിരുന്നത്. ക്രിസ്തീയ സ്ത്രീകളെ വധിക്കാൻ വിധി കല്പിക്കപ്പെട്ടിരിക്കുന്നു എന്നു കേട്ടപ്പോൾ ആ ധീരപുരുഷൻ വ്യസനാക്രാന്തനായി. ആ സ്ത്രീകളെ എങ്ങിനെ രക്ഷിക്കുമെന്ന് അദ്ദേഹം മനസ്സുരുകി ചിന്തിച്ചു. ഉടനെ വടക്കൻ കാററുതാനിടവരുത്തണമെന്ന് ദൈവത്തെ പ്രാർത്ഥിക്കാൻ അദ്ദേഹം തന്റെ കപ്പലിൽ അഭയം പ്രാപിച്ചിരുന്ന ക്രിസ്ത്യാനികളോടു പറഞ്ഞു. ക്രിസ്ത്യാനികളുടെ തകർന്ന ഹൃദയങ്ങളിൽ നിന്നുയർന്ന പ്രാർത്ഥന പരിശുദ്ധകന്യകയുടെ പാവനകരങ്ങളിൽക്കൂടി ദൈവം സ്വീകരിച്ചിരിക്കാം. ശനിയാഴ്ച അതിരാവിലെ രണ്ടുമൂന്ന് ഇംഗ്ലീഷ്കപ്പൽ വടക്കുനിന്നു വരുന്നതായി ദൂരത്തു കണ്ടു. കർണ്ണൽ മെക്കാളെ ഉടൻതന്നെ പാലിയത്തച്ചന് ഒരു ശാസനമെഴുതി. പക്ഷെ സന്ദേശവാഹകൻ ദളവായുടെയും പാലിയത്തച്ചന്റെയും ഭടന്മാരുടെ വാളിനൂണാകാതെ ഈ സന്ദേശം നിർദ്ദിഷ്ടസ്ഥാനത്തെത്തിക്കുന്നതെങ്ങനെ എന്നായി എല്ലാവരുടെയും ആലോചന. ആരാണ് വിപൽക്കരമായ ഈ ഉദ്യമത്തിനിറങ്ങുക? ധീരനായ ഒരു സാധു ക്രിസ്ത്യാനി ... ആ സന്ദേശം കൊണ്ടുപോകാമെന്ന് സമ്മതിച്ചു. അയാൾ കരയ്ക്കിറങ്ങി മെക്കാളെയുടെ ശാസനാലിഖിതം തലയ്ക്കുമേൽ ഉയർത്തിപ്പിടിച്ചുകൊണ്ട് അതിശീഘ്രത്തിലോടി പാലിയത്തച്ചനും മററും കൂടിയിരുന്ന ഭവനവാതില്ക്കലെത്തി ലിഖിതം അകത്തേയ്ക്ക് എറിഞ്ഞുകൊടുത്തു. പക്ഷെ ഓട്ടത്തിന്റെ വേഗതകൊണ്ടോ, ഹൃദയവികാരങ്ങളുടെ സംഘട്ടനം കൊണ്ടോ, എന്തോ ആ ക്രിസ്ത്യാനി ലിഖിതം കൊടുത്ത ഉടനെ ഹൃദയം പിളർന്ന് മരിച്ചുവീഴുകയാണുണ്ടായത്.

ക്രിസ്തീയ സ്ത്രീകളെ തൊട്ടുപോയാൽ ഹിന്ദുക്കളോടും വിശിഷ്യ ഹൈന്ദവസ്ത്രീകളോടും അതിന് കഠിനമായ പ്രതികാരം

ഉണ്ടാകുമെന്നതായിരുന്നു കർണ്ണൽ മെക്കാളെയുടെ ശാസനത്തിലെ ഉള്ളടക്കം. ഈ ശാസനത്തെക്കുറിച്ചുള്ള വിവരം പ്രസിദ്ധമായതോടു കൂടി അതാ മെക്കാളെ വന്നുപോയി എന്നൊരു ശ്രുതിപരന്നു. അതോടെ ഹൈന്ദവസൈന്യം ചിതറുവാൻ തുടങ്ങി. പെൺകൊല നിർത്തിവയ്ക്കുക മാത്രമല്ല ബന്ധനസ്ഥകളായ ആ സ്ത്രീകൾക്ക് അരിക്കും കറിക്കും കൊടുത്തയച്ചു. പക്ഷെ അരിക്കും കറിക്കും വാങ്ങാൻ ആർക്കാണ് മോഹം? ബന്ധനം വിട്ടുപോകാമെന്ന് കേട്ട ഉടനെ ആ സ്ത്രീകൾ അവരുടെ വീടുകളിലേയ്ക്ക് തിരിച്ചു. എന്നാൽ വീട് എവിടെ? കുടിയെവിടെ? കപ്പിത്താന്മാരുടെ രമ്യഹർമ്മങ്ങൾ മുതൽ സാധാരണക്കാരുടെ കുപ്പമാടങ്ങൾ വരെയുള്ള സമസ്ത കെട്ടിടങ്ങളും സാമാനങ്ങളും എന്നുവേണ്ട വേലിക്കെട്ടുകൾ കൂടെയും ശത്രുക്കൾ നശിപ്പിച്ചുകഴിഞ്ഞിരുന്നു. പണം, ആഭരണങ്ങൾ, വീട്ടു സാമാനങ്ങൾ, ധാന്യങ്ങൾ എന്നിവ മാത്രമല്ല, തേങ്ങ, കരിക്ക്, വാഴ ക്കുല മുതലായവകൂടെയും അപഹരിച്ചെടുത്തിട്ട് പലേടങ്ങളിലും കെട്ടിടങ്ങൾക്കും മററും തീ കൊളുത്തുകയാണ് ചെയ്തത്. മേല്പ റഞ്ഞ സ്ത്രീകൾ അവരുടെ പാർപ്പിടങ്ങളിൽ ചെന്നിട്ട് കുറെ നാള ത്തേക്ക് വാഴമാണവും മററും പുഴുങ്ങി ഭക്ഷിച്ചാണ് ജീവിച്ചത്. എന്നു പറഞ്ഞാൽ അവിടങ്ങളിൽ നടന്നിരുന്ന അഴിമതികൾ ഊഹ്യ മാണല്ലോ.

മേൽ വിവരിച്ച പ്രകാരമുള്ള കൊള്ളയും കൊലയും കൊച്ചിയിലും അയൽ പ്രദേശങ്ങളിലും മാത്രമല്ല നടന്നത്. പ്രസ്തുത ക്രിസ്തീയ വകുപ്പുകൾ അധിവസിച്ചിരുന്ന മററുപല സ്ഥലങ്ങളെയും ഈ വെട്ടിക്കൊലപ്പട ബാധിച്ചു. ചില സ്ഥലങ്ങളിൽ ഈ ക്രൈസ്ത വരെ കൂട്ടമായി കൊണ്ടുപോയി വധിച്ചു. ആ വധം നടന്ന സ്ഥലങ്ങൾ കൊലപ്പറമ്പ് എന്നപേരിൽ ഇന്നും അറിയപ്പെടുന്നുണ്ട്. വൈദീക രെയും ഈ വധത്തിൽനിന്നും ഒഴിച്ചില്ല. അവരെ ഏററം നിഷ്ഠൂരമായ വിധത്തിലാണ് വധിച്ചതും. ചിലരെ മരത്തിന്മേൽ കെട്ടി ചുററും തീയിട്ടും, മററുചിലരെ മററനേകം പിഢകളേൽപ്പിച്ചും കൊന്നു. ഇങ്ങനെ ഇവിടെ പ്രതിപാദിക്കപ്പെടുന്ന ജനത്തെയും, അവരുടെ ധനം, ഭവനം, പള്ളികൾ എന്നിവ മാത്രമല്ല വൈദീകന്മാർ വൈദീക ന്മാരാകേണ്ട യുവാക്കന്മാർ എന്നിവരെയും, വിലയേറിയ അനേകം വസ്തുക്കൾ സാരമായ പല പ്രമാണങ്ങൾ എന്നിവയേയും ഈ വെട്ടിക്കൊലപ്പട നിശ്ശേഷം അഴിമതിപ്പെടുത്തി."

ക്രിസ്ത്യാനികളോടുള്ള ഈ ക്രൂരത ദളവായുടെ ആജ്ഞയ നുസരിച്ച് സർവ്വാധികാര്യക്കാരനായ കുഞ്ചെക്കുട്ടപ്പിള്ളയാണ്

നടപ്പിലാക്കിയത്. 25000–ൽപ്പരം ക്രിസ്ത്യാനികളെ പള്ളാത്തുരുത്തി യാററിൽ താഴ്ത്തി കൊന്നുവെന്നാണ് പറയപ്പെടുന്നത്. പാലിയത്തച്ചന്റെ ക്രൂരപ്രവർത്തനങ്ങളും തമ്പിയുടേതിൽനിന്നും ഒട്ടും കുറവായിരുന്നില്ല. കൊച്ചിരാജ്യചരിത്രം രണ്ടാംഭാഗം (പേജ് 755) ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മകരം 7–ാം തീയതി നായന്മാർ പിന്നെയും കൊച്ചിക്കുവന്നു. ഡച്ചുഗവർണ്ണറുടെ ഭവനത്തിൽ കടന്ന് കൊള്ളചെയ്യുകയും ഉദ്യാനത്തെ നശിപ്പിച്ചുകളയുകയും ചെയ്തു. ആ 25–ാം തീയതി തിരുവിതാംകൂർകാർ വീണ്ടും കൊച്ചിക്കുനേരെ വരികയുണ്ടായി. ... അവരുടെ വരവിൽ മട്ടാഞ്ചേരിയിലുണ്ടായിരുന്ന ചുങ്കസ്ഥലം തീവച്ച് ദഹിപ്പിക്കുകയും, അനേകം ക്രിസ്ത്യാനികളെ കൊല്ലുകയും മററും ചെയ്തു."

ജനങ്ങളെ പ്രക്ഷുബ്ധരാക്കുകയെന്നതായിരുന്നല്ലോ തമ്പിയുടെ അടവ്. കൊല്ലത്തെ പരാജയത്തിനുശേഷം കുണ്ടറയെത്തി ഒരു വിളംബരം പുറപ്പെടുവിച്ചത് (984 മകരം 1) ജനങ്ങളിൽ ആവേശം ഉളവാക്കുന്നതിനുവേണ്ടിയായിരുന്നു. "സർവ്വപ്രപഞ്ചത്തിനും ദ്രോഹവും വിശ്വാസപാതകവും നിറഞ്ഞിരിക്കപ്പെട്ട ജാതി ഇവർക്ക് സമാനം ഇതിന് മുൻപിൽ ഒണ്ടായിട്ടില്ലെന്നും ഇനി ഒണ്ടാവുകയില്ലെന്നും പ്രസിദ്ധമായിട്ട് അറിയുകയും ചെയ്തു." എന്ന് ഇംഗ്ലീഷുകാരെപ്പററിയുള്ള ഒരു റിമാർക്കോടുകൂടിയാണ് കുണ്ടറ വിളംബരം ചെയ്തത്. വിളംബരത്തിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും സത്യവിരുദ്ധമാണ്. മെക്കാളെയെ വധിക്കാൻ ചെയ്ത ഗൂഢശ്രമത്തെപ്പററിയോ ക്രിസ്ത്യാനികളുടെ നേർക്കുനടന്ന വധത്തെപ്പററിയോ വിളംബരത്തിൽ സൂചിപ്പിച്ചിട്ടുപോലുമില്ല. അതേസമയം റസിഡണ്ട് മെക്കാളെ കടൽവഴി കൊല്ലത്തെ സൈന്യങ്ങളെ ഇറക്കി യുദ്ധം തുടങ്ങിയിരിക്കുന്നുവെന്നാണ് ആ വിളംബരത്തിൽ പറഞ്ഞിരിക്കുന്നത്. ഇംഗ്ലീഷുകാരെ എതിർത്തു പരാജയപ്പെടുത്താതിരുന്നാലത്തെ അപകടത്തെപ്പററി സൂചിപ്പിച്ചുകൊണ്ടാണ് വിളംബരം അവസാനിപ്പിച്ചിരിക്കുന്നത്.

കുണ്ടറവിളംബരം ജനങ്ങളിൽ ഒരു ഉത്തേജനം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയുള്ളതായിരുന്നു. അതിൽ തമ്പി കുറെയൊക്കെ വിജയിച്ചു. കൊല്ലത്തെ ബ്രിട്ടീഷ് പട്ടാളവുമായി പലപ്രാവശ്യം ഏററുമുട്ടി തിരുവിതാംകൂർസൈന്യം പരാജയം ഏററുവാങ്ങി. കൊച്ചിയിലെ സൈന്യം വലിയ ദ്രോഹങ്ങൾ ചെയ്ത് കഴിയുമ്പോൾ കൊച്ചി രാജ്യത്തിന്റെ വടക്കേ അതിർത്തിയിൽ കർണ്ണൽ കൂപ്പേജിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ്സൈന്യം ആക്രമണം

നടത്തി. അതേസമയം കൊച്ചിയിൽ മേജർ ഹ്യൂവിററിന്റെ നേതൃത്വത്തിലുള്ള പട്ടാളവും ആക്രമണം നടത്തി. ഇതോടെ പാലിയത്തച്ചന്റെ സൈന്യം ചിതറി ഓടിപ്പോയി. തിരുവിതാംകൂർകാരായ പട്ടാളക്കാർ തെക്കോട്ട് പോയി. കൊച്ചിനിർബാധം ബ്രട്ടീഷ് പട്ടാളത്തിന് കീഴ്പ്പെട്ടു. പാലിയത്തച്ചൻ കീഴടങ്ങി സമാധാനത്തിന് അപേക്ഷിച്ചു. തിരുവിതാംകൂറുമായി സഖ്യം ഉപേക്ഷിച്ചുവെന്ന് റസിഡണ്ടിന് എഴുതി. പിന്നീട് ബ്രട്ടീഷ് പട്ടാളത്തെ സഹായിച്ച പാലിയത്തച്ചനെ മദ്രാസിലേക്ക് റസിഡണ്ട് അയച്ചു. പിന്നീട് അദ്ദേഹം കൊച്ചിയിൽ വരുവാൻ മെക്കാളെ സമ്മതിച്ചില്ല. 1821–ൽ പാലിയത്തച്ചൻ മദ്രാസിൽനിന്നും കാശിക്കുപോയി. 1832–ൽ കാശിയിൽകിടന്ന് മരണമടഞ്ഞു. അതോടെ കൊച്ചിയിലെ കലാപവും അടങ്ങി.

കൊല്ലത്തുനടന്ന യുദ്ധത്തിൽ തമ്പിയുടെ സൈന്യം ബ്രട്ടീഷ് പട്ടാളത്തിന് അടിയറവു പറഞ്ഞു. ഫെബ്രുവരി 10–ാം തീയതി കർണ്ണൽ സെന്റ്ലെഗ്ഗറുടെ നേതൃത്വത്തിൽ ഒരു ബ്രട്ടീഷ് സൈന്യം തിരുവിതാംകൂറിന്റെ തെക്കേ അതിർത്തിയിൽ എത്തി. ആരുവാമൊഴിക്കോട്ടയെ ആക്രമിച്ചു. അവിടെയുണ്ടായിരുന്ന തമ്പി എതിർത്ത് നിൽക്കുക സാദ്ധ്യമല്ലെന്ന് മനസ്സിലാക്കി തിരുവനന്തപുരത്തേക്ക് പലായനം ചെയ്തു. ആരുവാമൊഴി കടന്ന് നാഗർകോവിൽ, ഉദയഗിരി, പത്മനാഭപുരം മുതലായ സ്ഥലങ്ങൾ ബ്രട്ടീഷ്സൈന്യം കൈവശപ്പെടുത്തി.

തമ്പി തിരുവനന്തപുരത്തെത്തി മഹാരാജാവിനെ സന്ദർശിച്ച് കുററമെല്ലാം തന്റേതാണെന്ന് ഏററുപറഞ്ഞ് കാട്ടിൽക്കൂടി വടക്കോട്ട് യാത്ര ചെയ്തു. മഹാരാജാവ് ഉമ്മണിത്തമ്പിയെ കർണ്ണൽ സെന്റ്ലെഗ്ഗറിന്റെയടുക്കൽ അയച്ച് ദളവായുടെ പ്രവർത്തിയിൽ ഖേദം പ്രകടിപ്പിക്കുകയും തമ്പിയെ പിടിച്ച് ബ്രട്ടീഷ് ഗവൺമെന്റിന് ഏല്പിച്ചുകൊള്ളാമെന്ന് ഏൽക്കുകയും ചെയ്തു. തമ്പിയെ പിടിച്ച് ഏല്പിക്കുന്നവർക്ക് 50000 രൂപാ വാഗ്ദാനം ചെയ്തു. ഇതിനകം മെക്കാളെ കൊല്ലത്തും തിരുവനന്തപുരത്ത് സെന്റ്ലെഗ്ഗറുടെ പാളയത്തിലും എത്തിച്ചേർന്നു. മെക്കാളെയുടെ സമ്മതത്തോടെ ഉമ്മണിത്തമ്പിയെ ദളവായായി പ്രഖ്യാപിച്ചു.

വേലുത്തമ്പിയെ പിടിക്കുന്നതിൽ ബ്രട്ടീഷ്സൈന്യത്തോടൊപ്പം ഉമ്മണിത്തമ്പിയും പരിശ്രമിച്ചു. തമ്പി അനുജൻ പത്മനാഭൻ തമ്പിയോടൊന്നിച്ച് കുന്നത്തൂർ താലൂക്കിലെ വള്ളിക്കോട് എന്ന കാട്ടിൽ അലഞ്ഞുനടക്കുകയായിരുന്നു.

തമ്പിയുടെ പുറകേ പട്ടാളക്കാർ അവിടെയും എത്തി. അവിടെ

നിന്നും മണ്ണടിയിലെത്തി ഒരു പോററിയുടെ വീട്ടിൽ അഭയം തേടി. പട്ടാളക്കാർ അവിടെയെത്തിയതറിഞ്ഞപ്പോൾ തന്നെ വധിക്കുവാൻ തമ്പി അനുജനോടാവശ്യപ്പെട്ടു. അനുജൻ അതിനു തയ്യാറായില്ല. ഉടൻതന്നെ തമ്പി സ്വന്തം കഠാരി നെഞ്ചിൽ കുത്തിയിറക്കി. അപ്പോഴും മരിച്ചില്ല. തമ്പിയുടെ ആവർത്തിച്ചുള്ള അപേക്ഷയനുസരിച്ച് അനുജൻ പത്മനാഭൻ തമ്പി വേലുത്തമ്പിയുടെ ശിരച്ഛേദം ചെയ്തു.

പട്ടാളക്കാർ മണ്ണടിയിൽ എത്തി. പത്മനാഭൻ തമ്പിയെ പിടികൂടി. വേലുത്തമ്പിയുടെ മൃതദേഹം തിരുവനന്തപുരത്ത് കണ്ണമ്മൂല ഒരു തൂക്കുമരത്തിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ തൂക്കിലിട്ടു. അനുജൻ തമ്പിയെ ഏപ്രിൽ 10–ാം തീയതി തൂക്കിലിട്ടു. അദ്ദേഹത്തിന്റെ വീട് നിലംപരിശാക്കി. ബന്ധുക്കളെ മാലിദ്വീപിലേക്കു നാടുകടത്തി. ചിലർ ആത്മഹത്യചെയ്യുകയും ചിലർ തടവിൽകിടന്ന് മരിക്കുകയും ചെയ്തു. അവരുടെ മുതൽ സർക്കാരിലേക്ക് കണ്ടുകെട്ടുകയുംചെയ്തു.

റസിഡണ്ട് മെക്കാളെ 985–ൽ ഉദ്യോഗമൊഴിഞ്ഞുപോയി. ബാലരാമവർമ്മമഹാരാജാവ് 986 തുലാമാസം നാടുനീങ്ങി. മാത്തുത്തരകൻ അല്ലാത്തവരെല്ലാം തിരുവിതാംകൂർ രാഷ്ട്രീയത്തിൽ നിന്ന് എന്നേക്കുമായി പിരിഞ്ഞുകഴിഞ്ഞു.

ഉമ്മിണിതമ്പി, നാട്ടുകൂട്ടം കൂടുവാൻ നാഞ്ചനാട്ടുകാർക്കുണ്ടായിരുന്ന അവകാശം എടുത്തുകളഞ്ഞു. നാഞ്ചനാട്ടിലെങ്ങും കാവൽപുരകൾ ഏർപ്പെടുത്തി.

നാട്ടുകൂട്ടം കൂടി മഹാരാജാവിനെ ഭീഷണിപ്പെടുത്തി ഉന്നതമായ അധികാരസ്ഥാനങ്ങളിൽ കയറിക്കൂടിയ വേലുത്തമ്പി തന്റെ സ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടി കേശവദാസനുൾപ്പെടെയുള്ളവരെ വധിച്ചു. 1801–ൽ ബ്രിട്ടീഷ് സ്വാധീനശക്തിയുടെ സഹായത്തോടെ തമ്പി ദളവായായി. 1805–ൽ തിരുവിതാംകൂറിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ ഉടമ്പടിയിൽ തിരുവിതാംകൂർ രാജാവിനെക്കൊണ്ട് ഒപ്പുവയ്പ്പിച്ച് റസിഡണ്ട് മെക്കാളെയുടെ പ്രീതിനേടി.

അതിക്രൂരനും ദുഷ്ടഹൃദയനുമായ തമ്പി അവസാനം ആത്മഹത്യ ചെയ്തു. അത് ഒരു ധീരപ്രവർത്തിയായിട്ടാണ് ചിലചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. ☆

## 23

# മാത്തുത്തരകന്റെയും കൊച്ചുമാത്തുവിന്റെയും ദയനീയമായ അന്ത്യം

ധർമ്മരാജാവിന്റെ ഭരണകാലത്ത് 30 വർഷക്കാലം രാജാവിനെയും രാജ്യത്തെയും സേവിച്ച മഹാപുരുഷനായിരുന്നു തച്ചിൽ മാത്തുത്തരകൻ. നാട്ടുകൂട്ടം കൂടി മഹാരാജാവിനെ ഭീഷണിപ്പെടുത്തി വേലുത്തമ്പി 1799–ൽ സർവ്വാധികാര്യക്കാരനായി സ്ഥാനമേൽക്കുകയുണ്ടായി. പിന്നീട് മുളകുമടിശ്ശീലക്കാരനായി 1801–ൽ ബ്രട്ടീഷുകാരുടെ പിന്തുണയോടുകൂടി തിരുവിതാംകൂർ ദളവായായി. തമ്പി അധികാരമേററയുടനെ രാജാകേശവദാസനുൾപ്പെടെ പലരും സംശയാസ്പദമായി മരണപ്പെട്ടു. 14 ലക്ഷം രൂപാ സർക്കാരിന് ചില നിർണ്ണായകഘട്ടങ്ങളിൽ കടം കൊടുത്തിരുന്ന തരകന് ആ പണം തിരികെ കൊടുക്കാതിരിക്കുവാൻ വേലുത്തമ്പി കിണഞ്ഞു പരിശ്രമിച്ചിരുന്നു. 14 ലക്ഷം രൂപാ കണക്കുനോക്കിയപ്പോൾ 26000 രൂപയായി കുറഞ്ഞതും തരകനോടും കൊച്ചുമാത്തുവിനോടും വേലുത്തമ്പികാണിച്ച ദ്രോഹങ്ങളും മുൻ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. വേലുത്തമ്പി റസിഡണ്ട് മെക്കാളെയുടെ മേൽ സ്വാധീനം ചെലുത്തിയും മെക്കാളെയെ തെററിദ്ധരിപ്പിച്ചും മാത്തുത്തരകനെ മെക്കാളെയിൽനിന്നും അകത്തുവാൻ തമ്പിക്കു സാധിച്ചു.

വേലുത്തമ്പി ആത്മഹത്യ ചെയ്യുമ്പോഴും മെക്കാളെ ഇന്ത്യ വിട്ടുപോകുമ്പോഴും ബാലരാമവർമ്മമഹാരാജാവ് നാടുനീങ്ങിയപ്പോഴും തച്ചിൽ മാത്തുത്തരകൻ തന്റെ സ്വത്തുക്കളെല്ലാം വേലുത്തമ്പിയാൽ അപഹരിക്കപ്പെടുകമൂലം, ഉത്തമർണ്ണന്മാർക്ക് ചെല്ലേണ്ട തുകകൾ കൊടുത്തുതീർക്കുവാൻ സാധിക്കാതെ അങ്ങാടിപ്പുറം സിവിൽ ജയിലിൽ കിടന്ന് നരകിക്കുകയായിരുന്നു. തരകന്റെ സകല സ്വത്തുക്കളും കണ്ടുകെട്ടപ്പെടുകയാൽ അനുദിനചിലവുകൾ പോലും വഹിക്കാൻ തരകൻ അശക്തനായിരുന്നു. ഇതിനകം രോഗഗ്രസ്തനായികഴിഞ്ഞിരുന്ന മാത്തുത്തരകനെ കൊച്ചിയിൽ ജഡ്ജിയായിരുന്ന ജോം ഹോച്ചൻ പെരമ്പൻ സായ്പ് 988 മീനം 17–ാം തീയതി ജയിലിൽനിന്നു വിട്ടയച്ചു. തുടർന്ന് കുത്യതോട്ടിൽ വന്ന്

താമസമാക്കി. അവിടെ ജന്മഗ്രഹത്തിൽതന്നെ കിടന്ന് മഹാപ്രതാപ ശാലിയായി രാജ്യത്തെ സേവിച്ച മാത്തുത്തരകൻ, 14 ലക്ഷത്തി ലധികം രൂപാ തിരുവിതാംകൂർ സർക്കാരിൽനിന്നും കിട്ടാനുണ്ടായി രുന്ന മാത്തുത്തരകൻ, ദരിദ്രനായി, രോഗിയായി, ആരും സഹായത്തി നില്ലാത്തവനായി 989 മേടമാസം 26-ാം തീയതി ദിവംഗതനായി. കുത്തിയതോട്ട് കിഴക്കേപ്പള്ളിയിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചു.

റസിഡണ്ടായി കർണ്ണൽ മൺട്രോ സ്ഥാനമേററപ്പോൾ പൗത്രൻ കൊച്ചുമാത്തു അദ്ദേഹത്തെ സന്ദർശിച്ച് തന്റെ സങ്കടങ്ങൾ അറിയിച്ചു. പലരോടും കടം വാങ്ങിയും പലർക്കും ജാമ്യം നിന്നും ആണ് സർക്കാരിലേക്ക് ഭീമമായ തുക നൽകിയിരുന്നതെന്നും വേലുത്തമ്പിയുടെയും കർണ്ണൽ മെക്കാളെയുടെയും പ്രവർത്തികൾ മുഖാന്തിരം കടം വീട്ടുവാൻ പോലും നിവൃത്തിയില്ലാത്ത സ്ഥിതി താൻ എത്തിച്ചേർന്നിരിക്കയാണെന്നും മൺട്രോയെ ധരിപ്പിച്ചു. തമ്പിയുടെയോ, മെക്കാളെയുടെയോ നടപടികളെപ്പററി മൺറോ ഒന്നും തന്നെ പറഞ്ഞില്ല. “മാത്തുത്തരകന് പലരിൽനിന്നും ഈടായി കിട്ടുവാനുള്ള സംഖ്യകൾ പിരിച്ച് നാലുവർഷംകൊണ്ട്, കൊച്ചി സർക്കാരിന് കൊടുക്കുവാനുള്ള തുക അടച്ചാൽ മതിയെന്നും, അങ്ങനെ ചെയ്യാതിരുന്നാൽ മാത്രമേ നിലവും പുരയിടവും മററും സർക്കാരിൽനിന്നും എടുക്കുകയുള്ളുവെന്നുമായിരുന്നു 989 മിഥുനം 22-ാം തീയതിയിലെ തീരുമാനത്തിന്റെ ചുരുക്കം. കൊച്ചുമാത്തു ഇതു സമ്മതിച്ച് ഒരു കച്ചീട്ട് എഴുതിക്കൊടുത്തു. ഗവൺമെന്റിൽനിന്നും കണ്ടുകെട്ടിയിരുന്ന വസ്തുവകകൾ തിരിച്ചുകൊടുത്തുകൊണ്ട് കൊച്ചി ദിവാൻജി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. (തച്ചിൽ മാത്തുത്തരകൻ പേജ് 351)”

അന്തിരികപ്പിത്താന് 19000 രൂപായാണല്ലോ കൊടുത്തത്. ബാക്കി 4000 രൂപാ കൊടുക്കുവാനുണ്ടായിരുന്നു. ആ തുക കൊടുത്തു തീർക്കാത്തതിന്റെ പേരിൽ 989 കർക്കിടകം 5-ാം തീയതി കൊച്ചു മാത്തുവിനെ വീണ്ടും കൊച്ചി ജയിലിലടച്ചു. സാധാരണ തടവു കാർക്ക് അനുവദിച്ചിരുന്ന ആനുകൂല്യങ്ങൾപോലും കൊച്ചുമാത്തു വിന് നൽകിയിരുന്നില്ല. ഞായറാഴ്ച പള്ളിയിൽ പോകുന്നതിനു പോലും അനുവദിച്ചില്ല. മററുകടക്കാരും കൊച്ചുമാത്തുവിനെതിരെ കേസുകൊടുത്തു. കൊച്ചുമാത്തുവിന്റെ വാദമുഖങ്ങൾപോലും കേൾക്കാതെ ജഡ്ജി വിധി പ്രസ്താവിച്ച് ദ്രോഹിച്ചു. ഈ സന്ദർഭത്തിൽ ജയിലിൽ കിടന്നുകൊണ്ട് കൊച്ചുമാത്തു മദ്രാസ്

ഗവർണ്ണർക്ക് ഒരു കത്ത് അയച്ചു. (ആ കത്ത് പൂർണ്ണമായും അനുബന്ധമായി ചേർത്തിട്ടുണ്ട്.) തിരുവിതാംകൂർ സർക്കാരിൽനിന്നും എഴുതി തന്നിരിക്കുന്ന പ്രമാണങ്ങൾ ജാമ്യമായി സ്വീകരിച്ച് തന്നെ ജയിലിൽനിന്ന് മോചിപ്പിക്കണമെന്ന് ആ കത്തിലൂടെ കർണ്ണൽ മൺട്രോയോടഭ്യർത്ഥിച്ചു എന്നുതന്നെയുമല്ല, തിരുവിതാംകൂർ സർക്കാരിൽനിന്നും കിട്ടുവാനുള്ള തുക നേരുപോലെ വിസ്തരിച്ച് വാങ്ങിതരണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

കൊച്ചുമാത്തു തുടർന്ന് ബോധിപ്പിക്കുന്ന കാര്യം തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 352, 353) ചേർത്തിരിക്കുന്നത് താഴെ ചേർക്കുന്നു. "എന്റെ കൈയ്യിൽ യാതൊരു മുതലുമില്ല. സഹായത്തിന് ജേഷ്ഠാനുജന്മാരോ ബന്ധുക്കളോ ഇല്ല. അതിനാൽ മുകളിൽപ്പറഞ്ഞ രണ്ട് നിവൃത്തിമാർഗ്ഗങ്ങളിൽ ഒന്ന് സ്വീകരിച്ച് എന്നെ രക്ഷിക്കണം. അല്ലാതെ എന്നെ ജയിലിൽ പാർപ്പിച്ച് വലയ്ക്കരുത്. സർക്കാർ വക്കീൽ മുഖാന്തിരം ഒരു ഹർജി എഴുതി അപ്പീൽ കോടതിയിൽ ബോധിപ്പിച്ചതിൽ എന്റെ സങ്കടങ്ങൾ തീർക്കുകയോ എന്നെ ജയിലിൽനിന്ന് വിട്ടയയ്ക്കുകയോ ചെയ്തില്ല. ഞാൻ കൊച്ചി ജില്ലാധികാരത്തിൻ കീഴിലുള്ള ഒരു കുടിയാൻ ആകുന്നുവെന്നും അതിനാൽ എന്റെ ഹർജി തള്ളിയിരിക്കുന്നുവെന്നുമാണ് അപ്പീൽ കോടതിയുടെ വിധി. 890 കന്നി 9-ാം തീയതിയിലെ ആ വിധിയിൽ എന്റെ സങ്കടങ്ങളും കടങ്ങളും തീർക്കേണ്ടതെങ്ങനെയെന്നു പ്രസ്താവിച്ചിട്ടില്ല.

ഞങ്ങളുടെ വക മുതലൊക്കെയും തിരുവിതാംകൂർ സർക്കാരിലും വസ്തുവകകൾ ഉള്ളതെല്ലാം പണയത്തിലും, ഞാൻ തടവിലുമാണ്. തന്മൂലം കുഞ്ഞുകുട്ടികൾ കൂട്ടത്തോടെ സർവ്വകാര്യത്തിനും മനസ്സുമുട്ടി, സഹിക്കരുതാത്ത സങ്കടങ്ങൾ അനുഭവിച്ച്, ഒരു രക്ഷയും സഹായവുമില്ലാതെ വലയുന്നു. അതിനാൽ ദൈവത്തെയും ബഹുമാനപ്പെട്ട 'ഇങ്കിരേശ' തമ്പുരാൻ തിരുമനസ്സിലെ വലുപ്പത്തെയും ബഹുമാനപ്പെട്ട കുമ്പഞ്ഞിധ്വരമാരുടെ ബഹുമാനത്തെയും ഓർത്ത് ഞങ്ങളുടെ സങ്കടങ്ങളും തടവും കടവും തീർത്തുതന്ന് രക്ഷിക്കണം."

"മദ്രാസിന് കൊടുത്തയച്ച് കല്പന വരുത്തിത്തരണമെന്നുള്ള ഒരു അപേക്ഷയും ഈ ഹർജിയും കൂടെ റസിഡണ്ട് കർണ്ണൽ മൺറോയ്ക്ക് വൃശ്ചികം 26-ാം തീയതി കൊച്ചിയിൽ നിന്നും തപാലിൽ അയച്ചു. വൃശ്ചികം 30-ാംതീയതി ഈ ഹർജിയുടെ ഒരു

പകർപ്പ് എഴുതി ഒപ്പുവച്ച് മദ്രാസ് ഗവർണ്ണർക്ക് നേരിട്ടയച്ചുകൊടുത്തു. പ്രസ്തുത വർഷം മകരം 2–ാം തീയതി ഈ ഹർജിയുടെ പകർപ്പും വേറൊരു ഹർജിയുംകൂടെ അന്ന് ഗവർണ്ണർ ജനറലായിരുന്ന ഹേസ്റ്റിഗ്സ് പ്രഭുവിന് കൽക്കട്ടയിലേക്ക് തപാലിൽ അയച്ചുകൊടുത്തു."

തന്റെ ഹർജികളുടെ മറുപടി പ്രതീക്ഷിച്ചുകഴിയവേ തച്ചിൽ കൊച്ചുമാത്തുത്തരകൻ സിവിൽ ജയിലിൽ കിടന്നുതന്നെ 995–ൽ ഇഹലോകവാസം വെടിഞ്ഞു. (രോഗബാധിതനായി തീർന്ന കൊച്ചു മാത്തുവിനെ ജയിലിൽനിന്നും വിട്ടതിനുശേഷം തത്തംപള്ളിയിൽ എത്തിയെന്നും അവിടെകിടന്നാണ് മരിച്ചതെന്നും ഒരു അഭിപ്രായ വുമുണ്ട്.)

974–ൽ വേലുത്തമ്പി ആരംഭിച്ച മർദ്ദനം 16 വർഷം നീണ്ടുനിന്നു. അദ്ദേഹം ഹൃദയശൂന്യരായ ഇംഗ്ലീഷുകാരുടെ സഹായത്തോടെ യാണ് ഈ അതിക്രമങ്ങൾ മുഴുവൻ കാട്ടിക്കൂട്ടിയത്. ഇംഗ്ലീഷുകാർ തമ്പിയെ സഹായിച്ചില്ലായിരുന്നുവെങ്കിൽ ഇത്ര ക്രൂരമായ നടപടികൾ സ്വീകരിക്കുവാൻ തമ്പിക്കു സാധിക്കുമായിരുന്നില്ല. വേലുത്തമ്പി ആഗ്രഹിച്ചതുപോലെ തരകനേയും കുടുംബത്തേയും നശിപ്പിക്കു വാൻ അദ്ദേഹത്തിന് സാധിച്ചു.

തിരുവിതാംകൂറിലെ ഏററവും വലിയ സമ്പന്നനും ബഹുമാന്യനുമായിരുന്ന തരകൻ ഏററം ദരിദ്രനായി കാൽക്കാശിന് സ്വത്തില്ലാത്തവനായി ജയിൽശിക്ഷയനുഭവിച്ച് നിര്യാതനായി. ഇതേപ്പററി ശ്രീ.എം.ഒ.ജോസഫ് തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 354) ഇപ്രകാരം എഴുതിയിരിക്കുന്നു. "പക്ഷെ തന്റെ മർദ്ദകനായിരുന്ന വേലുത്തമ്പിയും കുടുംബവും നിശ്ശേഷം നശിക്കുന്നതും, അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ട പ്പെടുന്നതും കണ്ടതിനുശേഷമെ തരകൻ മരിച്ചുള്ളു. തരകനെ മെക്കാളെയുടെ സഹായത്തോടെ വേലുത്തമ്പി നശിപ്പിച്ചു. വേലുത്ത മ്പിയെ ആ മെക്കാളെതന്നെ മുൻനിന്നു നശിപ്പിച്ചു. ദൈവപരിപാലന ദുർഗ്രഹമെങ്കിലും നീതി സമ്പൂർണ്ണമാണല്ലോ."

## പിൻ തലമുറക്കാർ

മാത്തുത്തരകന്റെ സഹോദരന്മാരെപ്പററി ആദ്യംതന്നെ പ്രസ്താവിച്ചിട്ടുണ്ട്. തരകന് രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. അവരുടെ പേര് തരിയത് എന്നും യൗസേപ്പ് എന്നും ആയിരുന്നു. അവർ ഇരുവരും തരകൻ ജീവിച്ചിരുന്നപ്പോൾതന്നെ മരണമടഞ്ഞു.

തരകന്റെ ജീവിതത്തിലെ ഏററം ദുഃഖകരമായ സംഭവമായിരുന്നു മക്കളുടെ നിര്യാണം. മൂത്തമകൻ തരിയതിന് മാത്തുംമറിയം, അച്ചാരമ്മ, ഇട്ടുന്നം എന്നീ മൂന്ന് പുത്രിമാരും കൊച്ചുമാത്തു എന്ന പുത്രനും ഉണ്ടായിരുന്നു. യൗസേഫിന് എളച്ചാര് എന്നൊരു പുത്രിയും ഉണ്ടായിരുന്നു. പൗത്രരുടെ സംരക്ഷണഭാരം മാത്തുത്തരകൻ തന്നെ ഏറെറടുത്തു. അവരുടെ ഭാവിസുരക്ഷിതത്വത്തിനുവേണ്ടി യത്നിക്കുകയും ചെയ്തു. വേലുത്തമ്പി, തരകനെ ദ്രോഹിച്ചുകൊണ്ടിരുന്നപ്പോഴും തന്റെ പൗത്രരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. പൗത്രിമാരുടെ വിവാഹമെല്ലാം ഭംഗിയായി നടത്തിക്കുന്നതിലും തരകൻ ശ്രദ്ധ ചെലുത്തി. നല്ല സാമ്പത്തിക സ്ഥിതിയുള്ള കുടുംബങ്ങളിലായിരുന്നു അവരെ വിവാഹം കഴിച്ചയച്ചിരുന്നത്.

"പുത്രന്മാരുടെ വിയോഗാനന്തരം മാത്തുത്തരകന്റെ ഏക പ്രത്യാശ ഏകപൗത്രൻ കൊച്ചുമാത്തുവായിരുന്നു. അദ്ദേഹം അവനെ തന്റെ കൂടെത്തന്നെ കൊണ്ടുനടക്കുകയും വ്യാപാരവിഷയങ്ങളിലും രാജ്യകാര്യങ്ങളിലും പ്രായോഗികജ്ഞാനം നേടികൊടുക്കുകയും ചെയ്തു. പിതാമഹനെപ്പോലെ തന്നെ ബുദ്ധിമാനും, പ്രാപ്തനും, ധീരനും സിംഹപരാക്രമിയുമായിരുന്നു ഈ കൊച്ചുമാത്തു തരകൻ എന്നാണ് പറയപ്പെടുന്നത്. പക്ഷെ, ഈ ബുദ്ധിയും പ്രാപ്തിയും ലോകോപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് നിയതി അദ്ദേഹത്തിന് അവസരം നൽകിയില്ല. 974 മുതൽ മാത്തുത്തരകനും കുടുംബവും അനുഭവിക്കേണ്ടിവന്ന ദുരന്തദുരിതങ്ങളെപ്പററി ഇതിന് മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. രക്തദാഹിയായ ചെന്നായേപ്പോലെ പിന്തുടരപ്പെട്ടുകൊണ്ടിരുന്ന വേലുത്തമ്പിയുടെയും, ഏഷണിക്കാരുടെയും ദുർമ്മന്ത്രങ്ങൾക്ക് ചെവികൊടുത്തിരുന്ന റസിഡണ്ട് മെക്കാളെയുടെയും, അവസാനത്തെ ചില്ലി വരെ ഈടാക്കുവാൻ ബദ്ധകച്ഛരായിരുന്ന ഷൈലോക്കുമാരായ ഉത്തമർണ്ണന്മാരുടെയും കരാള ദംഷ്ട്രകളിൽപ്പെട്ട് അലയുകയും വലയുകയും ചെയ്ത ഒരു ദുരവസ്ഥയാണ് അവർ നേരിട്ടത്." (മാത്തുത്തരകൻ പേജ് 401)

കൊച്ചുമാത്യുവിന് തര്യത് എന്ന ഒരു മകൻ മാത്രമേയുണ്ടായിരുന്നുള്ളു. ഈ തര്യതിനെപ്പററി തച്ചിൽ മാത്തുത്തരകൻ ജീവചരിത്രഗ്രന്ഥത്തിൽ (പേജ് 407) ഇപ്രകാരം എഴുതിയിരിക്കുന്നു. "മാത്തുത്തരകന്റെ വകയും ഇട്ടിയവിരാമല്പാന്റെ വകയുമായി കൊച്ചുമാത്തുത്തരകൻ അനുഭവിച്ചുപോന്ന 'നിലംപുരയിടം, പൊൻ, വെള്ളി, വെങ്കലപ്പാത്രം, കുടി, കടം മുതലായവതൊക്കെയും" കൊച്ചുമാത്യുവിന്റെ കാലശേഷം ഏകപുത്രൻ തരിയത് അനുഭവിച്ചുപോന്നു.

ഈ തരിയത് ഒരു ഗംഭീരപുരുഷനും ജനനേതാവുമായിരുന്നു വെന്നാണ് കേൾവി. 974 മുതൽ തച്ചിൽ കുടുംബം കടന്നുപോന്ന തീച്ചുളയിലാണല്ലോ അദ്ദേഹം വളർന്നു വന്നത്. മാത്തുത്തരക ന്റെയും കൊച്ചുമാത്തുത്തരകന്റെയും പേരിലുണ്ടായിരുന്ന സ്വത്തുക്കളെല്ലാം തന്നെ അന്യാധീനപ്പെട്ടുകഴിഞ്ഞിരുന്നു. തന്റെ വകയെന്ന് ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞ സ്വത്തുക്കൾ മാത്രമേ ശത്രുകരങ്ങളിൽനിന്നും രക്ഷപെടുത്തുവാൻ അദ്ദേഹത്തിന് സാധിച്ചുള്ളു. അതുതന്നെയും സുരക്ഷിതമായിരുന്നില്ലന്ന് അനന്തര സംഭവങ്ങൾ തെളിയിച്ചു.

കൊച്ചുമാത്തുവിന്റെ പേരിലുണ്ടായിരുന്ന കടങ്ങൾ വീട്ടുന്നതിനും മററുമായി തരിയത് കൊച്ചിയിൽ താമസിക്കുന്ന മദാമ്മ കുന്ത്രിയാസ്സ് പക്കൽനിന്നും ഏതാനും പണം കടം വാങ്ങിയിരുന്നു. ഇത് വീട്ടുന്നതിനുമുമ്പ് തരിയത് മരിക്കുകയാൽ അദ്ദേഹത്തിന്റെ ഏതാനും സ്വത്തുക്കൾ വിററാണ് കടം വീട്ടിയത്. മാത്തുത്ത രകന്റെയും കൊച്ചുമാത്തുത്തരകന്റെയും കാലത്തെ കണ്ടുകെട്ടലു കൾ കണ്ട് ഭയചകിതനായിരുന്ന തരിയത്, തന്റെ വസ്തുവകകൾക്ക് അങ്ങനെയൊരു ദുരന്തം വരരുതെന്ന് കരുതി അതിൽ ഭീമഭാഗവും (1700-ൽ പരം പറനിലം) തന്റെ ഉത്തമസുഹൃത്തും ഹജ്ജൂർ ശ്രാപ്പുമായിരുന്ന ആലപ്പുഴ സ്വദേശി തയ്യിൽ കൃഷ്ണനായ്ക്കന് ചാരു എഴുതിയിരുന്നു. പക്ഷെ ആ ഉത്തമസുഹൃത്ത് തരിയതിന്റെ മരണ ശേഷം സ്നേഹിതൻ ഏല്പിച്ച സ്വത്തുക്കളെല്ലാം സ്വായത്തമാക്കി അപഹരിക്കുകയാണ് ചെയ്തത്. ഇതു സംബന്ധിച്ച് തരിയതിന്റെ അവകാശികൾ റസിഡണ്ടിന്റെ അടുക്കൽ പരാതിപോയെങ്കിലും പ്രയോജനമുണ്ടായില്ല."

തരിയത് 1009 കന്നി 3-ാം തീയതി നിര്യാതനായി. അദ്ദേഹ ത്തിന് മക്കൾ ഉണ്ടായിരുന്നില്ല. തരിയതിന് മക്കളും വേറിട്ട് അവകാശി കളുമില്ലെന്നുപറഞ്ഞ് അദ്ദേഹത്തിന്റെ സ്വത്തുക്കളെല്ലാം കണ്ടുകെട്ടി സർക്കാരിലേയ്ക്ക് മുതൽ കൂട്ടി. ഈ നടപടിയെ കൊച്ചുമാത്യുവിന്റെ സഹോദരി പുത്രന്മാർ ചോദ്യം ചെയ്യുകയും തങ്ങളാണ് അവകാശി കളെന്ന് വാദിക്കുകയും ചെയ്തു. അതേസമയം മാത്തുത്തരകന്റെ സഹോദരൻ കുഞ്ഞുവറീതിന്റെ പൗത്രന്മാർ തങ്ങളാണ് തരിയതിന്റെ അവകാശികളെന്നും വാദിച്ചു. ഈ പ്രശ്നം കോടതിയുടെ പരിഗണനയിലായി. നീണ്ട നാലുവർഷങ്ങൾക്കുശേഷം കോടതിയിൽ ഒത്തുതീർപ്പായി. കൊച്ചുമാത്തുവിന്റെ സഹോദരീപുത്രന്മാരാണ് യഥാർത്ഥ അവകാശികളെന്നും അതിനാൽ തരിയതിന്റെ സ്വത്തുക്കൾ

പണ്ടാരം വകയിൽ ചേർപ്പാൻ പാടില്ലെന്നും വിധിയായി. തയ്യിൽ കൃഷ്ണൻ നായരുടെ പേരിൽ ചാര് എഴുതിയ സ്ഥലങ്ങൾ അദ്ദേഹവും കൈവശപ്പെടുത്തി. അത്രയും സ്ഥലം തച്ചിൽ കുടുംബക്കാർക്ക് നഷ്ടമായി.

മാത്തുത്തരകന്റെ സഹോദരന്മാരായ കുഞ്ഞുവറീത് തച്ചിൽ തറവാട്ടിൽ ആണ് താമസിച്ചത്. മാത്തുത്തരകൻ തറവാട്ടുഭവനത്തിന് കിഴക്കുമാറി കിഴക്കേപള്ളിയുടെ തൊട്ടു പടിഞ്ഞാറുഭാഗത്തായി ഇന്ന് ചാവടിയൻ എന്നറിയപ്പെടുന്ന പുരയിടത്തിൽ ഒരു നാലുകെട്ടും മാളികയും നിർമ്മിച്ച് അങ്ങോട്ടു താമസം മാററി. ബിസിനസ്സു സംബന്ധമായ കാര്യങ്ങൾക്കായി മാത്തുത്തരകൻ പലപ്പോഴും പര്യടനങ്ങളിലായിരുന്നു. മാത്തുത്തരകന്റെ മൂത്തജ്യേഷ്ഠൻ തരിയത് മക്കളില്ലാതെയാണ് മരിച്ചത്. അദ്ദേഹത്തിന്റെ ശവസംസ്കാരം കിഴക്കേപള്ളിയുടെ ഉള്ളിലാണ് സംസ്കരിച്ചത്. തരിയതിന്റെ സ്വത്തുക്കൾ കുഞ്ഞുവറീതും മാത്തുത്തരകനും തുല്യമായി ലഭിച്ചു. അതുപോലെതന്നെ കനിഷ്ഠസഹോദരൻ അബ്രാഹം മല്പാന്റെ നിലപുരയിടങ്ങളും കുഞ്ഞുവറിയതും മാത്തുത്തരകനും തുല്യമായി നൽകിയിരുന്നു.

ഇട്ടിയവിരാ മല്പാൻ സഭയിൽ ഉന്നതസ്ഥാനം നേടിയ ഒരു വൈദികനായിരുന്നു. പാറേമാക്കൽ ഗോവർണ്ണദോറുടെ 12 കാനോനിസ്താമാരിൽ ഒരാളുമായിരുന്നു. പാറേമ്മാക്കൽ ഗോവർണ്ണദോറുടെ നിര്യാണശേഷം അബ്രാഹം മല്പാനെയാണ് ഗോവർണ്ണദോർ സ്ഥാനത്തേയ്ക്ക് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ നാമനിർദ്ദേശം ചെയ്തത്. ശങ്കൂരിക്കൽ ഗീവർഗീസ് മല്പാൻ ഗോവർണ്ണദോറായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ അബ്രാഹം മല്പാനായിരുന്നു സഭാഭരണം നടത്തിയിരുന്നത്.

അബ്രാഹം മല്പാനെപ്പററി ഈ ലേഖകൻ രചിച്ച കേരളസഭാരത്നങ്ങൾ എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കുര്യതോട് കിഴക്കേപള്ളിയിൽ സെമിനാരി സ്ഥാപിച്ച് സുറിയാനി യുവാക്കന്മാരെ പട്ടത്തിന് പഠിപ്പിക്കുകയായിരുന്നു അബ്രാഹം മല്പാൻ. ടിപ്പുവിന്റെ ആക്രമണത്തെ തുടർന്ന് ശിഷ്യന്മാരുമായി 1790–ൽ അദ്ദേഹം കടത്തുരുത്തിയിൽ വരുകയും ഒരു സെമിനാരി സ്ഥാപിക്കുകയും ചെയ്തു. അവിടെനിന്നു സെമിനാരി പള്ളിപ്പുറത്തേയ്ക്കു മാററി, കടത്തുരുത്തിയിലും പള്ളിപ്പുറത്തും സെമിനാരി വിദ്യാലയങ്ങൾ പണിയിച്ചത് മാത്തുത്തരകനായിരുന്നു. കേരളത്തിലെ സുറിയാനി കർമ്മലീത്താസഭയ്ക്ക് ബീജാവാപം ചെയ്ത

പലരും പള്ളിപ്പുറം സെമിനാരിയുടെ അരുമസന്താനങ്ങളും അബ്രാഹം മല്പാന്റെ ശിഷ്യന്മാരുമായിരുന്നു. ഈ സെമിനാരി പിന്നീട് 1833-ൽ മാന്നാനം സെമിനാരിയിൽ ലയിപ്പിച്ചു.

മാത്തുത്തരകനും കുടുംബാംഗങ്ങളും നേരിട്ട ദുർവിധിയിൽ ക്ലേശിതനായിരുന്ന അബ്രാഹം മല്പാൻ കുരൃതോട്ടിൽ കിഴക്കേപ്പള്ളിയിൽ വന്ന് താമസിക്കവേ ദിവംഗതനായി.

മാത്തുത്തരകന്റെയും സഹോദരൻ കുഞ്ഞുവറിയതിന്റെയും പൗത്രന്മാർ തമ്മിലുണ്ടായ സ്വരചേർച്ചയില്ലായ്മയെതുടർന്നാണ് കുരൃതോട് പടിഞ്ഞാറേപ്പള്ളി സ്ഥാപിക്കുന്നത്. ടിപ്പുവിന്റെ പടയോട്ടകാലത്ത് കുതൃതോട് കിഴക്കേപ്പള്ളി തകർക്കപ്പെട്ടു. അത് പുനരുദ്ധരിച്ചത് മാത്തുത്തരകനായിരുന്നു. 995 ചിങ്ങം 5-ാം തീയതിയാണ് പടിഞ്ഞാറെ പള്ളിയുടെ ആരംഭം. ☆

## 24

# മാത്തുത്തരകന്റെ സേവനം

തച്ചിൽ മാത്തുത്തരകൻ ജീവചരിത്രത്തിൽ (410–ാം പേജിൽ) ഇപ്രകാരം എഴുതിയിരിക്കുന്നു.

"അങ്ങനെ പ്രതാപശാലിയായി രാജ്യത്തെ സേവിച്ച മാത്തുത്തരകൻ, നീലനദിയിലെയും കാഡീസിലെയും ട്രാഫൽഗറിലെയും പ്രശസ്തമായ നാവികവിജയങ്ങൾക്ക് നിദാനമായ കപ്പലുകൾ നിർമ്മിക്കുന്നതിനാവശ്യമായ തടി ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് അയച്ചുകൊടുക്കുകയും ആ ഇനത്തിൽ അനേകലക്ഷം രൂപാ കമ്പനിക്കാരിൽനിന്നു കിട്ടാനുണ്ടായിരിക്കുകയും ചെയ്ത മാത്തുത്തരകൻ,

കാഞ്ഞൂറിന് കിഴക്കുഭാഗത്ത് 40 കാതം നീളത്തിലുള്ള ഭൂമി തന്റെ കുടുംബത്തിലേയ്ക്ക് ഒതുങ്ങിയത് തിരുവിതാംകൂർ സർക്കാരിന് അടിയറ വച്ച മാത്തുത്തരകൻ,

കടം വീട്ടുന്നതിനും പുണ്യകർമ്മങ്ങൾക്കും മററുമായി കടം കൊടുത്ത 14 ലക്ഷം രൂപയ്ക്കു പുറമെ പിഴയെന്ന പേരിൽ ഈടാക്കിയ വകയിലും ആഭരണങ്ങളും ചരക്കുകളും കപ്പലുകളും തടികളും മററും കൈയ്യടക്കിയ വകയിലുമായി 4 ലക്ഷത്തിൽ പരം രൂപാ ഉൾപ്പെടെ 18 ലക്ഷത്തിലധികം രൂപാ തിരുവിതാംകൂർ ഗവൺമെന്റിൽ നിന്നും കിട്ടാനുണ്ടായിരുന്ന മാത്തുത്തരകൻ,

ദരിദ്രനായി, രോഗിയായി, ആരും സഹായത്തിനില്ലാത്തവനായി ഈലോകത്തെ വിട്ടുപിരിയേണ്ടിവന്നു. എന്താണ് നന്മകൾ മാത്രംചെയ്ത തരകന് ഈ ഗതികേടുവരാൻ കാരണം. ശ്രീ.ദളിത് ബന്ധു എൻ.കെ.ജോസ് രചിച്ച രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന ഗ്രന്ഥത്തിൽ (പേജ് 87) ഇപ്രകാരം എഴുതിയിരിക്കുന്നു. "നന്മയ്ക്കായാലും തിന്മയ്ക്കായാലും തിരുവിതാംകൂറിന്റെ രാഷ്ട്രീയരംഗത്ത് ആദ്യമായി സ്വാധീനത ചെലുത്തിയ ക്രിസ്ത്യാനി തച്ചിൽ മാത്തുത്തരകനാണ്. രാജ്യവും രാജാവും അതിനോടു ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ബ്രാഹ്മണരുടെയും ശൂദ്രന്മാരുടെയും മാത്രം കുത്തകയായിരുന്ന കാലത്ത് ആദ്യമായി ആ രണ്ടു സമുദായങ്ങളിലും പെടാത്ത ഒരാൾ രാജ്യകാര്യങ്ങളിൽ സ്വാധീനതയുള്ളവനായി എന്നതാണ് മാത്തുത്തരകന്റെ പ്രത്യേക യോഗ്യത –

അഥവാ അയോഗ്യത. രാമയ്യൻ ദളവായുടെ കാലം മുതലെങ്കിലും പരദേശബ്രാഹ്മണരായിരുന്നു – അഥവാ തമിഴ്ബ്രാഹ്മണരായിരുന്നു രാജാവ് കഴിഞ്ഞാൽ തിരുവിതാംകൂറിനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരുന്നത്." അതിൽ അമർഷം പൂണ്ട നായന്മാരുടെ പ്രതിനിധികളായി എത്തിയവരാണ് രാജാകേശവദാസനും വേലുത്തമ്പിയും ഉമ്മിണിത്തമ്പിയും മററും. അവരുടെ പ്രവർത്തിദോഷം കൊണ്ട് പിന്നെ വളരെക്കാലത്തേയ്ക്ക് നായന്മാർക്ക് അവിടെ എത്തിനോക്കാൻ പോലും കഴിയാതെയായി." നമ്പൂതിരിയും ചെട്ടിയും ക്രിസ്ത്യാനിയും ഭരണരംഗത്ത് എത്തിയതാണ് വേലുത്തമ്പിയെ പ്രക്ഷോഭണം നടത്താൻ പ്രേരിപ്പിച്ചത്. വേലുത്തമ്പി മാത്തുത്തരകനെ നശിപ്പിക്കണമെന്ന ഉദ്ദേശത്തോടെയാണ് അധികാരം കിട്ടിയനാൾ മുതൽ പ്രവർത്തിച്ചത്. തരകനെപ്പോലെയുള്ള ഒരു പ്രഗത്ഭൻ തനിക്ക് മാർഗ്ഗതടസ്സമായിരിക്കുമെന്ന ഭയം ഇരയമ്മ, കുമാരൻ തമ്പിമാരുടെ കാര്യത്തിലെന്നപോലെ വേലുത്തമ്പിക്കുണ്ടായിരുന്നു. തരകനെ അപമാനിക്കുന്നതിനും കുടുംബാംഗങ്ങളെ ദ്രോഹിക്കുന്നതിനും തത്തംപള്ളിയിലെ വീട് ആനയെക്കൊണ്ട് നിലംപരിശാക്കുകയും ചെയ്തതെല്ലാം വേലുത്തമ്പി വൈര്യനിര്യാതനബുദ്ധിയോടെ നടപ്പിലാക്കിയതായിരുന്നു. പിന്നീട് തമ്പിക്കും ഇതേയനുഭവം തന്നെയുണ്ടായി. തരകന്റെ അധഃപതനത്തിനുള്ള ഒരു കാരണം വേലുത്തമ്പിക്ക് തരകനോടുള്ള ശത്രുതയായിരുന്നുവെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

മാത്തുത്തരകന്റെ അധഃപതനത്തിനുള്ള മറെറാരു കാരണമായി പറയപ്പെടുന്നത് വരാപ്പുഴയിലെ കർമ്മലീത്താ മിഷനറിമാർക്ക് അദ്ദേഹത്തോടുതോന്നിയ വിദ്വേഷമായിരുന്നു. കേരളത്തിലെ പഴയ കൂററുകാരായ ക്രിസ്ത്യാനികളെക്കൂടി അടക്കി ഭരിക്കുവാനാണല്ലോ കർമ്മലീത്താ മിഷനറിമാർ ശ്രമിച്ചത്. അതിനെതിരായ നീക്കമായിരുന്നു തരകന്റേത്. സ്വന്തം ജാതിയിലും റീത്തിലും പെട്ട മെത്രാന്മാരെ ലഭിക്കുന്നതിനുവേണ്ടി പരിശ്രമിച്ച തരകനോട് ഇക്കാരണത്താൽ വിദ്വേഷം ഉണ്ടാകുക സ്വാഭാവികമാണ്. സ്വജാതി മെത്രാനെ കിട്ടാതിരിക്കുന്നതിനുവേണ്ടി അവർ ചെയ്ത ശ്രമങ്ങൾ നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. തരകന്റെ നിർഭാഗ്യകാലത്ത് വേലുത്തമ്പിയുടെ പ്രേരണയാൽ മെക്കാളെയുടെ പക്കൽ വരാപ്പുഴ പാതിരിമാർ പരാതിനൽകുകയുണ്ടായല്ലോ.

തരകന്റെ അവസാനനാളുകളിൽ അദ്ദേഹത്തിന് എതിരായി നിലകൊണ്ട ഒരു വിഭാഗം പുത്തൻകൂർ വിഭാഗക്കാരായിരുന്നു.

പുത്തൻകൂറ്റുകാരുടെ മാതൃസഭയിലേയ്ക്കുള്ള പുനരൈക്യത്തിനു വേണ്ടി ഏറ്റവും അധികം പ്രവർത്തിച്ച ഒരു നേതാവായിരുന്നു മാത്തുത്തരകൻ. അദ്ദേഹത്തിന്റെ നിരന്തരപരിശ്രമത്തിന്റെ ഫലമായിട്ടാണ് ആറാം മാർത്തോമ്മാ തത്തംപള്ളിയിൽവച്ച് പുനരൈക്യപ്പെട്ടത്. കൊച്ചി മെത്രാനും പാതിരിമാരും അന്ന് സമ്മതിച്ച വ്യവസ്ഥകൾ നടപ്പിലാക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് അദ്ദേഹം പിഴകെട്ടി യാക്കോബായ സഭയിലേയ്ക്കുതന്നെ തിരികെ പോയി. അതിൽ തരകൻ തെറ്റുകാരനല്ലെങ്കിലും തരകനോടാണ് പുത്തൻകൂറ്റുകാർക്ക് വിരോധം തോന്നിയത്.

തരകന്റെ ദയനീയമായ അധഃപതനത്തിന് പ്രധാനമായി പറയുന്ന മറ്റൊരു കാരണം തരകൻ ആന്ത്യകാലത്ത് സേവിച്ച ബാല രാമവർമ്മ മഹാരാജാവിന്റെ ശേഷിക്കുറവാണെന്നാണ്. ശ്രീ. എം.ഒ. ജോസഫ് നെടുങ്കുന്നം തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിൽ (പേജ് 412) പറയുന്നതിപ്രകാരമാണ് "കാർത്തികതിരുനാൾ രാമവർമ്മ മഹാ രാജാവിനെപ്പോലെ ധീരനും മഹാനുമായിരുന്ന ഒരു മഹാരാജാവിന്റെ ഭരണകാലത്ത് 40 വർഷത്തോളം സർവ്വാദരണീയമായ വിധം നാടിനെയും രാജാവിനെയും സേവിക്കുന്നതിന് തരകനു കഴിഞ്ഞു. ദുർബലനും ഭരണായോഗ്യനും ഭീരുവുമായിരുന്ന ബാലരാമവർമ്മ യുടെ ഭരണകാലത്താണ് രാജാകേശവദാസിന്റെ ദുർമ്മരണം, ഇരിയമ്മ കുമാരമ്മാരുടെ വധം, നായർ പട്ടാള ലഹള, കപ്പം വർദ്ധിപ്പി ക്കൽ, വേലുത്തമ്പിയുടെ ലഹള മുതലായ അനിഷ്ടസംഭവങ്ങൾ നടന്നത്. ക്രൂരനായ വേലുത്തമ്പി ആവശ്യപ്പെട്ടപ്പോൾ ഗുണ ദോഷചിന്ത കൂടാതെ തരകനെ ശിക്ഷിക്കുന്നതിനും തരകന്റെ സ്വത്തു ക്കൾ കണ്ടുകെട്ടുന്നതിനും ഈ രാജാവ് അനുവദിച്ചു. പ്രതികാ രേച്ഛുവായ കണ്ണൽ മെക്കാളെ ആവശ്യപ്പെട്ടപ്പോൾ ആ വേലുത്തമ്പി യെത്തന്നെ പിടിച്ചുകൊടുക്കുന്നവർക്ക് 50000 രൂപാ വാഗ്ദാനം ചെയ്തു. ആ കാലഘട്ടത്തിൽ രാജാവ് ബാലരാമവർമ്മ അല്ലായിരുന്നു വെങ്കിൽ തരകന്റെയും തിരുവിതാംകൂറിന്റെയും ചരിത്രം മറ്റൊന്നാകു മായിരുന്നു." രാമവർമ്മ മഹാരാജാവിന്റെ കഴിവുകേടാണ് എല്ലാക്കുഴ പ്പങ്ങൾക്കും കാരണമെന്നാണ് എം.ഒ.ജോസഫ് സമർത്ഥിച്ചിരി ക്കുന്നത്.

എന്നാൽ ദളിത് ബന്ധു എൻ.കെ. ജോസ് ഈയടുത്തകാലത്ത് പ്രസിദ്ധീകരിച്ച രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന പുസ്തക ത്തിൽ ബാലരാമവർമ്മ മഹാരാജാവ് വളരെ വിവേകശാലിയും പക്വതയുള്ളയാളുമായിരുന്നുവെന്നു സമർത്ഥിച്ചിട്ടുണ്ട്. അക്കാ

ലത്തെ സവർണ്ണചരിത്രകാരന്മാരെല്ലാം രാമവർമ്മ മഹാരാജാവിനെ കഴിവില്ലാത്തവനും ആരോഗ്യമില്ലാത്തവനും ബുദ്ധിയില്ലാത്തവനുമെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. വേലുത്തമ്പിയെ വെള്ളപൂശേണ്ടത് സവർണ്ണചരിത്രകാരന്മാരുടെ ആവശ്യമാണല്ലോ. അതിനുവേണ്ടി ബാലരാമവർമ്മ തിരുമേനിയെ കഴിവില്ലാത്തവനെന്ന് ചിത്രീകരിച്ചു.

ദളിത്ബന്ധു, ബാലരാമവർമ്മ മഹാരാജാവിന്റെ ഉചിതവും ധീരവുമായ പ്രവർത്തികൾ എണ്ണിയെണ്ണിപറഞ്ഞ് അദ്ദേഹത്തിന്റെ കഴിവുകളെ പ്രശംസിച്ചിട്ടുണ്ട്. രാമവർമ്മമഹാരാജാവിന്റെ ധീരവും ഉചിതവുമായ പ്രവർത്തികൾക്കു പിമ്പിൽ രാജ്യതന്ത്രജ്ഞനായ തച്ചിൽ മാത്തുത്തരകന്റെ കരങ്ങളാണുള്ളതെന്നു സ്ഥാപിക്കാൻ ശ്രമിച്ചിട്ടുമുണ്ട്. ദളിത് ബന്ധുവിന്റെ നിഗമനങ്ങൾ ഭാവിചരിത്രകാരന്മാർക്ക് ഗവേഷണരംഗത്ത് ഒരു പുതിയപാത വെട്ടിത്തുറക്കുന്നതിന് ഇടനൽകട്ടെയെന്നാശംസിക്കുന്നു. (ദളിത് ബന്ധുവിന്റെ അഭിപ്രായങ്ങൾ വേലുത്തമ്പിയുടെ അന്ത്യവും മെക്കാളെയും എന്ന അദ്ധ്യായത്തിൽ വിശദമായി ചേർത്തിട്ടുണ്ട്.)

രാജാകേശവദാസന് ശേഷം പുതിയ ദിവാനെ നിയമിക്കുമ്പോൾ റസിഡണ്ടുമായി ആലോചിക്കണമെന്നു പറഞ്ഞപ്പോൾ മറ്റൊന്നാലോചിക്കാതെ ആ നിർദ്ദേശം തള്ളിക്കളഞ്ഞ രാമവർമ്മ മഹാരാജാവ് ഭീരുവാണെന്നും കഴിവില്ലാത്തവനാണെന്നും പറഞ്ഞാൽ പൂർണ്ണമായും വിശ്വസിക്കുക സാദ്ധ്യമല്ല. ദളവാസ്ഥാനത്തുനിന്നും നീക്കം ചെയ്ത് തടവിൽ പാർപ്പിച്ച അയ്യപ്പൻ ചെമ്പകരാമനെ ഒന്നു സന്ദർശിക്കാൻ, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ പ്രതിനിധി, റസിഡണ്ട് മെക്കാളെ അനുവാദം ചോദിച്ചപ്പോൾ അത് തിരസ്കരിക്കാനുള്ള തന്റേടം ബാലനായ മഹാരാജാവിനുണ്ടായിരുന്നു.

വേലുത്തമ്പിയെ വെള്ളപൂശേണ്ടവർക്ക് ബാലരാമവർമ്മ മഹാരാജാവിനെ കഴിവില്ലാത്തവനും ഭീരുവുമായി ചിത്രീകരിക്കേണ്ടത് ആവശ്യമായിരുന്നിരിക്കാം. മാത്തുത്തരകനെയും മോശക്കാരനായി ചിത്രീകരിക്കേണ്ടതാവശ്യമാണ്. വേലുത്തമ്പിയുടെ കാലത്തെ ചരിത്രം എഴുതിയ സവർണ്ണ ഹിന്ദുക്കൾക്കു കൊട്ടാരം ഗ്രന്ഥപ്പുരകളിൽ കയറി തങ്ങൾക്കാവശ്യമുള്ള രേഖകൾ മാത്രം പുറത്തെടുക്കുന്നതിനും അല്ലാത്തവ പൂഴ്ത്തിവയ്ക്കുന്നതിനും സൗകര്യങ്ങളുണ്ടായിരുന്നു. രേഖകൾ നശിപ്പിക്കാനും അവർക്ക് സാധിക്കുമായിരുന്നു. തച്ചിൽ മാത്തുത്തരകൻ ഗ്രന്ഥത്തിലെ (പേജ് 416, 417) ഒരു ഭാഗം

കൂടി ഉദ്ധരിക്കട്ടെ. "മാത്തുത്തരകനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ ചരിത്രകാരന്മാർ തെററായ കുററാരോപണങ്ങളാണ് ചുമത്തിയിരിക്കുന്നതെന്നുള്ളത് സ്പഷ്ടമാകുന്നു. ജയന്തൻ ശങ്കരൻ മന്ത്രിസഭയിലെ ഒരു അംഗമായിരുന്നു മാത്തുത്തരകൻ എന്ന് ശങ്കുണ്ണിമേനോൻ പോലും പ്രസ്താവിക്കുന്നു. അദ്ദേഹം നമ്പൂതിരി യുടെ രണ്ടു പ്രധാനമന്ത്രിമാരിൽ ഒരാളായിരുന്നുവെന്ന് മി.ആർ.കുള ത്തുവയ്യർ സമർത്ഥിക്കുന്നു. എന്നാൽ നമ്പൂതിരി ദളവായ്ക്ക് എതിരെ ഉണ്ടായ നാട്ടാർ കൂട്ടത്തെപ്പററിയുള്ള ഗ്രന്ഥവരിയിൽ ഇതേപ്പററി യാതൊരു സൂചനപോലും ഇല്ലെന്നുള്ളത് ചിന്തനീയമാണ്. നിർബ ന്ധിച്ച് വരിസംഖ്യ ഈടാക്കുന്നതിന് കൂടിയ പലരുടെ കൂട്ടത്തിൽ തരകനും ഉണ്ടായിരുന്നു എന്നൊരു ആരോപണം മാത്രമേ ആ രേഖയിലുള്ളൂ. പക്ഷേ ആ ആരോപണവും ശരിയല്ലെന്നും ആ അവ സരത്തിൽ അദ്ദേഹം ആലപ്പുഴയായിരുന്നുവെന്നും ഈ പുസ്ത കത്തിന്റെ മുൻ അദ്ധ്യായങ്ങളിൽ തെളിയിച്ചിട്ടുണ്ട്." തിരുവിതാംകൂർ രാജാവിന്റെ സേവ മൂത്ത് ദിവാൻജി എന്നപോലെ വല്യതായിരിക്കുക, ദളവായോടും ദിവാൻജിയോടും ഒരുമിച്ച് രാജ്യകാര്യവും വിചാരിച്ച്, ഉദ്യോഗവും ശമ്പളവും കൂടാതെ രാജ്യകാര്യങ്ങൾ നടത്തി രാജാവിന് മഹാ ഇഷ്ടനായി വിചാരിച്ചുവന്നു എന്നിങ്ങനെ എഴുതിയിരിക്കുന്നത് അദ്ദേഹം ധർമ്മരാജാവിന്റെ സേവകനായിരുന്ന കാലത്തെ കാര്യങ്ങളാണ്. ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്തും ഇതുതന്നെ അങ്ങേയററം അദ്ദേഹം തുടർന്നിരിക്കാം.

പക്ഷപാതപരമായ തിരുവിതാംകൂർ ചരിത്രപുസ്തകങ്ങളിലെ പ്രസ്താവനകളാണ് തരകനെപ്പററി തെററായ ധാരണകൾ പ്രചരി ക്കാൻ കാരണം. അല്ലാതെ, തരകൻ ഒരു അക്രമിയോ, പ്രജാപീഢ കനോ, ജനദ്രോഹിയോ ആയിരുന്നില്ല. ഇതൊന്നും കൂടാതെ തന്നെ, ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി കച്ചവടം കൊണ്ട് വൻപിച്ച സമ്പത്തും സ്വാധീനശക്തിയും കരസ്ഥമാക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞി രുന്നു. ആ സമ്പത്ത് പരോപകാരപരവും രാജ്യരക്ഷാപരവുമായ കാര്യങ്ങൾക്ക് അദ്ദേഹം ഉദാരമായി ചിലവഴിക്കുകയും ചെയ്തിരുന്നു. ജീവിതത്തിലെ സുദീർഘമായ 40 വർഷക്കാലം പ്രശസ്തനായ കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിനെ യാതൊരു ആക്ഷേ പത്തിനും ഇടവരാതെ സേവിച്ചിരുന്ന ഒരു മഹാപുരുഷൻ, ജീവിതാ ന്ത്യഘട്ടത്തിൽ, കേവലം രണ്ടുമാസംകൊണ്ട്, അക്രമിയായിത്തീർന്നു വെന്ന് വിശ്വസിക്കണമെന്നുപറയുന്നത് നമ്മുടെ വിശേഷബുദ്ധിയെ ചോദ്യം ചെയ്യുക തന്നെയാണ്.

ശ്രീ.വെങ്കുളം പരമേശ്വരൻപിള്ള വേലുത്തമ്പി ദളവാ എന്ന ഗ്രന്ഥത്തിൽ (പേജ് 14, 16) ഇപ്രകാരം എഴുതിയിരിക്കുന്നു. "ശാശ്വതമായി യശസ്സുമാർജ്ജനം ചെയ്തു ജനപരമ്പരയുടെ വർദ്ധിതാദരഭക്തിബഹുമാനങ്ങൾക്ക് പാത്രീഭൂതരായിത്തീർന്നിട്ടുള്ള പലരും ജനങ്ങളുടെയോ അധികാരശക്തിയുടെയെ അബദ്ധധാരണകളും അവഹേളനങ്ങളും നിമിത്തം ഘോരവിപത്തിൽപ്പെട്ടു മരണം പ്രാപിച്ചിട്ടുണ്ടെന്നുള്ളതിന് ലോകചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണ്. മഹാത്മാക്കളിൽ മിക്കവരുടെയും മഹിമാവിശേഷം അവരുടെ ജീവിതകാലത്ത് യഥാർഹം പ്രത്യക്ഷപ്പെടുന്നതിന് സംഗതി ആയിട്ടില്ല.

ലോകോദ്ധാരണത്തിനായി അവതരണം ചെയ്ത കാരുണ്യവാരാന്നിധി ക്രിസ്തുദേവൻ കുത്സിതമാന്സരുടെ തന്ത്രപ്രയോഗങ്ങൾ നിമിത്തം കുരിശിൽ തറച്ചു കൊല്ലപ്പെട്ടു. ജനസാമാന്യത്തിന്റെ സന്മാർഗ്ഗനിഷ്ഠാവർദ്ധന ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന സോക്രട്ടീസ് മതദ്രോഹിയും ദൈവവിശ്വാസരഹിതനുമാണെന്ന് ഗണിക്കപ്പെട്ടതിനാൽ ആവിശിഷ്ടപുരുഷന് വിഷപാനം ചെയ്ത് ദിവംഗതനാകേണ്ടിവന്നുചേർന്നു. ആംഗലേയരുടെ ആക്രമണങ്ങളിൽനിന്ന് മാതൃഭൂമിയെ രക്ഷിച്ച ജോവാൻ എന്ന തരുണീമണിക്ക് ഒരു ദുർമ്മന്ത്രവാദിനിയാണെന്നുള്ള ഇംഗ്ലീഷുകാരുടെ വിധിപ്രഖ്യാപനം നിമിത്തം തീയിലെരിഞ്ഞ് ചാകേണ്ടതായി വന്നു പോയി. യൂറോപ്പുഭൂഖണ്ഡം മുഴുവൻ ക്ഷേമം വർദ്ധിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെ പരിശ്രമം ചെയ്തുകൊണ്ടിരുന്ന വീരശിഖാമണി നെപ്പോളിയൻ ബോണപ്പാർട്ട് ഇംഗ്ലീഷുകാരുടെ തടവുകാരനായി അകപ്പെട്ടു കാലലയം പ്രാപിച്ചു. ഇങ്ങനെ നോക്കിയാൽ സദുദ്ദേശത്തോടുകൂടി ജനക്ഷേമാർത്ഥം പ്രവർത്തിച്ചിട്ടുള്ള എത്ര മഹതീമഹാന്മാരാണ് തങ്ങളുടെ ഉദ്ദേശ്യങ്ങൾ സാധിച്ചും പലരും സാധിക്കാതെയും മരണം പ്രാപിച്ചുപോയതായി കാണ്മാനിടവരുന്നത്."

യേശുദേവൻ മരണത്തിനുശേഷം മൂന്നാംനാൾ ഉയർത്തെഴുന്നേററു. ലോകത്തിന്റെ മുഴുവൻ ആരാദ്ധ്യപുരുഷനായി സോക്രട്ടീസിനെയും ജോവാൻ ഓഫ് ആർക്കിനെയും ലോകം മുഴുവൻ അവരുടെ മരണശേഷം ബഹുമാനിച്ചു. ഇംഗ്ലീഷുകാരുടെ തടവുകാരനായി തീർന്ന നെപ്പോളിയന്റെ മഹത്ത്വം ഫ്രഞ്ചു ജനത പിൽക്കാലത്ത് മനസ്സിലാക്കുകയും അദ്ദേഹത്തിന് ദേശീയ ബഹുമാനം നൽകുകയും ചെയ്തു.

സഭയേയും സമുദായത്തേയും രാഷ്ട്രത്തേയും വിശ്വസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകന്റെ കാര്യത്തിൽ മാത്രം അതുണ്ടായിട്ടില്ല. മാത്തുത്തരകന്റെ സ്വദേശീയരും സ്വജാതീയരും ഇതുവരെ ഉണർന്നുകഴിഞ്ഞിട്ടില്ല. മാത്തുത്തരകന്റെ മഹത്വം ലോകസമക്ഷം അവതരിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളും അവരുടെ നേതൃത്വവും കുററകരമായ അനാസ്ഥ കാണിച്ചിരിക്കുന്നു.

ശ്രീ.എം.ഒ. ജോസഫ് നെടുങ്കുന്നം തച്ചിൽ മാത്തുത്തരകന്റെ ജീവചരിത്രം 1962–ൽ പ്രസദ്ധീകരിക്കുകയുണ്ടായി. ആ ചരിത്രഗ്രന്ഥം സുറിയാനി സഭയിലെ വൈദികമേലദ്ധ്യക്ഷന്മാരും വൈദികരും കന്യാസ്ത്രികളും സന്യാസിസന്യാസിനികളും അൽമായരും ഒരാവർത്തി വായിച്ചിരുന്നുവെങ്കിൽ മാത്തുത്തരകന്റെ മഹത്വം മനസ്സിലാക്കുകയും അദ്ദേഹം നമുക്ക് കടപ്പെട്ടവനും ബഹുമാനിക്കപ്പെടേണ്ടവനുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുമായിരുന്നു.

ആ ഗ്രന്ഥം നമ്മുടെ പത്രപ്രവർത്തകർ ഒരാവർത്തി വായിച്ചിരുന്നുവെങ്കിൽ മാത്തുത്തരകനെയും തിരുവിതാംകൂർ രാജ്യത്തെയും ദ്രോഹിച്ചവരെ ആദരിച്ചുകൊണ്ടും മാത്തുത്തരകന് അപമാനകരമായ ലേഖനങ്ങൾ പ്രസദ്ധീകരിച്ചുകൊണ്ടും ഉള്ള ലേഖനങ്ങൾ കത്തോലിക്കാ പത്രമാസികകളിലെങ്കിലും വരികയില്ലായിരുന്നു.

ഇവിടുത്തെ സുറിയാനിക്കാർ മാത്തുത്തരകന്റെ മഹത്വം മനസ്സിലാക്കിയിരുന്നുവെങ്കിൽ പാഠപുസ്തകങ്ങളിലും ചരിത്രപുസ്തകങ്ങളിലും തച്ചിൽ മാത്തുത്തരകനെ ആക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ചേർക്കാൻ ആരും ധൈര്യപ്പെടുകയില്ലായിരുന്നു.

1997–ൽ ചരിത്രകാരനായ ശ്രീ.എ.ശ്രീധരമേനോൻ രചിച്ച കേരളവും സ്വാതന്ത്ര്യസമരവും എന്ന ഗ്രന്ഥത്തിൽ മാത്തുത്തരകനെ ഒരു മന്ത്രിയായും വിവരക്കേടിന്റെയും ദുർന്നടത്തയുടെയും ദുരാഗ്രഹത്തിന്റെയും പ്രതീകമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ശ്രീധരമേനോൻ സത്യം ഗ്രഹിക്കാഞ്ഞിട്ടല്ല; മാത്തുത്തരകനെപ്പററി എന്തെഴുതിയാലും ചോദിക്കാൻ ആരും ഉണ്ടാവുകയില്ലെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഇങ്ങനെ എഴുതിയത്. ഇവിടുത്തെ സവർണ്ണ ചരിത്രകാരന്മാർ തുടങ്ങിവച്ച വഴിയേ ശ്രീധരമേനോനും ചരിക്കുന്നു.

മാത്തുത്തരകൻ സ്വജാതിക്ക് സ്വജാതീയനായ മെത്രാനെ ലഭിക്കുന്നതിന് വേണ്ടിയാണ് പ്രധാനമായും പരിശ്രമിച്ചത്.

അദ്ദേഹത്തിന് ആ ഭാഗ്യംകാണാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ മരണശേഷം 82 വർഷം കഴിഞ്ഞ് ആ ആഗ്രഹം യാഥാർത്ഥ്യമായി. ഇന്ന് ഒരുമെത്രാനല്ല, നസ്രാണിസഭയ്ക്ക് 27 മെത്രാസനങ്ങളും 29 മെത്രാന്മാരും നമുക്ക് ഉണ്ട്. പുത്തൻകൂററുകാരുടെ പുനരൈക്യത്തിന് വേണ്ടി തരകൻ പരിശ്രമിച്ചു. ആ പുനരൈക്യം വിജയിച്ചു കാണുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. അദ്ദേഹത്തിന്റെ മരണശേഷം 126 വർഷങ്ങൾക്കുശേഷം പുനരൈക്യം ഒരു യാഥാർത്ഥ്യമായി. ഇന്ന് ഒരു അതിരൂപതയടക്കം 5 രൂപതകൾ ഉണ്ട്.

സുറിയാനി സമുദായത്തിന്റെ ഈ വളർച്ച കണ്ട് സ്വർഗ്ഗത്തിലിരുന്ന് മാത്തുത്തരകൻ സന്തോഷിക്കുന്നുണ്ടാകാം. അതേസമയം നമ്മുടെ നിസ്സംഗതാമനോഭാവം അദ്ദേഹത്തെ ദുഃഖിപ്പിക്കുന്നുമുണ്ടാകാം.

മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം ഭാഗത്തിൽ (246–247) ചേർത്തിരിക്കുന്ന ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഈ ഗ്രന്ഥം അവസാനിപ്പിക്കാം. "ആരെല്ലാം വിസ്മരിച്ചാലും കേരളത്തിലെ സുറിയാനി സമുദായത്തിന് മാത്തുത്തരകനെ വിസ്മരിക്കുക സാദ്ധ്യമല്ല. ആ സമുദായത്തിന് അദ്ദേഹം ചെയ്തിട്ടുള്ള ഗുണങ്ങൾ അത്ര അനവധിയാകുന്നു. സ്വജാതിമെത്രാനെ കിട്ടുവാനുള്ള സുറിയാനി സമുദായത്തിന്റെ ഉദ്യമത്തിൽ തരകൻ വഹിച്ചിട്ടുള്ള ഭാഗം മഹത്തരമാണ്. കരിയാററി മല്പാനെയും മററും റോമായിലേയ്ക്ക് അയക്കുന്നതിനും തിരിച്ചുവന്നപ്പോൾ ഗോവർണ്ണദോറെ ഗോവയിൽ നിന്നും നാട്ടിൽ കൊണ്ടുവരുന്നതിനും നാട്ടിൽ വന്നയുടനെ അദ്ദേഹത്തെ മെത്രാനാക്കാനായി ശ്രമിക്കുന്നതിനും മുൻപനായി പുറപ്പെട്ടത് തരകനായിരുന്നു. പിന്നീട് അക്കാലത്തെ വൈദികാധികാരികൾ ചെയ്ത ഉപദ്രവങ്ങളെ തടുത്തു തിരുവിതാംകൂർ കൊച്ചി സർക്കാരുകളിൽനിന്നും ഗോവർണ്ണദോർക്ക് തീട്ടരം വാങ്ങിച്ചുകൊടുത്തതും തരകൻ തന്നെ. പുത്തൻകൂർ പഴയകൂർ സംയോജനത്തിന്റെ പ്രധാന പ്രവർത്തകനും തരകനായിരുന്നു. ആറാം മാർത്തോമ്മാ തത്തംപള്ളിയിൽ വച്ച് പടിയോല എഴുതിയതും പുനരൈക്യപ്പെട്ടതും മററും അദ്ദേഹത്തിന്റെ ഉത്സാഹത്താലാണ്. ആ പുനരൈക്യം തുടർന്നുപോന്നില്ലെങ്കിൽ അതിന് കാരണം അദ്ദേഹമല്ലല്ലോ. പേട്ട, തത്തംപള്ളി, കടത്തുരുത്തി, വടയാറ്റ് മുതലായ ചില പള്ളികളെ തരകൻ പണിയിക്കുകയും മററു ചിലത് ജീർണ്ണോദ്ധാരണം ചെയ്യുകയും ചെയ്തിട്ടുണ്ട്."

☆

## 25

# സ്വാതന്ത്ര്യസമരയോദ്ധാക്കൾ ആരെല്ലാം?

നാട്ടുകൂട്ടം കൂടി മഹാരാജാവിനെ ഭീഷണിപ്പെടുത്തി തിരുവിതാംകൂറിൽ ഉന്നതമായ സ്ഥാനം നേടിയെടുത്ത വേലുത്തമ്പി ഒരു സ്വാതന്ത്ര്യസമരസേനാനിയാണോ? ദളവാസ്ഥാനം വരെ ഉയർന്ന വേലുത്തമ്പി ഈസ്റ്റ് ഇന്ത്യാകമ്പനിയുമായി ഉണ്ടാക്കിയ 1805-ലെ ഉടമ്പടി തിരുവിതാംകൂർ രാജാവിന് സ്വീകാര്യമല്ലായിരുന്നു. തിരുവിതാംകൂർ ഗവൺമെന്റ് ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് നാലുലക്ഷം രൂപയാണ് കപ്പം കൊടുക്കേണ്ടിയിരുന്നത്. 1805-ലെ ഉടമ്പടിമൂലം അത് 8 ലക്ഷമായി വർദ്ധിപ്പിച്ചു. രാജാവിന്റെ പരമാധികാരം ഈസ്റ്റ് ഇന്ത്യാകമ്പനിക്ക് അടിയറവച്ചതിന്റെ മുഖ്യകാരണക്കാരൻ വേലുത്തമ്പിയായിരുന്നു. മഹാരാജാവിന്റെപോലും താല്പര്യത്തിന് വിരുദ്ധമായി കർണ്ണാട്ടിക് സൈന്യത്തെ പിരിച്ചുവിട്ട്, രാജ്യത്തിന്റെ സംരക്ഷണം ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരെ ഏല്പിച്ചതും വേലുത്ത മ്പിയായിരുന്നു. വേലുത്തമ്പി റസിഡണ്ടു മെക്കാളെയുമായി ചേർന്ന് നടത്തിയ നീക്കങ്ങളെല്ലാം രാജ്യത്തിന്റെ താല്പര്യത്തിന് വിരുദ്ധമായിരുന്നു. വേലുത്തമ്പിയെപ്പററിയും മെക്കാളെയെപ്പററിയും മഹാരാജാവ് ഗവർണ്ണർ ജനറലിന് പല പരാതികളും അയച്ചി ട്ടുള്ളതാണ്. തന്റെ രാജ്യത്തെ തന്റെ സൈന്യത്തെ നശിപ്പിക്കാൻ കൂട്ടുനിൽക്കുകയും ഇംഗ്ലീഷ് സൈന്യത്തെ വേലുത്തമ്പിക്ക് ദുരുപ യോഗിക്കാൻ അയച്ചുകൊടുക്കുകയും ചെയ്ത മെക്കാളെ, ചാരപ ണിക്ക് വേലുത്തമ്പിയെ വിനിയോഗിക്കുകയുമാണ് ചെയ്തത്. വേലുത്തമ്പിയുടെ പ്രവർത്തനങ്ങളിൽ സംതൃപ്തരായ ഇംഗ്ലീഷുകാർ, പട്ടുടയാടകളും പടവാളും കൊടുത്ത് തമ്പിയെ ആദരിച്ചു. ആ പട്ടുട യാടകളും പടവാളും ധരിച്ചാണ് 1805-ലെ ഉടമ്പടിയിൽ മഹാരാജാവി നെക്കൊണ്ട് ഒപ്പുവയ്പ്പിക്കുവാൻ വേലുത്തമ്പി പോയത്. ഈ ഒററക്കാ രണംകൊണ്ടുതന്നെ തമ്പി തിരുവിതാംകൂർ രാജ്യത്തിന്റെ ശമ്പളം പററിക്കൊണ്ട് ബ്രിട്ടീഷുകാർക്കുവേണ്ടി ചാരപ്പണി നടത്തിയ ആളെന്ന് മനസ്സിലാക്കാം.

സമുദായ സൗഹാർദ്ദത്തിന് കേൾവി കേട്ട ഒരു നാടായിരുന്നു തിരുവിതാംകൂർ. ആ സമുദായ സൗഹാർദ്ദം തകർത്ത് വർഗ്ഗീയ തയുടെ വിത്തു പാകി മഹത്തായ ഭാരതസംസ്കാരം തകർത്തത് വേലുത്തമ്പിയായിരുന്നു. ആ വേലുത്തമ്പിയെ എങ്ങനെ സ്വാതന്ത്ര്യ സമരസേനാനിയെന്ന് വിളിക്കാൻ സാധിക്കും.

ബ്രട്ടീഷുകാർ നൽകിയ പട്ടുടയാടയും പടവാളും ധരിച്ച് പൊതുവേദികളിൽ പ്രത്യക്ഷപ്പെടുന്നത് അഭിമാനമായി തമ്പി കരുതിയിരുന്നു. ആ തമ്പിയെ സവർണ്ണചരിത്രകാരന്മാർ സ്വാതന്ത്ര്യ സമരസേനാനിയായിട്ടാണ് ചിത്രീകരിക്കുന്നത്. ആ ചരിത്രകാരന്മാർ രചിച്ച ഗ്രന്ഥങ്ങളിൽപ്പോലും വേലുത്തമ്പിയുടെ പടം അടിച്ചിരിക്കു ന്നത് പട്ടുടയാടയും പടവാളും ധരിച്ചാണ്. ബ്രട്ടീഷ് ചാരനായിട്ടാണ്.

വേലുത്തമ്പി ബ്രട്ടീഷുകാരോട് സമരം ചെയ്തു എന്ന് വരുത്തിത്തീർത്ത് അദ്ദേഹത്തിന് സ്വാതന്ത്ര്യസമരസേനാനി പട്ടം നൽകുകയാണ് പലരും ഏതെങ്കിലും ഒരു ഇംഗ്ലീഷ്കാരനെ കൊല്ലാൻ ശ്രമിച്ചവനെയും കൊന്നവനെയും സ്വാതന്ത്ര്യസമരസേനാനിയായി ചിത്രീകരിക്കാൻ ചിലർ വെമ്പൽകൊള്ളുകയാണ്. ദളിത് ബന്ധു എൻ.കെ.ജോസ് രണ്ടു സ്വാതന്ത്ര്യശില്പികളുടെ കഥ എന്ന പുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പേജ് 103, 104)

"സ്വാതന്ത്ര്യസമര സേനാനികളുടെ എണ്ണം അനുദിനം വർ ദ്ധിച്ചു വരികയാണ്. അതുപോലെ സ്വാതന്ത്ര്യസമരങ്ങളുടെ പട്ടി കയും. എൺപത് വയസ്സിനുമേൽ പ്രായത്തിൽ ഇന്നു മരിക്കുന്ന സ്വല്പം പൊതുക്കാര്യപ്രവർത്തന പശ്ചാത്തലമുള്ളവരെല്ലാം വിശേ ഷിപ്പിക്കപ്പെടുന്നത് സ്വാതന്ത്ര്യസമരസേനാനികളായിട്ടാണ്. സ്വാതന്ത്ര്യസമരവും ദേശീയ സ്വാതന്ത്ര്യസമരവും തമ്മിൽ വേർതിരി ക്കാൻ ഇനിയും പലരും തയ്യാറായിട്ടില്ല. അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് സമരം ചെയ്തത് തിരുവിതാംകൂർ എന്ന രാജ്യത്തിലെ രാജാവിന്റെ തലയ്ക്കുമുകളിൽ യൂറോപ്യൻ രാജ്യത്തിലെ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ അധികാരം നടത്തു ന്നതിനെതിരായിട്ടായിരുന്നു. വേലുത്തമ്പി സമരം ചെയ്തത് ആദ്യം കോഴിക്കോട്ടുകാരൻ ജയന്തൻ ശങ്കരൻ നമ്പൂതിരിക്കെതിരാ യിട്ടായിരുന്നു. പിന്നെ കുത്തിയതോട്ടുകാരൻ തച്ചിൽ മാത്തുത്തരക

നെതിരായിട്ടായിരുന്നു. അവസാനം ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ തിരുവിതാംകൂറിലെ ഒരു ഉദ്യോഗസ്ഥൻ മാത്രമായ കേണൽ മെക്കാളെയ്ക്ക് എതിരായിട്ടായിരുന്നു...................... രാജഭരണ കാലത്തെ രാജാധികാരം ജനങ്ങളുടെ ദേശീയാധികാരത്തിന്റെ പ്രതിരൂപമാണ്. വിദേശകടന്നുകയററത്തിനെതിരെ രാജാധികാരത്തെ രക്ഷിക്കുന്നത് ദേശീയ സ്വാതന്ത്ര്യ സംരക്ഷണമാണ്. അതാണ് ബാലരാമവർമ്മ ചെയ്തത്. അതിനദ്ദേഹത്തെ ഉപദേശിച്ചതും പ്രാപ്തനാക്കിയതും ശക്തി പകർന്നുകൊടുത്തതും മാത്തുത്തരക നാണ്. അതായിരുന്നു അവർ തമ്മിലുള്ള ബന്ധം. അതുകൊണ്ട് അദ്ദേഹത്തിന് നഷ്ടമായത് രണ്ടുചെവികൾ മാത്രമല്ല സർക്കാരിന് കടമായി നൽകിയ 14 ലക്ഷം രൂപയും നാട്ടിൽ സ്വാതന്ത്ര്യമായി ജീവിക്കാനുള്ള സൗകര്യവുമാണ്....................

വേലുത്തമ്പിയെ ദളവാസ്ഥാനത്തുനിന്നും നീക്കി പകരം കുടിശ്ശിഖ നികത്തി നികുതി ബ്രിട്ടീഷ് സർക്കാരിലേക്ക് അടക്കാൻ കഴിവുള്ള ഒരു തിരുവിതാംകൂറുകാരനെ റസിഡണ്ട് മെക്കാളെ നിർദ്ദേശിക്കുന്നതനുസരിച്ച് ദളവയായി നിയമിച്ചതുകൊണ്ട് രാജ്യത്തിനും രാജാവിനും പ്രത്യേകം കോട്ടമോ നേട്ടമോ ഒന്നുമില്ല. കോട്ടമുണ്ടാകുന്നത് വേലുത്തമ്പിക്കു മാത്രമാണ്. അദ്ദേഹത്തിന്റെ ദളവാസ്ഥാനമാണ് നഷ്ടപ്പെടുന്നത്. മലബാറിൽ ഒരു സാധാരണ മനുഷ്യനായി അദ്ദേഹം ജീവിക്കേണ്ടിവരും. അത് അദ്ദേഹത്തിന് സ്വപ്നം കാണാൻകൂടി കഴിയുന്നതല്ല. അതുകൊണ്ട് അയാൾ റസിഡണ്ട് മെക്കാളെയ്ക്ക് എതിരായി നീങ്ങി വഞ്ചനയിലൂടെ മെക്കാളെയെ കൊല്ലാൻ ശ്രമിച്ചു. പരാജയപ്പെട്ടു. ആത്മഹത്യ ചെയ്യേണ്ടിവന്നു. അത് ദേശീയ സ്വാതന്ത്ര്യസമരത്തിനുവേണ്ടിയുള്ള സമരമായിരുന്നില്ല. വേലുത്തമ്പിയുടെ ദളവാസ്ഥാനത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള സമരമായിരുന്നു. അതാണ് തരകനും തമ്പിയുമായുള്ള വ്യത്യാസം.

നിലവിലിരിക്കുന്ന ഉടമ്പടിക്ക് അതീതമായി യാതൊരു മേധാവിത്വവും അനുവദിക്കരുത് എന്ന് തച്ചിൽ മാത്തുത്തരകൻ രാജാവിനെ ഉപദേശിച്ചത് മാത്തുത്തരകന്റെ സ്വന്തം താല്പര്യ സംരക്ഷണത്തിനുവേണ്ടിയായിരുന്നില്ല. പക്ഷെ അതുമൂലം രാജാവിന്റെ നടപടികളുടെ ഉത്തരവാദിത്വം ഇംഗ്ലീഷുകാരുടെ

ദൃഷ്ടിയിലെങ്കിലും ഏറ്റെടുത്തത് മാത്തുത്തരകനാണ്. അതുകൊണ്ട് തരകന് വളരെയേറെ നഷ്ടങ്ങളും ബുദ്ധിമുട്ടുകളുമുണ്ടായി. ഏറെനാൾ കാരാഗൃഹത്തിൽ കിടക്കേണ്ടി വന്നു. എങ്കിലും രാജ്യത്തിന്റെ സ്വതന്ത്രമായ നിലനിൽപ്പിനും രാജാധികാരത്തിന്റെ സംരക്ഷണത്തിനും അതുപ്രയോജനപ്പെട്ടു. 1805 മുതൽ 1948 വരെ തിരുവിതാംകൂർ രാജകുടുംബം നിലനിന്നത് അതുകൊണ്ടാണ്. പക്ഷെ ചരിത്രകാരന്മാർക്ക് മാത്തുത്തരകൻ അത്യാഗ്രഹിയും കൊള്ളക്കാരനുമാണ്. എന്ത് അത്യാഗ്രഹമാണ് തരകൻ കാണിച്ചത്, എന്തുകൊള്ളയാണ് തരകൻ നടത്തിയത് എന്നു മാത്രം പറയുന്നില്ല."

ഇവിടുത്തെ സവർണ്ണചരിത്രകാരന്മാർ രചിച്ച ചരിത്രമാണ് നാം പാഠപുസ്തകങ്ങളിൽക്കൂടി പഠിക്കുന്നത്. ആ ചരിത്രം പഠിച്ചവർക്ക് സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവുണ്ടാകണം. ചരിത്രഗവേഷണം നടത്തി സത്യം ഗ്രഹിക്കുവാൻ താല്പര്യമുണ്ടാകണം. ഇന്നും ബ്രട്ടീഷുകാർ കൊടുത്ത പട്ടുടയാടയും പടവാളും ധരിച്ച വേലുത്തമ്പിയെ സ്വപ്നം കാണുന്നവർ സത്യം ഗ്രഹിക്കുന്നതിന് ഈ ഗ്രന്ഥം സഹായകമായി തീരണമെന്നാണ് എന്റെ ആഗ്രഹം. ☆

## അനുബന്ധം 1

# കൊച്ചുമാത്തുത്തരകന്റെ ഹർജി

*(തച്ചിൽ കൊച്ചുമാത്തു ജയിലിൽ കിടന്നുകൊണ്ട് എഴുതിയ കത്ത് അതേരീതിയിൽ തന്നെയാണ് ഇവിടെ ചേർത്തിരിക്കുന്നത്. 1945–ലെ മലബാർ മെയിൽ തിരുനാൾ വിശേഷാൽ പ്രതിയിൽ ശ്രീ. എം.ഒ. ജോസഫ് നെടുംകുന്നും ഈ കത്ത് പ്രസിദ്ധീകരിച്ചിരുന്നു.)*

എത്രെയും പെരിയ ബഹുമാനപ്പെട്ട മതിരാശി മെൽ സമസ്ഥാനത്തെ ഗൊവർണ്ണമെന്തിൽ മഹാരാജ മാന്ന്യരാജശ്രീ ഗെവണർ ധൊര അവർകളുടെ ദെയാശീലത്ത്വമായ സമുക്ഷ്മത്തുങ്കലെയ്ക്കു

തിരുവാൻങ്കൊട്ട നാട്ടകത്ത കുത്തിയതൊട്ടുങ്കൽ കുടിയിരിക്കും നെസ്രാണി തച്ചിൽ തരിയത് കൊച്ചുമാത്തു (1) കൊച്ചി ജില്ല അദാലത്തു തടവിൽ നിന്നും എത്രെയും വളരെ വഴക്കത്തൊടെ എഴുതി ബോധിപ്പിക്കുന്ന സങ്കട അർജ്ജി എന്തന്നാൽ

ഒരു സങ്ങതി കൂടാതെ ഞെങ്ങൾ കൂട്ടത്തൊടെ ഏറെകാലമായിട്ട എറിയൊരു ഞെരുക്കങ്ങളും അപമാനങ്ങളും ദ്രെവ്യനാശങ്ങളും മനസുമുട്ടുകെളും വന്ന അനുഭവിച്ച ഞാനിപ്പൊൾ തടവിൽ കെടന്ന കൂട്ടത്തൊടെ വലയുന്നുവെന്ന സഹിക്കരുതാത്ത സങ്കടങ്ങൾ ബെഹുമാനപ്പെട്ട ധൊര അവർകെളുടെ സമുക്ഷ്മത്തുങ്കൽ ബൊധിപ്പിച്ചാൽ എന്റെ തടവ ഒഴിഞ്ഞ സങ്കടങ്ങളും കടങ്ങളും തീർപ്പിച്ച തന്ന രെക്ഷിക്കുമെന്നുള്ള വിശ്വാസഭക്തിയൊടും മുഴുവനായ ശരണത്തൊടും ഞാനിപ്പൊൾ ഇതിനു താഴെ എഴുതുന്ന ഞെങ്ങളുടെ സങ്കടങ്ങളായ സങ്ങതികൾ ഒക്കെയും ബെഹുമാനപ്പെട്ട ധൊര അവർകൾ ഉടയതമ്പുരാനെപ്രെതി വായിച്ച ബൊധിച്ച കൃപാകടാക്ഷമായിട്ട കല്പന തന്ന ഞെങ്ങളെ രക്ഷിക്കെണമെന്നും എത്രെയും വളരെ സഹിയ്ക്കരുതാത്ത സങ്കടത്തൊടെ വീണകെണ സാത്ത്യപ്പെട്ട അപെക്ഷിക്കുന്നു.

എന്നാൽ മുമ്പ ഒന്നാമത 943 മാമ്ട മുതൽക്ക തിരുവാൻങ്കൊട്ട തമ്പുരാൻ തിരുമനസിലെ സെവിച്ച എത്രെയും നല്ല വിശ്വാസമായ ഉപകാരസെവകനായിട്ട എന്റെ മുത്തപ്പൻ തച്ചിൽ മാത്തുത്തരകൻ

കച്ചവടങ്ങളും ചെയ്ത മാനമൊടെ നടന്നു പ്രെവൃത്തിച്ച വരുംപൊൾ എന്റെ മുത്തപ്പൻ കൂടെയല്ലാത്ത സങ്ങതിയിങ്കൽ തമ്പുരാന്റെ കല്പന എഴുതിയിരുന്ന കുഞ്ചുനീലൻപിള്ള സമ്പ്രതിപ്പിള്ള മുതൽപെരുടെയും കാർയ്യം പ്രെവൃത്തിമാറി പാർത്തിരുന്ന വെലുത്തമ്പി മുതൽ പെരുടെയും ശെതിവുകളെ കൊണ്ട 74 മാണ്ട മിഥുനമാസത്തിൽ നാട്ടുകാര കൂട്ടം കൂടിയാറെ മെലെഴുതിയവരെ പ്രെമാണമയ്ക്കൊണ്ട തമ്പുരാന്റെ തിരുമനസൊടെ മറതല ആയിട്ട പലകൂട്ടം കാര്യങ്ങളും പറകെയും പ്രെവൃത്തിയ്ക്കെയും ചെയ്തുകൊണ്ടും മെലെഴുതിയ സമ്പ്രതിപ്പിള്ളയും വെലുതമ്പിയും എന്റെ മുത്തപ്പന്റെ ശത്രുക്കൾ ആയിരിക്കകൊണ്ടും മെലെഴുതിയ നാട്ടുകാരുടെ കൂട്ടം പിരിയുവൊളവും എന്റെ മുത്തപ്പൻ മാറി നിക്കണമെന്നും പലരും പറഞ്ഞാറെ അപ്രെകാരം ചെയ്യുന്നത മാനത്തിന പൊരായെന്നും ബെഹുമാനപ്പെട്ട കുമ്പഞ്ഞിയിൽ ആശ്രെയിച്ചു നിന്നുകൊള്ളാമെന്നും എന്റെ മുത്തപ്പൻ നിശ്ചയിച്ച 8-നു (2) അഞ്ചുതെങ്ങിൽ ചെന്ന 9-നു റെസുദെന്തി ജോർചു വറിസായ്പ അവർകളുടമായിട്ട കണ്ട കാര്യസങ്ങതികൾ ഒക്കെയും ബൊധിപ്പിച്ചാറെ എന്റെ മുത്തപ്പന്റെ അപെക്ഷപ്രകാരം ഒക്കെയും റെസുദെന്തിസായ്പ അവർകെൾ സമ്മതിച്ച അനുവദിച്ച എന്റെ മുത്തപ്പനെ അവുടെത്തന്നെ പാർപ്പിച്ചുംവെച്ച ഞെങ്ങളുടെ കുഞ്ഞുകുട്ടികെൾ പാർത്തിരുന്ന തത്തംപുള്ളിലെ വീട്ടിന്റെ രക്ഷയ്ക്കു ആയിട്ട രണ്ട മുദ്ര ശിപായിനെയും കല്പിച്ച അയച്ച പാർപ്പിച്ചതിന്റെ ശെഷം മെലെഴുതിയ സങ്ങതിയിങ്കൽ എന്റെ മുത്തപ്പനെ കൂട്ടി അയയ്ക്കണെമെന്നുംവെച്ച തമ്പുരാന്റെ ആള ആയിട്ട മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെര ആളുകളെ അയച്ചാറെ ഒരു സമുശയവും വിജാരിക്കാതെ റെസുദെന്തിസായ്പ അവർകെൾ മെൽകല്പിച്ച പ്രെവൃത്തിച്ചത ഒക്കെയും ഉപെക്ഷിച്ച എന്റെ മുത്തപ്പനെ എറക്കി എൾപ്പിച്ച 12-നു കൊടുത്ത അയയ്ക്കകൊണ്ടും പിന്നത്തതിൽ രെക്ഷപെടുവാൻ ഒരു വഴിയില്ലാതെ 13-ാം തീയതി തിരുവനന്തപുരത്ത് ചെന്നാറെ കൃഷ്ണൻ ചെമ്പകരാമപ്പിള്ള ദളവ (3) അവർകെകൾ എന്റെ മുത്തപ്പനെ ആദെഹത്തിന്റെ മടത്തിൽ പാർപ്പിച്ച ഗുണത്തിന്ന അയിട്ട പ്രെയത്നം ചെയ്താറെ ആയ്തു ഒന്നും അനുസരിക്കാതെ മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെരും വേലുത്തമ്പി മുതൽ പെരും കൂടെ എന്റെ മുത്തപ്പനെ കൊല്ലണമെന്നും പറഞ്ഞ 14-നു കച്ചെരിയിൽ കൊണ്ട ചെന്ന വെദ്ധപ്പെടുത്തി പാർപ്പിക്കകൊണ്ട് 15-നു മെലുണ്ടായ കാര്യസങ്ങതികൾ ഒക്കെയും എന്റെ മുത്തപ്പന്റെ കൂടെ പാർത്തിരുന്ന പെരുമാപിള്ളെനെ പറഞ്ഞ അയച്ച റെസുദെന്തി മെജർ തെഡം അലെയ്ക്കസാന്തറവെണർവ്വൻ സായ്പ് അവർകളെയും ദുബാശി രാമലിങ്ങം

മുതലിയാരെയും (4) ബൊധിപ്പിച്ചാറെ വെണ്ടുവണ്ണം വിജാരിച്ചു രെക്ഷിച്ചു കൊള്ളാമെന്നും കല്പിച്ച അയച്ചതിന്റെ ശെഷം അപ്രെ കാരം വിജാരിയ്ക്കാഴികകൊണ്ടും മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെരും വെലുത്തമ്പി മുത്ലപെരും കൂടെ പത്തുനൂറായിരം (5) രൂപാ പെഴ ചെയ്യണമെന്നും പറഞ്ഞ അവരുടെ മനസ്സിൽ ബൊധിച്ച പ്രെകാരം ഒരു കച്ചീട്ട എഴുതി ഒണ്ടാക്കി 18–നു എന്റെ മുത്തപ്പനെ കൊണ്ട ഒപ്പിടുവിച്ച വാങ്ങിച്ചതിന്റെ ശെഷം 19–നു ആയ്ത വെണ്ടാ യെന്നും പറഞ്ഞ അവര എല്ലാവരും കൂടെ പൊറപ്പെട്ട എന്റെ മുത്ത പ്പന്റെ മാഭങ്ങം വരുത്തി ആരാച്ചാരെ എൾപ്പിപ്പാൻ സങ്ങതി വരി കെയും ചെയ്തു.

രണ്ടാമത മെലെഴുതിയ നാട്ടുകാരുടെ കൂട്ടം പിരിഞ്ഞതിന്റെ ശെഷം മെലുണ്ടായ അവസ്ഥകളും എന്റെ മുത്തപ്പൻ ആരാച്ചാരുടെ കല്ലറക്കളത്തിൽ കെടക്കുന്ന പ്രെകാരവും തമ്പുരാന്റെ തിരുമനസറി ഞ്ഞാറെ വെഗത്തിൽ എന്റെ മുത്തപ്പനെ വീട്ടിൽ അയച്ച പാർപ്പിച്ച ദെണ്ണത്തിനു വെണ്ടുന്ന ശികിത്സ ചെയ്യിപ്പിക്കത്തെക്കവണ്ണം കല്പന ഒണ്ടായതിന്റെ ശെഷം മെലെഴുതിയ സമ്പ്രതിപ്പിള്ള മുതൽപെര പാറാ ക്കാരെകൂടെ ആക്കി മെലെഴുതിയ മാസം 23–നു എന്റെ മുത്തപ്പനെ വീട്ടിൽ പാർപ്പിച്ചിരിക്കുമ്പൊൾ സർക്കാരകാര്യങ്ങൾ പ്രെമാണമായിട്ട വിജാരിക്കുന്നതിന ആക്കിയ അയ്യപ്പൻ ചെമ്പകാരാമപ്പിള്ള വല്യ സർവ്വാധികാര്യക്കാരര(6) നാനൂറായിരം രൂപാ പെഴ ചെയ്യണമെന്നും പറഞ്ഞ ആ ദെഹത്തിന്റെ മനസിൽ ബൊധിച്ച പ്രെകാരം ഒരു കച്ചീട്ട എഴുതി ഒണ്ടാക്കിച്ച എഴുപത്തയ്യാമാണ്ട ശിങ്ങമാസം 1നു–എന്റെ മുത്തപ്പനെക്കൊണ്ട ഒപ്പിടുവിച്ച വാങ്ങിച്ച ആ വകക്ക ഞെരുക്കങ്ങൾ ചെയ്യിപ്പിച്ച നൂറായിരത്തി ശില്ലവാനം രൂപാ വാങ്ങിച്ചാറെ അപമാന ത്തിനും പെഴയ്ക്കും ഒന്നിനും ഒരു സങ്ങതിയില്ലായെന്നും തമ്പുരാൻ തിരുമനസുകൊണ്ട കല്പിച്ച പെഴയ്ക്ക ആയിട്ട എന്റെ മുത്തപ്പനെ കൊണ്ട ഒപ്പിടുവിച്ച വാങ്ങിച്ചിരുന്ന കച്ചീട്ട രണ്ടും വൃശ്ചികമാസം 24–നു തിരിയെ തരുവിച്ച എന്റെ മുത്തപ്പനെയും എന്നെയും തമ്പുരാൻ തിരുമനസകൊണ്ടുതന്നെ കല്പിച്ച അയച്ചതിന്റെശെഷം പിന്നത്തതിൽ ഇരുനൂറായിരം രുപാ പെഴ ചെയ്യണമെന്നും മെലെഴു തിയ അയ്യപ്പൻ ചെമ്പകരാമപ്പിള്ള വല്യസർവ്വാധികാര്യക്കാരര പറഞ്ഞ മെൽവാങ്ങിച്ച രൂപാ കൂടാതെ ശെഷം രൂപാ റാണുകെൾക്കു ശമ്പളംവകക്ക വക കൊടുത്ത അവരെക്കൊണ്ട എന്റെ മുത്തപ്പനെ മനസമുട്ടിപ്പിച്ച നൂറായിരത്തി എൺപതിനായിരം രൂപായോളം പിന്നെയും വാങ്ങിക്കകൊണ്ട രണ്ടാം ഊഷം എഴുപത്താറാമാണ്ട വൃശ്ചികമാസത്തിൽ പെഴയ്ക്കും അപമാനത്തിനും ഒന്നിനും ഒരു

സങ്ങതിയില്ലായെന്നുള്ള സാക്ഷിത്ത്വത്തിന്റെ ഒറപ്പിന്ന ആയിട്ട തമ്പുരാൻ തിരുമനസകൊണ്ട കല്പിച്ച പൊന്നുകൊണ്ടരണ്ട ചെവി ഒണ്ടാക്കിച്ച 27നു–(7) മാനമായിട്ട എന്റെ മുത്തപ്പന കൊടുത്ത പെഴയ്ക്കെന്നും പറഞ്ഞ നൂറായിരത്തി എൺപതിനായിരം രൂപാ യൊളം വാങ്ങിച്ചിരിക്കുന്നത സർക്കാരിൽ നിന്നും എന്റെ മുത്തപ്പനെ തിരിയെ തരത്തക്കവണ്ണം സർക്കാരകാര്യങ്ങൾ പ്രെമാണമായിട്ട വിജാരിച്ചിരുന്ന പത്മനാഭൻ ചെമ്പകാരാമപ്പിള്ള വല്യസർവ്വാധി കാര്യക്കാരൊട(8) തമ്പുരാൻ തിരുമനസിലെ കല്പന ഒണ്ടാകെയും അപ്രെകാരം ആ ദെഹവും ശെഷം കാര്യസ്ഥന്മാരും സമ്മതിച്ച അനുവദിച്ച നടന്നു പൊരികയും ചെയ്തു.

മൂന്നാമത അറുപത്തയ്യാമാണ്ട മുതൽ എഴുപത്താറാമാണ്ട വരെ മെലെഴുതിയ സർക്കാരവക തിരുനാൾ തിരുവൻതെളി തിരുമാസം ഇരണ്യഗെർപ്പദാനം തുലാവർഷദാനം മൊറജെപം പൂജ അടിയന്തിരം കൊട്ടാരംപണി റാണചെലവ വർത്തകക്ക കടംവീട്ട വക ഉൾപ്പെടെ അടിയന്തിരചെലവ വകക്ക രൂപാ ആയിട്ടും പണം ആയിട്ടും നെല്ല ആയിട്ടും അരി ആയിട്ടും മററു പല വകകൾ ആയിട്ടും ഞെങ്ങളുടെ കയ്യിൽ നിന്ന ആയിട്ടും പലരൊടും കടം വാങ്ങിച്ചിട്ട ആയിട്ടും പലർക്കും ജാമ്യം ഏററുകൊടുത്തിരിക്കുന്നത ആയിട്ടും എന്റെ മുത്തപ്പൻ സർക്കാരവകക്ക ആയിട്ട കൊടുത്തിരിക്കുന്ന വകയിൽ പതിനാലുനൂറായിരം രൂപായിലധികം സർക്കാരിൽ നിന്നും ഞെങ്ങ ൾക്ക വരുവാനുണ്ടാകകൊണ്ടും മെലെഴുതിയ കടക്കാരുടെ ശൊദ്യം എന്റെ മുത്തപ്പനൊടു വരികകൊണ്ടും ആ സങ്കടങ്ങൾ എന്റെ മുത്ത പ്പൻ തമ്പുരാന്റെ തീരുമനസ അറിവിച്ചാറെ ഒന്നാമത്തെ സങ്ങതിയിൽ എഴുതിയിരിക്കുന്ന വെലുത്തമ്പിയെ സർക്കാരകാര്യങ്ങൾ പ്രെമാണമായിട്ട വിജാരിക്കത്തക്കവണ്ണം വല്യസർവാധികാര്യമായിട്ട ആക്കിയിരിയ്ക്കകൊണ്ട ആ ദെഹത്തിനൊടും ശെഷം കാര്യസ്ഥൻ മാരൊടും ഞെങ്ങളുടെ കണക്കുകെൾ നെരുപോലെ വിസ്ഥരിച്ച തീർത്ത തരത്തക്കവണ്ണം തമ്പുരാന്റെ കല്പന ഒണ്ടാകകൊണ്ടും അപ്രെകാരം എഴുപത്തെഴാമാണ്ട കന്നിമാസം മുതൽക്ക വെലുത്തമ്പി വല്യസർവാധികാര്യക്കാരരും ശെഷം കാര്യസ്ഥന്മാരും കൂടെ കച്ചെരിയിലും കരവെലപെരയിലും പല ദിവസമായിട്ടിരുന്ന ഒരൊരൊ തുകകെൾ ആയിട്ട വിസ്ഥരിച്ചവരുമ്പൊൾ എട്ടുനൂറായിരം രൂപായൊളം ഞെങ്ങൾക്കു വരുവാനുള്ള പ്രെകാരം തർക്കം തീരുകയും ശെഷം തുകകൾ വിസ്ഥരിച്ചവരികയും ചെയ്യുമ്പൊൾ എഴുപത്തെട്ടാമാണ്ട മീനമാസം 7നു–വെലുത്തമ്പി വല്ല്യസർവാധി കാര്യക്കാർക്ക ദെളകർത്തം (9) കല്പിച്ച കൊടുത്തിതിന്റെശെഷം

പിന്നത്തതിൽ ഞെങ്ങളുടെ കണക്കുകൾ കെൾപ്പാനും തീർപ്പാനും സങ്ങതി വരുത്താഴികകൊണ്ടും മെലെഴുതിയ കടക്കാര സഹിച്ചു കൂടാത്തതിൻവണ്ണം എന്റെ മുത്തപ്പനൊടു ശൊദ്യപ്പെടുകകൊണ്ടും എഴുപത്തൊൻപതാമാണ്ട വൃശ്ചികമാസം 10–നു സർക്കാരവകയിൽ നിന്നും എഴുതി തന്നിരിക്കുന്ന ആധാരങ്ങൾ ഒക്കെയും എന്റെ മുത്തപ്പൻ തമ്പുരാന്റെ തിരുമുമ്പിൽ കൊണ്ടുചെന്നുവച്ച സർക്കാരിൽ നിന്നും ഞെങ്ങൾക്കു വരുവാനുള്ള രൂപാ ഞായംപറഞ്ഞ ചെരി ആയിട്ട വാങ്ങിക്കണമെന്നു എന്റെ മുത്തപ്പന്റെ മനസിൽയില്ലായെന്നും തമ്പുരാന്റെ തിരുമനസ ഒണ്ടായിട്ടു കല്പിച്ചു ഞെങ്ങളുടെ കടങ്ങൾ ഒക്കെയും സർക്കാരിൽ നിന്നും വീട്ടിച്ചു രെക്ഷിച്ചു കൊണ്ടാൽ മതിയെന്നും എന്റെ മുത്തപ്പൻ എറിയ സങ്കടങ്ങളായിട്ട തിരുമനസ അറിവിച്ചാറെ പിതൃകർമ്മങ്ങൾക്കും പുണ്യഫലങ്ങൾ സിദ്ധിക്കെണ്ടുന്നതിനും മററത്ത്യാവശ്യങ്ങൾക്കും ഞെങ്ങളൊടു സർക്കാരിൽ വാങ്ങിച്ചിരിക്കുന്ന രൂപാ ആകകൊണ്ട ആയതു നെരുപോലെ തീർത്ത ചെരി ആയിട്ട തരാഞ്ഞാൽ പുണ്യത്തിനും മാനത്തിനും പൊരായെന്നും തമ്പുരാൻ തിരുമനസുകൊണ്ട കല്പിച്ച ആധാരങ്ങളും തിരിയെ തന്ന ഞെങ്ങളുടെ കണക്കുകെൾ വെഗത്തിൽ തീർത്തു തരത്തക്കവണ്ണം വെലുത്തമ്പിദളവായൊടു രണ്ടാം ഊഷം എത്രെയും താല്പിരിയമായിട്ട തമ്പുരാന്റെ കല്പന ഒണ്ടായാറെ പിന്നെയും ദളാവാ കണക്കുകെൾ തീർത്ത തരാതെ എന്റെ മുത്തപ്പനെ തിരുവനന്തപുരത്തനിന്നും അയപ്പാനുള്ള വഴി വിജാരിക്കകൊണ്ട ആ അവസ്ഥ എന്റെ മുത്തപ്പൻ പത്മനാഭൻ ചെമ്പകരാമപ്പിള്ളയൊടു പറഞ്ഞയച്ച തമ്പുരാന്റെ തിരുമനസ അറിയിച്ചാറെ ധനുമാസം 25–നു കാലത്ത എന്റെ മുത്തപ്പനും ഞാനും തമ്പുരാന്റെ തിരുമുമ്പിൽ ചെല്ലണമെന്നും വെച്ച ആള വരികകൊണ്ട അപ്രെകാരം ഞെങ്ങൾ തിരുമുമ്പിൽ ചെന്നാറെ മകരമാസം 1–നു ലെക്ഷദീപം കഴിഞ്ഞ ഒടനെ തമ്പുരാന്റെ തിരുമുമ്പിൽ വച്ചതന്നെ കണക്കുകൾ ഒക്കെയും നെരുപോലെ തീർത്തുതരാമെന്നും ദളവാ പറയുന്നതിനെ പ്രമാണിച്ച ഭയപ്പെട്ട പൊകെണ്ടായെന്നും തമ്പുരാൻ തിരുമനസകൊണ്ട കല്പിച്ച ഞെങ്ങളെ അയച്ചതിന്റെ ശെഷം ആ അവസ്ഥ ദളവാ അറിഞ്ഞാറെ എത്രെയും വളരെ ദെഷ്യപ്പെട്ട ഒരു മറയും മടിയും ഭയവും കൂടാതെ എന്റെ മുത്തപ്പനെ തമ്പുരാന്റെ തിരുമുമ്പിൽ ചെന്ന സങ്കടങ്ങൾ തിരുമനസറിവിപ്പാനും തിരുവനന്തപുരത്ത പാർപ്പാനും വഹിയാ എന്നും കൊല്ലത്തിന്ന തെക്കൊട്ടയ്ക്കു ചെന്നാൽ കൊല്ലുമെന്നും ദളവാ പറഞ്ഞ വിരവധിച്ച അരിക്കാരെക്കൂടെ കൂട്ടി 27–നു എന്റെ മുത്തപ്പനെ കൊല്ലത്ത കൊണ്ടുവന്ന ആക്കകൊണ്ട ഞെങ്ങൾ

സങ്കടപ്പെട്ട പെടിച്ച വീട്ടിൽ പൊന്ന ഒന്നിനും പൊകാതെ പാത്തുപൊരികെയും ചെയ്തു.

നാലാമത മെലെഴുതിയ പ്രെകാരം ഞെങ്ങൾ വീട്ടിൽ പാർത്തിരിക്കുമ്പോൾ ഒരു സങ്ങതി കൂടാതെ മെലെഴുതിയ ദളവാ എന്റെ മുത്തപ്പനെയും എന്നെയും പിടിച്ച പാറാവിൽ ആക്കി ഒരു ദിവസത്തിൽ ഒരിക്കൽ അസ്ഥമിക്കുമ്പൊൾ ഊട്ടുപെരയിൽ നിന്നും സർവ്വാണിയ്ക്കു വെയ്ക്കുന്ന ചൊറെ ഞെങ്ങൾക്കു തിന്മാൻ കൊണ്ടുവന്നു തരാവുവെന്നും അല്ലാതെ ഒരു വസ്തുവും ഞെങ്ങൾക്കു തിന്മാൻ തന്നുകൂടായെന്നും ഞെങ്ങളുടെ അടുക്കൽ ഒരുത്തരും വന്നുകാണുവാനും പറവാനും എഴുതുവാനും വഹിയായെന്നും വിററില തിന്നുകയും പായും തലവണയും വിരിച്ചു കെടക്കുകെയും മുണ്ട മാറുകെയും കുളിയ്ക്കെയും ഇങ്ങനെ ഞെങ്ങൾക്കു വെണ്ടുന്നതിൽ ഒന്നും തിന്മാനും പ്രെവൃത്തിപ്പാനും വഹിയായെന്നും ഇടവമാസം 1നു-കാവൽകാർക്കു കല്പനകൊടുത്ത ഞെങ്ങൾക്കു സഹിയ്ക്കാൻ വഹിയാത്തവണ്ണം ഒള്ള ഞെരുക്കങ്ങൾ പലകൂട്ടവും ചെയ്ത ഞെങ്ങളുടെ വക ആയിട്ടും തറവാട്ടിൽ കുഞ്ഞുകുട്ടികളുടെ വക ആയിട്ടും എഴുപത്തിരണ്ടായിരത്തി ശില്ലുവാനം രൂപാടെ ആഭരണങ്ങൾ ഒണ്ടായിരുന്നത ഒക്കെയും വാങ്ങിച്ച അതിൽ ഏതാനും ഉരുക്കി ചെതം വരുത്തിയും ഉരുക്കുന്നെടുത്തു കളഞ്ഞും കൊറഞ്ഞ വെലവെച്ച എടുക്കെയും ഏതാനും ഒന്നുക്ക കാവാശി വെലവെച്ച ദളവായ്ക്കു ബൊധിച്ചവരുടെ പെരുവെച്ചവിയ്ക്കകെയും ചെയ്ത എല്ലാംകൂടെ മുപ്പത്തി ഏഴായിരത്തിശില്ലുവാനം രൂപാ ആയിട്ട വെലവെച്ച എടുത്തതിന്റെ ശെഷം ആയതു പോരായെന്നും ഇരുനൂറായിരം രൂപാ പെഴ ചെയ്യണമെന്നും പറഞ്ഞ പിന്നെയും ശരക്കുകൾ ഒന്നുക്ക പാതി വെലവെച്ച വിപ്പിച്ച ഇരുപത്താറായിരത്തി ശില്ലുവാനം (10) രൂപാടെ നാണിഭങ്ങൾ വാങ്ങിച്ച ഞെങ്ങൾക്കു സർക്കാരിൽ നിന്നും തരുവാനുള്ള രൂപായിൽ നൂറായിരം രൂപാ ഞെങ്ങൾ പററിയ പ്രെകാരം ഒരു പററുശീട്ടും ഇരുനൂറായിരം രൂപാ പെഴചെയ്യണമെന്നും വെച്ച ഒരു കച്ചീട്ടും ദളവാടെ മനസിൽ ബൊധിച്ച പ്രെകാരം എഴുതി ഒണ്ടാക്കിച്ച എന്റെ മുത്തപ്പനെക്കൊണ്ട ഒപ്പിടുവിച്ച വാങ്ങിച്ച മിധുനമാസം 24-നു എന്റെ മുത്തപ്പനെയും എന്നെയും വിട്ടയയ്ക്കുക കൊണ്ടു ഞെങ്ങൾ എത്രെയും വളരെ സങ്കടത്തൊടെയും ഭയത്തൊടെയും വീട്ടിൽ പൊന്ന പാർത്തിരിക്കുമ്പൊൾ സർക്കാര വകയ്ക്കു വെണ്ടി എന്റെ മുത്തപ്പൻ നവറൊശിക്ക എററു കൊടുത്തിരുന്ന വിരാകൻ സർക്കാരിൽ നിന്നും കൊടുക്കാതെ റെസുദെന്തി കർണ്ണെൽ കൊലിൻ മക്കാളി സായ്പ (11) അവർകളുടെ കല്പനകൂടെ ഒണ്ടായിട്ട

രാമലിങ്ങം മുതലിയാരുംകൂടെ കൂടി എൺപതാമാണ്ട മീനമാസം മുതൽക്ക എറിയൊര അവമാനങ്ങളായിട്ട ഒക്കെയും പറകെയും കാണിയ്ക്കെയും ചെയ്ത എന്റെ മുത്തപ്പനെ പിടിച്ച പാറാവിൽലാക്കി മനസമുട്ടിച്ച ഞെങ്ങളുടെ വക ആയിട്ട ഒണ്ടായിരുന്ന ശരക്കുകളും വസ്തുക്കളും കപ്പലും ഒന്നുക്ക പാതി വെലക്ക വിപ്പിച്ച 81 മാണ്ട മീനമാസം 8 വരെ ആ വക കടവും ഞെങ്ങളെക്കൊണ്ടതന്നെ വീട്ടിച്ച വിട്ടയയ്ക്കുകയും ചെയ്തു.

അഞ്ചാമത് 75 മാണ്ട് കർക്കെടകമാസം 23-നു അനന്തപത്മ നാഭൻ പുന്തുറവെച്ചും 80-മാണ്ട കുംഭമാസം 27-നു കൊല്ലത്ത തങ്കച്ചെരിയിൽവെച്ചും റെസുദന്തി കർണ്ണെൽ കൊലിൻ മക്കാളി സായ്പ അയച്ചതിന്റെ ശെഷമായിട്ട 81 മാണ്ട മെടമാസം 20-നു എന്റെ മുത്തപ്പന്റെ അനുജൻ മല്പാനച്ചനെ(12) മക്കാളിസായ്പ അവർകെൾ ആള അയച്ച പൊഞ്ഞിക്കരെ കൂട്ടിച്ചുംകൊണ്ട പോയി മൂന്നാമത്തെ സങ്ങതിയിൽ എഴുതിയിരിക്കുന്ന സർക്കാരും ഞെങ്ങളുമായിട്ട ഒള്ള കണക്കുകൾ നെരുപോലെ വിസ്ഥരിച്ച തീർത്ത രൂപാ ചെരി ആയിട്ട വാങ്ങിച്ച തരാമെന്നും എന്റെ മുത്തപ്പനെയും കൂട്ടിച്ചുംകൊണ്ട ചെല്ലണമെന്നും ഏറിയൊരു ഗുണങ്ങളായിട്ട ഒക്കെയും മക്കളി സായ്പ അവർകെൾ മല്പാനച്ചനൊടു കല്പിച്ച അയച്ചാറെ മെലെഴുതിയ സങ്ങതികളെക്കൊണ്ട പിന്നെയും എന്റെ മുത്തപ്പൻ ഭയപ്പെട്ട അപ്രെകാരം ചെല്ലാത്തതിന്റെ ശെഷം മിധുനമാസത്തിൽ ദളവാ വരാപ്പുഴ പള്ളിയിൽ മക്കാളി സായ്പ അവർകളെ കാണുന്നതിന്ന വന്നാറെ സർക്കാരിൽ നിന്നും ഞെങ്ങൾക്ക എഴുതി തന്നരിക്കുന്ന ആധാരങ്ങൾ ഒക്കെയും എന്റെ മുത്തപ്പനെ കൊണ്ടതന്നെ വരുത്തി ദളവാ 13-നു എന്റെ മുത്തപ്പനെ മക്കളിസായ്പ അവർകളെ എല്പിച്ചുംകൊണ്ട സർക്കാരും ഞെങ്ങളുമായിട്ട ഒള്ള കണക്കുകൾ മക്കാളി സായ്പ അവർകെളുടെ അടുക്കൽവെച്ച വിസ്ഥരിച്ച തീർക്കണമെന്നും വെണ്ടുവെണ്ണം ദളവാ പറഞ്ഞും കൊണ്ട പൊയതിന്റെശെഷം മക്കാളി സായ്പ അവർകെൾ എറിയൊരു ഗുണങ്ങളായിട്ടും തെകവായിട്ടും ഞെങ്ങളൊടു പല കൂട്ടങ്ങളും കല്പിക്കുകെയും ഞെങ്ങൾ പല കൂട്ടം സങ്കടങ്ങൾ ബൊധിപ്പിക്കുകയും ചെയ്ത വെണ്ടുംവണ്ണം ആയിട്ട നടന്നുവരുമ്പോൾ 82 മാണ്ട തുലാമാസം 4-നു ദളവാ പൊഞ്ഞിക്കരവന്ന മക്കാളിസായ്പ അവർകളെ കണ്ടുംകൊണ്ട പൊയതിന്റെശെഷം ഞെങ്ങളുടെ കാര്യങ്ങൾ വിജാരിച്ചു നടക്കുന്നവരെ ഒക്കെയും ദളവാ ഭയത്തിലും നയത്തിലും സ്വാധീനമാക്കുകെയും അതിൽ മെലെഴുതിയ കാര്യസങ്ങതികൾ അറിഞ്ഞിരിക്കുകെയും മുൽ ശുമതല പലവകെകളും ഞങ്ങളോടെ

ഉത്തരിക്കെയും ചെയ്യെണ്ടുന്നവരെ ഒക്കെയും ദളവായ്ക്കു സാധീന മായിട്ട പൊറപ്പെടുകയും അവർക്ക ഒക്കെയും ദളവാ ഗുണങ്ങൾ ചെയ്തുകൊടുക്കെയും ഞെങ്ങൾ പറയുന്നതിനെ കെൾപ്പാൻ ഭയപ്പെട്ട ആരും ഇല്ലാതെ വന്നിരിക്കെയും ചെയ്യുമ്പൊൾ രാത്രികാല ങ്ങളിൽ ആളറിയിക്കാതെ ഞെങ്ങളെ കൊല്ലണമെന്നുംവെച്ച ദളവാ രഹസ്യത്തിലെ ആളുകളെ അയയ്ക്കെയും ഞെങ്ങൾ പ്രാണഭയ ത്തൊടെ സങ്കടപ്പെട്ട നടക്കുകെയും മക്കാളി സായ്പ അവർകെൾ ഒക്കെയും നിദാനം വരുത്തി തരാമെന്നും കല്പിച്ച വരികെയും ചെയ്യു മ്പൊൾ ജൊർചു യൂസ സായ്പ അവർകെളും രാമലിങ്ങം മുതലി യാരും താണുവൻ ചെമ്പകരാമപ്പിള്ള സർവ്വാധികാര്യക്കാരരും വയ്കത്തു പത്മനാഭപിള്ളയും ഞെങ്ങളുടെ ആളുകെളാൽ ദളവാ യ്ക്കു സ്വാധീനമായവരിൽ ശങ്കരപിള്ളെയും പെരുമാപ്പിള്ളെയും മുത്തുവൈരൻപിള്ളെയും കൊച്ചിട്ടി കുരുവിളയും ഊക്കൻ തൊമായും ചാവടി പൈലൊയും കൂടെ പൊഞ്ഞിക്കരെവെച്ച മകരമാസം 1-ന്(13) മുതൽ കണക്ക നൊക്കുകയും കെൾക്കുകയും എന്റെ മുത്തപ്പൻ പറയുന്നതിന്റെ ശെഷമായിട്ട വയ്ക്കത്തെ പത്മനാഭപിള്ള വാക്ക അസഭ്യങ്ങൾ പറകെയും 6-നുമക്കാളി സായ്പ അവർകെൾകൂടെ വന്നിരുന്ന എല്ലാവരെയും കല്പിച്ച അയയ്ക്കു കെയും ചെയ്തതിന്റെശെഷം പിന്നെത്തതിൽ ഞെങ്ങളുടെ വക തത്തംപുള്ളിലെ വീടു പൊളിപ്പിക്കുന്നതിന ദളവാ ആനകളെ വരുത്തുകയും കുഞ്ഞുകുട്ടികളെ ഒക്കെയും മാവെലിക്കരെ കൊട്ടക്ക കത്ത കൊണ്ട ചെന്ന പാർപ്പിക്കണമെന്നും ദളവാ പറഞ്ഞ പൊറ പ്പെടുകയും ആയ്തകെട്ട ഞങ്ങൾ പരിഭ്രമിച്ച മക്കാളി സായ്പ അവർ കളെ ബൊധിപ്പിപ്പാൻ ചെന്നാറെ കണ്ട പറയാൻ സമയമില്ലെന്നു വരികകൊണ്ട 10-നു കൊടുങ്ങല്ലൂർ ചെന്ന ജൊമിസഭ്യന്മത്ത (14) സായ്പ അവർകളെ കണ്ട എന്റെ മുത്തപ്പൻ സങ്കടങ്ങൾ ബൊധിപ്പി ക്കെയും ചെററുവാ മണപ്പുറത്തെ പാപ്പിനവട്ടത്ത എന്ന ദെശത്തെ കമ്പഞ്ഞിപ്പാട്ടത്തിൽ ഒരു വീടിന്ന സ്ഥലം തരാമെന്നും അവിടെ പാർത്തുകൊള്ളത്തക്കവണ്ണവും അനുകൂലമായിട്ട കല്പന തരി കെയും ചെയ്തുകൊണ്ട 11-നു ഞാൻ കുത്തിയതൊട്ടുങ്കൽ നിന്നും കുഞ്ഞുകുട്ടികളെയും കൂട്ടിച്ചു കൊണ്ട കുടി പൊറപ്പെട്ടുപൊയി ചെററുവാ മണപ്പുറത്ത ചെന്ന പാർപ്പാൻ സങ്ങതിവരികെയും ചെയ്തു.(15)

ആറാമത മെലെഴുതിയ പ്രെകാരം ഞെങ്ങൾ കൂട്ടത്തൊടെ പെടിച്ചും സങ്കടപ്പെട്ടും കുടി പൊറപ്പെട്ട ചെന്ന ചെററുവാ മണപ്പുരത്ത പാർത്തിരിക്കുമ്പൊൾ മെലെഴുതിയ ആണ്ട കുംഭമാസം 15നു-എന്റെ

മുത്തപ്പനെ മക്കാളി സായ്പ അവർകെൾ ആളു അയച്ചു പൊഞ്ഞിക്കരെ കൂട്ടിച്ചുംകൊണ്ട പൊകയും അവുടെ ചെന്നാറെ കാമാനും പറവാനും സങ്ങതി വരുത്താതെ പാർപ്പിക്കെയും കുഞ്ഞുകുട്ടികളെ ഒക്കെയും കുത്തിയതൊട്ടുങ്കൽ തന്നെ അയച്ച പാർപ്പിക്കണമെന്നും കല്പിച്ച അയക്കെയും റെവൻ ഡാക്കുത്തെർ ക്ലൊടീസ ബുക്കാന(16) സായ്പ അവർകെൾ ഞെങ്ങൾക്കു സഹായമായിട്ട കുടദാസ തരികെയും ആയ്ത മക്കാളി സായ്പ അവർകെൾക കൊടുപ്പിച്ചാറെ എത്രെയും വളരെ ദെഷ്യപ്പെട്ട എന്റെ മുത്തപ്പനെ ദളവാടെ കയ്യിൽ പിടിച്ചു കൊടുത്ത കൊല്ലിക്കുമെന്ന കല്പിച്ച പ്രെകാരം കെട്ട പ്രാണഭയത്തൊടെ പാർക്കുകെയും ചെയ്യുമ്പൊൾ 27-നു ഇങ്കിരെശ എഴുത്തിൽ ഒരു കടുദാസ കണക്കു മക്കാളിസായ്പ അവർകെളുടെ കല്പനക്ക റയിഷ്ടര ജാഞ്ചി തുപ്പായി എന്റെ മുത്തപ്പന്റെ പററിന കൊണ്ടുവന്ന കൊടുത്ത വായിപ്പിച്ച നൊക്കുവാൻ കല്പനയെന്ന പറഞ്ഞെച്ച പൊകയും ആയ്ത വായിപ്പിച്ചു നൊക്കിയാറെ വെണ്ടുംവണ്ണം വിവരമായിട്ട ഒന്നും അറിവാൻ പാടില്ലാതെയും പതിനാലു നൂറായിരം രൂപായിലകം ഞെങ്ങൾക്കു വരുവാനുള്ളത എൺപത്തയ്യായിരത്തിശില്ലുവാനം രൂപാ ആയിട്ട തീർത്തപ്രെകാരവും മുമ്പിലത്തെപ്പൊലെതന്നെ ഞെങ്ങൾ സർക്കാര കുടിയാനെന്നും ബെഹുമാനപ്പെട്ട ബ്രിഷടിസ ഗൊവർണ്ണമെന്തിന്റെ സമൂക്ഷമത്തിൽ സാക്ഷിത്വമായിട്ട കടുദാസ കാണുകെയും ചെയ്താറെ പ്രാണഭയം കൊണ്ട ഒന്നും പറവാനും പ്രവൃത്തിപ്പാനും വഹിയാതെ കൂട്ടത്തൊടെ എത്രെയും വലിയ സഹിക്കാത്ത പ്രാണസങ്കടത്തൊടെയിരിക്കുമ്പൊൾ മിധുനമാസം 10-നു എന്റെ മുത്തപ്പനും മൽപ്പാനച്ചനും ഞാനും സർക്കാരിൽ നിന്നും എഴുതിതന്നിരിക്കുന്ന ആധാരങ്ങളും എടുത്തുംകൊണ്ട ചെററുവായിൽ ചെല്ലണമെന്നും മക്കാളി സായ്പ അവർകെളുടെ കല്പന ഒണ്ടാകയും ഭയപ്പെട്ട ഞെങ്ങൾ പെർപ്പുകൾ എഴുതി എടുത്തുംകൊണ്ട ആധാരങ്ങളും കൊണ്ട ചെല്ലുകെയും മക്കാളി സായ്പ അവർകെൾ ഞെങ്ങളൊടു ആധാരങ്ങൾ വാങ്ങിച്ചുംകൊണ്ട ഞാൻ കൊല്ലത്ത ദളവാടെ അടുക്കൽ ചെന്ന കണക്ക തീർത്ത രൂപായും വാങ്ങിച്ചുകൊണ്ട വരണമെന്നും കല്പിച്ചാറെ നെലയില്ലാത്ത സങ്കടത്തൊടെയും ഭയത്തൊടെയും ഞെങ്ങളെ രെക്ഷിച്ചുകൊള്ളണമെന്നും മൂന്നാമത്തെ സങ്ങതിയിൽ കണക്കുകൾ കെട്ടിരിക്കുന്നപ്രെകാരം സങ്കടങ്ങൾ പലകൂട്ടവും ഞെങ്ങൾ ബൊധിപ്പിക്കുകെയും അതിന്റെശെഷം ഞെങ്ങളുടെ കാര്യങ്ങൾ ഒക്കെയും വെണ്ടുംവണ്ണം മക്കാളിസായ്പ അവർകെളുടെ ഉദ്യൊഗപൊസ്ഥകത്തിൽ എഴുതിയിട്ടും ബെഹുമാനപ്പെട്ട

ഗൊവർണ്ണമെന്തിൽ ബൊധിപ്പിച്ചിട്ടും ഒണ്ടെയെന്നും മക്കാളിസായ്പ അവർകെൾ പൊയാലും ആ ഉദ്യെഗത്തിൽ വരുന്നവര ഞെങ്ങളെ പ്രത്യേകമായിട്ട വിജാരിച്ച അധികം മാനവിശ്വാസത്തൊടെ നടത്തി രെക്ഷിക്കുമെന്നും ഒന്നാമത്തെ സങ്ങതിയിൽ ഒണ്ടായ അവസ്ഥകൾ കൊണ്ടും കൊല്ലത്ത ഞാൻ ചെന്നാൽ ഡാക്കുത്തെര കെനിത്ത മക്കാളിസായ്പ അവർകെളും കൂടെയിരുന്ന മൂന്നാമത്തെ സങ്ങതി യിൽ കെട്ടപ്രകാരം വിസ്മരിച്ച് തീർത്തുതരുമെന്നും മെക്കാളിസായ്പ് അവർകൾ മുഖാന്തിരത്തിൽ ഒരഒടമ്പടി ചെയ്തിട്ടുണ്ടയെന്നും ദളവായ്ക്കു മുമ്പിലത്തെപൊലെ ഒന്നും ഇപ്പൊൾ ചെയ്തുകൂടാ യെന്നും ഒന്നുകൊണ്ടും പെടിക്കയും സങ്കടപ്പെടുകയും ചെയ്യണ്ടാ യെന്നും ഇങ്ങനെ എറിയൊരു വിശ്വാസമായിട്ടും മവത ആയിട്ടും പല കൂട്ടങ്ങളും മക്കാളി സായ്പ അവർകെൾ ഞെങ്ങളൊടു കല്പിച്ചും വെച്ച സർക്കാരിൽ നിന്നും എഴുതി തന്നിരിയ്ക്കുന്ന ആധാരങ്ങളും ഡാക്കുത്തെര മക്കാളി സായ്പ അവർകെൾക്ക കടുദാസും എഴുതി കൊടുത്ത ശിന്നകണ്ണപ്പിള്ള അരിക്കാരനെ കൂട്ടി എന്നെ കൊല്ലത്ത അയയ്ക്കുകെയും ഞെങ്ങൾ ആയ്ത ഒക്കെയും നല്ല നെരെയെന്നു വിശ്വസിച്ച 25-നു ഞാൻ കൊല്ലത്ത് പൊകയും ചെയ്താറെ ഡാക്കുത്തെര കെനിത്ത മക്കാളിസായ്പ അവർകെൾ എന്നെ ദളവാടെ അടുക്കൽ കൊണ്ടു ചെന്ന കാണിയ്ക്കെയും അരിക്കാരനെ കൊണ്ട ആധാരങ്ങൾ കൊടുപ്പിക്കെയും മക്കാളി സായ്പ അവർകെൾ എന്നെ അയയ്ക്കുംപൊൾ കല്പിച്ച അയച്ചതിൽ ഒരു വസ്തുവും പറയാതെയും ഡാക്കുത്തെര മക്കാളി സായ്പ അവർകെൾ കൂടെ വന്നയിരിക്കാതെയും കടുദാസ കണക്കിൽ എഴുതിയ പ്രകാരംതന്നെ എൺപത്തയ്യായിരത്തിശില്ലുവാനം രൂപാ ആയിട്ട ദളവാ കണക്ക തീർത്ത അതിൽ അൻപത്തൊൻപതിനായിരത്തി ശില്ലുവാനം രൂപാ മക്കാളി സായ്പ അവർകെൾക്ക കുമുസം വകയ്ക്ക കൊടുത്തി രിയ്ക്കുന്നുവെന്നും ശെഷം ഇരുപത്താറായിരത്തി ശില്ലുവാനം രൂപാ താരമെന്നും പറഞ്ഞ അപ്രെകാരം കണക്കു തീർത്ത രൂപാ പററിയ പ്രെകാരം കർക്കെടകമാസം 22-നു ഒരു തീരുവ ശീട്ട എഴുതി ഒണ്ടാക്കിച്ച എന്റെ പററിൽതന്നെ ആയ്ത വെഗത്തിൽ എന്റെ മുത്തപ്പ നെക്കൊണ്ട ഒപ്പിടുവിച്ച വരുത്തിത്തന്ന രൂപായും വാങ്ങിച്ചുകൊണ്ട പൊയ്ക്കൊള്ളണമെന്നും ദളവാ പറകെയും ആ അവസ്ഥകെളും മക്കാളി സായ്പ അവർകെൾ കല്പിച്ച അയച്ച അവസ്ഥയും രൂപാ അൻപത്തൊൻപതിനായിരത്തി ശില്ലുവാനവും മക്കാള സായ്പ അവർകെൾ പററിയ്ത ഒള്ളത തന്നെയൊ യെങ്ങിനെയെന്നും ഞാൻ ഡാക്കുത്തെര മക്കാളി സായ്പ അവർകെളെ ബൊധിപ്പിയ്ക്കുകെയും

അതിന്റെ ശെഷം നമുക്കു ഒന്നും എഴുതിയിട്ടില്ലായെന്നും കല്പിക്കുകെയും പിന്നത്തതിൽ സങ്കടങ്ങൾ ബൊധിപ്പിയ്ക്കുംപൊൾ അറിഞ്ഞുകൂടായെന്ന ദെഷ്യപ്പെട്ട കല്പിയ്ക്കെയും ചെയ്തവരുംപൊൾ ഡാക്കുത്തര മക്കാള സായ്പ അവർകെൾ കൊടുങ്ങല്ലൂർക്ക പൊകയും അന്നെരം ഞാൻ ഓടിച്ചെന്ന എന്നെകൂടെ കൊണ്ടുപോകണമെന്ന പ്രാണഭയത്തൊടെ അപെക്ഷിക്കെയും അതിന്റെ ശെഷം ഞാൻ കൊണ്ടുപൊകയില്ലായെന്നും നിനക്കു പൊകെണമെങ്കിൽ ദളവായൊട് പറഞ്ഞുകൊണ്ട പൊയ്ക്കൊള്ളണമെന്നും കല്പിച്ചെച്ച പൊകയും എന്നെക്കൂടെ കൂട്ടി അയച്ച അരിക്കാരൻ കൊടുങ്ങല്ലൂർക്ക ചെല്ലണമെന്ന കല്പനവന്ന അപ്രെകാരം അരിക്കാരൻ പൊകയും ചെയ്തതിന്റെശെഷം തീരുവശീട്ട ഞാൻ തന്നെ എന്റെ മുത്തപ്പന്റെ അടുക്കൽ കൊണ്ടുചെന്ന ഒപ്പിടുവിച്ചുംകൊണ്ട വരാമെന്നു ഞാൻ ദളവാടെ അടുക്കൽ ചെന്ന പറകെയും അതിന്റെശെഷം തീരുവശീട്ട ഒപ്പിടുവിച്ച വരുത്തിത്തന്ന രൂപായും വാങ്ങിച്ചുംകൊണ്ട അല്ലാതെ നീ ഇവിടെനിന്നും പൊയിക്കൂടായെന്നും ദെഷ്യഭാവത്തൊടെ ദളവാ പറകെയും ആ സങ്ങതിയിങ്കൽ ഞാൻ അവിടെ നിന്നും പൊരികെയും വിപരീതമായിട്ട ഒന്നും കാണിയ്ക്കെയും പറകെയും ചെയ്താൽ അവുടെ വെച്ച എങ്കിലും വഴിയിൽവെച്ച എങ്കിലും ദളാവായെന്നെ കൊല്ലിക്കുന്നതിന് മടിക്കയില്ലായെന്നും ഞാൻ കണ്ടാറെ ജീവനെയും രക്ഷിച്ചുകൊണ്ടുപോരുവാൻ കൊണ്ടപൊരുവാൻ ഒരു വഴിയില്ലാതെ പ്രാണഭയത്തൊടെ സങ്കടപ്പെട്ട കൊല്ലത്തുപാർത്തുംകൊണ്ട ഒപ്പിടുവാനുള്ള തീരുവശീട്ടു എന്റെ മുത്തപ്പന കൊടുത്തയച്ചാറെ എന്റെ മുത്തപ്പൻ കൊടുങ്ങല്ലൂരചെന്ന മക്കാളിസായ്പ അവർകെള കണ്ട സങ്കടം ബൊധിപ്പിയ്ക്കുകെയും അതിന്റെ ശെഷം അൻപത്തി ഒൻപതിനായിരത്തി ശില്ലുവാനും രൂപാ മക്കാളി സായ്പഅവർകെൾ പററിയ്ത ഒള്ളത ആകുന്നുവെന്നും ഒരു തർക്കവും ശഠതയും പറയാതെ തീരുവശീട്ട വെഗം ഒപ്പിട്ട കൊടുത്തയച്ചാൽ എന്നെ ദളവാ ഒന്നും ചെയ്യാതെ ഇരുപത്താറായിരത്തിശില്ലുവാനം രൂപായും കൊടുത്തയയ്ക്കുമെന്നും മുമ്പിലത്തെ ഭാവംപൊലെ അല്ലാതെ മക്കാളി സായ്പ അവർകെൾ കല്പിക്കെയും അതിന്റെശെഷം എന്റെ മുത്തപ്പനു സങ്കടംകൊണ്ട മതിമറന്ന ഒന്നും പറയാതെ പൊന്ന മെലെഴുതിയ കാര്യങ്ങൾക്കു ഒക്കെയും ദെയ്വം സാക്ഷിയും അനുഭവ സാക്ഷിയും ഒണ്ടാകകൊണ്ട ദെയ്വം നെരു കെൾപ്പാൻ സങ്ങതിവരുത്തുമെന്നും നിശ്ചയിച്ച എന്റെ ജീവശിക്ഷയെ ആഗ്രെഹിച്ച തീരുവശീട്ട ഒപ്പിട്ടുകൊടുത്തയയ്ക്കുകെയും ഞാൻ ആ തീരുവശീട്ട ദളവായ്ക്കു കൊടുക്കുകെയും അപ്രെകാരം ദളവാടെ പെർക്ക ഒരു

തീരുവശീട്ടും ഇരുപത്താറായിരത്തി ശില്ലുവാനം രൂപായും ദളവാ തരികെയും ഒന്നും പറയാതെ ആയ്തും വാങ്ങിച്ച ജീവനെയും രക്ഷിച്ചുകൊണ്ട കർക്കെടകമാസം 28–നു ഞാൻ കൊല്ലത്തുനിന്നും പൊരികെയും ചെയ്തു.(17)

ഏഴാമത കണെക്കുകെൾ തീർത്തിരിക്കുന്നപ്രെകാരം എങ്ങനെയെന്നാൽ രണ്ടാമത്തെ സങ്ങതിയിൽ പെഴയ്ക്കു എന്നും വെച്ച നൂറായിരത്തി എൺപതിനായിരം രൂപായൊളം ഞെങ്ങളൊടു വാങ്ങിച്ചിരിക്കുന്നത സങ്ങതി ഒള്ളത അല്ലാഴികകൊണ്ട ഞെങ്ങൾക്കു തിരിയെ തരത്തക്കവണ്ണം തമ്പുരാന്റെ കല്പന പല സങ്ങതിയിലും തെകവ ആയിട്ട ഒണ്ടായിരിക്കുന്നതും അത പ്രെമാണിച്ച അനുഭവസാക്ഷികെൾ ഒള്ളതും ഒന്നാമത്തെ സങ്ങതിയിങ്കൽ ഒണ്ടായ അവസ്ഥകെളും വിസ്ഥരിക്കാതെ ആ പെഴ കൊടുക്കെണ്ടുന്നത ആകുന്നുവെന്നും പറഞ്ഞ ഇരുപത്തിമൂവായിരത്തിശില്ലുവാനം രൂപാ കൂടെ കൂട്ടി ഇരുനൂറായിരം രൂപാ തെകച്ച ഞെങ്ങൾക്കു തരെണ്ടത അല്ലായെന്നും പറഞ്ഞ തള്ളിയിരിയ്ക്കുന്നു.

നാലാമത്തെ സങ്ങതിയിൽ എഴുതിയിരിയ്ക്കുന്ന പെഴയ്ക്ക സങ്ങതിയില്ലായെന്നും ആ വകെയ്ക്ക വാങ്ങിച്ചിരിക്കുന്ന രൂപാ ഞെങ്ങൾക്കു തിരിയെ തരണമെന്നും പറഞ്ഞതിന്റെ ശെഷം ആഭരണങ്ങളിൽ മുപ്പത്തിനാലായിരത്തി ശില്ലുവാനം രൂപാ വെലയിൽ കൊറച്ച ദളവാടെ മനസിൽ ബൊധിച്ച പ്രെകാരം എടുത്തിരിയ്ക്കുന്ന വകയും ശരിക്കുകെളിൽ ഇരുപത്തയ്യായിരത്തി ശില്ലുവാനം രൂപാ മെലെഴുതിയപ്രെകാരം ചെതം വരുത്തി വിപ്പിച്ചിരിക്കുന്നതും പൊറക്കാട്ട ജെനാർദ്ദനപൈയ്യെകൊണ്ട പതിനാലായിരത്തിശില്ലു വാനം രൂപാടെ നാണിഭങ്ങൾ കൊടുപ്പിച്ചിരിക്കുന്നതും കണക്കിൽ ഒരു വസ്തും പറയാതെയും വിസ്ഥരിക്കാതെയും തള്ളിയിരിക്കുന്നു.

മെലെഴുതിയ സങ്ങതിയിൽ തന്നെ നവരൊശിയുടെ കടത്തിന്ന കപ്പലും ശരക്കുകെളും വസ്തുക്കളും ചെതം വരുത്തി വിപ്പിച്ചിരിക്കുന്ന വകെയ്ക്കു മുപ്പതിനായിരത്തിശില്ലുവാനം രൂപാ ഞെങ്ങൾക്കു തരുവാൻ ഞായമുള്ളതും കണക്കിൽ ഒന്നും പറയാതെയും വിസ്ഥരിക്കാതെയും തള്ളിയിരിയ്ക്കുന്നു.

മെലെഴുതിയ സർക്കാര വകയിൽനിന്നും എന്റെ മുത്തപ്പൻ പലവക കുത്തതകെളും കച്ചവടങ്ങളും ഏററു നടന്ന വക കണക്കുകെൾ മൂന്നാമത്തെ സങ്ങതിയിൽ കെട്ടാറെ എഴുപതി നായിരത്തി ശില്ലുവാനം രൂപാ സർക്കാരവകയ്ക്ക കൊടുപ്പാനുണ്ട

യെന്നും തീർന്നത അപ്രെകാരം അല്ലാതെ എഴുപത്തിമൂന്നാമാണ്ട കുംഭമാസം 6–നു നാടുനീങ്ങിപൊയ വല്ല്യതമ്പുരാൻ തിരുമനസിലെ തിരുവെഴുത്തുകെളും എഴുപത്തിനാലാമാണ്ട മെടമാസം 8–നു മരിച്ചുപൊയ കെശവപ്പിള്ള വല്ല്യദിവാൻജി അവർകെളുടെ ഉത്തരവുകൾ എഴിതിയിരിയ്ക്കുന്നതും അഴിച്ച നൂറായിരത്തിതൊണ്ണൂറായിരത്തിശില്ലുവാനം രൂപാ കുത്തത കുടിച്ചിക ഒണ്ടയെന്നു പറഞ്ഞ ആ വകെയും ഞെങ്ങൾക്കു തരുവാനുള്ള വകയിൽ തള്ളിയിരിയ്ക്കുന്നു.

മെലെഴുതിയ സർക്കാരിൽനിന്നും ഒരൊരൊ കുത്തതകെളും കച്ചവടങ്ങളും ഉദ്യൊഗങ്ങളും കച്ചവടക്കാര കുടിയാൻന്മാര ഉൾപ്പെട്ടവര എററുനടക്കകെയും ആയ്ത എടപെട്ട പല പ്രെകാരത്തിലും അവരുടെ പററിൽ രൂപാ കുടിച്ചിക വരികെയും ചെയ്താൽ ആയ്തിന്ന പന്തിരണ്ട വരുഷംവരെയും അവുധികൊടുത്തും വെണ്ടായെന്നുവെച്ച മാപ്പുകൊടുത്തും സർക്കാരിന്ന ധർമ്മഞായമായിട്ട നടത്തിവരികെയും എന്റെ മുത്തപ്പൻ തമ്പുരാന്റെ കുടിയാന്മാരുടെയും ഉദ്യൊഗസ്ഥന്മാരുടെയും കച്ചവടക്കാരുടെയും വർത്തകെരുടെയും മന്ത്രിമാരുടെയും പ്രെവൃത്തികെൾ ഒക്കെയും തമ്പുരാക്കാന്മാരുടെ കല്പന ഒണ്ടാകുംവണ്ണം കെട്ട അനുസരിച്ച ജീവനും ഉപെക്ഷിച്ച സർക്കാരിലെക്കുവെണ്ടി പല സങ്ങതികെളിലും വെലചെയ്ത ഗുണലാഭങ്ങൾ വരുത്തിയിരിയ്ക്കെയും മുതലെടുപ്പുകൾ പലവക ഒണ്ടാക്കിയിരിയ്ക്കുകെയും ആയ്ത ഒക്കെയും തമ്പുരാക്കൻന്മാര തിരുമനസ കൊണ്ട അറിഞ്ഞ എത്രെയും മാനവിശ്വാസത്തൊടെ എന്റെ മുത്തപ്പനെയും ഞെങ്ങളെ എല്ലാവരെയും വെണ്ടുവണ്ണം കല്പിച്ച രെക്ഷിച്ചുവന്നിരിയ്ക്കെയും ചെയ്യുംപൊൾ മെൽ നൂറായിരത്തി തൊണ്ണൂറായിരത്തി ശില്ലുവാനം രൂപാ കുത്തത കുടിച്ചിക എന്റെ മുത്തപ്പൻ കൊടുപ്പാനുണ്ടായെന്നും പറഞ്ഞതിന്ന ഇന്നുവരെയും ഒരുത്തരൊടു സർക്കാരിന്ന ചെയ്തിട്ടില്ലാത്തപ്രെകാരം ഇരുനൂറായിരത്തിതൊണ്ണൂറായിരത്തിശില്ലുവാനം രൂപാ പലിശ ഒണ്ടയെന്നും പറഞ്ഞ ആ വകയും ഞെങ്ങൾക്കു തരുവാനുള്ള വകയിൽ തള്ളിയിരിയ്ക്കുന്നു.

86–മാണ്ട തുലാമാസം 24–നു നാടുനീങ്ങിപൊയ തമ്പുരാന്റെ കല്പനപ്രെകാരവും തിരുവെഴുത്തുംപ്രെകാരവും സർക്കാരവക കണ്ടുകൃഷിയിൽ നെലം എൾപ്പിച്ച വകെയ്ക്ക മുപ്പതിനായിരത്തിശില്ലുവാനം രൂപായും പന്തളത്ത തമ്പുരാന കൊടുപ്പിച്ചിരിയ്ക്കുന്ന വകെയ്ക്ക അൻപതിനായിരത്തിശില്ലുവാനം രൂപായും സർക്കാരിൽ നിന്നും ഞെങ്ങൾക്കു വരുവാനുള്ള കണക്കിൽ ഒന്നും പറയാതെയും വിസ്ഥരിക്കാതെയും തള്ളിയിരിയ്ക്കുന്നു.

മെലെഴുതിയ വകകെൾ കൂടാതെ ഇതിൽ കൊറഞ്ഞ തുകകെൾ വളരെ ഒള്ളതയില്ലാണ്ടും യില്ലാത്തത ഒണ്ടാക്കിയും അത്രെ പതിനാലുനൂറായിരം രൂപായില്ലായ്മചെയ്ത എൺപത്തയ്യായിരത്തിശില്ലുവാനം രൂപാ ആയിട്ട തീർത്തിരിയ്ക്കുന്നത.

എട്ടാമത മെലെഴുതിയിരിക്കുന്ന പ്രെകാരം കണക്ക തീർത്തതിന്റെ ശെഷം ആയിരത്തി അഞ്ഞൂററിശില്ലുവാനം കുററിതടി ഞെങ്ങൾ ആന പണി കഴിപ്പിച്ച ത്രിക്കാരൂര മലയിൽ പൊഴംകടവിൽ വെച്ചിരുന്നത സർക്കാരവകെയ്ക്കു എറക്കിക്കൊണ്ടു പൊരത്തക്ക വണ്ണം ദളവാ ആളുകളെ അയച്ച കൊണ്ടുപൊരികെയും ഒരുത്തര ഒരു സഹായമില്ലാതെയും ഞെങ്ങൾ കൂട്ടത്തൊടെ സഹിയക്കരുതാത്ത സങ്കടത്തൊടെയും ഭയത്തൊടെയും ചെററുവാ മണപ്പുറത്തു തന്നെ പാർത്തിരിക്കയും ചെയ്യുംപോൾ കൊച്ചിയിൽ അന്തിരി കപ്പിത്താൻ ഞെങ്ങൾ രൂപാ കൊടുപ്പാനുണ്ടയെന്നും വെച്ച മക്കാളി സായ്പ അവർകെളുടെ അടുക്കൽ അന്യായം ബൊധിപ്പിക്കെയും അതിന്റെശെഷം അങ്ങാടിപ്പൊറത്ത ജില്ലാക്കൊടതിയിൽ ബൊധിപ്പിപ്പാൻ കല്പിച്ച അയക്കെയും ചെയ്തതിന്റെ ശെഷം 83 മാണ്ട കന്നിമാസം 13-നു എന്റെ മുത്തപ്പനെ മക്കാളി സായ്പ അവർകെൾ കൊച്ചിയിൽ കൂട്ടിച്ചുംകൊണ്ട ചെന്ന പാർപ്പിച്ച ജമ്മിസ തെത്ത സായ്പ അവർകെളും ഞെങ്ങളുമായിട്ട 77 മാണ്ടിൽ മരത്തിനും പലകെയ്ക്കും കച്ചവടം ചെയ്കയും അപ്രെകാരം ഞെങ്ങൾ ശരക്കുകൾ കൊണ്ട ചെല്ലുകയും ചെയ്താറെ ശരക്കു വെണ്ടായെന്നും കച്ചവടം ഒഴിഞ്ഞിരിക്കുന്നുവെന്നും പറഞ്ഞ അപ്രെകാരം തെത്ത സായ്പ അവർകെൾ എന്റെ പെർക്ക സാധനം എഴുതി തന്നിരിക്കുന്ന കാര്യത്തിനു പതിനാറായിരത്തിശില്ലുവാനം രൂപാ തെത്ത സായ്പ അവർകെൾക്ക ഞങ്ങൾ ലാഭം കൊടുക്കണമെന്നും മെക്കാളി സായ്പ അവർകെൾ കല്പിക്കകൊണ്ട ആയതിന്റെ നെരു കാട്ടെണ്ടുന്നതിന തെത്ത സായ്പ അവർകെൾ എഴുതി തന്നിരുന്ന സാധനം മക്കാളിസായ്പ അവർകെൾ കാണുന്നതിന എന്റെ മുത്തപ്പൻ കൊടുത്താറെ തിരിയെ തരാതെയും ചൊതിച്ചാൽ ദെഷ്യപ്പെടുകയും 62-മാണ്ടിൽ വരാപ്പുഴെ പൌലീനൊസു പാതിരിയും(18) പൂക്കൊട്ട ജെനൊം പാതിരിയുംകൂടെ മലങ്കര 84 പള്ളിക്കാരെക്കൊണ്ടും ദൂഷ്യങ്ങളായിട്ട തിരുവാൻങ്കോട്ട സർക്കാരിൽ അൻപതിനായിരം രൂപാ പെഴചെയ്യണമെന്ന വരികെയും കൊച്ചിയിൽ സർക്കാരിൽ ഇരുപത്തെണ്ണായിരം രൂപാ പെഴ ചെയ്യിപ്പിക്കയും ചെയ്ത സങ്ങതിയിങ്കൽ എന്റെ മുത്തപ്പനും പ്രെമാണമായിരുന്ന മാപ്പിളമാരും കത്താരച്ചന്മാരും കൂടെ എറിയൊരു സങ്കടം ബൊധിപ്പിച്ച പെഴ അല്ലാതെ

സ്ഥാനമാനങ്ങൾക്ക അടിയറ ആയിട്ട തിരുവാൻകോട്ട സർക്കാരിൽ ഇരുപത്തെണ്ണായിരം രൂപായും കൊച്ചി സർക്കാരിൽ പതിനാലായിരം രൂപായും ആയിട്ട തീർന്നപൊന്നിരിക്കുന്ന കാര്യം അപ്രെകാരം അല്ലായെന്നും എന്റെ മുത്തപ്പൻ പള്ളിക്കാരെക്കൊണ്ട അന്യായമായിട്ട രൂപാ സർക്കാര രണ്ടിലും കൊടുപ്പിച്ചിരിക്കുന്നുവെന്ന വരാപ്പുഴ കാലംചെയ്തുപൊയ ലുബീസ(19) മെത്രാനച്ചന്റെ ഉദ്യൊഗപൊസ്ഥക ത്തിൽ സത്യമായിട്ട എഴുതിയിരിക്കുന്ന പ്രെകാരം ഇപ്പൊൾ ഇരിക്കുന്ന റൈമൊന്ത(20) മെത്രാനച്ചന്റെ പെർക്ക പ്രൊസ്പരമൂപ്പൻ പാതിരി മക്കാളി സായ്പ അവർകെൾക്ക എഴുതി കൊടുക്കെയും ആയതിനെ അനുസരിച്ച അത്രെയും രൂപാ ഞെങ്ങൾ വരാപ്പുഴെ പള്ളിയിൽ കൊടുക്കണമെന്നും മക്കാളി സായ്പഅവർകെൾ കല്പിച്ചുതൊടങ്ങിയാറെ ഞെങ്ങൾ അനുസരിയ്ക്കാഴികകൊണ്ട മെലെഴുതിയ രൂപായ്ക്ക എന്റെ മുത്തപ്പന്റെ മെൽ മക്കാളി സായ്പ അവർകെളുടെ അടുക്കൽ അന്യായം ബൊധിപ്പിപ്പാൻ പള്ളിക്കാരെ ഒക്കെയും വരണമെന്നും മെലെഴുതിയ മെത്രാനച്ചന്റെ പെർക്ക പ്രൊസ്പര മൂപ്പൻ പാതിരി പള്ളിക്കാർക്ക ഒക്കെയും സാധനങ്ങൾ എഴുതി കൊടുത്തയപ്പിക്കെയും മെലെഴുതിയിരിക്കുന്ന പ്രെകാരം മാകകൊണ്ട പള്ളിക്കാര സാധനം അനുസരിച്ചു സങ്കടത്തിന്ന വരാതെയിരിക്കെയും ചെയ്യുംപൊൾ പിന്നെയും മെലെഴുതിയ പ്രെകാരം പല എടപാടുകെൾ പറഞ്ഞ എന്റെ മുത്തപ്പനെ കൊച്ചിയിൽതന്നെ പാർപ്പിച്ചിരിക്കുംപൊൾ അന്തിരി കപ്പിത്താൻ മെലെഴുതിയ ജില്ലാക്കൊടതിയിൽ ചെന്ന എന്റെ മുത്തപ്പന്റെമെലും എന്റെമെലുംകൂടെ അൻപത്തൊരായിരത്തിശില്ലുവാനം രൂപായ്ക്കു അന്ന്യായം ബൊധിപ്പിക്കെയും ഞെങ്ങൾ ചെല്ലണമെന്നുംവെച്ച കല്പനവരികെയും ഞെങ്ങൾ പൊകത്തക്കവണ്ണം മക്കാളി സായ്പ അവർകെൾ കല്പിയ്ക്കെയും കുംഭമാസം 12-നു (21) ഞെങ്ങൾ അങ്ങാടിപ്പൊറത്ത പൊകയും ചെയ്തതിന്റെ ശെഷം ഞാൻ മക്കാളഇ സായ്പ അവർകെളുടെ അടുക്കൽ ചെല്ലണമെന്നു വെച്ച ആളു വരികകൊണ്ട കർക്കെടകമാസം 18-നു ഞാൻ പൊഞ്ഞിക്കരെ ചെന്നാറെ ആറാമത്തെ സങ്ങതിയിൽ മക്കാളി സായ്പ അവർകെൾ പററിയ രൂപാ അൻപത്തൊൻപതിനായിരത്തി ശില്ലുവാനവും കുമുസം വകയ്ക്കെല്ലായെന്നും കല്പിച്ച പതിനൊരായിരത്തിശില്ലുവാനം രൂപായും ഇരുപത്തീരായിരം രൂപാടെ ഉണ്ടികെയും മെശപ്പൊറത്ത കൊണ്ടുവന്നവെച്ച ആയ്ത തരാമെന്നും ശെഷം രൂപാ തെത്ത സായ്പ അവർകെൾക്കും രാമലിങ്ങം മുതലിയാർക്കും യാപ്പാണത്തുനിന്നും വന്ന പാതിരിക്കും കൊടുത്തുവെന്നും രൂപാ അൻപത്തൊൻപതിനായി

രത്തിശില്ലുവാനത്തിനും ഒന്നായിട്ട് എന്റെ പെർക്ക പറ്റിശീട്ടു കൊടുക്കണമെന്നും മക്കാളിസായ്പ അവർകെൾ എന്നൊട കല്പിച്ചാറെ ഞെങ്ങൾ കൊടുപ്പാനില്ലാത്തവർക്ക ഇപ്രെകാരം സായ്പ അവർകെൾ കൊടുക്കയെന്നവെച്ചാൽ വല്യ സങ്കടമെന്നും എന്റെ മുത്തപ്പൻ ബൊധിരാതെ ഇനിക്ക ഒത്തവണ്ണം ദാനം ചെയ്തുകൂടായെന്നും ഞാൻ ബൊധിപ്പിച്ചാറെ എത്രെയും വളരെ ദെഷ്യപ്പെട്ട എന്നൊട പൊകുവാൻ ആട്ടുകകൊണ്ട ഞാൻ പൊന്നതിന്റെശെഷം രൂപാ അൻപത്തൊൻപതിനായിരത്തിശില്ലുവാനവും സർക്കാരിൽ കൊടുത്തിരിക്കുന്നു വെന്നും അവുടെ ചെന്ന വാങ്ങിച്ചുകൊള്ളണമെന്നും മക്കാളി സായ്പ അവർകെളുടെ കല്പനയെന്നു റെഷ്ടജാഞ്ചി തുപ്പായിയെക്കൊണ്ട എന്റെ മുത്തപ്പന എഴുതിക്കൊടുത്തയപ്പിച്ചതിന്റെശെഷം ആയ്ത സങ്കെടമെന്നും രൂപാ അൻപത്തൊൻപതിനായിരത്തി ശില്ലുവാനവും ഞെങ്ങൾക്കു മക്കാളി സായ്പ അവർകെൾതന്നെ തരണമെന്നും പല സങ്ങതിയിങ്കലും പല പ്രെകാരത്തിലും എറിയൊരു സങ്കടമായിട്ടു എഴുതി ബൊധിപ്പിച്ചാറെയും രൂപാ തരാതെ മെക്കാളി സായ്പ അവർകെൾ പൊക(22) കൊണ്ട ആ വക രൂപാ അൻപത്തൊൻപതിനായിരത്തിശില്ലുവാനവും ഇന്നുവരെയും ഞെങ്ങൾക്കു കിട്ടിയതുംമില്ല.

ഒൻപതാമത അങ്ങാടിപ്പൊറത്ത ജില്ലാക്കൊടതിയിൽ ജെഡ്ജി ജൊർചു ഊലിയൻ ജില്ലറ സായ്പ അവർകെളൊട മെലെഴുതിയ കാര്യസങ്ങതികെൾ ബൊധിപ്പിച്ചാറെ തിരുവാൻങ്കൊട്ട സർക്കാരിൽ എടപാടുള്ള കാര്യം ഒന്നും ജില്ലറ സായ്പ അവർകെൾക്ക ചെയ്‌വാൻ കല്പനയില്ലായെന്നും കല്പിച്ചതിന്റെ ശെഷം എന്റെ മുത്തപ്പൻ ഒണ്ടായിരിക്കുംപൊൾ ഞാനുത്തരിപ്പാൻ ഞായംമില്ലാതെയിരിയ്ക്കെയും അപ്രെകാരം ഞാനും എന്റെ മുത്തപ്പനും ബൊധിപ്പിച്ചിരിയ്ക്കെയും ചെയ്യുംപൊൾ മെലെഴുതിയ ജില്ലറ സായ്പ അവർകെൾ എന്റെ മുത്തപ്പനെയും ഒരു വഴിക്ക വിടാതെ അങ്ങാടിപ്പൊറത്തും കൊഴിക്കൊട്ടും പാർപ്പിച്ച ഞായം വിസ്ഥരിപ്പിച്ച പാർപ്പിച്ചുവരുംപൊൾ ആറാമത്തെ സങ്ങതിയിൽ ഞെങ്ങൾക്കു കിട്ടിയ രൂപാ ഇരുപത്താറായിരത്തി ശില്ലുവാനവും കടക്കാർക്കു കൊടുത്ത ചെലവായ പൊകെയും ഞെങ്ങളുടെ വക എണ്ണൂററി ശില്ലുവാനം കുററിത്തടിയും അറുനൂററിശില്ലുവാനം തളുതവും 82-മാണ്ടിൽ വരാപ്പുഴെ കൊണ്ടചെന്ന ഇട്ടിരുന്നത പൊറക്കാട്ട ജെനാർദ്ദനപൈയുടെ കുത്തതയിൽ വന്നതയെന്നപറഞ്ഞ അയാളൊട കൊണ്ടുപൊയ്ക്കൊള്ളത്തക്കവണ്ണം ദളവാ പറകെയും അപ്രെകാരം അയാളു കൊണ്ടുപോയി വിററ മുതൽ എടുക്കെയും ഞെങ്ങളുടെ കയ്യിൽ ഒരു

മുതലുമില്ലാതെ കൂട്ടത്തൊടെ സർവ്വകാര്യങ്ങൾക്കും മനസമുട്ടി സഹിക്കരുതാത്ത സങ്കടമായിട്ട തീരുകകൊണ്ടും 72 വയസിനുമെൽ എന്റെ മുത്തപ്പനു ആയിരിക്കകൊണ്ടും 84 മാണ്ട തുലാമാസം 25–നു മുതൽക്ക എന്റെ മുത്തപ്പന്റെ ശരീരത്തിന്ന ദെണ്ണങ്ങളും പിടിച്ച ബുദ്ധി പകന്നപൊകയും കൊടുത്ത മരിയാതികെൾ ഞെങ്ങൾക്ക അറിയാം വഹിയാതെയുംയിരിക്കുംപൊൾ മെലെഴുതിയ ജില്ലറ സായ്പ അവർകെൾ ഞായവിസ്ഥാരം ചെയ്യാതെ എന്റെ മുത്തപ്പന്റെയും എന്റെയുംമെലും കൂടെ മീനമാസത്തിൽ ഇരുപത്തിമൂവായിരത്തി അഞ്ഞൂററിശില്ലുവാനം രൂപായ്ക്ക വിധിയായി എന്റെ മുത്തപ്പനെയും എന്നെയും കൂടെ മിധുനമാസം 26–നു മുതൽക്ക കൊച്ചിയിൽ തടവി ലാക്കി പാർപ്പിക്കെയും വിധിപ്രെകാരം രൂപാ കൊടുക്കെണ്ടുന്നതിന്ന കയ്യിൽ ഒരമുതലും ജാമ്യത്തിന്ന ഒര ആളുംയില്ലാതെ ഞെങ്ങൾ സങ്കടത്തൊടെ തടവിൽ പാർക്കുകെയും 85മാണ്ട ചിങ്ങമാസം 30–നു കുഞ്ഞുകുട്ടികെൾ കുത്തിയതൊട്ടുങ്കൽ തന്നെ ചെന്ന പാർക്കുകെയും അതിന്റെ ശെഷം പലവഴിയും വിജാരിച്ച വിധിപ്രെകാരം ഒള്ള രൂപായിൽ ഏതാനും ഒണ്ടാക്കിക്കൊടുക്കെയും സങ്കെടങ്ങൾ എഴുതി ബൊധിപ്പിക്കകെയും 86 മാണ്ട ധനുമാസം 7–നു എന്നെ തടവിൽ നിന്നും വിടുകെയും പിന്നത്തതിൽ ഞെങ്ങളുടെ വക നിലങ്ങളും ആനകളെയും പണയം എഴുതി കൊടുത്തിട്ടും പാപ്പിനിവട്ടത്ത തീർത്ത വീടും വസ്തുക്കളും മെലെഴുതിയ അന്തിരികപ്പിത്താ നുതന്നെ പണയം എഴുതി കൊടുത്തിട്ട ആയിട്ടും വിധിപ്രെകാരം ഒള്ള രൂപായിൽ പത്തൊൻപതിനായിരത്തിശില്ലുവാനം രൂപായൊളം കൊടുത്തതിന്റെ ശെഷം കൊച്ചി സർക്കാരവക മരക്കുത്തകവകയ്ക്ക എന്റെ മുത്തപ്പൻ കൊടുപ്പാനുള്ള രൂപാടെ സങ്ങതികൊണ്ട റെസെദെന്തി കർണ്ണെൽ ജാൻ മണ്ടറൊൾ സായ്പ (23) അവർകെളുടെ കല്പനയ്ക്ക 87 മാണ്ട വൃശ്ചികമാസം 6–നു മുതല്ക്ക ഞെങ്ങളുടെ സർവ്വസമസ്ഥവും കണ്ടുകെട്ടുവാൻ സങ്ങതി വരികെയും അതിന്റെശെഷം മെലെഴുതിയ സങ്കടങ്ങൾ ഓരോന്നും എഴുതി ബൊധിപ്പിച്ചുംകൊണ്ട മെലെഴുതിയ തടവൊടു കൂടെത്തന്നെ എന്റെ മുത്തപ്പൻ പാർത്തിരിയ്ക്കെയും ചെയ്യുംപൊൾ കൊച്ചിയിൽ ജഡ്ജി ആയിരുന്ന ജൊം ഹൊച്ചൻ പെരസൻ സായ്പ അവർകെളുടെ കൃപയാൽ 88 മാണ്ട മീനമാസം 17–നു എന്റെ മുത്തപ്പന കുത്തിയ തൊട്ടുങ്കൽ വീട്ടിൽ വരുവാനും അവ്വുടെ കെടന്ന മെടമാസം 26നു മരിപ്പാനും (24) സങ്ങതി വരികെയും ചെയ്തു.

പത്താമത മെലെഴുതിയപ്രകാരം എന്റെ മുത്തപ്പൻ മരിച്ചതിന്റെശെഷം എന്റെ മുത്തപ്പൻ മെലെഴുതിയ സർക്കാര

വകയ്ക്ക പലരൊടും കടംവാങ്ങിച്ചു കൊടുത്തിരിക്കുന്ന വക ആയിട്ടും ജാമ്യം ഏററുകൊടുത്തിരിയ്ക്കുന്ന വക ആയിട്ടും ഇരുനൂറായിരം രൂപായിലധികം പലർക്ക ആയിട്ട കടംകൊടുപ്പാനുണ്ടായിരിക്കെ കൊണ്ട എന്റെ മുത്തപ്പൻ ബൊധിപ്പിച്ച വന്നതിന്റെ ശെഷമായിട്ട മെലെഴുതിയ ആണ്ട മിധുനമാസം 18-നു മുതൽക്ക മണ്ടുറൊൾ സായ്പ അവർകെളുടെ അടുക്കൽ ഞാൻ ചെന്ന സങ്കടം ബൊധിപ്പിച്ച പാർത്തതിന്റെ ശെഷം റെസദെന്തി മക്കാളി സായ്പ അവർകെൾ ചെയ്തിരിക്കുന്ന കാര്യങ്ങൾക്ക ഇന്നപ്രകാരമെന്ന തെകവ ആയിട്ട ഒരു കല്പന ഒണ്ടാകാതെ ശെഷം ഞെങ്ങളുടെ സങ്കെടങ്ങൾക്ക ഒക്കെയും അനുകൂലമായിട്ട കല്പന ഒണ്ടായി അപ്രെകാരം ഞെങ്ങ ൾക്ക പലരും രൂപാ തരുവാനുള്ളതിനെ പിരിച്ച നാലുവരുഷംകൊണ്ട കൊച്ചി സർക്കാരവകയ്ക്ക കൊടുപ്പാനുള്ള രൂപാ കൊടക്കത്തക്ക വണ്ണവും ആയ്തിന്ന ഭെദം വന്നാൽ ഞെങ്ങളുടെ വക നെലവും പറമ്പും സർക്കാരവകയിൽ നിന്നും എടുത്തുകൊള്ളത്തക്കവണ്ണവും 89-മാണ്ട മുഥുനമാസം 22-നു എന്നെക്കൊണ്ട കച്ചീട്ടും എഴുതി വെപ്പിച്ച കണ്ടുകെട്ടിയിരിക്കുന്ന ഞെങ്ങളുടെ വസ്തുവക ഒക്കെയും ഒഴിഞ്ഞുതരത്തക്കവണ്ണം ദിവാൻജി അവർകെളെക്കൊണ്ട ഉത്തരവു കെളും തരുവിച്ച എന്നെ അയച്ചതിന്റെ ശെഷം മെലെഴുതിയ വിധിപ്രെകാരം എന്റെ മുത്തപ്പൻ കൊടുത്തതു നീക്കി നാലായിരത്തി ശില്ലുവാനം രൂപാ അന്തിരിക്കപ്പിത്താന കൊടുപ്പാനുള്ളതിന്ന കൊച്ചിയിൽ ജെഡ്ജി സെപ്തിൻ മൊനി സായ്പ അവർകെൾ കർക്കെടകമാസം 5-നു മുതൽക്ക എന്നെ കൊച്ചിയിൽ തടവിൽയാക്കി മുമ്പിൽ എന്റെ മുത്തപ്പൻ തടവൊടെ പാർത്തതുപൊലെയും ഇപ്പൊൾ മററ അദാലത്തു തടവുകാരെ തടവിൽ പാർപ്പിച്ചിരിക്കുന്ന പൊലെയും അല്ലാതെ വെണ്ടുന്ന ദിഷ്ടതികെൾക്കും ഞാറാഴിച്ച ദിവസം പള്ളി പൊകുന്നതിന്നും പൊറത്ത അയയ്ക്കാതെ അധികം ഞെരുക്കത്തൊടെ എന്നെ തടവിൽ പാർപ്പിച്ചിരിക്കെയും മററു കടക്കാരെ അന്ന്യായങ്ങൾ ബൊധിപ്പിച്ചിരിയ്ക്കെയും ആയതിനെ വിസ്ഥരിച്ച വിധി ആക്കണമെന്നു കല്പിച്ചിരിക്കെയും ഞാൻ സങ്കടങ്ങൾ ബൊധിപ്പിച്ചാൽ ആയ്തു കെൾക്കയില്ലായെന്നും അപ്പീൽ കൊടെതിയിൽ ബൊധിപ്പിച്ചുകൊള്ളണമെന്നും കല്പിച്ചിരിയ്ക്കെയും ചെയ്കുകൊണ്ട ഞെങ്ങൾ സർക്കാരിൽചെർന്ന കുടിയാനാകുന്നു വെന്നും ആറാമത്തെ സങ്ങതിയിൽ മക്കാള സായ്പ അവർകെൾ കടുദാസ എഴുതി തന്നിരിയ്ക്കകൊണ്ട എന്നെയും മെലെഴുതിയ കടക്കാരെയുംകൂടെ മണ്ടുറൊൾ സായ്പ അവർകെളുടെ അടുക്കൽ കൂട്ടി അയയ്ക്കണമെന്നും ആയ്ത അല്ല ബെഹുമാനപ്പെട്ട കുമ്പഞ്ഞി

കുടിയാൻ ഞാനാകുന്നുവെന്ന ബൊധിപ്പിച്ചുവെങ്കിൽ കാണും പ്രെകാരം ആധാരം മൽ ജാമ്യമായെടുത്ത എന്റെ തടവ ഒഴിഞ്ഞ സർക്കാരിൽ നിന്നും ഞെങ്ങൾക്കു തരുവാനുള്ള രൂപാ നെരപൊലെ വിസ്ഥരിച്ച തീർത്ത രൂപാ തരുവിച്ച കടങ്ങളും സങ്കടങ്ങളും തീർത്തുതരണമെന്നും എന്റെ കയ്യിൽ ഒര മുതലും സഹായത്തിന്ന മററ ഒരു ജെഷ്ടൻ അനുജന്മാരും ബെദ്ധുക്കുളുംയില്ലാഴികകൊണ്ട മെലെഴുതിയ രണ്ടിലൊരുപ്രെകാരം തീർത്ത രെക്ഷിയ്ക്കുന്നത അല്ലാതെ എന്നെ തടവിൽ പാർപ്പിച്ചു വലയിയ്ക്കരുതയെന്നും അപ്പീൽ കൊടതിയിൽ ബൊധിപ്പിക്കുന്നതിന്ന അർജ്ജി എഴുതി കൊടുത്തയച്ച സർക്കാരവക്കീൽ മുഖാന്തിരം ബൊധിപ്പിച്ചാറെ എന്റെ സങ്കെടങ്ങൾക്കും തടവ ഒഴിയെണ്ടുന്നതിന്നും ഒന്നും എഴുതി തരാതെ ഞാൻ കൊച്ചി ജില്ല അധികാരകീഴ് അകപ്പെട്ട കുടിയാൻതന്നെ ആകുന്നുവെന്നും ഒരു സമുശയംകൂടാതെ അപ്പീൽകൊടതി മുമ്പാകെ ബൊപ്പിച്ചിരിയ്ക്കുന്നുവെന്നും ആയ്തകൊണ്ട അർജ്ജിയുപേക്ഷിച്ചി രിക്കുന്നുവെന്നും 90 മാണ്ട കന്നിമാസം 9–നു ഒരു കല്പന എഴുതി തന്നത അല്ലാതെ എന്റെ സങ്കെടങ്ങളും കടങ്ങളും തീരുന്നതിന്ന ഇന്ന പ്രെകാരമെന്ന എഴുതി തന്നതുമില്ല.

പതിനൊന്നാമത മെലെഴുതിയ സങ്ങതികളെക്കൊണ്ട ഞെങ്ങളുടെ വക മുതൽ ഒക്കെയും തിരുവാൻകൊട്ട സർക്കാരിലും വസ്തു വക ഒള്ളത ഒക്കെയും പണയത്തിലും ഞാൻ തടവിലും അകപ്പെട്ട സർവ്വകാര്യത്തിനും മനസമുട്ടി കുഞ്ഞുകുട്ടികെൾ കൂട്ടത്തൊടെ സഹിയ്ക്കരുതാത്ത സങ്കെടങ്ങൾ ആയിത്തീർന്ന ഒരു രെക്ഷയും സഹായവുമില്ലാതെ വലയുന്നുവെന്ന സങ്കെടങ്ങൾ ബഹുമാനപ്പെട്ട ധൊര അവർകെൾ ഉടയതമ്പുരാനെപ്രതിയും എത്രയും പെരിയെ പെരിയെ ബെഹുമാനപ്പെട്ട ഇങ്കിരെശ തമ്പുരാൻ തിരുമനസിലെ വലുപ്പത്തെപ്രെതിയും എത്രയും പെരിയെ ബഹുമാനപ്പെട്ട കുമ്പഞ്ഞി ധൊരമാര അവർകെളുടെ ബെഹുമാനത്തെപ്രതിയും ഞെങ്ങളുടെ മെലെഴുതിയ സങ്കെടങ്ങളും തടവും കടങ്ങളും തീർത്തുതന്ന രെക്ഷിക്കണമെന്നും എത്രെയും വളരെ വളരെ വഴക്കത്തൊടെയും സങ്കടത്തൊടെയും ഞെങ്ങൾ കൂട്ടത്തൊടെ എത്രെയും പെരിയ ബെഹുമാനപ്പെട്ട സന്നിധാനത്തുങ്കൽ വീണുകെണ സാത്ത്യപ്പെട്ട വീണ്ടു വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. എന്നാൽ 990–മാണ്ട വൃശ്ചികമാസം 25നു–എഴുത്ത.

ഇ സങ്കടം വല്യതിൽ ഒരു കമ്പഞ്ഞി വെള്ളക്കടുദാസിൽ എഴുതി ആയ്ത മതിരാശിയ്ക്കു കൊടുത്തയച്ച കല്പന വരു

ത്തിത്തരണമെന്ന മണ്ടുറൊൾ സായ്പ അവർകെൾക്കും ഒരു സങ്കടം എഴുതി രണ്ടുംകൂടെ ഒന്നായിട്ട മുദ്രയിട്ട വൃശ്ചികമാസം 26–നു ഇട്ട തന്നെ കൊച്ചിയിൽ തപാലിൽ കൊടുത്ത അയയ്ക്കെയും ചെയ്തു. ശുഭം.

രണ്ടാമത ഒരു സങ്കടവും ഇ സങ്കടത്തിന്റെ പെർപ്പും കൂടെ എഴുതി ഒന്നായിട്ട മുദ്രയിട്ട മതിരാശിയ്ക്കു കൊച്ചിയിൽ തപാലിൽ തന്നെ വൃശ്ചികമാസം 30–നു കൊടുത്തയയ്ക്കെയും ചെയ്തു. ശുഭം.

മൂന്നാമത വങ്കാളത്ത ഗെവുണർ ജെനരാൾ ധൊര അവർകെൾക്ക ഒരു അർജ്ജിയും ഈ അർജ്ജിയുടെ പെർപ്പും കൂടെ ഒന്നായിട്ടു മുദ്രയിട്ട കൊച്ചിയിൽ തപാലിൽ ഒന്നായിട്ട മകരമാസം 2–നു വങ്കാളത്ത കൊടുത്തയയ്ക്കെയും ചെയ്തു. ശുഭം.

---

1. *990 വൃശ്ചികം 25–ാം തീയതിയാണ് ഈ ഹർജി എഴുതുന്നത്.*
2. *974 മിഥുനം 8–ാം തീയതി*
3. *ധർമ്മരാജാവിന്റെ കാലത്തു (963–964) ദളവാ ആയിരുന്നു*
4. *ദ്വിഭാഷി (Translator) രാമലിംഗം മുതലിയാർ രാജസമക്ഷം റസിഡന്റിന്റെ പ്രതിനിധിയായിരുന്നു.*
5. *പത്തുലക്ഷം രൂപാ പിഴ*
6. *ലഹളക്കാരുടെ നേതൃത്വം വഹിച്ചവരിൽ ഒരാളായ ഈ ചിറയിൻകീഴ് അയ്യപ്പൻ ചെമ്പകരാമൻപിള്ള (974–975) ദളവായായിരുന്നു.*
7. *976 വൃശ്ചികം 27–ാം തീയതി*
8. *പാറശാല പത്മനാഭൻ ചെമ്പകരാമൻപിള്ള 975മുതൽ 977 വരെ ദളവാ.*
9. *വേലുത്തമ്പി 978 മുതൽ 984 വരെ ദളവാ ആയിരുന്നു.*
10. *ആഭരണങ്ങളും ചരക്കുകളും ഉൾപ്പടെ ഒന്നേകാൽ ലക്ഷം രൂപായുടെ ഉരുപ്പടികൾ 63,000ത്തിൽ പരം രൂപായ്ക്കു വിൽക്കുന്നു. പുറമേ 1 ലക്ഷം ക.യ്ക്കു കള്ള രസീത്. 2ലക്ഷം ക. പിഴയും.*
11. *Lient Colonel Colin Macaulay 1800 മുതൽ 1810 മാർച്ച് 4*

വരെ റസിഡണ്ടായിരുന്നു.

12. പാറേമാക്കൽ ഗോവർണ്ണദോരുടെ 12 ആലോചനക്കാരിൽ ഒരാളായിരുന്ന തച്ചിൽ ഇട്ടിയവിരാ (അബ്രാഹം) മല്പാൻ

13. 982 മകരമാസം 1–ാം തീയതി

14. *James Drummond(?)*

15. തരകനും കുടുംബവും പാപ്പിനിവട്ടത്തേക്കു താമസം മാററിയതു 982 മകരം 11–ാം തീയതിയാണ്. അങ്ങനെ അവർ ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ പ്രത്യേകസംരക്ഷണയിലായി.

16. *Rev.Dr.Claudius Buchanan.* 1806 നവംബർ മുതൽ 1807 ഫെബ്രുവരിവരെ കേരളത്തിൽ സഞ്ചരിച്ചു. *Christian Researches in India* എന്ന പേരിൽ ഒരു ഗ്രന്ഥം പ്രസിദ്ധം ചെയ്തിട്ടുണ്ട്.

17. അങ്ങനെ 982 കർക്കടകം 28–നു 14 ലക്ഷത്തിൽപരം രൂപായിൽ 26000ത്തിൽ പരം രൂപാ തരകനു തിരിച്ചുകിട്ടി.

18. *Father Paulinos of St. Bartholomew,* മുതൽ 1789 വരെ കേരളത്തിലായിരുന്നു. *India Orientalis Christians, Voyages to the Fast Indias* മുതലായ ഗ്രന്ഥങ്ങളുടെ കർത്താവ്.

19. ലൂയീസ് മറിയം (*Aloysius Maria*) 1784 മാർച്ചു മുതൽ 1802 ഏപ്രിൽവരെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്നു.

20. റെയിമുൻഡു (*Reymond of St. Joseph*) 1802 ഏപ്രിൽ മുതൽ 1819 ജൂലൈ വരെ വരാപ്പുഴ അഡ്മിനിസ്റ്റ്രേട്ടരും വികാരി അപ്പസ്തോലിക്കയുമായിരുന്നു

21. 983 കുംഭം 12

22. റസിഡണ്ടു കർണ്ണൽ മെക്കാളെ 1810 മാർച്ചു 4–നു (985–ൽ) ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞുപോയി.

23. കർണ്ണൽ ജോൺ മൺറോ 1810 മാർച്ചു 23 മുതൽ 1819 ജനുവരി 24 വരെ റസിഡണ്ടായിരുന്നു. അതിനുപുറമേ കുറേക്കാലം തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദിവാനുമായിരുന്നു.

24. മാത്തുത്തരകൻ 689 മേടം 26–നു 72–ാമത്തെ വയസ്സിൽ നിര്യാതനായി

☆

# ഗ്രന്ഥ സൂചിക


1. തച്ചിൽ മാത്തുത്തരകൻ(ജീവചരിത്രം)............ എം.ഒ. ജോസഫ് നെടുംകുന്നം
2. വലിയ കപ്പിത്താൻ ............ എം.ഒ. ജോസഫ് നെടുംകുന്നം
3. ഭാരതസഭാചരിത്രം ............ റവ. ഡോ. സേവ്യർ കൂടപ്പുഴ
4. ഏഷ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ ...... റവ. ഡോ. തോമസ് നങ്ങച്ചിവീട്ടിൽ
5. രണ്ടു സ്വാതന്ത്ര്യസമരശില്പികൾ ............ എൻ.കെ.ജോസ്
6. കേരള നസ്രാണികളുടെ രാഷ്ട്രീയസേവനം ........ ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസ്
7. തങ്കക്കൊമ്പൻ ............ ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസ്
8. തിരുവിതാംകൂർ ചരിത്രം ............ കുളത്തുവയ്യർ
9. തിരുവിതാംകൂർ ചരിത്രം ............ കെ. പങ്കജാക്ഷൻ നായർ
10. പുരാതനപാട്ടുകൾ ............ പുത്തൻപുരയ്ക്കൽ ഉതുപ്പു ലൂക്കോസ്
11. ബാലരാമവർമ്മ (ചരിത്ര നോവൽ) ............ എൻ.കെ. കൃഷ്ണപിള്ളി
12. നിധീരിക്കൽ മാണിക്കത്തനാർ ............ ഷെവ. വി.സി. ജോർജ്ജ്
13. മാർ ഇവാനിയോസ് (ജീവചരിത്രം) ............ ഫാ. തോമസ് ഇഞ്ചക്കലോടി
14. മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യൻസഭ ............ ഇ.എം. ഫിലിപ്പോസ്
15. മാർത്തോമ്മാ ക്രിസ്ത്യാനികൾ ............ റവ. ഫാ. ബർണാർഡ് സി.ഡി.
16. ലത്തീൻ ക്രിസ്ത്യാനികൾ ............ റവ. ബ്ര. ലയോപ്പോൾഡ്. ടി.ഒ.സി.ഡി.
17. വേലുത്തമ്പി ദളവ ജീവചരിത്രം ............ വെങ്കുളം ജി. പരമേശ്വരൻപിള്ള
18. വേലുത്തമ്പി ദളവ - ജീവചരിത്രം ............ ജോസഫ് ചാഴികാടൻ
19. ശക്തൻ തമ്പുരാൻ ............ പുന്നേഴത്ത് രാമൻമേനോൻ
20. സത്യവിശ്വാസം- പ്രസാധകൻ ............ പള്ളിവീട്ടിൽ കുര്യൻ
21. കേരളത്തിലെ സത്യവേദചരിത്രം ............ മാർ മർസ്ലീനോസ് മെത്രാൻ
22. സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം ............ ഇട്ടൂപ്പ് റൈറ്റർ
23. തരകന്റെ സുവർണ്ണകാലം ............ ജോൺ പീറ്റർ തോട്ടം
24. വർത്തമാനപ്പുസ്തകം ............ പാറേമ്മാക്കൽ തോമ്മാക്കത്തനാർ

MALANKARA
LIBRARY

malankaralibrary.com



ജോൺ കച്ചിറമറ്റം

# തച്ചിൽ മാത്തുത്തരകൻ

(ജീവചരിത്രം)

മഹാന്മാരെ ആദരിക്കുവാനും അനുകരിക്കുവാനും സംസ്കാരചിത്തർക്കു മാത്രമേ സാധിക്കൂ. മഹാത്മാക്കളെ അനുസ്മരിക്കുന്നതിലൂടെ ഇന്നത്തെ സമൂഹം സംസ്കാരസമ്പന്നമാവുകയാണ്. സമൂഹത്തിൽ രണ്ടു തരക്കാരെ കാണാം. സ്വാർത്ഥമതികൾ സ്വന്തം പ്രശ്നം മറ്റുള്ളവരുടെ പ്രശ്നമാക്കുന്നു. എന്നാൽ, മഹാത്മാക്കൾ മറ്റുള്ളവരുടെ പ്രശ്നങ്ങൾ സ്വന്തം പ്രശ്നമായി കാണുന്നു. അവയുടെ പരിഹാരത്തിന് ത്യാഗോജ്ജ്വല നേതൃത്വം നല്കുന്നു. ഇക്കൂട്ടർക്ക് സമൂഹത്തിന്റെയും സമുദായത്തിന്റെയുമൊക്കെ ഔന്നത്യവും പുരോഗതിയുമാണ് പരമമായ ലക്ഷ്യം. അതിനുവേണ്ടി ക്ലേശിക്കുന്നത് തങ്ങളുടെ കടമയായി അവർ കരുതുന്നു. കേരള സഭയിലും സമൂഹത്തിലും വിലപ്പെട്ട സേവനം കാഴ്ചവച്ചിട്ടുള്ള മഹാത്മാക്കളുടെ ചരിത്രവും സംഭാവനകളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുവാൻ യത്നിക്കുന്ന ശ്രീ. ജോൺ കച്ചിറമറ്റത്തിന്റെ സേവനം മഹത്തരമാണ്. ഇതിനുവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന അദ്ദേഹത്തെ ആദരപൂർവ്വം അനുമോദിക്കുന്നു.

റവ. ഡോ. സേവ്യർ കൂടപ്പുഴ


വിതരണം

**ദീപിക ബുക്ക് ഹൗസ്**

കോട്ടയം -686 001


malankaralibrary.com